ARCHDIOCESE OF TRICHUR
Estd. 1887



# സാന്തോം സ്മൃതി

## വി. തോമാശ്ലീഹായുടെ രക്തസാക്ഷിത്വത്തിന്റെ 1950-ാം വാർഷിക സ്മരണിക

തൃശൂർ അതിരൂപത പ്രസിദ്ധീകരണം




സാന്തോം സ്മൃതി





പിതാ പുത്രാ പവിത്രാത്മനെ പ്രണാമം
നിത്യനാം താതാ പ്രണാമം
ശ്രീയേശുനാഥാ പ്രണാമം
പവിത്രാത്മനെ പ്രണാമം
ത്രിയേകനാഥാ പ്രണാമം
പ്രണാമം വിഭോ എൻ പ്രണാമം






"ഭാരതം കതിരു കണ്ടൂ,
ഭൂമുഖം തെളിവു കണ്ടൂ.
മാർതോമാ നീ തെളിയിച്ച-
മാർഗ്ഗത്തിലായിരങ്ങൾ
ആനന്ദ ശാന്തി കണ്ടൂ ! ..."




**SANTHOME SMRITI**

വി. തോമാശ്ലീഹായുടെ രക്തസാക്ഷിത്വത്തിന്റെ
1950-ാം വാർഷിക സ്മരണിക

1950th Jubilee Martyrdom of
St Thomas The Apostle Smaranika

*Patron:*
**Mar Andrews Thazhath**
Archbishop of Trichur

*Advisory Board:*
**Prof. George Menachery**
**Rev. Dr. Paul Pulikkan**
**Rev. Dr. Dominic Thalakodan**

*Chairman:*
**Rev. Bro. Jose Chungath MMB**

*Vice Chair person:*
**Rev. Dr. Devassy Panthallukaran**
**Sr. Venma CSC**

*Editor :*
**Mr. Babu Chittilappilly**

*Published on:* 3rd July 2024

*Design:* smritidesin.com

*Printing:* Anaswara Offset, Kochi


*Published by*
Cathiolic Archbishop's House
East Fort, Thrissur, Kerala 680 005
Ph: 0487-2333325, 2338203
Email: curiatcr@gmail.com

“

ലോകത്തിൽ നമുക്കുണ്ടാകുന്ന ദുഃഖങ്ങൾക്കും ദൗർഭാഗ്യങ്ങൾക്കും എത്ര തവണയാണ് നാം ദൈവത്തെ പഴിചാരിയത്!

ദൈവത്തിൽ നിന്ന് ഒരിക്കലും തിന്മ വരികയില്ല.
ദൈവം നമ്മുടെ പിതാവാണ്,
നമ്മോട് ചേർന്നിരിക്കുന്നവനുമാണ്.
സ്നേഹ സാഗരമായ അവിടുന്ന് കരുണയോടും ആർദ്രതയോടും എപ്പോഴും നമ്മുടെ കൂടെ നടക്കുന്നു.

**ഫ്രാൻസിസ് മാർപ്പാപ്പ** ”



# അകത്താളുകൾ


| | | | |
|---|---|---|---|
| | എഡിറ്റോറിയൽ | | 11 |
| 1. | മാർ വാലാഹ് | കർദ്ദിനാൾ മാർ ജോർജ്ജ് ആലഞ്ചേരി | 14 |
| 2. | മാർ തോമാശ്ലീഹായുടെ അപ്പസ്തോലിക പൈതൃകം പേറുന്ന തൃശൂർ അതിരൂപത | മാർ ആൻഡ്രൂസ് താഴത്ത് | 16 |
| 3. | ആദ്യം മടിച്ച തോമ | ഫ്രാങ്കോ ലൂയിസ് | 21 |
| 4. | തോമാശ്ലീഹായുടെ രക്തസാക്ഷിത്വം ചരിത്രസാക്ഷ്യങ്ങൾ | റവ. ഡോ. ജയിംസ് പുലിയുറുമ്പിൽ | 26 |
| 5. | തോമയുടെ ഇന്ത്യൻ ദൗത്യം ചോദ്യം ചെയ്യപ്പെടുമ്പോൾ | പ്രൊഫ. ജോർജ്ജ് മേനാച്ചേരി | 32 |
| 6. | തോമാശ്ലീഹായുടെ കേരളയാത്രാ-സാധ്യതകൾ | ഡോ. കെ. എം. ഫ്രാൻസീസ് | 45 |
| 7. | ഇന്ത്യയും തോമസ് അപ്പസ്തോലനും | റവ. ഡോ. ദേവസ്സി പന്തല്ലൂക്കാരൻ | 50 |
| 8. | തോമായുടെ നടപടി | റവ. ഡോ. ജോൺസൺ ചിറ്റിലപ്പിള്ളി | 54 |
| 9. | തോമാശ്ലീഹാ ഭാരതീയരുടെ പൊതുസ്വത്ത് | റഹ്മത്തുല്ലാഹ് ഖാസിമി മൂത്തേടം | 62 |
| 10. | ഏഴര പള്ളികൾ | സി. അനീജ സി. എസ്. സി. | 66 |
| 11 | മാർതോമാ തീർത്ഥകേന്ദ്രങ്ങൾ | പി. ഐ. ലാസർ മാസ്റ്റർ | 73 |
| 12. | ഭാരതത്തിലെ മാർത്തോമ്മാ പൈതൃക സഭകൾ | റവ. ഡോ. ചെറിയാൻ കറുകപറമ്പിൽ | 79 |
| 13. | സിറോ മലബാർ സഭ വളർച്ചയുടെ പടവുകളിൽ | മാർ റാഫേൽ തട്ടിൽ | 87 |
| 14. | മാർതോമാ കലാരൂപങ്ങൾ | ഒ.ഡി വർക്കി | 92 |
| 15. | ഐതിഹ്യകഥകളിലെ അത്ഭുതങ്ങൾ | | 97 |
| 16. | പാലയൂർ മെത്രാസനം | റവ. ഡോ. ഫ്രാൻസിസ് ആളൂർ | 106 |
| 17. | മാർതോമാ കുരിശ് (ശ്ലീവാ) | ജോർജ്ജ് ചിറമ്മൽ | 119 |
| 18. | തൃശ്ശൂർ അതിരൂപതയുടെ അപ്പസ്തോലിക പാരമ്പര്യം | റവ. ഡോ. ഡെമിൻ തറയിൽ | 121 |
| 19. | തൃശ്ശൂർ രൂപത ഇരുപതാം നൂറ്റാണ്ടിലെ ചരിത്രമുഹൂർത്തങ്ങൾ | റവ. ഡോ. പോൾ പുളിക്കൻ | 136 |
| 20. | തൃശ്ശൂർ അതിരൂപത ഇരുപത്തിയൊന്നാം നൂറ്റാണ്ടിൽ | ജോയ് എം. മണ്ണൂർ | 151 |
| 21. | സുവിശേഷങ്ങളിലെ സെന്റ് തോമസ് | തോമസ് കീഴൂർ | 158 |
| 22. | മലയാളഭാഷയും മിഷണറിമാരും | ഡോ. വള്ളിക്കാവ് മോഹൻദാസ് | 160 |
| 23. | മാർതോമാശ്ലീഹായുടെ രക്തസാക്ഷിത്വവും തൃശൂർ അതിരൂപതയുടെ ആത്മബോധവും | മാർ ടോണി നീലങ്കാവിൽ | 173 |
| 24. | പാലയൂർ മഹാതീർത്ഥാടനം രജത ജൂബിലിയിൽ | സി കെ ജോസ് | 177 |
| 25. | മാർ തോമാശ്ലീഹായുടെ രക്തസാക്ഷിത്വത്തിന്റെ 1950-ാം വാർഷികം | | 183 |


......•••......

# എഡിറ്റോറിയൽ




കരുണയുടേയും സ്നേഹത്തിന്റേയും
കരകാണാസാഗരമായ **യേശുക്രിസ്തുവിനെ**
ഭാരതീയർക്ക്, വിശിഷ്യ മലയാളികൾക്ക്
പകർന്നു തന്നതിൽ മഹോന്നതമായ പങ്ക് വഹിച്ചത്, |
യേശുവിന്റെ ധീരനും ഊർജസ്വലനുമായ ശിഷ്യൻ എന്ന്
വിളിക്കപ്പെടുന്ന അപ്പസ്തോലനായ
**മാർ തോമാശ്ലീഹാ**യാണ്.
അദ്ദേഹം ദക്ഷിണ ഭാരതത്തിൽ സുവിശേഷം
പ്രഘോഷിച്ചതിന്റെ ഫലമായി രൂപമെടുത്ത
വിശ്വാസസമൂഹത്തിന്റെ പിൻമുറക്കാരാണ്,
തങ്ങളെന്ന ബോധ്യമാണ് കേരളത്തിലെ മാർതോമാ
ക്രിസ്ത്യാനികളുടെ വംശ സ്മൃതിയുടെ കേന്ദ്രബിന്ദു.
തോമാശ്ലീഹായുടെ പാത പിന്തുടർന്ന
നമ്മുടെ പൂർവ്വികരും മിഷനറിമാരും ചേർന്ന്
ആതുര ശുശ്രൂഷ, വിദ്യഭ്യാസം, പത്രമാധ്യമങ്ങൾ,
ഭാഷയുടെ രൂപപരിണാമങ്ങൾ, സംസ്കാരം തുടങ്ങിയ
മേഖലകളിൽ സമൂലവും നിസ്വാർത്ഥവുമായ
സേവനങ്ങളിലൂടെ, മലയാളി മനസ്സുകളിൽ,
ചിന്താബോധവും ദിശാബോധവും വളർത്തിയെടുത്തു
എന്നത് ചരിത്ര സത്യമാണ്.
1950 വർഷങ്ങൾക്ക് മുമ്പ് മൈലാപ്പൂരിൽ രക്തസാക്ഷിത്വം
വരിച്ച മാർ തോമാശ്ലീഹായുടെ ഭാരത പ്രവേശനം തന്നെ
ചോദ്യം ചെയ്യപ്പെടുമ്പോൾ, പാലയൂരിൽ
തോമാശ്ലീഹായിൽ നിന്ന് വിശ്വാസ പൈതൃകം
സ്വീകരിച്ച മാർ തോമാ ക്രൈസ്തവരുടെ
പാദപൂജയാണീ '**സാന്തോം സ്മൃതി**'.
വിശ്വാസ തീക്ഷ്ണതയും ചരിത്ര സത്യങ്ങളും
തെളിവുകളും അവയുടെ അടിസ്ഥാനത്തിലുള്ള
'വെളിവുകളുമാണ്' ഈ ഗ്രന്ഥത്തിനാധാരം.
തോമാശ്ലീഹായാണ് നമ്മിൽ നിത്യരക്ഷയുടെ
'സത് വിശേഷം' പകർന്ന് തന്നതെന്ന വിശ്വാസത്തെ
രൂഢമൂലം ഉറപ്പിക്കാനും ബോധ്യപ്പെടുത്താനുമുള്ള
ഈ എളിയ ശ്രമത്തെ സാദരം സമർപ്പിക്കുന്നു.




**ബാബു ചിറ്റിലപ്പിള്ളി**
എഡിറ്റർ



''സീറോ മലബാർ
സഭയുടെ ചരിത്രം
ദൈവിക ഇടപെടലുകളുടെ
അത്ഭുതവിവരണമാണ്.
മാർ തോമാശ്ലീഹായുടെ
പ്രേഷിത പ്രവർത്തനത്താൽ
രൂപമെടുത്ത ഈ ക്രൈസ്തവ
സമൂഹത്തിന് നൂറ്റാണ്ടുകൾ നീണ്ട
സങ്കീർണവും വേദനാജനകവുമായ
അനുഭവങ്ങളിലൂടെയാണ്
കടന്നു പോകേണ്ടിവന്നത്.
1923-ൽ സീറോ മലബാർ
ഹയരാർക്കി സ്ഥാപിതമായെങ്കിലും
1992-ൽ മേജർ ആർച്ച്
എപ്പിസ്ക്കോപ്പൽ പദവിയിലേക്ക്
ഉയർത്തപ്പെട്ടതോടെയാണ്
സീറോ മലബാർ സഭയിൽ
കാനോനികമായ സംവിധാനങ്ങൾ
രൂപപ്പെട്ടത്. നമ്മുടെ സഭയെ
കഴിഞ്ഞ രണ്ടു സഹസ്രാബ്ദങ്ങളിൽ
വഴിനടത്തിയ
ദൈവപരിപാലനയ്ക്ക്
നന്ദി പറയാം.''

**മാർ റാഫേൽ തട്ടിൽ**
സീറോ മലബാർ സഭയുടെ
മേജർ ആർച്ച്ബിഷപ്പ്





# മാർ വാലാഹ് !

## കർദ്ദിനാൾ
## മാർ ജോർജ്ജ് ആലഞ്ചേരി

തൃശൂർ അതിരൂപത സീറോ മലബാർ സഭയിലും കേരളത്തിലും ഭാരതത്തിലും വളരെ ശ്രദ്ധിക്കപ്പെടുന്ന ഒരു അതിരൂപതയാണ്. ഇവിടെ ശുശ്രൂഷ ചെയ്തിട്ടുള്ള പിതാക്കന്മാർ എല്ലാവരും തന്നെ വളരെയേറെ കേരളത്തിലും ഭാരതത്തിലും ശ്രദ്ധേയരായിരുന്നു. അവരുടെ സംഭാവനകളും വിലയേറിയതായിരുന്നു. ബിഷപ്പ് മെഡലിക്കോട്ടു മുതൽ ഇപ്പോൾ മാർ ആൻഡ്രൂസ് താഴത്ത് ഇവരെല്ലാവരും ചെയ്തിട്ടുള്ള തനതായ സംഭാവനകൾ വളരെയേറെ പ്രശംസനീയമാണ്. കേരളത്തിലും ഭാരതത്തിലും സേവനങ്ങളുടെ ബാഹുല്യം കൊണ്ട് വളരെയേറെ സഭയ്ക്കും സമൂഹത്തിനും സേവനം ചെയ്തിട്ടുള്ള തൃശ്ശൂർ അതിരൂപത ഇപ്പോഴും മുൻനിരയിൽ തന്നെ നിലകൊള്ളുകയാണ്. ഇപ്പോൾ ഈ അതിരൂപ തയ്ക്ക് നേതൃത്വം കൊടുക്കുന്ന ആൻഡ്രൂസ് പിതാവ് തന്റെ നേതൃത്വവൈഭവം കൊണ്ട് കേരളസഭയിലും ഭാരതസഭയിലും മറ്റു പിതാക്കന്മാർക്കും പ്രചോദനവും ശക്തിയും കൂട്ടായ്മയും പകരുന്ന ഒരു ആർച്ച്ബിഷപ്പാ ണെന്ന് പറയുവാൻ എനിക്ക് അതിയായ സന്തോഷമുണ്ട്.

നാം സുവിശേഷത്തിൽ വായിച്ചു കേട്ടതു പോലെ ലാസറിനെ പുനർജീവിപ്പിക്കുന്നതിന്

പോകാൻ തയ്യാറായ കർത്താവിനെ മറ്റു ശിഷ്യന്മാർ നിരുത്സാഹപ്പെടുത്തി. കാരണം യൂദായിൽ യേശുവിനെ കല്ലെറിയുന്നതിന് യഹൂദർ അവസരം നോക്കി നിൽക്കുകയായിരുന്നു. അതുകൊണ്ട് അങ്ങോട്ട് തന്നെ പോകുകയാണോ എന്ന് ഭയപ്പെട്ട ശിഷ്യന്മാരോട് 'നമുക്കും പോകാം അവനോട് കൂടെ പോയി മരിക്കാം' എന്ന മറുപടി ത്രസിപ്പിക്കുന്നതാണ്. പി.ഒ.സി. ബൈബിളിൽ കൊടുത്തിരിക്കുന്ന തർജ്ജമ വളരെ പ്രസിദ്ധമാണ്.
''നമുക്കും മരിക്കാൻ അവനോടുകൂടെ പോകാം''– നമ്മുടെ പാരമ്പര്യ ഭാഷയായ സുറിയാനിയിൽ *നേസൽ വൻമൂസ്സ് അമ്മേ* എന്നാണ് Let us go and let us die with him. യഹൂദർ കല്ലെറിഞ്ഞ് നമ്മുടെ കർത്താവിനെ കൊല്ലുകയാണെങ്കിൽ നമുക്കും പോയി അതേ കല്ലേറേറ്റ് അവനോടുകൂടെ മരിക്കാം. എന്ന് പറഞ്ഞ തോമാശ്ലീഹായുടെ വിശ്വാസ പാരമ്പര്യമാണ് നമ്മെ ഓരോരുത്തരേയും ത്രസിപ്പിക്കുന്നത്. നമ്മുടെ സഭ തീർച്ചയായും അനുഗ്രഹീതമാണ്. ഇത് നമുക്ക് അഭിമാനത്തിന് മാത്രമുള്ള ഒരു കാര്യമല്ല. പിന്നെയോ നാമെല്ലാവരും തോമാശ്ലീഹായിൽ പ്രേഷിതരാകുവാൻ ശ്ലീഹായെപോലെ പ്രബുദ്ധരാകുവാനുള്ള ശക്തമായ ഒരു ചിന്തയാണ്.

റോമാസഭാ സ്ഥാപിച്ചിരിക്കുന്നത് പത്രോസ് പൗലോസ് ശ്ലീഹന്മാരാകുന്ന നെടുംതൂണുകളിലാണ്. എന്നാൽ ഈ നെടും തൂണുകളോട് ചേർന്ന ഭാരത സഭയ്ക്ക് ഉള്ള ഒരു നെടുംതൂണാണ് തോമാശ്ലീഹാ! ഈ തോമാശ്ലീഹായുടെ സുവിശേഷ പ്രഘോഷണത്തിൽ നിന്ന് ഉയർക്കൊണ്ട മാർത്തോമാ വിശ്വാസികളുടെതായ ഒരു ശക്തമായ വിഭാഗമാണ് സീറോ മലബാർ സഭ. മാർതോമാ വിശ്വാസികൾ, സീറോ മലബാർ സഭയിൽ മാത്രമല്ല മലങ്കര കത്തോലിക്കാ സഭയിലും അതുപോലുള്ള കത്തോലിക്കരല്ലാത്ത അക്രൈസ്തവ സമൂഹങ്ങളിലും ലത്തീൻ സഭയിലുമുണ്ട്. അതുപോലെ വളരെ വ്യാപിച്ചു നിൽക്കുന്ന സമൂഹമാണ് മാർത്തോമ ക്രിസ്ത്യാനികൾ. മാർ തോമാ ശ്ലീഹായുടെ വിശ്വാസത്തിലുള്ള ഈ കൂട്ടായ്മയെ അതെല്ലാ സമൂഹങ്ങളെയും കൂട്ടിച്ചേർത്തുകൊണ്ട് മുന്നോട്ടുപോകുവാൻ നമുക്ക് കഴിയണം. ഇതൊരു വിശ്വാസ പാരമ്പര്യമാണ്. കർത്താവായ ഈശോമിശിഹായുടെ ഉത്ഥാനത്തിൽ വിശ്വാസം പ്രഖ്യാപിച്ച മാർ തോമാശ്ലീഹായുടെ വിശ്വാസത്തിന്റെ പിന്തുടർച്ചയാണ്. മാർ വാലാഹ് എന്ന് വിശ്വാസത്തെ ഏറ്റുപറഞ്ഞ മാർതോമാ ശ്ലീഹായുടെ പിന്തുടർച്ചക്കാരാണ് നാമെല്ലാവരും. ലത്തീൻ കത്തോലിക്കരായാലും സുറിയാനി കത്തോലിക്കരായാലും അകത്തോലിക്കരായ യാക്കോബായ ഓർത്തഡോക്സ് സഭ വിഭാഗങ്ങളായാലും സുറിയാനി സഭാ വിഭാഗങ്ങളായാലും നാമെല്ലാവരും ഒരേ ഐക്യത്തിൽ നമ്മുടെ കർത്താവും രക്ഷകനുമായ ഈശോമിശിഹായിൽ വിശ്വസിക്കുന്നവരാണ്. ആ വിശ്വാസം നമുക്ക് കാത്തുസൂക്ഷിക്കുവാൻ സാധിക്കണം.

ഉത്ഥിതനായ മിശിഹായെ കണ്ടുമുട്ടിയ ശിഷ്യന്മാരാണ് അവിടുന്നിലുള്ള തങ്ങളുടെ വിശ്വാസത്തിൽ സ്ഥിരീകരിക്കപ്പെട്ടതും പിന്നീട് അതിന്റെ പ്രഘോഷകരും പ്രചാരകരും ആയി മാറിയത്. ക്രിസ്തുവിൽ ഉള്ള വിശ്വാസം ഒരുവനിൽ വരുത്തുന്ന മാറ്റം ആഴമേറിയതും പരിശുദ്ധാത്മാവിന്റെ ഫലങ്ങൾ പുറപ്പെടുവിക്കുന്നതും ആയിരിക്കും. മൂന്നാം സഹസ്രാബ്ദത്തിലെ ആദ്യ ശതകങ്ങളിൽ ജീവിക്കുന്ന നമ്മൾ ഈ കാലഘട്ടത്തിന്റെ സാഹചര്യങ്ങൾക്ക് അനുസരിച്ച് നമ്മുടെ വിശ്വാസത്തിന് സാക്ഷ്യം വഹിക്കേണ്ടിയിരിക്കുന്നു.

> ''യഹൂദർ കല്ലെറിഞ്ഞ് നമ്മുടെ കർത്താവിനെ കൊല്ലുകയാണെങ്കിൽ നമുക്കും പോയി അതേ കല്ലേറേറ്റ് അവനോടുകൂടെ മരിക്കാം.'' എന്ന് പറഞ്ഞ തോമാശ്ലീഹായുടെ വിശ്വാസ പാരമ്പര്യമാണ് നമ്മെ ഓരോരുത്തരേയും ത്രസിപ്പിക്കുന്നത്.

# മാർ തോമാശ്ലീഹായുടെ അപ്പസ്തോലിക പൈതൃകം പേറുന്ന തൃശൂർ അതിരൂപത

**ആർച്ച്ബിഷപ്പ്**
**മാർ ആൻഡ്രൂസ് താഴത്ത്**



ഭാരത ക്രൈസ്തവസഭയുടെ ഈറ്റില്ലമാണ്, ഇന്നത്തെ തൃശൂർ ജില്ലയും അതിരൂപതയും. ഭാരതത്തിൽ ക്രൈസ്തവസഭ ആരംഭിക്കുന്നത് തോമാശ്ലീഹാ എ.ഡി. 52-ൽ കൊടുങ്ങല്ലൂരിൽ കപ്പലിറങ്ങിയശേഷം പാലയൂരിൽ മാമോദീസ നൽകിക്കൊണ്ടാണ്. ആ കാലഘട്ടത്തിൽ യഹൂദർ അധിവസിച്ചിരുന്ന ഒരു സ്ഥലമായിരുന്നു പാലയൂർ. അതുകൊണ്ടു തന്നെയായിരിക്കും തോമാശ്ലീഹ പാലയൂരിലേക്ക് വന്നത്. പിന്നീട് തോമാശ്ലീഹപാരമ്പര്യം പറയുന്നതുപോലെ, ആദ്യത്തെ ഹയരാർക്കിക്ക് രൂപം കൊടുത്തു. മാർതോമാ ശ്ലീഹ കൊടുങ്ങല്ലൂരിൽ മാർ കേപ്പയെ സഭാധ്യക്ഷനായും മാർ പൗലോസിനെ കൊർമാൻഡൽ തീരത്തുള്ള മെത്രാനായും അഭിഷേകം ചെയ്തതായി റമ്പാൻ പാട്ടിൽ പറയുന്നു.

കൊടുങ്ങല്ലൂർ കേന്ദ്രമാക്കി, പാലയൂർ തുടങ്ങിയ ഏഴര പള്ളികളിലൂടെ ക്രൈസ്തവ സമൂഹങ്ങൾ ആദ്യത്തെ ഭാരതസഭയായി വളർന്നുവന്നു. ഏകദേശം നാലാം നൂറ്റാണ്ടിലും എട്ട് - പത്ത് നൂറ്റാണ്ടുകളിലും മറ്റും പേർഷ്യയിൽ നിന്ന് മലബാർ തീരത്തേക്ക് മെത്രാന്മാർ അടക്കം ക്രിസ്ത്യാനികൾ കുടിയേറിയപ്പോൾ മാർത്തോമാ ക്രിസ്ത്യാനികളുടെ ഭാരതസഭ ശക്തിപ്പെട്ടു. പിന്നീട്, ഭാരതസഭയ്ക്ക് മെത്രാന്മാർ പേർഷ്യൻ സഭയിൽ നിന്നാണ് വന്നിരുന്നത്. അവർ പ്രധാനമായും സഭയുടെ ആത്മീയമായ കാര്യങ്ങളിലാണ് ശ്രദ്ധ ചെലുത്തിയിരുന്നത്. എന്നാൽ, ഭാരതസഭയുടെ സാമുദായികമായ കാര്യങ്ങൾക്ക് നേതൃത്വം കൊടുത്തിരുന്നത് തദ്ദേശീയനായ അർക്കദിയാക്കോനായിരുന്നു. പലപ്പോഴും പ്രധാന ക്രൈസ്തവ

കേന്ദ്രമായിരുന്ന പാലയൂരിൽ നിന്നുള്ള പകലോമറ്റം കുടുംബത്തിൽ നിന്നാണ് പല അർക്കദിയാക്കോൻമാരും ഉണ്ടായിരുന്നത്. താമസിയാതെ ഭാരത സഭയുടെ മെത്രാപ്പോലീത്ത പേർഷ്യയിലെ കൽദായ പാത്രിയാർക്കീസിന്റെ അധികാരത്തിൻ കീഴിലായി.

ഒൻപതാം നൂറ്റാണ്ടിൽ മാർ സപ്പോർ (Mar Sapor), മാർ പ്രോത്ത് (Mar Prot) എന്നീ രണ്ട് വിശുദ്ധരായ മെത്രാന്മാർ കേരളത്തിലെത്തിയതായി പറയപ്പെടുന്നു. ചില പാരമ്പര്യങ്ങൾ പറയുന്നതുപോലെ സഭയുടെ തലവനായ കൊടുങ്ങല്ലൂരിലെ മെത്രാപ്പോലീത്തയുടെ താമസം അങ്കമാലിയിലേക്ക് മാറ്റി. 16-ാം നൂറ്റാണ്ടിൽ അഞ്ച് പേർഷ്യൻ മെത്രാന്മാർ കേരളത്തിലുണ്ടായിരുന്നതായി ചരിത്ര രേഖകളിൽ വ്യക്തമായി കാണാവുന്നതാണ്. അവസാനത്തെ കൽദായ മെത്രാനായ മാർ അബ്രാഹം (1556-1597) അങ്കമാലിയിൽ വച്ച് അന്തരിച്ചു. അർക്കദിയാക്കോൻ ഗീവർഗീസിനെ ഗ്രിഗറി പതിമൂന്നാമൻ മാർപാപ്പ 1580ൽ പാലയൂരിന്റെ മെത്രാനായി നിയമിച്ചുകൊണ്ട് കൽപ്പന എഴുതിയെങ്കിലും അദ്ദേഹം ആ സ്ഥാനം ഏറ്റെടുക്കാൻ വിസമ്മതിച്ചു. അദ്ദേഹം സ്ഥാനം ഏറ്റെടുത്ത് മെത്രാനായി വാഴിക്കപ്പെട്ടിരുന്നെങ്കിൽ ഭാരതസഭാചരിത്രം മറ്റൊന്നായിരുന്നേനെ.

മാർതോമ ക്രിസ്ത്യാനികളുടെ തലവനായ കൊടുങ്ങല്ലൂരിന്റെ മെത്രാപ്പോലീത്ത അറിയപ്പെട്ടിരുന്നത് 'ഇന്ത്യ മുഴുവന്റെയും മെത്രാപ്പോലീത്ത (Metropolita de Hendo) എന്നാണ്. ഇന്ത്യ മുഴുവന്റെയും അർക്കദിയാക്കോൻ' എന്ന് ജാതിക്ക് കർത്തവ്യൻ' എന്നുകൂടി അറിയപ്പെട്ടിരുന്ന മാർതോമ ക്രിസ്ത്യാനികളുടെ സമുദായ നേതാക്കൻമാരായ അർക്കദിയാക്കോൻമാർ അറിയപ്പെട്ടിരുന്നു.

1498ൽ വാസ്കോഡഗാമ കേരളത്തിൽ എത്തിയതിനെ തുടർന്ന് ആദ്യം പോർച്ചുഗീസ് മിഷനറിമാരും പിന്നീട് യൂറോപ്പിലെ മറ്റു രാജ്യങ്ങളിൽനിന്നുള്ള മിഷനറിമാരും ഭാരതത്തിലെത്തി. തുടർന്ന് 1599ൽ കൊടുങ്ങല്ലൂർ അതിരൂപത ഗോവയുടെ സാമന്തരൂപതയാവുകയും 1600 മുതൽ പോർച്ചുഗീസ് നേതൃത്വത്തി ലുള്ള പാദ്രുവാദോ ലത്തീൻ സഭാഭരണത്തിന് കീഴിലാവുകയും ചെയ്തു. പിന്നീട് വരാപ്പുഴ കേന്ദ്രമാക്കി റോമിന്റെ നേരിട്ടുള്ള നേതൃത്വത്തിലുള്ള പ്രൊപ്പഗാന്ത ലത്തീൻ സഭാഭരണവും കേരളത്തിൽ നിലവിൽവന്നു. മാർതോമ ക്രിസ്ത്യാനികൾ ലത്തീൻ സഭാഭരണത്തിൻ കീഴിലായ സാഹചര്യത്തിൽ 1653ലെ കൂനൻ കുരിശുസത്യത്തെ തുടർന്ന് ഒരു വിഭാഗം കത്തോലിക്കാ സഭ ഉപേക്ഷിച്ച് യാക്കോബായ - ഓർത്തഡോക്സ് തുടങ്ങിയ അകത്തോലിക്കാ വിഭാഗങ്ങളായി പോവുകയും ചെയ്തു

1886 ൽ മാർപ്പാപ്പ കൊടുങ്ങല്ലൂർ അതിരൂപത നിർത്തലാക്കി. എന്നാൽ 1887 മെയ് 20-ാം തിയതി ഭാഗ്യസ്മരണാർഹനായ ലെയോ 13-ാമൻ മാർപ്പാപ്പ 'ക്വോദ് ജാം പ്രിദെം' എന്ന തിരുവെഴുത്തുവഴി മാർ തോമാ ക്രിസ്ത്യാനികളിലെ കത്തോലിക്കാ വിഭാഗത്തിന് 'സീറോ മലബാർ സഭ' എന്ന് പേരു നൽകി തൃശൂർ, കോട്ടയം എന്നീ വികാരിയാത്തുകൾ സ്ഥാപിച്ചു. നിറുത്തലാക്കപ്പെട്ട കൊടുങ്ങല്ലൂരിന്റെ സ്ഥാനത്ത് കൊടുങ്ങല്ലൂർ, പാലയൂർ, പറവൂർ (കോട്ടക്കാവ്), അങ്കമാലി തുടങ്ങിയ ചരിത്ര സ്ഥലങ്ങൾ ഉൾപ്പെടുത്തി സ്ഥാപിച്ച തൃശൂർ വികാരിയാത്തിനെ കൊടുങ്ങല്ലൂരിന്റെ തുടർച്ചയായി പല ചരിത്രകാരൻമാരും കണക്കാക്കുന്നുണ്ട്. 1895ൽ തൃശൂർ വികാരിയാത്തിനെ നിലനിർത്തി കോട്ടയത്തിന്റെ സ്ഥാനത്ത് എറണാകുളം, ചങ്ങനാശ്ശേരി എന്നീ രണ്ട് വികാരിയാത്തുകൾകൂടി സ്ഥാപിച്ച് സീറോമലബാർ സഭയെ പുനഃക്രമീകരിച്ചു. 1923ൽ എറണാകുളം ആസ്ഥാനമാക്കി സീറോമലബാർ ഹയാർക്കി സ്ഥാപിതമായപ്പോൾ, തൃശൂർ രൂപതയായും എറണാകുളം അതിരൂപതയുടെ സാമന്ത രൂപതയായും പ്രഖ്യാപിക്കപ്പെട്ടു. 1887ൽ തൃശൂർ രൂപതയുടെ അതിർത്തി ആലുവ പുഴയുടെ (പെരിയാർ) വടക്കുഭാഗം മുഴുവനുമായിരുന്നു. 1896 ൽ ഈ അതിർത്തി ചാലക്കുടി പുഴയ്ക്കും ഭാരതപുഴയ്ക്കും ഇടയ്ക്കുള്ള സ്ഥലമായി പരിമിതപ്പെടുത്തി. 1955ൽ തൃശൂർ രൂപതയുടെ അതിർത്തി കോയമ്പത്തൂർ പ്രദേശം അടക്കം തമിഴ്നാട്ടിലെ അഞ്ച് ജില്ലകളിലേക്ക് കൂടി വികസിപ്പിച്ചു. 1974ൽ തൃശൂർ രൂപതയെ വിഭജിച്ച് പാലക്കാട് രൂപതയും 1978ൽ വീണ്ടും

**1887 മെയ് 20 ന് ഭാഗ്യസ്മരണാർഹനായ ലെയോ 13-ാമൻ മാർപ്പാപ്പ 'ക്വോദ് ജാം പ്രിദെം' എന്ന തിരുവെഴുത്തുവഴി മാർ തോമാ ക്രിസ്ത്യാനികളിലെ കത്തോലിക്കാ വിഭാഗത്തിന് 'സീറോ മലബാർ സഭ' എന്ന് പേരുനൽകി തൃശൂർ, കോട്ടയം എന്നീ വികാരിയാത്തുകൾ സ്ഥാപിച്ചു.**

വിഭജിച്ച് ഇരിങ്ങാലക്കുട രൂപതയും 2010ൽ പാലക്കാട് രൂപതയെ വിഭജിച്ച് രാമനാഥപുരം രൂപതയും സ്ഥാപിതമായി. 1995ൽ തൃശൂർ അതിരൂപതയായി ഉയർത്തപ്പെട്ടു. ഇന്ന്, തൃശൂർ, പാലക്കാട്, ഇരിങ്ങാലക്കുട, രാമനാഥപുരം എന്നീരൂപതകൾ ഉൾക്കൊള്ളുന്ന മെത്രാപ്പോലീത്തൻ പ്രവിശ്യയാണ് തൃശൂർ

## മാർതോമാശ്ലീഹ നൽകുന്ന വിശ്വാസസാക്ഷ്യം

വിശ്വാസത്തിൽ നമ്മുടെ പിതാവായ മാർ തോമാശ്ലീഹാ നമുക്കു നൽകുന്ന വിശ്വാസസാക്ഷ്യത്തിന് സവിശേഷ ഘടകങ്ങളുണ്ട്.

### 1. വിളിച്ചവനോട് വിശ്വസ്തത

ഇരട്ട പിറന്നവൻ അഥവാ ദിദിമോസ് എന്ന അപരനാമത്തിൽ അറിയപ്പെട്ടിരുന്ന തോമാശ്ലീഹാ (യോഹ. 11:15, 20:24), മൂന്ന് വർഷം യേശുവിന്റെ കൂടെയായിരുന്ന് യഥാർത്ഥ ശിഷ്യനായി. യേശുവിന്റെ ഇരട്ടയായി. ശിഷ്യത്വം ശ്ലീഹാത്വത്തിലേക്ക് തോമാശ്ലീഹായെ നയിച്ചു. രക്തസാക്ഷിത്വം വരിച്ചുപോലും (മത്താ. 16:24; യോഹ. 15:13) തന്നെ വിളിച്ച യേശുനാഥനോട് പൂർണ വിശ്വസ്തത പുലർത്തി എന്നതാണ് തോമാശ്ലീഹായുടെ, നമുക്ക് വലിയ മാതൃകയായുള്ള, സാക്ഷ്യത്തിന്റെ പ്രത്യേകത.

### 2 മാർഗ്ഗവാസിയും മാർഗ്ഗക്കാരനുമാകുക

ഇഹലോകത്തിലെ ദൗത്യത്തിനു ശേഷം പിതാവിന്റെ പക്കലേയ്ക്ക് പോവുകയാണെന്ന് യേശു പറഞ്ഞപ്പോൾ തോമാശ്ലീഹാ ചോദിച്ച ചോദ്യം, മനുഷ്യന്റെ ജീവിതലക്ഷ്യത്തെകുറിച്ച് വ്യക്തമായി പഠിപ്പിക്കുന്നതിന് യേശുവിന് പ്രേരകമായി. യേശു പറഞ്ഞു: ''ഞാനാകുന്നു വഴിയും സത്യവും ജീവനും. ഞാൻ വഴിയല്ലാതെ ആരും പിതാവിന്റെ പക്കലെത്തുന്നില്ല'' (യോഹ. 14: 6). പിതാവിന്റെ ഭവനമാകുന്ന സ്വർഗ്ഗമാണ് ദൈവത്തിന്റെ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ട (ഉൽപ. 1:26) മനുഷ്യന്റെ ജീവിതലക്ഷ്യമെന്നും അതിനുള്ള മാർഗ്ഗം സത്യവും ജീവനുമായ യേശുതന്നെയാണെന്നും അവിടുന്ന് അസന്നിഗ്ധമായി പഠിപ്പിച്ചു. അതുകൊണ്ട് തോമാശ്ലീഹാ യേശുവാകുന്ന മാർഗ്ഗത്തിൽ വസിക്കാനും ചരിക്കാനും തന്റെ അനുയായികളെ പഠിപ്പിച്ചു. അതാണ് മാർതോമാ ക്രിസ്ത്യാനികളെ മാർഗ്ഗവാസികളെന്നും മാർഗ്ഗക്കാരെന്നും വിളിച്ചിരുന്നതിന്റെ അർത്ഥം. മാർ തോമാശ്ലീഹാ പഠിപ്പിച്ച യേശുക്രിസ്തു ഏകരക്ഷകനാണ് എന്ന സത്യം ഏറ്റുപറയുവാനുള്ള അവസരമാണ് ഈ ജൂബിലി.

### 3 പ്രേഷിത ദൗത്യം – ഏതൊരു ക്രൈസ്തവന്റെയും പ്രഥമ ദൗത്യം

മാർ തോമാശ്ലീഹാ ഭാരതത്തിലെത്തിയത് ക്രിസ്തു നൽകിയ സുവിശേഷം ലോകമെങ്ങും പോയി പ്രസംഗിക്കാനും വിശ്വസിക്കുന്നവർക്ക് ജ്ഞാനസ്നാനം നൽകാനും (മത്താ. 28:19–20; മർക്കോ. 16:15) പരിശുദ്ധാത്മാവിനാൽ ശക്തിപ്രാപിച്ച് ശ്ലീഹന്മാരായി (അപ്പ. 2:4; യോഹ. 20:21–22) ലോകത്തിന്റെ അതിർത്തികൾ വരെ സാക്ഷ്യം വഹിക്കാനുമുള്ള (അപ്പ. 1:8) ക്രിസ്തുവിന്റെ കൽപ്പനയുടെ അടിസ്ഥാനത്തിലാണ്. തോമാശ്ലീഹായെപ്പോലെ യേശുവിന്റെ കല്പനയനുസരിച്ച് ഭാരതത്തിലെ ഇന്നത്തെ പ്രേഷിതർ നാമോരോരുത്തരുമാണ്.

### 4 വിശ്വാസത്തിനുവേണ്ടി ത്യാഗം ചെയ്യാൻ (മരിക്കാൻ പോലും) തയ്യാറാകുക:

ലാസറിന്റെ മരണത്തിന്റെ പശ്ചാത്തലത്തിൽ ബഥാനിയായിലേയ്ക്ക് പോകാൻ തയ്യാറെടുത്ത യേശുവിനെ മറ്റു ശിഷ്യൻമാർ തടഞ്ഞു. കാരണം, യേശുവിനെ വധിക്കാൻ പദ്ധതികളുണ്ടെന്ന് അവർ കേട്ടിരുന്നു. എന്നാൽ തോമാശ്ലീഹ അവരോടു പറഞ്ഞു: ''നമുക്കും അവനോടുകൂടെ പോയി മരിക്കാം'' (യോഹ. 11:16). ക്രൈസ്തവ വിശ്വാസത്തെ നശിപ്പിക്കാനും സഭയെ തകർക്കാനും പൗരോഹിത്യവും സന്യാസവും ഇല്ലാതാക്കാനും മറ്റുമുള്ള പരിശ്രമങ്ങൾ നടന്നുകൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ യേശുവിനോട് വിശ്വസ്തനായിരുന്ന തോമാശ്ലീഹായുടെ മാതൃക നമുക്ക് പ്രചോദനമാകണം.

### 5 യേശു കർത്താവും ദൈവവുമാണെന്ന വിശ്വാസം ധീരതയോടെ ഏറ്റുപറയുക:

യോഹന്നാന്റെ സുവിശേഷത്തിലെ ഇരുപതാം അധ്യായത്തിൽ (1929 വാക്യങ്ങൾ) കാണുന്ന തോമാശ്ലീഹയ്ക്കുണ്ടായ സംശയം യേശുവിന്റെ ഉത്ഥാനത്തിനുള്ള തെളിവായി മാറി. മറ്റ് ശിഷ്യൻമാർ ഉത്ഥിതനായ യേശുവിനെ കണ്ടതുപോലെ തോമാശ്ലീഹായ്ക്കും ഉത്ഥിതനായ യേശുവിനെ കാണാൻ ആഗ്രഹമുണ്ടായി. അവിശ്വാസിയാകാതെ വിശ്വാസിയായിരിക്കാൻ പറഞ്ഞ് യേശു തന്റെ കൈകാലുകളിലെ ആണിപഴുതുകളും മുറിവേറ്റ വിലാവും കാണിച്ചപ്പോൾ, ആദിമ സഭയുടെ ഏറ്റവും വലിയ വിശ്വാസ പ്രഖ്യാപനം തോമാശ്ലീഹ നടത്തി. മാർ വാലാഹ് അഥവാ 'എന്റെ കർത്താവേ, എന്റെ ദൈവമേ!' (യോഹ. 20:28). മനുഷ്യനായി അവതരിച്ച കർത്താവായ ഈശോ സത്യത്തിൽ ദൈവമാണെന്ന് തോമാ ശ്ലീഹ പ്രഖ്യാപിക്കുകയായിരുന്നു. ഈ ജൂബിലിയുടെ അവസരം തോമാശ്ലീഹായോടൊപ്പം നമുക്കും വിശ്വാസ പ്രഖ്യാപനത്തിന്റെ അവസരമാണ്.

### 6 യേശു കൂടെയുണ്ടെന്ന ബോധ്യം പ്രേഷിതത്വത്തിന്റെ ചാലക ശക്തി:

മാർഗ്ഗംകളിപ്പാട്ടിലും അപ്രമാണിക രേഖയായ തോമായുടെ നടപടി പുസ്തകത്തിലും പറയുന്നതനുസരിച്ച് യേശുവിന്റെ അപ്പസ്തോലന്മാർ ജറുസലേമിൽ ഒരുമിച്ചു കൂടി ലോകത്തിന്റെ വിവിധ ഭാഗങ്ങളിലേക്ക് പ്രേഷിത പ്രവർത്തനത്തിനായി പോകാൻ സ്ഥലങ്ങൾ തിരഞ്ഞെടുക്കാൻ കുറിയിട്ടു. തോമാശ്ലീഹായ്ക്ക് ഭാരതത്തിലേക്ക് പ്രേഷിതദൗത്യവുമായി പോകാൻ കുറി കിട്ടി. തന്റെ അനാരോഗ്യവും യഹൂദൻ എന്ന നിലയിൽ വിജാതീയരുടെ ഇടയിലേക്ക് പോകാനുള്ള ഭയവും പ്രകടിപ്പിക്കുകയും പോകാൻ മടികാണിക്കുകയും ചെയ്തു. അപ്പോൾ യേശു തോമായോട് അവൻ എവിടെപ്പോയാലും താൻ കൂടെയുണ്ടാകുമെന്ന് ഉറപ്പുകൊടുത്തു. ഈ

ധൈര്യത്തിലാണ് തോമാ ശ്ലീഹാ ഇറങ്ങിത്തിരിച്ചത്. യുഗാന്ത്യം വരെ ഞാൻ നിങ്ങളോടു കൂടെ ഉണ്ടായിരിക്കും' (മത്താ. 28:20) എന്ന യേശുവിന്റെ വാക്കുകൾ ഇന്നും നമുക്ക് ധൈര്യം പകരുന്നതാണ്.

### 7 ജീവകാരുണ്യം ദൈവകാരുണ്യം:

തോമായുടെ നടപടി പുസ്തകത്തിൽ വായിക്കുന്നതുപോലെ, ഗുണ്ടഫർ രാജാവിന്റെ കൊട്ടാരനിർമ്മിതിക്കായി ഹാബാന്റെ കൂടെ ഇറങ്ങിതിരിച്ച തോമാശ്ലീഹ രാജാവിന്റെ കയ്യിൽനിന്നും വലിയ തുക കൈപ്പറ്റി. കൊട്ടാരത്തിനു പകരം ഈ പണം പാവങ്ങൾക്കും രോഗികൾക്കും നൽകിക്കൊണ്ട് ജീവകാരുണ്യ പ്രവർത്തനങ്ങളാണ് അദ്ദേഹം നടത്തിയത്. ഇതറിഞ്ഞ ചക്രവർത്തി തോമാശ്ലീഹായെ തടവിലാക്കി. ചക്രവർത്തിയുടെ മരിച്ചുപോയ സഹോദരൻ ഗാദ് സ്വർഗ്ഗത്തിൽ രാജാവിനായി തോമാശ്ലീഹ നിർമ്മിച്ച മനോഹരമായ കൊട്ടാരത്തെക്കുറിച്ച് അദ്ദേഹത്തിന് ദർശനത്തിൽ വെളിപ്പെടുത്തി. എളിയവരിൽ ദൈവത്തെ കണ്ടുകൊണ്ടുള്ള തോമാശ്ലീഹായുടെ ജീവകാരുണ്യത്തിന്റെ മനോഭാവമാണ് ഇത് വെളിപ്പെടുത്തുന്നത്. പാവപ്പെട്ടവരെ സഹായിക്കാൻ യേശു പഠിപ്പിച്ചതുപോലെ തോമാശ്ലീഹായും നമുക്ക് മാർഗ്ഗദർശനം നൽകുന്നു.

### 8 മരിയ ഭക്തനായ തോമാശ്ലീഹ:

പാരമ്പര്യമനുസരിച്ച് മറിയത്തിന്റെ മരണത്തിനുശേഷം ജറുസലെമിലെത്തിയ തോമാശ്ലീഹ മറിയത്തിന്റെ സ്വർഗ്ഗാരോപണത്തിന് സാക്ഷിയായി. യേശുവിന്റെ അമ്മയോട് പ്രത്യേക ഭക്തിയുണ്ടായിരുന്ന തോമാശ്ലീഹ, വി. ലൂക്കാ വരച്ച മറിയത്തിന്റെ ചിത്രം കേരളത്തിലേയ്ക്ക് കൊണ്ടുവന്നതായും പാരമ്പര്യമുണ്ട്. കേരളത്തിലെ പുരാതന പള്ളികൾ മറിയത്തിന്റെ നാമത്തിലുള്ളവയായിരുന്നു. മരിയ ഭക്തി മാർ തോമാ മക്കളുടെ സവിശേഷതയാണ്.

### മഹാജൂബിലി സഭാ നവീകരണത്തിന്

'സഭ ക്രിസ്തുവിൽ പണിയപ്പെട്ടുകൊണ്ടിരിക്കുന്ന ഭവനം (എഫേ. 2:20–22) എന്ന മുദ്രാവാക്യവുമായി കേരളസഭ നവീകരണ കാലഘട്ടത്തിലേയ്ക്ക് (2022–2025) പ്രവേശിച്ചിരിക്കുകയാണ്. വെല്ലുവിളികൾ നേരിട്ടുകൊണ്ടിരിക്കുന്ന സഭയെ നവീകരിക്കാൻ മാർ തോമാ ശ്ലീഹായുടെ മാധ്യസ്ഥതയിൽ കേരള സഭയുടെ ഈ നവീകരണയജ്ഞം പ്രചോദകമാകണം. കെ. സി. ബി. സി. ആഹ്വാനം ചെയ്തിരിക്കുന്ന നവീകരണ പദ്ധതികളോട് സഹകരിച്ച്, ഗാർഹിക സഭയായ കുടുംബം, കുടുംബകൂട്ടായ്മ, വൈദിക-സമർപ്പിത സമൂഹം, ഇടവക തുടങ്ങിയവയെ ശാക്തീകരിക്കാൻ ഞാൻ ആഹ്വാനം ചെയ്യുന്നു. 'സഭ എന്റെ കുടുംബം' എന്ന ചിന്തയോടെ സഭയോട് ചേർന്ന് പ്രവർത്തിക്കുക എന്നത് നമ്മുടെ ശൈലിയാകണം. മിഷൻപ്രവർത്തനങ്ങൾക്ക് ഊന്നൽ കൊടുക്കേണ്ടത് ഈ കാലഘട്ടത്തിന്റെ ആവശ്യമാണ്. അതിനാൽ നാം ആചരിക്കുന്ന ജൂബിലി സഭാ നവീകരണത്തിന്റെ അവസരമാകട്ടെ എന്ന് പ്രാർത്ഥിക്കുന്നു.



St. Thomas Painting by Artus Wolffort



**Incredulity of Saint Thomas**- painting by Marco Richiedei

# ആദ്യം മടിച്ച തോമ



ഫ്രാങ്കോ ലൂയിസ്

എന്തിനേയും നേരിടാൻ ചങ്കൂറ്റമുള്ള യൂദാസ് ദിദിമോസ് തോമസ്. യേശുവിന്റെ പന്ത്രണ്ടു ശിഷ്യരിൽ ഊർജസ്വലൻ. പക്ഷേ, അദ്ദേഹം ഇന്ത്യയിൽ സുവിശേഷ പ്രഘോഷണത്തിന് ആദ്യമൊന്നു മടിച്ചു. പിന്നെ ആ അപ്പസ്തോലൻ ഇന്ത്യയിലെത്തി ദൈവസ്നേഹത്തിന്റെ അനന്തമായ ആകാശം വിതാനിച്ചു. അതിസങ്കീർണമായ സംസ്ക്കാരങ്ങളെ മുറുകെപ്പിടിക്കുന്ന ലോകത്തെ എറ്റവുമധികം ജനങ്ങൾക്കിടയിലാണ് തോമാശ്ലീഹ ദൈവവചനത്തിന്റെ വിത്തെറിഞ്ഞത്. 'മാനിഷാദ' എന്നു ചിന്തിക്കാത്ത കടുത്ത അസഹിഷ്ണുത പുലർത്തുന്നവർക്കിടയിലാണു യേശു പകർന്ന പരസ്നേഹ ഒലിവുതൈലം പുരട്ടിയത്.

## തോമാശ്ലീഹാ ആരായിരുന്നു?

യൂദയായിലെ ഗലീലിയിൽ ജനിച്ച യൂദാസ് ദിദിമോസ് തോമസ്. 'തെയോമ' (Teoma) എന്ന അറമായ പദത്തിൽ നിന്നാണ് തോമ എന്ന പദം ഉദ്ഭവിക്കുന്നത്. ദിദിമോസ് എന്ന വാക്കിനു ഇരട്ടയെന്നും അർത്ഥമുണ്ട്.) കുടുംബത്തിലെ ഇരട്ട മക്കളിൽ ഒരാളാകാം തോമസ്. തോമാ എന്ന അരമായ സുറിയാനി വാക്കിനും 'ഇരട്ട' എന്നാണർത്ഥം. യേശുവിന്റെ ശിഷ്യരിൽ ചിലർ മുക്കുവരും മീൻപിടിത്തക്കാരും ആയിരുന്നെങ്കിൽ തോമാശ്ലീഹ യേശുവിനേപ്പോലെ ആശാരിപ്പണികൾ ചെയ്യുന്ന തച്ചൻ കുടുംബാംഗമായിരുന്നെന്നു കരുതുന്നു. തച്ചുശാസ്ത്രത്തിൽ ജ്ഞാനവും ഉണ്ടായിരുന്നു.



Holy relic of the right arm of St Thomas the Apostle at Azhikode, Thrissur

ഇന്ത്യയിലേക്കു തോമാശ്ലീഹ വന്നത് എങ്ങനെയാണ്? യേശുവിന്റെ സത്യവിശ്വാസദീപം തെളിക്കാൻ ഇന്ത്യയിലെ കഠിനമായ സാഹചര്യങ്ങളേയും കടുത്ത വെല്ലുവിളികളേയും നേരിട്ടത് എങ്ങനെയാണ്? വളരെ കൗതുകകരമായ ആ വിശേഷങ്ങളിലേക്കു പോകുന്നതിനു മുമ്പ് ബൈബിളിലെ തോമാശ്ലീഹായെ നമുക്കൊന്നു കാണാം.

## ബൈബിളിലെ തോമ

തോമാശ്ലീഹായെക്കുറിച്ച് ബൈബിളിൽ കാര്യമായ പ്രതിപാദ്യങ്ങളില്ല. ആദ്യ മൂന്നു സുവിശേഷങ്ങളിൽ യേശുവിന്റെ ശിഷ്യരുടെ പട്ടികയിൽ തോമസിന്റെ പേരുണ്ട്. വിശ്വസ്ത ശിഷ്യരിൽ ഒരാളായി വളരെ ഒതുങ്ങിക്കഴിഞ്ഞിരുന്ന വിശുദ്ധ തോമാശ്ലീഹാ യേശുവിന്റെ കുരിശു മരണത്തോടെയാണ് കരുത്താർജിച്ചു കർമനിരതനാകുന്നത്. ശ്ലീഹ എന്ന സുറിയാനി പദത്തിന് അയക്കപ്പെട്ടവൻ എന്നാണർത്ഥം. യേശുവിന്റെ ഊർജ്ജസ്വലനായ ശിഷ്യൻ എന്നാണ് തോമാശ്ലീഹാ അറിയപ്പെടുന്നത്.

തോമാശ്ലീഹായെക്കുറിച്ച് യോഹന്നാന്റെ സുവിശേഷത്തിലാണു കൂടുതൽ പറയുന്നത്. യേശുവിനെ

കുരിശിൽ തറച്ചു കൊന്നതിനുശേഷം മൂന്നാം ദിനം ഉയിർത്തെഴുന്നേറ്റെന്ന വിശേഷമെല്ലാം അറിഞ്ഞെങ്കിലും യഹൂദരെ ഭയന്ന് ശിഷ്യരെല്ലാം കതകടച്ചിരിക്കുകയായിരുന്നു. അത്രയങ്ങു ഭയം ഇല്ലാതിരുന്നതിനാലാകാം, തോമ പുറത്തുപോയിരിക്കുകയായിരുന്നു. ഉയിർത്തെഴുന്നേറ്റ യേശു പരിശുദ്ധാത്മാവിനെ അയച്ചു ശിഷ്യരെ ധൈര്യപ്പെടുത്താൻ അവർക്കു പ്രത്യക്ഷപ്പെട്ടു. അപ്പോൾ തോമസ് അവിടെ ഉണ്ടായിരുന്നില്ല. പിന്നീട് തോമാശ്ലീഹാ വന്നപ്പോൾ മറ്റു ശിഷ്യന്മാർ യേശു പ്രത്യക്ഷനായ വിശേഷം വിശദീകരിച്ചു. എന്നാൽ തോമസ് അതു വിശ്വസിച്ചില്ല. ''അവന്റെ കൈകളിലെ ആണിപ്പഴുതു കാണുകയും അതിൽ വിരലിടുകയും അവന്റെ വിലാവിൽ സ്പർശിക്കുകയും ചെയ്യാതെ ഞാൻ വിശ്വസിക്കില്ല'' എന്നായിരുന്നു തോമസിന്റെ മറുപടി.

യേശുവിനെ കാണണമെന്ന അതിയായ മോഹംകൊണ്ടു മാത്രമാണ് ആണിപ്പഴുതിലും വിലാവിലും സ്പർശിക്കാതെ വിശ്വസിക്കില്ലെന്നു തോമാശ്ലീഹാ പറഞ്ഞത്. അതിഗുരുതരമായ ആ മുറിവുകളേറ്റുണ്ടായ അസഹ്യമായ വേദനയെകൂടി ഓർത്തുകൊണ്ടാണ് അങ്ങനെ അദ്ദേഹം പറഞ്ഞത്. തോമാശ്ലീഹായെ സംശയാലുവായി ചിത്രീകരിക്കാൻ ഈ വാക്കുകൾ ഇടയാക്കിയെങ്കിലും അതൊരു സത്യാന്വേഷണത്തിന്റെ അടയാളമാണ്. യേശുവിനോടുള്ള സ്നേഹശാഠ്യമാണ്.

എട്ടു ദിവസങ്ങൾക്കുശേഷം യേശു വീണ്ടും ശിഷ്യർക്കു പ്രത്യക്ഷപ്പെട്ടു. യേശു തോമായോടു പറഞ്ഞു. 'നിന്റെ വിരൽ ഇവിടെ കൊണ്ടുവരിക. എന്റെ കൈകൾ കാണുക. നിന്റെ വിരൽകൊണ്ട് എന്റെ വിലാവിൽ സ്പർശിക്കുക. അവിശ്വാസിയാകാതെ വിശ്വാസിയായിരിക്കുക.'' ഇതു കേട്ട് തോമസ് 'എന്റെ കർത്താവേ, എന്റെ ദൈവമേ' എന്നു വിളിച്ച് തന്റെ വിശ്വാസം ഏറ്റുപറഞ്ഞു.

മാർക്കോസിന്റെ സുവിശേഷത്തിൽ തോമാശ്ലീഹായെക്കുറിച്ചു ചെറിയൊരു പരാമർശം മാത്രമേയുള്ളൂ. ഉയിർത്തെഴുന്നേറ്റ യേശു രണ്ടാം തവണ യൂദാസ് ഒഴികേയുള്ള 11 ശിഷ്യർക്കു മുന്നിൽ പ്രത്യക്ഷപ്പെട്ടെന്നാണ് പരാമർശം. ലോകമെങ്ങും പോയി സുവിശേഷം പ്രസംഗിക്കുവിൻ, തന്റെ നാമത്തിൽ പിശാചുക്കളെ ബഹിഷ്കരിക്കാനും രോഗശാന്തി നൽകാനും യേശു ശിഷ്യരെ ചുമതലപ്പെടുത്തിയത് ഈ അവസരത്തിലാണ്.

യോഹന്നാന്റെ സുവിശേഷം പതിനൊന്നാം അധ്യായത്തിലും പതിനാലാം അധ്യായത്തിലും തോമാശ്ലീഹായെ നമുക്കു കാണാം. രോഗബാധിതനായി മരിച്ച ലാസറിനെ ഉയർപ്പിക്കാൻ യേശു ശിഷ്യരുമൊത്ത് ജറുസലെമിനടുത്തുള്ള ബഥാനിയയിലേയ്ക്കു പോകാൻ ഒരുങ്ങിയിരിക്കുകയാണ്. യേശുവിനെ ശത്രുവായി പ്രഖ്യാപിച്ചിരുന്ന യഹൂദർ കല്ലെറിയാൻ അവസരം കാത്തിരിക്കുകയാണെന്ന് അറിയാമായിരുന്ന അപ്പസ്തോലന്മാർ പറഞ്ഞു: 'ഗുരോ, യഹൂദർ ഇപ്പോൾത്തന്നെ നിന്നെ കല്ലെറിയാൻ അന്വേഷിക്കുകയായിരുന്നല്ലോ. എന്നിട്ടും മരിച്ച ലാസറിനെ കാണാൻ അങ്ങോട്ടു പോകുകയാണോ?' അങ്ങോട്ടു പോകുകയാണെന്ന ഉറച്ച തീരുമാനം ഈശോ പ്രഖ്യാപിച്ചതിനു പിറകേ, തോമസാണ് ശിഷ്യന്മാരെ ധൈര്യപ്പെടുത്തിയത്. അവനോടൊപ്പം മരിക്കാൻ നമുക്കും പോകാമെന്നായിരുന്നു തോമാശ്ലീഹായുടെ വാക്കുകൾ. അചഞ്ചലമായ വിശ്വാസവും വിധേയത്വവും കൂട്ടായ്മയുമെല്ലാം ആ വാക്കുകളിൽ കാണാം.

പതിനാലാം അധ്യായത്തിൽ പിതാവിലേക്കുള്ള വഴിയാണു താനെന്നു യേശു വിശദീകരിക്കുമ്പോൾ തോമാശ്ലീഹാ സംശയം ദൂരീകരിച്ചത് എങ്ങനെയാണെന്നു നോക്കുക. 'ഞാൻ പോകുന്നിടത്തേക്കുള്ള വഴി നിങ്ങൾക്കറിയാം.' എന്നു യേശു പറഞ്ഞപ്പോൾ തോമസിന്റെ പ്രതികരണം ഇങ്ങനെ: 'കർത്താവേ, നീ എവിടേക്കു പോകുന്നുവെന്ന് ഞങ്ങൾക്ക് അറിഞ്ഞുകൂടാ. പിന്നെ വഴി ഞങ്ങൾ എങ്ങനെ അറിയും?'

'വഴിയും സത്യവും ജീവനും ഞാനാണ്. എന്നെ അറിയുന്നവർ പിതാവിനേയും അറിയുന്നു. എന്നിലൂടെയല്ലാതെ ആരും പിതാവിങ്കലേക്ക് എത്തുന്നില്ല.' എന്ന പ്രശസ്തമായ തിരുവചനം അപ്പോഴാണുണ്ടായത്.

ആദ്യത്തെ അദ്ഭുതം ചെയ്ത കാനായിലെ കല്യാണ വിരുന്നിലാണു യേശു തോമായെ ആദ്യമായി കണ്ടുമുട്ടിയതെന്ന ഒരു കഥ 'ചോസൻ' എന്ന പ്രശസ്ത വെബ് സീരീസിലുണ്ട്. കല്യാണ വിരുന്നിൽ വിളമ്പാനുള്ള വീഞ്ഞിന്റെ ചുമതല തോമായുടെ പിതാവിനായിരുന്നത്രേ. വീഞ്ഞ് തീർന്നുപോയപ്പോൾ എല്ലാവരും അങ്കലാപ്പിലായി. പരിശുദ്ധ കന്യാമറിയം ഇടപെട്ട് യേശു ഭരണികളിലെ വെള്ളം വീഞ്ഞാക്കിയ അദ്ഭുതത്തോടെ തോമ യേശുവിന്റെ ശിഷ്യനായെന്നാണ് വെബ് സീരീസിൽ കാണുന്ന കഥ.

## ഇന്ത്യയിലേക്ക്

നിങ്ങൾ ലോകമെങ്ങും പോയി സുവിശേഷം പ്രഘോഷിക്കുവിൻ എന്ന യേശുവിന്റെ സന്ദേശം ഉൾക്കൊണ്ടുകൊണ്ട് യേശുശിഷ്യർ പല രാജ്യങ്ങളിലേക്കു യാത്ര തിരിച്ചു. തോമാശ്ലീഹയും പലയിടത്തായി വചനപ്രഘോഷണം നടത്തി. പലസ്തീൻ, എത്യോപ്യ, പേർഷ്യ, മോദിയ തുടങ്ങിയ രാജ്യങ്ങളിൽ പ്രേഷിത പ്രവർത്തനം നടത്തിയശേഷമാണ് തോമാശ്ലീഹ ഇന്ത്യയിലേക്കു തിരിച്ചത്.

തോമാശ്ലീഹ എ.ഡി. 52 ൽ മുസിരിസ് (കൊടുങ്ങല്ലൂർ) തുറമുഖത്ത് കപ്പലിറങ്ങി. ഇന്ത്യയിലെ പ്രധാന വാണിജ്യ കേന്ദ്രവും തുറമുഖ നഗരവും ചേരസാമ്രാജ്യത്തിന്റെ തലസ്ഥാനവുമായിരുന്നു മുസിരിസ് എന്ന കൊടുങ്ങല്ലൂർ.

തോമാശ്ലീഹാ ഇന്ത്യയിൽ സുവിശേഷം പ്രഘോഷിച്ചെന്നതിന് ഏറ്റവും വലിയ തെളിവ് അദ്ദേഹം തെളിച്ചുവച്ച വിശ്വാസ പാരമ്പര്യം പിന്തുടരുന്ന ക്രൈസ്തവ സമൂഹംതന്നെയാണ്. തോമാശ്ലീഹ സ്ഥാപിച്ച ഏഴര പള്ളികളും തമിഴ്നാട്ടിലെ മൈലാപൂരിനടുത്ത ചിന്നമലയിൽ എഡി 72–ാമാണ്ടിൽ തോമാശ്ലീഹ വരിച്ച രക്തസാക്ഷിത്വവുമാണ് തെളിവാകുന്ന ആദ്യത്തെ ലിഖിത സ്രോതസ് എ.ഡി. മൂന്നാം നൂറ്റാണ്ടിൽ സുറിയാനിയിൽ എഴുതപ്പെട്ട യൂദാസ് തോമസിന്റെ നടപടി എന്ന പുസ്തകമാണ്. ഈ ഗ്രന്ഥത്തിൽ സുപ്രധാന വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്.

യേശു ഒരു ദർശനത്തിൽ ഇന്ത്യയിലേക്കു പോകണമെന്ന് തോമായോട് ആവശ്യപ്പെട്ടെന്നും അദ്ദേഹം വൈമനസ്യം പ്രകടിപ്പിച്ചെന്നും ഈ പുസ്ത

കത്തിൽ കാണാം. 'അവിടെയുള്ളവർ സംസ്കാര ശൂന്യരും വന്യമൃഗങ്ങളെ പ്പോലെ ശക്തരും കഠിന ഹൃദയരുമാണെ'ന്നായിരുന്നത്രേ തോമ പ്രതികരിച്ചത്. യേശു പറഞ്ഞു. ''ഞാൻ കൂടെയുണ്ടാകും. ധൈര്യമായിരിക്കുക.''

അങ്ങനെ തോമാശ്ലീഹ ഇന്ത്യയിലേക്ക് ഇറങ്ങിത്തിരിച്ചെന്നാണ് ആ ഗ്രന്ഥത്തിൽ പറയുന്നത്. കൂടുതൽ ദൂരം യാത്ര ചെയ്ത് പ്രാകൃത ദുരാചാരങ്ങൾ പിന്തുടരുന്ന, കൂടുതൽ ജനങ്ങളുള്ള രാജ്യത്തു വചന പ്രഘോഷണം നിർവഹിക്കുകയെന്ന അതീവ ദുഷ്കരമായ ദൗത്യമാണ് തോമാശ്ലീഹ രണ്ടായിരം വർഷംമുമ്പ് ഏറ്റെടുത്തത്.

ഇന്ത്യയിലേക്കുള്ള യാത്രയും ഇന്ത്യയിൽ തോമാശ്ലീഹ എത്തിയ ശേഷമുള്ള സംഭവങ്ങളുമെല്ലാം ആരേയും വിസ്മയിപ്പിക്കുന്നതാണ്. പേർഷ്യയിൽ ഒരു ഇന്ത്യക്കാരനെ തോമാശ്ലീഹാ പരിചയപ്പെട്ടു. ഹാബാൻ എന്നു പേര്. ദക്ഷിണേന്ത്യയിലെ ചോഴരാജാവ് ഗുണ്ടഫോറസിന്റെ മന്ത്രിയാണെന്നാണു പരിചയപ്പെടുത്തിയത്. രാജകൊട്ടാരത്തിലേക്കു ശിൽപകലാ വിദഗ്ധനെ തേടി എത്തിയതാണെന്ന് അദ്ദേഹം പറഞ്ഞു. ആശാരിയായ തനിക്കു ശില്പകല അറിയാമെന്നായി തോമാശ്ലീഹ. കൊട്ടാരം നവീകരിക്കുന്ന പണികൾ ഏറ്റെടുക്കാനും മാർഗനിർദേശങ്ങൾ നൽകാനും ഹാബാൻ തോമാശ്ലീഹായെ ക്ഷണിച്ചു. ഹാബാനോടൊപ്പം ഇന്ത്യയിലേക്കു കപ്പൽ കയറി. ഹാബാൻ മന്ത്രി അല്ലായിരുന്നെന്നും രാജ്യാന്തര വ്യാപാരിയായിരുന്നെന്നും പിന്നീടാണു മനസിലായത്.

## ആദ്യ അദ്ഭുതം

എ.ഡി. 52-ൽ തോമാശ്ലീഹാ കൊടുങ്ങല്ലൂരിൽ കപ്പലിറങ്ങി. ചേരരാജ്യത്തിന്റെ തലസ്ഥാനമായ അവിടെ ഒരു രാജകീയ വിവാഹം നടക്കുകയായിരുന്നു. ആഘോഷങ്ങൾക്കും ആൾക്കൂട്ടത്തിനും ഇടയിൽ അപരിചിതനും വിദേശിയുമായ തോമാ ശ്ലീഹായെ കണ്ടവരെല്ലാം ആരാണെന്നു ചോദിച്ചു. മൗനിയായിരുന്ന തോമാശ്ലീഹായെ ഒരു പടയാളി അധിക്ഷേപിക്കുകയും മർദ്ദിക്കുകയും ചെയ്തു. കുറേ കഴിഞ്ഞപ്പോൾ



Jesus Appears to His Disciples

അതിഥികളെല്ലാം ഒഴിഞ്ഞുപോയി.

വിവാഹ സ്ഥലത്തുനിന്നു യാത്രയായ പടയാളിയെ വഴിമധ്യേ ഒരു വന്യമൃഗം ആക്രമിച്ചു. കൈ കടിച്ചുപറിച്ചു താഴെയിട്ടു. വേറേയും ആളുകൾ വരുന്നതുകണ്ട് വന്യമൃഗം കാട്ടിലേക്ക് ഓടിമറഞ്ഞു. അപ്പോഴേക്കും പിറകേ വരികയായിരുന്ന തോമാശ്ലീഹാക്കു മുന്നിൽ നിലവിളിച്ച് അയാൾ ക്ഷമിക്കണമെന്ന് അപേക്ഷിച്ചു. വന്യമൃഗം കടിച്ചെടുത്തു താഴെയിട്ട പടയാളിയുടെ കൈ കടിച്ചെടുത്ത് ഒരു തെരുവുനായ ആ വഴി ഓടിയെത്തി. തോമാശ്ലീഹാ തെരുവുനായയിൽനിന്ന് ആ കൈ കരസ്ഥമാക്കി പടയാളിയുടെ ശരീരഭാഗത്തു വച്ച് പ്രാർത്ഥിച്ചു. പടയാളിയുടെ കൈ പൂർവ സ്ഥിതിയിലായി. തോമാശ്ലീഹ ഇന്ത്യയിൽ നടത്തിയ ആദ്യ അദ്ഭുതം അതായിരുന്നു.

ഈ സംഭവം അനേകം പേർ കാണുകയും കേട്ടറിയുകയും ചെയ്തു. അതോടെ തോമാശ്ലീഹാ ഒരു ദിവ്യപുരുഷനാണെന്നു ജനസംസാരമായി. ജനങ്ങൾക്കും അധികാരികൾക്കും ഭയവും ഭക്തിയും. വിവരമറിഞ്ഞ ചേരമാൻ രാജാവ് തോമാശ്ലീഹായെ കൊട്ടാരത്തിലേക്കു ക്ഷണിച്ചുവരുത്തി ആദരിച്ചു.

## കാരാഗൃഹത്തിൽ

ഏതാനും മാസം ചേരനാട്ടിൽ കഴിച്ചു കൂട്ടിയ അദ്ദേഹം പിന്നീട് തൊട്ടടുത്ത ചോഴനാട്ടിലേക്കു പോയി. അവിടെ സുവിശേഷ പ്രസംഗ പരമ്പര ആരംഭിക്കുന്നതിനു മുമ്പേ രാജകൊട്ടാരം സന്ദർശിച്ചു. കൊട്ടാരം നവീകരിക്കാനുള്ള ഗുണ്ടഫോറസ് രാജാവിന്റെ ആഗ്രഹം സഫലമാക്കാമെന്നു വാഗ്ദാനം ചെയ്തു. അതോടെ രാജാവ് കുറേ പണം തോമാശ്ലീഹായ്ക്കു സമ്മാനിച്ചു.

രാജകൊട്ടാരം നവീകരിക്കാൻ അദ്ദേഹം മർഗ്ഗനിർദേശങ്ങൾ നൽകി. ചോഴരാജ്യത്തിൽ സുവിശേഷ പ്രഘോഷണത്തിനിടെ അനേകം പട്ടിണിപ്പാവങ്ങളെ കണ്ടുമുട്ടി. രാജാവ് സമ്മാനിച്ച പണം അവർക്കെല്ലാം നൽകി.

ഇതിനിടെ തോമാശ്ലീഹ ഉത്തരേന്ത്യയിലേക്കും അവിടെനിന്നു ചൈനയിലേക്കും പോയി. വീണ്ടും ചോഴനാട്ടിൽ മടങ്ങിയെത്തി.

കൊട്ടാരത്തിന്റെ പണി പൂർത്തിയാക്കാനോ മേൽനോട്ടം വഹിക്കാനോ വരാതിരുന്ന തോമാശ്ലീഹായെ രാജകിങ്കരന്മാർ പിടികൂടി. കുപിതനായ രാജാവ് അദ്ദേഹത്തെ കാരാഗൃഹത്തിൽ അടച്ചു. തൊട്ടടുത്ത ദിവസം രാജകുമാരൻ രോഗബാധിതനായി. കൊട്ടാര വൈദ്യന്മാരുടെ ചികിൽസയൊന്നും ഫലിച്ചില്ല. രാജുകുമാരൻ അകാലത്തിൽ മരിച്ചു. രാജാവും കൊട്ടാരവും അതീവ ദുഃഖത്തിലായി. സംസ്കാര ചടങ്ങുകളെല്ലാം കഴിഞ്ഞ് രാത്രി രാജാവ് ഉറങ്ങവേ, സ്വപ്നത്തിൽ രാജകുമാരൻ പ്രത്യക്ഷപ്പെട്ട് 'തോമായെ പരീക്ഷിക്കരുത്' എന്ന് ആവശ്യപ്പെട്ടതായി തോന്നി. പിറ്റേന്ന് രാജാവ് തോമാശ്ലീഹായെ കാരാഗൃഹത്തിൽനിന്നു മോചിപ്പിച്ചു. പുറത്തിറങ്ങിയ തോമാ പ്രേഷിതവേല തുടർന്നു.

യേശുവിനെ കാണണമെന്ന അതിയായ മോഹം കൊണ്ടു മാത്രമാണ് ആണിപ്പഴുതിലും വിലാവിലും സ്പർശിക്കാതെ വിശ്വസിക്കില്ലെന്നു തോമാശ്ലീഹാ പറഞ്ഞത്.

അങ്ങനെയിരിക്കേ, കൊടുങ്ങല്ലൂരിലെ ചേരരാജാവ് മരുമകനെ അയച്ച് തോമാശ്ലീഹായെ വിളിച്ചുവരുത്തി. തോമാശ്ലീഹായുടെ സുവിശേഷ പ്രസംഗങ്ങളിൽ ആകൃഷ്ടനായ രാജാവ് കുടുംബസമേതം ക്രിസ്തുമത വിശ്വാസിയായി. ഈ വിവരം അറിഞ്ഞതോടെ അനേകം പ്രജകളും ക്രിസ്തുമത വിശ്വാസികളായി. ദേവാലയങ്ങൾ നിർമ്മിച്ചു. അതേസമയം, രാജാവ് ക്രിസ്തുമത വിശ്വാസിയായതിൽ ചില നാട്ടുകാർ കുപിതരായി. അവർ നിരന്തരം പ്രതിഷേധമുയർത്തി. അതിനിടെ രാജാവ് സ്ഥാനത്യാഗംചെയ്ത് അനന്തരാവകാശിയെ ഭരണ ചുമതലകൾ ഏൽപിച്ചു.



Jesus Shows his wounded hand to St Thomas

### ഏഴര പള്ളികൾ

തോമാശ്ലീഹ സ്ഥാപിച്ച പള്ളികൾ ഏഴരപ്പള്ളികൾ എന്നാണ് അറിയപ്പെടുന്നത്. പാലയൂർ (ചാവക്കാട്), മുസ്സിരിസ് (കൊടുങ്ങല്ലൂർ), കൊക്കമംഗലം, പരവൂർ (കോട്ടക്കാവ്), നിരണം, കൊല്ലം, നിലയ്ക്കൽ (ചായൽ), തിരുവിതാംകോട് (കന്യാകുമാരി) എന്നിവയാണ്. ഈ പ്രദേശങ്ങളിൽ പലയിടത്തും യഹൂദരും അധിവസിച്ചിരുന്നു.

ക്രൈസ്തവ വിശ്വാസം സ്വീകരിച്ച അനേകം കുടുംബാംഗങ്ങൾക്കു തോമാശ്ലീഹ ജ്ഞാനസ്നാനം നൽകി. കള്ളി, കാളികാവ്, ശങ്കരപുരി, പകലോമറ്റം, നെടുമ്പിള്ളി, പയ്യപ്പിള്ളി, മാമ്പിള്ളി തുടങ്ങിയ കുടുംബങ്ങളെല്ലാം അങ്ങനെ മാമ്മോദീസ സ്വീകരിച്ചവരാണ്. പല കുടുംബങ്ങളും പിന്നീട് പല ദേശങ്ങളിലേക്കായി മാറിത്താമസിച്ചു. അതോടെ കുടുംബപ്പേരുകൾ ദേശപ്പേരുകളുമായി ചേർത്തും അറിയപ്പെടാൻ തുടങ്ങി. കേരളത്തിലെ ക്രൈസ്തവർ തോമാശ്ലീഹായുടെ അനുഗ്രഹീത വിശ്വാസ പാരമ്പര്യത്തിന്റെ പിൻമുറക്കാരാണ്. പാലയൂർ അടക്കമുള്ള തീർത്ഥ കേന്ദ്രങ്ങളിൽ മാമ്മോദീസാ കുളങ്ങൾ ഇന്നും കാണാം.

അനേകർ ക്രിസ്തുമത വിശ്വാസികളായതു ഒരു വിഭാഗക്കാരിൽ കടുത്ത അസഹിഷ്ണുതയും കോപവും വളർത്തി. ക്രിസ്തുമത വിരോധികൾ തോമാശ്ലീഹായ്ക്കെതിരേ പിറുപിറുക്കാനും ദുഷ്പ്രചരണം നടത്താനും തുടങ്ങി.

### കുന്തമുനയിലെ രക്തസാക്ഷിത്വം

അങ്ങനെയിരിക്കേ, തോമാശ്ലീഹ അന്നു പാണ്ടിദേശം എന്ന് അറിയപ്പെട്ടിരുന്ന തമിഴ്നാട്ടിലേക്കു പോയി. പഴയ മദിരാശി പട്ടണം എന്ന ചെന്നൈക്കടുത്തുള്ള മൈലാപ്പൂർ പ്രദേശത്താണ് സുവിശേഷ ദൗത്യങ്ങൾ നിർവഹിച്ചത്. അവിടേയും സുവിശേഷ പ്രഘോഷണത്തിനെതിരേ അനേകം പേർ രോഷാകുലരായി ഭീഷണി മുഴക്കി.

മദിരാശി രാജകൊട്ടാരത്തിലും തോമാശ്ലീഹായുടെ വചനപ്രഘോഷണം എത്തി. രാജ്ഞി ടെർട്ടിയയും മകൻ ജുനാസസും സഹോദര പത്നി മെഗ്ഡോണിയയും സുഹൃത്ത് മാർക്കിയയും ക്രൈസ്തവ വിശ്വാസികളായി. വിവരമറിഞ്ഞ മിസ്ദിയൂസ് രാജാവ് കുപിതനായി. തോമാശ്ലീഹായെ നാടുകടത്താൻ പടയാളികളോട് ആജ്ഞാപിച്ചു. അവർ തോമാശ്ലീഹായെ മൈലാപൂരിലെ ചിന്നമലയിൽ എത്തിച്ചു. തോമാശ്ലീഹ മരച്ചില്ലകൾ ഒടിച്ചെടുത്ത് അവിടെ ഒരു കുരിശു നാട്ടി സാഷ്ടാംഗം പ്രണമിച്ച് പ്രാർത്ഥനയിൽ മുഴുകി.



Doubting thomas painting by Caravaggio

അതിനിടെ പടയാളികളിൽ ഒരാൾ തോമാശ്ലീഹായെ കുന്തംകൊണ്ടു കുത്തി. എഡി 72 ലാണ് ഈ സംഭവം. കുത്തേറ്റുവീണ തോമാശ്ലീഹായെ അവിടെ ഉപേക്ഷിച്ച് പടയാളികൾ സ്ഥലംവിട്ടു.

പടയാളികൾ തോമാശ്ലീഹ ഇല്ലാതെ മടങ്ങിപ്പോയതു കണ്ട ചിലർ ചിന്ന മലയിലേക്കു പോയി നോക്കിയപ്പോഴാണ് കുത്തേറ്റു രക്തത്തിൽ കുളിച്ചു വീണു കിടന്ന തോമാശ്ലീഹായെ കണ്ടത്. തോമാശ്ലീഹ നാട്ടിയ കുരിശും പടയാളികൾ കുത്തിയശേഷം ഉപേക്ഷിച്ച രക്തപങ്കിലമായ കുന്തവും അവർ കണ്ടു.

ദൈവം തോമാശ്ലീഹായെ പറുദീസായിലേക്കു കൂട്ടിക്കൊണ്ടുപോയി. ക്രൈസ്തവ പീഡകരുടെ കുന്തമുനയേറ്റു തോമാശ്ലീഹ രക്തസാക്ഷിയായി. ക്രൂശിതനായ യേശുനാഥനെ പിൻചെന്ന ഊർജസ്വലനായ ശിഷ്യൻ. യേശുവിന്റെ സ്നേഹ സന്ദേശവുമായി എത്തി ഭാരതത്തിലെ സുവിശേഷ ദൗത്യത്തിനു ശിലപാകി. തോമാ അപ്പസ്തോലൻ തെളിച്ചുവച്ച ആത്മീയ ചൈതന്യം എന്നും ശോഭിച്ചുകൊണ്ടേയിരിക്കുന്നു.

''തോമാശ്ലീഹായുടെ മരണ വിവരം ദേശാന്തരങ്ങളെ കണ്ണീരിലാഴ്ത്തി. മൈലാപൂരിലെ സഹോദരങ്ങൾ വെണ്മയേറിയ വസ്ത്രങ്ങൾ കൊണ്ടുവന്ന് മൃതദേഹം പൊതിഞ്ഞ് കബറിടത്തിൽ സംസ്കരിച്ചു. അതോടൊപ്പം ശ്ലീഹായുടെ രക്തം നനഞ്ഞ അൽപം മണ്ണും കുത്താൻ ഉപയോഗിച്ച കുന്തത്തിന്റെ ഒരു ഭാഗവും ഒരു മൺകുടത്തിലാക്കി കല്ലറയിൽ നിക്ഷേപിക്കുകയും ചെയ്തു.'' 'തോമായുടെ നടപടികൾ' എന്ന പുസ്തകത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത് ഇങ്ങനെയാണ്. കല്ലറക്കു സമീപം ഒരു ദീപം എപ്പോഴും പ്രകാശിച്ചിരുന്നതായി കണ്ടുവെന്ന് തിയഡോർ രാജാവ് സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.

### ഭൗതികാവശിഷ്ടം

മൂന്നാം നൂറ്റാണ്ടിൽ മൈലാപ്പൂർ പ്രദേശത്തു സമുദായ സംഘർഷങ്ങൾമൂലം ക്രൈസ്തവർ പടിഞ്ഞാറേ തീരത്തേക്കു പലായനം ചെയ്തു. നാലാം നൂറ്റാണ്ടിൽ മൈലാപൂരിൽ നിന്ന് തോമാശ്ലീഹായുടെ ഭൗതീകാവശിഷ്ടം സിറിയയിലെ എദ്ദേസായിലേക്കു കൊണ്ടുപോയി.

എദേസായിലെ പൗരസ്ത്യ സഭാധ്യക്ഷനായിരുന്ന മാർ അപ്രേം ഇങ്ങനെ പ്രഖ്യാപിച്ചു: ''തോമാശ്ലീഹായുടെ തിരുശേഷിപ്പുകൾ ഇന്ത്യയിൽനിന്ന് ഇവിടെ കൊണ്ടുവന്നിരിക്കുന്നു. ഈ അമൂല്യനിധി എദേസാ പട്ടണത്തെ ധന്യമാക്കുന്നു. ഇന്ത്യയിലെന്നപോലെ എദേസായും തോമായുടെ അത്ഭുതങ്ങൾക്കു സാക്ഷ്യമാകട്ടെ. മാർ അപ്രേം തോമാശ്ലീഹായെ പ്രകീർത്തിച്ച് കവിതകൾ എഴുതിയിട്ടുണ്ട്.

തോമാശ്ലീഹായുടെ ഭൗതികാവശിഷ്ടങ്ങൾ പിന്നീട് ഇറ്റലിയിലെ ഒർട്ടോണായിലേക്കു മാറ്റി. തോമാശ്ലീഹായുടെ 19 ാം ചരമശതാബ്ദി ആഘോഷിച്ച 1972 ൽ പോൾ ആറാമൻ മാർപ്പാപ്പ അദ്ദേഹത്തെ അപ്പസ്തോലൻ എന്നു പ്രഖ്യാപിച്ചു. 2006 ൽ ബനഡിക്ട് പതിനാറാമൻ മാർപാപ്പ ഇന്ത്യ സന്ദർശിച്ചപ്പോൾ തോമാശ്ലീഹ ഇന്ത്യയിൽ നയിച്ച സുവിശേഷ പ്രഘോഷണത്തേയും തോമാശ്ലീഹായുടെ ജീവിത വിശുദ്ധിയേയും കുറിച്ച് ആവർത്തിച്ചു പ്രഖ്യാപിച്ചു.

സീറോ മലബാർ സഭ ജൂലൈ മൂന്നിനാണ് തോമാശ്ലീഹായുടെ തിരുനാൾ ആഘോഷിക്കുന്നത്. എന്നാൽ പാശ്ചാത്യ രാജ്യങ്ങളിൽ ഡിസംബർ 21 നും ഗ്രീസിലെ സഭ ഒക്ടോബർ ആറിനുമാണ് തോമാശ്ലീഹായുടെ തിരുനാൾ ആഘോഷിക്കുന്നത്.

ആദ്യം സംശയിച്ച, ആദ്യം മടിച്ച അപ്പസ്തോലൻ ഇന്ത്യയിൽ ക്രൈസ്തവ വിശ്വാസത്തിന്റെ അസ്തമിക്കാത്ത സൂര്യതേജസ് പകർന്നു. അഭിമാനിക്കാം, യേശുവിന്റെ തിരുവിലാവിൽ സ്പർശിച്ച പുണ്യത്തിന്റെ പിന്തുടർച്ചക്കാരാണ് ഇന്ത്യയിലെ ക്രൈസ്തവർ.




# തോമാശ്ലീഹായുടെ രക്തസാക്ഷിത്വം ചരിത്രസാക്ഷ്യങ്ങൾ



റവ. ഡോ. ജയിംസ് പുലിയുറുമ്പിൽ

നമ്മുടെ പിതാവായ മാർ തോമാശ്ലീഹായുടെ രക്തസാക്ഷിത്വത്തിന്റെ 1950-ാം വർഷത്തിലേക്ക് നാം കടക്കുകയാണല്ലോ. തന്റെ ഗുരുവിൽ നിന്ന് കേട്ടവ പ്രാവർത്തികമാക്കുകയും വിശ്വസിച്ചതിനുവേണ്ടി നിലകൊള്ളുകയും ചെയ്തു. ശ്ലീഹാ രക്തസാക്ഷിത്വത്തിലൂടെ ഇന്ത്യയിൽ സഭയ്ക്ക് രൂപം കൊടുത്തു. നമുക്കും അവനോടുകൂടിപോയി മരിക്കാം (യോഹ 11:16) എന്നുദ്ഘോഷിച്ച തോമാശ്ലീഹാ എന്റെ കർത്താവേ എന്റെ ദൈവമേ (മാർ വാലാഹ്) (യോഹ 20:28) എന്ന വിശ്വാസ പ്രഖ്യാപനത്തിലൂടെ വഴിയും സത്യവും ജീവനുമായ ഈശോയെ (യോഹ14:5-6) നമുക്കു കാണിച്ചുതന്നു. ആ വഴിയാണ് മാർ തോമാ മാർഗമാണ് ഇന്ന് നമ്മുടെ രക്ഷയുടെ ഉപാധി. ജറുസലേമിലും യൂദയായിലും സമരിയായിലും ഭൂമിയുടെ അതിർത്തികൾ വരെയും നിങ്ങൾ എനിക്ക് സാക്ഷികളാകണം (അപ്പ. പ്രവർ 1:8) എന്ന തങ്ങളുടെ ഗുരുവിന്റെ അഭിലാഷം ശിരസാവഹിച്ച ശ്ലീഹന്മാരിൽ തോമായാണ് അന്നത്തെ ലോകത്തിന്റെ അതിർത്തി രാജ്യമായിരുന്ന ഇന്ത്യയിൽ (ഹെറൊടോട്ടസ്, The Histories, Book III (Thaleia) 106) സുവിശേഷപ്രഘോഷണ ത്തിനായി എത്തിയത്. ഇന്ത്യയ്ക്ക് മെഡിറ്ററേനിയൻ പട്ടണങ്ങളുമായി ഉണ്ടായിരുന്ന



St. Thomas-Mount-Madras- Entrance-gate *J.George - May-1811-watercolour*

കച്ചവട ബന്ധവും ഇന്ത്യൻ പട്ടണങ്ങളിലെ മുസ്സിരിസ് വാണിജ്യ പാതയും - യഹൂദ സാന്നിധ്യവും അലക്സാണ്ട്രിയ മലബാറിലെ സുഗന്ധ വ്യഞ്ജനങ്ങളോട് റോമൻ ജനതയ്ക്ക് ഉണ്ടായിരുന്ന പ്രിയവും തോമായ്ക്ക് ഇന്ത്യയിലെത്താൻ സഹായകമായ ഘടകങ്ങളായിരുന്നു. ക്രിസ്തുവർഷം 42 മുതൽ 49 വരെ വടക്കുപടിഞ്ഞാറ് ഇന്ത്യ ഉൾപ്പെടുന്ന പാർത്ഥ്യാരാജ്യത്തും 52 മുതൽ 72 വരെ തമിഴകം എന്ന് അറിയപ്പെട്ടിരുന്ന കേരളമുൾപ്പെടുന്ന തെക്കേ ഇന്ത്യ (മലബാർ, ചോളമണ്ഡല തീരപ്രദേശങ്ങളും അവയ്ക്കിടയ്ക്കുള്ള പ്രദേശങ്ങളും) യിലും സുവിശേഷം അറിയിച്ച് പല പട്ടണങ്ങളിലും ക്രൈസ്തവ സമൂഹങ്ങൾക്ക് രൂപം കൊടുത്ത് ക്രിസ്ത്വബ്ദം 72-ൽ മൈലാപ്പൂരിൽ രക്തസാക്ഷിത്വം വരിച്ചു.



St. Thomas-Evangelical Entrance Monument,
*St. Thomas National Shrine, Madras*

### 1.മൈലാപ്പൂരിന്റെ പ്രാധാന്യം

ഇപ്പോഴത്തെ ചെന്നൈയുടെ ഭാഗമായ മൈലാപ്പൂരിലെ ശ്ലീഹായുടെ രക്തസാക്ഷിത്വത്തിന് ആധുനിക പഠനങ്ങളുടെ വെളിച്ചത്തിൽ ചരിത്രത്തിൽ നിന്നും ധാരാളം തെളിവുകൾ നിരത്താനുണ്ട്. മൈലാപൂർ അന്നത്തെ ഇന്ത്യയിലെ ഒരു പ്രധാന പട്ടണമായിരുന്നു; മറ്റുള്ളവ മുസ്സിരിസും (കൊടുങ്ങല്ലൂർ) ഗുജറാത്തി ലുള്ള ബാറുച്ചും. ഇവയിൽ മുസ്സിരിസ് ഇന്ത്യയുടെ പടിഞ്ഞാറെ കവാടമായിരുന്നുവെങ്കിൽ (Gateway to the West) മൈലാപ്പൂർ ഇന്ത്യയുടെ കിഴക്കേ കവാടമായിരുന്നു എന്നാണ് ചരിത്ര രേഖകളിൽ കാണുന്നത്. ഇവയിൽ മുസ്സിരിസ് തോമാ കപ്പലിറങ്ങിയ സ്ഥലവും മൈലാപ്പൂർ തോമായ്ക്കു അന്ത്യവിശ്രമം നൽകിയ സ്ഥലവും എന്ന രീതിയിൽ ഇവയ്ക്ക് രണ്ടിനും സഭാചരിത്രത്തിൽ വലിയ പ്രാധാന്യമാണുള്ളത്. മൈലാപ്പൂരിലെ തോമാശ്ലീഹായുടെ രക്തസാക്ഷിത്വം ഈ പട്ടണത്തെ മാർതോമാ ക്രിസ്ത്യാനികൾക്ക് ഏറ്റവും പ്രധാനപ്പെട്ടതും, പ്രിയപ്പെട്ടതും, പവിത്രവുമാക്കിത്തീർത്തു; മാത്രവുമല്ല ആദ്യനൂറ്റാണ്ടുകളിൽ സഭാകേന്ദ്രവു മായിരുന്നു.

തോമാശ്ലീഹാ രക്തസാക്ഷിത്വം വരിച്ചതും ശ്ലീഹായെ കബറടക്കിയതും മൈലാപ്പൂരിലാണ് എന്ന് തെളിയിക്കുന്ന അനേകം ചരിത്രരേഖകളുണ്ട്. മൂന്നാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ വിരചിതമായ തോമായുടെ നടപടികൾ എന്ന ഗ്രന്ഥമാണ് ഏറ്റവും പ്രധാന തെളിവ്. ഈ ഗ്രന്ഥത്തിന്റെ 13-ാം അദ്ധ്യായത്തിൽ തോമായുടെ രക്തസാക്ഷിത്വം വളരെ വിശദമായി ചിത്രീകരിച്ചിരിക്കുന്നുണ്ട്. അനേകം സഭാപിതാക്കന്മാർ തോമാശ്ലീഹായുടെ രക്തസാക്ഷിത്വവും കബറിടവും സംബന്ധിച്ച് വളരെയേറെക്കാര്യങ്ങൾ അവരുടെ ഗ്രന്ഥങ്ങളിൽ കുറിച്ചിട്ടുള്ളത് ഇന്ന് നമുക്ക് ലഭ്യമാണ്. പുരാവസ്തു ഗവേഷണപഠനങ്ങളും വിദേശയാത്രികരുടെ വിവരണങ്ങളും ഇക്കാര്യം തെളിയിച്ചിട്ടുണ്ട്. മൈലാപ്പൂരിലെ തോമായുടെ കബറിടം വളരെ പൂജ്യമായിട്ടാണ് പഴയ നൂറ്റാണ്ടുകളിൽ കരുതിയിരുന്നത് എന്ന് പോർച്ചുഗീസ് ചരിത്രഗ്രന്ഥങ്ങൾ സാക്ഷ്യപ്പെടുത്തുന്നുണ്ട്. ക്രൈസ്തവർ മാത്രമല്ല, അക്രൈസ്തവരും ഭയഭക്ത്യാദരവുകളോടെയാണ് ഈ പൂജ്യസ്ഥലം കണ്ടിരുന്നതെന്നുകൂടി അവർ രേഖപ്പെടുത്തിയിട്ടുണ്ട്. തോമായുടെ കബറിടം മാർത്തോമാ ക്രിസ്ത്യാനികളുടെ ആദ്ധ്യാത്മിക ജീവിതത്തിൽ സുപ്രധാന പങ്കുവഹിച്ചിരുന്നു. മൈലാപ്പൂർ കബറിടത്തേക്കുള്ള തീർത്ഥാടനങ്ങൾ അവർ പതിവായി നടത്താറുണ്ടായിരുന്നു. മൈലാപ്പൂർ തീർത്ഥാടനം ജീവിത സായൂജ്യമായാണ് ക്രൈസ്തവർ കരുതിയിരുന്നത്.

മൈലാപ്പൂരിൽ നിന്നും കൊണ്ടുവന്നിരുന്ന തിരുശേഷിപ്പായ മണ്ണ് രോഗങ്ങൾ സുഖപ്പെടുത്താൻ വരെ ശക്തിയുള്ളതായിരുന്നു എന്ന് അവർ വിശ്വസിച്ചിരുന്നു.

തെക്കു കിഴക്കൻ തീരദേശത്ത് മൂന്ന് പ്രധാനസ്ഥലങ്ങളാണ് തോമായുടെ രക്തസാക്ഷിത്വവും കബറിടവുമായി ബന്ധപ്പെട്ട് ഇന്ന് കാണാനുള്ളത്. അവ സാന്തോം മൈലാപ്പൂർ, സെന്റ് തോമസ് മൗണ്ട്, ചിന്നമല എന്നിവയാണ്. ഇവ മൂന്നും തമ്മിൽ വലിയ ബന്ധമുണ്ട്. അവ അടുത്തടുത്ത സ്ഥലങ്ങളാണ്. ഇവ ഇന്നത്തെ ചെന്നൈ പട്ടണത്തിന്റെ ഭാഗങ്ങളുമാണ്. വിദേശ രാജ്യങ്ങളുമായി ഈ തീരപ്രദേശത്തിനും ഇതിലെ പട്ടണങ്ങൾക്കും പ്രത്യേകിച്ച് മൈലാപ്പൂരിനും ബന്ധമുണ്ടായിരുന്നു.

ക്രിസ്ത്വബ്ദത്തിന് മുമ്പേ അറിയപ്പെട്ടിരുന്ന പട്ടണമായിരുന്നു മൈലാപ്പൂർ, ഗ്രീക്ക്, റോമൻ എഴുത്തുകാർ അവരുടെ ഗ്രന്ഥങ്ങളിൽ ഈ പട്ടണത്തെപ്പറ്റി എഴുതുന്നുണ്ട്. പെരിപ്ലസ് ഓഫ് ദി എരിത്രിയൻ സീ (Periplus of the Erythrean Sea) എന്ന ഗ്രന്ഥത്തിൽ ഇന്ത്യയിലെ പ്രധാന തുറമുഖപട്ടണങ്ങളെപ്പറ്റി എഴുതു ന്നിടത്ത് മൈലാപ്പൂരിനെപ്പറ്റിയും പറയുന്നുണ്ട്. മാന്നാർ, ഫാൽക്ക് എന്നീ കടലിടുക്കുകളെപ്പറ്റിയും (gulis) കാവേരി തീരത്തുള്ള മൂന്ന് പട്ടണങ്ങളെപ്പറ്റിയും ഈ ഗ്രന്ഥത്തിൽ കാണാം. ഇന്ത്യയുടെ കിഴക്കൻ തീരത്തെ പട്ടണങ്ങളെപ്പറ്റി വിശദീകരിക്കുന്നില്ലെങ്കിലും പട്ടണങ്ങളുടെ പേര് പറയുന്നിടത്ത് മസാലിയ അഥവാ മസൂലി പട്ടണം എന്ന് കാണാം. റോമൻ എഴുത്തുകാരനായ ക്ലാവുഡിയൂസ് ടോളമി തന്റെ ജിയോഗ്രഫി എന്ന ഗ്രന്ഥത്തിൽ ഏഴാം അദ്ധ്യായത്തിൽ മൈലാപ്പൂരിനെക്കുറിച്ച് പറയുന്നുണ്ട്. ഗ്രീക്ക്, ലത്തീൻ, ഇറ്റാലിയൻ ഭാഷകളിൽ മൈലാപ്പൂർ എന്ന നാമം വ്യത്യസ്തരൂപങ്ങളിലാണ് ഉപയോഗിച്ചിരിക്കുന്നത്. വിദേശ രേഖകളിൽ കാണുന്ന Maliarpha, Menarpha, Manaliapha molod Maliarpha omasood പ്രയോഗത്തിൽ കാണുന്നത്. ഇത് രണ്ട് പദങ്ങൾ ചേരുന്നതാണ്; Mclia, pha എന്നിവ. ഇതിൽ നിന്നാണ് Meliapor അഥവാ മൈലാപ്പൂർ ഉത്ഭവിക്കുന്നത് എന്നു വ്യക്തമാണ്.

1498-ൽ കേരളത്തിൽ കോഴിക്കോട് എത്തിയ പോർച്ചുഗീസുകാർ 1500-ലാണ് മൈലാപ്പൂരിലെത്തുന്നത്. ചരിത്രത്തിൽ വലിയ സ്ഥാനമുണ്ടായിരുന്നുവെങ്കിലും അന്ന് അത് ഒരു ചെറിയ പ്രദേശമായിരുന്നുവെന്നും ബേത്-തുമ എന്നാണ് അറിയപ്പെട്ടിരുന്നതെന്നും പോർച്ചുഗീസ് ചരിത്രകാരന്മാർ എഴുതുന്നുണ്ട്. ബേത്-തുമ എന്ന സുറിയാനി പദത്തിന് അർത്ഥം തോമായുടെ സ്ഥലം എന്നാണ്. അപ്പസ്തോലനായ തോമാ സുവിശേഷം പ്രസംഗിച്ചതും മരിച്ചതും കബറടക്കപ്പെട്ടതും ഇവിടെയായതുകൊണ്ടാണ് ഈ പേര് വന്നതെന്ന് പോർച്ചുഗീസ് ചരിത്രകാരന്മാർക്ക് ബോധ്യമായി. അതുകൊണ്ട് അവർ ഈ സ്ഥലത്തെ തത്തുല്യമായ രീതിയിൽ സാൻതോം (Santhome) എന്ന് പോർച്ചുഗീസിലേക്ക് മാറ്റി. അത് മൈലാപ്പൂർ തന്നെയായിരുന്നതുകൊണ്ട് ഇതിനെ Santhome de Mylapore എന്നും വിളിച്ചു. ഈ രണ്ട് പേരും മാറിമാറി പോർച്ചുഗീസ് രേഖകളിൽ കാണാം.

## 2. തോമായുടെ നടപടികളിലെ സാക്ഷ്യം

എ .ഡി. 3-ാം നൂറ്റാണ്ടിന്റെ ആദ്യ പകുതിയിൽ എഴുതപ്പെട്ട തോമായുടെ നടപടികൾ എന്ന ഗ്രന്ഥമാണ് തോമാശ്ലീഹായുടെ മൈലാപ്പൂരിലെ രക്തസാക്ഷിത്വത്തെ ക്കുറിച്ച് വിശദവിവരം നൽകുന്നത്. രാജാവിന്റെ അപ്രീതിക്ക് കാരണമായ തോമായുടെ പ്രസംഗവും സുവിശേഷ പ്രവർത്തനവുമാണ് അദ്ദേഹത്തിന്റെ രക്തസാക്ഷിത്വത്തിന് കാരണമായതെന്ന് തോമായുടെ നടപടികൾ ഗ്രന്ഥം സമർത്ഥിക്കുന്നു. രാജാവിന്റെ മകനും ഭാര്യയും തോമായുടെ ശിഷ്യത്വം സ്വീകരിക്കുന്നതും ക്രിസ്തുമതാനുശാസനങ്ങൾക്കനുസൃതം ജീവിക്കുന്നതുമാണ് രാജാവിനെ പ്രകോപിപ്പിച്ചത്. അങ്ങനെ നോക്കുമ്പോൾ തോമാശ്ലീഹായുടെ ഇന്ത്യയിലെ പ്രവർത്തനങ്ങളും രക്തസാക്ഷിത്വവുമാണ് ഈ ഗ്രന്ഥത്തിന്റെ കാതൽ. ഇത്രയും കൃത്യമായും വ്യക്തമായും കാര്യങ്ങൾ അവതരിപ്പിക്കുന്ന ഈ ഗ്രന്ഥത്തെ ഒരു കെട്ടുകഥയായോ വെറും ഭാവനയായോ ആർക്കും കണക്കാക്കാനാവില്ല. അതിനാൽ തോമാശ്ലീഹായുടെ ഇന്ത്യയിലെ പ്രേഷിത പ്രവർത്തനത്തിന്റെ ഏറ്റവും പ്രധാന ഒരു തെളിവായി ഈ ഗ്രന്ഥത്തെ കാണാം. തോമാശ്ലീഹായുടെ രക്തസാക്ഷിത്വത്തെക്കുറിച്ച് തോമായുടെ നടപടികളിൽ കാണുന്നത് ഇപ്രകരമാണ്: വീണ്ടും ബന്ധിതനാക്കപ്പെടുന്നതിന് യൂദാ തിരിച്ചുപോയി. അതുപോലെ തെർസ്യായും, മിഗോണിയായും, നർക്കായും ജയിലിലേയ്ക്ക് പോയി. യൂദാ അവരോടു പറഞ്ഞു: നമ്മുടെ കർത്താവിൽ എന്റെ സഹോദരിമാരേ, മക്കളെ, സഹപ്രവർത്തകരേ, ഈശോ മിശിഹായുടെ തോഴിമാരേ, നിങ്ങൾ ഈ അവസാന ദിനത്തിൽ എന്നെ ശ്രവിക്കൂ. ഞാൻ നിങ്ങളോടു സംസാരിക്കാം. ഈ ലോകത്തുവച്ച് ഇനിയൊരിക്കലും നിങ്ങളോടു ഞാൻ സംസാരിക്കുകയില്ല. മക്കളേ, ശ്രദ്ധിക്കൂ. ഞാൻ ഈശോയല്ല. ഞാൻ ഈശോയുടെ ദാസനാണ്. ഞാൻ മിശിഹായല്ല, എന്നാൽ അവന്റെ



St. Thomas National Shrine, Madras

മുൻപിൽ ശുശ്രൂഷ ചെയ്യുന്നവനാണ്. ഞാൻ ദൈവപുത്രനല്ല, എന്നാൽ ദൈവത്തിന് സ്വീകാര്യനായിത്തീരുവാൻ ഇടയാകുന്നതിനു വേണ്ടി ഞാൻ പ്രാർത്ഥിച്ചപേക്ഷിക്കുന്നു. എന്നാൽ എന്റെ മക്കളേ, ഈശോമിശിഹായിൽ ഉള്ള വിശ്വാസത്തിൽ നിലനില്ക്കുവിൻ. ദൈവപുത്രനിലുള്ള പ്രതീക്ഷയ്ക്കായി പാർത്തിരിക്കുവിൻ. എന്റെ മക്കളെ, പീഡനത്തിൽ നിങ്ങൾ ക്ഷീണിതരാകരുത്. എന്നോട് അപമര്യാദയായി പെരുമാറുന്നതും ഞാൻ ജയിലിലടയ്ക്കപ്പെടുന്നതും മരിക്കുന്നതും കണ്ട് നിങ്ങൾ സംശയാലുക്കളാകരുത്. കാരണം, ഞാൻ എന്റെ കർത്താവിന്റെ ഇഷ്ടം നിറവേറ്റുകയാണ്. ഞാൻ മരിക്കേണ്ട എന്നു പ്രാർത്ഥിച്ചാൽ അങ്ങനെതന്നെ ഭവിക്കാൻപോലും സാധ്യതയുണ്ടെന്നു നിങ്ങൾക്കറിയാമല്ലോ. എന്നാൽ നമ്മൾ കാണുന്ന ഇത് മരണമല്ല. ഈ ലോകത്തിൽ നിന്നുള്ള വിമുക്തിയാണ്. അതിനാൽ ഞാനിത് സന്തോഷത്തോടെ സ്വീകരിക്കുന്നു.

തുടർന്ന് ശ്ലീഹായെ ജയിലിലടച്ചു. മസ്ദായി രാജാവ് പോയി ന്യായാസനത്തിൽ ഇരുന്നു. എന്നിട്ട് തോമായെ വിളിച്ചുകൊണ്ടുവരാൻ ആളയച്ചു. മസ്ദായി തോമായോടു ചോദിച്ചു: നീ അടിമയോ സ്വതന്ത്രനോ? യൂദാ പ്രതിവചിച്ചു: ഞാനൊരു അടിമയാണ്, പക്ഷേ അങ്ങേയ്ക്ക് എന്റെമേൽ യാതൊരധികാരവുമില്ല. മസ്ദായി അവനോടു ചോദിച്ചു: എപ്രകാരമാണ് നീ ഓടിയെത്തി ഈ രാജ്യത്ത് അഭയം പ്രാപിച്ചത്? യൂദാ അവനോടു പറഞ്ഞു: ഞാനിവിടെ വന്നത് തിരുവചനങ്ങളാൽ അനേകർക്ക് ജീവൻ നല്കുന്നതിനുവേണ്ടിയാണ്. പക്ഷേ ഇപ്പോൾ അങ്ങയുടെ കൈകളാൽ ഞാനീ ലോകം വിട്ടുപോകേണ്ടിവരും. മസ്ദായി ചോദിച്ചു: ആരാണ് നിന്റെ യജമാനൻ? എന്താണവന്റെ പേര്? നീ ഏതു രാജ്യക്കാരനാണ്? യൂദാ അവനോടു പറഞ്ഞു: എന്റെ രാജാവ് നിന്റെയും യജമാനനാണ്. അവൻ ഈ ലോകം മുഴുവന്റേയും യജമാനനും ഭൂവിഭാഗങ്ങളുടെയെല്ലാം കർത്താവുമാണ്. മസ്ദായി വീണ്ടും ചോദിച്ചു: അവന്റെ പേര് എന്താണ്? യൂദാ ഉത്തരിച്ചു. അങ്ങേക്കിപ്പോൾ ഈ സമയത്ത്




Tomb of St Thomas, *St. Thomas National Shrine, Madras*

അവന്റെ യഥാർത്ഥ നാമം ഗ്രഹിക്കാൻ സാദ്ധ്യമല്ല. എങ്കിലും അവനു നല്കപ്പെട്ട നാമം ഈശോമിശിഹാ എന്നാണ്. മസ്ദായി അവനോടു പറഞ്ഞു: നിന്നെ നശിപ്പിക്കാൻ എനിക്കു തിടുക്കമില്ലായിരുന്നു. നിന്നോട് ക്ഷമ കാണിച്ചു. എന്നാൽ നീ പിന്നെയും ദുഷ്കർമ്മങ്ങൾ വർദ്ധിപ്പിക്കുകയാണ്. നിന്റെ ക്ഷുദ്രപ്രയോഗങ്ങളെപ്പറ്റി നാടു മുഴുവൻ സംസാരമാണ്. ഞാൻ എന്തെങ്കിലും ചെയ്താൽ നിന്റെ പ്രവൃത്തികൾ നിന്നെ അനുധാവനം ചെയ്യത്തക്ക രീതിയിലേ ആയിരിക്കൂ. അങ്ങനെ ഞങ്ങളുടെ രാജ്യം അവയിൽനിന്നു വിമുക്തമാക്കപ്പെടും. യൂദാ പറഞ്ഞു. എന്നെ അനുധാവനം ചെയ്യുമെന്ന് അങ്ങു പറയുന്ന ഈ ക്ഷുദ്രപ്രയോഗങ്ങളൊന്നും ഈ സ്ഥലത്ത് ഇല്ലാതാകില്ല.

ഈ സമയത്ത് രാജാവ് തോമാ ശ്ലീഹായെ കൊല്ലാൻ എന്ത് ആജ്ഞ കൊടുക്കണമെന്ന് ചിന്തിച്ചു കൊണ്ടിരിക്കുകയായിരുന്നു. എന്നാൽ അവിടെ കൂടിയ ജനാവലിയെ അദ്ദേഹം ഭയപ്പെട്ടു. ഒടുവിൽ അദ്ദേഹത്തെ കുറെ പട്ടാളക്കാർക്ക് ഏല്പിച്ചുകൊടുത്തുകൊണ്ട് പറഞ്ഞു: ഈ മലയുടെ മുകളിലേക്ക് കൊണ്ടുപോയി കൊല്ലുക. തോമാ അവിടെ കൂടിയിരുന്നവരോട് പറഞ്ഞു: ഈ ലോകത്തിൽ നിന്നുള്ള വേർപാട് അടുത്തിരിക്കുന്ന എന്നെ നിങ്ങൾ ശ്രദ്ധിക്കൂ: നിങ്ങളുടെ ഹൃദയത്തിന്റെ കണ്ണുകൾ അന്ധമാക്കരുത്. ഒരിക്കലും കേൾക്കാൻ പറ്റാത്തവിധം നിങ്ങളുടെ ചെവികൾ അടഞ്ഞുപോകാതിരിക്കട്ടെ. ഞാൻ പ്രസംഗിക്കുന്ന ഈ ദൈവത്തിൽ വിശ്വസിക്കുക. നിങ്ങളുടെ ഹൃദയകാഠിന്യത്തിൽ നിങ്ങൾ വ്യാപരിക്കരുത്. എന്നാൽ ദൈവത്തോടുകൂടിയുള്ള ജീവനും മനുഷ്യമഹത്വവും സ്വാതന്ത്ര്യവും പ്രദാനം ചെയ്യുന്ന സർവ്വവിധ സുകൃതങ്ങളിലും വ്യാപരിക്കുക. തുടർന്ന് ശ്ലീഹാ ഇങ്ങനെ പ്രാർത്ഥിച്ചു: എന്റെ കർത്താവേ, എന്റെ ദൈവമേ, എന്റെ പ്രതീക്ഷയേ, എന്റെ രക്ഷകാ, നിന്റെ നാമത്തിൽ ഞാൻ തരണം ചെയ്ത എല്ലാ നാടുകളിലും എന്നെ വഴിനടത്തിയ കൂട്ടുകാരാ, അങ്ങയുടെ ദാസന്മാരോടൊത്ത് അങ്ങ് വസിക്കണമെ. ഞാൻ നിന്റെ പക്കലെത്തുവാൻ എന്നെയും നയിക്കണമെ. എന്തുകൊണ്ടെന്നാൽ നിന്നിൽ പൂർണ്ണമായി എന്റെ ആത്മാവിനെ ഞാൻ ഭരമേല്പിക്കുന്നു. പ്രാർത്ഥന കഴിഞ്ഞപ്പോൾ ശ്ലീഹാ പടയാളികളോട് പറഞ്ഞു: വന്നു നിങ്ങളെ അയച്ചവന്റെ ഇഷ്ടം നിർവ്വഹിക്കുവിൻ. പടയാളികൾ വന്ന് അവനെ അടിച്ചുവീഴ്ത്തി. അവൻ താഴെവീണു മരിച്ചു. സഹോദരന്മാരെല്ലാം ഒന്നിച്ച് കരഞ്ഞുകൊണ്ടിരുന്നു. അവർ നല്ല വസ്ത്രങ്ങളും നിരവധി തുണികളും കൊണ്ടുവന്നു. പുരാതന രാജാക്കന്മാരെ അടക്കം ചെയ്ത ശവകുടീരത്തിൽ അവനെ സംസ്കരിച്ചു.

സുറിയാനി സഭയുടെ (Syrian Christianity) കേന്ദ്രമായ വടക്കേ മെസപ്പൊട്ടോമിയായിലെ എദേസ്സായിലാണ് ഈ ഗ്രന്ഥം രചിക്കപ്പെട്ടത്. എദേസ്സായിലാണ് എഴുതപ്പെട്ടതെങ്കിലും ഈ ഗ്രന്ഥത്തിന്റെ പശ്ചാത്തലം മുഴുവൻ



Place of St Thomas Martydom, *Chinnamalai, Madras*

ഇന്ത്യയാണ്. എങ്കിലും ഇതിൽ കൊടുത്തിരിക്കുന്ന സ്ഥലങ്ങളുടെയും വ്യക്തികളുടെയും വിശദവിവരങ്ങൾ ഇല്ല. ഒന്നുകിൽ വിശദാംശങ്ങൾ ഗ്രന്ഥകർത്താവിന് അറിയില്ലായിരിക്കാം, അഥവാ ആവശ്യമായി തോന്നിയിട്ടില്ലായിരിക്കാം. അറിവില്ലാഞ്ഞിട്ടാണെങ്കിൽ പിന്നെ എങ്ങനെ ഈ രാജ്യത്തെക്കുറിച്ചും അതിലെ വ്യക്തികളെയും സ്ഥലങ്ങളെയും കുറിച്ച് മറ്റൊരു രാജ്യത്തിരുന്ന് എഴുതാൻ സാധിച്ചു എന്ന് ന്യായമായും ചോദിക്കാവുന്നതാണ്. സ്വന്തം ഭാവനയിൽനിന്ന് ഇങ്ങനെ എഴുതാൻ സാധിക്കത്തില്ലല്ലോ; അതും വളരെ ദൂരത്തുള്ള ഒരു രാജ്യത്തെക്കുറിച്ച്. ഏതെങ്കിലും നിലനിന്നിരുന്ന രേഖകളോ കാര്യങ്ങൾ അറിയാവുന്ന വ്യക്തികളുടെ സഹായമോ ലഭിച്ചിട്ടുണ്ടായിരിക്കണം. വിശദാംശങ്ങൾക്ക് പ്രാധാന്യം നൽകാത്തതിന്റെ കാരണം ഇതൊരു ചരിത്ര ഗ്രന്ഥമായി എഴുതപ്പെട്ടതല്ലാത്തതുകൊണ്ടാണ്.

വായനക്കാർക്ക് കൊടുക്കാൻ ഉദ്ദേശിക്കുന്ന കാര്യങ്ങൾ മാത്രമേ ഇതിൽ ഗ്രന്ഥകാരൻ ശ്രദ്ധിച്ചിട്ടുള്ളൂ. അതായത് മാർതോമായുടെ ഭാരതപ്രേഷിതത്വം എദേസ്സായിലെ സുറിയാനിസഭയുടെ കാഴ്ചപ്പാടിൽ എന്നത്. അതിനാൽ സുറിയാനി സഭാകേന്ദ്രമായ എദേസ്സായിൽ നിന്നും ഒരാൾ തോമായുടെ ഭാരതപ്രേഷിത പ്രവർത്തനത്തെപ്പറ്റി ഇത്ര വിശദമായി എഴുതുന്നതിൽ അത്ഭുതപ്പെടാനില്ല. ഇത് വ്യക്തമാക്കുന്നത് തോമാശ്ലീഹായുടെ ഭാരതപ്രേഷിതത്വത്തെപ്പറ്റി എദേസ്സായിലെ സഭയ്ക്ക് അറിയാമായിരുന്നെന്നും ഈ സഭകൾ തമ്മിൽ നല്ല ബന്ധമാണുണ്ടായിരുന്നതെന്നും ഭാരതസഭ തോമാശ്ലീഹായാൽ സ്ഥാപിതമാണെന്നുമുള്ള കാര്യങ്ങളാണ്.

## 3. സഭാപിതാക്കന്മാരുടെ സാക്ഷ്യം

അപ്പസ്തോലപിതാക്കന്മാർ, വിശ്വാസസംരക്ഷകർ, സഭാപിതാക്കന്മാർ എന്നിവരുടെ കൃതികളടങ്ങുന്ന സഭയിലെ ആദ്യകാല കൃതികളിലൂടെ (Patristic literature) കടന്നുപോകുമ്പോൾ മാർ തോമാശ്ലീഹായുടെ ഭാരതപ്രേഷിതത്വത്തെ പരാമർശിക്കുന്ന വളരെയേറെ കാര്യങ്ങൾ കണ്ടെത്താനാവും. ഗ്രീക്ക്, ലത്തീൻ, സുറിയാനി സഭാപിതാക്കന്മാരുടെ കൃതികളാണ് നാമിവിടെ പഠനവിഷയമാക്കുക. ഏതു വിഷയത്തെക്കുറിച്ചു പറയുവാനും എഴുതുവാനും പ്രാപ്തരായിരുന്നു അവർ എന്ന് കാണാൻ സാധിക്കും. ഇന്ത്യയുടെ ഭൂമിശാസ്ത്രം, കാലാവസ്ഥ, ജനങ്ങൾ, മൃഗങ്ങൾ, സസ്യലതാദികൾ, പട്ടണങ്ങൾ, തോമാശ്ലീഹായുടെ ഭാരതപ്രേഷിതത്വം, രക്തസാക്ഷിത്വം എല്ലാം അവരുടെ കൃതികളിൽ ദൃശ്യമാണ്. അവർക്ക് ഇന്ത്യയെക്കുറിച്ചുണ്ടായിരുന്ന അറിവ് നമ്മെ അത്ഭുതപ്പെടുത്തുന്നതാണ്. ഈ കാലഘട്ടത്തിലെ ഗ്രീക്ക്, ലത്തീൻ, സുറിയാനി ഭാഷകളിൽ രചിക്കപ്പെട്ട വിവിധ കൃതികൾ പരിശോധിച്ചാൽ തോമായുടെ ഇന്ത്യയിലെ സുവിശേഷ പ്രഘോഷണത്തിന്റെ ഒരുവിധം വ്യക്തമായ ചിത്രം നമുക്ക് ലഭിക്കും.

### 3.1. ഉത്പത്തിക്ക് ഒരു വ്യാഖ്യാനം (Commentary on Genesis)

ഈ രംഗത്തെ ആദ്യകൃതി ഒരിജന്റേതാണ് (ക്രി. വ. 186 – 255). അദ്ദേഹത്തിന്റെ Commentary on Genesis' എന്ന ഗ്രന്ഥത്തിൽ വടക്കേ ഇന്ത്യ ഉൾപ്പെടുന്ന പാർത്ഥിയാ രാജ്യത്തെ തോമായുടെ മിഷൻ പ്രവർത്തനത്തെപ്പറ്റി പറയുന്നുണ്ട്. അപ്പസ്തോലന്മാർ പ്രവർത്തിക്കുകയും രക്തസാക്ഷികളാകുകയും ചെയ്ത രാജ്യങ്ങളുടെ പേര് പറയുന്നിടത്ത് തോമായെയും ഇന്ത്യയെയും ബന്ധിപ്പിച്ച് ഒരിജൻ എഴുതുന്നുണ്ട്. ചെസ്റിയായിലെ എവുസേബിയൂസിന്റെ 'Ecclesiastical History' എന്ന ഗ്രന്ഥത്തിൽ ഇക്കാര്യം നമുക്ക് കൃത്യമായി കാണാൻ കഴിയും.

### 3.2. ശ്ലീഹന്മാരുടെ പ്രബോധനം (Doctrine of Apostles)

ശ്ലീഹന്മാരുടെ പ്രബോധനം ക്രി. വ. മൂന്നാം നൂറ്റാണ്ടിൽ എഴുതപ്പെട്ടതാണ്. ആദ്യകാലസഭയെക്കുറിച്ച് വളരെയേറെ വിലപ്പെട്ട അറിവ് നൽകുന്ന ഒരു ഗ്രന്ഥമാണിത്. സിറിയായിൽ എഴുതപ്പെട്ട ഈ ഗ്രന്ഥം സഭയിലെ ശിക്ഷണപരവും ഭരണസംബന്ധവുമായ കാര്യങ്ങൾക്കാണ് മുൻഗണന നൽകുന്നത്. ഈ ഗ്രന്ഥത്തിൽ തോമാശ്ലീഹായുടെ പ്രേഷിതത്വത്തെക്കുറിച്ച് ഇപ്രകാരം എഴുതിയിരിക്കുന്നു: ഇന്ത്യയിലും അതിലെ രാജ്യങ്ങളിലും അതിൽ വസിക്കുന്നവരും അങ്ങ് അകലെ കടൽക്കരെയുള്ളവർ പോലും താൻ സ്ഥാപിച്ച സഭയിലെ നായകനും

ഭരണാധികാരിയുമായ യൂദാസ് തോമായിൽ നിന്നും കൈവയ്പുവഴി പൗരോഹിത്യം സ്വീകരിച്ചു.

### 3.3. എഗേറിയായുടെ യാത്രാവിവരണം (Egeria's Travel Diary)

Peregrenatio ad-Loca Sancta' എന്ന പേരിൽ എഴുതപ്പെട്ട ഈ ഗ്രന്ഥം മൈലാപ്പൂരിൽ നിന്നും എദേസായ്ക്ക് കൊണ്ടുപോയ തോമായുടെ ഭൗതികാവശിഷ്ടം അവിടെ പൂജ്യമായി സൂക്ഷിക്കുന്നുണ്ട് എന്ന് വ്യക്തമായി രേഖപ്പെടുത്തുന്നു. ക്രി. വ. 385–നും 388–നും ഇടയ്ക്കാണ് എഗേറിയ എദേസാ സന്ദർശിക്കുന്നത്. സ്പെയിനിൽ നിന്നുള്ള എഗേറിയ അവർ അംഗമായിരുന്ന മഠത്തിലെ മറ്റ് സന്യാസിനികൾക്ക് അറിവ് പകരാനാണ് വിശുദ്ധ നാട്, എദേസാ തുടങ്ങിയുള്ള വിശുദ്ധസ്ഥലങ്ങൾ സന്ദർശിച്ച് പഠിക്കാനും ആത്മീയ ഉണർവിനുമായി പോകുന്നത്. അവരുടെ സഹോദരൻ കോൺസ്റ്റാന്റിനോപ്പിളിലെ രാജാവിന്റെ ഒരു ഉദ്യോഗസ്ഥനായിരുന്നു. അതിനാൽ ആ സ്വാധീനം ഇത്തരം യാത്രയ്ക്ക് എഗേറിയായെ സഹായിച്ചു. എദേസായിൽ തോമാശ്ലീഹായുടെ ഭൗതികാവശിഷ്ടം സൂക്ഷിച്ചിരിക്കുന്ന സ്ഥലത്തിന് മുകളിൽ പൂജ്യമായി സ്ഥാപിച്ചിരിക്കുന്ന തോമായുടെ നടപടികൾ എന്ന ഗ്രന്ഥത്തെക്കുറിച്ചുകൂടി എഗേറിയ അവരുടെ യാത്രാവിവരണത്തിൽ വിവരിക്കുന്നുണ്ട്.

### 3.4. വി. അപ്രേമിന്റെ കൃതികൾ

നിസിബിസ് ദൈവശാസ്ത്രപീഠത്തിന്റെ തലവനും സുറിയാനി സഭയിലെ ദൈവശാസ്ത്രജ്ഞനുമായ വി. അപ്രേം കേരളസഭയെയും തോമാശ്ലീഹായുടെ പ്രവർത്തനങ്ങളെയും കുറിച്ച് ധാരാളം കാര്യങ്ങൾ അദ്ദേഹത്തിന്റെ കൃതികളിൽ എഴുതുന്നുണ്ട്. ഗാനരൂപത്തിലാണ് അദ്ദേഹം വലിയ ദൈവശാസ്ത്രചിന്തകളും ചരിത്രസംഭവങ്ങളും വിവരിക്കുന്നത്. വി. അപ്രേമിന്റെ കൃതികളിൽ വളരെ വ്യക്തമായി കാണുന്ന ഒരു കാര്യം ഇന്ത്യയാണ് തോമാശ്ലീഹായുടെ പ്രേഷിതരംഗം എന്നതാണ്. മാത്രവുമല്ല, ശ്ലീഹാ രക്തസാക്ഷിത്വം വരിച്ചതും സംസ്കരിക്കപ്പെട്ടതും തെക്കേ ഇന്ത്യയിലെ മൈലാപ്പൂരിൽ ആണ് എന്ന് അപ്രേം വ്യക്തമാക്കുന്നു. അദ്ദേഹം വളരെ പ്രാധാന്യം കൊടുത്തുപറയുന്ന ഒരു കാര്യം ശ്ലീഹായുടെ തിരുശേഷിപ്പ് മൈലാപ്പൂരിൽ നിന്നും എദേസായിലേക്ക് കൊണ്ടുപോയി എന്നതാണ്. എദേസാ സഭ ഇതിന് ഭാരതസഭയോട് കടപ്പെട്ടിരിക്കുന്നു എന്നും വി. അപ്രേം രേഖപ്പെടുത്തുന്നു.

തന്റെ വിവിധ ഗ്രന്ഥങ്ങളിൽ വി. അപ്രേം ഇക്കാര്യങ്ങൾ വിവരിക്കുന്നുണ്ട്. അവയിൽ ഏറ്റവും പ്രധാനപ്പെട്ടത് "Carmina Nisabena 42 എന്ന കവിതകളുടെ സമാഹാരമാണ്. ശ്ലീഹായുടെ തിരുശേഷിപ്പ് എദേസായിലേക്ക് കൊണ്ടുപോകുന്നതാണ് ഇതിലെ ഇതിവൃത്തം. ചരിത്രം വിവരിക്കുന്ന ഈ ഗീതങ്ങൾ എദേസ്സാ സഭയുടെ പ്രാർത്ഥനകൾ തന്നെയാണ് എന്ന് അദ്ദേഹം സാക്ഷ്യപ്പെടുത്തുന്നു. ശ്ലീഹാ മൈലാപ്പൂരിൽ കൊല്ലപ്പെടുന്നതിൽ സന്തോഷിക്കുന്ന പിശാച് എന്നാൽ ഇന്ത്യയിലും എദേസായിലും നടക്കുന്ന അത്ഭുതങ്ങൾ കണ്ട് ദുഃഖിക്കുകയും ചെയ്യുന്നതായിട്ടാണ് ഈ കവിതകളിൽ കാണുക. തുടർന്ന് കാണുന്നത് ശ്ലീഹായുടെ തിരുശേഷിപ്പ് എദേസായിലേക്ക് കൊണ്ടുപോകുന്നതാണ്. നേരത്തെ ഇന്ത്യയിൽ മാത്രമാണ് തോമായുടെ സാന്നിദ്ധ്യം ഉണ്ടായിരുന്നത് എങ്കിൽ ഇപ്പോൾ തിരുശേഷിപ്പ് കാരണം എദേസായിലും തോമായുടെ സാന്നിദ്ധ്യമുണ്ട് എന്ന് വി. അപ്രേം സമർത്ഥിക്കുന്നു. തിരുശേഷിപ്പ് എങ്ങനെ എദേസ്സായിലേക്ക് കൊണ്ടുപോയി എന്നും അതിൽ എഴുതുന്നുണ്ട്. മറ്റൊരു സ്ഥലത്ത് പഴയനിയമത്തിലെ യൗസേപ്പിന്റെ അസ്ഥിയോട് തോമായുടേത് താരതമ്യ പ്പെടുത്തുന്നത് കാണാം.

തോമാശ്ലീഹായെയും അദ്ദേഹത്തിന്റെ ഭാരതത്തിലെ പ്രവർത്തനങ്ങളെയുംപറ്റി പറയുന്ന വി. അപ്രേമിന്റെ മറ്റ് കൃതികളാണ് 'Madrasa I', 'Madrasa II', 'Madrasa III' എന്നിവ. ഇവയും അദ്ദേഹത്തിന്റെ കവിതകളുടെ സമാഹാരങ്ങളാണ്. കൂടാതെ 'Hymni Dispersi V', 'Hymni Dispersi VI', 'Hymni Dispersi VII' magleno 'Memre for New Sunday' എന്ന കൃതിയിലും തോമായെ സ്മരിക്കുന്നത് കാണാനാകും. മൂന്ന്, നാല് നൂറ്റാണ്ടുകളിലെ ഭാരതത്തിലെയും എദേസായിലേയും സഭകളെപ്പറ്റി അറിയാൻ ഈ കൃതികൾ സഹായകങ്ങളാണ്. ഭാരതത്തിന്റെ മുത്ത് ആണ് വി. തോമാശ്ലീഹായെന്നും ശ്ലീഹായുടെ തിരുശേഷിപ്പ് എദേസായ്ക്ക് ലഭിച്ചതുവഴി അത് അനുഗ്രഹിക്കപ്പെട്ട രാജ്യമായിത്തീർന്നു എന്നും വി. അപ്രേം രേഖപ്പെടുത്തുന്നു. തോമായുടെ ഭാരതത്തിലെ പ്രേഷിത പ്രവർത്തനവും രക്തസാക്ഷിത്വവും തന്റെ കൃതികളിൽ വർണ്ണിക്കുന്നത് തന്റെ മാത്രം ഒരഭിപ്രായമായിട്ടല്ല, താനുൾപ്പെടുന്ന എദേസാ സഭയുടെ മുഴുവൻ ഒരു വികാരപ്രകടനമായിട്ടാണ് എന്ന് അദ്ദേഹം സൂചിപ്പിക്കുന്നു. തോമാശ്ലീഹായുടെ രക്തസാക്ഷിത്വം വിവരിക്കുന്ന വി. അപ്രേമിന്റെ പല കവിതാശകലങ്ങളും എദേസാ സഭയുടെ ലിറ്റർജിയിൽ പ്രാർത്ഥനകളായി ഉപയോഗിക്കുന്നു എന്നത് ഈ ചരിത്രസത്യത്തിന്റെ ആഴവും വ്യാപ്തിയും വർദ്ധിപ്പിക്കുന്നു.

### 3.5. വി. ജറോമിന്റെ കൃതികൾ

ലത്തീൻ സഭാപിതാക്കന്മാരിലെ വിജ്ഞാനികളിൽ വി. അഗസ്തീനോസ് കഴിഞ്ഞാൽ രണ്ടാം സ്ഥാനം വി. ജെറോമിനാണ്. ഇതിനുള്ള തെളിവ് അദ്ദേഹത്തിന്റെ ഗ്രന്ഥങ്ങളാണ്. വിവിധ ഭാഷകൾ വശമുണ്ടായിരുന്ന അദ്ദേഹത്തിന് വിവിധ രാജ്യങ്ങളെക്കുറിച്ച് നല്ല അറിവുണ്ടായിരുന്നു. ക്ലാസിക്കൽ, ബിബ്ളിക്കൽ, പ്രടിസ്റ്റിക് തുടങ്ങിയ മേഖലകളിലെല്ലാം പ്രാവീണ്യമുള്ള ആളായിരുന്നു അദ്ദേഹം. ഇന്ത്യയെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ അറിവ് നമ്മെ വിസ്മയിപ്പിക്കുന്നതാണ്. 392–ൽ അദ്ദേഹം രചിച്ച ദേ വീറിസ് ഇല്ലുസ്ട്രിബൂസ് എന്ന ഗ്രന്ഥത്തിൽ തോമാശ്ലീഹായുടെ ഭാരതത്തിലെ മിഷൻ പ്രവർത്തനത്തെക്കുറിച്ചും മൈലാപ്പൂർ രക്തസാക്ഷിത്വത്തെക്കുറിച്ചും കൂടുതലായി എഴുതുന്നുണ്ട്.

# തോമയുടെ ഇന്ത്യൻ ദൗത്യം ചോദ്യം ചെയ്യപ്പെടുമ്പോൾ

## പണ്ഡിതരും  ചരിത്രകാരന്മാരും സഭാ പിതാക്കന്മാരും നൂറ്റാണ്ടുകളായി പറഞ്ഞിട്ടുള്ളതെന്ത്?



ഷെവ. പ്രൊഫ.
ജോർജ്ജ് മേനാച്ചേരി



St Thomas at Kodungallur

## ആമുഖം


അപ്പസ്തോലനായ തോമാശ്ലീഹായുടെ ഭാരതപ്രവേശനം ചോദ്യം ചെയ്യപ്പെടുമ്പോൾ ചരിത്രകാരന്മാരും പണ്ഡിതരും സഭാ പിതാക്കന്മാരും നൂറ്റാണ്ടുകളായി നമുക്ക് പറഞ്ഞു തന്ന തെളിവുകളും സാക്ഷ്യങ്ങളും കൂടത്തായിക്കടുത്ത കോടഞ്ചേരി ഫൊറോനയുടെയും നസ്രാണി ഫൗണ്ടേഷന്റെയും ആഭിമുഖ്യത്തിൽ നടന്ന ചരിത്ര സെമിനാറിൽ ഒരു പവർ പോയിന്റ് പ്രസന്റേഷനായി അവതരിപ്പിച്ചു. തുടർന്ന് പാലാ യിലും വിദേശ സദസ്സുകളിൽ പോലും വലിയ സ്വീകാര്യതയാണ് ഈ സ്ലൈഡുകൾക്കും വിശദീക രണങ്ങൾക്കും ലഭിച്ചത്. അവ അതേ രീതിയിൽ തന്നെ പ്രിന്റ് മീഡിയിലൂടെ പുനരാവിഷ്കരിക്കാൻ ശ്രമിക്കുക യാണിവിടെ.



MS 189
Dictionary. Egypt, 1st c. BC

ഒന്നാം നൂറ്റാണ്ടിന്റെ അന്ത്യത്തിലെ 'കരിത്തിയൻ' ഗ്രീക്ക് നാടകത്തിൽ (ഓക്സിരെൻഖിസ് പാപ്പിറസ് 413) നസ്രാണി കുർബാനയിൽ പരിശുദ്ധ ത്രിത്വത്തിനു പുറമെ മേരിയേയും മേരിയുടെ അരപ്പട്ടം ലഭിച്ച തോമയേയും മാത്രമാണ് അനുസ്മരിക്കുന്നത്. മറ്റ് അപ്പസ്തോലന്മാരില്ല.



തോമാ ഇന്ത്യയിൽ വന്നു എന്നത് നിഷേധിക്കുന്നവരുടെ മുൻനിരയിൽ പ്രായേണ കണ്ടുവരുന്നത് അൽപജ്ഞാന രേയും അസൂയാലുക്കളെയും, അൽപന്മാരെയുമാണ്......

ഉദാ: താന്താങ്ങളുടെ നാടുകളിൽ യേശുവിന്റെ സുവിശേഷ മെത്തും മുൻപ് ''അപരിഷ്കൃത'', ''അന്ധവിശ്വാസി കളുടെ ഈറ്റില്ലമായ'', കറുത്തവരുടെ രാജ്യത്ത് വേദമെത്തി യെന്ന് സമ്മതിക്കാൻ വിമ്മിഷ്ടപ്പെടുന്നവരാണ് ഇവരിൽ കുറെ പേർ.

സുവിശേഷ പ്രഭാഷകർ ആദ്യമായി ഇംഗ്ലണ്ടിലെത്തുന്നത് എ.ഡി./സി.ഇ. 558-നു ശേഷവും, ജർമ്മനിയിൽ സുമാർ 496-ലും, ഫ്രാൻസിൽ 496-ലും, ഡെന്മാർക്കിൽ 960-ലും, പോളണ്ടിൽ 966-ലും, റഷ്യയിൽ 989-ലും, ഹംഗറിയിൽ 1000-ലും, നോർവേയിൽ 995-ലും, സ്വീഡനിൽ 1008-ലും, ഒക്കെയാണെന്നോർക്കുക. അമേരിക്കയുടെ കാര്യം പിന്നെ പറയേണ്ടതില്ലല്ലോ. ഇവിടെ നിന്നൊക്കെ ഇന്ത്യയിലെത്തിയ പല മിഷണറിമാർക്കും പണ്ഡിതന്മാർക്കും തങ്ങളുടെ നാട്ടിൽ സുവിശേഷം എത്തുന്നതിന് മുമ്പേ ഒരു ക്രിസ്തു ശിഷ്യൻ തന്നെ ഇന്ത്യയിലെത്തിയെന്നത് ദഹിച്ചില്ല എന്നതാണ് സത്യം.

അമ്പലവാസികളുൾപ്പെടെയുള്ള ശൂദ്ര ജാതികൾക്കും, ഈഴവാദികൾക്കും, നമ്പൂതിരിമാർക്ക് പോലും തങ്ങൾക്കു മുൻപേ ഇവിടെയുണ്ടായിരുന്നവരാണ് നസ്രാണികൾ എന്ന് സമ്മതിക്കാൻ വിഷമമാണ്. നസ്രാണികൾക്കുണ്ടായിരുന്ന പ്രൗഢികളും, പദവികളും, അവകാശങ്ങളും, ധനഃസ്ഥിതിയും അംഗീകരിക്കാൻ പലർക്കും ബുദ്ധിമുട്ടനുഭവപ്പെട്ടു.

## തോമ സുവിശേഷങ്ങളിൽ



പുതിയ നിയമത്തിൽ തോമാശ്ലീഹ പ്രത്യേക ശ്രദ്ധ പിടിച്ചു പറ്റുന്ന മൂന്ന് സന്ദർഭങ്ങളുണ്ട് – മൂന്നും യോഹന്നാന്റെ സുവിശേഷത്തിൽ

## I. യോഹ. 14–ാം അദ്ധ്യായം, ആദ്യ വാക്യങ്ങൾ

യേശു പറഞ്ഞു : ''ഞാൻ പോയി നിങ്ങൾക്ക് സ്ഥലം ഒരുക്കി കഴിയുമ്പോൾ ഞാൻ ആയിരിക്കുന്നേടത്ത് നിങ്ങളും ആയിരിക്കേണ്ടതിന് ഞാൻ വീണ്ടും വന്നു നിങ്ങളെയും കൂട്ടിക്കൊണ്ടുപോകും. ഞാൻ പോകുന്നിടത്തേക്കുള്ള വഴി നിങ്ങൾക്കറിയാം''. സത്യാമ്പേഷിയായ തോമ പറഞ്ഞു : ''നീ എവിടേക്ക് പോകുന്നുവെന്ന് ഞങ്ങൾക്കറിഞ്ഞുകൂടാ. പിന്നെ വഴി ഞങ്ങൾ എങ്ങനെ അറിയും?''. ക്ലാസിൽ മിടുക്കന്മാരായ ചില കുട്ടികളുണ്ടാകും. അധ്യാപകൻ എന്തുപറഞ്ഞാലും അതിൽ അവർക്ക് സംശയമാണ്. സംശയ നിവാരണത്തിനായി അവർ അധ്യാപകനെ ചോദ്യം ചെയ്യും. കറകളഞ്ഞ സത്യം മനസ്സിലാക്കാനുള്ള അവരുടെ വ്യഗ്രതയാണ് ആ സംശയം ചോദിക്കലിന്റെ പിന്നിലുള്ളത്. തോമയുടെ ചോദ്യങ്ങൾ പലപ്പോഴും ഗവേഷണതൽപരരായ വിദ്യാർഥികളെയാണ് ഓർമിപ്പിക്കുന്നത്.

യേശു പ്രതിവചിച്ചു: ''വഴിയും സത്യവും ജീവനും ഞാനാണ്. എന്നിലൂടെയല്ലാതെ ആരും പിതാവിന്റെ അടുക്കലേക്കു വരുന്നില്ല.'' (യോഹ. 14–6) യേശുക്രിസ്തുവിന്റെ ഏറ്റവും ശ്രദ്ധേയമായ രണ്ടു പ്രസ്താവനകൾക്ക് കളമൊരുക്കിയത് തോമയുടെ ചോദ്യമായിരുന്നു. ക്രൈസ്തവ ദൈവശാസ്ത്ര വിചിന്തനത്തിൽ ഈ മറുപടിക്ക് ഏറെ അർത്ഥങ്ങൾ കൽപ്പിക്കപ്പെട്ടിരിക്കുന്നു. വെറുതെയല്ല യോഹ. 14–6 നെ ക്യാബേജ് എന്ന് വിളിക്കുന്നത്, മറിച്ചും.

### II. യോഹ : 11,16

തോമ പറഞ്ഞു ''നമുക്കും അവനോടുകൂടെ പോയി മരിക്കാം.'' മറ്റ് അപ്പസ്തോലന്മാർക്കുള്ളതിൽ ഒരുപക്ഷേ കൂടുതൽ യേശു ഭക്തിയും, യേശുവിനോടുള്ള കൂറും, ദൃഢനിശ്ചയവും, നിർഭയമായ സ്വഭാവവും ഈ വരിയിൽ ധ്വനിക്കുന്നു.


### III. യോഹ : 20,28

''എന്റെ കർത്താവേ, എന്റെ ദൈവമേ'' ഒരു ക്രൈസ്തവനു ചെയ്യാവുന്ന ഏറ്റവും മുന്തിയ വിശ്വാസപ്രകടനമാണ് തോമയിൽ നിന്നുണ്ടാകുന്നത്. ക്രിസ്തുമതം പ്രചരിച്ചതിന് പ്രധാന കാരണമായ ക്രിസ്തുവിന്റെ ഉയർപ്പ് എക്കാലത്തേക്കും അരക്കിട്ടുറപ്പിക്കുന്നത് പ്രധാനമായും ''അവിശ്വാസിയായ'' തോമായുടെ ഈ സന്ദർഭത്തിലെ വാക്കുകളും പ്രവർത്തികളുമാണ്.

### ഡൗട്ടിംഗ് തോമസ്

പലരും തോമയെ'' ഡൗട്ടിംഗ് തോമസ് ''അഥവാ അവിശ്വാസിയായ തോമാ എന്ന് വിളിച്ചു പോരുന്നു. തോമ ക്രൈസ്തവരെ കളിയാക്കാൻ പോലും ചിലർ ആ വിശേഷണം ഉപയോഗിച്ച് കണ്ടിട്ടുണ്ട്. എന്നാൽ എനിക്ക് പലപ്പോഴും തോന്നിയിട്ടുള്ള ഒരു സംശയം പറയാം എന്റെ ഭാഗത്തുനിന്ന് തെറ്റോ ആരോടെങ്കിലും ബഹുമാനപൂർവ്വം വന്നതായി തോന്നിയെങ്കിൽ മാപ്പ്. തോമയുടെ അവിശ്വാസത്തെക്കുറിച്ച് വാചാലരാകുന്ന പലരും കാണാതെപോയ ചില വേദ പുസ്തക രംഗങ്ങളുണ്ട്. അഥവാ കണ്ടിട്ടും കണ്ടില്ലെന്നു നടിക്കുന്നവ.




സാറ ചിരിച്ചുവോ? ഉൽപ. 18: 11–12



പഴയ നിയമത്തിൽ ഉല്പത്തിയുടെ പുസ്തകത്തിൽ അബ്രഹാമിന്റെ ഭാര്യ സാറ ചിരിച്ച കാര്യം സവിസ്തരം പ്രതിപാദിച്ചിട്ടുണ്ട്. മാലാഖമാർ അബ്രാഹമിനോട് പറഞ്ഞു: ''അടുത്തകൊല്ലം ഈ സമയത്ത് നിനക്കൊരു കുട്ടി പിറക്കും'' കൂടാരത്തിന്റെ വാതിൽ പാളിയുടെ പുറകിൽ മറഞ്ഞു നിന്നിരുന്ന സാറ ഇത് കേട്ട് പൊട്ടിച്ചിരിച്ചു. അവൾ മാലാഖമാരുടെ വാക്കുകൾ വിശ്വസിച്ചില്ല. ''സ്ത്രീകളുടെ രീതിയൊക്കെ (ആർത്തവാദി) എന്നിൽ നിലച്ചു കഴിഞ്ഞു. എന്റെ ഭർത്താവാകട്ടെ പടുവൃദ്ധനായി. പിന്നെയെങ്ങനെ ഞങ്ങൾക്ക് ഒരു സന്താനമുണ്ടാകും.'' ഇതായിരുന്നു അവളുടെ ചിന്ത. മാലാഖമാർ അവളെ കുറ്റപ്പെടുത്തിക്കൊണ്ട് പറഞ്ഞു: ''സാറ ചിരിച്ചത് എന്തുകൊണ്ട് ?'' കുട്ടിയുണ്ടാകുന്ന കാര്യം അവർ ആവർത്തിച്ചു. ''സാറ ചിരിച്ചു'' എന്നവർ വീണ്ടും പറഞ്ഞു. സാറയ്ക്ക് പേടിയായി. അവൾ പറഞ്ഞു: ''ഇല്ല, ഞാൻ ചിരിച്ചില്ല'' സാറ നിഷേധിച്ചു. ''അങ്ങനെയല്ല നീ ചിരിക്കുകതന്നെ ചെയ്തു''. എന്നവർ അരുളിചെയ്തു.

### സക്കറിയയുടെ സംശയം. ലൂക്കാ 1:18



ഭക്തനും പുരോഹിതനുമായ സക്കറിയ വിശുദ്ധ സ്ഥലത്ത് കുന്തിരിക്കം പുകച്ച് ശുശ്രൂഷ ചെയ്തു കൊണ്ടിരുന്നപ്പോൾ ഗബ്രിയേൽ മാലാഖ വന്നു പറഞ്ഞു: ''നിങ്ങൾക്കൊരു പുത്രനുണ്ടാകും. അവന് യോഹന്നാൻ എന്ന് പേരിടണം ''സക്കറിയ പറഞ്ഞു. ഇതിനൊക്കെ എന്താണ് തെളിവ്? ഞാൻ വൃദ്ധനാണ്. എന്റെ ഭാര്യ എലിസബത്ത് പ്രായം കവിഞ്ഞവളുമാണ്.'' കുട്ടി ജനിക്കുന്നതുവരെ നീ മൂകനായിരിക്കും എന്ന് ഒരു ശിക്ഷ കൊടുത്തുകൊണ്ട് ഗബ്രിയേൽ മാലാഖ അപ്രത്യക്ഷനായി.

### മാലാഖയെ അവിശ്വസിച്ച മറ്റൊരാൾ. (ലൂക്കാ 1, 5)


ഗബ്രിയേൽ പറഞ്ഞത് ഉൾക്കൊള്ളാനാകാതെ മറിയം ചോദിച്ചു,' ഞാൻ പുരുഷനെ അറിയുന്നില്ല, പിന്നെയെങ്ങനെ ഞാൻ ഗർഭിണിയാകും.?' മാലാഖയെ അവിശ്വസിച്ച മൂന്നാമത്തെ ആൾ പരിശുദ്ധ മറിയമായിരുന്നു. എന്നാൽ ഇവരെയൊന്നും ആരും പരിഹസിച്ച് കണ്ടിട്ടില്ല. തോമ മാത്രം ''ഡൗട്ടിങ് തോമസ്'' എന്നറിയപ്പെട്ടതെന്താണെന്നറിയില്ല. **ഈ മൂന്ന് പേരും അവിശ്വസിച്ചത് മാലാഖയുടെ വാക്കുകളാണ്. എന്നാൽ തോമ അവിശ്വസിച്ചത് മഗ്ദലന യുടെയും പത്രോസിന്റെയും വാക്കുകൾ മാത്രമാണ്.**



മഗ്ദലനമറിയത്തിന് അടുത്ത കാലം വരെ അത്ര സൽപേരൊന്നുമല്ലല്ലോ ഉണ്ടായിരുന്നത്. ഒറ്റ രാത്രിയിൽ മൂന്നു പ്രാവശ്യം കർത്താവിനെ തള്ളിപ്പറഞ്ഞ ആളാണ് പത്രോസ്. അവരെ അവിശ്വസിച്ചതിന്റെ പേരിലാണ് തോമയെ ''ഡൗട്ടിംഗ് തോമസ്'' എന്നു മുദ്രകുത്തിയത്. അങ്ങനെ മുദ്രകുത്താനുള്ള അവകാശം അവർക്കുണ്ടല്ലോ, ആയിക്കോട്ടെ.

### തോമാ ഭക്തി വിവിധ രാജ്യങ്ങളിൽ.







കാരവാജിയോയുടെ ''അവിശ്വാസം'' എന്ന ചിത്രം സുപ്രസിദ്ധമാണ്. അതുപോലെ പ്രസിദ്ധമാണ് വെറോച്ചിയോ ഡോണാട്ടെല്ലോമാരുടെ അവിശ്വാസവും. ഒരുപക്ഷേ അടുത്ത കാലം വരെ ഏറ്റവും കൂടുതൽ കലാസൃഷ്ടികൾ യൂറോപ്പിലുണ്ടായിരുന്നത് തോമായുടെ ചെയ്തികളെ കുറിച്ചായിരുന്നു



ഫ്രാൻസിലും മറ്റും കാണപ്പെടുന്ന തോമയുടെ നിരവധി സ്റ്റെയ്ൻഡ് ഗ്ലാസ് ചിത്രങ്ങളിൽ ചിലത്.

12 മുതൽ 14 വരെ നൂറ്റാണ്ടുകളിൽ നൂറുകണക്കിന് യൂറോപ്യൻ ജനലുകളിൽ തോമയുടെ ഇന്ത്യയിലേക്കുള്ള യാത്രയും ഇന്ത്യയിലെ അനുഭവങ്ങളും ചിത്രീകരിച്ചിട്ടുണ്ട്. ഇംഗ്ലണ്ട്, ഫ്രാൻസ്, ഇറ്റലി തുടങ്ങിയ രാജ്യങ്ങളിലെ തോമാച്ചിത്രങ്ങൾ നേരിട്ട് നിരീക്ഷിക്കാൻ ഇടയായിട്ടുണ്ട്. ഫ്രാൻസിലെ ചാർട്രോ, ഡെമൂർ, ടൂർസ് കത്തീഡ്രലുകളിലെ ചിത്രങ്ങൾ പ്രത്യേകം പ്രസ്താവ്യമാണ്. ഇവിടെ ശ്ലീഹായെ രാജഭൃത്യൻ കവിളത്തടിക്കുന്നതും, തോമ പായ്ക്കപ്പലിൽ ഇന്ത്യയിലേക്ക് പുറപ്പെടുന്നതുമായ ചിത്രങ്ങളാണ്.



തോമയുടെ മനോഹരമായ മറ്റൊരു സ്റ്റെയ്ൻഡ് ഗ്ലാസ് ചിത്രം

മുസ്സിരീസ് പാപ്പിറസ് എന്ന രേഖ റോമൻ ഈജിപ്തും ഇന്ത്യയും തമ്മിൽ രണ്ടാം നൂറ്റാണ്ടിൽ നടന്നിരുന്ന വ്യാപാരത്തെപ്പറ്റി വെളിച്ചം നൽകുന്ന ഒരു രേഖയാണ്. ആസ്ത്രിയയിലെ (വിയന്ന) രേഖാ ശേഖരം 1985- ൽ വാങ്ങി സൂക്ഷിച്ചിരിയ്ക്കുന്നു.

Playing Sudolcu on the Verso of the 'Muziris Papyrus'

**Weights and Money Units in P. Vindob. G 40,822 verso**

**Weights**

| | | |
|---|---|---|
| Quarter-tax official weight talent (= 95 Roman lbs) = 30.666 kg | Mina (1/60 of a talent) = .5111 kg | Roman Pound 322.8 g (Duncan-Jones 1994: 213-215) |
| Ivory recalculation weight talent (= 97.5 Roman lbs) = 31.473 kg | Mina (1/60 of a talent) = .52455 kg | |
| Pepper recalculation weight talent (= 97.66 Roman lbs) 31.524 kg | Mina (1/60 of a talent) = .52541 kg | Roman ounce (1/12 of pound) 26.916 g |

അലക്സാൻഡ്രിയയിലെ ഒരു ഫിനാൻസിയറും (പണം മുടക്കുകാരൻ) ഒരു മുസ്സിരീസ് കച്ചവടക്കാരനും തമ്മിലുള്ള കരാറിന്റെ രണ്ടു പുറങ്ങളാണിതിലുള്ളത്. സുഗന്ധദ്രവ്യങ്ങളും, പവിഴവും, ആനക്കൊമ്പും മറ്റും കപ്പൽ വഴി കൊണ്ടുവരുന്ന കച്ചവടക്കാരന് ചരക്കുകൾ വാങ്ങാനും സമുദ്ര യാത്രയ്ക്കും മരുഭൂമിയിലൂടെ ഒട്ടകപ്പുറത്ത് ചരക്ക് ചെങ്കടൽ വഴി അലക്സാൻഡ്രിയയിൽ എത്തിക്കാനുമുള്ള ചിലവിലേക്കായിട്ടാണ് പണം കടം കൊടുക്കുന്നത്.


**Money**

| | | |
|---|---|---|
| Money Talent<br>=<br>1,500 Egyptian tetradrachms 6,000 Egyptian drachmas Notionally equivalent to: 60 Roman golden aurei 1,500 silver denarii 6,000 bronze sestertii | Drachma<br>=<br>of Egyptian tetradrachm Notionally equivalent to: 1/100 of Roman golden aureus 1/4 of Roman silver denarius 1 bronze sestertius | Obol<br>=<br>1/6 of Egyptian drachma |

ഈ രേഖപ്രകാരം രണ്ടാമത് പറയുന്ന ചരക്ക് 50 ടണ്ണും, മൂന്നാമത് പറയുന്ന (കുരുമുളക്) 140 ടണ്ണും, നാർഡ് (ജഡാമഞ്ചി) 80 ടണ്ണും ആനകൊമ്പുകളും (3 1/2 ടൺ), അരടൺ ആനക്കൊമ്പ് ചെത്തിയ തുണ്ടുകളുമാണ് കപ്പലിൽ കയറ്റി

യിരുന്നത്. സ്ത്രാബോ പറയുന്നത് ഒന്നാം നൂറ്റാണ്ടിൽ പ്രതിവർഷം 120 വലിയ കപ്പലുകൾ ഇന്ത്യയുമായി കച്ചവടം ചെയ്തിരുന്നു എന്നാണ്. ഈ കപ്പലുകളിൽ 250 ടൺ ചരക്ക് കയറ്റാമെന്ന് കാണാം. പ്ലിനിയുടെ അഭിപ്രായത്തിൽ കൊല്ലം തോറും റോം 50 ദശലക്ഷം സ്വർണ്ണ നാണയങ്ങൾക്കുള്ള സാധനങ്ങൾ ഇന്ത്യയിൽ നിന്നും വാങ്ങിയിരുന്നു.

ഈ ഒരു കപ്പലിലുള്ള ചരക്കുകൾക്ക് മാത്രം മധ്യ ഇറ്റലിയിൽ വലിയൊരു എസ്റ്റേറ്റ് വാങ്ങാനുള്ള വിലയുണ്ടായിരുന്നു. അത്തരം 120 കപ്പലുകളാണ് പ്രതിവർഷം ഇന്ത്യയിൽ നിന്ന് ഈജിപ്ഷ്യൻ തുറമുഖങ്ങളിലേക്ക് ചരക്കുകൾ കയറ്റി പോയത്. അഞ്ചരക്കോടി സ്വർണ്ണനാണയങ്ങളിൽ വലിയൊരു പങ്കും ചെന്ന് ചേർന്നത് പാലയൂർ, കൊടുങ്ങല്ലൂർ, പറവൂർ പ്രദേശത്തെ കച്ചവടക്കാരിലേക്ക് ആയിരുന്നു. നസ്രാണികളുടെ സമ്പത്ത് വർദ്ധിക്കുന്നതിന് ഒരു പ്രധാന കാരണം ഈ അന്തർദേശീയ വ്യാപാരമായിരുന്നു എന്ന് കരുതാം.






ആസ്ത്രിയയുടെ ദേശീയ ലൈബ്രറിയിലുള്ള (വിയന്ന) മുസ്സിരീസ് പാപ്പിറസ്സിന്റെ ഒരു ഭാഗം.

ഒന്നാം നൂറ്റാണ്ടിൽ ഈജിപ്തിൽ നിന്നോ ഇസ്രായേലിൽ നിന്നോ ഇന്ത്യയിലേക്ക് വരാൻ കഴിയുമായിരുന്നില്ലെന്ന വാദം എന്നേ പൊളിഞ്ഞു. ഇന്ത്യയിലെ ഏതു ഭാഗത്തു നിന്നും കേരളത്തിൽ വരുന്നതിലും ഏറെ എളുപ്പം ഈജിപ്തിൽ നിന്ന് ഇവിടെയെത്താനായിരുന്നു. മൺസൂൺ കാറ്റ് തുടങ്ങുമ്പോൾ ചെങ്കടൽ മുഖത്ത് കപ്പൽ കയറി പായ നിവർത്തുകയെ വേണ്ടു.



എ. ഡി 79– ൽ തോമാശ്ലീഹയുടെ മരണം കഴിഞ്ഞ് ഏഴുവർഷം കഴിഞ്ഞപ്പോൾ ഇറ്റലിയിലെ വെസൂവിയസ് അഗ്നി പർവ്വതം പൊട്ടിത്തെറിച്ചു. ആകാശത്തു പുകപടലം കണ്ടതിന്റെ കാരണമന്വേഷിച്ച് അങ്ങോട്ട് പോയ ചരിത്രകാരനും ശാസ്ത്ര ഗവേഷകനുമായിരുന്ന *പ്ലിനി ദ എൽഡർ* (മൂത്ത പ്ലിനി) അഗ്നി പർവ്വതം വമിച്ച പുകയും മറ്റും ശ്വസിച്ചു മരിച്ചു വീണു. ആ മൂത്ത പ്ലിനി എഴുതിയ *''നാച്ചുറൽ ഹിസ്റ്ററി''* എന്ന സർവ്വ വിജ്ഞാനകോശ ഗ്രന്ഥത്തിൽ മുസ്സരീസിനെകുറിച്ച് കൃത്യമായി എഴുതിയിട്ടുണ്ട്. മൺസൂൺ കാറ്റടിക്കുമ്പോൾ ചെങ്കടലിൽ നിന്ന് പുറപ്പെടുന്ന കപ്പലുകൾക്ക് കാറ്റിനെ മാത്രം ആശ്രയിച്ച് വെറും 40 ദിവസം കൊണ്ട് കേരളത്തിലെത്താം.

കേരളത്തിൽ നിന്ന് അടുത്ത നൂറ്റാണ്ടുകളിൽ ലഭിച്ച ആയിരക്കണക്കിന് റോമൻ സ്വർണ്ണ (ഓറിയെ), രജത (ഡെനാറി) നാണയങ്ങളിൽ ഗർഭിണിയായ മേരിയെ ബെത്ലഹേമിലെത്തിച്ച, സെൻസസെടുത്ത അഗസ്റ്റസ് സീസർ തൊട്ട് ക്രിസ്ത്യാനികളെ സിംഹങ്ങൾക്കിട്ടു കൊടുത്ത നീറോ ചക്രവർത്തി വരെയുള്ളവരുടെ നാണയങ്ങളുണ്ട്.




കേരളത്തിൽ ധാരാളമായി ലഭിച്ച അഗസ്റ്റസ് ചക്രവർത്തി മുതൽ നീറോ വരെയുള്ളവരുടെ സ്വർണ്ണ രജത നാണയങ്ങൾ ബി.സി. 27 മുതൽ എ.ഡി 68 വരെയുള്ളവയാണ്. കേരളത്തിൽ നിന്ന് കണ്ടെടുക്കപ്പെട്ട ഈ നാണയങ്ങളുടെ ധാരാളം ഉദാഹരണങ്ങൾ നെടുമങ്ങാട് മ്യൂസിയത്തിൽ കാണാം. B. C. 22 - A. D. 68. ഗുപ്തയുടെയും സത്യമൂർത്തിയുടെയും പുസ്തകങ്ങളിൽ ഇക്കാര്യങ്ങൾ വിശദമായി കൊടുത്തിട്ടുണ്ട്.






*നെടുമങ്ങാട് മ്യൂസിയത്തിലെ റോമൻ നാണയങ്ങൾ*

ഇന്ത്യൻ കച്ചവടം റോമിന്റെ സാമ്പത്തിക നില ഒന്നാം നൂറ്റാണ്ടുകളിൽ അപകടത്തിലാക്കി. പെരിപ്ളസുകാരനും, പ്ളീനിയും,സംഘകവികളായ പറനാറും, തായങ്കണ്ടനാറും ഒക്കെ ഇക്കാര്യം അടിവരയിട്ട് പറയുന്നുണ്ട്.



പുരാതന ഈജിപ്തിൽ നിന്ന് എത്തിയിരുന്ന നൂറു കണക്കിന് ടൺ വരെ കൊണ്ടുപോകാവുന്ന വലിയ പായ്ക്കപ്പൽ.



മറ്റൊരു വലിയ പായ്ക്കപ്പൽ



പ്ലിനിയുടെ മരണത്തിന് 79 എ. ഡി യിൽ കാരണമായ വെസൂവിയസ് പൊട്ടിത്തെറിയുടെ ഭാഗമായി അപായ മരണമടഞ്ഞവർ മരിക്കുമ്പോഴത്തെ 'പോസിൽ' അഗ്നിപർവ്വതചാരത്തിൽ പൊതിഞ്ഞ പോലെ പോംപെയിൽ നിന്നുള്ള ദൃശ്യം. നശിക്കാതിരുന്ന ചുരുക്കം എടുപ്പുകളിലെ ചുമർ ചിത്രങ്ങൾ ഇന്നും കാണാം. മിക്കതും ലൈംഗിക ചുവയുള്ളവയാണ്. റോമിന്റെ ശാരീരിക സുഖം തേടിയുള്ള ജീവിതശൈലി ഈ ചിത്രങ്ങളിലും പ്രതിഫലിക്കുന്നു.




ഈജിപ്തിലെ ചെങ്കടൽ മുഖവും ഇസ്രായേലിന്റെ അക്വബഗൾഫും സന്ധിക്കുന്നേടത്തു നിന്ന് മൺസൂൺ കാറ്റ് തുടങ്ങുമ്പോൾ പുറപ്പെടുന്ന കപ്പലുകൾ നേരിട്ട് മുസ്സിരീസിൽ എത്തിയിരുന്നു. അന്ന് സൂയസ് കനാൽ ഉണ്ടായിരുന്നില്ല.



യമന്റെയും സോമാലിയയുടെയും ഇടയിൽ നിന്ന് പുറപ്പെടുന്ന അറബിക്കടൽ കപ്പലുകൾ നേരിട്ട് മുസ്സിരീസ്സിൽ 40 ദിവസം കൊണ്ട് എത്തിയിരുന്നു




**(ഇറ്റലി-ഗ്രീസ്-അലക്സാഡ്രിയ- ചെങ്കടൽ-കേരളം)**


ഇറ്റലിയിൽ നിന്നും (പ്രധാനമായും റോമിൽ നിന്നും) ഗ്രീസിൽ നിന്നുമുള്ള കപ്പലുകൾ അലക്സാൻഡ്രിയയിലെത്തുന്നു. തുടർന്ന് ഒട്ടകപ്പുറത്ത് 'കാർ ഗോയാ'യും പട്ടാളക്കാരും ചെങ്കടൽ തുറമുഖങ്ങളിൽ എത്തുന്നു. ചെങ്കടലിന്റെ വായിൽ നിന്നും നേരെ കൊടുങ്ങല്ലൂരെത്തുന്നു. ഒട്ടകപ്പുറത്ത് പോകേണ്ടിവരുന്നത് അന്ന് സൂയസ്കനാൽ ഇല്ലാതിരുന്നതുകൊണ്ടാണ്.





### മുസ്സിരീസ് പ്യൂറ്റിംഗർ ടേബിൾസ്


ബി. സി. ഒന്നാം നൂറ്റാണ്ടിൽ അഗ്രിപ്പ വരച്ച ഭൂപടം സഹോദരി മാർബിളിൽ കൊത്തിവെച്ചു. അതിന്റെ ഒരു ലഭ്യമായ കോപ്പിയാണ് പ്യൂട്ടിംഗർ ടേബിൾസ്. ആ ഭൂപടത്തിൽ മുസ്സിരീസ് (കറുത്ത ഓവൽ) വ്യക്തമായി കാണിച്ചിട്ടുണ്ട് മുസ്സിരീസിലെ അഗസ്റ്റസ് ക്ഷേത്രവും കാണാം.





മുസ്സിരീസ് തുറമുഖം ലോകപ്രശസ്തമായിരുന്ന അതേകാലത്ത് വിഖ്യാതമായിരുന്ന *ഓസ്റ്റിയ ആന്റിക്ക* തുറമുഖപ്രദേശം സന്ദർശിച്ചത് മുസ്സിരീസിന്റെ പ്രത്യേകതകൾ പഠിക്കാനാണ്. ഉൾഖനനത്തിലൂടെ പുറത്തുവന്ന ആ തുറമുഖത്തിന്റെ കിലോമീറ്ററുകൾ നീളുന്ന പ്രദേശത്ത് നിരവധി ആംഫി തിയ്യറ്ററുകളും, അഗസ്റ്റസ് തുടങ്ങിയ ചക്രവർത്തി ദൈവങ്ങൾക്കുള്ള ക്ഷേത്രങ്ങളും കാണാനിടയായി. കൊടുങ്ങല്ലൂരിലെ അഗസ്റ്റസ് ക്ഷേത്രം ഓർമ്മയിൽ വരുന്നു. അവിടെയുണ്ടായിരുന്ന രണ്ടായിരം കൊല്ലം പഴക്കമുള്ള തലപോയ മാർബിൾ ശരീരത്തിന് തൽക്കാലം ഒരു തല നൽകാൻ ഇടയായി. കേംബ്രിഡ്ജ് യൂണിവേഴ്സിറ്റിയിലെ പി. ജി വിദ്യാർത്ഥികൾ ആംഫി തിയേറ്ററിൽ അവതരിപ്പിച്ച 'ഹാംലറ്റ്' നാടകത്തിൽ ഒരു പ്രേതത്തിന്റെ പോരായ്മ വന്നപ്പോൾ അത് നികത്തി കൊടുക്കാനും കഴിഞ്ഞു.




## തോമായുടെ നടപടികൾ

തോമയുടെ ഇന്ത്യൻ യാത്ര ആദ്യമായി വിശദമായി രേഖപ്പെടുത്തുന്നത് ' തോമയുടെ നടപടികൾ'' എന്ന 2-ാം നൂറ്റാണ്ടിലെ സുറിയാനി / ഗ്രീക്ക് ഗ്രന്ഥമാണ്. അവിടുന്നിങ്ങോട്ട് എല്ലാം നൂറ്റാണ്ടുകളിലും, എല്ലാ സഭകളിലും, എല്ലാ ഭാഷകളിലും തോമയുടെ ഇന്ത്യൻ ദൗത്യത്തിന് സാക്ഷ്യങ്ങളുണ്ട്. ഇതൊന്നും വായിക്കാത്തവരും വായിക്കാനറിയാത്തവരുമാണ് തോമ ഇന്ത്യയിൽ വന്നിരുന്നില്ലെന്ന് പറയുന്നത്. പോർച്ചുഗീസുകാരുടെ വരവിനു ശേഷം പ്രചാരത്തിലായ ഒരു ഐതിഹ്യമാണെന്ന് എല്ലാ സോഷ്യൽ മീഡിയയിലും പ്രഖ്യാപിച്ചുകൊണ്ടിരിക്കുന്നത്. അവരുടെ കൂട്ടത്തിൽ ചില പ്രസിദ്ധ ചരിത്രകാരന്മാരും ഉൾപ്പെട്ടിരിക്കുന്നതിന്റെ കാരണം മുൻപ് പറഞ്ഞുവല്ലോ.

**അലക്സാൻഡ്രിയയിലെ വി. ക്ലമന്റ്** (മരണം സു.235)

വി. ക്ലമന്റ്, തോമ പാർത്തിയായിൽ പോയെന്നുപറഞ്ഞു. അലക്സാൻഡ്രിയിൽനിന്നുള്ളവർ പാർത്തിയ എന്നും എദേസ്സയിൽ നിന്നുള്ളവർ ഇന്ത്യ എന്നും പറഞ്ഞിരുന്നു. നിക്ക്യാ 325 ADക്കു ശേഷം പൊതുവെ എല്ലാവരും ഇന്ത്യ എന്നു തന്നെയാണ് പറയുന്നത്.




ഇന്ത്യയിലെ ക്രിസ്ത്യാനികൾ ഹീബ്രു അക്ഷരങ്ങളിൽ എഴുതിയ മത്തായിയുടെ സുവിശേഷം ഉപയോഗിക്കുന്നു എന്ന് പന്തേനൂസ് രണ്ടാം നൂറ്റാണ്ടിൽ എഴുതിയിട്ടുണ്ട്.

അപ്പസ്തോലന്മാരുടെ സിദ്ധാന്തം-ആദ്യകാല വേദോപദേശം. The Doctrine of the Apostles.'ജൂഡാസ് തോമസ് ഇന്ത്യയിൽ നിന്നെഴുതിയതും അവർ നടപ്പാക്കി.'

**മൂന്നാം നൂറ്റാണ്ടിലെ സിറിയൻ സ്രോതസ്സുകൾ.**

"India and all its own countries, and those bordering on it, even to the farther sea, received the Apostle's hand of Priesthood from Judas Thomas, who was Guide and Ruler in the Church which he built and ministered there".

തോമയുടെ ഇന്ത്യൻ ദൗത്യത്തെക്കുറിച്ചു ഇതിലും വ്യക്തമായി എങ്ങനെ പറയാമെന്നറിയില്ല. ഉറക്കം നടിക്കുന്നവരെ ഉണർത്താനാകില്ല.



ഒറിജൻ:''തോമക്ക് പാർഥിയായാണ് ലഭിച്ചത്'' 'അരിയ ക്കെയിൽ സുവിശേഷം പ്രഘോഷിക്കപ്പെട്ടിട്ടില്ല''.185254?

**യുസേബിയൂസിന്റെ സഭാചരിത്രം (**Died 340)

അലക്സാൻഡ്രിയൻ സ്കൂളിലെ ഒറിജിൻ പറഞ്ഞ പോലെ പാർഥിയായിൽ  പോയെന്നു പറഞ്ഞിരിക്കുന്നു



**വിശുദ്ധ അഫ്രേം. എദേസ്സ (നാലാം നൂറ്റാണ്ടു)**



ചെകുത്താൻ: 'ഇന്ത്യയിൽ ഞാൻ കൊന്ന ശ്ലീഹ'' വ്യാപാരി അങ്ങേ എല്ലുകൾ കൊണ്ടു വന്നു'


'വ്യാപാരി ഇന്ത്യയിൽ കണ്ട സമ്പത്തു മുഴുവനും അങ്ങയുടെ എല്ലുകളുടെ മുന്നിൽ വെറും അഴുക്കായി അയാൾ എണ്ണി'

'ഹോമങ്ങളുടെ പുകകൊണ്ടു ഇരുണ്ട ഭൂമി തോമ വെളിച്ചം കൊണ്ടു നിറച്ചു'

'ഒരു കറുമ്പന്മാരുടെ  നാടാണ് അങ്ങേക്ക് ലഭിച്ചത്'

'ഇന്ത്യയുടെ കറുത്ത രാത്രി തോമ പ്രകാശമാനമാക്കി


(എഫ്രേമിന്റെ കവിതയിൽ നിന്ന്)




എഫ്രേമിന്റെ ഗീതകങ്ങളിൽ തോമ തമിഴകത്തുവന്ന തിന്റെ  വ്യക്തമായ തെളിവുകളുണ്ട്.

**നാലാം നൂറ്റാണ്ടിലെ സിറിയൻ സഭ**

കോൺസ്റ്റാന്റിനോപ്പിൾ ബിഷപ്പായിരുന്ന ഗ്രീക്ക് സഭയി ലെ വലിയ ദൈവ ശാസ്ത്രജ്ഞനായിരുന്ന **ഗ്രിഗറി നസീയാൻസസ്സ്** (നാലാം നുറ്റാണ്ട് -അലക്സാൻഡ്രിയൻ -ഗ്രീക്ക് സഭ): വേദമറിയിക്കാൻ പോയ ഇടങ്ങളിലൊക്കെ ശ്ലീഹന്മാർ അപരിചിതരല്ലായിരുന്നോ? പൗലോസിന് പുറംജാതിക്കാരുമായി എന്താണ് പൊതുവായുണ്ടായിരുന്നത്? യോഹന്നാന് എഫേസൂസുമായോ? തോമസിന് ഇന്ത്യയുമായോ? മാർക്കോസിന് ഇറ്റലിയുമായോ?




മിലാനിലെ അംബ്രോസ് -പാശ്ചാത്യസഭ.
മരണം 397/395.


''കഠിന പർവ്വതങ്ങൾക്കപ്പുറമുള്ള രാജ്യങ്ങളിലും ശ്ലീഹന്മാർ പോയി- ഇന്ത്യയിലേക്ക് തോമസെന്നപോലെ''

കൊല്ലവർഷാരംഭമായ എ. ഡി. 825 -നു മുമ്പുള്ള ചില സാക്ഷ്യങ്ങൾ മാത്രമേ സൂചിപ്പിക്കുന്നുള്ളൂ. നാലഞ്ചെണ്ണം കൂടി മാത്രം.

**വി.ജെറോം** 342 - 420 :


''ക്രിസ്തു എല്ലായിടത്തും വസിച്ചു - ഇന്ത്യയിൽ തോമസിന്റെ കൂടെയും റോമിൽ പീറ്ററിന്റെ കൂടെയും...''.

'ഇന്ത്യയിലെ ബ്രാഹ്മണരോടും തത്വജ്ഞാനികളോടും സുവിശേഷം അറിയിക്കാൻ പന്തേനൂസ് പോയി '-**വി. ജെറോം.** ബ്രഹ്മണർ ഇന്ത്യയിലല്ലാതെ എവിടെയാണുള്ളത്.



**ടൂറിലെ വി. ഗ്രിഗറി** (മരണം 591)






[illegible] there one year. In the same year king Alfred fought a battle by sea against the Pagan fleet, of which he took two ships, having slain all who were on board; and the commanders of two other ships with their crews, exhausted by fighting and wounds, laid down their arms, and, on bended knees, with humble supplications, surrendered themselves to the king.

[A.D. 883.] The aforesaid army dragged their ships up the river called Scaldad (Scheld) against the stream, to a convent of nuns called Cundath (Condé) and there remained a whole year. Asser, bishop of Sherborne, died, and was succeeded by Swithelm, who carried king Alfred's alms to St. Thomas in India, and returned thence in safety.

[A.D. 884.] Marinus was the hundred and seventh pope. For the love he bore Alfred, king of the Anglo-Saxons, and at his earnest request, he graciously freed the school of the Saxons living at Rome from all toll and taxes. He also [illegible] many gifts with the king; among these he sent him [illegible] no small portion of the most holy cross, on which our Lord Jesus Christ hung for the salvation of men. The

called Cundath (Conde) and there remained a whole year. Asser bishop of Sherborne, died, and was succeeded (as bishop) by Swethelm, who carried King Alfred's Alms to St. Thomas in India and returned thence in safety. [Also about the martial success of King Alfred and of the Pope's gift of a piece of the True Cross.]- Copy in the Menachery Collection 1975.

ആൽഫ്രഡ് രാജാവ് ലണ്ടനിൽനിന്ന് റോമിലേക്കും ഇന്ത്യയിൽ തോമാക്കും നേർച്ച കാഴ്ചകൾ കൊടുത്തയച്ചു.



Rome, where he got Pope Marinus to grant certain privileges to the English School at Rome; the Pope also sent him what was thought to be a piece of the wood of the True Cross, that on which our Lord Jesus Christ died. He also sent an embassy to Jerusalem, and had letters from Abel the Patriarch there. And what seems stranger than all, he sent an embassy all the way to India, with alms for the Christians there, called the Christians of Saint Thomas and Saint Bartholomew.

Lastly, there seems some reason to think that the Chronicle began to be put together in its present shape in Alfred's time, and that it was regularly gone on with afterwards, so that from the time of Alfred onwards we have a history which was regularly written down as things happened.

All these things happened mainly in the middle years of the reign of Alfred, when there was so much less fighting than there was before and after, and when some years seem to have been quite peaceable. Guthorm-Æthelstan and his Danes in [illegible]



Swithelm brings back Pearls and Spices for King Alfred from India

On one occasion to the Indian Christians at Meliapur (Mylapore) also (Alfred sent gifts). Swithelm, the bearer of the royal alms, brought back to the king several oriental pearls, and aromatic liquors. History of England, 1854.- Xerox in the Menachery Collection 1975.

തിരിച്ചുവന്നപ്പോൾ ഇന്ത്യൻ പവിഴങ്ങളും സുഗന്ധ തൈലങ്ങളും മറ്റും കൊണ്ടുവന്നു.



**മാർക്കോ പോളോയുടെ സാക്ഷ്യം 293-ൽ**



മാർക്കോ പോളോയുടെ സഞ്ചാര രേഖകളിൽ മൈലാപ്പൂർ സന്ദർശിക്കുകയും അവിടെയുള്ള തോമയുടെ ശവകുടീരത്തെപ്പറ്റിയും, കല്ലറയിലെ മണ്ണ് കലക്കിക്കുടിച്ചു ആളുകൾ സുഖം പ്രാപിക്കുന്നതിനെക്കുറിച്ചും ഒക്കെ യാത്രാ വിവരണത്തിൽ സവിസ്തരം രേഖപ്പെടുത്തിയിട്ടുണ്ട്. വിശുദ്ധൻ പ്രവർത്തിച്ച ഒരത്ഭുതവും വിവരിക്കുന്നുണ്ട്.

'തോമാശ്ലീഹാ ഇന്ത്യയിൽ പീഡകൾ സഹിച്ചു. കുറേക്കഴിഞ്ഞു ശരീരം എദേസ്സയിൽ കൊണ്ടുവന്നു സംസ്കരിച്ചു.'

In that part of India where they first rested, stand a monastery and a church of striking dimensions, elaborately adorned and designed. This Theodore, who had been to the place, narrated to us.

**വ്യക്തമായ തെളിവ്**

**St. Isidore of Seville in Spain** (d.c. 630)

"This Thomas preached the Gospel of Christ to the Parthians, the Medes, the Persians, the Hyrcanians and the Bactrians, and to the Indians of the Oriental region and penetrating the innermost regions and sealing his preaching by his passion he died transfixed with a lance at Calamina...a city of India, and there was buried with honour".

**St. Bede the Venerable** (c. 673-735) "Peter receives Rome, Andrew Achaia; James Spain; Thomas India; John Asia...."

In addition to these there are many breviaries, martyrologies, other liturgical books and calendars of the Syrian, Alexandrian/ Greek, Latin and other Churches belonging to a period before the commencement of the Quilon era, which bears ample testimony to Thomas' Indian Apostolate.

കൊല്ലവർഷാരംഭത്തിനുമുമ്പുള്ള ഈ തെളിവുകൾ പോരാത്തവർക്കുവേണ്ടി അതിനുശേഷമുള്ള രണ്ടു പ്രസിദ്ധ സാക്ഷ്യങ്ങൾ കൂടി പരിശോധിക്കാം. ഗാമ യുടെ വരവിന് മുൻമ്പുള്ളവ.

**KING ALFRED AND ST. THOMAS IN INDIA - From some British Museum documents**



**King Alfred** the Great of England on a ninth century Anglo Saxon Coin in the British Museum.- Copy in the Menachery Collection 1975.


**The Saxon Chronicle**
A page of the Saxon Chronicle begun by King Alfred.
British Museum Ms., London.- Xerox in the Menachery Collection 1975.



**The Alfred Jewel**
This is the Alfred Jewel obtained from the place where King Alfred the Great, before winning the decisive battle, is said to have burnt the cake of the woman who had given him shelter during his days in hiding. Bedecked with precious stones it is made in gold and has an inscription saying: “I was made by King Alfred”. There is also a portrait in enamel under the crystal. The Ashmolean Museum, Oxford- Photo in the Menachery Collection 1975. Various British Museum Ms. versions of King Alfred sending gifts to Saint Thomas in India according to the Anglo Saxon Chronicles (Thorpe, I, 1861). [“The only use I had of having studied Old English under Prof. E. P. Narayana Pillai & Ayyappa Panicker in the Trivandrum University College and under Fr. Theodotius CMI was when I had to decipher these lines” - Prof. G. M.]-Copy in the Menachery Collection 1975. From the Anglo Saxon Chronicles for 883(Tr.)[A. D. 883.] The aforesaid army Dragged their ships up the river called Sealdad (Seheld) against the stream, to a convent of nuns


മെസപ്പൊട്ടോമിയയിൽ നിന്നുള്ള കിഴക്കൻ സിറിയക്കാരാണ് നമ്മുടെ നാട്ടിൽ ക്രിസ്തുമതം കൊണ്ടുവന്നതെന്ന് പല പണ്ഡിതരും പ്രചരിപ്പിക്കുന്നുണ്ട്. എന്നാൽ സിറിയയിൽ നിന്ന്, ആര്, എന്ന്, എവിടെ ക്രിസ്തുമതം പ്രചരിപ്പിച്ചു എന്ന ചോദ്യത്തിന് കൃത്യമായ ഉത്തരമില്ല. ഏതായാലും സിറിയക്കാർ ആരും ഈ ബഹുമതി അവകാശപ്പെടുകയോ തെക്കെ ഇന്ത്യയിലേക്ക് ക്രിസ്തുമതം ആദ്യമായി കിഴക്കൻ സിറിയക്കാർ കൊണ്ടുവന്നു എന്നതിന് പാരമ്പര്യത്തിന്റെയോ ചരിത്രത്തിന്റെയോ യാതൊരു തെളിവുകളോ അവശിഷ്ടങ്ങളോ ഇന്ത്യയിലോ സിറിയയിലോ ലഭിച്ചിട്ടുമില്ല. പതിനാറാം നൂറ്റാണ്ട് വരെ തെന്നിന്ത്യൻ സഭയെ നയിച്ച കിഴക്കൻ സിറിയയിലെ മെത്രാന്മാരോ പാത്രിയാർക്കീസ്മാരോ തങ്ങളുടെ പൂർവ്വികരാണ് ഭാരത സഭയുടെ അപ്പസ്തോലന്മാർ എന്ന് വിചാരിച്ചിരുന്നില്ല. എന്ന് മാത്രമല്ല തോമാശ്ലീഹായാണ് തെന്നിന്ത്യൻ സഭയുടെ സ്ഥാപകൻ എന്ന് പല ആവർത്തി പ്രഖ്യാപിച്ചിട്ടുമുണ്ട്.

പൗരസ്ത്യ സിറിയക്കാരല്ല ഇവിടെ ക്രിസ്തുമതത്തിന്റെ വിത്തുപാകിയത് എന്നു പറഞ്ഞതുകൊണ്ട് കേരളസഭയ്ക്ക് അവരോടുള്ള കടപ്പാട് നിസ്സാരമാണെന്ന് വരുന്നില്ല. കേരളസഭയ്ക്ക് നിരവധി നൂറ്റാണ്ടുകാലം നേതൃത്വവും ഊർജ്ജവും ഓജസും പ്രദാനം ചെയ്തിരുന്നത് സുറിയാനി സഭയായിരുന്നു എന്നത് നിസ്തർക്കമാണ്. എന്നാൽ തോമാശ്ലീഹാ കേരളത്തിൽ വന്ന് രക്ഷയുടെ സുവിശേഷം അറിയിച്ച് ക്രിസ്തീയ വിശ്വാസത്തിന് ശക്തമായ അടിത്തറയിട്ടു എന്ന് ചരിത്ര ദൃഷ്ട്യാ സാധുകരിക്കുന്ന വിവിധ വൈജ്ഞാനിക ശാഖകളിൽ നിന്നുള്ള ഏതാനും തെളിവുകളും, ചിന്താസരണികളും പങ്കുവച്ചത് ഭാവി തലമുറയ്ക്കും ചരിത്ര പണ്ഡിതന്മാർക്കും മുതൽക്കൂട്ടാകട്ടെ എന്ന് ആശംസിക്കുന്നു.





symbols of 12 apostles of Jesus

# തോമാശ്ലീഹായുടെ കേരളയാത്രാ – സാധ്യതകൾ



St Thomas De Apostle (c. 1611) Painting by Peter Paul Rubens



ഡോ. കെ. എം. ഫ്രാൻസീസ്

വിശുദ്ധ തോമസിന്റെ ഭാരത സന്ദർശനം ഒരു ചരിത്ര സംഭവമാ ണോയെന്ന് സംശയിക്കുന്നവർ അനേകമാണ്. തോമാശ്ലീഹാ ഭാരതത്തിന്റെ വടക്കേ ഭാഗത്ത് ഗോണ്ട ഫോറസ് രാജാവിനെയും പ്രജകളെയും മാനസാന്തരപ്പെടുത്തിയെന്ന് ഐതിഹ്യങ്ങൾ സൂചിപ്പിക്കുന്നു. മാത്രമല്ല അതിനു ശേഷം കേരളത്തിൽ വരുകയും അനേകരെ മാനസാന്തരപ്പെടുത്തി ഏഴര പള്ളികൾ സ്ഥാപിച്ചുവെന്നും ഐതിഹ്യം സൂചിപ്പിക്കുന്നു. ഐതിഹ്യങ്ങൾ ചരിത്രമാണോ?

## ചരിത്ര രചനാ രീതികൾ

യാഥാർഥ്യത്തോട് ഏറ്റവും അടുത്തുനിൽക്കുന്ന ചരിത്രരചന സാധ്യമാകണമെങ്കിൽ ആദ്യമേ നാളാഗമം ( logbook ) രചിക്കണം. ഓരോ ദിവസവും വ്യത്യസ്ത സമയങ്ങളിൽ ചെയ്യുന്ന പ്രവർത്തികളാണ് നാളാഗമം. അതിനുശേഷം വർഷത്തിലൊരിക്കൽ നാളാഗമത്തിലെ പ്രധാന സംഭവങ്ങളെ ഒരു പ്രത്യേക കാഴ്ചപ്പാടിൽ റിപ്പോർട്ടാക്കി മാറ്റുന്നതാണ് ചരിത്രരചനയുടെ

ഏറ്റവും നല്ല രീതി. ഇവിടെയും നാളാഗമം അതിൽനിന്ന് തിരഞ്ഞെടുക്കാൻ സ്വീകരിക്കുന്ന കാഴ്ചപ്പാടിന്റെ വ്യത്യാസമനുസരിച്ച് റിപ്പോർട്ടെഴുതുന്നത് അഥവാ ചരിത്രം രചിക്കുന്നത് മാറിപ്പോകും. ഇത്തരത്തിലുള്ള ഒരു ചരിത്ര രചനാ രീതി ഇപ്പോഴും പല രാഷ്ട്രങ്ങളിലും നിലവിലില്ല. പിന്നെ എങ്ങനെയാണ് യഥാർത്ഥ ചരിത്രം ലഭിക്കുക?

അതുകൊണ്ട് മൂന്ന് രീതിയിലാണ് ചരിത്ര വസ്തുതകൾ കൈമാറ്റം ചെയ്തതിന്റെ ചരിത്രം. സംഭവിച്ച കാര്യങ്ങൾ അതിശയോക്തിപരമായ വിവരണങ്ങളിലൂടെ തലമുറകളിലേക്ക് കൈമാറുക എന്നതായിരുന്നു ചരിത്രം കൈമാറ്റം ചെയ്യാനുണ്ടായിരുന്ന ഒന്നാമത്തെ മാർഗ്ഗം. ഇത്തരത്തിലുള്ള കൈമാറ്റ രേഖകളാണ് ഐതിഹ്യങ്ങൾ. ഐതിഹ്യങ്ങളിലെ എല്ലാ സംഭവങ്ങളും നടന്നതാകണമെന്നില്ല. ഉദാഹരണത്തിന് 'പരശുരാമൻ മഴുവെറിഞ്ഞ് രൂപപ്പെടുത്തിയതാണ് കേരളം' മഴുവെറിയുക എന്നാൽ കൃഷി ചെയ്യുക എന്നതാണ് അർത്ഥം എന്ന് മനസ്സിലാക്കാതെയിരുന്നാൽ ഐതിഹ്യത്തിലെ ചരിത്രം പുറത്തു വരികയില്ല. ഭൂമി ദൈവം സൃഷ്ടിച്ചു എന്നത് ശരിയാണ്. ദൈവവിശ്വാസമില്ലാത്തവർ അത് പ്രകൃതിയുടെ ദാനമെന്ന് പറയുന്നു. പക്ഷേ കൃഷിഭൂമി ദൈവത്തിന്റെയോ പ്രകൃതിയുടെയോ ദാനമല്ല. ഭൂമിയെ അദ്ധ്വാനം കൊണ്ട് രൂപാന്തരപ്പെടുത്തിയാലാണ് അത് കൃഷിഭൂമിയാകുക. അതുകൊണ്ട് കേരളമെന്നാൽ കാടും ചതുപ്പും നിറഞ്ഞ പ്രദേശത്തെ അദ്ധ്വാനം കൊണ്ട് കൃഷിഭൂമി ആക്കി മാറ്റിയപ്പോൾ അത് ജനവാസയോഗ്യമായി മാറി എന്നതാണ് ഐതിഹ്യത്തിന്റെ പൊരുൾ. ഈ വ്യാഖ്യാനം ചരിത്രവസ്തുതകൾക്ക് യോജിച്ചതാണ്. അതുകൊണ്ട് ഐതിഹ്യം ശരിയാണ്.

നാളാഗമത്തിലൂടെ ദിനവൃത്താന്തം എഴുതി അതിലെ പ്രധാന സംഭവങ്ങളെ ഗ്രന്ഥമാക്കി ചരിത്രമാക്കുന്ന രീതി ലോകത്തിലെ ചുരുക്കം രാജ്യങ്ങളിലാണ് നടന്നിട്ടുള്ളത്. ചില സ്ഥലങ്ങളിൽ ഇത് കല്ലുകളിൽ രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ മറ്റു ചില സ്ഥലങ്ങളിൽ ഇവ തോൽചുരുളുകളിൽ രേഖപ്പെടുത്തി കൈമാറുന്നു. ബാബിലോണിയ,



Front and reverse of the 6th copper plate with Pahlavi, Kufic, and Hebrew signatures. Tiruvalla, Kerala (India).

ഈജിപ്ത്, ഗ്രീസ്, റോം എന്നീ സംസ്കാരങ്ങളിലാണ് ഈ രീതി കാണുന്നത്. BC- 2000 ൽ രചിച്ച ചില കൽഫലകങ്ങൾ ബാബിലോണിയയിൽ നിന്ന് കണ്ടെത്തിയിട്ടുണ്ട്. ഇതായിരുന്നു ചരിത്രരചനയുടെ രണ്ടാം രീതി. യഹൂദ മതഗ്രന്ഥമായ ദിനവൃത്താന്തം ഇതിന് ഉദാഹരണമാണ്.

ചില തത്വശാസ്ത്ര വീക്ഷണത്തിലൂടെ ചരിത്ര സംഭവങ്ങളെ കോർത്തിണക്കി പുതിയ വ്യാഖ്യാനങ്ങൾ സൂക്ഷിക്കുക എന്നതാണ് ചരിത്രരചനയുടെ ആധുനിക രീതി. ഇങ്ങനെയാണ് മാർക്സിയൻ ചരിത്രം, R.S.S ചരിത്രം, ഇസ്ലാമിക് ചരിത്രം മുതലായവ രൂപം കൊള്ളുന്നത്. ഉദാഹരണത്തിന് ഒരു ഇസ്ലാമിക് ചരിത്രകാരൻ ചരിത്രമെഴുതുമ്പോൾ A.D 8-ആം നൂറ്റാണ്ടിൽ തന്നെ യൂറോപ്പിൽ പല രാജ്യങ്ങളും ഇസ്ലാം സ്വീകരിച്ചു എന്നെഴുതും. എന്നാൽ യൂറോപ്യൻ ചരിത്രമെഴുതുമ്പോൾ A.D. 8ാം നൂറ്റാണ്ടിൽ തന്നെ അറബികൾ സ്പെയിനും പോർച്ചുഗലും (സൈബീരിയ) കീഴടക്കി അവിടെ ഇസ്ലാമതവും, അറബിഭാഷയും, അറബി സംസ്കാരവും അടിച്ചേൽപ്പിച്ചു എന്നു രചിക്കും. അതുകൊണ്ട് ശുദ്ധചരിത്രം മാത്രമേ സ്വീകരിക്കൂ എന്നത് വിഡ്ഢിത്തമാണ്.

## കേരളം ഉണ്ടായിരുന്നുവോ?

ചരിത്രരചന രീതികളെക്കുറിച്ചു മനസ്സിലാക്കിയാൽ ഐതിഹ്യങ്ങൾ പ്രാകൃത (Primitive) രീതിയിലുള്ള ചരിത്രരചന ആണെന്ന് മനസ്സിലാകും. ഇനി ഐതിഹ്യങ്ങളിലെ ശരികൾ എങ്ങനെ വേർതിരിച്ചെടുക്കും? ഇതിനായി ഐതിഹ്യത്തിൽ വിവരിക്കുന്ന കാര്യങ്ങളിൽ അന്നത്തെ യാഥാർത്ഥ്യവുമായി പൊരുത്തപ്പെടുന്നവയുടെ ശതമാനം പരിശോധിക്കണം. ഉദാഹരണമായി തോമാസ്ശ്ലീഹാ വന്നുവെന്നു പറയുന്ന കാലഘട്ടത്തിൽ

കേരളത്തിലേക്ക് വരുവാൻ യാത്രാ സൗകര്യങ്ങൾ ഉണ്ടായിരുന്നുവോ? തോമസ് ശ്ലീഹയ്ക്ക് ഇവിടെയുള്ള ജനങ്ങളുമായി സംസാരിക്കാനുള്ള ഭാഷ ഉണ്ടായിരുന്നുവോ? തോമാസ്ശ്ലീഹാ വിവിധ സഭകൾ സ്ഥാപിച്ചു എന്ന് പറയുന്ന സ്ഥലങ്ങൾ അക്കാലത്തെ ജനവാസകേന്ദ്രങ്ങളും പ്രധാന പാതകളും ആയിരുന്നുവോ? അത്തരം സ്ഥലങ്ങളിൽ ഭൂഖനനം നടത്തി അക്കാലഘട്ടത്തിലെ ഏതെങ്കിലും തരത്തിലുള്ള നാണയങ്ങളോ ഉപയോഗ വസ്തുക്കളോ ലഭ്യമാണോ? തോമാസ്ശ്ലീഹാ വന്നിറങ്ങി എന്നു പറയുന്ന സ്ഥലം അക്കാലത്തെ ഒരു തുറമുഖം ആണോ? തോമാസ്ശ്ലീഹാ പുരോഹിതൻമാരുമായി സംവദിച്ചു എന്നു പറയുന്ന കാലഘട്ടത്തിൽ ഇവിടെ പുരോഹിതന്മാരുടെ നേതൃത്വത്തിലുള്ള മതം ഉണ്ടായിരുന്നുവോ? ഈ ചോദ്യങ്ങൾക്കെല്ലാം അതേ എന്നാണ് ഉത്തരമെങ്കിൽ ഐതിഹ്യം ശരിയാണ് എന്ന നിഗമനത്തിൽ എത്തുക എന്നതാണ്

### ശാസ്ത്രീയ മനസ്സ് പിന്തുടരേണ്ട പാത.

തോമാസ്ശ്ലീഹാ കേരളത്തിലേക്ക് വന്നു എന്നു പറയുന്ന കാലഘട്ടത്തിൽ കേരളമെന്ന പേര് ഉണ്ടായിരുന്നില്ല. അതുകൊണ്ട് ഒരു ചരിത്ര രീതിയിലും വി.തോമസ് കേരളത്തിൽ വന്നു എന്ന് കാണില്ല. മാത്രമല്ല 2000 വർഷം മുൻപ് ഇന്ത്യയുടെ ഭാഗമായിരുന്ന പല സ്ഥലങ്ങളും ഇന്ന് പാക്കിസ്ഥാനിലും, അഫ്ഗാനിസ്ഥാനിലും ആണ്. കേരളം എന്നത് A.D 5ൽ തമിഴ്നാടിന്റെ ഭാഗമായിരുന്നു. അതുകൊണ്ട് തോമാസ് ശ്ലീഹ തെക്കേ ഇന്ത്യയിലേക്ക് അഥവാ തമിഴ്നാട്ടിലേക്ക് വന്നുവെന്ന് വിവരിക്കുന്നതായിരിക്കും ഉചിതം.

### പുരാതന വ്യാപാര വഴികൾ

പടിഞ്ഞാറ് ഏഷ്യയുടെ ഇന്നത്തെ രാജ്യങ്ങൾ ഇസ്രായേൽ, ലെബനൻ എന്നിവയാണ്. ഈ പ്രദേശങ്ങൾ അറിയപ്പെട്ടിരുന്നത് ഫിനിഷ്യ എന്നാണ്. ഫിനീഷ്യൻ വ്യാപാരികളാണ് അന്താരാഷ്ട്ര വ്യാപാരത്തിന് പായ്ക്കപ്പൽ ഉപയോഗിച്ചിരുന്നത്. ഈജിപ്തുകാർക്ക് കടൽയാത്ര നിഷിദ്ധമായിരുന്നു. അതിനാൽ ഈജിപ്തിന്റെ കിഴക്കൻ ഭാഗമായ ഇന്ത്യൻ മഹാസമുദ്രവും, പടിഞ്ഞാറൻ ഭാഗമായ മെഡിറ്ററേനിയൻ കടലും തമ്മിലുള്ള പായ്ക്കപ്പൽ വ്യാപാരം ഫിനീഷ്യക്കാരുടെ നിയന്ത്രണത്തിലായിരുന്നു. അതിനാൽ തന്നെ ബി.സി 1000 മുതലുള്ള അന്താരാഷ്ട്ര വ്യാപാര വഴികളിലെല്ലാം യഹൂദന്മാരായ കച്ചവടക്കാർ ഉണ്ടായിരുന്നു.


മാത്രമല്ല 200 മുതൽ 400 വരെയുള്ള ചെറുകപ്പൽ സമൂഹങ്ങൾ നിരന്തരം കടലിലൂടെ ഇന്ത്യയും ചൈനയും തമ്മിൽ നടന്നിരുന്ന വ്യാപാര വഴിയെ സുഗന്ധവ്യഞ്ജന വഴി (Spice Root) എന്ന് ശാസ്ത്രജ്ഞൻമാർ നാമകരണം ചെയ്യുന്നു. സുഗന്ധവ്യഞ്ജന വഴി വ്യക്തമാക്കുന്നു

### സുഗന്ധവ്യഞ്ജന വഴി

സോളമന്റെ കാലത്തുതന്നെ (B.C to B.C) തമിഴ് നാട്ടിൽ നിന്ന് തേക്ക്, മയിൽ, സുഗന്ധവ്യഞ്ജനങ്ങൾ മുതലായവ ഇസ്രായേലിലേക്ക് ഇറക്കുമതി ചെയ്തതായി തെളിവുകളുണ്ട്.

യഹൂദ ഗ്രന്ഥത്തിൽ ഉപയോഗിച്ചിരിക്കുന്ന അരിശി, തുക്കൈ മുതലായ തമിഴ് വാക്കുകളിൽ നിന്നാണ് ഈ വ്യാപാരം ശരിയായിരുന്നു എന്ന് ചരിത്രകാരന്മാർ സമ്മതിക്കുന്നത്. തമിഴ്നാടിന്റെ കിഴക്കൻ തുറമുഖങ്ങളായിരുന്ന കാവേരി, പൂം പട്ടണം മുതലായ സ്ഥലങ്ങളിൽ അനേകം ഭൂഖനനങ്ങൾ നടത്തി ബി.സി 1000

> **കേരളം എന്നത് A.D 52ൽ തമിഴ്നാടിന്റെ ഭാഗമായിരുന്നു. അതുകൊണ്ട് തോമാസ് ശ്ലീഹ തെക്കേ ഇന്ത്യയിലേക്ക് അഥവാ തമിഴ്നാട്ടിലേക്ക് വന്നുവെന്നും പറയുന്നു.**



The Spice trade that brought people from all over the world to India as early as AD 500



Around 2,000 years ago, Muziris was one of India's most important trading ports. According to the Akananuru, a collection of Tamil poetry from the period



Excavations in the village of Pattanam, Kerala, have raised questions about whether the site is 'urban' enough to be Muziris. (2004)


മുതലുള്ള വ്യാപാരത്തിലെ തെളിവുകൾ ശാസ്ത്രജ്ഞന്മാർ കണ്ടെത്തിയിട്ടുണ്ട്. ലോകവ്യാപാരത്തിന്റെ ഇടനിലക്കാരായിരുന്നു (Interlocuters) യഹൂദന്മാർ. അതുകൊണ്ട് വി.തോമസിന് യാത്രാസൗകര്യവും ഭാഷാ വിനിമയ സൗകര്യവും ഉണ്ടായിരുന്നുവെന്നതിന് തർക്കമില്ല.

### കൊടുങ്ങല്ലൂർ വ്യാപാരകേന്ദ്രമോ?

കേരളത്തിലെ പല ചരിത്രകാരന്മാരും തോമസ്ശ്ലീഹാ വന്നുവെന്ന് പറയുന്ന കാലഘട്ടത്തിൽ കേരളം ജനവാസമില്ലാത്ത കാടായിരുന്നുവെന്ന് സ്ഥാപിക്കാൻ ശ്രമിക്കുന്നു. ഇവിടെ പുരോഹിതന്മാർ ഇല്ലായിരുന്നുവെന്നാണ് അവർ വാദിക്കുന്നത്. നമ്പൂതിരി എന്ന വാക്ക് A.D ഒന്നാം നൂറ്റാണ്ടിൽ ഇല്ലായിരുന്നു എന്നതാണ് അവരുടെ കണ്ടുപിടുത്തം. കേരളം എന്ന വാക്ക് ഇല്ലാത്തതുകൊണ്ട് കേരളം ഉണ്ടായിരുന്നില്ല എന്നു പറയാമോ? അതുകൊണ്ട് നമ്പൂതിരി എന്ന വാക്ക് ഇല്ലാത്തതുകൊണ്ട് പുരോഹിതന്മാർ എന്ന ഗണം ഇല്ലാതെവരുമോ? ഐതിഹ്യങ്ങൾ വാമൊഴി കൈമാറ്റം നടത്തുമ്പോൾ ഓരോ നൂറ്റാണ്ടിലെയും പുതിയ വാക്കുകൾ സ്വീകരിക്കും. അതുകൊണ്ട് അമ്പലം, ആരാധന, പുരോഹിതൻ ഇവ മൂന്നും നിലനിന്നിരുന്നുവോ എന്നുമാത്രമാണ് ചരിത്രകാരൻ ശ്രദ്ധിക്കേണ്ടത്. സംഘകാല കൃതികളിൽ കാണുന്ന 'വൻപ മൗര്യന്റെ തേരുകൾ ചേര രാജ്യത്തിൽ ഉരുണ്ടു' വെന്ന വാചകത്തിലെ 'വൻപ മൗര്യൻ' അശോകനാണെന്നു M.G.S നാരായണൻ വ്യാഖ്യാനിക്കുന്നു. ഇതിന്റെ അർത്ഥം ചാണക്യ സൃഷ്ടിയായ മൗര്യ സാമ്രാജ്യത്തിനും കേരളത്തിൽ വേരുകളുണ്ടെന്നല്ലേ?

മാത്രമല്ല റോമൻ സാമ്രാജ്യത്തിന്റെ വ്യാപാര കേന്ദ്രങ്ങളിൽ അടയാളപ്പെടുത്തിയ പ്യൂട്ടിങ്ങർ ടേബിൾസിൽ (Peutinger Tables) മുസിരിസിൽ അഗസ്റ്റസ് സീസറിന് ഒരു ക്ഷേത്രമുണ്ടെന്നും, പാണ്ടികശാലയുണ്ടെന്നും രേഖപ്പെടുത്തിയിരുന്നു.

പ്രസ്തുത രേഖയിൽ പെരിയാർ നദി കടലിൽ പ്രവേശിക്കുന്ന പട്ടണം എന്ന പ്രദേശത്തെയാണ് തുറമുഖമായി രേഖപ്പെടുത്തിയിരിക്കുന്നത്. കേരള സർക്കാർ ആരംഭിച്ച പട്ടണം ഖനന പദ്ധതിയുടെ ആധികാരിക അടിസ്ഥാന രേഖ പ്യൂട്ടിങ്ങർ ടേബിൾസാണ്. പ്രസ്തുത സ്ഥലത്തെ ഖനനത്തിൽ നിന്ന് മുസിരിസ് B.C. യിലെ വ്യാപാരകേന്ദ്രമാണെന്ന് തെളിഞ്ഞിട്ടുണ്ട്.



Muziris pictured in the Tabula Peutingeriana, a fifth-century map of the world as seen from Rome

കേരള കടൽത്തീരങ്ങളിൽ വളരെ പഴക്കം ചെന്ന യഹൂദ വ്യാപാരകേന്ദ്രങ്ങളുണ്ടെന്ന യാഥാർത്ഥ്യം ഐതിഹ്യങ്ങളിലെ വസ്തുതകളെ ശരിവെക്കുന്നു.

## തമിഴ്നാട്ടിലെ വ്യാപാര വഴികളും തോമസ് ശ്ലീഹ സ്ഥാപിച്ച സഭകളും


തോമാശ്ലീഹ സ്ഥാപിച്ചു എന്ന് അവകാശപ്പെടുന്ന സഭാസമൂഹങ്ങളെല്ലാം അക്കാലത്തെ വ്യാപാര വഴികളായിരുന്നു എന്നത് ഐതിഹ്യ ചരിത്രമായി അംഗീകരിക്കുന്നതിനെ ശരിവെക്കുന്നു. മുസിരിസിനടുത്തുള്ള ഏറ്റവും പ്രധാനപ്പെട്ട യഹൂദ കേന്ദ്രമാണ് പാലയൂർ, പാവറട്ടി, ചിറ്റാട്ടുകര, മറ്റം, കോട്ടപ്പടി മുതലായവ. ഈ സ്ഥലങ്ങളെല്ലാം കടലിനോട് ചേർന്ന് കിടന്നിരുന്ന സ്ഥലങ്ങളാണ്. കടൽ പിൻവാങ്ങി പുതിയ കര സൃഷ്ടിക്കപ്പെട്ടപ്പോൾ മുകളിൽ വിവരിച്ച സ്ഥലങ്ങളെല്ലാം കടലിൽനിന്ന് ആറും ഏഴും കിലോമീറ്റർ ദൂരം രൂപം കൊണ്ടതാണ്.

പെരിയാർ, പമ്പ മുതലായ നദികൾ കടലിൽ വന്നുപതിക്കുന്ന തുറമുഖങ്ങളോട് ചേർന്നാണ് പ്രധാനപ്പെട്ട സിറിയൻ ക്രിസ്ത്യൻ സഭാസമൂഹങ്ങൾ. മാത്രമല്ല പെരിയാറിന്റെ തീരങ്ങളിലും, പമ്പയുടെ തീരത്തുമാണ് തോമാശ്ലീഹ സ്ഥാപിച്ച ഭൂരിഭാഗം സഭാസമൂഹങ്ങളും. മാത്രമല്ല ഈ പ്രദേശങ്ങളിൽ നിന്ന് എല്ലാം BC-യിലെ റോമൻ സ്വർണ്ണനാണയങ്ങൾ കണ്ടെത്തിയിട്ടുണ്ട്. റോമൻ സ്വർണ്ണ നാണയങ്ങൾ കണ്ടെത്തിയ സ്ഥലങ്ങളെല്ലാം തോമാശ്ലീഹാ സഭാസമൂഹങ്ങൾ സ്ഥാപിച്ചു എന്ന് രേഖപ്പെടുത്തിയ ഇടങ്ങളാണ്.

കൂടാതെ പെരിയാറിന്റെ തീരമായ കോതമംഗലം, നേര്യമംഗലം, മൂന്നാർ വഴി തമിഴ് നാട്ടിലേക്കും, കോട്ടയം കാഞ്ഞിരപ്പള്ളി കുമളി വഴി തമിഴ് നാട്ടിലേക്കും നിലനിൽക്കുന്ന പുരാതന പാതകൾ പടിഞ്ഞാറൻ കടലും കിഴക്കൻ കടലും തമ്മിൽ ബന്ധിപ്പിക്കുന്ന പാതകളാണ്.അതുകൊണ്ട് കടൽ വഴിയോ കരവഴിയോ തോമാശ്ലീഹാ മൈലാപ്പൂരിൽ എത്തിച്ചേർന്നിട്ടുണ്ടാകുവാനുള്ള സാധ്യതയും നില നിൽക്കുന്നു.

## ഉപസംഹാരം

B.C 1000ത്തിൽ തന്നെ ആരംഭിച്ച സുഗന്ധവ്യഞ്ജന പാതയും യഹൂദന്മാരുടെ കേരളത്തിലെ കേന്ദ്രങ്ങളും, ഈജിപ്തും, ഇസ്രായേലും, റോമാക്കാരും തെക്കേ ഇന്ത്യയുമായി നടത്തിയിരുന്ന വ്യാപാരങ്ങളും, കേരളത്തിലെ സിറിയൻ ക്രിസ്ത്യൻ ജനവാസ മേഖലകളിൽ നിന്ന് കണ്ടെത്തിയ റോമൻ നാണയങ്ങളും തോമാസ്ശ്ലീഹ കേരളത്തിൽ വന്നിട്ടുണ്ട് എന്ന ഐതിഹ്യം ഒരു ചരിത്ര യാഥാർഥ്യമാണെന്ന് തെളിയിക്കുന്നു. തൃശ്ശൂരിലെ ഇയ്യാൽ, എറണാകുളത്തെ വടക്കൻ പറവൂർ, കോട്ടയം, ഉടുമ്പഞ്ചോല, പൂഞ്ഞാർ, നിരണം മുതലായ സ്ഥലങ്ങളിൽ നിന്നും ലഭിച്ച റോമൻ നാണയങ്ങൾ ശാസ്ത്രീയമായി റോമൻ കച്ചവടബന്ധം തെളിയിക്കുന്നു. തമിഴ് നാടിനെ തീരപ്രദേശമായ അരിക്കമേട്ടിൽ നിന്ന് 2100 വർഷം പഴക്കമുള്ള റോമൻ നാണയങ്ങൾ ഖനനം ചെയ്ത് ലഭിച്ചിട്ടുണ്ട്. കൂടാതെ മഗധ, മൗര്യൻ സാമ്രാജ്യത്തിന് (322 BCE to 185 BCE) മലബാർ തീരവുമായുള്ള വ്യാപാരബന്ധം തെളിയിക്കപ്പെട്ടിട്ടുള്ളതാണ്. പ്രസ്തുത തെളിവുകൾ മൗര്യൻ മതത്തിന്റെയും പൗരോഹിത്യത്തിന്റെയും വേരുകൾ മലബാർ തീരത്ത് ഉണ്ടായിരുന്നുവെന്നതിന്റെ സാധ്യതകളിലേക്ക് വെളിച്ചം വീശുന്നു. പ്രസ്തുത തെളിവുകൾ തോമസ് ശ്ലീഹ തെക്കേ ഇന്ത്യയുടെ കിഴക്കുംപടിഞ്ഞാറുമുള്ള കടലോരങ്ങളിൽ വന്നിരുന്നുവെന്ന ഐതിഹ്യം സത്യമാണെന്ന് തെളിയിക്കുന്നു.


Peutinger Tables

**കേരള സർക്കാർ ആരംഭിച്ച പട്ടണം ഖനന പദ്ധതിയുടെ ആധികാരിക അടിസ്ഥാന രേഖ പ്യൂട്ടിങ്ങർ ടേബിൾസാണ്. പ്രസ്തുത സ്ഥലത്തെ ഖനനത്തിൽ നിന്ന് മുസിരിസ് B.C. യിലെ വ്യാപാരകേന്ദ്രമാണെന്ന് തെളിഞ്ഞിട്ടുണ്ട്.**

# ഇന്ത്യയും തോമസ് അപ്പസ്തോലനും



റവ. ഡോ. ദേവസ്സി പന്തല്ലൂക്കാരൻ



Martyrdom of St Thomas- Painting by Peter Paul Rubens

മാർ തോമാശ്ലീഹായുടെ ഭാരത പ്രേഷിതത്വത്തെ ഇനിയും സംശയിക്കുന്നവർക്കായി തൃശൂർ രൂപതയുടെ പ്രഥമ അദ്ധ്യക്ഷൻ ഡോ. അഡോൾഫ് എഡ്വിൻ മെഡ്‌ലിക്കോട്ട്, ചരിത്രത്തിന്റേയും തെളിവുകളുടെയും വെളിച്ചത്തിൽ 1905ൽ ലണ്ടനിൽ പ്രസിദ്ധീകരിച്ച **ഇന്ത്യയും തോമസ് അപ്പസ്തോലനു**മെന്ന ഗവേഷണ ഗ്രന്ഥത്തെ പരിചയപ്പെടുത്തുകയാണ്

ഡോ. അഡോൾഫ് എഡ്വിൻ മെഡ്‌ലിക്കോട്ട് (1838- 1918) തൃശ്ശൂരിന്റെ പ്രഥമ മെത്രാനായിരുന്നു (1887 - 1896). പുനരൈക്യ ശ്രമങ്ങൾക്കും വിദ്യാഭ്യാസ പ്രേഷിതത്വത്തിനും വലിയ പ്രാധാന്യം കൽപ്പിച്ചിരുന്ന അദ്ദേഹം സഭയ്ക്കും സമുദായത്തിനും കനത്ത സംഭാവനകൾ നൽകി. വരുംതലമുറകൾ അദ്ദേഹത്തെ അനുസ്മരിക്കുക, ഒരർത്ഥത്തിൽ താൻ വിരചിച്ച ഒരു പുസ്തകത്തിന്റെ പേരിലായിരിക്കും – വി.തോമസ്, ഭാരതത്തിന്റെ അപ്പസ്തോലൻ. 1905ൽ, ലണ്ടനിൽ പ്രസിദ്ധീകരിച്ച ഈ കൃതിയെ ഒന്നു പരിചയപ്പെടുത്തുന്നതിനാണ് ഈ ലേഖനം. കേരള സഭാചരിത്രം പഠിപ്പിക്കുന്നവരും പഠിക്കുന്നവരും ഏറ്റവുമധികം ആശ്രയിക്കുന്ന ആധികാരിക ഗ്രന്ഥം മറ്റൊന്നല്ല.

ഉദ്ധൃത ഗ്രന്ഥത്തിന്റെ പൂർണ്ണനാമം ഇപ്രകാരമാണ് : ഇന്ത്യയും തോമസ് അപ്പസ്തോലനും – തോമസിന്റെ നടപടികളുടെ ഒരു വിമർശനാത്മകാപഗ്രഥന അന്വേഷണം. ഒരു ഗവേഷക പ്രബന്ധത്തിന്റെ ഗാംഭീര്യവും ഉൾക്കാമ്പുമുള്ള ഈ പുസ്തകത്തിൽ 6 അദ്ധ്യായങ്ങളാണുള്ളത്. തുടർന്ന് സുദീർഘ

വും പ്രൗഢഗംഭീരവുമായ ഒരു അനുബന്ധവും.

തോമസ് അപ്പസ്തോലനും ഇന്ത്യൻ രാജാവായ ഗോണ്ടഫറസും തമ്മിലുള്ള ബന്ധം നാണയങ്ങളുടെയും പുരാലിഖിതങ്ങളുടെയും അടിസ്ഥാനത്തിൽ എന്നതാണ് ഒന്നാം അദ്ധ്യായം. തോമസിന്റെ നടപടികൾ സാക്ഷ്യപ്പെടുത്തുന്നത്, നമ്മുടെ കർത്താവ് തന്റെ സുവിശേഷം ഇന്ത്യയിലെത്തിക്കാൻ തോമാശ്ലീഹായെ ചുമതലപ്പെടുത്തിയെന്നും ഗോണ്ടഫറസ് രാജാവിന്റെ മന്ത്രിയായ ഹാബാനുമൊരുമിച്ച് അദ്ദേഹം ഇവിടെ വന്ന് ഒടുവിൽ രക്തസാക്ഷിത്വം വരിച്ചുവെന്നുമാണ്. എന്നാൽ ഗോണ്ടഫാറസ് വെറും സാങ്കല്പിക കഥാപാത്രം ആണെന്നും അതിനാൽ തോമസിന്റെ ഇന്ത്യൻ പ്രേഷിതത്വത്തിന് ചരിത്രപരതയില്ലെന്നും കരുതപ്പെട്ടിരുന്നു. പക്ഷേ, അഫ്ഗാനിസ്ഥാൻ, പഞ്ചാബ് എന്നിവിടങ്ങളിൽ നിന്ന് കണ്ടെടുക്കപ്പെട്ട നാണയങ്ങളും അവയുടെ ചിത്രങ്ങളും ലിഖിതങ്ങളും മറ്റൊരു ചിത്രം നൽകുന്നതായി മെഡ്‌ലിക്കോട്ട് മെത്രാൻ സമർത്ഥിക്കുകയാണ്. അക്കൂട്ടത്തിൽ ഇന്റോ-സ്കീതിയൻ വംശജനും മാർത്തോമായുടെ സമകാലീനനുമായ ഗോണ്ടാഫാറസിന്റെ ചിത്രവും ലിഖിതവും ഉള്ള നാണയങ്ങൾ കണ്ടെത്തിയിരിക്കുന്നു. ചുരുക്കത്തിൽ ഗോണ്ടഫാറസ് രാജാവിന്റെ ചരിത്രപരതയോ തോമസിന്റെ നടപടികളിൽ കാണുന്ന സംഭവങ്ങളുടെ സാധ്യതയോ തള്ളിക്കളയാനാവില്ല.

തോമസ് ഇന്ത്യയുടെ അപ്പസ്തോലൻ എന്നതാണ് രണ്ടാം അദ്ധ്യായം. തോമസ് അപ്പസ്തോലൻ ഇന്ത്യയിൽ സുവിശേഷം പ്രസംഗിച്ചു എന്നും പിന്നീട് രക്തസാക്ഷിത്വമകുടമണിഞ്ഞുവെന്നും ഉള്ളതിനുള്ള സാക്ഷ്യങ്ങളും തെളിവുകളുമാണ് ഈ അദ്ധ്യായത്തിന്റെ ഉള്ളടക്കം. ഇതിൽ അഞ്ചു ഭാഗങ്ങൾ കാണാം. പൗരസ്ത്യ സുറിയാനി സഭയിലെ വേദപാരംഗതനും ഡീക്കനും വിശുദ്ധനുമായ അഫ്രേമിന്റെ കീർത്തനങ്ങൾ - ഇവ നൂറ്റാണ്ടുകളോളം അജ്ഞാതമായി കിടന്നിരുന്നതാണ് - ഒന്നാം ഭാഗത്തിൽ ഉദ്ധരിച്ചിരിക്കുന്നു. മാർ അഫ്രേം വിരചിച്ച പ്രാർത്ഥനകൾക്കും കീർത്തനങ്ങൾക്കും പുറമേ അന്ത്യോക്യായിലെ യാക്കോബ്, ബാറ്റ്നേയിലേ യാക്കോബ്, എന്നിവരുടെ കീർത്തന സമുച്ചയങ്ങളും തോമസ് ഇന്ത്യയുടെ അപ്പസ്തോലനാണെന്ന് തെളിയിച്ചു എന്നാണ് മെഡ്‌ലികോട്ടിന്റെ പണ്ഡിതമതം. സുറിയാനി സഭയുടെ ആരാധനാക്രമ പുസ്തകങ്ങളും പഞ്ചാംഗങ്ങളും പഠനവിഷയമാക്കുന്നതാണ് രണ്ടാം ഭാഗം. മൂന്നാം ഭാഗത്ത് മെഡ്‌ലിക്കോട്ട് മെത്രാൻ ആശ്രയിക്കുന്നത് വി. ഗ്രിഗറി നസിയാൻസൻ, വി. അംബ്രോസ്, നോളായിലെ വി. പൗളിനൂസ്, വി. ജോൺ ക്രിസോസ്തോം, ടൂർസിലെ വി. ഗ്രിഗറി തുടങ്ങിയ പാശ്ചാത്യ സഭാ പിതാക്കന്മാരുടെ സാക്ഷ്യങ്ങളാണ്. തോമസ് അപ്പസ്തോലൻ പ്രവർത്തിച്ചതും മരണമടഞ്ഞതും ഇന്ത്യയിലാണെന്ന് എഴുതുകയോ പ്രസംഗിക്കുകയോ ചെയ്തിട്ടുള്ളവരാണ് ഇവരെല്ലാം. തോമസ് ശ്ലീഹാ ഇന്ത്യയിൽ ക്രിസ്തുവിന് സാക്ഷ്യം വഹിച്ചു എന്ന് തെളിയിക്കാൻ ലത്തീൻ സഭയിലെ പ്രാചീന പഞ്ചാംഗങ്ങൾ, കൂദാശക്രമം, രക്തസാക്ഷി വംശാവലി മുതലായവയാണ് നാലാം ഭാഗത്ത് ഉൾക്കൊള്ളിച്ചിരിക്കുന്നത്. ഗ്രീക്ക് അബിസീനിയൻ സഭകളുടെ ആരാധനക്രമപരമായ പുസ്തകങ്ങളും സാക്ഷ്യങ്ങളുമാണ് അഞ്ചാം ഭാഗത്ത് ഉൾപ്പെടുത്തിയിട്ടുള്ളത്. മെഡ്‌ലികോട്ടിന്റെ നിഗമനം ഇപ്രകാരം സംക്ഷേപിക്കാം. ഇത്രയേറെ സാക്ഷ്യങ്ങളും തെളിവുകളുമുള്ള സ്ഥിതിക്ക് തോമസ് അപ്പസ്തോലന്റെ ഭാരത പര്യടനവും രക്തസാക്ഷിത്വവും അവിശ്വസിക്കുന്നത് ചരിത്രപരമായി തെറ്റാണ്.




On 2nd Dec 1964, India Post released the stamp of the first apostle of Jesus Christ in India, "Saint Thomas". The occasion of releasing this stamp was actually timed with the visit of IVth Pope Paul's visit to India.

വിശുദ്ധ തോമസിന്റെ ഇന്ത്യൻ കബറിടമാണ് മൂന്നാം അദ്ധ്യായത്തിലെ ചർച്ചാവിഷയം. തോമസ് ശ്ലീഹാ ഇന്ത്യയിലാണ് പ്രസംഗിച്ചതും രക്തസാക്ഷിത്വം വരിച്ചതും എന്നതിനുള്ള വലിയ ഒരു തെളിവാണ് പ്രസ്തുത കബറിടം. അദ്ദേഹത്തിന്റെ കബറിടം ലോകത്തിൽ മറ്റൊരിടത്തും ഇല്ല. ആറും പതിനാറും നൂറ്റാണ്ടുകൾക്കിടയിൽ ഈ കബറിടം സന്ദർശിച്ച വിശുദ്ധരോ വിദേശസഞ്ചാരികളോ ആയ ഒമ്പത് പേരുടെ ചരിത്രസാക്ഷ്യങ്ങൾ ഇവിടെ അപഗ്രഥിക്കപ്പെട്ടിരിക്കുന്നു. കബറിടത്തെ സംബന്ധിച്ച് ചില പോർച്ചുഗീസ് ഗ്രന്ഥകർത്താക്കൾ പ്രചരിപ്പിച്ച അബദ്ധധാരണകൾ ദൂരീകരിക്കുന്നതിൽ മെഡ്‌ലിക്കോട്ട് വിജയിച്ചിട്ടുണ്ട്. എദേസായിലുള്ളത് വിശുദ്ധനെ ആദ്യമായി സംസ്കരിച്ച ഇടമല്ലെന്നും മൈലാപൂരിൽ നിന്ന് കൊണ്ടുപോയ പൂജ്യാവശിഷ്ടങ്ങൾ സൂക്ഷിക്കുന്ന സ്ഥലം മാത്രമാണെന്നും ചരിത്രകാരനായ മെഡ്‌ലിക്കോട്ട് അസന്നിഗ്ദ്ധമായി

അവകാശപ്പെടുന്നു. ടൂർസിലെ വി. ഗ്രിഗറി (590), ആൽഫ്രഡ് രാജാവിന്റെ ദൗത്യസംഘം, മാർക്കോ പോളോ (1293), മോണ്ട് കോർവിനോയിലെ ഫ്രയർ ജോൺ (1292–1293), വാ.ഒ. ഡെറിക് (1324–1325), ജോൺ ഡി മരിഞ്ഞോളി മെത്രാൻ (1349), നിക്കോളോ ഡി കോണ്ടി (1425–1430) മത്തായിയുടെ മകൻ അമർ (1430), നെസ്തോറിയൻ മെത്രാന്മാർ (1504)എന്നിവരുടെ കുറിപ്പുകളും സാക്ഷ്യങ്ങളുമാണ് മെഡ്ലിക്കോട്ടിന്റെ അന്തിമ തീരുമാനത്തിന് ആധാരം.

അപ്പസ്തോലനെ സംബന്ധിച്ച് കൂടുതൽ ചരിത്ര- പാരമ്പര്യ രേഖകൾ| അവതരിപ്പിക്കുന്നതാണ് നാലാം അദ്ധ്യായം. ആറ് വിഷയങ്ങളാണ് ഇതിൽ മെഡ്ലിക്കോട്ട് പണ്ഡിതോചിതമായി പ്രതിപാദിച്ചിട്ടുള്ളത് :-

1. എദേസയിലെ അപ്പസ്തോലാവശിഷ്ടങ്ങളും തുടർന്നുള്ള സ്ഥലം മാറ്റവും
2. അപ്പസ്തോലന്റെ രക്തസാക്ഷിത്വ സ്ഥിരീകരണം,
3. രക്തസാക്ഷിത്വം സംബന്ധിച്ച വ്യത്യസ്ത സാക്ഷ്യങ്ങൾ,
4. അപ്പസ്തോലനെ സംബന്ധിച്ച പാരമ്പര്യങ്ങൾ,
5. കലാമിന എന്ന തർക്കവിഷയം,
6. ടോളമിയുടെ മലിയാർഫ.

മൈലാപ്പൂരിൽ അടക്കം ചെയ്യപ്പെട്ട തോമസ് അപ്പസ്തോലന്റെ അസ്ഥികൾ ഒന്നുകിൽ സഹോദരന്മാരിലൊരാൾ അല്ലെങ്കിൽ ഒരു വ്യാപാരി എദേസയിലേക്ക് സംവഹിച്ചുവെന്നും അവ നൂറ്റാണ്ടുകളോളം അവിടെ സ്ഥിതി ചെയ്തിരുന്നുവെന്നും അനേകം ആധികാരിക ഗ്രന്ഥങ്ങളും പഠനങ്ങളും ഉദ്ധരിച്ചുകൊണ്ട് സമർത്ഥിച്ചിരിക്കുന്നു. കാലാന്തരത്തിൽ എദേസയുടെ ഭരണം തുർക്കികളുടെ കയ്യിലായി. അവശിഷ്ടങ്ങൾ സൂക്ഷിച്ചിരുന്ന ദൈവാലയം ആക്രമിക്കപ്പെട്ടു. തദ്ദേശവാസികൾ ആ തിരുശേഷിപ്പുകൾ കണ്ടെടുത്ത് കടൽത്തീരത്തുനിന്ന് അകലെയുള്ള ചിയോസ് ദ്വീപിലേക്ക് മാറ്റി. ചിയോസിൽ നിന്ന് അവ 1258 ൽ ഓർത്തോണ കത്ത്രീഡ്രലിൽ കൊണ്ടുപോയി സ്ഥാപിച്ചു. 1566ൽ ഈ ദൈവാലയവും ആക്രമിക്കപ്പെട്ടെങ്കിലും അതേവർഷം തന്നെ തിരുശേഷിപ്പുകൾ യഥാസ്ഥാനത്ത് പുന:സ്ഥാപിതമായി. ഹെറാക്ലിയോൺ തോമസിന്റെ രക്തസാക്ഷിത്വം നിഷേധിച്ചത് തള്ളികളയുന്നതിലും വിശുദ്ധൻ രക്തസാക്ഷിത്വം വരിച്ചുവെന്നതിനുള്ള തെളിവുകൾ അവതരിപ്പിക്കുന്നതിലും ഗ്രന്ഥകർത്താവ് വളരെ മികവു പുലർത്തിയിട്ടുണ്ട്. അപ്പസ്തോലൻ കൊല്ലപ്പെട്ട രീതിയെക്കുറിച്ച് അഭിപ്രായ ഐക്യമില്ല. രാജാവ് കൊല്ലിച്ചതാണ്, പൂജാരി വക വരുത്തിയതാണ്, മയിൽ വേട്ടക്കാരന്റെ അമ്പ് അബദ്ധവശാൽ തറച്ചുകയറി മരണപ്പെട്ടതാണ് തുടങ്ങിയ ഭാഷ്യങ്ങൾ ഈ പുസ്തകത്തിൽ പഠനവിഷയമാക്കിയിരിക്കുന്നു. അതേസമയം അദ്ദേഹം കൊല്ലപ്പെട്ടതാണെന്നും മൈലാപൂരിലാണ് സംസ്കരിക്കപ്പെട്ടതെന്നുമാണ് അദ്ദേഹത്തിന്റെ കണ്ടെത്തൽ. തോമസിന്റെ പ്രേഷിത പ്രവർത്തനങ്ങളെക്കുറിച്ചുള്ള പാരമ്പര്യങ്ങൾ വിശദമായി വിശകലനം ചെയ്തതിനുശേഷം ഗ്രന്ഥകാരൻ ഇപ്രകാരം സംക്ഷേപിക്കുന്നു:

1) കാസ്പിയൻ കടലിന്റെ തെക്കും താഴോട്ട് ദക്ഷിണ പേർഷ്യയിലെ കർമാനിയവരെയും - പല രാജ്യങ്ങളിൽ- അപ്പസ്തോലൻ വചനം പ്രഘോഷിച്ചിട്ടുണ്ട് ;

2. ആദ്യത്തെ അപ്പസ്തോലിക യാത്രയിലാണ് ഗോണ്ടാഫാറസിനെ കണ്ടുമുട്ടാൻ കൂടുതൽ സാധ്യത;

3. കന്യകാമറിയത്തിന്റെ മരണശേഷമുള്ള തന്റെ രണ്ടാം യാത്രയിലാണ് ആഫ്രിക്ക, എത്യോപ്യ, സൊക്കോട്രാ എന്നീ സ്ഥലങ്ങൾ സന്ദർശിച്ചതിനുശേഷം ശ്ലീഹ കൊടുങ്ങല്ലൂർ എത്തിയത്;

4. മലബാറിൽ നിന്ന് കൊറോമാണ്ടൽ തീരത്തേക്ക് യാത്ര ചെയ്യുക വിശുദ്ധന് പ്രയാസമായിരുന്നില്ല ;

5. കൊറോമാണ്ടൽ തീരത്തു തന്നെ ആയിരുന്നിരിക്കും അദ്ദേഹത്തിന്റെ അന്ത്യം. ഇത് മലബാർ - കൊറോമാണ്ടൽ തീരങ്ങളിൽ പ്രാബല്യത്തിലായ പൊതു ക്രൈസ്തവ പാരമ്പര്യമാണ്.

തോമസിന്റെ രക്തസാക്ഷിത്വം കലാമിന എന്ന സ്ഥലത്തായിരുന്നു എന്ന തർക്കവിഷയം തന്റെ പുസ്തകത്തിൽ ചർച്ച ചെയ്തിരിക്കുന്നു. തോമായുടെ നടപടികളിലോ മറ്റു ആദ്യകാല ലിഖിതങ്ങളിലോ മാർ അപ്രേമിന്റെ രചനകളിലോ ഈ പദമില്ല. എന്നാൽ ഏഴാം നൂറ്റാണ്ടിനു ശേഷമുള്ള ഏതാനും ഗ്രീക്ക്, ലത്തീൻ, സുറിയാനി ഗ്രന്ഥകർത്താക്കളിലാണ് നാം ഇതു കാണുക. പിന്നീടത് അപ്പസ്തോലന്മാരുടെ വിവരപ്പട്ടികയിൽ ഇടം നേടി. സ്ഥലനാമം എന്നർത്ഥമുള്ള കലയും സുറിയാനി ഭാഷയിൽ തുറമുഖത്തെ ദ്യോതിപ്പിക്കുന്ന എൽമിനയും ചേർന്നുള്ള ഒരു കൂട്ടുപദമാണിതെന്നും സെമിറ്റിക് പദം അല്ലെന്നും മെഡ്ലിക്കോട്ട് കണ്ടെത്തിയിട്ടുണ്ട്. ഇവിടെ നിന്നായിരിക്കാം അപ്പസ്തോലന്റെ അവശിഷ്ടങ്ങൾ എദേസയിലേക്ക് കൊണ്ടുപോയതെന്നും രക്തസാക്ഷിത്വം അവിടെയായിരുന്നു എന്നുള്ളത് ഒരു പിൽക്കാല വ്യാഖ്യാനമാണെന്നും അദ്ദേഹം വിശകലനം ചെയ്തിരിക്കുന്നു. ഇന്ത്യ തോമസിൽ നിന്ന് വിശ്വാസം സ്വീകരിച്ചു എന്നത് തെളിയിക്കാൻ കലാമിന പ്രശ്നം പരിഹരിക്കേണ്ടത് അത്യാവശ്യമായ ഒന്നല്ല എന്നാണ് ഗവേഷകന്റെ പക്ഷം.

ഈ അദ്ധ്യായത്തിന്റെ അവസാനത്തിലാണ് ടോളമിയുടെ 'മലിയാർഫാ' ചർച്ച ചെയ്തിട്ടുള്ളത്. ഗ്രീക്കിലും ലത്തീനിലും ഇറ്റാലിയനിലും കാണുന്ന 'മലിയാർഫാ' ഇന്നത്തെ മൈലാപൂരിനെ തന്നെയാണ് വിവക്ഷിക്കുക. ഒരു വാക്ക് മറ്റൊരു ഭാഷയിലേക്ക് സ്വീകരിക്കുമ്പോൾ ചില അക്ഷരങ്ങൾക്ക് ഉണ്ടാകുന്ന ഉച്ചാരണ പരിണാമമല്ലാതെ മറ്റൊന്നും ഈ പേരിലില്ലെന്ന് ഗ്രന്ഥകാരൻ ബോധ്യപ്പെടുത്തുന്നു.

അഞ്ചാമത്തെ അദ്ധ്യായത്തിന്റെ ശീർഷകം 'ഇന്ത്യയുടെ ആരോപിത അപ്പസ്തോലന്മാർ' എന്നാണ്. തോമാസ് അപ്പസ്തോലൻ ആദ്യമായി ഇന്ത്യയിൽ സുവിശേഷമെത്തിച്ചു എന്നാണ് പൊതുവേ ആഗോള ക്രൈസ്തവരുടെ അവകാശവാദം. ഈ ഒന്നാം സ്ഥാനത്തിന് അർഹരായി വി. പന്തേനൂസ്, വി.ഫ്രുമെൻഷ്യസ്, തെയോഫിലസ് എന്നിവരുടെ പേരുകൾ ചിലർ ഉന്നയിച്ചിരിക്കുന്നു. മെഡ്ലിക്കോട്ട് ഈ ത്രിമൂർത്തികളുമായി

ബന്ധപ്പെട്ട ചരിത്ര പരാമർശനങ്ങൾ പരിശോധിക്കുകയുണ്ടായി. ഇവർ ചെയ്തതായി പറയപ്പെടുന്ന സുവിശേഷ വേല തീർത്തും നാമമാത്രമോ അപൂർണ്ണമോ ആണെന്നും ഭാരതത്തിന്റെ പ്രഥമ പ്രേഷിതത്വത്തിനുള്ള അർഹത അവർക്കില്ലെന്നും മാർത്തോമ്മായ്ക്ക് സമശീർഷരായി മറ്റാരുമില്ലെന്നും അദ്ദേഹം സ്ഥാപിച്ചിട്ടുണ്ട്. പന്തേനൂസ് സന്ദർശിച്ചത് നമ്മുടെ ഇന്ത്യയല്ലെന്നും അദ്ദേഹം എത്തിച്ചേർന്നത് അറേബ്യയുടെ താഴത്തെ അറ്റത്ത് സബേയർ താമസിച്ചിരുന്ന ഇന്റീസിൽ ആയിരുന്നു. അവിടെ ആദ്യം സുവിശേഷം എത്തിച്ചത് വി. ബർത്തലോമ്യ ആണെന്നും ഗവേഷകൻ സമർത്ഥിച്ചിരിക്കുന്നു.

‘മാനിയുടെ ശിഷ്യനായ തോമസ് ഇന്ത്യ സന്ദർശിച്ചുവോ’ എന്ന ചോദ്യമാണ് ആറാം അധ്യായത്തിലെ പ്രതിപാദ്യവിഷയം. മാനിയുടെ ശിഷ്യത്രയത്തിലെ ഒരാളായ തോമസ് ഇന്ത്യയിലേക്കല്ല യൂദയായിലേക്കാണ്. ഇന്ത്യയിൽ പ്രസംഗിച്ചത് വിശുദ്ധ തോമസല്ല ; പിന്നെയോ മാനിയുടെ ഒരു ശിഷ്യനാണ് എന്നു ചിന്തിക്കുന്നതിന്റെ അടിസ്ഥാനം ശുദ്ധ അസംബന്ധമാണെന്ന് മെഡ്‌ലിക്കോട്ട് യുക്തിഭദ്രമായി തെളിയിച്ചിട്ടുണ്ട്.

പ്രബന്ധത്തിൽ ഇനി ശേഷിക്കുന്നത് അനുബന്ധമാണ്. അതാകട്ടെ അത്യന്തം ചിന്തോദ്ദീപകവും വിജ്ഞാനപ്രദവും സാമാന്യം ദൈർഘ്യമേറിയതുമാണെന്ന് പറയാതിരിക്കുന്നത് അന്യായമായിരിക്കും. ‘തോമസിന്റെ നടപടികളുടെ ഒരു വിമർശനാത്മകാപഗ്രഥനം’ എന്നാണ് ശീർഷകം. ഹ്രസ്വമായ ഒരു ആമുഖത്തോടെ ആരംഭിക്കുന്ന അനുബന്ധം മൂന്നു ഭാഗങ്ങളായി വിഭജിക്കപ്പെട്ടിരിക്കുന്നു. ആകെയുള്ളത് 29 ഉപശീർഷകങ്ങൾ: ഒന്നുമുതൽ ആറുവരെ ഒന്നാം ഭാഗം; 7 മുതൽ 18 വരെ രണ്ടാം ഭാഗം;19 മുതൽ 29 വരെയുള്ളത് മൂന്നാംഭാഗം. മൂന്ന് അധ്യായങ്ങളിൽ ഉന്നയിക്കപ്പെട്ടിട്ടുള്ള ചില കാര്യങ്ങളുടെ വിശദീകരണം ഇവിടെ കാണാം. തോമസിന്റെയെന്നപോലെ വി.തെക്ള‌ായുടെയും, വി.അന്ത്രയോസിന്റെയും നടപടികളും ഇവിടെ വിലയിരുത്തപ്പെടുന്നു. തോമാചരിതം സംബന്ധിച്ചുള്ള സുറിയാനി, ഗ്രീക്ക്, ലത്തീൻ ഭാഷ്യങ്ങൾ താരതമ്യം ചെയ്തിട്ടുണ്ട്.



India Postal Stamp in 1973

പ്രാചീനവും സമകാലീനവുമായ രേഖകളും സാക്ഷ്യങ്ങളും തേടിപ്പിടിപ്പിക്കാൻ ഗ്രന്ഥകാരൻ ചെയ്ത കഠിനാധ്വാനം എത്ര പ്രകീർത്തിച്ചാലും അധികമാവില്ല. മെഡ്‌ലിക്കോട്ടിന്റെ ബഹുഭാഷാവഗാഹം അപാരം തന്നെ. വിസ്താരഭയത്താൽ വിശദീകരണമൊന്നുമില്ലാതെ 29 ഉപശീർഷകങ്ങൾ മാത്രം ചുവടെ ചേർക്കുന്നു.

### ഭാഗം I

1.മാനദണ്ഡങ്ങൾ, 2.നടപടികൾ ഒരു കെട്ടുകഥയോ?, 3.ഒരേ കാര്യം രണ്ടു വിഭിന്ന കാഴ്ചപ്പാടുകൾ, 4. ജ്ഞേയവാദികളും നടപടികളും, 5.പിന്തുണയ്ക്കുന്ന കാരണങ്ങൾ, 6.നടപടികൾക്ക് ബാധകമായ മാനദണ്ഡങ്ങൾ.

### ഭാഗം II

7.അബ് ദിയാസ്, അദ്ദേഹത്തിന്റെ വിവരസമാഹാരം, 8.തോമാസിന്റെ നടപടികൾ, മൂലഭാഷ, 9.നടപടികളുടെ സുറിയാനി പാഠരൂപം, 10.ഗ്രീക്ക് ഭാഷ്യം, 11.ലത്തീൻ ഭാഷ്യം, 12.മറ്റു ഭാഷ്യങ്ങൾ, 13.തെക്ളായുടെ നടപടികൾ, 14.നടപടികളുടെ പുനർനിർമ്മിതി, 15.ജ്ഞേയവാദികളുടെ വക കൂട്ടിച്ചേർക്കൽ, 16.അന്ത്രയോസിന്റെ നടപടികളും അവർ ദത്തെടുത്തു, 17.ടൂർസിലെ വി. ഗ്രിഗറി, 18.വി. ഗ്രിഗറി

### ഭാഗം III

19.ആമുഖം, 20. തോമസിന്റെ പ്രഥമദൗത്യം, 21.സ്വപ്ന-ദർശനത്തിന്റെ കഥ, 22. കൂടെ കൂടെ മാറ്റംവരുത്തിയ സുറിയാനി പാഠം, 23. നാടകീയ വൽക്കരിക്കപ്പെട്ട നടപടികൾ,24. തോമസിന്റെ രണ്ടാം ദൗത്യ ചർച്ച, 26.ഒരു സാങ്കല്പിക കൂട്ടിച്ചേർക്കൽ, 27.അദ്ധ്യായം VII വിവരണം, 28. അദ്ധ്യായം VIII ഏഷ്യൻ ജ്ഞേയാദസംഘങ്ങൾ ചർച്ച ചെയ്യപ്പെടുന്നു, 29. തെക്ലായുടെയുടെയും തോമസിന്റെയും നടപടികളിൽ സൈദ്ധാന്തിക കൂട്ടിച്ചേർക്കലുകൾ.

മാർത്തോമ്മായുടെ പൈതൃകം പേറുന്ന തൃശ്ശൂരിന്റെ പ്രഥമമെത്രാൻ, തന്റെ സമുദായക്കാർക്കും ചരിത്രാന്വേഷികൾക്കും വേണ്ടി സമർപ്പിച്ച തിരുമുൽക്കാഴ്ചയാണ്, അക്ഷയ ഖനിയാണ് **ഇന്ത്യയും തോമാസ് അപ്പസ്തോലനും.** എന്ന ഗ്രന്ഥം. അദ്ദേഹത്തിന്റെ ഈ സദുദ്യമത്തെ അർഹമായ വിധത്തിൽ സ്വീകരിക്കാനോ വേണ്ട വിധത്തിൽ മാർത്തോമ്മാ മക്കൾക്ക് പ്രയോജനപ്പെടുത്താനോ നമുക്ക് നാളിതുവരെ കഴിഞ്ഞിട്ടില്ല. ഇത് അദ്ദേഹത്തോടും ഈ പുസ്തകത്തോടും ചരിത്രത്തോടും ചെയ്യാവുന്ന ഒരു അവഹേളനം തന്നെയാണ്. എത്രയും വേഗം ഈ പോരായ്മ പരിഹരിക്കപ്പെടുമെന്ന് കരുതാം. മെഡ്‌ലിക്കോട്ടിന്റെ ഈ കൃതി ഒരു തവണയെങ്കിലും വായിച്ചവർ തോമാശ്ലീഹയുടെ ഭാരതപ്രേഷിതത്വം അവിശ്വസിക്കുകയില്ലെന്നു മാത്രമല്ല ; അവർ ആ മഹാ ഭാഗ്യത്തിന്റെ പ്രചാരകരായി മാറും. സത്യം പ്രഘോഷിക്കപ്പെടണമല്ലോ? നമ്മുടെ ചരിത്രം – തലമുറകൾ കൈമാറിയ വിശ്വാസം – പഠിച്ചറിയാൻ, മലയാളിയല്ലാത്ത ഈ മെത്രാൻ പ്രകടിപ്പിച്ച താൽപര്യത്തിന്റെയും അനുഭവിച്ച സഹനത്തിന്റെയും ഒരംശമെങ്കിലും അവശേഷിക്കുന്നുണ്ടെങ്കിൽ, നാമിത് പൂർണ്ണരൂപത്തിൽ കണ്ടെത്തി, കയ്യിലെടുത്തു വായിക്കുകയും വായിപ്പിക്കുകയും ചെയ്യും, ചെയ്യാതിരിക്കില്ലെന്ന് തീർച്ച. മാർത്തോമ്മാ സ്നേഹിയും മഹാനുഭവനുമായ മെഡ്‌ലിക്കോട്ട് മെത്രാന് പ്രണാമപുഷ്പങ്ങൾ !

# തോമായുടെ നടപടി



റവ. ഡോ. ജോൺസൺ
ചിറ്റിലപ്പിള്ളി



Pages of Acts of Thomas or Book of Thomas

**തോമാശ്ലീഹായുടെ ഭാരതത്തിലേക്കുള്ള പ്രേഷിതയാത്രയും പ്രബോധനങ്ങളും അത്ഭുതങ്ങളും രക്തസാക്ഷിത്വവും വിവരിക്കുന്ന സുറിയാനി മൂലഭാഷയായി രചിക്കപ്പെട്ട അപ്രമാണിക ഗ്രന്ഥമാണ് Acts of Thomas**

മൂന്നാം നൂറ്റാണ്ടിന്റെ ആദ്യകാലങ്ങളിൽ (180–230 എ.ഡി.) രൂപം കൊണ്ട അപ്പസ്തോലന്മാരുടെ പ്രവർത്തനങ്ങൾ എന്ന ഉപവിഭാഗത്തിൽപ്പെടുന്ന അപ്രമാണിക ഗ്രന്ഥമാണ് തോമസ് ആക്ട്സ് എന്നറിയപ്പെടുന്ന തോമായുടെ നടപടികൾ. യൂദാസ് തോമസിന്റെ ഭാരതത്തിലേക്കുള്ള പ്രേഷിതയാത്രയും പ്രബോധനങ്ങളും അത്ഭുതങ്ങളും അവസാനമായി

അപ്പസ്തോലന്റെ രക്തസാക്ഷിത്വവും സുറിയാനി മൂലഭാഷയായി വിരചിതമായ ഈ ഗ്രന്ഥത്തിൽ വിവരിക്കുന്നു. അപ്രമാണിക ഗ്രന്ഥമാണെങ്കിലും അതിന്റെ കാവ്യാത്മകവും ആരാധനാക്രമവുമായ ഘടകങ്ങൾ സുറിയാനിയിലെ ക്രിസ്തുദർശനങ്ങളുടെ സ്രോതസ്സും ആദ്യകാല സിറിയൻ ക്രിസ്ത്യൻ ദൈവശാസ്ത്രത്തിനും, പാരമ്പര്യങ്ങൾക്കും ശക്തമായ തെളിവുകൾ നൽകുന്നു. 170 നടപടികളിലായി രചിക്കപ്പെട്ടിട്ടുള്ള ഈ കൃതിയെ സംക്ഷിപ്തമായി പരിചയപ്പെടുത്തുകയാണിവിടെ.

## ഒന്നാം നടപടി: 1–16

ക്രിസ്തുവിന്റെ സ്വർഗ്ഗാരോഹണത്തിനുശേഷം ജറുസലേമിൽ സമ്മേളിച്ച ശിഷ്യർ സുവിശേഷവേലയ്ക്കായി ഏതെല്ലാം രാജ്യങ്ങളിൽ പോകണമെന്നതിന് കുറിയിട്ടു. ഇന്ത്യ ലഭിച്ചത് യൂദാസ് തോമസിനായിരുന്നു. അതിനു വിസമ്മതം കാണിച്ച തോമസിന് യേശു പ്രത്യക്ഷനായി അതു തന്റെ ഹിതമാണെന്നറിയിച്ചു. ഈയവസരത്തിൽ ഇന്ത്യയിൽനിന്ന് ഗുണ്ടഫർ രാജാവ് അയച്ച റാബാൻ എന്ന കച്ചവടക്കാരന് യേശു തന്നെ തോമസിനെ 20 വെള്ളി നാണയങ്ങൾക്ക് വിൽക്കുന്നു. അടുത്ത പ്രഭാതത്തിൽ തോമസ് യേശുവിന്റെ ഹിതം തന്നിൽ നിറവേറുവാൻ പ്രാർത്ഥിച്ച് റാബാന്റെ കൂടെ കപ്പലിൽ സാന്തൂക്ക് എന്ന നഗരത്തിലെത്തുന്നു.

നഗരത്തിൽ വലിയ ആഘോഷമാണ് നടക്കുന്നത്. രാജാവിന്റെ ഏകമകളുടെ വിവാഹാഘോഷത്തിന് എല്ലാവരേയും ക്ഷണിച്ചുകൊണ്ടുള്ള രാജകിങ്കരന്മാരുടെ ദൂത് യൂദാസ് തോമസിനും ലഭിച്ചു. വിവാഹാഘോഷത്തിൽ പങ്കെടുത്ത തോമസിന്റെ കവിളിൽ ഒരു പാനപാത്രവാഹകൻ അടിച്ചു. എന്റെ ദൈവം വരാനിരിക്കുന്ന ലോകത്ത് നിന്നോട് ക്ഷമിക്കും. എന്നാൽ ഈ ലോകത്ത് എന്നെ അയച്ച ദൈവം തന്റെ അത്ഭുതപ്രവർത്തികൾ കാണിക്കും എന്ന് പറഞ്ഞു. പാനപാത്രവാഹകൻ ഒരു ജലധാരയിൽ വെള്ളം എടുക്കുന്നതിനു പോയപ്പോൾ ഒരു സിംഹം അവനെ കടിച്ചുകീറി. ഒരു കറുത്ത നായ അവന്റെ വലതുകരം കടിച്ചെടുത്ത് വിരുന്നുശാലയുടെ മദ്ധ്യേ കൊണ്ടുവന്നു. ആ സംഭവം തോമസിനെ പ്രസിദ്ധനാക്കി. യൂദാസിനോട് തന്റെ മകൾക്കായ് പ്രാർത്ഥിക്കാൻ രാജാവ് ക്ഷണിച്ചു.

## രണ്ടാം നടപടി: 17–29

യൂദാസിനോടൊപ്പം റാബാൻ എന്ന കച്ചവടക്കാരൻ രാജാവിനെ കണ്ട് യൂദാസിന്റെ വൈദഗ്ദ്ധ്യം മനസ്സിലാക്കി തനിക്കായി ഒരു കൊട്ടാരം നിർമ്മിക്കാൻ ആവശ്യപ്പെടുകയും അതിനായ് സ്ഥലം കാണിച്ചുകൊടുക്കുകയും ചെയ്തു. '*തെസരി*' മാസത്തിൽ തുടങ്ങി *നിസാൻ* മാസത്തിൽ ഞാനതു അവസാനിപ്പിക്കാമെന്ന് തോമസ്. നിർമ്മാണപ്രവർത്തനങ്ങൾക്കായ് നല്ലൊരു തുക യൂദാസിനു നൽകി. രാജാവ് അവിടെനിന്നും വിടചൊല്ലി. യൂദാസ് ഗ്രാമങ്ങളിലും പട്ടണങ്ങളിലും സഞ്ചരിച്ച് പാവങ്ങളെ ശുശ്രൂഷിച്ചും രോഗികളെ സൗഖ്യപ്പെടുത്തിയും സമയം ചെലവഴിച്ചു. ഏറെനാൾ കഴിഞ്ഞ് കൊട്ടാരനിർമ്മാണത്തെക്കുറിച്ച് രാജാവ് അന്വേഷിച്ചപ്പോൾ മേൽക്കൂര കൂടി പണിയാനുണ്ടെന്ന് വിവരമറിയിച്ചു. ഒരിക്കൽ രാജാവ് പട്ടണത്തിലെത്തിയപ്പോൾ ജനങ്ങളോട് പുതുതായി നിർമ്മിക്കുന്ന കൊട്ടാരത്തെക്കുറിച്ചന്വേഷിച്ചു. അവിടെ കൊട്ടാരമൊന്നും പണിയുന്നില്ല, തോമസ് നാടുചുറ്റി നടക്കുകയാണെന്ന് അറിയിച്ചു. രാജാവ് കച്ചവടക്കാരനെയും യൂദാസിനെയും വിളിച്ചു ചോദിച്ചപ്പോൾ, രാജാവ് ഈ ലോകത്ത്നിന്ന് പോകുമ്പോഴേ കൊട്ടാരം കാണാനാകൂ എന്നാണ് യൂദാസ് മറുപടി പറഞ്ഞത്. കുപിതനായ രാജാവ് ഉടനെ രണ്ടുപേരെയും ജയിലിലടച്ചു.

രാത്രിയിൽ രാജാവിന്റെ സഹോദരൻ ഗാദിന് ഒരു ജ്വരമുണ്ടായി. നീ ആ മായാജാലക്കാരനെ ശിക്ഷിച്ചാൽ എനിക്കൊരിക്കലും സമാധാനം ലഭിക്കില്ലെന്ന് പറഞ്ഞ് അയാൾ മരിച്ചു. ഗാദിനെ മാലാഖമാർ സ്വർഗ്ഗത്തിലേക്ക് കൂട്ടിക്കൊണ്ടുപോയി. അവിടെ ഓരോ സ്ഥലവും കാണിച്ചു. യൂദാസ് രാജാവിനുവേണ്ടി പണിത കൊട്ടാരത്തിലെത്തിയപ്പോൾ അതിലെ താഴ്ന്ന ഒരിടത്ത് എനിക്ക് താമസിക്കണമെന്ന് ഗാദ് മാലാഖമാരോടാവശ്യപ്പെട്ടു. നിങ്ങൾക്കതിൽ താമസിക്കാനാകില്ല. കാരണം ഇത് ക്രിസ്ത്യാനികൾ നിങ്ങളുടെ സഹോദരനുവേണ്ടി നിർമ്മിച്ച കൊട്ടാരമാണെന്ന് മാലാഖമാർ പറഞ്ഞു. എന്റെ സഹോദരൻ ഇതു കണ്ടിട്ടില്ല. ഞാൻ പറഞ്ഞാൽ അവനതു എനിക്കു നൽകുമെന്ന് ഗാദ്. കുറച്ചുകഴിഞ്ഞപ്പോൾ ഗാദിന്റെ ആത്മാവിനെ മാലാഖമാർ ശരീരത്തിൽ പ്രവേശിക്കാനനുവദിച്ചു. സ്വർഗ്ഗത്തിൽ നീ പണിതീർത്ത കൊട്ടാരം എനിക്കു തരണമെന്ന് ഗാദ് രാജാവിനോട് ആവശ്യപ്പെട്ടു. രാജാവ് ഉടനെ യൂദാസിനെയും കച്ചവടക്കാരനെയും ജയിലിൽനിന്ന് മോചിപ്പിച്ച് മാപ്പ് ചോദിച്ചു. നീ പണിതീർത്ത കൊട്ടാരത്തിൽ പ്രവേശിക്കാനും നീ പ്രസംഗിക്കുന്ന ദൈവത്തിന്റെ ആരാധകനാകാനും തന്നെ യോഗ്യനാക്കണമെന്ന് രാജാവ് അപേക്ഷിച്ചു. 7 ദിവസങ്ങൾക്കുശേഷം അവരെ സ്നാനപ്പെടുത്തി; വി. കുർബ്ബാനയിൽ പങ്കുചേർത്തു. അനേകർ അവരുടെ കൂടെ ചേർന്നു.



The sculpture of dead St.Thomas - St. Thomas Mount, Chennai



St Thomas: An artwork in San Thome museum, Chennai

## മൂന്നാം നടപടി: 30–38

നമ്മുടെ കർത്താവ് ആവശ്യപ്പെട്ടിടത്തോളം അപ്പസ്തോലൻ ചുറ്റി സഞ്ചരിച്ചു. ഒരിക്കൽ റോഡിലൂടെ നടക്കുമ്പോൾ ഒരു സുന്ദരനായ യുവാവിന്റെ മൃതശരീരം വഴിയരികിൽ കിടക്കുന്നു. അപ്പസ്തോലൻ പ്രാർത്ഥിക്കാൻ തുടങ്ങിയപ്പോൾ ഒരു കറുത്ത സർപ്പം ആ ശരീരത്തിൽ നിന്ന് പുറത്തുവന്ന് തലയും വാലും അടിക്കാൻ തുടങ്ങി. പാമ്പ് അപ്പസ്തോലനോട് പറഞ്ഞു. ഈ ഗ്രാമത്തിലെ ഒരു സുന്ദരിയെ എനിക്കിഷ്ടമായി. എന്നാൽ ഒരു യുവാവ് അവളെ സ്നേഹിക്കുകയും അവളോടൊത്തു ശയിക്കുകയും ചെയ്തു. ആ രാത്രി യുവാവ് എന്റെയടുത്തുകൂടെ നടന്നു പോകുമ്പോൾ ഞാനവനെ കൊത്തിക്കൊന്നു. യൂദാസ് ആ പാമ്പിനോട്: നീ യഥാർത്ഥത്തിൽ ആരാണെന്നു ചോദിച്ചു. ആ പാമ്പ് താൻ പിശാചാണെന്ന് സ്വയം വെളിപ്പെടുത്തി. ഇതെല്ലാം കേട്ട് കുറെ ആളുകൾ അവിടെ നിന്നിരുന്നു. അപ്പസ്തോലൻ പാമ്പിനോട് യുവാവിൽനിന്ന് വിഷം തിരിച്ചെടുക്കാനാവശ്യപ്പെട്ടു. പാമ്പ് മുഴുവൻ വിഷവും തിരിച്ചെടുത്തപ്പോൾ യുവാവ് എഴുന്നേറ്റുനിന്നു. പാമ്പ് അവിടെ കിടന്ന് പൊട്ടിത്തെറിച്ചു. അതിനെ അവിടെ കുഴിച്ചിട്ടു. യൂദാസ് അവിടെ കൂടിയിരുന്നവരോട് കർത്താവായ മിശിഹായെക്കുറിച്ചും ഒരിക്കലും നശിക്കാത്ത സ്വർഗ്ഗ നിധിയെക്കുറിച്ചും സംസാരിച്ചു. ദൈവത്തിന്റെ ദാസരും അവിടുത്തെ ഹിതം നിറവേറ്റുന്നവരുമാകുവാൻ അവരെ ഉദ്ബോധിപ്പിച്ചു.

## നാലാം നടപടി: 39–41

അപ്പസ്തോലൻ ജനങ്ങളോട് സംസാരിച്ചുകൊണ്ട് നിൽക്കുമ്പോൾ ഒരു കഴുത അവിടെ വന്നു. അതിനോട് യൂദാസ് ദൈവനാമത്തിൽ സംസാരിക്കാനാവശ്യപ്പെട്ടു. ഉടനെ അതു സംസാരിക്കാൻ തുടങ്ങി. മിശിഹായുടെ ദിദിമോസേ, എന്റെമേൽ ഇരുന്ന് നഗരത്തിലേക്ക് പ്രവേശിക്കുക. അതു പറയാൻ തുടങ്ങി. ഞാൻ ബാലാം പ്രവാചകനെ സഹായിച്ചവരിൽപ്പെടുന്നവനാണ്. നഗരവാതില്ക്കലെത്തിയപ്പോൾ അപ്പസ്തോലൻ കഴുതപുറത്ത് നിന്നിറങ്ങി അതിനോട് പറഞ്ഞു: നീ പോയി, നീ ആയിരുന്നതുപോലെയാകട്ടെ. ആ നിമിഷം അതവിടെ വീണു ചത്തു. ജനങ്ങൾക്കു അതിനോട് അനുകമ്പ തോന്നി. അതിനു ജീവൻ നൽകാനാവശ്യപ്പെട്ടു. അപ്പസ്തോലൻ പറഞ്ഞു: അതു സാധ്യമാണെങ്കിലും ഇപ്പോൾ അതിനെ ഇവിടെ സംസ്ക്കരിക്കുക. അവർ അപ്പസ്തോലൻ കല്പിച്ചതുപോലെ ചെയ്തു.

## അഞ്ചാം നടപടി: 42–50

അനേകം ജനങ്ങളാൽ അനുഗതനായി അപ്പസ്തോലൻ നഗരത്തിലേക്കു പോയി. താൻ ജീവൻ നൽകിയ യുവാവിന്റെ ഭവനത്തിലേക്ക് പോകാനായിരുന്നു യൂദാസ് ആഗ്രഹിച്ചത്. അതിനിടയിൽ ഒരു യുവതി കരഞ്ഞുകൊണ്ട് പറഞ്ഞു: അഞ്ചുകൊല്ലമായി ഞാൻ ശത്രുവിനാൽ പീഡിപ്പിക്കപ്പെടുന്നു. ഒരിക്കൽ കുളികഴിഞ്ഞു വരുമ്പോൾ ഒരാൾ ശാരീരികബന്ധം പുലർത്താൻ എന്നെ ക്ഷണിച്ചു. അദ്ദേഹം രാത്രിയിൽ വന്നു എന്നെ ശല്യപ്പെടുത്തുന്നു. എന്നെ ഈ ദുരവസ്ഥയിൽ നിന്നും രക്ഷിക്കണമെ. യൂദാസ് സ്വരമുയർത്തി പ്രാർത്ഥിച്ച് അവളിൽനിന്നും ദുരാത്മാവിനോട് പുറത്തുവരാൻ കല്പിച്ചു. അവിടെ തീയും പുകയും കാണാനായി. അരികെയുണ്ടായിരുന്നവരെല്ലാം ആശ്ചര്യഭരിതരായി. ബന്ധനസ്ഥയായ സ്ത്രീ ഇനിയും തന്റെമേൽ ദുഷ്ടാരൂപിയുടെ ആക്രമണം ഉണ്ടാകാതിരിക്കാൻ തന്നെ വി. തൈലത്താൽ മുദ്രയിടാൻ ആവശ്യപ്പെട്ടു. അടുത്തുള്ള ഒരു പുഴയുടെ തീരത്തേക്ക് അവരെ കൊണ്ടുപോയി സ്ത്രീയടക്കം അനേകർക്ക് മാമ്മോദീസ നൽകി.

## ആറാം നടപടി: 57–61

ഒരിക്കൽ ഒരു യുവാവ് വലിയൊരു തെറ്റു ചെയ്തു. അതിനുശേഷം അവൻ വി. കുർബ്ബാന സ്വീകരിക്കാൻ അത് വായിലേയ്ക്കടുപ്പിച്ചപ്പോൾ അവന്റെ കൈകൾ തളർന്നു പോയി. അവന് എന്താണ് സംഭവിച്ചതെന്ന് കൂടെയുണ്ടായിരുന്നവർ അപ്പസ്തോലനോട് ആരാഞ്ഞു. യൂദാസ് യുവാവിനെ വിളിച്ച് മകനെ, എന്താണ് സംഭവിച്ചതെന്ന് പറയാൻ ആവശ്യപ്പെട്ടു. അവൻ വെളിപ്പെടുത്തി: ഞാനൊരു സ്ത്രീയെ സ്നേഹിച്ചിരുന്നു. അവൾക്കും എന്നെ ഇഷ്ടമായിരുന്നു. മാമ്മോദീസ സ്വീകരിച്ച ഞാൻ കേട്ടിരുന്നു: വ്യഭിചാരം ചെയ്യുന്നവരിൽ ദൈവികജീവനുണ്ടായിരിക്കുകയില്ല എന്ന്. ഞാൻ അവളുമായി വിശുദ്ധമായി ജീവിക്കാൻ തുടങ്ങി. എന്നാൽ അവൾ അതിനു തയ്യാറല്ലായിരുന്നു. അതിനാൽ അവളുമായി ശയിച്ച്

ഞാനവളെ കൊന്നു.

അപ്പസ്തോലൻ ഒരു പാത്രത്തിൽ വെള്ളം കൊണ്ടുവരാൻ ആവശ്യപ്പെട്ടു. അതിന്മേൽ പ്രാർത്ഥിച്ച്, യുവാവിനോട് ആ വെള്ളത്തിൽ കൈകഴുകാൻ ആവശ്യപ്പെട്ടു. കഴുകിയപ്പോൾ അവന്റെ രണ്ടു കൈകളും പൂർവ്വസ്ഥിതി പ്രാപിച്ചു. തുടർന്ന് അവൻ ഇതു ചെയ്ത സത്രത്തിലേക്ക് അവർ അവനെ കൊണ്ടു പോയി. അനേകർ അവരെ അനുഗമിച്ചിരുന്നു. അവിടെ മരിച്ച ആ പെൺകുട്ടിയുടെ മൃതശരീരം അവർ കണ്ടു. യുവാവിന്റെ മേൽ കുരിശുവരച്ച് അവനോട് ആ പെൺകുട്ടിയുടെ കൈ പിടിക്കാൻ ആവശ്യപ്പെട്ടു. യുവാവ് കുട്ടിയുടെ കൈ സ്പർശിച്ച മാത്രയിൽ അവൾ എഴുന്നേറ്റു. അവർ ചോദിച്ചു: എവിടെ എന്റെ കൂടെയുണ്ടായിരുന്നവൻ. വിരൂപനായ അവൻ ഗർത്തങ്ങളുള്ള ഒരിടത്തേക്കു എന്നെ കൊണ്ടുപോയി. അവിടെ ദുർഗന്ധവും തീയുമായിരുന്നു. ദൈവകല്പന ലംഘിക്കുന്നവർ ഇവിടെയാണു യാതന അനുഭവിക്കുക. യൂദാസ് ജനത്തോട് പറഞ്ഞു: നിങ്ങളും ഈ പീഡനസ്ഥലത്ത് വരാതിരിക്കുവാൻ മാനസാന്തരപ്പെടുവിൻ. അവർ അപ്പസ്തോലനെ വിശ്വസിക്കുകയും ജീവനുള്ള ദൈവത്തിന്റെ മിശിഹായ്ക്ക് തങ്ങളെ സമർപ്പിക്കുകയും ചെയ്തു. ഉപവിപ്രവർത്തനങ്ങൾക്കായ് തങ്ങൾക്കുള്ളതു കാഴ്ചവെച്ചു. അപ്പസ്തോലൻ അനേകം രോഗികളുടെമേൽ പ്രാർത്ഥിച്ച് അവരെ സൗഖ്യപ്പെടുത്തി.

## ഏഴാം നടപടി: 62–67

യൂദാസ് ഇന്ത്യയിൽ പ്രസംഗിച്ചു നടക്കുമ്പോൾ രാജാവിന്റെ ജനറാൾ വന്നു പറഞ്ഞു എനിക്ക് ഭാര്യയും മകളുമുണ്ട്. ഒരിക്കൽ നഗരത്തിലെ വിനോദക്കാഴ്ചകളിലേക്ക് ഭാര്യയെയും മകളെയും അവരുടെ താല്പര്യത്തിന് വിരോധമായി ഞാൻ അയച്ചു. പെട്ടെന്നാണ് നിലവിളിയും കരച്ചിലും ഞാൻ കേട്ടത്. എന്റെ ദാസർ വന്നു പറഞ്ഞു. ഒരാളും മറ്റൊരു ആൺകുട്ടിയും അങ്ങയുടെ ഭാര്യയുടെയും മകളുടെയുംമേൽ കൈവയ്ക്കുന്നതു കണ്ടു. അവരെ വീട്ടിലേക്ക് എടുത്തുകൊണ്ടു വന്നു. അവർ എഴുന്നേറ്റിരുന്നെങ്കിലും രാത്രിയും പകലും ഒരേ കിടപ്പാണ്. ചിലപ്പോൾ അവർ ഇവരെ വലിച്ചെറിയും. മൂന്നു വർഷമായി അവർ ഈ പീഡകൾ സഹിക്കുകയാണ്. ഞങ്ങളെ രക്ഷിക്കണം. അപ്പസ്തോലൻ ജനറാളിനോട് പറഞ്ഞു: കർത്താവായ യേശുവിൽ വിശ്വസിക്കുക. അവിടുന്ന് നിങ്ങളെ സൗഖ്യപ്പെടുത്തും. ഞാനെന്താണ് ചെയ്യേണ്ടത്? അയാൾ ചോദിച്ചു. അപ്പസ്തോലൻ പറഞ്ഞു: നിങ്ങളുടെ മനസ്സ് ഉന്നതങ്ങളിലേയ്ക്കുയർത്തി പ്രാർത്ഥിക്കുക. അപ്പസ്തോലൻ സന്തിപ്പുസ് എന്ന ഡീക്കനോട് എല്ലാ ജനങ്ങളേയും വിളിച്ചുകൂട്ടാൻ ആവശ്യപ്പെട്ടു.

## എട്ടാം നടപടി: 68–81

അപ്പസ്തോലൻ ജനറാളിന്റെ രഥത്തിൽ വീട്ടിലേക്ക് പോകവേ, വണ്ടി വലിച്ചുകൊണ്ടിരുന്ന കാലികൾ ക്ഷീണിതരായി തോന്നി. കുറച്ചകലെ കാട്ടുകഴുതകൾ മേയുന്നത് കണ്ട് ജനറാളിനോട് ||നിങ്ങളിൽ നാലുപേരെ ആവശ്യമുണ്ടെന്ന് പറഞ്ഞാൽ അവ വരും.|| ജനറാൾ നാലുപേരെ ആവശ്യപ്പെട്ടപ്പോൾ എല്ലാ കഴുതകളും വരാൻ തുടങ്ങി. അതിൽ നാലു ശക്തരെ ബന്ധിച്ചു അവർ യാത്രയായി. ജനറാളിന്റെ വീട്ടിലെത്തിയപ്പോൾ പിശാചുക്കൾ ഭാര്യയുടെയും മകളുടെയും മേൽ ഓരിയിടാൻ തുടങ്ങി. അപ്പസ്തോലൻ രഥത്തിന്റെ വലതുവശത്തെ കഴുതയോട്: നീ വീട്ടുമുറ്റത്തേക്കു ചെന്ന് പിശാചുക്കളോട് കർത്താവായ യേശുവിന്റെ അപ്പസ്തോലന്റെ നാമത്തിൽ അവരെ വിട്ടുപോകാൻ പറയുക. യൂദാസ് ആവശ്യപ്പെട്ടപ്രകാരം കഴുത അതു പറഞ്ഞു. അപ്പസ്തോലൻ അവരുടെ അടുത്ത് ചെന്ന് പ്രാർത്ഥിച്ച് അവരെ സൗഖ്യപ്പെടുത്തി. ജനറാളിനോട് അവർക്കു ഭക്ഷിക്കാൻ നൽകാൻ ആവശ്യപ്പെട്ടു. അപ്പസ്തോലൻ കഴുതകളോടു തന്നെ അനുഗമിക്കാനും അവരുടെ മേച്ചിൽപ്പുറത്തേക്ക് പൊയ്ക്കൊള്ളുവാനും പറഞ്ഞു. അവ കൺമുമ്പിൽ നിന്ന് മറയുവോളം അദ്ദേഹം അവരെ നോക്കിനിന്നു.

## ഒമ്പതാം നടപടി: 82–118

യൂദാസ് വീണ്ടും ജനറാളിന്റെ വീട്ടിലെത്തി; അവനോടൊപ്പം വലിയ ജനക്കൂട്ടവും ഉണ്ടായിരുന്നു. അപ്പോൾ രാജാവിന്റെ ബന്ധുവായ കാരിഷിന്റെ ഭാര്യ മിഗ്ഡോണിയ ഒരു മഞ്ചലിൽ അവിടെയെത്തി. അപ്പസ്തോലനെ ശ്രവിച്ചു. അവൾ അപ്പസ്തോലന്റെ പാദങ്ങളിൽവീണ് എന്നെ ദൈവം വസിക്കുന്ന പരിശുദ്ധ ആലയമാക്കണമെ|| എന്നപേക്ഷിച്ചു. മിഗ്ഡോണിയായെക്കുറിച്ചും നിന്റെ ആഭരണ



St. Thomas Kottakavu Church in Kochi, India, has a statue display of St. Thomas, center, proselytizing. The congregation believes it was founded by St. Thomas when he arrived in the area in A.D. 52. Photo by Richard Tamayo



Sclupture of St Thomas corpse, National Shrine of St Thomas, Madras

ങ്ങളെക്കുറിച്ചും വില കല്പി ക്കേണ്ട. അതെല്ലാം ഇല്ലാതാകും. ക്രിസ്തു മാത്രമാണ് നിലനിൽക്കുന്ന വൻ. അവനിൽ നാം വസിക്കണം. ഇപ്പോൾ നീ സമാധാനത്തിൽ പോവുക. അപ്പസ്തോലൻ അവളോടു പറഞ്ഞു. അവൾ വീട്ടിൽ ചെന്ന്, ഒന്നിച്ചു ശയിക്കു ന്നതിൽനിന്ന് എന്നെ ഒഴിവാക്കണമെ എന്ന് ഭർത്താവിനോടാവശ്യപ്പെട്ടു. അവൾ അതിരാവിലെ എഴുന്നേറ്റ് അപ്പസ്തോലവചനങ്ങൾ ശ്രവിക്കുവാൻ ജനറാളിന്റെ വീട്ടിലെത്തി. വൈകിട്ട് നീ എവിടെയായിരുന്നെന്ന് കാരിഷ് തിരക്കി. ഞാനൊരു വൈദ്യനെ കാണാൻ പോയി. അയാൾ ശരീരത്തെ മാത്രമല്ല ആത്മാവിനെയും സുഖപ്പെടു ത്തുന്നവനാണെന്ന് പറഞ്ഞു. കാരി ഷിനു ഭാര്യയുടെ പ്രവർത്തിയിൽ ദേഷ്യം വന്നു. അവൾ കാരിഷിൽനിന്നും മാറി കിടന്നുറങ്ങാനും തുടങ്ങി.

കാരിഷ് രാജാവായ മാസ്ദായിയുടെ മുമ്പിൽ വിഷാദിച്ചു നിൽക്കുന്നതു കണ്ടു, രാജാവ് അതെക്കുറിച്ചാരാഞ്ഞു. ||ഒരു ഹെബ്രായനായ മാന്ത്രികൻ ജനറാളിന്റെ വീട്ടിലിരുന്നു പുതിയൊരു ദൈവത്തെക്കുറിച്ചും പുതിയ ജീവിത നിയമങ്ങളെക്കുറിച്ചും പഠിപ്പിക്കുന്നു. തന്റെ ഭാര്യ അവനെ വിശ്വസിക്കുന്നു. ഒരു വിനാഴിക എന്നിൽനിന്നും മാറാത്ത എന്റെ ഭാര്യ എന്റെ കിടക്കയിൽനിന്നും ഓടിപ്പോയി. ആ മാന്ത്രികനെ തുരത്തി യില്ലെങ്കിൽ നമ്മുടെ നാട്ടുകാരെല്ലാം ന ശിപ്പിക്കപ്പെടും എന്ന് പറഞ്ഞു. വേണ്ടത് ചെയ്യാമെന്ന് പറഞ്ഞ് രാജാവ് അവനെ ആശ്വസിപ്പിച്ചു. രാജാവ് സിഫൂർ എന്ന തന്റെ ജനറാളിനെ വിളിച്ചുവരുത്തി അപ്പസ്തോലനെപ്പറ്റി ആരാഞ്ഞപ്പോൾ തന്റെ ഭാര്യക്കും മകൾക്കും ഉണ്ടായ കാര്യങ്ങൾ വെളിപ്പെടുത്തി. രാജാവ് വേറെയും പടയാളികളെ അയച്ച് യൂദാ സിനെ തന്റെ അടുക്കലേക്ക് വരുത്തി. യൂദാസിനോട്: 'നിന്റെ കഥ എന്നോട് പറയുക' എന്ന് രാജാവ് കല്പിച്ചു. തോമസ് നിശ്ശബ്ദനായതേയുള്ളൂ. ഉടനെ തോമസിനെ ചാട്ടവാറുകൊണ്ട് 150 പ്രാവശ്യം അടിക്കാനും ജയിലിലി ടാനും കല്പിച്ചു.

ജയിലിലായതിൽ യൂദാസ് സന്തോ ഷിച്ച് കർത്താവായ യേശുവിനെ സ്തുതിച്ച് ഒരു കീർത്തനം പാടി. കാരിഷ് തന്റെ ഭാര്യയെ തനിക്കു ലഭി ക്കുമെന്ന സന്തോഷത്തിൽ വീട്ടിലേക്കു പോയി. അവളാകട്ടെ ഒരു ഭ്രാന്തിയെ പ്പോലെ വീട്ടിൽ കഴിയുകയായിരുന്നു. അവൻ അവളെ ആശ്വസിപ്പിച്ച് ഉറങ്ങാൻ പോയി. മിഗ്ഡോണിയ ഇരുപത് നാണ യമെടുത്ത് ജയിൽ പാറാവുകാരനു നൽകാനും യൂദാസിനെ കാണാനും പുറപ്പെട്ടു. ആ സമയം യൂദാസ് തന്റെ പക്കലേക്ക് വരുന്നതു കണ്ടു. അത് മറ്റൊരു പ്രഭുവാണെന്നു കരുതി, വേറൊരു വഴിയിലൂടെ അവൾ നടന്നു.

## പത്താം നടപടി: 119–133

അപ്പസ്തോലനെ കണ്ട് ഭയചകിത യായി മിഗ്ഡോണിയ ചോദിച്ചു: അങ്ങ് എങ്ങനെ ജയിലിൽനിന്നു ഇവിടെയെത്തി? യൂദാസ് പറഞ്ഞു: നമ്മുടെ കർത്താവായ മിശിഹാ എല്ലാ ശക്തികളെക്കാളും ശക്തനാണ്. അവിടുന്ന് ജയിൽവാതിൽ തുറന്നു. മിഗ്ഡോണിയ യൂദാസിനെ തന്റെ വീട്ടി ലേക്ക്, തന്റെ അമ്മ നാർക്കിയുടെ അടുത്തേക്ക് കൊണ്ടുവന്നു. അപ്പസ്തോലൻ വിശുദ്ധ തൈലം കൊണ്ട് അവളുടെ നെറ്റിയിൽ കുരിശ ടയാളം വരച്ച് മുദ്രയിട്ട് മിഗ്ഡോണി യായ്ക്ക് മാമ്മോദീസാ നൽകി. തുടർന്ന് അപ്പം മുറിക്കുകയും ദൈവ പുത്രന്റെ കപ്പിൽ നിന്നും ഭാഗഭാഗിത്വം നൽകുകയും ചെയ്തു. നാർക്കിയായും ഈ അടയാളം തനിക്കും നൽകണ മെന്ന് അപ്പസ്തോലനോടു ആവശ്യ പ്പെട്ടു; അവൾക്കതു നൽകി യൂദാസ് ജയിലിലേക്ക് മടങ്ങി. കാരിഷ് പ്രഭാത ത്തിൽ വന്നു നോക്കിയപ്പോൾ മിഗ്ഡോ ണിയായും അമ്മയും പ്രാർത്ഥിക്കുക യായിരുന്നു. അവൻ ഭാര്യയോടു പറഞ്ഞു: നീ പഴയതുപോലെയാകണം. അവളാകട്ടെ തന്റെ പഴയതും പുതിയ തുമായ ജീവിതങ്ങളുടെ അന്തരം കാരിഷി നോട് വിവരിച്ചു. കാരിഷ് മാസ്ദായുടെ മുമ്പിൽ വന്നു അതെല്ലം ഉണർത്തിച്ചു. രാജാവ് അപ്പസ്തോലനെ വിളിച്ച് നീ എന്ത് അബദ്ധങ്ങളാണ് പഠിപ്പിക്കുന്നത് എന്നു ചോദിച്ചു: ഞാൻ പറയുന്നതിൽ ഒരു തെറ്റ് അങ്ങ് ചൂണ്ടിക്കാണിക്കുമോ എന്ന് യൂദാസും. മിഗ്ഡോണിയായോട് കാരിഷിന്റെ ഭാര്യയാകുവാൻ പറയാൻ യൂദാസിനോട് രാജാവ് കല്പിച്ചു. യൂദാസ് കാരിഷിന്റെ ഭവനത്തിലെത്തി

മിഗ്ഡോണിയായോട് പറഞ്ഞു: മകളെ, കാരിഷ് ആവശ്യപ്പെടുന്നതു സമ്മതിക്കുക. തുടർന്ന് യൂദാസ് ജനറാളിന്റെ ഭവനത്തിലെത്തി. സിഫൂർ തങ്ങൾക്ക് മാമ്മോദീസ നൽകുവാൻ അപ്പസ്തോലനോടാവശ്യപ്പെട്ടു. മാമ്മോദീസായെക്കുറിച്ച് ഉദ്ബോധിപ്പിച്ച് പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ അവർക്ക് മാമ്മോദീസ നൽകുകയും വി. കുർബ്ബാന പങ്കുവെയ്ക്കുകയും ചെയ്തു.

## പതിനൊന്നാം നടപടി: 134–138

മാസ്ദായ് രാജാവ് യൂദാസ് തോമസിനെ ജയിലിലടച്ചതിനുശേഷം തന്റെ ഭവനത്തിൽ വന്നു. തന്റെ ഭാര്യ ടെർസിയായേട് മിഗ്ഡോണിയ ഇപ്പോഴും ആ മന്ത്രവാദി പറയുന്നതാണ് കേൾക്കുന്നതെന്നും നീ അവളോട് അവളുടെ ഭർത്താവ് പറയുന്നത് കേൾക്കണമെന്നും പറയാൻ പറഞ്ഞു. ടെർസിയാ മിഗ്ഡോണിയായോട് സംസാരിച്ചപ്പോൾ അവൾക്കും അപ്പസ്തോലനെ കാണണമെന്ന് തോന്നി. അദ്ദേഹത്തെ കേട്ട അവളും ആ മാർഗ്ഗം സ്വീകരിക്കാൻ തയ്യാറായി. ടെർസിയാ വീട്ടിൽ വന്നു രാജാവും ആ മാർഗ്ഗം സ്വീകരിക്കാനാവശ്യപ്പെട്ടു. മാസ്ദായി ജയിലിൽ പടയാളികളുടെ അടുത്ത് വന്ന് കല്പിച്ചു: ഞാൻ രാജകൊട്ടാരത്തിൽ വിധി പറയുന്ന ഹാളിൽ അവനെ കൊണ്ടുവരിക. പടയാളികൾ രാജകല്പനയനുസരിച്ച് തോമസിനെ അവിടേക്ക് കൊണ്ടുപോയി.

## പന്ത്രണ്ടാം നടപടി: 139–149

മാസ്ദായുടെ പുത്രൻ വീസ്സാൻ ജയിലിൽ വന്നു തനിക്കു യൂദാസിനോട് സംസാരിക്കണമെന്ന് ജയിൽ പാറാവുകാരോട് ആവശ്യപ്പെട്ടു. ആരാണ് നിങ്ങളുടെ ദൈവം? അതു മാന്ത്രിക വിദ്യയാണെങ്കിൽ എന്നെ പഠിപ്പിക്കൂ. ഞാൻ രാജാവിനോട് പറഞ്ഞ് വെറുതെ നിങ്ങളെ വിടാം. യൂദാസ് പറഞ്ഞു. നീ മാസ്ദായുടെ മകനാണ്. രാജാവ് ഇല്ലാതാകും; യേശു എന്ന നിത്യം നില്ക്കുന്ന രാജാവിന്റെ ദാസനാണ് ഞാൻ. തദവസരത്തിൽ രാജാവ് അവിടെയെത്തി. രാജാവ് വിധിപറയുന്ന ഇരിപ്പിടത്തിൽ ഇരുന്നപ്പോൾ തോമസിനെ രണ്ടു കൈകളും പിറകിൽ കെട്ടപ്പെട്ട് അവിടേക്ക് കൊണ്ടുവന്നു: നിങ്ങൾ ആരാണ്? ആരുടെ ശക്തിയിലാണ് നിങ്ങളീ പ്രവർത്തികൾ ചെയ്യുന്നത്? രാജാവ് ചോദിച്ചു. ഞാൻ നിങ്ങളെപ്പോലെ ഒരു മനുഷ്യൻ. ദൈവപുത്രനായ യേശുമിശിഹായുടെ അധികാരത്തിലേക്ക് ഞാനിവ ചെയ്യുന്നത്. നിങ്ങൾക്ക് എന്റെമേൽ ഒരു അധികാരവുമില്ല. നിങ്ങൾക്ക് എന്നെ ഒന്നും ചെയ്യാനുമാവില്ല. ഇതു കേട്ട് കുപിതനായി രാജാവ് കല്പിച്ചു: ഇവനെ രണ്ടു ഇരുമ്പുപാളികൾ പഴുപ്പിച്ച് അതിൽ നഗ്നപാദനായി നിർത്തുക. അങ്ങനെ നിർത്താൻ തുടങ്ങിയപ്പോൾ പെട്ടെന്ന് ധാരാളം വെള്ളം അവിടെ ഉയർന്ന് വന്ന് ഇരുമ്പ് പലക അതിൽ മുങ്ങിപ്പോയി.

ഉടനെ രാജാവ് യൂദാസിനോട് പറഞ്ഞു: നിന്റെ ദൈവത്തോട് ആവശ്യപ്പെടുക. ഈ വെള്ളപ്പൊക്കത്തിൽനിന്ന് ഞങ്ങളെ രക്ഷിക്കുക.|| യൂദാസ് പ്രാർത്ഥിച്ചപ്പോൾ അവിടം പഴയതുപോലെയായി. ഇവനെ ജയിലിലേക്കു മാറ്റുക. രാജപുത്രൻ വിസ്സാനും, ജനറാൾ സിഫൂറും അദ്ദേഹത്തിന്റെ ഭാര്യയും മകളും അവിടെ നിൽക്കുന്നുണ്ടായിരുന്നു. തോമസ് അവരെ ആശ്വസിപ്പിച്ച് രക്ഷകനും വിധികർത്താവുമായ ക്രിസ്തുവിൽ വിശ്വസിക്കാൻ ആവശ്യപ്പെട്ടു. 'സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ...' എന്ന പ്രാർത്ഥന ചൊല്ലി. സുവിശേഷമൂല്യങ്ങളെക്കുറിച്ച് ഉദ്ബോധിപ്പിച്ചു.


Relics of St Thomas at Mylapur

## പതിമൂന്നാം നടപടി: 150–158

രാജാവിന്റെ മകൻ വിസ്സാൻ അപ്പസ്തോലനോടപേക്ഷിച്ചു: ഞാൻ ജയിൽപാറാവുകാരോട് ആവശ്യപ്പെട്ട് അങ്ങയെ എന്റെ വീട്ടിലേക്ക് കൊണ്ടുപോകാൻ അനുവാദം ചോദിക്കട്ടെ. അങ്ങ് ആഗ്രഹിക്കുന്നെങ്കിൽ എനിക്ക് ജീവന്റെ അടയാളം നൽകുക. അതുവഴി ഞാനും അങ്ങ് പ്രസംഗിക്കുന്ന ദൈവത്തിന്റെ ദാസനായിത്തീരട്ടെ. ഏഴു വർഷം മുമ്പ് എന്റെ പിതാവ് മനാഷർ എന്ന സ്ത്രീയെ എനിക്ക് ഭാര്യയായി നൽകി. അവൾ ഇപ്പോൾ രോഗിണിയാണ്. അങ്ങ് എന്റെ ഭവനത്തിൽ വന്ന് അവളെ സുഖപ്പെടുത്തിയാലും.

അവർ സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ ടെർസിയാ, മിഗ്ഡോണിയ, നാർക്കിയ എന്നിവർ ജയിലിന്റെ വാതിൽക്കലെത്തി. അവർ 360 വെള്ളി നാണയങ്ങൾ ജയിൽ സൂക്ഷിപ്പുകാർക്കു നൽകി. അവർ അവരെ ജയിലിലേക്ക് പ്രവേശിപ്പിച്ചു. ടെർസിയ തങ്ങൾക്ക് മുദ്ര നൽകണമെന്നപേക്ഷിച്ചു. യൂദാസ് വിസ്സാനോട് അതിനാവശ്യമായതെല്ലാം ഒരുക്കാനാവശ്യപ്പെട്ടു. അപ്പോൾ വിസ്സാന്റെ ഭാര്യ മനാഷർ അവിടേക്ക് കടന്നുവന്ന് യൂദാസിൽനിന്നും തനിക്കു സ്വപ്നത്തിൽ സൗഖ്യം ലഭിച്ചുവെന്ന് സാക്ഷ്യപ്പെടുത്തി. അവരെല്ലാം വിശ്വാസസമൂഹത്തിലെത്തിയതിന് യൂദാസ് കർത്താവിനെ മഹത്വപ്പെടുത്തി. എല്ലാവർക്കും വി. തൈലംകൊണ്ട് അഭിഷേകം നൽകി. മാമ്മോദീസായ്ക്കു ശേഷം വി. കുർബ്ബാനയും പങ്കുവച്ചു. വി. കുർബ്ബാന ആത്മാക്കളുടെയും ശരീരത്തിന്റെയും സൗഖ്യത്തിനും നിത്യജീവനുമായി ഭവിക്കട്ടെ എന്ന് അപ്പസ്തോലൻ പറഞ്ഞപ്പോൾ ആമ്മേൻ എന്ന്



Sculpture of the Saint Apostle Thomas
St. Thomas Mount, Chennai

അവർ പ്രത്യുത്തരം നൽകി.

### രക്തസാക്ഷിത്വം: 159-170

യൂദാസ് ജയിലിലേക്ക് മടങ്ങുമ്പോൾ ''ഞാൻ ഇനിയും ഈ ലോകത്ത് വച്ച് നിങ്ങളോട് സംസാരിക്കുകയില്ല. ഞാൻ നമ്മുടെ കർത്താവീശോമിശിഹായുടെ അടുത്തേക്ക് എടുക്കപ്പെടാറായി'' എന്ന് പറഞ്ഞു. യൂദാസ് അവരെ പിരിഞ്ഞ് ജയിലിലേക്ക് പോയി. മാസ്ദായ് രാജാവ് അവനെ വധിക്കുമെന്ന് ഓർത്ത് അവർ അപ്പോൾ കരയുകയായിരുന്നു.

മാസ്ദായി വിധി പ്രസ്താവിക്കുന്ന ഹാളിൽ ഇരിക്കുകയായിരുന്നു. യൂദാസിന്റെ വസ്ത്രം മാറ്റി അരയിൽ ബന്ധിച്ച് മാസ്ദായുടെ മുമ്പിൽ കൊണ്ടുവന്നു. മാസ്ദായ് ചോദിച്ചു: ||നീ ഒരു അടിമയോ, സ്വതന്ത്ര മനുഷ്യനോ?|| യൂദാസ് മറുപടിയായി ഞാനൊരു അടിമയാണെന്ന് പറഞ്ഞു. രാജാവ്: അങ്ങനെയെങ്കിൽ എങ്ങനെയാണ് ഈ രാജ്യത്ത് വന്നത്?|| യൂദാസ് മറുപടി പറഞ്ഞു: ||ഞാനിവിടെ വന്നത് അനേകർക്ക് ജീവൻ നൽകുന്നതിനും അങ്ങയുടെ കൈകളാൽ ഈ ലോകത്തിൽ നിന്നും മടങ്ങുന്നതിനുമാണ്. ''ആരാണ് നിന്റെ യജമാനൻ?''രാജാവ് ചോദിച്ചു. എന്റെ നാഥൻ അങ്ങയുടെയും നാഥനാണ്. ഈ ലോകത്തിന്റെ മുഴുവൻ നാഥനാണ്. ആകാശത്തിന്റെയും ഭൂമിയുടെയും കർത്താവാണ് യേശുമിശിഹാ എന്നാണ് അവന് നൽകപ്പെടുന്ന നാമം''. മാസ്ദായി അവന്റെ മരണം എങ്ങനെയായിരിക്കണമെന്ന് ആലോചിക്കുകയായിരുന്നു. കാരണം രാജാവിന്റെ പ്രഭുക്കളടക്കം ഒട്ടനവധിപേർ കർത്താവിൽ വിശ്വസിച്ചിരുന്നു.

മാസ്ദായി യൂദാസിനെ നഗരത്തിന്റെ പുറത്തേക്ക് കുറച്ചു പടയാളികളോടൊപ്പം കൊണ്ടുപോയി. അരമൈൽ സഞ്ചരിച്ച് പടയാളികൾക്ക് അവനെ ഏല്പിച്ചുകൊടുത്തു. ജനങ്ങൾ അപ്പസ്തോലനെ രക്ഷിക്കാൻ പിറകെ ഓടുകയായിരുന്നു. കുന്നു കയറിയപ്പോൾ യൂദാസ് പടയാളികളോട്: ഈ ലോകത്തിൽനിന്ന് വിട പറയുന്ന എന്നെ കേൾക്കുക: ഞാൻ പ്രസംഗിക്കുന്ന ദൈവത്തിൽ വിശ്വസിക്കുക, സുകൃതത്തിൽ നിങ്ങൾ ചരിക്കണം; അത് സ്വാതന്ത്ര്യത്തിലേക്കും മനുഷ്യമഹത്വത്തിലേക്കും ദൈവികജീവനിലേക്കും നയിക്കും.|| യൂദാസ് വിസ്സാനോട് പറഞ്ഞു: ||കാവൽക്കാർ രാജാവിന്റെ ഹിതം നിറവേറ്റട്ടെ; എന്നെ പ്രാർത്ഥിക്കാൻ അനുവദിക്കുക|| വിസ്സാൻ പടയാളികളോട് : യൂദാസിനെ പ്രാർത്ഥിക്കാൻ അനുവദിക്കാനാവശ്യപ്പെട്ടു.|| കുറച്ചുനേരം കഴിഞ്ഞ് യൂദാസ് പടയാളികളോട് പറഞ്ഞു: വന്നു നിങ്ങളെ അയച്ചവന്റെ ഇഷ്ടം നിറവേറ്റുക. പടയാളികൾ ഒരുമിച്ച് വന്ന് അവനെ കുത്തി; അവൻ മരിച്ചുവീണു. സഹോദരങ്ങൾ കരയുകയായിരുന്നു. പട്ടുവസ്ത്രങ്ങൾ പുതപ്പിച്ച് യൂദാസിനെ അവർ രാജാക്കന്മാരുടെ കല്ലറയിൽ സംസ്ക്കരിച്ചു.

സിഫൂറും വിസ്സാനും നഗരത്തിലേക്കു മടങ്ങാതെ ദിവസം മുഴുവനും രാത്രിയും അവിടെ ഇരുന്നു. യൂദാസ് പ്രത്യക്ഷപ്പെട്ട് പറഞ്ഞു: ഞാനിവിടെയില്ല. എന്തിനാണ് നിങ്ങൾ എന്നെ ഇവിടെ കാത്തിരിക്കുന്നത്! ഞാൻ എന്റെ നാഥന്റെ പക്കലേക്ക് പോകുവാനാണ് ഞാൻ കാത്തിരുന്നതും. മാസ്ദായും കാരിഷും മിഗ്ഡോണിയായെയും ടെർസിയായെയും വളരെ പീഡിപ്പിച്ചു. എന്നാൽ അവർ അവരുടെ ഹിതത്തിനു വഴങ്ങിയില്ല. യൂദാസ് അവർക്കു പ്രത്യക്ഷനായി അവരെ ആശ്വസിപ്പിച്ചു. എല്ലാ സഹോദരങ്ങളും ഒന്നിച്ച് പ്രാർത്ഥനയിലും വി. കുർബ്ബാനയിലും പങ്കുചേർന്നു. കാരണം തോമസ് മരിക്കുന്നതിനുമുൻപ് സിഫൂറിനെ ഒരു പുരോഹിതനും വിസ്സാനെ ഒരു ഡീക്കനുമായി അഭിഷേചിച്ചിരുന്നു.

കുറച്ചു കഴിഞ്ഞപ്പോൾ മാസ്ദായുടെ ഒരു മകന് പൈശാചിക ബന്ധനമുണ്ടായി. മാസ്ദായ് ചിന്തിച്ചു. ||ഞാൻ കുഴിമാടത്തിൽ നിന്ന് ദൈവത്തിന്റെ അപ്പസ്തോലന്റെ ഒരെല്ല് എന്റെ മകന്റെ മേൽ വച്ചാൽ അവൻ സുഖപ്പെടും. യൂദാസ് ഒരു ദർശനത്തിൽ പ്രത്യക്ഷനായി പറഞ്ഞു: നീ ജീവിക്കുന്നവനിൽ വിശ്വസിച്ചില്ല, മരിച്ചവനിൽ വിശ്വസിക്കുന്നുവോ? ഭയപ്പെടേണ്ട, എന്റെ കർത്താവായ മിശിഹാ തന്റെ കരുണയിൽ നിന്നോട് ദയ കാണിക്കും. യൂദാസിന്റെ അസ്ഥികൾ രാജാവ് അവിടെ കണ്ടില്ല. അത് രഹസ്യമായി പാശ്ചാത്യ നാട്ടിലേക്ക് കൊണ്ടുപോയിരുന്നു.

അതിനാൽ രാജാവ് കുറച്ചു പൂഴി എടുത്ത് മകന്റെമേൽ വച്ച് ഞാൻ കർത്താവായ യേശുവിൽ വിശ്വസിക്കുന്നു എന്നു പറഞ്ഞു. മകൻ സൗഖ്യപ്പെട്ടു വിശ്വാസസമൂഹത്തോടു ചേർന്നു. രാജാവ് സിഫൂർ പുരോഹിതന്റെ മുമ്പിൽ കുനിഞ്ഞ് എല്ലാ സഹോദരങ്ങളോടും കർത്താവായ യേശുമിശിഹായുടെ രാജ്യത്തിൽ എന്നേക്കും താൻ കരുണ കണ്ടെത്താൻ ഇടയാക്കുവാൻ പ്രാർത്ഥിച്ചു.

ഇവിടെ കർത്താവായ യേശുമിശിഹായുടെ അപ്പസ്തോലൻ യൂദാസ് തോമസിന്റെ നടപടികളും ഇന്ത്യയിൽ മാസ്ദായ് രാജാവിന്റെ കൈകളാൽ വരിച്ച രക്തസാക്ഷിത്വവും അവസാനിക്കുന്നു. പിതാവിനും പുത്രനും പരിശുദ്ധിയുടെ റൂഹായ്ക്കും ഇപ്പോഴും എപ്പോഴും അനാദികാലങ്ങളിലും മഹത്വമുണ്ടാകട്ടെ. ആമ്മേൻ.

## ഉപസംഹാരം

യൂദാസ് തോമസിന്റെ നടപടികൾ യേശുക്രിസ്തുവിന്റെ രക്ഷാകരവേലയുടെ സംഗ്രഹമാണ് വെളിപ്പെടുത്തുന്നത്. യേശുവിന്റെ അടിമയായി വിൽക്കപ്പെടുന്ന യൂദാസ് ദൈവഹിതത്തിനു വഴങ്ങി ഭാരത സുവിശേഷവേല ഏറ്റെടുക്കുകയും റാബാൻ എന്ന കച്ചവടക്കാരനൊപ്പം ഗുണ്ടഫർ രാജാവിന്റെ കൊട്ടാരം പണിയുന്ന ശില്പിയായിത്തീരുകയും രാജകുടുംബത്തെയും അനേകം ജനങ്ങളെയും സത്യദൈവത്തിന്റെ ആരാധകരാക്കുകയും ചെയ്യുന്നതാണ് ആദ്യത്തെ മുപ്പതു നടപടികൾ വിവരിക്കുന്നത്. തോമസിന്റെ സുവിശേഷപ്രവർത്തനങ്ങളുടെ അവിഭാജ്യഭാഗമായിരുന്നു ജനത്തിന്റെ വിശ്വാസസ്വീകരണവും അവരുടെ ജ്ഞാനസ്നാനവും വി. കുർബ്ബാനയും സ്ഥൈര്യലേപനവുമെന്ന് കാണാവുന്നതാണ്.

ഒട്ടേറെ അത്ഭുതങ്ങൾ വെളിപ്പെടുത്തുന്നുണ്ട് തോമസിന്റെ ഭാരതത്തിലെ പ്രേഷിതദൗത്യം. ഒന്നാം നടപടിയിലെ പാനപാത്ര വാഹകന്റെ മരണം പ്രവചിച്ചതുപോലെ, ഒരു നായ വലതുകരം കടിച്ചെടുക്കുന്നത് തോമസിനെ പ്രസിദ്ധനാക്കുന്നുണ്ട്. രണ്ടാം നടപടിയിൽ ഗുണ്ടഫർ രാജാവിന്റെ സഹോദരൻ ഗാദിന്റെ മരണവും സ്വർഗ്ഗത്തിൽ അദ്ദേഹം അപ്പസ്തോലൻ പണിതീർത്ത കൊട്ടാരം ദർശിക്കുന്നതും രാജാവിന്റെ മാനസാന്തരത്തിനിടയാക്കുന്നത് കൗതുകമുണർത്തുന്ന വിവരണമായി. മൂന്നാം നടപടിയിൽ മൃതനായ യുവാവിനു ജീവൻ തിരിച്ചുകിട്ടുന്നത് ആളുകൾ ദൈവദാസരായി തീരുന്നതോടെയാണ് അവസാനിക്കുന്നത്. നാലാം നടപടിയിൽ കഴുത സംസാരിക്കുന്നതും അഞ്ചാം നടപടിയിൽ അഞ്ചുകൊല്ലമായി ഒരു യുവതി അനുഭവിച്ച പൈശാചിക ബന്ധനത്തിൽ നിന്നുള്ള മോചനവുമാണ് നമുക്ക് ലഭിക്കുന്നത്. ഇവിടെ അപ്പസ്തോലന്റെ സുവിശേഷവേലയിൽ ഒരു ഡീക്കൻ മാമ്മോദീസായ്ക്കും വി. കുർബ്ബാനയ്ക്കും അപ്പസ്തോലനെ സഹായിക്കുന്നതായി കാണുന്നു.

ആറാം നടപടിയിൽ വി. കുർബ്ബാനയുടെ മഹത്വം ദർശിക്കുന്ന വിവരമാണുള്ളത്. യോഗ്യതയോടെയല്ലാതെ കുർബ്ബാന സ്വീകരിക്കുന്ന യുവാവിന്റെ കൈകൾ തളർന്നുപോവുകയും, പാപകരമായ അവസ്ഥ ഏറ്റുപറഞ്ഞ് കൈകഴുകുമ്പോൾ കൈകൾ പൂർവ്വസ്ഥിതി പ്രാപിക്കുന്നതും പാപമോചനമെന്ന കൂദാശയെ അവതരിപ്പിക്കുന്നു. ഏഴാം നടപടിയിൽ, രാജാവിന്റെ ജനറാളിന്റെ ഭാര്യക്കും മകൾക്കും ഉണ്ടായ പിശാചുബാധയും സൗഖ്യവുമാണ് വിവരിക്കുന്നത്. എട്ടാം നടപടിയിൽ കാട്ടുകഴുതകൾ അപ്പസ്തോലനെ അനുസരിക്കുന്നതും പിശാചിനെ പുറത്താക്കുന്നതും നാം കാണുന്നു. ഒമ്പതാം നടപടിയിലാണ് മാസ്ദായ് രാജാവിന്റെ ബന്ധു കാരിഷ് എന്നയാളുടെ ഭാര്യ മിഗ്ഡോണിയ യൂദാസിന്റെ വചനം കേൾക്കുന്നതും അപ്പസ്തോലന്റെ രക്തസാക്ഷിത്വത്തിലേക്കു നയിച്ച കാര്യങ്ങൾ ആരംഭിക്കുന്നതും. ഇവിടെ മുതൽ തോമസ് അപ്പസ്തോലൻ ജയിലിലാണ്. പത്താം നടപടിയിലാണ് മിഗ്ഡോണിയായും നാർക്കിയായും മാമ്മോദീസാ സ്വീകരിക്കുന്നത്. പതിനൊന്നാം നടപടി മാസ്ദായ് രാജാവിന്റെ ഭാര്യ ടർസിയ അപ്പസ്തോലൻ പ്രസംഗിച്ച മാർഗ്ഗം സ്വീകരിക്കുന്നു. പന്ത്രണ്ടാം നടപടിയിൽ രാജപുത്രനായ വിസ്സാനെ പരിചയപ്പെടുകയും അവിടെയുണ്ടായ വെള്ളപ്പൊക്കം അവസാനിപ്പിക്കുന്ന അത്ഭുതത്തിനു നാം സാക്ഷ്യം വഹിക്കുകയും ചെയ്യുന്നു. യൂദാസിന്റെ നടപടിയിൽ ''സ്വർഗ്ഗസ്ഥനായ പിതാവേ'' എന്ന പ്രാർത്ഥന ഇവിടെയാണ് നമുക്ക് ലഭിക്കുക. പതിമൂന്നാം നടപടി വിസ്സാൻ ജീവന്റെ മാർഗ്ഗം സ്വീകരിക്കുന്നതും വിസ്സാന്റെ ഭാര്യ മനാഷർ രോഗസൗഖ്യവും എല്ലാവരും മാമ്മോദീസായും വി. കുർബ്ബാനയും സ്വീകരിക്കുന്നതും വിവരിക്കുന്നു.

രക്തസാക്ഷിത്വം എന്ന ഭാഗത്തിൽ മാസ്ദായ് യൂദാസിനെ വിചാരണ ചെയ്യുന്നു. യൂദാസിനെ പടയാളികളെ ഏല്പിച്ച് കൊടുത്ത് നഗരത്തിനു വെളിയിൽ കൊണ്ടുവന്ന് ഒരു കുന്നിന്മേൽ വച്ച് വധിക്കുന്നു. സഹോദരങ്ങൾ തോമസിന്റെ മൃതശരീരം രാജപ്രൗഢിയോടെ സംസ്ക്കരിക്കുന്നു. മരണശേഷം യൂദാസ് തോമസ് ശിഷ്യഗണത്തിനു പ്രത്യക്ഷപ്പെടുന്നുണ്ട്. അപ്പസ്തോലപ്രവർത്തനം തുടങ്ങുന്ന പുരോഹിതനായ് സിഫൂറും ഡീക്കനായ് വിസ്സാനും മാറുന്നുണ്ട്. പൈശാചികാക്രമണത്തിനു വിധേയനായ മാസ്ദായുടെ മകന്റെ സൗഖ്യത്തോടും രാജാവിന്റെ മാനസാന്തരത്തോടുംകൂടെ തോമസിന്റെ നടപടികൾ സമാപിക്കുന്നു.

തോമസിന്റെ നടപടികളുടെ വർത്തമാനരൂപമനുസരിച്ച് തോമസ് അപ്പസ്തോലൻ തെക്കെ ഇന്ത്യ സന്ദർശിച്ചു എന്നത് ഒരു യാഥാർത്ഥ്യമാണ്. എന്നാൽ ഗുണ്ടഫർ, മസ്ദായ് എന്നീ രാജാക്കന്മാരുടെ ചില വിവരണങ്ങൾ തമ്മിലുള്ള പൊരുത്തക്കേടുകൾ ശാസ്ത്രീയമായി ഇനിയും വ്യക്തമാക്കപ്പെടേണ്ടതുണ്ട് എന്ന അനുമാനത്തിലാണ് ചില ചരിത്രപഠനങ്ങൾ എത്തിച്ചേരുന്നത്.

ഏതായാലും ആഴമേറിയ വിശകലനത്തിനും ശാസ്ത്ര പഠനങ്ങൾക്കും വാതിൽ തുറക്കുകയാണ് തോമസിന്റെ നടപടികൾ. ചരിത്രം, ബൈബിൾ, ആരാധനക്രമം, കൂദാശകൾ സഭ, സുവിശേഷവൽക്കരണം ത്രിത്വം ക്രിസ്തുദർശനം തുടങ്ങിയ വിഷയങ്ങൾ പഠിക്കാനും ഈ പൗരാണിക ഗ്രന്ഥത്തിന്റെ അവികലമായ രഹസ്യങ്ങൾ കണ്ടെത്താനും ഇനിയും അന്വേഷണ പഠനങ്ങൾക്കാകട്ടെ.

# തോമാശ്ലീഹാ ഭാരതീയരുടെ പൊതുസ്വത്ത്




**റഹ്മത്തുല്ലാഹ് ഖാസിമി മൂത്തേടം**
പ്രിൻസിപ്പാൾ,
ദാറുൽ ഖുർആൻ,
പാഴൂർ, കോഴിക്കോട്




St Thomas Cross at Mylapore, Chennai

മാനവസമൂഹത്തിന് ലഭിച്ചിട്ടുള്ള അനുഗ്രഹമാണ് ജീസസ് ക്രൈസ്റ്റ്. വിശുദ്ധ കന്യാമറിയം ദിവ്യഗർഭത്തിലൂടെ ജന്മം നൽകിയ ആ പുണ്യാത്മാവിന്റെ വചനവും ധർമ്മവും ഇന്നും മാനവകുലത്തെ നേരിന്റെ നേർക്ക് വഴിനടത്തുന്നു. ആ മഹാത്മാവിന്റെ ധാർമിക പ്രബോധനത്തെ ലോകമൊട്ടുക്കും എത്തിക്കുന്നതിനായി ജീവത്യാഗം ചെയ്തവരാണ് അവിടുത്തെ 12 ശിഷ്യന്മാരും. (Jesus Christ -നെ ഒറ്റുകൊടുത്ത Judas Iscariot-നു പകരക്കാരനായ Matthias ഉൾപ്പെടെയാണ് ഈ 12 പേർ)

ദൈവവചനം ഭാരതത്തിലെത്തിച്ച, നാം സ്നേഹത്തോടെ തോമാശ്ലീഹാ (Thoma Shleehaa)എന്നു വിളിക്കുന്ന Saint Thomas അക്കൂട്ടത്തിൽ ഏറെ പ്രധാനിയും ക്രൈസ്തവ സമൂഹത്തിനു മാത്രമല്ല ;മുഴുവൻ ഭാരതീയർക്കും മാർഗ്ഗദർശിയുമാണ്. Jesus Christ -ന്റെ ശിഷ്യന്മാരെ സൂചിപ്പിക്കുന്നതിനായി APOSTLES, SHLEEHAA എന്നീ പദങ്ങളാണ് സാധാരണയായി ഉപയോഗിക്കാറുള്ളത്. ഗ്രീക്ക് പുതിയ നിയമത്തിൽ (Greek New Testament) ഉപയോഗിച്ചിരിക്കുന്ന 'സന്ദേശവാഹകനായി അയക്കപ്പെട്ടവൻ' എന്നർത്ഥം വരുന്ന Apostolos എന്ന പദത്തിൽ നിന്നും Latin ലേക്കും പിന്നീട് ഇംഗ്ലീഷിലേക്കും കൈമാറ്റം ചെയ്യപ്പെട്ടു

രൂപപ്പെട്ടു വന്നതാണ് Apostle എന്ന പദം. സ്ഥാനപതി എന്നർത്ഥം വരുന്ന shleehaa എന്ന syriac പദമാണ് പൗരസ്ത്യ ദേശങ്ങളിൽ ജീസസ് ക്രൈസ്റ്റിന്റെ ശിഷ്യന്മാരോട് ചേർത്ത് സംബോധന ചെയ്യാൻ ഉപയോഗിക്കാറുള്ളത്.

ദൈവ വചനങ്ങളും ധാർമിക സന്ദേശങ്ങളും മാനവസമൂഹത്തെ കയ്യേൽപ്പിക്കുവാൻ ജീസസ് ക്രൈസ്റ്റിന്റെ ശിഷ്യന്മാരായ Apostles ചെയ്തിട്ടുള്ള ത്യാഗവും ജീവാർപ്പണവും ഈ ആധുനികകാലത്തും ഏതൊരു ധർമ്മ സ്നേഹിയേും അതിശയിപ്പിക്കുന്നതാണ്. Jesus Christ ന്റെ ശിഷ്യന്മാരായ 12 Apostles ൽ 11 പേരും ധർമ്മസംസ്ഥാപനത്തിന് വേണ്ടി രക്തസാക്ഷികളാവുകയാണുണ്ടായത്. ഇതിൽ 10 പേരും Pagan Roman Empireന്റെ ക്രൂരന്മാരായ ഭരണാധികാരികളുടെ ഉത്തരവ് പ്രകാരം വധിക്കപ്പെട്ടപ്പോൾ, മഹാനായ Saint Thomas ദക്ഷിണേന്ത്യയിലെ മൈലാപ്പൂരിൽ വച്ച് തീവ്രവാദിയായ ഒരു ഹിന്ദു പുരോഹിതനാൽ കൊല ചെയ്യപ്പെട്ടു. Jesus Christ ന്റെ ശിഷ്യരിൽ പ്രായംചെന്ന സ്വാഭാവിക മരണം വരിച്ച ഒരേയൊരു വ്യക്തിയായ Saint John the Apostle തന്റെ ജീവിതത്തിലുട നീളം റോമാക്കാരുടെ നിരവധി വധ ശ്രമങ്ങളിൽ അകപ്പെടുകയും അവയിൽ നിന്നെല്ലാം അത്ഭുതകരമായി രക്ഷപ്പെടുകയുമായിരുന്നു.

AD 52 ൽ കേരളത്തിൽ ഇന്നത്തെ കൊടുങ്ങല്ലൂരിൽ കപ്പലിറങ്ങിയ തോമാശ്ലീഹ തെക്കേ ഇന്ത്യയിലുട നീളമായി ഏഴര പള്ളികൾ സ്ഥാപിക്കുകയും അന്ന് തെക്കേ ഇന്ത്യയിലെ ജൂത സമൂഹത്തെ Jesus Christന്റെ മാർഗ്ഗത്തിലേക്കു ക്ഷണിക്കുകയും ചെയ്തു. ആരാധനാലയങ്ങൾ എന്നതിനുപുറമെ ആ മഹാത്മാവിന്റെ കൈപുണ്യത്തിന്റെ സ്മാരകങ്ങളായി ഏഴര പള്ളികൾ എല്ലാം തന്നെ തലയെടുപ്പോടെ ഇന്നും നിലനിൽക്കുന്നു. Saint Thomasലൂടെ ക്രിസ്തുവിലേക്ക് എത്തിയ St. Thomas Christians എന്ന മാർത്തോമാ നസ്രാണികൾ കേരളത്തിന്റെ നേർക്ക് നടന്ന യൂറോപ്യൻ അധിനിവേശ കാലഘട്ടം വരെ ഈ മണ്ണിന്റെ സാംസ്കാരിക, രാഷ്ട്രീയ, വ്യാപാര മേഖലകളിൽ ശക്തമായ സ്വാധീനമായിരുന്നു.


AD 345 ൽ 72 കുടുംബങ്ങളോടൊപ്പം സിറിയയിലെ എഡേസ (Edessa), കാന (cana) എന്നിവിടങ്ങളിൽ നിന്ന് കേരളത്തിലേക്ക് കുടിയേറിയ ക്നായി തോമയുടെ (Thomas of Cana) പിൻതലമുറക്കാരും കേരളീയ മാർത്തോമാ സമൂഹത്തിന്റെ ഭാഗമാണ്. കേരളീയ സംസ്കാരത്തിന് വിലമതിക്കാനാവാത്ത ഒട്ടനവധി സംഭവങ്ങളാണ് മാർ തോമ ക്രൈസ്തവർ നൽകിയത്.

പശ്ചിമേഷ്യയിലെ പ്രധാന അറബുരാജ്യങ്ങളിലൊന്നായ സിറിയയുമായി നൂറ്റാണ്ടുകളോളം ഭാഷാപരവും ആചാരപരവുമായ ബന്ധം മാർത്തോമാ നസ്രാണികൾ കാത്തുസൂക്ഷിച്ചു. Jesus Christന്റെ സംസാര ഭാഷയായ Aramaicന്റെ ഭാഷാ വകഭേദമായ (Dialect) syriac ആണ് മാർതോമാ ക്രൈസ്തവർ തങ്ങളുടെ ആചാര -ആരാധന ഭാഷയായി ഇന്നും ഉപയോഗിച്ചു വരുന്നത്. അതിനാൽ നേരിയ തോതിലെങ്കിലും syriac - ന്റെ സ്വാധീനം മലയാള ഭാഷയുടെ സ്വന്തത്തോട് താദാത്മ്യപ്പെട്ടു കിടക്കുന്നു.

കേരളീയ ഭക്ഷണശൈലിയുടെ ഭാഗമായിത്തീർന്ന കൊഴുക്കട്ട, ഫിഷ് മോളി, അച്ചപ്പം, കുഴലപ്പം, ഇഷ്ടു തുടങ്ങിയവയെല്ലാം പൗരസ്ത്യ സിറിയൻ-ഇറാഖി (Babilonian) വിഭവങ്ങളുടെ സ്വാധീനം മാർതോമാ നസ്രാണികൾ വഴി കേരളത്തിന്റെ തീൻമേശകളിൽ എത്തിചേർന്നവയാണ്. കലകളിലും കേരളീയ സാഹിത്യത്തിലും വലിയ സംഭാവനകളാണ്, മാർതോമാ ക്രൈസ്തവർ നമുക്കു നൽകിയത്. മാർഗം കളിയും റമ്പാൻ പാട്ടും ഇന്ന് കേരളീയ സംസ്കാരത്തിന്റെ ഭാഗമാണ്. തോമാശ്ലീഹായുടെ നേർ ശിഷ്യനായ തോമാ റമ്പാൻ ഒന്നാമനിൽ നിന്ന് കൈമാറി വന്ന ഇതിഹാസ കാവ്യമായ റമ്പാൻ പാട്ടുകൾ AD 1601ൽ ആ പരമ്പരയിൽപ്പെട്ട മാളിയേക്കൽ തോമ റമ്പാൻ 48-ാമനാണ് ആദ്യമായി ക്രോഡീകരിച്ചു കൃത്യപ്പെടുത്തുന്നത്. മഹാനായ തോമാശ്ലീഹാ കേരളത്തിൽ നിന്ന് കിഴക്കോട്ട് യാത്ര ചെയ്ത് അങ്ങ് ദൂരെ ചൈന വരെ Jesus Christന്റെ വചന പ്രബോധനം എത്തിച്ചതായി ഏകദേശം 2000-വർഷങ്ങളുടെ ചരിത്രമുള്ള റമ്പാൻ പാട്ടിൽ രേഖപ്പെടുത്തിയിരിക്കുന്നു.



Cheraman Juma Masjid in Kerala's Kodungallur, Kerala Built in 629 AD




St Thomas: Stained glass Image

വിശുദ്ധ തോമാശ്ലീഹാ ഭാരതത്തിലെത്തിയതിനും മഹാനായ Jesus Christ ന്റെ വചനങ്ങൾ ഭാരതത്തിൽ പ്രബോധനം ചെയ്തതിനും ധാരാളം തെളിവുകൾ ഇന്നും നമുക്ക് ലഭ്യമാണ്. ബ്രിട്ടീഷ് ചരിത്രകാരനും ബ്രിട്ടണിലെ University of Wiscosin -ലെ ചരിത്ര വിഭാഗം പ്രൊഫസറുമായിരുന്ന Robert Eric Frykenbery (Born -1930) രചിച്ച്,1993 - ൽ Oxford University പ്രസിദ്ധീകരിച്ച Christianity in India from Beginning to the Present എന്ന ഗ്രന്ഥത്തിൽ പറയുന്നു. ചേരരാജ ഭരണകാലഘട്ടത്തിൽ കേരളത്തിലെത്തിയ Saint Thomas കേരളത്തിലെ പൗരാണിക ജൂത ഭൂരിപക്ഷ മേഖലകളിൽ ക്രിസ്തുവിന്റെ വചനങ്ങൾ എത്തിക്കുകയും കേരളത്തിലെ ആദിമ ക്രൈസ്തവ സമൂഹത്തിന് തുടക്കമിടുകയും ചെയ്തു. കൊടുങ്ങല്ലൂരിൽ കപ്പലിറങ്ങിയ തോമാശ്ലീഹ മധ്യ തെക്കൻ കേരളത്തിലായി ഏഴിലധികം ക്രൈസ്തവ ആരാധനാലയങ്ങൾ സ്ഥാപിച്ചു. (Ref.: Christianity in India from beginning to the present, chapter 4, Thomas Christianity and Thomas tradition page 91- 116).

അമേരിക്കൻ ചരിത്രകാരനായ Nathanael J Andrade (Born-1967) രചിച്ച് 2018 ൽ Cambridge University പ്രസിദ്ധീകരിച്ച The Journey of Christianity to India in late Antiquity: Net works and The moments of culture എന്ന ഗ്രന്ഥത്തിന്റെ രണ്ടാം അധ്യായമായ The act of Thomas and its impact (page 27 - 67) ലും 1978 ൽ ക്രൈസ്തവ വിശുദ്ധന്മാരെ കുറിച്ച് Oxford University പ്രസിദ്ധീകരിച്ച The Oxford Dictionary of saints By David Hugh Farmer (Born 1923) എന്ന ഗ്രന്ഥത്തിലും Saint Thomas -ന്റെ ഭാരതത്തിലേക്കുള്ള എത്തിച്ചേരലും ദക്ഷിണ ഭാരതത്തിൽ പല നാടുകളിലും നടത്തിയ അത്ഭുത പ്രവർത്തികളും വിശദീകരിക്കുന്നുണ്ട്.

AD 980-ൽ Baghdad -ൽ ജനിച്ച് AD 1043-ൽ മരണപ്പെട്ട അറബ് പണ്ഡിതനും ചരിത്രകാരനും ആയിരുന്ന Abu Al-Faraj bin Al-Tayyib ക്രൈസ്തവരുടെ ചരിത്രത്തെക്കുറിച്ച് എഴുതിയ തന്റെ വിഖ്യാത ഗ്രന്ഥമായ Fiqh An-Nasraniyya എന്ന് ഗ്രന്ഥത്തിലും അപ്പസ്തോലരിൽ ഏറെ പ്രധാനിയും മഹാനുമായ Saint Thomas- ന്റെ ഇന്ത്യാ സന്ദർശനവും അത്ഭുത പ്രവർത്തികളും വിശദമായി തന്നെ രേഖപ്പെടുത്തിയിട്ടുണ്ട്.

AD 72 ൽ തമിഴ്നാട്ടിലെ മൈലാപൂരിൽ വെച്ച് ഒരു മതഭ്രാന്തനാൽ കൊല്ലപ്പെട്ട ഈ മഹാത്മാവിന്റെ ഭൗതികശരീരം അവിടെത്തന്നെ അടക്കം ചെയ്യുകയുണ്ടായി. ജാതിമതഭേദമന്യേ അനവധി നിത്യ സന്ദർശകരാൽ നിറഞ്ഞുനിന്നിരുന്ന ഈ ഖബറിടത്തിൽ നിന്ന് AD 232 ൽ കുശാന രാജാവായ വസുദേവൻ ഒന്നാമന്റെ ഭരണകാലഘട്ടത്തിൽ (ഭരണകാലം 191- 232) saint Thomas-ന്റെ ഭൗതികശരീരം Mesopotamia യിലെ Edessa - യിലേക്ക് (ഇറാഖിലെ ഇന്നത്തെ മൊസൂളിന് അടുത്തുള്ള പ്രദേശം) നീക്കം ചെയ്യപ്പെട്ടു. ലോകത്തെങ്ങുമുള്ള കോടാനുകോടി ക്രൈസ്തവ വിശ്വാസികളുടെ അഭ്യർത്ഥന പ്രകാരമായിരുന്നു അത്. ലാറ്റിൻ ചർച്ചിന്റെ പ്രത്യേക താൽപര്യം മൂലം AD 1258-ൽ യൂറോപ്പിലേക്ക് കൊണ്ടുപോയ ഈ ഭൗതികശരീരം ഇപ്പോൾ ഇറ്റലിയിലുള്ള Ortona- യിലെ Basilica of Saint Thomas-ൽ സൂക്ഷിക്കപ്പെട്ടു വരുന്നു. ഈ ചരിത്രങ്ങളെല്ലാം മേൽപ്പറഞ്ഞ ഗ്രന്ഥങ്ങളിൽ ഉൾപ്പെടെ

ലോകമൊട്ടാകെയുള്ള നിരവധി അന്താരാഷ്ട്ര യൂണിവേഴ്സിറ്റികൾ പ്രസിദ്ധീകരിച്ച പഠനങ്ങൾ സാക്ഷ്യപ്പെടുത്തുന്നവയാണ്.


ഇത്തരം സത്യസന്ധമായ ചരിത്രരേഖകൾ തമസ്കരിക്കാൻ പൊതു ഇടങ്ങൾ കാണിക്കുന്ന വ്യഗ്രതകൾ ആധുനിക നിരീശ്വരവാദികളുടെയും ലിബറലിസ്റ്റുകളുടെയും പാരമ്പര്യ നിഷേധികളുടെയും അരക്ഷിതവാദികളുടെയും ചില താൽപര്യങ്ങളും വ്യാമോഹങ്ങളും മാത്രമാണ്.

ദൗർഭാഗ്യം എന്നു പറയട്ടെ, **മഹത്തായ ഈ ചരിത്രത്തെ ഇല്ലാതാക്കുവാൻ വേണ്ടിയുള്ള ബോധപൂർവ ശ്രമങ്ങൾ അടുത്തിടെ വിവിധ കോണുകളിൽ നിന്നും ഉയർന്നുകാണുന്നു.** ക്രൈസ്തവ സമൂഹത്തിൽ നിന്നുപോലും തോമാശ്ലീഹാ എന്ന മഹാത്മാവിന്റെ ത്യാഗോജ്ജ്വലമായ ജീവിതത്തെ തമസ്കരിക്കാനുള്ള തികച്ചും പൈശാചികവും കപടാത്മകവുമായശ്രമങ്ങൾ പുറത്തുവരുന്നത് അത്യന്തം ദുഃഖകരമാണ്.

അടുത്തിടെ ഇന്ത്യൻ ചരിത്രകാരനും മലയാളിയുമായ ജീവൻ ഫിലിപ്പ് – രചിച്ച 2022 ജനുവരിയിൽ പ്രസിദ്ധീകരിച്ച Unmasking The Syriacs : The Hidden Orgin of Indian Christianity എന്ന ഗ്രന്ഥം ഇത്തരത്തിലുള്ള അപകടകരവും ഭീതിജനിപ്പിക്കുന്നതുമായ നിഷേധാത്മക വാദങ്ങൾ മുന്നോട്ടുവെച്ച രചനകളിൽ ഒന്നായിരുന്നു. പ്രസ്തുത ഗ്രന്ഥത്തിന്, അനാവശ്യമായ മാധ്യമശ്രദ്ധയും പ്രചാരണവും ലഭിച്ചപ്പോൾ, നമ്മുടെ ഏവരുടേതുമായ ചരിത്രത്തിന്റെ പച്ചയായ സത്യങ്ങളെ അപ്രകാരംതന്നെ നിലനിർത്തേണ്ട ബാധ്യത എന്ന നിർബന്ധ സാഹചര്യത്തിൽ, ഈ ഗ്രന്ഥം ഉയർത്തുന്ന വാദങ്ങൾക്കെതിരായി, 2023 മാർച്ചിന്റെ തുടക്കത്തിൽ വിനീതനായ ഞാൻ ഒരു പ്രഭാഷണം നടത്തിയിരുന്നു. എന്നാൽ നമ്മെ നാമാക്കിയ സകല മതങ്ങളുടെയും സംസ്കാരങ്ങളുടെയും അനിഷേധ്യമായ ചരിത്ര സത്യങ്ങളെ യാതൊരു നീതീകരണവുമില്ലാതെ നിഷേധിക്കുക – എന്ന ആധുനിക ലിബറൽ വെല്ലുവിളികളെ തകർത്തെറിയുവാൻ ക്രൈസ്തവ സമൂഹത്തിൽ നിന്നും കാര്യമായ ശ്രമമൊന്നും കണ്ടില്ല എന്ന വേദനയും തികഞ്ഞ ആത്മാർത്ഥതയോടെയും ദുഃഖത്തോടെയും ഞാൻ നിങ്ങളുമായി പങ്കുവെക്കുകയാണ്.

**ദൈവനിഷേധിക്ക് സർവ്വ ധാർമ്മിക മതങ്ങളും ഒരുപോലെയാണ്. സകല ധർമ്മങ്ങളേയും ഭൂമുഖത്തു നിന്നും തുടച്ചു നീക്കുവാൻ നിരന്തരമായി ശ്രമിക്കുന്നവരാണ് ആധുനിക നിരീശ്വരവാദികൾ.** മതങ്ങൾക്കും സംസ്കാരങ്ങൾക്കും പുണ്യാത്മാക്കൾക്കുമെതിരേ നിരീശ്വര വാദികളും പാരമ്പര്യ നിഷേധികളും നിരന്തരം ശക്തമായ വെല്ലുവിളികൾ ഉയർത്തുമ്പോൾ, അത് എന്റെ മതത്തിന്റെ നേർക്കല്ലാ; താൻ ബഹുമാനിക്കുന്ന പുണ്യവാളന്റെ നേർക്കല്ല എന്ന ധാരണയിൽ നിസ്സംഗവാനായും, ചിലപ്പോൾ നിരീശ്വരവാദിക്ക് ആക്കം കൂട്ടുന്ന സോഷ്യൽ മീഡിയ കമന്റുകൾ തള്ളിയും സുഖിച്ചിരിക്കുന്നതാണ് – നാം മതവിശ്വാസികളുടെയെല്ലാം ആധുനിക രീതി. ഇതിന്റെ ദുരന്തപൂർണ്ണമായ ഫലം സമ്പൂർണ്ണ മതനിഷേധത്തിലേക്ക് കൂപ്പുകുത്താനൊരുങ്ങുന്ന നമ്മുടെ മക്കളും പേരമക്കളും അനുഭവിക്കും. പിന്നെ ഒരു ചരിത്രം വീണ്ടെടുക്കൽ അസാധ്യവുമായിരിക്കും.

AD 72 ൽ തമിഴ്നാട്ടിലെ മൈലാപ്പൂരിൽ വെച്ച് ഒരു മതഭ്രാന്തനാൽ കൊല്ലപ്പെട്ട ഈ മഹാത്മാവിന്റെ ഭൗതികശരീരം അവിടെത്തന്നെ അടക്കം ചെയ്യുകയുണ്ടായി.




St Thomas and early Christianity

# ഏഴര പള്ളികൾ



റവ. സി. അനീജ CSC



ഭാരതത്തിന്റെ അപ്പസ്തോലനായ വി. തോമാശ്ലീഹ ക്രിസ്തുവർഷം 52ൽ കൊടുങ്ങല്ലൂരിലെ മുസിരീസ് തുറമുഖത്തിന് സമീപം മാല്യേങ്കരയിൽ കപ്പലിറങ്ങി എന്ന് ക്രൈസ്തവ പാരമ്പര്യങ്ങൾ സാക്ഷ്യപ്പെടുത്തുന്നു. തോമായുടെ ഭാരത സന്ദർശനം, പ്രേഷിത പ്രവർത്തനങ്ങൾ, ദേവാലയസ്ഥാപനം, രക്തസാക്ഷിത്വം തുടങ്ങിയവ വിവരിക്കുന്ന നിരണത്ത് മാളിയേക്കൽ തോമ എന്ന വൈദികന്റെ റമ്പാൻ പാട്ടുകളാണ് തോമാശ്ലീഹാ മാലിയങ്കരയിൽ കപ്പലിറങ്ങി എന്ന് വ്യക്തമാക്കുന്നത്. മാർഗ്ഗംകളിപാട്ട് , റമ്പാൻ പാട്ട്, വീരടിയാൻ പാട്ട് ഇവയെല്ലാം തോമാശ്ലീഹയുടെ കേരള പര്യടനത്തെ വിവരിക്കുന്നു.

**ഭൂമിയുടെ അതിർത്തികൾ വരെ ക്രിസ്തുവിന് സാക്ഷിയാകാൻ ക്രിസ്ത്വാബ്ദത്തിന്റെ ആരംഭത്തിൽ തന്നെ ഇന്ത്യയിലേക്ക് കടന്നുവന്ന് തന്റെ രണ്ടാം പ്രേഷിത യാത്ര നിർവഹിച്ച മിഷനറിയാണ് തോമാശ്ലീഹാ. ശ്ലീഹാ രൂപം കൊടുത്ത സപ്ത ദേവാലയങ്ങൾ അഥവാ ഏഴര പള്ളികൾ ചരിത്ര രേഖകളിൽ സ്ഥാനം നേടി.** ചേര രാജ്യത്തിലെ കൊടുങ്ങല്ലൂർ (മുസിരീസ് / അഴീക്കോട്), പാലയൂർ, പറവൂർ (കോട്ടക്കാവ്) കോക്കമംഗലം എന്നിവയും പാണ്ഡ്യരാജ്യത്തിലെ കൊല്ലം, നിരണം, നിലയ്ക്കൽ എന്നിവയും അരപ്പള്ളിയായ തിരുവിതാംകോടും ഇന്നും അതേ പേരുകളിൽ നിലനിൽക്കുന്നു. ചേർപ്പുങ്കൽ, മലയാറ്റൂർ, അരുവിത്തുറ, ആർത്താറ്റ് എന്നിവിടങ്ങളിലും ശ്ലീഹ ക്രൈസ്തവ സമൂഹങ്ങൾക്ക് രൂപം കൊടുത്തിട്ടുണ്ട്.

തോമാശ്ലീഹായുടെ ഭാരതപ്രേഷിതത്വത്തിന് ഏറ്റവും വലിയ തെളിവ് ചെന്നൈയിലെ മൈലാപ്പൂരിലുള്ള കബറിടമാണ്. ലോകത്ത് മൂന്നു സ്ഥലങ്ങളിലാണ് ശ്ലീഹാന്മാരുടെ കബറിടത്തിനു മുകളിൽ ദേവാലയങ്ങൾ പണിതിരിക്കുന്നത്. റോമിൽ വി. പത്രോസിന്റെയും സ്പെയിനിൽ വി.യാക്കോബിന്റെയും മൈലാപ്പൂരിൽ വി.തോമാശ്ലീഹയുടെയും എന്നത് ഭാഗ്യസ്മരണാർഹമാണ്. AD-52ൽ കൊടുങ്ങല്ലൂരിൽ കപ്പലിറങ്ങിയ തോമ AD 72 ൽ ചോള രാജ്യത്തിലെ മൈലാപൂരിൽ രക്തസാക്ഷിത്വം വഹിച്ചു എന്ന് ചരിത്രം സാക്ഷ്യപ്പെടുത്തുന്നു.

സപ്ത ദേവാലയങ്ങളെ കുറിച്ച് മാർഗ്ഗംകളിപ്പാട്ടിൽ ഇപ്രകാരം പറയുന്നു.

ഉത്സാഹമേറി പുറപ്പെട്ടു പിന്നെയും
ദക്ഷിണ ദിക്കിനു യാത്ര
ഇങ്ങനെ മാർഗ്ഗമറിയിച്ചതിനു ശേഷം
തീർത്തു കുരിശതു കൊല്ലം
നിരണം കോക്കമംഗലം കോട്ടക്കായൽ
മലംപ്രദേശമായി ചായൽ
പാലൂരും പിന്നെ അരചന്നിരിപ്പിടം
കൊടുങ്ങല്ലൂരെന്നവയേയും'

## 1. കൊടുങ്ങല്ലൂർ (മുസിരീസ്) പള്ളി

AD 52ൽ കൊടുങ്ങല്ലൂർ മാല്യങ്കരയിൽ കപ്പലിറങ്ങിയ തോമാശ്ലീഹാ സുറിയാനി ഭാഷ സംസാരിച്ചിരുന്ന യഹൂദ സമൂഹത്തെ അവിടെ കണ്ടു. അവരോട് സുവിശേഷം പ്രഘോഷിക്കുകയും മാമോദിസാ നൽകി ക്രിസ്തുമതത്തിലേക്ക് സ്വീകരിക്കുകയും ചെയ്തു. കേരളത്തിലെ മലങ്കര സഭയുടെ അടിസ്ഥാനവും മാല്യങ്കര തന്നെയെന്ന് പറയപ്പെടുന്നു.

2007 – ൽ വടക്കൻ പറവൂരിനടുത്ത് പുരാവസ്തു ഖനനത്തിലൂടെ ലഭിച്ച തെളിവുകളുടെ വെളിച്ചത്തിൽ മുസിരീസ് കൊടുങ്ങല്ലൂരിനടുത്താണെന്നും 1342 – ൽ പെരിയാറിലെ വെള്ളപ്പൊക്കത്തിൽ നദിയുടെ സ്ഥാനം മാറിയിരിക്കാം എന്ന ചിന്തയ്ക്ക് ദൃഢതയേറുന്നു. തമിഴ് സംഘസാഹിത്യത്തിലെ മുഴീരിയും, ജൂതശാസനത്തിലെ മുയരിക്കോടും കൊടുങ്ങല്ലൂർ തന്നെയാണെന്ന് സ്ഥിരീകരിക്കുന്നു. ശ്ലീഹായുടെ ആദ്യ ദേവാലയ സ്ഥാപനത്തെ കുറിച്ച് റമ്പാൻ പാട്ടിൽ ഇങ്ങനെ വിവരിക്കുന്നു.

''അറബിയായിൽക്കപ്പൽ കയറി
മാല്യാൻകരെ വന്നെത്തിയിത
അറിവിൻ പറവെൻ മിശിഹാക്കാലം
അൻപതു ധനുവം രാശിയതിൽ
അതിശയ കൃതിയാലഷ്ടദിനെക്കെ
ങ്ങവിടെ മാർഗ്ഗം സ്ഥാപിച്ചു.''

ഇവിടെ ഉണ്ടായിരുന്ന യഹൂദരായിരുന്നു ആദ്യകാല ക്രിസ്ത്യാനികൾ എന്ന് ചരിത്രകാരനായ 'വില്യം ലോകൻ 'വിവരിക്കുന്നുണ്ട്. ശ്ലീഹാ ചില രാജകുടുംബാംഗങ്ങളെ സത്യമാർഗ്ഗത്തിൽ ചേർത്ത ശേഷം ചോള ദേശത്തേക്കും ചൈനയിലേക്കും പോയെന്നും പിന്നീട് മാല്യങ്കരയിൽ തിരിച്ചെത്തി അവിടെ ശ്ലീഹ ഒന്നരവർഷം സേവനം ചെയ്യുകയും മൂവ്വായിരത്തിലധികം പേരെ മാർഗ്ഗത്തിൽ ചേർക്കുകയും ചെയ്തെന്ന് റമ്പാൻ പാട്ടിൽ സാക്ഷ്യപ്പെടുത്തുന്നുണ്ട്.

ശ്ലീഹായെ സംസ്ക്കരിച്ച മൈലാപ്പൂരിൽ നിന്നും തിരുശേഷിപ്പുകളായ അസ്ഥികൾ മൂന്നാം നൂറ്റാണ്ടിൽ ഏഷ്യാമൈനറിലെ എദേസായിലേക്ക് കൊണ്ടുപോവുകയും ഇറ്റലിയുടെ കിഴക്കുള്ള' ഓർത്തോണ ''പട്ടണത്തിൽ സ്ഥാപിക്കുകയും ചെയ്തു എന്ന് ചരിത്രം സാക്ഷ്യപ്പെടുത്തുന്നു. 1953 ൽ



St Thomas Church, Azhikode, Kodungallur

ഭാരതസഭ ശ്ലീഹായുടെ ഭാരത പ്രവേശനത്തിന്റെ 19-ാം നൂറ്റാണ്ട് ആഘോഷിച്ചപ്പോൾ 12-ാം പിയൂസ് പാപ്പ റോമിന്റെ സമ്മാനമായി പൗരസ്ത്യ തിരുസംഘം തലവനായി കർദ്ദിനാൾ യൂജിൻ ടിസറന്റ് ഭാരത സഭയ്ക്ക് നൽകിയത് ശ്ലീഹായുടെ വലതുകരത്തിന്റെ അസ്ഥിയായിരുന്നു. പ്രസ്തുത തിരുശേഷിപ്പ് സൂക്ഷിക്കാനായി റോമിലെ വത്തിക്കാൻ ദേവാലയത്തിന്റെ മാതൃകയിൽ 1953ൽ 88 ദിവസം കൊണ്ട് പൂർത്തീകരിച്ച 'ദേവാലയമാണ് 'അഴീക്കോട് മാർ ത്തോമാ തീർത്ഥകേന്ദ്രം

## 2. പാലയൂർ പള്ളി (പാലൂർ)

ഏഷ്യയിലെ തന്നെ ആദ്യത്തെ ക്രൈസ്തവ ദേവാലയം എന്ന പാരമ്പര്യം പുലർത്തുന്ന ദേവാലയമാണിത്. ബ്രാഹ്മണരുടെയും യഹൂദരുടെയും ശക്തി കേന്ദ്രമായിരുന്ന പാലയൂരിനെ ക്രിസ്തുവിന്റെ പ്രബോധനങ്ങൾ ഉൾക്കൊള്ളുന്ന വിശ്വാസഭൂമിയാക്കി മാറ്റാൻ ശ്ലീഹായുടെ വരവ് സഹായകമായി. ഹിന്ദു - ബ്രാഹ്മണ സമുദായത്തിൽപ്പെട്ട കുറെ പേർ ശ്ലീഹായുടെ ആത്മീയ പ്രബോധനങ്ങൾ ഉൾക്കൊണ്ട് ക്രിസ്തുമതം സ്വീകരിച്ചു. അവരെ സ്നാനപ്പെടുത്തിയ 'തളിയക്കുളം' ഇന്ത്യയിലെ ക്രിസ്തുമതത്തിന്റെ ജന്മസ്ഥലമെന്ന് അറിയപ്പെടുന്നു. ക്രിസ്തുമതത്തിലേക്ക് പരിവർത്തനം ചെയ്യപ്പെടാതെ നിന്ന ബ്രാഹ്മണർ ശപിക്കപ്പെട്ട സ്ഥലമെന്ന് പാലയൂരിന് പേര് നൽകുകയും പിന്നീട് അത് ചാവക്കാട് ആയി എന്നുമാണ് ഐതിഹ്യം.

പാലയൂരിൽ നിന്നും ഹിന്ദു ബ്രാഹ്മണരുടെ കുടിയേറ്റത്തെത്തുടർന്ന് വിജനമായ പഴയ ഹിന്ദു ക്ഷേത്രം ഉൾപ്പെടുത്തി പള്ളി പണിതു. ഹിന്ദു- വാസ്തു ശൈലിയുടെ സംയോജനമായിരുന്നു ആ പള്ളി. മേൽക്കൂര ഒരു ഗോപുരം പോലെ ഉയർന്നും, പ്രവേശന കവാടം മണ്ഡപം പോലെയുമാണ്. തോമാശ്ലീഹാ സ്ഥാപിച്ച കൽക്കുരിശ്, ലോകത്തിലെ ഏറ്റവും വലിയ ശ്ലീഹായുടെ പ്രതിമ - എന്നിവ പാലയൂരിന്റെ മാത്രം സവിശേഷതയാണ്. ശ്ലീഹാ സ്ഥാപിച്ചുവെന്ന് കരുതപ്പെടുന്ന ബലിപീഠവും ഇവിടെ ഇന്നും കാണാവുന്നതാണ്. 18-ാം നൂറ്റാണ്ടിൽ ടിപ്പുസുൽത്താൻ കേരളത്തിൽ അധിനിവേശം നടത്തിയപ്പോൾ പള്ളിയുടെ കുറെ ഭാഗം തീയിട്ടു നശിപ്പിച്ചു. പിന്നീടത് പുനർനിർമ്മിച്ചു.

ഉത്തുംഗ ശൃംഗത്തിലുള്ള മണിമാളിക പാലയൂരിന്റെ പ്രൗഢിയും പഴമയും വിളിച്ചോതുന്നു. ആറ് നിലകളും അതിനുമുകളിൽ തകരം കൊണ്ടു നിർമ്മിച്ച ചതുഷ്കോണാകൃതിയിലുള്ള ഒരു മേൽക്കൂര ഉൾപ്പെടെ 7 നിലകളിലായിരുന്നു മണിമാളികയുടെ ആദ്യരൂപം. മേൽക്കൂടിനു മുകളിൽ പേർഷ്യൻ മാതൃകയിലുള്ള ഒരു കുരിശും സ്ഥാപിച്ചിരുന്നു.



St Thomas Church, Palayoor, Thrissur

ശ്ലീഹായിൽ നിന്നും മാമോദീസാ സ്വീകരിച്ച പൂർവികർ- പകലോമറ്റം, ശങ്കരപുരി, കള്ളി എന്നീ കുടുംബങ്ങൾ ഇന്നും നിലനിൽക്കുന്നുണ്ട്. പൂർവികർക്ക് മാമ്മോദിസാ നൽകിയ തളിയക്കുളത്തിൽ ഇന്നും സമൂഹമാമ്മോദിസാ നടത്തപ്പെടുന്നു. മുപ്പിട്ട് ഞായർ ദിനത്തിൽ കുഞ്ഞുങ്ങൾക്ക് ചോറൂണ് നടത്തുന്നുണ്ട്.

2020 ജൂലൈ 3 ന് പാലയൂർ മാർ ത്തോമ്മ തീർത്ഥാടന കേന്ദ്രത്തെ മേജർ ആർക്കി എപ്പിസ്ക്കോപ്പൽ തീർത്ഥാടന കേന്ദ്രമായി സീറോ മലബാർ സഭ പ്രഖ്യാപിച്ചു.

കേരളത്തിലെ ക്രൈസ്തവ സഭയോളം തന്നെ പഴക്കമുള്ള പ്രസിദ്ധമായ പാലയൂർ പള്ളി മലയാളക്കരയുടെ വിശ്വാസജീവിതത്തിന്റെ വളർച്ചയ്ക്ക് ആവശ്യമായ വളക്കൂറുള്ള മണ്ണാണ്. മുസ്സിരീസിൽ നിന്നും ബോട്ടിൽ തോമാശ്ലീഹാ വന്നിറങ്ങിയ വഞ്ചിക്കടവിൽ ബോട്ട് മാതൃകയിലുള്ള കപ്പേളയും നമുക്ക് അവിടെ കാണാനാകും.

പാലയൂരിലെത്തുന്ന തീർത്ഥാടകർക്ക് ശ്ലീഹായുടെ ജീവിതത്തിലെ 14 സന്ദർഭങ്ങൾ കരിങ്കല്ലിൽ കൊത്തിവച്ചിരിക്കുന്നത് കാണാം. അത്ഭുതം പ്രവർത്തിച്ച തളിയകുളം, അത്ഭുതത്തെക്കുറിച്ചുള്ള ചിത്ര ശിൽപ്പ ചിത്രീകരണങ്ങൾ, പുരാതന വസ്തുക്കൾ ശേഖരിച്ച്, ക്രിസ്ത്യൻ കൾച്ചറൽ മ്യൂസിയം, എന്നിവയും തീർത്ഥാടകർക്കിവിടെ കാണുവാൻ കഴിയും. ഇവിടെ സ്ഥാപിച്ചിട്ടുള്ള വിശുദ്ധന്റെ തിരുശേഷിപ്പും തോമാസ് ശ്ലീഹാ ആശിർവദിച്ച് ബലിയർപ്പിച്ച ബലിപീഠവും ഇന്നും അവിടെ കാത്തുസൂക്ഷിക്കുന്നു. തോമാശ്ലീഹാ കുരിശ് സ്ഥാപിച്ച സ്ഥലത്ത് ഒരു കരിങ്കൽ കുരിശ് സ്ഥാപിച്ചിട്ടുണ്ട്. 1607 ൽ ഫാ. ഫിനിച്ചിയോ പുതുക്കി പണിത പുരാതന പള്ളിയുടെ അവശിഷ്ടങ്ങളും അവിടെയെത്തുന്ന തീർത്ഥാടകർക്ക് കാണുവാൻ സാധിക്കും.

2016 നവംബർ 19ന് ഫ്രാൻസിസ് പാപ്പയുടെ ഡിക്രിയിലൂടെ പാലയൂരിൽ വിശ്വാസ കവാടം സ്ഥാപിച്ചു. കവാടം കടന്നു പ്രാർത്ഥിക്കുന്നവർക്ക് പൂർണ ഭണ്ഡവിമോചനവും പാപ്പ പ്രഖ്യാപിച്ചു.

## 3. പറവൂർ (കോട്ടക്കാവ്) പള്ളി

മാർത്തോമാ ശ്ലീഹാ കപ്പലിറങ്ങിയ മുസ്സിരീസിന് വളരെ അടുത്തും വേമ്പ



St Thomas Church, Kottakavu, Paravur

നാട്ടുകായലിന്റെ തീരത്തുമായി AD 52ൽ ശ്ലീഹായാൽ സ്ഥാപിതമായ ദേവാലയമാണിത്. പഴയ രേഖകളിൽ പഴമന പറവർ എന്നും അറിയപ്പെടുന്നു. പഴയകാലത്ത് ഈ സ്ഥലം കോട്ടക്കാവ്– കോട്ടയ്ക്കകത്തേക്കുള്ള കാവ് അഥവാ അമ്പലം എന്നാണ് അറിയപ്പെട്ടിരുന്നത് ഇവിടെ നിന്നാണ് ശ്ലീഹാ മൈലാപ്പൂരിലേക്ക് പോയതെന്ന് പറയപ്പെടുന്നു. പോർട്ടുഗീസ് മിഷനറിമാരായ ഫ്രാൻസിസ് റോസിന്റെയും സിയേഗോ ക്യൂട്ടോയുടെയും കൃതികളിൽ പറവൂരിന്റെ പ്രാധാന്യം വ്യക്തമാക്കുന്നുണ്ട്. 1308–ൽ അവിടെ പണിയപ്പെട്ട പള്ളി 1789– ൽ ടിപ്പുസുൽത്താൻ നശിപ്പിച്ചു. 1938– ൽ പുതിയ പള്ളി പണിതു. മാർത്തോമാ ക്രിസ്ത്യാനികളുടെ ആദ്യ ലത്തീൻ മെത്രാനായ ഫ്രാൻസിസ് റോസിനെ ഈ ദേവാലയത്തിലാണ് സംസ്കരിച്ചിരിക്കുന്നത്. ഈശോ സഭ ആശ്രമവും സെമിനാരിയും പറവൂർ – ചേന്ദമംഗലത്ത് ചരിത്രസ്മാരകങ്ങളായി നിലകൊള്ളുന്നു.

റമ്പാൻ പാട്ടിൽ ഇങ്ങനെ പാടുന്നു

''കോട്ടക്കാവിൽ ചെന്നെത്തി
അവിടെയമതു പോലൊരു വർഷത്തിട
മാർഗ്ഗത്തയുമറിയിച്ചപ്പോൾ
ഒരായിരമൊടെഴുനൂറ്റെഴുപതു
പേരെ മാമ്മോദീസാ മുക്കി''.

വിശുദ്ധൻ സ്ഥാപിച്ച മരക്കുരിശ് 18–ാം നൂറ്റാണ്ടു വരെ ഇവിടെ ഉണ്ടായിരുന്നു. ടിപ്പുവിന്റെ പടയോട്ട ക്കാലത്ത് അത് നശിപ്പിക്കപ്പെട്ടു. ഇറ്റലിയിലെ ഓർത്തോണയിൽ നിന്നും കൊണ്ടുവന്ന തോമാശ്ലീഹായുടെ അത്ഭുത തിരുശേഷിപ്പ് വണങ്ങുന്നതിനായും മദ്ധ്യസ്ഥത തേടിയും അനേകം വിശ്വാസികൾ കോട്ടക്കാവിലെത്തുന്നു.

തീർഥകേന്ദ്രത്തിലെ ബലിപീഠത്തിന് 'പ്രിവിലേജ് ഓൾട്ടർ' എന്ന പൂർണ്ണ ദണ്ഡവിമോചനം കൽപ്പിച്ചുനൽകിയിട്ടുള്ളതാണ്. ഇവിടെ വന്ന് ദിവ്യബലിയിൽ സമർപ്പിച്ച് പ്രാർത്ഥിക്കുന്നവർക്ക് ധാരാളം അനുഗ്രഹങ്ങൾ ലഭിക്കുന്നു.

തോമാശ്ലീഹയുടെ ജീവിതവുമായി ബന്ധപ്പെട്ട ശിലാ ചരിത്രാവിഷ്കാരങ്ങൾ– 'സാതോം സാഗ 'എന്ന പേരിൽ ഇവിടെ പ്രദർശിപ്പിച്ചിട്ടുണ്ട്.

## 4. കോക്കമംഗലം

ഗോക്കമംഗലം, കെക്കോതമംഗലം എന്നിങ്ങനെ അറിയപ്പെട്ടിരുന്ന കോക്കമംഗലം, വേമ്പനാട് തടാകത്തിന്റെ തെക്കേയറ്റത്ത് സ്ഥിതി ചെയ്യുന്ന ഗ്രാമമാണ്. കൊടുങ്ങല്ലൂരിൽ നിന്ന് കൊല്ലത്തേക്ക് പോയിക്കൊണ്ടിരുന്ന കപ്പലുകൾ കോക്കമംഗലം മുനമ്പിലൂടെയാണ് പോയിരുന്നത്. കൊടു



St Thomas Church, Kokkamangalam

ങ്ങല്ലൂരിൽ നിന്ന് കോക്കമംഗലത്തെത്തിയ ശ്ലീഹാ ഏകദേശം 1600ൽ പരം ആളുകളെ ക്രിസ്തുമതത്തിലേക്ക് സ്നാനപ്പെടുത്തി. ഹൈന്ദവരുടെ എതിർപ്പുകാരണം ക്രിസ്ത്യാനികൾക്ക് അവിടെ വളരാനായില്ല പകരം പള്ളിപ്പുറത്തും കടുത്തുരുത്തിയിലും ഉയർച്ച പ്രാപിച്ചു. വേമ്പനാട്ട് കായലിന്റെ അറ്റത്തുള്ള ' മാട്ടേൽ ' ദ്വീപിൽ പഴയ ക്രിസ്ത്യാനികളുടെ സാന്നിധ്യത്തിന് തെളിവായി തോമായുടെ കുരിശ് കാണാനാകും. പള്ളിപ്പുറം പള്ളിയിൽ ഇന്നും ആ കുരിശ് സൂക്ഷിച്ചിരിക്കുന്നു. കോക്കമംഗലത്ത് അടുത്തകാലം വരെയുണ്ടായിരുന്ന പള്ളി 1900-ൽ പണിതതാണ്. ഇപ്പോഴത്തെ പള്ളി 2015ലാണ് പൂർത്തീകരിച്ചത്

കോക്കമംഗലത്തെകുറിച്ച് റമ്പാൻ പാട്ടിൽ ഇങ്ങനെ വർണ്ണിക്കുന്നു.

''വടമേക്കായ് നടകൊണ്ടു ഗോക്ക
മംഗലം ഗ്രാമേതാൻ ചെന്നു
പിഴയാതവിടെയുമൊരുവർഷത്തിട
അറിയിച്ചുതാൻ മാർഗ്ഗത്തെ
ഒരായിരമൊടറുന്നൂറുപേരെ
മാമ്മോദീസായും മുക്കി
ആരാധന മര്യാദകളോടെ
സ്ഥാപിച്ചവടെ സ്ലീവായും''.

## 5. കൊല്ലം

മാല്യേങ്കരയിൽ എത്തിയ തോമാശ്ലീഹ അവിടെ ക്രൈസ്തവ സമൂഹത്തിന് രൂപം കൊടുത്ത ശേഷം ' കേപ്പാ' എന്ന ശിഷ്യനൊപ്പം കൊല്ലത്തിനു പോയി അവിടെ സുവിശേഷം അറിയിച്ചു എന്ന് റമ്പാൻ പാട്ടിൽ വായിക്കുന്നുണ്ട്. AD-52ൽ സ്ഥാപിച്ച പള്ളി കടൽക്ഷോഭത്താൽ തകർന്നുപോയി എന്ന് പറയപ്പെടുന്നു. അതിന്റെ അവശിഷ്ടങ്ങൾ ഇന്നും കടലിനടിയിൽ കാണാമെന്ന് പ്രദേശവാസികൾ പറയുന്നു.

പിന്നീട് സാധാരണക്കാരനായ ഒരു മത്സ്യ വ്യാപാരി ഒരു പള്ളിക്കല്ല് കൊണ്ടുവരികയും വലിയ പള്ളി പണിയാൻ അത് കാരണമാവുകയും ചെയ്തു. പോപ്പ് ജോൺ 23-മൻ ഇന്ത്യയിലെ ആദ്യത്തെ രൂപതയായി കൊല്ലം രൂപതയെ തെരഞ്ഞെടുത്തു. 70 വർഷങ്ങൾക്കുശേഷം പള്ളി പുതുക്കി പണിയുകയും 1986 - ൽ പോപ്പ് ജോൺ പോൾ രണ്ടാമൻ തീർത്ഥകേന്ദ്രമായി പ്രഖ്യാപിക്കുകയും ചെയ്തു.

മാർത്തോമാ ക്രിസ്ത്യാനികൾക്ക് രാജാക്കന്മാർ നൽകിയിരുന്ന സ്ഥാനമാനങ്ങൾ തെളിയിക്കുന്ന ചരിത്രരേഖകളായിരുന്നു കൊല്ലം ചെപ്പേടുകൾ അഥവാ തരിസാപ്പിള്ളി ചെപ്പേടുകൾ.



St Thomas Church, Kollam

നാടിന്റെ പുരോഗതിക്ക് കാരണഭൂതരായ മാർത്തോമാ ക്രിസ്ത്യാനികളെ ബഹുമാനിക്കാനും ആദരിക്കാനും വേണ്ടിയാണ് ഈ ചെപ്പേടുകൾ നൽകിയത്.

''അവിടുന്നങ്ങനെ
കോക്കമംഗലത്തും
കൊല്ലത്തും താൻ ചെന്നെത്തി
അവിടങ്ങളിലോരോ വർഷം
ഗ്രാമംതോറും താൻ പാർത്തൂ
ദേവാലമോടാചാര്യരെയും
നടപടികയെല്ലാം വിധി ചെയ്തു
അവസാനത്തിൽ മുറപോലവർമേൽ
റൂഹാ വരവും താൻ നൽകി'.

## 6. നിരണം (തൃപ്പാലേശ്വരം)

ക്രിസ്തുവർഷം ഒന്നും രണ്ടും നൂറ്റാണ്ടുകളിൽ രാജ്യാന്തര കച്ചവട കേന്ദ്രവും തുറമുഖ പട്ടണവുമായിരുന്നു നിരണം. കടലിനോട് അടുത്തു കിടക്കുന്ന ഈ ദേശം കടൽ മാറി കര രൂപപ്പെട്ടതാണെന്ന് പറയപ്പെടുന്നു. റോമൻ എഴുത്തുകാരായ 'പ്ലീനിയും ടോളമിയും ' ഈ പട്ടണത്തെക്കുറിച്ച് പ്രതിപാദിക്കുന്നുണ്ട് ക്രി.വ.60ൽ എഴുതപ്പെട്ട വെരി പ്ലസ് ഓഫ് ദി എരിത്രീയൻ - സി പട്ടണത്തെക്കുറിച്ച് പറയുന്നുണ്ട്.

വെള്ളമുള്ള മണ്ണ് എന്ന അർത്ഥമുള്ള നീർ, മണ്ണ് എന്നീ വാക്കുകളിൽ നിന്നാണ് നിരണം എന്ന പേരുണ്ടായത്. AD 56 ൽ തോമാശ്ലീഹ ഒരു പായ്ക്കപ്പലിൽ ഇവിടെ എത്തി. പമ്പയുടെ പോഷകനദിയായ കേരളയാറിൽ, തോമ എത്തിയ കടവ് എന്ന അർത്ഥത്തിൽ 'തോമാത്തും കടവ്' എന്ന സ്ഥലമുണ്ട്. ഇവിടെ എക്യുമെനിക്കൽ ഗ്രൂപ്പിന്റെ ചരിത്ര മ്യൂസിയം ഉണ്ട്. യഹൂദരും തദ്ദേശീയരുമായി കച്ചവടം നടത്തിയിരുന്ന വ്യാപാര കേന്ദ്രമായിരുന്നു. ഇവിടെ മാർത്തോമാശ്ലീഹാ കുരിശു സ്ഥാപിക്കുകയും പട്ടമൂട്ട്, തയ്യിൽ, മാങ്കി, മടത്തലാൻ എന്നീ ബ്രാഹ്മണ കുടുംബങ്ങളെ സ്നാനപ്പെടുത്തുകയും ചെയ്തു.



St Thomas Church, Niranam

മലങ്കര കത്തോലിക്കാ സഭയുടെ കീഴിൽ ആദ്യത്തെ ക്രൈസ്തവ സമൂഹം രൂപപ്പെട്ടു. 1259 ൽ മറ്റൊരു വലിയ പള്ളി പണിതതായി രേഖകൾ ഉണ്ട്. ദേവാലയത്തിന് മുമ്പിലുള്ള വലിയ കരിങ്കൽ കുരിശ് ഹൈന്ദവ സംസ്കാരത്തിന്റെ വാസ്തുവിദ്യ വ്യക്തമാക്കുന്നു. ശ്ലീഹാ നിരണത്ത് എത്തിയതും നിരണത്ത് കവികൾ ജീവിച്ചിരുന്നതും കോട്ടച്ചാലിലുള്ള തോമാത്തുകടവിലാണെന്ന് വിശ്വാസം. അന്നത്തെ ഫലകങ്ങളും ജലച്ചിത്രങ്ങളും താളിയോലഗ്രന്ഥങ്ങളും ഇന്നും അവിടെ കാണാനാകും.

## 7. നിലയ്ക്കൽ (ചായൽ)

പ്രമുഖ വാണിജ്യ കേന്ദ്രമാണിത്. സംഘകാല കൃതികളായ ചിലപ്പതികാരത്തിലും പതിറ്റുപ്പത്തിലും നിലയ്ക്കലിനെ പറ്റി പറയുന്നുണ്ട്. സ്വർണവും സിൽക്കും വാങ്ങുന്നതിന് പാണ്ഡിരാജാവിന്റെ സേവകർ ചേര രാജ്യത്ത് നിലയ്ക്കൽ പ്രദേശത്ത് ഇപ്പോഴത്തെ പത്തനംതിട്ട ജില്ലയിൽ വന്നിരുന്നു എന്നാണ്. അതിനാൽ പത്തനംതിട്ട ജില്ലയിലെ നിലയ്ക്കൽ കേന്ദ്രമായുള്ള പ്രദേശങ്ങളെല്ലാം സ്വർണവും സിൽക്കും വ്യാപാരം ചെയ്തിരുന്ന പ്രദേശമാണെന്ന് വ്യക്തമാണ്. നിലയ്ക്കലിന്റെയും ചുറ്റുമുള്ള പ്രദേശങ്ങളുടെയും പേരുകൾ സൂചിപ്പിക്കുന്നത്. അവയെല്ലാം പട്ടാള ക്യാമ്പുകളും യുദ്ധങ്ങളും ആയുധങ്ങളുമായി ബന്ധമുള്ളതാണ്.

കേരളത്തെയും തമിഴ്നാടിനെയും ബന്ധിപ്പിക്കുന്ന പാതയിൽ സ്ഥിതി ചെയ്യുന്ന നിലയ്ക്കലിലൂടെയാണ് ശ്ലീഹാ കേരളത്തിലും ചോള മണ്ഡലത്തിൽ ഉള്ള മൈലാപൂരിലേക്കും യാത്ര ചെയ്തിരുന്നത്. 1311 നും 1315 നും ഇടയ്ക്കുണ്ടായ ആഭ്യന്തര യുദ്ധത്തെ തുടർന്ന് ക്രിസ്ത്യാനികൾ ഇവിടെ നിന്നും അടുത്തുള്ള സ്ഥലങ്ങളിലേക്ക് പോയി. രോഗങ്ങളും വന്യമൃഗങ്ങളുടെ ആക്രമണവും മൂലം ക്രിസ്ത്യാനികൾ അവിടം വിട്ടുപോയി. 14-ാം നൂറ്റാണ്ടു മുതൽ നിലയ്ക്കൽ പ്രദേശത്ത് ക്രിസ്ത്യാനികൾ ഇല്ലാതായി. 1983-ൽ ശബരി വനത്തിൽ ഒരു കുരിശിന്റെ ഭാഗം കണ്ടെത്താനായി. 1984- നിലക്കൽ വനപ്രദേശത്ത് തേവർ മലയിൽ St. Thomas എക്യുമെനിക്കൽ ദേവാലയം സ്ഥാപിച്ചു. ക്രൈസ്തവ ചരിത്രത്തിന്റെ സ്മാരകമായി ഈ പള്ളി ഇന്നും നിലനിൽക്കുന്നു.

തോമാശ്ലീഹായിൽ നിന്ന് പട്ടമേറ്റ നിരണത്ത് മാളിയേക്കൽ തോമ റമ്പാന്റെ കൃതിയായ തോമാചരിത്രത്തിൽ ചായലിലെ പ്രേഷിതത്വത്തെക്കുറിച്ച് വിവരിക്കുന്നുണ്ട്. അതിന്റെ സംക്ഷേപമായ റമ്പാൻ പാട്ടിൽ ഇങ്ങനെ പറയുന്നു

"കിഴക്കൻ വഴിയായവിടുന്നുടനെ
മലനഗരം ചായൽക്കെത്തി
പിഴയാതവിടെയുമൊരു വർഷത്തിട
അറിയിച്ചു താൻ മാർഗ്ഗത്തെ
ഒരായിരമൊടൊരു ന്നൂറുപേരെ
മാമ്മോദിസായും മുക്കി
ആരാധനമുറയോടെ സ്ലീവാ
സ്ഥാപിച്ചു താനവിടേക്കും. '

## 8. തിരുവിതാംകോട് (അരപ്പള്ളി)

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ അന്താരാഷ്ട്ര മാർതോമൻ തീർത്ഥാടന കേന്ദ്രമാണിത്. AD- 63 ൽ തോമാശ്ലീഹായാണ് ഈ അരപ്പള്ളി സ്ഥാപിച്ചത്. കടൽ മാർഗ്ഗം കന്യാകുമാരി ജില്ലയിലെ വ്യാപാരകേന്ദ്രവും തുറമുഖ പട്ടണവുമായ ചിന്നമുട്ട എന്ന സ്ഥലത്ത് കപ്പലിറങ്ങി. ഈ പ്രദേശത്തെ തിരുവിതാംകോട് നാട്ടുരാജാവായ 'യോക്കിം' എന്ന രാജാവിന്റെ പൂർണ്ണ സഹകരണം ശ്ലീഹായുടെ പ്രവർത്തനങ്ങൾക്ക് അവിടെ ആരാധനാലയം സ്ഥാപിക്കാൻ അനുമതിയായി.



St Thomas Church, Nilackal

സാംസ്കാരികത, കരകൗശല വൈദഗ്ധ്യം, കൊത്തുപണികൾ, ചുമർ

ചിത്രങ്ങൾ, എന്നിവയാൽ സമൃദ്ധമായിരുന്നു തിരുവിതാംകോട്. പരസ്പര സഹവർത്തിത്വത്തോടെ സംസ്കാരങ്ങളെ ഉൾക്കൊള്ളാൻ സന്നദ്ധരായ ജനതയായിരുന്നു അവിടത്തേത്. ബുദ്ധമത അനുയായികൾ അവിടങ്ങളിൽ ഉണ്ടായിരുന്നതിനാൽ ജനം അഹിംസയുടെ പാഠങ്ങൾ പഠിച്ചിരുന്നു.

രാജഭരണാധികാരികളുടെയും മതപണ്ഡിതനായ തിരുവള്ളൂർ നായനാർ എന്ന വ്യക്തിയുടെയും താല്പര്യ പ്രകാരം ആരാധനാലയം പണിയാൻ ശ്ലീഹായ്ക്ക് കഴിഞ്ഞു. 64 കുടുംബങ്ങളെ സ്നാനം ചെയ്ത് ക്രിസ്തീയ വിശ്വാസത്തിൽ ദൃഢപ്പെടുത്തി. പള്ളിയുടെ വികസനത്തിനായി 300 ഏക്കർ പുരയിടവും രാജാവ് വാഗ്ദാനം ചെയ്തു. അതിനാൽ അരയാൻ പള്ളി, അരമന പള്ളി എന്നിങ്ങനെ പേരുണ്ടാവുകയും അത് ലോപിച്ച് 'അരപ്പള്ളി' എന്ന് വിളിക്കുകയും ചെയ്തു.



St Thomas Church, Thiruvithamkode (Arapalli)

തിരുവിതാംകോടിന്റെ സാംസ്കാരിക കേന്ദ്രമാണ് അരപ്പള്ളി. ജാതിമതഭേദമെന്യേ ഏവരും സംഗമിക്കുന്ന സ്ഥലമാണിത്. ഹിന്ദു, മുസ്ലിം ദേവാലയങ്ങളുടെ ഇടയിൽ സമാധാന സന്ദേശം ഉയർത്തി പൂർണമായും കരിങ്കല്ലിൽ തീർത്ത ഈ ദേവാലയം നിൽക്കുന്നു. വാസ്തു ശില്പ ചാരുതയുടെ കൽത്തൂണുകളും, പുരാതനകാലത്തെ മാമ്മോദീസാ തൊട്ടി, കരിങ്കല്ലിൽ കൊത്തിയ ക്രൂശിതരൂപം കാൽ കഴുകാനുള്ള കൽത്തൊട്ടി എന്നിവ ഈ ആരാധനാലയത്തെ ലോകത്തിലെ തന്നെ വ്യത്യസ്ത പൈതൃക കേന്ദ്രമാക്കി മാറ്റിയിരിക്കുന്നു.

**മാർതോമാ ക്രിസ്ത്യാനികൾക്ക് രാജാക്കന്മാർ നൽകിയിരുന്ന സ്ഥാനമാനങ്ങൾ തെളിയിക്കുന്ന ചരിത്ര രേഖകളായിരുന്നു കൊല്ലം ചെപ്പേടുകൾ അഥവാ തരിസാപ്പിള്ളി ചെപ്പേടുകൾ. നാടിന്റെ പുരോഗതിക്ക് കാരണഭൂതരായ മാർതോമാ ക്രിസ്ത്യാനികളെ ബഹുമാനിക്കാനും ആദരിക്കാനും വേണ്ടിയാണ് ഈ ചെപ്പേടുകൾ നൽകിയത്.**



St Thomas Cross at Malayattoor

# മാർത്തോമാ തീർത്ഥകേന്ദ്രങ്ങൾ



പി. ഐ. ലാസർ മാസ്റ്റർ

## മലയാറ്റൂർ

മലയാറ്റൂർ -കുരിശുമുടി ഇന്ന് ഏഷ്യയിലെ തന്നെ ഏറ്റവും വലിയ ക്രൈസ്തവ തീർത്ഥാടന കേന്ദ്രങ്ങളിലൊന്നാണ്. ഭാരതത്തിന്റെ അപ്പസ്തോലനായ മാർ തോമാശ്ലീഹായുടെ നാമധേയത്തിലുള്ള തീർത്ഥാടന മലയാണിത്. എറണാകുളം ജില്ലയിൽ, കാലടിയിൽ നിന്ന് വടക്ക് കിഴക്ക് 10 കി.മീറ്റർ മാറി 1269 അടി (സമുദ്ര നിരപ്പിൽ നിന്ന് 386.70 മീറ്റർ) ഉയരത്തിലും പ്രകൃതിഭംഗിയാൽ ചുറ്റപ്പെട്ട ഈ പുണ്യഭൂമി സ്ഥിതി ചെയ്യുന്നു.



സപ്ത ദേവാലയങ്ങൾ സ്ഥാപിച്ച ശേഷം പാണ്ഡ്യനാട്ടിലേക്ക് പോയ ശ്ലീഹ എ.ഡി. 62-ൽ കുറുക്ക് വഴികളിലൂടെ കേരളത്തിലെത്തി. രണ്ട് മാസത്തോളം മലയാറ്റൂരിൽ താമസിച്ച് ഒരു ക്രൈസ്തവ സമൂഹത്തിന് രൂപം കൊടുത്തു. എന്നാൽ ഭാഷയിലും വേഷത്തിലും വ്യത്യസ്തനും വിദേശീയനുമായിരുന്ന അദ്ദേഹത്തെ സ്വീകരിക്കുവാൻ ആദ്യമൊന്നും തദ്ദേശികൾ തയ്യാറായില്ലെന്ന് മാത്രമല്ല. എതിർപ്പുമായിരുന്നു. തുടർന്നദ്ദേഹം മലയാറ്റൂർ മലയുടെ മുകളിൽ അഭയം പ്രാപിക്കുകയും, അവിടെ ധ്യാനത്തിനും പ്രാർത്ഥനയുമായി ദിവസങ്ങളോളം ചിലവഴിച്ചു. മലമുകളിൽ മുട്ടുകുത്തി പാറയിൽ കുരിശടയാളം വരച്ച് കുരിശിനെ ചുംബിച്ച് അദ്ദേഹം പ്രാർത്ഥിക്കുമായിരുന്നു. തന്റെ ഗുരുവിന്റെ രക്ഷാകരമായ പീഡാസഹനവും മരണവും ഉത്ഥാനവും ഓർത്തുള്ള തീക്ഷ്ണമായ പ്രാർത്ഥന വേളകളിൽ രക്തം വിയർത്തുവെന്നും വിശുദ്ധന്റെ പ്രേഷിതപ്രവർത്തനങ്ങളെ ശക്തിപ്പെടുത്താൻ പരിശുദ്ധ അമ്മ പ്രത്യക്ഷപ്പെട്ട് അനുഗ്രഹിച്ചുവെന്നും വിശ്വസിക്കുന്നു. മാതാവിന്റെ ദർശനത്തിന്റെ അത്ഭുതാനുഭൂതിയിൽ നിന്നുണർന്ന വിശുദ്ധൻ കണ്ടത് അമ്പും വില്ലുകളുമായി തന്റെ ചുറ്റും നിൽക്കുന്ന മലവേടരെയാണ്. സ്വർഗ്ഗീയ അനുഭൂതിയിലായിരിക്കുന്ന ശ്ലീഹായേയും രക്തം വിയർക്കുന്ന കുരിശിനെയും കണ്ട് മലവേടർ അത്ഭുതപ്പെട്ടു. അവരിലൂടെ മലയടിവാരത്തുള്ള ജനങ്ങൾ ഇക്കാര്യമറിഞ്ഞു. അവർ കൂട്ടത്തോടെ മലമുകളിൽ എത്തുകയും അവരോട് തോമാ ശ്ലീഹ സുവിശേഷം പ്രസംഗിക്കുകയും ചെയ്തു. അവർ കർത്താവിൽ വിശ്വസിച്ച് മാമ്മോദീസ സ്വീകരിച്ചു.



St Thomas Church, Malayattoor

വിശ്വാസികൾ കൂട്ടത്തോടെ പ്രാർത്ഥിച്ച് ഇടക്കിടെ മല കയറുമായിരുന്നു. ശ്ലീഹാ മൈലാപ്പൂരിൽ രക്തസാക്ഷിത്വം വരിച്ചപ്പോൾ ഈ മല കൂടുതൽ പ്രസിദ്ധിയാർജ്ജിച്ചു. എന്നാൽ പിൽകാലത്ത് ദുർഘടമേറിയതും ഘോരവനത്താൽ ചുറ്റപ്പെട്ടതുമായ മല വിശ്വാസികളുടെ മനസ്സിൽനിന്ന് മറഞ്ഞ് അജ്ഞാതമായി.

അഞ്ച് നൂറ്റാണ്ടുകൾക്ക് ശേഷം വേട്ടയാടാനിറങ്ങിയ മലവേടർ വിശുദ്ധൻ പ്രാർത്ഥിച്ചിരുന്ന പാറയിലിരുന്ന് വിശ്രമിക്കുന്നതിനിടയിൽ പാറയിലുണ്ടായിരുന്ന കുരിശാകൃതിയിലെ അത്ഭുതപ്രകാശം ദർശിച്ചു. തങ്ങളുടെ കയ്യിലുണ്ടായിരുന്ന ആയുധം കൊണ്ട് പ്രകാശം കണ്ട പാറയിൽ കുത്തിനോക്കിയപ്പോൾ പാറയിലെ കുരിശ് രക്തവർണ്ണമാകുകയും അവിടെ സ്വർണ്ണ കുരിശ് പ്രത്യക്ഷപ്പെടുകയും ചെയ്തു. അല്പം മാറി പാറയിൽ വിശുദ്ധന്റെ കാൽമുട്ടുകളും പാദങ്ങളും മുദ്രിതമായിരിക്കുന്നതും കണ്ടു. അവർ താഴ്വാരത്ത് ചെന്ന് അവിടെയുണ്ടായിരുന്ന ക്രൈസ്തവരെ വിവരമറിയിച്ചു. ഈ അത്ഭുതം അറിഞ്ഞ ജനങ്ങൾ കൂട്ടമായി ചെന്ന് പൊൻകുരിശിനെ വണങ്ങി കെടാവിളക്ക് കത്തിച്ച് പ്രാർത്ഥിക്കാൻ തുടങ്ങി. ''പൊന്നിൻ കുരിശു



St Thomas Church, Malayattoor (Adipalli)

മുത്തപ്പാ പൊൻമല കയറ്റം, പൊന്നിൻകുരിശു മുത്തപ്പാ പൊൻമലയിറക്കം'' എന്ന് ശരണം വിളിച്ചുകൊണ്ടാണ് ഭക്തജനങ്ങൾ മലകയറുന്നതും ഇറങ്ങുന്നതും. തലമുറകൾക്ക് മുമ്പ് തുടങ്ങിവെച്ച ഈ തോമാ തീർത്ഥാടനം അഭംഗുരം ഇന്നും തുടരുന്നു. ജനകോടികളാണ് ഈ മല ചവുട്ടിക്കയറി തങ്ങളുടെ വിശ്വാസവും പാരമ്പര്യവും ദൃഢപ്പെടുത്തിക്കൊണ്ടിരിക്കുന്നത്.

**കുരിശുമല :** മലമുകളിലെ തോമാശ്ലീഹായുടെ പ്രാർത്ഥനാവേളയിൽ പാറപ്പുറത്ത് വരച്ചിരുന്ന കുരിശ് രക്തം വിയർക്കുകയും അവിടെ ഒരു പൊൻകുരിശ് പൊട്ടിമുളക്കുകയും ചെയ്തു. അന്നത്തെ സഭാധികാരികളുടെ നിർദ്ദേശപ്രകാരം അവിടെ കുരിശാകൃതിയിൽ ഒരു പള്ളി സ്ഥാപിച്ച് കെടാവിളക്ക് സ്ഥാപിച്ചു. പൊൻകുരിശ് പ്രത്യക്ഷപ്പെട്ടത് മുതലാണ് ഈ മല ''കുരിശുമല'' എന്ന് അറിയപ്പെടാൻ തുടങ്ങി. ശ്ലീഹായുടെ പാറയിൽ പതിഞ്ഞ കാൽപാദങ്ങളും കാൽമുട്ടുകളും ഇവിടെ മനോഹരമായി കാത്തു സൂക്ഷിക്കുന്നു. മലമുകളിലെ പ്രാർത്ഥനക്കിടയിൽ ദാഹിച്ചപ്പോൾ കയ്യിലെ വടികൊണ്ട് പാറച്ചെരുവിൽ കുത്തിയപ്പോൾ അത്ഭുതകരമായി ഉറവയുണ്ടാകുകയും ശ്ലീഹ ദാഹം ശമിപ്പിക്കുകയും ചെയ്തു. ഈ അത്ഭുത നീരുറവയുടെ സ്ഥാനത്ത് വിശ്വാസികളുടെ ആവശ്യാനുസരണം ഒരു കിണർ കുഴിക്കുകയും ഈ കിണറ്റിലെ ജലം ഇന്നും ജനലക്ഷങ്ങൾക്ക് രോഗസൗഖ്യത്തിന് കാരണമാകാറുണ്ട്.



Inside of ancient St Thomas Church, Mylapore

2005 ഫെബ്രുവരി 12 ന് മലയാറ്റൂർ കുരിശുമുടിയെ അന്തർദ്ദേശീയ തീർത്ഥാടനകേന്ദ്രമാക്കി, ഇന്ത്യയിലെ വത്തിക്കാൻ പ്രതിനിധി ആർച്ച് ബിഷപ്പ് പെട്രോ ലോപ്പസ് ക്വിന്താന പ്രഖ്യാപിച്ചു.

## മൈലാപ്പൂർ

ഈശോയുടെ പന്ത്രണ്ട് ശിഷ്യന്മാരിലൊരുവനും ഇന്ത്യയിൽ സുവിശേഷം പ്രസംഗിച്ചവനും ഭാരതത്തിന്റെ അപ്പസ്തോലനുമായ മാർ തോമാശ്ലീഹായുടെ വിശുദ്ധ കബറിടം സ്ഥിതി ചെയ്യുന്ന പുണ്യസ്ഥലമാണ് മൈലാപ്പൂർ. ചെന്നൈ പട്ടണത്തിലുള്ള മൈലാപ്പൂർ ആദ്യനൂറ്റാണ്ടുകളിൽതന്നെ പ്രധാനപ്പെട്ട ഒരു കച്ചവടകേന്ദ്രമായിരുന്നു. ധാരാളം മയിലുകൾ ഉണ്ടായിരുന്നതുകൊണ്ടാണ് ഈ നാടിന് മൈലാപ്പൂർ എന്ന പേർ കിട്ടിയതെന്ന് പറയപ്പെടുന്നു. മാർ തോമാ ക്രിസ്ത്യാനികളുടെ ഏറ്റവും വലിയ തീർത്ഥാടനകേന്ദ്രമാണ് മൈലാപ്പൂർ.



Chinnamala a sky view

**മൈലാപ്പൂർ പ്രേഷിതത്വം** : ക്രിസ്തുവർഷം 69-ൽ കേരളത്തിലെ സുവിശേഷവേല പൂർത്തിയാക്കിയ ശ്ലീഹാ ചോഴമണ്ഡലത്തിൽ 'മൈലായി' എന്ന മൈലാപ്പൂർ സ്ഥിരതാമസമാക്കി. ഏഴ് വർഷം അവിടെ വചനപ്രഘോഷണം നടത്തി ഇന്നത്തെ ചെന്നൈ പട്ടണത്തിന് സമീപം മൈലാപ്പൂരിലെ ചിന്നമലയിലായിരുന്നു അദ്ദേഹത്തിന്റെ പ്രവർത്തനകേന്ദ്രം. ഇവിടെ ധാരാളം റോമാക്കാരും യഹൂദരും താമസിച്ചിരുന്നു. ഇവരുടെ ഇടയിൽ സുവിശേഷം പ്രഘോഷിക്കുന്നതിന് തന്റെ പ്രായവും വിജാതീയതയും ഹിന്ദുക്കളിൽ നിന്നുള്ള ഉപദ്രവവും തടസ്സമായിരുന്നു. എങ്കിലും തന്റെ ഗുരുവിനോടുള്ള സ്നേഹപാരമ്യത്തിൽ ശ്ലീഹ കാട്ടുപാതയിലൂടെ മറ്റു പ്രതികൂലസാഹചര്യങ്ങളെയും അതിജീവിച്ച് പ്രേഷിതപ്രവർത്തനം നടത്തുകയും ധാരാളം അത്ഭുതങ്ങൾ പ്രവർത്തിക്കുകയും ചെയ്തു. അത്ഭുതങ്ങളുടെ ഐതിഹ്യങ്ങളിലൊന്ന്, മൈലാപ്പൂർ കടൽക്കരയിൽ ഒരു കൂറ്റൻ തടി വന്നടിഞ്ഞു. ആ തടി വലിച്ച് കയറ്റുന്നതിനായി മൈലാപ്പൂർ രാജാവ് ആനയെയും മറ്റു ഉപാസികളേയുമെല്ലാം ഉപയോഗിച്ചു. എന്നിട്ടും ഒരടിപോലും അനങ്ങിയില്ല. നിസ്സഹായരായി നിൽക്കുമ്പോൾ അതുവഴി വന്ന തോമാശ്ലീഹാ, അവരെയെല്ലാം അത്ഭുതസ്തംബ്ദരാക്കിക്കൊണ്ട് ആ മരം വലിച്ചു



St Thomas cross built by St Thomas

കയറ്റുവാൻ സഹായിച്ചു. ആനക്ക്പോലും സാധിക്കാത്തത് തോമാശ്ലീഹായുടെ വാക്കുകൾക്ക് സാധിതമായെന്ന് ദർശിച്ച് അനേകർ തോമാശ്ലീഹായുടെ വിശ്വാസം സ്വീകരിച്ചു. ഈ അത്ഭുതത്തിന് സാക്ഷിയായ രാജാവ് ആ കൂറ്റൻ തടി തോമാശ്ലീഹാക്ക് സമ്മാനമായി നൽകുകയും അതുപയോഗിച്ച് ഒരു ചെറിയ പ്രാർത്ഥനാലയം അദ്ദേഹം പണിയിക്കുകയും ചെയ്തു.

**ശ്ലീഹായുടെ രക്തസാക്ഷിത്വം** : മൈലാപ്പൂരിലെ ചിന്നമല കേന്ദ്രീകരിച്ചുകൊണ്ട് സുവിശേഷം പ്രസംഗിച്ച തോമാശ്ലീഹാക്ക് ശത്രുക്കൾ ധാരാളം ഉണ്ടായി. എ.ഡി. 72-ൽ മൈലാപ്പൂരിലെ സെന്റ് തോമസ് മൗണ്ടിൽ (പറങ്കിമലയിൽ) വെച്ച് കുന്തത്താൽ കുത്തപ്പെട്ടാണ് തോമാശ്ലീഹാ രക്തസാക്ഷിത്വം വരിച്ചത്.

തോമാശ്ലീഹായുടെ രക്തസാക്ഷിത്വത്തെ വിവരിക്കുന്ന ചില വ്യത്യസ്ത പാരമ്പര്യങ്ങളുണ്ട്.

പോർച്ചുഗീസ് ചരിത്രകാരനായ ബർബോസ, തോമാശ്ലീഹായുടെ രക്തസാക്ഷിത്വത്തെപ്പറ്റി രേഖപ്പെടുത്തിയിരിക്കുന്നത് ഇങ്ങിനെയാണ്. കൊല്ലത്തെ തദ്ദേശീയരുടെ പീഡനം കാരണം തോമാശ്ലീഹാ മൈലാപ്പൂരിലേക്ക് പോയെന്നും അവിടെയും അദ്ദേഹത്തിന് ശക്തമായ എതിർപ്പുകളെ നേരിടേണ്ടി വന്നതിനാൽ മൈലാപ്പൂർ വനാന്തരങ്ങളിൽ അഭയം തേടിയെന്നും പറയപ്പെടുന്നു. ഒരു ദിവസം മയിൽ നായാട്ടിൽ ഏർപ്പെട്ടിരുന്ന വേടൻ ഈ പ്രദേശത്തെ പരന്ന പാറയിൽ ഒരു പറ്റം മയിലുകൾ ഇരിക്കുന്നത് കണ്ടു. മറ്റു മയിലുകളുടെ നടുവിലായിരുന്ന തലയെടുപ്പുള്ള മയിലിന് നേരെ അമ്പെയ്തപ്പോൾ മുറിവേറ്റ ആ മയിൽ ആകാശത്തേക്ക് പറന്നുയരുകയും പെട്ടെന്ന് അത് മനുഷ്യരൂപം പ്രാപിക്കുകയും ജീവനറ്റ് നിലംപതിക്കുകയും ചെയ്തു. ഈ അത്ഭുതസംഭവം അറിഞ്ഞ് അവിടെയെത്തിയ പട്ടണത്തിലെ ഭരണാധികാരി മരിച്ച് കിടക്കുന്നത് തോമാശ്ലീഹായാണെന്ന് മനസ്സിലാക്കി. തോമാശ്ലീഹാ ഇരുന്ന പാറയിൽ അവിടത്തെ പാദമുദ്ര അത്ഭുതകരമായി അവശേഷിപ്പിച്ചിട്ടാണ് മരിച്ചത്. കേരളത്തിലെ പുരാതന ദേവാലയങ്ങളുടെ അൾത്താരയിലും മുഖവാരങ്ങളിലും മയിലുകളുടെ രൂപം കൊണ്ട് അലങ്കരിപ്പിച്ചിരിക്കുന്നത് ഈ ഐതിഹ്യങ്ങളുടെ അടിസ്ഥാനത്തിലാണ്.

## സെന്റ് തോമസ് മൗണ്ട് (പെരിയമല)

ചിന്നമലക്ക് മൂന്ന് കിലോമീറ്റർ തെക്ക് പടിഞ്ഞാറ് ചിന്നമലയിൽനിന്നും 75 മീറ്റർ ഉയരത്തിൽ സ്ഥിതി ചെയ്യുന്ന സ്ഥലമാണ് പെരിയമല എന്നറിയപ്പെടുന്ന സെന്റ് തോമസ് മൗണ്ട്. പോർച്ചുഗീസുകാർ 16-ാം നൂറ്റാണ്ടിൽ പണിതീർത്ത ഈ ദേവാലയത്തിൽ എത്തിച്ചേരാൻ 132 പടികൾ കയറണം. രക്തം വിയർക്കുന്ന കുരിശ് എന്നറിയപ്പെടുന്ന പെരിയ മലയിലെ കുരിശിന് മുന്നിൽ പ്രാർത്ഥിച്ചുകൊണ്ടിരിക്കുമ്പോഴാണ് ശ്ലീഹാ കുന്തത്താൽ കുത്തപ്പെട്ടത്. ഈ ദേവാലയത്തിലെ ഏറ്റവും പുണ്യപ്പെട്ട തിരുശേഷിപ്പ് തോമാശ്ലീഹായുടെ കരങ്ങളാൽതന്നെ പാറയിൽ കൊത്തപ്പെട്ട അൾത്താരയുടെ ഭിത്തിയിലുള്ള രക്തം വിയർക്കുന്ന കുരിശാണ്.

## ലിറ്റിൽ മൗണ്ട് (ചിന്നമല)

ചിന്നമലയെന്ന ലിറ്റിൽ മൗണ്ട്, പേര് സൂചിപ്പിക്കുന്നതുപോലെ സമുദ്രനിരപ്പിൽ നിന്നും 80 അടി പൊക്കമുള്ള ഒരു കുന്നാണ് ശത്രുക്കളുടെ ആക്രമണങ്ങളിൽ നിന്ന് അഭയം തേടുന്നതിന് വേണ്ടി തോമാശ്ലീഹാ ഇപ്പോഴത്തെ സെന്റ് തോമസ് ബസിലിക്കയിൽനിന്ന് 4 മൈൽ ദൂരത്തുള്ള ചിന്നമലയിലെ ആ ഗുഹ കണ്ടെത്തി. ഈ ഗുഹക്ക് 16 അടി നീളവും 15 അടി വീതിയും ഏഴ് അടിയോളം ഉയരവുമുണ്ട്. ഈ ഗുഹയിൽ താമസിപ്പിച്ചുകൊണ്ട് തന്റെ പ്രേഷിതപ്രവർത്തനം നടത്തി. ചിന്നമലയിൽ പ്രസിദ്ധമായ ഒരു ക്ഷേത്രമുണ്ടായിരുന്നു. ഈ ക്ഷേത്രത്തിലെ വിഗ്രഹത്തെ ഉത്സവദിനത്തിൽ ആ വഴിക്ക് കടന്നു പോകുന്നവരെല്ലാം വന്ദിക്കുന്ന പതിവ് ഉണ്ടായിരുന്നു




Little Mount Shrine, Mylapore



St Thomas Basilica, Chennai

മിണ്ടാതെ പോകുന്നവരെയെല്ലാം വിഗ്രഹം ഉറഞ്ഞുതുള്ളി ആക്രമിക്കുമെന്നും ഞെരിച്ച് ചോര കുടിക്കുമെന്നും അവർ വിശ്വസിച്ചിരുന്നു. ശ്ലീഹാ അതിന് തയ്യാറായില്ല എന്ന് മാത്രമല്ല ഈ പൂജ നിഷിദ്ധമാണെന്ന് കാണിക്കാൻ കാട്ടുതീയാൽ ക്ഷേത്രമാകെ വെന്തുവെണ്ണീറാകുമെന്ന് പറയുകയും ചെയ്തു. അവർ വെല്ലുവിളിച്ചപ്പോൾ ശ്ലീഹാ കരം ഉയർത്തി കുരിശാകൃതിയിൽ വരച്ചു. കാട്ടുതീ വലിയൊരു ഇരമ്പലായി എത്തിച്ചേരുകയും ക്ഷേത്രം കത്തി നശിക്കുകയും ജനം ഭയന്ന് വിറക്കുകയും ചെയ്തു. തുടർന്ന് ക്ഷേത്രത്തിലെ പുരോഹിതർ തോമായെ ശത്രുവായി കണ്ട് ഞങ്ങളുടെ വിശ്വാസത്തെ ദ്രോഹിച്ച ശ്ലീഹായെ വധിക്കാൻ തീരുമാനിച്ചു. ചിന്നമലയിലെ ഗുഹയിൽ ധ്യാനിച്ചിരുന്ന ശ്ലീഹായെ കുപിതനായ പുരോഹിതൻ പുറകിൽ നിന്നു ശൂലം കൊണ്ട് കുത്തി. മുറിവേറ്റ ഉടനെ വിശുദ്ധൻ മുട്ടുകുത്തി പ്രാർത്ഥനാനിരതനായപ്പോൾ കാൽമുട്ടിന്റെ അടയാളവും അതോടൊപ്പം കാൽപ്പാദപ്പാടുകളും അവിടെ പതിഞ്ഞു. തുടർന്ന് ഇഴഞ്ഞ് നീങ്ങി ഗുഹയിൽ നിന്ന് പുറത്തുവരികയും തൊട്ടടുത്ത പള്ളിയിലെ കൽകുരിശിൽ കെട്ടിപ്പിടിച്ച് പ്രാർത്ഥിച്ചുകൊണ്ട് മരിക്കുകയും ചെയ്തു. ഈ കുരിശിന്റെ പുറകിൽ ഒരിക്കലും വറ്റാത്ത ഒരു ഉറവയുണ്ട്.

മരണം സംഭവിച്ചത് എ.ഡി. 72 ജൂൺ 3-ാം തിയ്യതിയായിരുന്നു. എല്ലാ വർഷവും ജൂലായ് മൂന്നാം തിയ്യതി മാർ തോമാശ്ലീഹായുടെ ദുക്റാന അഥവാ ശൂലം കൊണ്ട് കുത്തിയ ദിനമായി ആചരിക്കുന്നു. ശ്ലീഹായെ കുത്തിയ ശൂലത്തിന്റെ അഗ്രം ഒരു ഗ്രാനൈറ്റ് സ്തംഭത്തിൽ ചില്ലിട്ട് സൂക്ഷിച്ചിട്ടുണ്ട്. പിന്നീട് അത് ഗോവയിലേക്ക് കൊണ്ടുപോയി. ഇന്ന് ഈ സ്തംഭം ഗോവയിലുള്ള ആർക്കിയോളജിക്കൽ സർവെ ഓഫ് ഇന്ത്യൻ മ്യൂസിയത്തിൽ സൂക്ഷിച്ചിട്ടുണ്ട്. തോമാശ്ലീഹായുടെ മൃതദേഹം ശ്ലീഹാ തന്നെ പണികഴിപ്പിച്ച മൈലാപ്പൂരിലെ ദേവാലയത്തിലെ അടിപ്പള്ളിയിൽ (ഭൂഗർഭ ദേവാലയത്തിൽ) യഹൂദരീതിയിൽ മനോഹരമായി നിർമ്മിച്ച കല്ലറയിൽ ശിഷ്യഗണങ്ങളുടെ പ്രാർത്ഥനാഗീതാലാപനത്തോടെ സംസ്കരിച്ചു.

## സെന്റ് തോമസ് കത്തീഡ്രൽ

ഭാരതത്തിന്റെ അപ്പസ്തോലനായ വിശുദ്ധ തോമാശ്ലീഹായുടെ കബറിടത്തിന് മുകളിൽ നിർമ്മിച്ച ദൈവാലയമാണ് തമിഴ്നാട്ടിലെ മൈലാപ്പൂരിലുള്ള സെന്റ് തോമസ് ബസിലിക്ക. കത്തോലിക്കാസഭ ഔദ്യോഗികമായി 2006 ഫെബ്രുവരി 11 ന് ഈ ദേവാലയത്തെ ദേശീയ തീർത്ഥാടനകേന്ദ്രമായി ഉയർത്തി.

**ചരിത്രം** : ക്രിസ്തുവർഷം 69-ൽ മൈലാപ്പൂരിലെത്തി തന്റെ പ്രേഷിത ദൗത്യം ആരംഭിക്കുകയും ഒരു ചെറിയ പള്ളി സ്ഥാപിക്കുകയും ചെയ്തു. പോർച്ചുഗീസുകാർ 1523-ൽ മൈലാപ്പൂരിലെത്തിയപ്പോൾ ഈ ദേവാലയം പുനർനിർമ്മിക്കപ്പെട്ടു. 1740-ൽ ബ്രിട്ടീഷുകാർ ഈ ദേവാലയത്തിന്റെ ചുമതല ഏറ്റെടുത്തു. 1893-ൽ ബ്രിട്ടീഷുകാർ ഇത് പുതുക്കി പണിയുകയും ഇതിന് കത്തീഡ്രൽ പദവി ലഭിക്കുകയും ചെയ്തു. ബ്രിട്ടീഷ് നിർമ്മാണ വൈദഗദ്ധ്യമാണ് ഇന്ന് നമ്മൾ കാണുന്ന സെന്റ് തോമസ് ബസിലിക്ക. വളരെ മനോഹരമായ ഗോഥിക് വൈശിഷ്ട്യങ്ങളോടുകൂടിയ സ്തൂപങ്ങളാൽ മനോഹരമായ ഈ ദേവാലയം ഒരു സംസ്കാരത്തിന്റെയും കാലഘട്ടത്തിന്റെയും വലിയ പൈതൃകമാണ് വിളിച്ചോതുന്നത്. ഈ ദേവാലയത്തെ പരിശുദ്ധ പിയൂസ്



Finger prints of St Thomas, at Mylapore


Death place of St Thomas, at Mylapore

12-ാമൻ മാർപാപ്പ 1956 മാർച്ച് 16 ന് പുറപ്പെടുവിച്ച അപ്പസ്തോലിക് ഡിക്രിയിലൂടെ മദ്രാസ്-മൈലാപ്പൂർ അതിരൂപതയുടെ ചെറിയ ബസിലിക്ക എന്ന പദവിയിലേക്ക് ഉയർത്തി.

ഈ ദേവാലയം ലോകത്തിലെ ഏറ്റവും നീളം കൂടിയ രണ്ടാമത്തേതും ഇന്ത്യയിലെ ഏറ്റവും തിരക്കേറിയ മറീന ബീച്ചിന് 13 കിലോമീറ്റർ തെക്ക് ഭാഗത്തായി സ്ഥിതി ചെയ്യുന്നു. കർദ്ദിനാൾ യൂജിൻ ടിസറന്റ് തിരുമേനി 1954-ൽ ഇറ്റലിയിലെ ഓർത്തോണ സെന്റ് തോമസ് ബസിലിക്കയിൽ സൂക്ഷിച്ചിരിക്കുന്ന വി. തോമാശ്ലീഹായുടെ തിരുശേഷിപ്പിൽനിന്ന് ശ്ലീഹ ഈശോയുടെ തിരുവിലാവിൽ സ്പർശിച്ച വലതുകൈയ്യുടെ ഒരു എല്ല് ഈ ദേവാലയത്തിൽ കൊണ്ടുവന്ന് പ്രതിഷ്ഠിച്ചു. വിശുദ്ധ തോമാശ്ലീഹായുടെ കബറിടത്ത് എത്തുന്നവർക്ക് ഈ തിരുശേഷിപ്പ് ഒത്തിരിയേറെ അനുഗ്രഹങ്ങളുടെ അത്താണിയായി മാറിയിരിക്കുന്നു. ഭാരത നസ്രാണികളെ സംബന്ധിച്ചിടത്തോളം തങ്ങളുടെ അപ്പസ്തോലന്റെ നിണമണിഞ്ഞ മൈലാപ്പൂരിലെ പെരിയ മലയും ചിന്നമലയും ദർശിക്കുന്നത് ഒന്നാം നൂറ്റാണ്ട് മുതൽ ഒരു ജീവിത സൗഭാഗ്യമായി കരുതുന്നു.

**തിരുശേഷിപ്പുകൾ എദേസ്സായിലേക്ക്** : എദേസ്സാ സഭക്ക് തോമാശ്ലീഹയുടെ ഇന്ത്യയിലെ പ്രവർത്തനങ്ങളെക്കുറിച്ച് വ്യാപാരികളിലൂടെ അറിവ് ലഭിക്കുന്നുണ്ടായിരുന്നു. മാർ തോമാശ്ലീഹായെയാണ് എദേസ സഭ പിതാവായി വണങ്ങുന്നത്. രക്തസാക്ഷികളുടെയും സഭാപിതാക്കന്മാരുടെയും തിരുശേഷിപ്പുകൾ ആദരിക്കുകയും അത് ശക്തിയുടെ ഉറവിടമായി കാണുകയും ചെയ്ത ഏദേസായിലേക്ക് ശ്ലീഹായുടെ അസ്ഥികൾ 'വാസിൽ' എന്ന അന്തർദേശീയ വ്യാപാരി എ.ഡി. 222 നും 225നും ഇടക്ക് കൊണ്ടുപോയി ആദരപൂർവ്വം അവിടെ സ്ഥാപിച്ചു. 1141-ൽ തുർക്കികൾ ഏഷ്യാമൈനർ പിടിച്ചടക്കിയപ്പോൾ തിരുശേഷിപ്പുകളുടെ സുരക്ഷക്കായി ഏദേസ്സയിൽ നിന്നും മെഡിറ്ററേനിയൽ പ്രദേശത്തുള്ള 'കിയോസ' ദ്വീപിലേക്ക് മാറ്റപ്പെട്ടു. അവസാനമായി ഇപ്പോൾ തിരുശേഷിപ്പ് ഇറ്റലിയുടെ കിഴക്കേതീരത്തുള്ള ഓർത്തോണ സെന്റ് തോമസ് ബസിലിക്കായുടെ ഭൂഗർഭ കല്ലറയിൽ സൂക്ഷിക്കപ്പെടുന്നു. റോമിൽ നിന്ന് 195 മൈൽ ദൂരെയാണ് ഓർത്തോണ.


The Basilica of San Thomas the Apostle, Ortona, Abruzzo, Italy, famous for holding the relics of Saint Thomas the Apostle


# ഭാരതത്തിലെ മാർത്തോമാ പൈതൃക സഭകൾ



**റവ. ഡോ. ചെറിയാൻ കറുകപറമ്പിൽ**

**കത്തോലിക്കാ അകത്തോലിക്കാ വിഭാഗങ്ങളായി വ്യാപിച്ചു കിടക്കുന്ന മാർതോമാ സഭകളുടെ സങ്കീർണ്ണമായ ചരിത്രത്തെ അവതരിപ്പിക്കാനുള്ള ശ്രമമാണിവിടെ**

പതിനാറാം നൂറ്റാണ്ടിൽ പോർച്ചുഗീസ് മിഷനറിമാരുടെ ആഗമനം വരെ 'മാർത്തോമാ ക്രിസ്ത്യാനികളുടെ സഭ' എന്നറിയപ്പെട്ടിരുന്ന ഒരു ക്രൈസ്തവസഭ മാത്രമേ ഭാരതത്തിൽ ഉണ്ടായിരുന്നുള്ളു. ഭാരതസഭ ഇക്കാലയളവിൽ വിവിധസഭകളുമായി ബന്ധം പുലർത്തിയിരുന്ന ഒരു തദ്ദേശീയ സഭയായി വളർന്നുവന്നുവെന്നതാണ് പാരമ്പര്യം. ഈ സഭയുടെ വ്യക്തിത്വവും തനിമയും തോമായുടെ മാർഗം, അഥവാ തോമായുടെ നിയമം എന്നതിലാണ് പ്രകടമായിരുന്നത്. അതിനാൽതന്നെ മാർത്തോമ്മാ പാരമ്പര്യമുള്ള ഇതരസഭകളുമായി ഭാരതനസ്രാണിസഭ ബന്ധം പുലർത്തിയിരുന്നതായി കാണാം.



Old Kottakavu Church

പേർഷ്യയിലെ പൗരസ്ത്യസുറിയാനി സഭയുമായുള്ള ബന്ധത്തിലൂടെ നസ്രാണിസഭയുടെ ചരിത്രത്തിൽ പുത്തൻചക്രവാളങ്ങൾ ഉദയം ചെയ്തു. സഭാപരവും, ഭരണപരവും, ദൈവശാസ്ത്ര ആദ്ധ്യാത്മികപരവുമായ ആരാധനക്രമ വളർച്ചയ്ക്ക് ഈ ബന്ധങ്ങൾ വഴി തെളിച്ചു. പോർട്ടുഗീസ് ആഗമനത്തിനുശേഷം ഈ ബന്ധങ്ങൾക്ക് വിള്ളലുകൾ സംഭവിച്ചെങ്കിലും 1599 ലെ ഉദയംപേരൂർ സൂനഹദോസിനു മുൻപുവരെയുള്ള കാലഘട്ടം സഭാപരമായ ബന്ധങ്ങൾ തുടർന്നിരുന്നുവെന്നു കാണാം.

ചരിത്രത്തിലെ ചില സാഹചര്യങ്ങൾ സൃഷ്ടിച്ച ആകസ്മികമായ സംഭവങ്ങൾ ഭാരത സഭാഗാത്രത്തിൽ പിന്നീട് ആഴത്തിലുള്ള മുറിവുകൾ സൃഷ്ടിച്ചു. ആന്തരികമെന്നതിനേക്കാൾ ബാഹ്യമായ (വൈദേശിക) ഇടപെടലുകളാണ് ആദ്യകാല വിഭജനങ്ങൾക്ക് വഴി തെളിച്ചതെന്ന് പറയാം. ഭാരതസഭയുടെ സഭൈക്യ ചരിത്രത്തിലേയ്ക്കുള്ള ഒരന്വേഷണം നമ്മെ ഈ സഭകളെയെല്ലാം കോർത്തിണക്കുന്ന സഭാപാരമ്പര്യത്തിന്റെ ഒരു പൊതു ഇടത്തിലേക്ക് എത്തിക്കും എന്നു കണ്ടെത്താം. അത് ലോകത്തിലെ മറ്റു സഭകളിൽ നിന്നും അതിനെ വ്യത്യസ്തമാക്കുന്ന അപ്പസ്തോലിക പാരമ്പര്യമാണ്. മാർത്തോമ്മാ നസ്രാണി പാരമ്പര്യം എന്ന് നമുക്കതിനെ വിളിക്കാം. കത്തോലിക്കാ-അകത്തോലിക്കാ വിഭാഗങ്ങളിലായി ഒൻപതോളം വ്യക്തിസഭകളായിട്ടാണ് ഇന്ന് മാർത്തോമ്മാ പാരമ്പര്യം പേറുന്ന സഭകൾ നിലകൊള്ളുന്നത്. കത്തോലിക്കാ-ഓർത്തഡോക്സ്-ആംഗ്ലിക്കൻ പാരമ്പര്യങ്ങളിലാണ് ഈ സഭകൾ.

**മാർത്തോമ്മാ നസ്രാണി പാരമ്പര്യം പേറുന്ന സഭകളിൽ ഏറ്റം പ്രബലമായ സഭ സീറോ മലബാർ സഭ തന്നെയാണ്.** കത്തോലിക്കാ പാരമ്പര്യം പേറുന്ന സഭകൾ പ്രധാനമായും രണ്ടാണ് സീറോ മലബാർ സഭയും, സീറോ മലങ്കര സഭയും.

മാർത്തോമ്മാ ശ്ലീഹായുടെ കാലം മുതൽ 1653 വരെ യാതൊരുവിധ വിഭാഗീയതയോ ഭിന്നിപ്പോ കൂടാതെ ഒരേ തലവന്റെ കീഴിൽ ഒറ്റക്കെട്ടായി നിന്നിരുന്ന സമൂഹമായിരുന്നു മാർത്തോമ്മാ ക്രിസ്ത്യാനികളുടേത്. 1653 ലെ കൂനൻ കുരിശു സത്യത്തിനു ശേഷം മാർത്തോമ്മാ ക്രിസ്ത്യാനികളായ 12 പുരോഹിതർ 1653 മെയ് 22 ന് അന്നത്തെ ആർച്ചു ഡീക്കനായ പറമ്പിൽ തോമ്മാ കത്തനാരെ മാർത്തോമ്മാ എന്ന പേരിൽ മെത്രാനായി അഭിഷേകം ചെയ്തു. ഭൂരിപക്ഷം ഇടവകകളും പദ്രവാദോ മെത്രാനായ ഫ്രാൻസീസ് ഗാർസിയായെ ഉപേക്ഷിച്ച് പുതിയ മെത്രാന്റെ പിന്നിൽ അണിനിരന്നു. എന്നാൽ പിന്നീട് ആർച്ച് ഡീക്കൻ തോമ്മാ കത്തനാരുടെ മെത്രാഭിഷേകം നിയമാനുസൃതമല്ലെന്നു മനസ്സിലാക്കിയ മാർത്തോമാ ക്രിസ്ത്യാനികളിൽ പലരും അദ്ദേഹത്തെ ഉപേക്ഷിച്ച് പോയി. ഭിന്നിപ്പുകളുടെ ഈ ചരിത്രം മുൻപോട്ട് പുതിയ പുതിയ ഭാവങ്ങൾ കൈക്കൊണ്ടു. എല്ലാം ശരിയാക്കാനായി റോം അയച്ച അപ്പസ്തോലിക കമ്മീഷൻ മാർ സെബസ്ത്യാനി 1663 ഫെബ്രുവരി 1 ന് ആർച്ചു ഡീക്കനെയും അദ്ദേഹത്തിന്റെ കൂട്ടാളിയായിരുന്ന ആഞ്ഞിലിമൂട്ടിൽ ഇട്ടിത്തൊമ്മൻ കത്തനാരെയും കത്തോലിക്കാ സഭയിൽ നിന്നു മഹറോൻ ചൊല്ലി പുറത്താക്കി. അങ്ങനെ പിളർപ്പ് ഔദ്യോഗികമായി സ്ഥിരീകരിക്കപ്പെട്ടു. കത്തോലിക്കാ, അകത്തോലിക്കാ എന്നീ രണ്ടു സമൂഹങ്ങളായി വിഭജനത്തിന് ഒരു സ്ഥായീഭാവം കൈവന്നു. അകത്തോലിക്കാസഭ കാലാന്തരത്തിൽ അന്ത്യോക്യൻ പാരമ്പര്യത്തിലുള്ള ഓർത്തഡോക്സ് സഭയായി മാറി.

പുറത്താക്കപ്പെട്ട ആർച്ചുഡീക്കനും അനുയായികളും സുറിയാനി പാരമ്പര്യത്തിലുള്ള ഒരു മെത്രാനെ ലഭിക്കാനുള്ള ആവേശവുമായി കൽദായ പാത്രിയാർക്കീസിനും, അന്ത്യോക്യായിലെ യാക്കോബായ പാത്രിയാർക്കീസിനും കത്തുകൾ എഴുതി. 1665 ൽ അന്ത്യോക്യൻ പാത്രിയാർക്കീസ് അബ്ദുൾ ജലീൽ മാർ ഗ്രിഗോറിയോസ് എന്ന യാക്കോബായ മെത്രാനെ മലബാറിലേക്കയച്ചു. മാർ ഗ്രിഗോറിയോസിന്റെ പ്രവർത്തനങ്ങൾ സുറിയാനി പാരമ്പര്യങ്ങൾ പലതും വീണ്ടെടുക്കുന്നതിനു വഴി തെളിച്ചെങ്കിലും റോമുമായിട്ടുള്ള അകൽച്ചക്ക് അകലം കൂട്ടി. റോമിനോടും കത്തോലിക്കാസഭയോടുമുള്ള പൊതുവായ ഒരു എതിർപ്പ് ഈ സമൂഹത്തിൽ ഉളവാക്കാൻ അദ്ദേഹത്തിനു കഴിഞ്ഞു. അന്ത്യോക്യൻ അഥവാ സിറിയൻ ഓർത്തഡോക്സ് പാരമ്പര്യത്തിന് അങ്ങനെ ഭാരതസഭയിൽ തുടക്കമായി. നേരിട്ടോ അല്ലാതെയോ അന്ത്യോക്യൻ ആരാധനാക്രമ പാരമ്പര്യങ്ങൾ പേറുന്ന നാലു വ്യത്യസ്ത സഭകളാണ് ഇന്ന് കേരളത്തിലുള്ളത്.

## മലങ്കര യാക്കോബായ സിറിയൻ ഓർത്തഡോക്സ് സഭ

മുകളിൽ സൂചിപ്പിച്ചിരുന്നതുപോലെ മാർ ഗ്രിഗോറിയോസിന്റെ ആഗമനത്തോടെ വിഘടിച്ചുനിന്ന മാർത്തോമാ ഒന്നാമന്റെ നേതൃത്വത്തിലുള്ള വിഭാഗത്തിന്റെ പ്രവർത്തനങ്ങൾ ശക്തിപ്പെട്ടു. ഇത് കത്തോലിക്കാ-അകത്തോലിക്കാ സമൂഹങ്ങൾ തമ്മിലുള്ള വിടവ് വർദ്ധിപ്പിക്കുകയും ചെയ്തു. കൂനൻ കുരിശു സത്യം ദുർവ്യാഖ്യാനം ചെയ്യപ്പെടുവാ



Malankara Orthodox Jacobite church

നും അതു റോമാ മാർപാപ്പായ്ക്കും കത്തോലിക്കാ സഭയുടെ ആധിപത്യത്തിനും എതിരായുള്ള വിപ്ലവവും ശീശ്മയുമായി ചിത്രീകരിക്കപ്പെടാനും തുടങ്ങി.

1670 ഏപ്രിൽ 22 ന് മാർത്തോമ്മാ ഒന്നാമൻ എന്ന പേരിൽ അഭിഷിക്തനായ ആർച്ചുഡീക്കൻ തോമ്മാക്കത്തനാരുടെ മരണശേഷം മാർത്തോമ്മാ രണ്ടാമനും (1670–1686), മാർത്തോമ്മാ മൂന്നാമനും (1686–1688), മാർത്തോമ്മാ നാലാമനും (1688–1728) മാർത്തോമ്മാ അഞ്ചാമനും (1728–1765) ഈ സമൂഹത്തിന്റെ മേൽ ഭരണം നിർവഹിച്ചു. എന്നാൽ ഈ മെത്രാൻമാർ ആരും സാധുവായ മെത്രാഭിഷേകം ലഭിച്ചവരായിരുന്നില്ല എന്നാണ് പൊതുവായ അഭിപ്രായം. മലങ്കര സമൂഹത്തിന്റെ അന്ത്യോക്യൻ പാരമ്പര്യങ്ങളിലേയ്ക്കുള്ള ചുവടുമാറ്റം ക്രമാനുഗതമായ ഒരു പ്രവർത്തനമായിരുന്നു. 1685 ൽ വന്ന രണ്ടു യാക്കോബായ മെത്രാന്മാർ എൽദോ മാർ ബസേലിയോസ്, മാർ ഈവാനിയോസ് ഹിദാത്തുള്ള എന്നീ മെത്രാന്മാരുടെ പ്രവർത്തനങ്ങൾ ഈ ശ്രമങ്ങളെ ശക്തിപ്പെടുത്തി.

ഇപ്രകാരം അന്ത്യോക്യൻ ആരാധനക്രമ രീതികൾ സ്വീകരിച്ച വിഘടിത സമൂഹം പിന്നീട് മലങ്കര യാക്കോബായ സുറിയാനി സഭ എന്ന് അറിയപ്പെട്ടു തുടങ്ങി. ആറാം നൂറ്റാണ്ടിൽ അന്ത്യോക്യൻ ഓർത്തഡോക്സ് സുറിയാനി സഭയിൽ സമൂലമായ നവീകരണത്തിന് നേതൃത്വം നല്കിയ മാർ ജേക്കബ് ബാർദേയൂസ് എന്ന മെത്രാന്റെ പേരിൽനിന്നാണ് അന്ത്യോക്യൻ സഭ യാക്കോബായ സുറിയാനി സഭ എന്ന അപരനാമം കൂടി സ്വീകരിച്ചത്. ഇന്ന് കേരളത്തിൽ സിറിയൻ ഓർത്തഡോക്സ് പാരമ്പര്യത്തിലുള്ള വിവിധ സഭകൾ ഉണ്ടെങ്കിലും അന്ത്യോക്യൻ പാത്രിയാർക്കീസിന്റെ പരമാധികാരത്തെ പൂർണ്ണമായും അംഗീകരിക്കുന്ന വിഭാഗമാണ് യാക്കോബായ സഭ എന്നറിയപ്പെടുന്നത്. 1836 ലെ മാവേലിക്കര സൂനഹദോസ്, 1876 ലെ മുളന്തുരുത്തി സൂനഹദോസ് എന്നിവയാണ് അന്ത്യോക്യൻ പാത്രിയാർക്കീസിന്റെ പരമാധികാരം മലങ്കരസഭയിൽ അരക്കിട്ടുറപ്പിച്ചത്.

## മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ

മുകളിൽ പ്രസ്താവിച്ചതുപോലെ 1876 ലെ മുളന്തുരുത്തി സൂനഹദോസോടുകൂടി അന്ത്യോക്യൻ പാത്രിയാർക്കീസ് മലങ്കര സഭയുടെ ആത്മീയവും ഭൗതികവുമായ എല്ലാറ്റിന്റെയും പരമാധികാരിയായിത്തീർന്നു. മലങ്കരസഭയിൽ അന്ത്യോക്യൻ റീത്തും യാക്കോബായ വിശ്വാസങ്ങളും നടപ്പിൽ വരുത്തിയത് ദീർഘവും തുടർച്ചയായുള്ളതുമായ ഒരു പ്രക്രിയയായിരുന്നു. 1665 ൽ അന്ത്യോക്യൻ മെത്രാൻ മാർ ഗ്രിഗോറിയോസിന്റെ വരവോടുകൂടെ ആരംഭിച്ച ഈ പ്രക്രിയ 1846–66 കാലഘട്ടത്തിൽ മാർ കൂറിലോസിന്റെ കാലത്ത് അതിന്റെ പരിസമാപ്തിയിലെത്തുന്നതായി കാണാം. അതുപോലെതന്നെ, അന്ത്യോക്യൻ പാത്രിയാർക്കീസിന്റെ അധികാരവും ഭരണവും മലങ്കര സഭയുടെമേൽ ചുമത്തപ്പെട്ടതും ക്രമാനുഗതമായിട്ടായിരുന്നു. മലങ്കരസഭയെ മുളന്തുരുത്തി സൂനഹദോസിൽവെച്ച് പൂർണ്ണമായി അന്ത്യോക്യൻ ഓർത്തഡോക്സ് പാത്രിയാർക്കീസിന്റെ അധികാരത്തിനു കീഴിൽ കൊണ്ടുവന്ന പീറ്റർ മൂന്നാമൻ പാത്രിയാർക്കീസ് 1894 ൽ കാലം ചെയ്തു. 1895 ൽ ആസ്ഥാനത്ത് അവരോധിക്കപ്പെട്ട അബ്ദുൾ മിശിഹാ രണ്ടാമനെ 1905 ൽ തുർക്കി സുൽത്താനായ ഹബ്ദുൾ ഹമീദ് സ്ഥാനഭ്രഷ്ടനാക്കി പകരം 1906 ഓഗസ്റ്റ് 28 ന് മാർ ഇഗ്നേഷ്യസ് അബ്ദുള്ള സാൽത്തഫിനെ മാർ അബ്ദുള്ള രണ്ടാമൻ എന്ന പേരിൽ പാത്രിയാർക്കീസായി നിയമിച്ചു.

പുതിയ പാത്രിയാർക്കീസായ അബ്ദുള്ള രണ്ടാമൻ 1909 ൽ മലങ്കരയിൽ വരുകയും ഈ സഭയുടെമേൽ ആത്മീയവും ഭൗതികവുമായ എല്ലാക്കാര്യങ്ങളിലും സമ്പൂർണ്ണമായ പരമാധികാരം അവകാശപ്പെടുകയും ചെയ്തു. എന്നാൽ പാത്രിയാർക്കീസിന്റെ ഈ വാദത്തെ ഖണ്ഡിച്ചുകൊണ്ട് മലങ്കര മെത്രാപ്പോലീത്താ ദിവന്ന്യാസോസ് ആറാമൻ രംഗത്തുവന്നു. പാത്രിയാർക്കീസിന് ആദ്ധ്യാത്മികകാര്യങ്ങളിൽ മാത്രമേ പരമാധികാരമുള്ളു എന്നും, സഭയുടെ ആഭ്യന്തര ഭരണകാര്യങ്ങളിലോ, ഭൗതിക വസ്തുക്കൾ കൈകാര്യം ചെയ്യുന്നതിലോ കൈകടത്തുവാൻ അധികാരമില്ല എന്ന് വാദിച്ചു. പാത്രിയാർക്കീസ് ദിവന്ന്യാസോസ് ആറാമനെയും അദ്ദേഹത്തിന്റെ അനുയായികളെയും മഹറോൻ ചൊല്ലി സഭാഭ്രഷ്ടരാക്കി. പകരം 1911 മെയ് 31 ന് മാർ കൂറിലോസിനെ മലങ്കര യാക്കോബായ സിറിയൻ സഭയുടെ മെത്രാപ്പോലീത്തആയി നിയമിച്ചു. മെത്രാൻ കക്ഷി ബാവാ കക്ഷി വ്യവഹാരങ്ങൾക്കും, കക്ഷിമാത്സര്യങ്ങൾക്കും വഴിതെളിച്ച സംഭവങ്ങൾക്ക് ബീജാവാപം നല്കിയത് ഈ സംഭവമായിരുന്നു എന്നു പറയാം.



Malankara Orthodox church

പുറത്താക്കപ്പെട്ട മാർ ദിവന്ന്യാസോസ് ആറാമനും അദ്ദേഹത്തിന്റെ അനുയായികളും 1911 സെപ്തംബർ 7 ന് പാത്രിയാർക്കീസിന്റെ നടപടികളെല്ലാം അസാധുവായി പ്രഖ്യാപിക്കുകയും സ്വയം ഭരണാധികാരമുള്ള ഒരു സ്വതന്ത്ര സഭ രൂപീകരിക്കുവാൻ നിശ്ചയിക്കുകയും ചെയ്തു. അവർ അന്ത്യോക്യയിൽ സ്ഥാനഭ്രഷ്ടനാക്കപ്പെട്ട അബ്ദുൾ മിശിഹാ രണ്ടാമൻ പാത്രിയാർക്കീസിന്റെ സഹായം തേടുകയും, 1912 ജൂൺ 13 ന് അദ്ദേഹം കേരളത്തിൽ വന്ന് മാർ ദിവന്ന്യാസോസ് ആറാമനെ മഹറോൻ ശിക്ഷയിൽനിന്നും വിമുക്തനാക്കുകയും ചെയ്തു. 1912 സെപ്തംബർ 15 ന് മാർ അബ്ദുൾ മിശിഹാ രണ്ടാമൻ കിഴക്കിന്റെ കാതോലിക്കേറ്റ് സ്ഥാപിക്കുകയും മുറിമറ്റത്തിൽ പൗലോസ് മാർ ദിവന്ന്യാസോസിനെ മോറാൻ മോർ പൗലോസ് ബസേലിയോസ് എന്ന പേരിൽ മലങ്കര സിറിയൻ ഓർത്തഡോക്സ് സഭയുടെ ആദ്യത്തെ കാതോലിക്കോസ് ആയി നിയമിക്കുകയും, മൂന്നു മെത്രാൻമാരെ ക്കൂടി അഭിഷേകം ചെയ്യുകയും ചെയ്തു.

അങ്ങനെ അന്ത്യോക്യൻ പാരമ്പര്യം പിന്തുടരുന്ന രണ്ടു പ്രധാന വിഭാഗങ്ങൾ മലങ്കരസഭയിൽ ഉടലെടുത്തു. അന്ത്യോക്യൻ പാത്രിയാർക്കൽ സംവിധാനത്തിന്റെ ഭാഗമായി തുടർന്ന ഒരു വിഭാഗം തങ്ങളുടെ ആത്മീയവും ഭൗതികവുമായ എല്ലാക്കാര്യങ്ങളുടെയും നിയമപാലനവും പരമാധികാരവും അന്ത്യോക്യൻ പാത്രിയാർക്കീസിനു വരത്തക്കവണ്ണം, മലങ്കര സിറിയൻ ഓർത്തഡോക്സ് സഭ അഥവാ പാത്രിയാർക്കീസ് കക്ഷി എന്നറിയപ്പെട്ടു തുടങ്ങി. മറുവിഭാഗം മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ അഥവാ കാതോലിക്കോസ് കക്ഷി എന്ന പേരിൽ അന്ത്യോക്യൻ പാത്രിയാർക്കീസിൽനിന്നും പൂർണ്ണ സ്വാതന്ത്ര്യം പ്രാപിച്ച ഒരു യഥാർത്ഥ സ്വയംഭരണ സ്വയം ശീർഷക സഭ ആയി തീരുകയും ചെയ്തു. ഒന്നാം കാതോലിക്ക മുതൽ 9 കാതോലിക്കമാരാണ് മലങ്കര ഓർത്തഡോക്സ് സഭയെ നയിച്ചത്. ഇപ്പോഴത്തെ കാതോലിക്ക ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് ത്രിതീയൻ ബാവാ സഭയുടെ ഒൻപതാം കാതോലിക്കയാണ്. 'കിഴക്കിന്റെ കാതോലിക്കയും, മലങ്കര സഭയുടെ മെത്രാപ്പോലീത്തയും എന്ന് അദ്ദേഹം അഭിധാനം ചെയ്യപ്പെടുന്നു.' മലങ്കര ഓർത്തഡോക്സ് സഭ രണ്ടു വിഭാഗങ്ങളായി വിഭജിക്കപ്പെട്ട കാലം മുതൽ ഇരുവിഭാഗങ്ങളുടെയും ചരിത്രം നൂറ്റാണ്ടുകൾ നീണ്ടുനിന്ന നിയമ വ്യവഹാരങ്ങളുടെയും അപകീർത്തിപരമായ സംഘർഷങ്ങളുടെയും അനുരഞ്ജന ശ്രമങ്ങളുടെയും നിരവധി കോടതി കേസുകളുടെയും ചരിത്രമായി മാറി.

ദശകങ്ങൾ നീണ്ട വ്യവഹാരങ്ങൾക്കൊടുവിൽ 1958 ലും 1995 ലും അവസാനമായി 2017 ലും ഇന്ത്യൻ സുപ്രീം കോർട്ട് നൽകിയ അന്തിമവിധിപ്രകാരം ഇന്ത്യയിൽ ഒരു മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയേ ഉള്ളൂ. 'അത് 1934 ലെ മലങ്കര അസ്സോസിയേഷൻ അംഗീകരിച്ച ഭരണഘടനയും തുടർന്നു വന്നിട്ടുള്ള ഭേദഗതികൾക്കും അനുസൃതം ഭരിക്കപ്പെടുന്ന സ്വയംഭരണ കാതോലിക്കേറ്റാണ്.' സുപ്രീംകോടതിയുടെ 2017 ലെ അന്തിമ വിധിപ്രകാരം ഓർത്തഡോക്സ് വിഭാഗത്തിന് മലങ്കരസഭയിലെ 1100 പള്ളികളും ഇടവകകളും ഭരിക്കാൻ ഉള്ള അവകാശം നല്കി.

എങ്കിലും പാത്രിയാർക്കീസ് വിഭാഗം ഇന്നും മലങ്കര യാക്കോബായ സിറിയൻ ഓർത്തഡോക്സ് സഭ എന്ന പേരിൽ സിറിയൻ ഓർത്തഡോക്സ് പാത്രിയാർക്കീസിന്റെ കീഴിൽ വേറിട്ടൊരു സഭയായി തുടരാൻ തീരുമാനിച്ചു.

### മാർത്തോമ്മാ സുറിയാനി സഭ

പത്തൊൻപതാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ കേരളത്തിലെ നാട്ടുരാജ്യങ്ങളിൽ ബ്രിട്ടീഷ് ഭരണത്തിന്റെ വ്യക്തമായ സ്വാധീനം ആരംഭിച്ചു. മലങ്കര ഓർത്തഡോക്സ് സഭ ഈ സാഹചര്യത്തിൽ ആംഗ്ലിക്കൻ സഭയുടെ സ്വാധീനത്തിലായി. ബ്രിട്ടീഷ് ഭരണകാലത്ത് തിരുവതാംകൂർ റസിഡന്റ് ആയിരുന്ന കേണൽ മണറോയും, അദ്ദേഹത്തിന്റെ ചാപ്ലെൻ ക്ലാഡിയൂസ് ബുക്കാനനും യാക്കോബായ ഓർത്തഡോക്സ് സഭയുടെ കാര്യങ്ങളിൽ പ്രത്യേകം ശ്രദ്ധചെലുത്തി. യാക്കോബായസഭയുടെ നവീകരണത്തിനായി ആംഗ്ലിക്കൻ മിഷനറി സമൂഹമായ സി.എം.എസ്. സൊസൈറ്റിയെ ഭരമേല്പിച്ചു. ബൈബിളിന്റെ സുറിയാനി വിവർത്തനം നല്കിയും, അതിന്റെ മലയാളം പരിഭാഷ തയ്യാറാക്കുക, കുട്ടികളുടെ വിദ്യാഭ്യാസത്തിനായി പള്ളിക്കൂടങ്ങൾ തുടങ്ങുക എന്നീ സംരംഭങ്ങളിലൂടെ ആളുകളുടെ ശ്രദ്ധയും, പ്രീതിയും സമ്പാദിച്ചു. വൈദിക പരിശീലനത്തിനായി കോട്ടയത്ത് ഒരു സെമിനാരി (ചുങ്കം സെമിനാരി) യും സ്ഥാപിച്ചു. മാർത്തോമ്മാ നസ്രാണികളുടെമേലുള്ള റോമൻ സ്വാധീനം പൂർണ്ണമായും തുടച്ചുനീക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച നവീകരണശ്രമങ്ങൾ പ്രൊട്ടസ്റ്റന്റ് ആംഗ്ലിക്കൻ സഭാ പാരമ്പര്യങ്ങൾ യാക്കോബായ സഭയിൽ കടന്നുകയറാൻ അവസരമൊരുക്കി. അന്ത്യോക്യൻ ആരാധനാക്രമത്തോടും പൗരസ്ത്യ പാരമ്പര്യങ്ങളോടും ശക്തമായ അടുപ്പം പുലർത്തിവന്ന യാക്കോബായ സമൂഹം


Orthodox Theological Seminary, Kotayam

ഈ ശ്രമങ്ങളെ പ്രതിരോധിച്ചു. ഇതിന്റെ പരിസമാപ്തിയെന്നവണ്ണം 1836 ൽ മാർ ദിവന്ന്യാസോസ് നാലാമന്റെ നേതൃത്വത്തിൽ കൂടിയ മാവേലിക്കര സൂനഹദോസ് ആംഗ്ലിക്കൻ മിഷനറിമാരോടുള്ള യാക്കോബായ സഭയുടെ എല്ലാ ബന്ധങ്ങളും വിച്ഛേദിക്കാൻ തീരുമാനിച്ചു. എന്നാൽ ഒരു വിഘടിതവിഭാഗം പാലാക്കുന്നത്ത് അബ്രഹാം മല്പാന്റെ നേതൃത്വത്തിൽ സി.എം.എസ്. മിഷനറിമാരുടെ പക്ഷം ചേർന്ന് നവീകരണ ശ്രമങ്ങൾ തുടർന്നു. ഈ സമൂഹം ഔദ്യോഗിക യാക്കോബായ ഓർത്തഡോക്സ് സഭയിൽനിന്നു വിഘടിച്ച് മാർതോമാ സുറിയാനി സഭയ്ക്കു രൂപം നല്കി. ഈ സഭ ഉത്ഭവംകൊണ്ട് മാർത്തോമാ ക്രിസ്ത്യാനികളും ആരാധനാക്രമത്തിൽ അന്ത്യോക്യനും, വിശ്വാസതത്വങ്ങളിൽ ഓർത്തഡോക്സ്-ആംഗ്ലിക്കനും സംസ്കാരത്തിൽ ഭാരതീയവുമാണ്. സഭാഭരണത്തിൽ പൂർണ്ണമായും ജനാധിപത്യരീതി പിന്തുടരുന്ന സഭയുടെ ഭരണസമിതി 65 ശതമാനം അൽമായരും 35 ശതമാനം വൈദികരുമടങ്ങുന്നതാണ്. തിരുവല്ല ആസ്ഥാനമായുള്ള സഭയുടെ ഇപ്പോഴത്തെ തലവൻ മാർ തിയഡോഷ്യസ് മാർതോമാ മെത്രാപ്പോലീത്ത ആണ്. 13 രൂപതകളും 1246 ഇടവകകളിലായി 10 ലക്ഷത്തിലധികം വിശ്വാസികളുള്ള മാർതോമ്മാ സുറിയാനി സഭ ഇന്ന് ഇന്ത്യ, മലേഷ്യ, സിംഗപ്പൂർ, യൂറോപ്പ്, അമേരിക്ക, ദക്ഷിണാഫ്രിക്ക, ഓസ്ട്രേലിയ തുടങ്ങിയ സ്ഥലങ്ങളിലായി വ്യാപിച്ചിരിക്കുന്നു.

## സെന്റ് തോമസ് ഇവാഞ്ചലിക്കൽ ചർച്ച് ഓഫ് ഇന്ത്യ

1961-ൽ മാർതോമ്മാ സുറിയാനി സഭയിലുണ്ടായ പിളർപ്പിന്റെ ഫലമായി രൂപപ്പെട്ട പുതിയ സഭയാണ് സെന്റ് തോമസ് ഇവാഞ്ചലിക്കൽ ചർച്ച്. 1953-ൽ മാർത്തോമ്മാ സഭയിലെ ഏതാനും വൈദികരും വിശ്വാസികളും ഫാ. കെ.എം. ഡാനിയൽ എന്ന വൈദികന്റെ നേതൃത്വത്തിൽ മാർത്തോമ്മാ സഭാനേതൃത്വത്തിനെതിരായി പരാതികൾ ഉന്നയിച്ചു. നവീകരണ വിശ്വാസത്തിനും, പ്രവർത്തനങ്ങൾക്കും തീക്ഷ്ണത കുറഞ്ഞുവെന്നും സഭയുടെ പ്രഖ്യാപിതലക്ഷ്യങ്ങളിൽ നിന്നും നേതൃത്വം വ്യതിചലിച്ചുവെന്നുമുള്ള പരാതിയുമായി സിവിൽകോടതിയിൽ കേസു നല്കി.

സിവിൽകോടതി കേസ് തള്ളിയതിനെതുടർന്ന് വിഘടിച്ചുനിന്നവരെ ഔദ്യോഗികസഭയിൽനിന്നും പുറത്താക്കി. ഇവർ ചേർന്ന് 1961 ൽ സെന്റ് തോമസ് ഇവാഞ്ചലിക്കൽ ചർച്ച് എന്ന സഭയ്ക്കു രൂപം നല്കി. പന്ത്രണ്ടു വൈദികർ ചേർന്ന് റവ. കെ. എൻ. ഉമ്മൻ, റവ. ജോൺ വർഗീസ് എന്നിവരെ പുതിയ മെത്രാൻമാരായി വാഴിച്ചു. വി. ഗ്രന്ഥത്തിൽ രക്ഷയ്ക്കാവശ്യമായതെല്ലാം നല്കപ്പെട്ടിട്ടുണ്ടെന്നുള്ളതാണ് ഈ സഭയുടെ അടിസ്ഥാന വിശ്വാസം. തിരുവല്ലായിലും ചുറ്റുപാടുകളിലുമായി ഈ സഭ വ്യാപിച്ചു കിടക്കുന്നു.

## കിഴക്കിന്റെ അസീറിയൻ സഭ

അസീറിയൻ ചർച്ച് ഓഫ് ദ ഈസ്റ്റ്, ചർച്ച് ഓഫ് ദ ഈസ്റ്റ്, കേരളത്തിൽ 'കൽദായ സഭ' എന്നൊക്കെ വിളിക്കപ്പെടുന്ന ഈ സഭയുടെ കേരള ചരിത്രം മാർത്തോമ്മാ നസ്രാണികളുടെ പേർഷ്യൻ സഭയുമായുള്ള ബന്ധവുമായി ചേർന്നുകിടക്കുന്നു. തൃശൂർ കേന്ദ്രമായി പ്രവർത്തിക്കുന്ന കൽദായ സുറിയാനി സഭ എന്നറിയപ്പെടുന്ന ഈ സഭയ്ക്ക് നെസ്തോറിയൻ സഭയെന്നു കൂടി പേരുണ്ട്. കോൺസ്റ്റാന്റിനോപ്പിളിലെ പാത്രിയാർക്കീസായിരുന്ന ജോൺ നെസ്തോറിയസ് (എ.ഡി. 428-431) കന്യകാമറിയത്തെ ദൈവമാതാവ് എന്നു വിളിക്കുവാൻ വിസമ്മതിച്ചതിനെ തുടർന്ന് അദ്ദേഹത്തെ എഫേസോസ് സൂനഹദോസ് (എ.ഡി. 431) വേദവിപരീതി എന്നു മുദ്രകുത്തി. തുടർന്ന് അദ്ദേഹത്തെ അംഗീകരിക്കുന്ന പേർഷ്യൻ സഭയെ നെസ്തോറിയൻ സഭയെന്ന് തെറ്റായി വിളിച്ചു. ഈ സഭയുമായി ബന്ധപ്പെട്ടിരുന്ന ഭാരതത്തിലെ സുറിയാനി സഭയെയും തെറ്റായി സംബോധന ചെയ്തിരുന്നതിനാൽ ഇപ്രകാരമുള്ള അപരനാമത്താൽ ഈ സഭയും വിളിക്കപ്പെട്ടിരുന്നു.

ഏകദേശം 4-ാം നൂറ്റാണ്ടുമുതൽ 16-ാം നൂറ്റാണ്ടുവരെ ഭാരതത്തിലെ മാർത്തോമ്മാ നസ്രാണിസഭ അതിന്റെ



Marth Mariyam Valiyapalli, Thrissur

ഭരണപരവും, ആരാധനക്രമപരവുമായ വളർച്ചയിൽ പേർഷ്യൻസഭയെ ആശ്രയിച്ചിരുന്നതായാണ് ചരിത്രം. പോർട്ടുഗീസു മിഷനറിമാരുടെ ഇടപെടലിലൂടെ ഈ ബന്ധം വിച്ഛേദിക്കപ്പെട്ടു.

എ.ഡി. 1597-ൽ മലങ്കരയിൽ ഉണ്ടായിരുന്ന പേർഷ്യൻ മെത്രാൻ മാർ അബ്രഹാം മരിച്ചതോടെ കൽദായസഭയുമായുള്ള മലങ്കരസഭയുടെ നേരിട്ടുള്ള ബന്ധത്തിന് വിരാമമിട്ടു. 1599 ലെ ഉദയംപേരൂർ സൂനഹദോസ് ഈ പേർഷ്യൻ ബന്ധം പൂർണ്ണമായി വിഛേദിച്ചു. എങ്കിലും ഭാരത നസ്രാണികളുടെ സുറിയാനി പാരമ്പര്യത്തോടുള്ള സ്നേഹവും വൈകാരികമായ അടുപ്പവും പൂർണ്ണമായി ഇല്ലാതാക്കുവാൻ സാധിച്ചില്ല എന്നതു ചരിത്രം. 1653 ലെ കൂനൻകുരിശു സത്യത്തിനുശേഷം 1665 ൽ എത്തിയ ജറുസലേമിലെ മാർ ഗ്രിഗോറിയോസ് എന്ന അന്ത്യോക്യൻ മെത്രാനെ നസ്രാണികൾ സ്വീകരിച്ചതും സുറിയാനി പാരമ്പര്യത്തോടുള്ള ഈ ജനതയുടെ ഇഴയാർന്ന അടുപ്പം കൊണ്ടു തന്നെയാണ്. നസ്രാണിസഭയുടെ ഒരു വിഭാഗം പൗരസ്ത്യസുറിയാനി പാരമ്പര്യങ്ങളിൽനിന്നും പാശ്ചാത്യസുറിയാനി പാരമ്പര്യത്തിലേക്ക് ചുവടുമാറിയതും ഈ കാലഘട്ടം മുതലാണ്.

1708 ൽ മാർ ഗബ്രിയേൽ എന്ന പേർഷ്യൻ മെത്രാന്റെ ആഗമനം മുതൽ 18-ാം നൂറ്റാണ്ടിൽ മാർ യോഹന്നാൻ, മാർ ശിമയോൻ എന്നീ കൽദായ മെത്രാന്മാർ മലങ്കരയിൽ എത്തിയെങ്കിലും കാര്യമായ സ്വാധീനം ചെലുത്തുന്നതായി കാണുന്നില്ല. അസീറിയൻ സഭയുടെ അകത്തോലിക്കാ വിഭാഗത്തിൽ നിന്നുള്ളവരായിരുന്നു ഇവർ എന്നാണ് ചരിത്രരേഖകളിൽ കാണുക. 1861 മുതൽ 1882 വരെ ബാഗ്ദാദിൽ നിന്നെത്തിയ കൽദായ കത്തോലിക്കാ മെത്രാന്മാരുടെ കാലം കൽദായ സഭയുടെ പുനർജീവനത്തിന്റെ സമയമായിരുന്നു. 1861 ൽ എത്തിയ മാർ തോമസ് റോക്കോസ്, 1874 ൽ മാർ യോഹന്നാൻ ഏലിയ മേലൂസ് എന്നീ കൽദായ മെത്രാന്മാർ തൃശൂരിൽ ആഗതരായി. മാർ ജോസഫ് ഔദോ നാലാമൻ പാത്രിയാർക്കീസിന്റെ പ്രതിനിധിയായി വന്ന മേലൂസ് മെത്രാന് ആവേശകരമായ സ്വീകരണമാണ് ലഭിച്ചത്. കൽദായ കത്തോലിക്കാ പാത്രിയാർക്കീസായിരുന്ന മാർ ജോസഫ് ഔദോ കേരളത്തിലെ നസ്രാണി കത്തോലിക്കരെ തന്റെ ഭരണത്തിൻ കീഴിൽ കൊണ്ടുവരാൻ ആഗ്രഹിച്ചു. എങ്കിലും മാർപാപ്പാ മാർ ഔദോയുടെ ഈ ആഗ്രഹത്തെ നിരസിക്കുകയും സുറിയാനി കത്തോലിക്കർക്കായി പിന്നീട് പ്രത്യേക വികാരിയാത്തുകൾ 1887 ൽ കോട്ടയം, തൃശൂർ കേന്ദ്രമാക്കി സ്ഥാപിക്കുകയും ചെയ്തു.

1877 ൽ മാർപ്പാപ്പയുടെ കല്പനപ്രകാരം പാത്രിയാർക്കീസ് മാർ ജോസഫ് ഔദോ മാർ മേലൂസിനെ തിരികെ വിളിച്ചെങ്കിലും മേലൂസും കൂട്ടരും ഔദോ പാത്രിയാർക്കീസിനെ ഉപേക്ഷിക്കുകയും അദ്ദേഹവുമായുള്ള ബന്ധം വിച്ഛേദിക്കുകയും ചെയ്തു. 1882 ൽ മാർ മേലൂസ് പേർഷ്യയിലേയ്ക്ക് മടങ്ങിപ്പോയി. ഈ അവസരം തൊണ്ടനാട്ട് മാർ അബ്ദീശോ മെത്രാപ്പോലീത്തായെ ഭരണം ഏല്പിച്ചു. (1862 ൽ തൊണ്ടനാട്ട് അന്തോണി എന്ന തദ്ദേശീയ വൈദികൻ, നെസ്തോറിയൻ പാത്രിയാർക്കീസ് മാർ എബ്രഹാം ശിമയോനിൽനിന്ന് മാർ അബ്ദീശോ എന്ന പേരിൽ പട്ടമേറ്റിരുന്നു. 1865 ൽ ഇദ്ദേഹം റോമിന് കീഴ്പ്പെടുകയും സാധാരണ വൈദികനായി കുറേക്കാലം ജീവിക്കുകയും ചെയ്തു. പിന്നീട് മാർ മേലൂസിന്റെ വരവോടുകൂടി അദ്ദേഹത്തിന്റെ പക്ഷത്തു ചേർന്നു.

1897 വരെ പാലായ്ക്കടുത്തുള്ള ഇളംന്തോട്ടം പള്ളിയിൽ താമസിച്ചാണ് മാർ അബ്ദീശോ ഭരണം നടത്തിയത്. തുടർന്ന് തൃശൂരിൽ താമസമാക്കി. 1900 നവംബറിൽ അദ്ദേഹം കാലം ചെയ്തു. 1908 ൽ മാർ അബിമലേക്ക് തിമോത്തിയോസ് മെത്രാപ്പോലീത്താ തൃശൂരിൽ ആഗതനായി. കിഴക്കിന്റെ അസീറിയൻ സഭ ഭാരതത്തിൽ കൃത്യമായ വേരുകളുറപ്പിക്കുന്നത് ഈ കാലഘട്ടം മുതലാണ്. 1945 ൽ അദ്ദേഹം ദിവംഗതനായതിനെ തുടർന്ന് 1952 ൽ ഇറാക്കിൽ നിന്നെത്തിയ മാർതോമ്മ ധർമ്മോ മെത്രാപ്പോലീത്തയായി ചുമതലയേറ്റു. 1968 വരെ നീണ്ടുനിന്ന അദ്ദേഹത്തിന്റെ ഭരണകാലം സഭയുടെ പുനരുദ്ധാരണ കാലമായിരുന്നു എന്നു പറയാം. വിവിധങ്ങളായ പ്രവർത്തനങ്ങളിലൂടെ സഭയിൽ ഒരുക്രമം വളർത്തിയെടുക്കാൻ അദ്ദേഹത്തിനു സാധിച്ചു. 1968 ൽ അദ്ദേഹത്തിന്റെ പിൻഗാമിയായി മാർ അപ്രേം മെത്രാപ്പോലീത്തായെ വാഴിച്ചു. 1968 മുതൽ 2021 വരെ മാർ അപ്രേം ഭാരതത്തിലെ അസീറിയൻ സഭയുടെ മേലദ്ധ്യക്ഷനായി തുടർന്നു. 2021 ൽ മാർ ഔഗിൻ കുര്യാക്കോസ് മെത്രാപ്പോലീത്താ സഭയുടെ പേട്രിയാർക്കൽ അഡ്മിനിസ്ട്രേറ്ററായും 2023 ൽ മാർ ആവാ മൂന്നാമൻ പാത്രിയാർക്കീസ് അദ്ദേഹത്തെ അസീറിയൻ സഭയുടെ ഇന്ത്യയുടെയും ഗൾഫ് രാജ്യങ്ങളുടെയും മേലദ്ധ്യക്ഷനായി നിയമിച്ചു. ഏകദേശം മുപ്പതിനായിരത്തിലധികം വിശ്വാസികളുള്ള ഈ സഭാവിഭാഗം ആരാധനക്രമ - ആചാരാനുഷ്ഠാനങ്ങളിൽ സീറോ മലബാർ സഭയുമായി സാദൃശ്യം പുലർത്തുന്നു. പൗരസ്ത്യ സുറിയാനി പാരമ്പര്യങ്ങൾ പിൻതുടരുന്ന ഈ രണ്ടു സഭകളും



Independant Church, Kunnamkulam

വ്യത്യസ്തതകൾ പുലർത്തുന്നുവെങ്കിലും ആരാധനക്രമ പാരമ്പര്യങ്ങളിൽ വി. കുർബാനയിലെ അനാഫൊറകളടക്കം ഒരേ പാരമ്പര്യങ്ങൾ തുടരുന്ന രണ്ടു സഹോദരീസഭകളാണ്.

## മലബാർ സ്വതന്ത്ര സുറിയാനി സഭ

ഏകദേശം രണ്ടരശതാബ്ദങ്ങളുടെ ചരിത്രം പറയുന്ന മലങ്കര സഭയിലെ മാർത്തോമ്മാ പാരമ്പര്യം പേറുന്ന മറ്റൊരു ചെറിയ സഭയാണ് മലബാർ സ്വതന്ത്ര സുറിയാനി സഭ. തൃശൂർ ജില്ലയിലെ കുന്നംകുളം പട്ടണത്തിൽനിന്നും അഞ്ചു കിലോമീറ്റർ അകലെയായി അഞ്ഞൂർ അഥവാ തൊഴിയൂർ എന്ന പ്രദേശമാണ് ഇതിന്റെ ആസ്ഥാനം. ആയതിനാൽ ഈ സഭയെ തൊഴിയൂർ സഭയെന്നും വിളിക്കാറുണ്ട്. മുളന്തുരുത്തി ദേശക്കാരനായ കാട്ടുമങ്ങാട്ട് അബ്രഹാം കശീശയെ 1772 ൽ അന്ത്യോക്യായിൽ നിന്നും വന്ന മാർ ഗ്രിഗോറിയോസ് മെത്രാൻ അബ്രഹാം മാർ കുറിലോസ് എന്ന പേരിൽ മെത്രാപ്പോലീത്തായായി വാഴിച്ചു. മലങ്കര യാക്കോബായ സഭയുടെ മെത്രാപ്പോലീത്തായായിരുന്നു ആറാം മാർത്തോമ്മാ മാർ ദിവന്ന്യാസോസ് എന്ന പേരിൽ മലങ്കരസഭയുടെ ഭരണം നടത്തിവന്ന സാഹചര്യത്തിൽ രണ്ടു മെത്രാപ്പോലീത്താമാരുടെ വാഴ്ച പ്രതിസന്ധിക്കു വഴി തെളിച്ചു. മാത്രമല്ല മങ്ങാട്ടു മാർ കുറിലോസ് മെത്രാനെ മാർ ദിവന്ന്യാസോസോ, അന്ത്യോക്യൻ പാത്രിയർക്കീസോ അംഗീകരിക്കാൻ തയ്യാറായില്ല. ഈ സാഹചര്യത്തിൽ യാക്കോബായ സഭയുടെ പൊതുവായ അംഗീകാരമില്ലാതിരുന്ന കാട്ടുമങ്ങാട്ട് കുറിലോസ് മെത്രാന് യാക്കോബായ സഭയുടെ പ്രബലകേന്ദ്രമായിരുന്ന കൊച്ചി-തിരുവിതാംകൂർ ദേശത്തു നിന്നും മലബാറിലേക്ക് ഓടിപോകേണ്ടി വന്നു. അങ്ങനെ കുന്നംകുളം ദേശത്തെത്തിയ അവർ 1772 ൽ തൊഴിയൂർ കേന്ദ്രമാക്കി ഒരു ദേവാലയം സ്ഥാപിക്കുകയും അതു ഈ സഭയുടെ ആസ്ഥാനമായി മാറുകയും ചെയ്തു. യാക്കോബായ സഭയിൽ നിന്നും പുറന്തള്ളപ്പെട്ടുവെങ്കിലും ചരിത്രത്തിന്റെ വിധി വൈപരീത്യമെന്ന വണ്ണം മലങ്കര യാക്കോബായ -മാർത്തോമ്മാ സഭകളിൽ മെത്രാൻപട്ട പിൻതുടർച്ച അന്ന്യം നിന്നുപോകുമായിരുന്ന ഒരു അസന്നിഗ്ദ്ധ ഘട്ടത്തിൽ ഈ സഭകളിലെ മെത്രാൻ വാഴ്ച നടത്തിയത് തൊഴിയൂർ സഭയിലെ മെത്രാപ്പോലീത്തായായിരുന്നു. 1772 ൽ മാർ അബ്രഹാം കുറിലോസ് ഒന്നാമൻ മുതൽ ഇപ്പോഴത്തെ മെത്രാപ്പോലീത്ത സിറിൾ മാർ ബസേലിയോസ് ഒന്നാമൻ വരെ 16 മെത്രാപ്പോലീത്താമാർ ഈ സഭയെ ഭരിച്ചു. 13 ഇടവകകളിലായി ഏകദേശം അയ്യായിരത്തോളം വിശ്വാസികൾ ഉള്ള ഒരു ചെറിയ സഭയായി ഇന്നും അതു തുടരുന്നു. കേരള കത്തോലിക്കാ സഭയുടെ സഭൈക്യ ചരിത്രരേഖകളിലും തൊഴിയൂർ സഭ സ്ഥാനം പിടിച്ചിട്ടുണ്ട്. 1977 ൽ തൊഴിയൂർ സഭ മെത്രാനായിരുന്ന പൗലോസ് മാർ പീലക്സിനോസ് മെത്രാൻ മലങ്കര കത്തോലിക്കാസഭയിലേയ്ക്ക് പുനരൈക്യപ്പെട്ടു. എന്നാൽ സഭയിലെ മറ്റാരും അദ്ദേഹത്തിന്റെ ഈ നീക്കത്തിന് പിന്തുണ നല്കിയില്ല എന്നത് മാർ പീലക്സിനോസിന്റെ പുനരൈക്യശ്രമങ്ങൾക്ക് തിരിച്ചടിയായി.

## സീറോ മലങ്കര കത്തോലിക്കാസഭ

1653 ലെ കൂനൻ കുരിശു സത്യത്തിനുശേഷം നസ്രാണി സഭയിലുണ്ടായ പിളർപ്പിന്റെ അനന്തരഫലങ്ങളായാണല്ലോ ഇന്ന് കേരളത്തിൽ നിലവിലിരിക്കുന്ന മാർത്തോമ്മാ പാരമ്പര്യം പേറുന്ന വിവിധ സഭകളെ നാം കാണുക. 1665 ൽ യാക്കോബായ മെത്രാന്റെ വരവോടുകൂടി ഈ പിളർപ്പ് നിയതമായ ഭിന്നിപ്പിലേയ്ക്ക് നയിക്കപ്പെട്ടു. അങ്ങനെ പുത്തൻകൂർ - പഴയകൂർ വിഭാഗങ്ങൾ ഉടലെടുത്തു. എങ്കിലും ഭിന്നിക്കപ്പെട്ട ഈ സമൂഹങ്ങൾ പുനരൈക്യത്തിനായുള്ള വിവിധ പരിശ്രമങ്ങൾ നടത്തുന്നതായി ചരിത്രം സാക്ഷ്യപ്പെടുത്തുന്നു. മഹാനായ മാർ ദിവന്ന്യാസോസിന്റെ പുനരൈക്യശ്രമങ്ങളും, മാർ കരിയാറ്റിയുടെയും, പാറേമ്മാക്കൽ തോമ്മക്കത്തനാരുടെയുംറോമ്മായാത്രയുംഈപുനരൈക്യ ചരിത്രങ്ങളുടെ ഭാഗമാണ്.

1912 ൽ മെത്രാൻ കക്ഷി, ബാവാ കക്ഷി എന്ന ഭിന്നത യാക്കോബായ സഭയിൽ വർദ്ധിച്ച വ്യവഹാരങ്ങൾക്ക് വഴിതെളിച്ചു. ഇന്നും പൂർത്തീകരിക്കപ്പെടാത്ത ഈ വ്യവഹാരങ്ങൾ ഭിന്നതകളുടെ അവശേഷിപ്പുകളായി തുടരുന്നു. ഈ സാഹചര്യത്തിൽ കത്തോലിക്കാസഭയുമായി ഐക്യപ്പെടുന്നതിനുള്ള ശ്രമങ്ങൾ മലങ്കര ഓർത്തഡോക്സ് സഭയിലെ ബഥനി മെത്രാപ്പോലീത്തായും ക്രിസ്താനുകരണ സന്യാസസഭയുടെ സ്ഥാപകനുമായ മാർ ഇവാനിയോസ് മലങ്കര ഓർത്തഡോക്സ് സഭയിലെ പല മെത്രാന്മാരുടെയും അറിവോടുകൂടെ നടത്തുകയുണ്ടായി. 1926 ൽ അദ്ദേഹം സമർപ്പിച്ച നിവേദനത്തിന്റെ വെളിച്ചത്തിൽ അന്ത്യോക്യൻ ആരാധനക്രമവും പട്ടണവും അംഗീകരിച്ചുകൊണ്ട് ഒരു പ്രത്യേക റീത്തായി സാർവ്വത്രിക സഭയിൽ നിൽക്കുവാനുള്ള അനുവാദവും അംഗീകാരവും റോം നൽകി. ഇതിന്റെ വെളിച്ചത്തിൽ 1930 സെപ്തംബർ 20-ാം തീയതി ബഥനി മെത്രാപ്പോലീത്താമാരായിരുന്ന മാർ ഈവാനിയോസും, മാർ തെയോഫിലോസും തങ്ങളുടെ ചില അനുയായികളോടുകൂടി കൊല്ലം മെത്രാനായ മോൺസിഞ്ഞോർ ബെൻസിഗറിന്റെ മുമ്പാകെ വിശ്വാസപ്രഖ്യാപനം നടത്തുകയും കത്തോലിക്കാസഭയിലേക്കു പുനരൈക്യപ്പെടുകയും ചെയ്തു.


ഭാരതനസ്രാണിസഭയുടെ സഭൈക്യചരിത്രത്തിലെ നാഴികക്കല്ലായി ഈ

പുനരൈക്യസംഭവം അറിയപ്പെടുന്നു. അന്ത്യോക്യൻ ആരാധനാക്രമവും പാരമ്പര്യങ്ങളും നിലനിർത്തിക്കൊണ്ടു തന്നെ കത്തോലിക്കാസഭയിലെ ഒരു വ്യക്തിസഭയായി വളർന്ന സീറോ മലങ്കര സഭ, സഭകളുടെ കൂട്ടായ്മ എന്ന കത്തോലിക്കാസഭയുടെ വൈവിധ്യത്തിന്റെ സഭാവിജ്ഞാനീയത്തിന് ശോഭ പകർന്നു. 2005 ൽ മേജർ ആർക്കി എപ്പിസ്കോപ്പൽ പദവിയിലേക്ക് ഉയർത്തപ്പെട്ട സഭയുടെ തലവനെ 'കാതോലിക്കാ ബാവാ' എന്ന് വിശ്വാസികൾ അഭിസംബോധന ചെയ്യുന്നു. സഭയുടെ ഇപ്പോഴത്തെ തലവൻ മേജർ ആർച്ച് ബിഷപ്പ് കർദ്ദിനാൾ മോറാൻ മോർ ബസേലിയോസ് ക്ലിമീസ് കാതോലിക്കബാവായാണ്. ഏകദേശം നാലര ലക്ഷത്തോളം വിശ്വാസികളുടെ ഈ സഭയുടെ വളർച്ച അഭൂതപൂർവ്വമായ നേട്ടങ്ങളിലൂടെയാണെന്നത് ചരിത്ര സാക്ഷ്യം.

## സി.എസ്.ഐ. സഭ


അടിസ്ഥാനപരമായി ആംഗ്ലിക്കൻ -പ്രോട്ടസ്റ്റന്റ് പാരമ്പര്യം തുടരുന്നുവെങ്കിലും കേരളത്തിലെ സി.എസ്.ഐ. സഭയിലെ ചില വിഭാഗങ്ങൾ മാർത്തോമ്മാശ്ലീഹായുടെ പാരമ്പര്യം അവകാശപ്പെടുന്നവരും ആഗ്രഹിക്കുന്നവരുമുണ്ട് എന്നാൽ സി. എസ്.ഐ സഭയെ പൊതുവെ മാർതോമ പൈതൃകത്തിൽ പെടുത്താറില്ല.

ഭാരതത്തിലെ, പ്രത്യേകിച്ചു കേരളത്തിലെ, മാർത്തോമ്മാ സഭകളുടെ ചരിത്രം അതിവിപുലമാണ്. കത്തോലിക്കാ അകത്തോലിക്കാ വിഭാഗങ്ങളായി വ്യാപിച്ചു കിടക്കുന്ന ഈ സഭകളുടെ സങ്കീർണ്ണമായ ചരിത്രത്തെ സമൃക്കായി അവതരിപ്പിക്കാനുള്ള ശ്രമമാണിവിടെ നടത്തിയിട്ടുള്ളത്. ചരിത്രത്തിന്റെ ഗതിവിഗതികളെപ്പറ്റി വ്യത്യസ്തമായ അഭിപ്രായങ്ങളുണ്ടാകാമെന്നത് സ്വാഭാവികമാണ്. ഓരോ സഭയുടെയും ചരിത്രത്തെ അതാതു സഭകളുടെ വീക്ഷണകോണിൽനിന്ന് അവതരിപ്പിക്കാൻ ശ്രമിച്ചിട്ടുണ്ട്. എങ്കിലും ഭാരത നസ്രാണി സഭയുടെ ചരിത്രത്തെ ആത്യന്തികമായി അവതരിപ്പിക്കുമ്പോൾ ഈ ലേഖനത്തിൽ തെളിഞ്ഞുനിൽക്കുന്ന കത്തോലിക്കാ സ്വാധീനത്തെ ലേഖകൻ നിഷേധിക്കുന്നില്ല. ഭാരത നസ്രാണിസഭകളുടെ ഒരു എക്യുമെനിക്കൽ ചരിത്ര വായന: അതു സാധ്യമാക്കുക എന്നതായിരിക്കട്ടെ സഭാചരിത്രാന്വേഷികളുടെ ഇനിയുള്ള ദൗത്യം.



Trichur Archdiocese Map - 2023

# സിറോ മലബാർ സഭ
# വളർച്ചയുടെ പടവുകളിൽ




**മാർ റാഫേൽ തട്ടിൽ**

മേജർ ആർച്ച്ബിഷപ്പ്


സിറോ മലബാർ സഭ, പൗരസ്ത്യ കത്തോലിക്കാ സഭകളിൽ അംഗ സംഖ്യയിൽ രണ്ടാമത്തേതാണ്. ഏറ്റവും വലിയ പൗരസ്ത്യ കത്തോലിക്കാ സഭ ഉക്രൈനിയൻ സഭയാണ്. സീറോ മലബാർ സഭയിൽ 4.25 മില്യൺ കത്തോലിക്ക വിശ്വാസികൾ ലോകമാസകലമുണ്ട്.

സീറോ മലബാർ സഭയുടെ ഉൽഭവം എ.ഡി. 52-ൽ മാർത്തോമാ ശ്ലീഹ ഭാരതത്തിൽ നടത്തിയ പ്രത്യേകിച്ച് മലബാർ ഭാഗത്ത് നടത്തിയ പ്രേഷിത പ്രവർത്തനങ്ങളുടെ ഫലമായിട്ടാണ്. മലബാർ എന്നതുകൊണ്ട് കേരളത്തെ മുഴുവൻ ആണ് ഉദ്ദേശിക്കുന്നത്. സീറോ എന്ന വാക്ക് ആരാധനക്രമ ഭാഷയായ സുറിയാനിയെ സൂചിപ്പിക്കുന്നു. സിറോ മലബാർ സഭ എന്നാൽ മലബാറിൽ സുറിയാനി ആരാധനാക്രമം പാലിക്കുന്ന കത്തോലിക്ക കൂട്ടായ്മയാണ്

സീറോ മലബാർ സഭയുടെ ഏറ്റവും വലിയ പ്രത്യേകത അത് ആരാധനാക്രമത്തിൽ പൗരസ്ത്യവും സംസ്ക്കാരത്തിൽ ഭാരതീയവുമാണ്. ആരാധനാക്രമത്തിലെ പൗരസ്ത്യ സുറിയാനി ഭാഷയും പാരമ്പര്യങ്ങളും



St. Alplonsa
Pala (1946)




St. Chavara
Chenganassery
(1871)



St. Euprasia
Thrissur (1952)



St.Mariam Thresia
Irinjalakuda (1926)



St.Devasahayampillai
Kanyakumari (1752)


ഉപയോഗിക്കുന്ന ഈ സഭയുടെ സാം
സ്കാരിക ജീവിതശൈലി തീർത്തും
ഭാരതീയമാണ്. സീറോ മലബാർ സഭ
നാലാം നൂറ്റാണ്ടോട് കൂടിയാണ്
പൗരസ്ത്യ കൽദായ സഭയുമായി ബ
ന്ധം സ്ഥാപിക്കുന്നത്, സീറോ മലബാർ
സഭയുടെ സ്വതന്ത്ര ജീവിതത്തിൽ
ഉണ്ടായ ഒരു വലിയ ഇടപെടൽ ആണ്
പാശ്ചാത്യ മിഷനറിമാരുമായിട്ടുള്ള
ബന്ധം.

വളരെ സൗഹൃദപരമായി ആരംഭിച്ച ബന്ധം ലത്തീൻ റീത്തിൽ നിന്ന് വ്യത്യസ്തമായിട്ടുള്ള ഒരു ആരാധനാക്രമരീതി പാഷാണ്ഡതയുടെ ഭാഗമായി ലാറ്റിൻ മിഷനറിമാർ തെറ്റിദ്ധരിക്കുകയും അത് തിരുത്താൻ വേണ്ടി ഉദയംപേരൂർ സൂനഹദോസ് വിളിച്ചുകൂട്ടുകയുണ്ടായി. ഉദയംപേരൂർ സുനഹദോസിൽ സീറോ മലബാർ സഭയെ ലാറ്റിൻ സഭയോട് പൂർണ്ണമായും സമാനതപ്പെടുത്താനുള്ള ഒരു പരിശ്രമമാണ് ഉണ്ടായത്. എതിർപ്പുകളെ ഒരു പരിധിവരെ ശമിപ്പിക്കുന്നതിന് ഭാഷ സുറിയാനി തന്നെ തുടരുകയും എന്നാൽ ലത്തീൻ ആരാധനക്രമം സുറിയാനി ഭാഷയിലേക്ക് തർജ്ജമ ചെയ്ത് ചിട്ടപ്പെടുത്തുകയും ചെയ്തു. സുറിയാനി ഭാഷ ആയതുകൊണ്ട് എതിർപ്പുകളെ ഒരു പരിധിവരെ തടഞ്ഞുനിർത്തുന്നതിന് പാശ്ചാത്യ മിഷനറിമാർക്ക് സാധിച്ചു.

എന്നാൽ പാശ്ചാത്യ മിഷനറിമാരുടെ ഒരു ആധിപത്യ മനോഭാവം സുറിയാനി സഭക്കാർ ആയിട്ടുള്ള ആളുകൾക്ക് അസ്വസ്ഥത സൃഷ്ടിക്കുകയും 1552 ൽ കൂനംകുരിശ് സത്യം വഴി പാശ്ചാത്യ മിഷനറിമാരുടെ കീഴിൽ തങ്ങൾ നിൽക്കുകയില്ല എന്ന് അവർ ശപഥം ചെയ്തു. തത്ഫലമായി സഭയിൽ ഒരു വിഭജനത്തിന് ഇടവന്നു. പാശ്ചാത്യ മിഷനറിമാരുടെ കൂടെ നിന്നവരും വിട്ടുപോന്നവരും തമ്മിൽ ഭിന്നത ഉളവായി. പാശ്ചാത്യ മിഷനറിമാരുടെ കൂടെ നിന്നവർ പഴയകൂറെന്നും പാശ്ചാത്യ മിഷനറിമാരെ അനുസരിക്കാതെ കൽദായ - അന്ത്യോഖ്യ പാത്രിയർക്കീസിന്റെ കൂടെ നിന്നവരെ പുതിയ കൂറെന്നും വിളിക്കാൻ ഇടയായി.

ഈ വിഷമസ്ഥിതിക്ക് ഒരു പരിഹാരം ഉണ്ടാക്കുന്നതിനായി 1887 ൽ ലിയോ പതിമൂന്നാമൻ മാർപാപ്പ ലത്തീൻ സഭയുടെ ആധിപത്യത്തിൽ നിന്ന് സീറോ മലബാർകാരെ റീത്ത് അടിസ്ഥാനത്തിൽ തിരിച്ചു. ലിയോ പതിമൂന്നാമൻ മാർപാപ്പ, അതുവരെ വരാപ്പുഴ അതിരൂപതയുടെ കീഴിലായിരുന്ന സുറിയാനിക്കാരെ രണ്ടു വികാരിയാത്തുകൾ ആക്കി മാറ്റി. ആലുവ പുഴയ്ക്ക് അപ്പുറത്ത് വടക്കുഭാഗത്തുള്ളവരെല്ലാം തൃശ്ശൂർ വികാരിയത്തിന്റെ കീഴിലും ആലുവാപ്പുഴയ്ക്ക് തെക്കുഭാഗത്തുള്ളവരെല്ലാം കോട്ടയം വികാരിയത്തിന്റെ കീഴിലാക്കുകയും ചെയ്തു.


1896 ൽ ആണ് വടക്കൻ മിസവും തെക്കൻ മിസവും നടുമിസവും എന്നിങ്ങനെ മൂന്ന് വികാരിയാത്തുകൾ ആയി ഇവരെ വേർതിരിച്ചത്. തെക്കൻ മിസമാണ് ഇന്നത്തെ ചങ്ങനാശ്ശേരി അതിരൂപത. വടക്കൻ മിസമാണ് ഇന്നത്തെ തൃശ്ശൂർ അതിരൂപത. നടുമിസമാണ് എറണാകുളം അതിരൂപത. 1923 ൽ



Venerable
Joseph Vithayathil
Irinjalakuda
(1964)



SD Theophine Cap
Varappuzha
(1986)



SD Mar Evanius
Syro Malankara
Thiruvanandapuram
(1882)



SD Celin Kannanaickal
Thrissur
(1957)



SD Mother Eliswa
Varapuzha
(1913)




Bl.Rani Maria
Ernakulam (1995)



Bl. Kunjachan
Pala (1973)



SD Mar Kurialassery
Chengnassery (1925)



SD Kadalikattil
Pala (1935)



SD Mar Mathew
kavukatt, Chengnassery
(1969)

സീറോ മലബാർ സഭയെ എറണാകുളം ആസ്ഥാനമാക്കി ഒരു സ്വതന്ത്ര അതിരൂപതയും സാമന്ത രൂപതകളും ആക്കി തിരിച്ചു. അന്നുമുതലാണ് സീറോ മലബാർ സഭയിൽ ഹയരാർക്കി സംവിധാനം സംജാതമായത്. 2023 ൽ സീറോ മലബാർ സഭ ഹയരാർക്കി സ്ഥാപിച്ചതിന്റെ നൂറാം വാർഷികം ആഘോഷിച്ചു.

സീറോ മലബാർ സഭ ഹയരാർക്കിയുടെ ആദ്യത്തെ മെത്രാപ്പോലീത്ത എറണാകുളം അതിരൂപതയിലെ അഗസ്റ്റിൻ കണ്ടത്തിൽ മെത്രാനാണ്. സീറോ മലബാർ സഭ ഇന്ന് സ്വതന്ത്ര ഭരണാധികാരമുള്ള സഭയായി ഉയർത്തപ്പെട്ടിരിക്കുകയാണ്.


സീറോ മലബാർ സഭയിൽ ഇന്ന് നാല് പ്രവിശ്യകളിലായി – ചങ്ങനാശ്ശേരി, എറണാകുളം, തൃശൂർ, തലശ്ശേരി പ്രവിശ്യകളിലായി– 18 രൂപതകൾ ഉണ്ട്. ക്നാനായ സമുദായത്തിന് കൊടുത്ത രൂപതയാണ് കോട്ടയം അതിരൂപത. അത് സാമന്തരൂപതകൾ ഇല്ലാത്ത അതിരൂപതയായി നിലകൊള്ളുന്നു. സീറോ മലബാർ സഭയ്ക്ക് ഇന്ന് ലോകമെമ്പാടുമായി 35 രൂപതകൾ ഉണ്ട്. 13 രൂപതകൾ കേരളത്തിനകത്തും 18 രൂപതകൾ കേരളത്തിനു പുറത്ത് ഇന്ത്യയ്ക്ക് അകത്തും 4 രൂപതകൾ ഇന്ത്യക്ക് പുറത്തുമാണ്.

സീറോ മലബാർ സഭ ഇന്ന് മേജർ ആർച്ച് ബിഷപ്പിന്റെ കീഴിലാണ്. എറണാകുളം – അങ്കമാലി അതിരൂപത എന്ന പേരിലാണ് മേജർ ആർച്ച് എപ്പിസ്കോപ്പൽ സഭ. അങ്കമാലി സീറോ മലബാർ സഭയുടെ പുരാതന ഭദ്രാസനം ആയതുകൊണ്ടാണ് എറണാകുളം എന്നതിന്റെ കൂടെ അങ്കമാലി എന്നു കൂടി ചേർത്തിരിക്കുന്നത്. എറണാകുളം അതിരൂപതയുടെ കീഴിൽ കോതമംഗലം ഇടുക്കി എന്നിങ്ങനെ രണ്ട് സാമന്ത രൂപതകൾ ആണ്, തൃശ്ശൂർ അതിരൂപതയുടെ കീഴിൽ ഇരിഞ്ഞാലക്കുട പാലക്കാട്, രാമനാഥപുരം എന്നീ രൂപതകൾ ഉൾക്കൊള്ളുന്നു ചങ്ങനാശ്ശേരി അതിരൂപതയുടെ കീഴിൽ കാഞ്ഞിരപ്പള്ളി, പാലാ, തക്കല എന്നീ രൂപതകൾ ഉൾപ്പെടുന്നു. തലശ്ശേരി അതിരൂപതയുടെ കീഴിൽ മാനന്തവാടി, താമരശ്ശേരി, ബെൽത്തങ്ങാടി, മാണ്ഡ്യ, ഭദ്രാവതി എന്നീ സാമന്ത രൂപതകൾ ഉണ്ട്. കോട്ടയം ക്നാനായ സഭയുടെ അതിരൂപതയായി നിലകൊള്ളുന്നു. ബിജ്നോർ, ഗോരക്പൂർ, സത്ന, സാഗർ, ഉജ്ജെയിൻ, ഛാന്ദ, ജഗദൽപൂർ, രാജ്കോട്ട്, അദിലബാദ് എന്നിവ മിഷൻ രൂപതകളാണ്.


സീറോ മലബാർ സഭയിലെ പ്രവാസികൾക്കായി സ്ഥാപിച്ച രൂപതകൾ കല്ല്യാൺ, ഫരീദബാദ്, ഹൊസൂർ, ഷംസാബാദ് എന്നിവയാണ്

ഇന്ത്യക്ക് പുറത്ത് സിറോ മലബാർ സഭയുടെ രൂപതകൾ ആണ് കാനഡയിലെ മിസ്സിസാഗാ ഓസ്ട്രേലിയയിലും ന്യൂസിലാൻഡിനുമായി മെൽബൺ, ഇംഗ്ലണ്ടിൽ സ്കോട്ട്ലൻഡ്. അമേരിക്കയിൽ ചിക്കാഗോ.


സീറോ മലബാർ സഭയിലെ സ്ഥിതിവിവര കണക്കുകൾ അനുസരിച്ച് ഏകദേശം 50 ലക്ഷത്തോളം ആളുകൾ



Venerable
Fr. John Ukken
Thrissur
(1956)



SD Mar Mathew Makkil
Kottayam
(1914)




SD Fr. Poothathil
Thommiyachan
Kottayam (1938)



SD Fr. Antony
Thachuparambil
Thrissur (1963)



SD Fr.Varghese
Payyappilly
Ernakulam (1929)




SD Fr.Joseph Panjikaran
Ernakulam (1949)




SD Fr. Reynold Puthenpurackal
Alappuzha (1988)



SD Fr Lawrance
Kochi (Latin) (1961)



SD Puthenparambil Thommachan
Chenganassery (1908)



SD Fr Sebastian Presentation
Alappuzha (Latin) (1936)

ഉള്ളതായി കരുതപ്പെടുന്നു. 3224 ഇടവകകളും 539 കുരിശു പള്ളികളും 490 മിഷൻ സ്റ്റേഷനുകളും ഉണ്ട്. സ്ത്രീകൾക്കും പുരുഷന്മാർക്കുമായി 53 സന്യാസ സഭകളും 71 സെമിനാരികളും 691 വിദ്യാഭ്യാസ സ്ഥാപനങ്ങളും 24 ടീച്ചേഴ്സ് ട്രെയിനിംഗ് സ്ഥാപനങ്ങളും 29 എൻജിനീയറിംഗ് കോളേജുകളും 2981 സ്കൂളുകളും 1685 കിന്റർ ഗാർഡനുകളും ഉണ്ട്. അനൗപചാരിക വിദ്യാഭ്യാസത്തിന്റെ ഭാഗമായി 503 വിദ്യാഭ്യാസ സ്ഥാപനങ്ങളും 4000 ത്തോളം സ്പെഷ്യൽ സ്കൂളുകളും 44 നഴ്സിംഗ് ട്രെയിനിങ് സ്കൂളുകളും 630 ഹോസ്പിറ്റലുകളും ഡിസ്പെൻസറികളും അഞ്ചു മെഡിക്കൽ കോളേജുകളും കുഷ്ഠരോഗം എയ്ഡ്സ് തുടങ്ങിയ രോഗങ്ങൾക്ക് 54 സ്ഥാപനങ്ങളും പ്രായമായവർക്ക് 211 അഭയ കേന്ദ്രങ്ങളും 155 ബാലഭവനങ്ങളും 230 അനാഥാലയങ്ങളും 1616 പുനരധിവാസ കേന്ദ്രങ്ങളും സീറോ മലബാർ സഭയുടെ കീഴിലുണ്ട്.

ദൈവവിളികൾ കൊണ്ട് സമ്പന്നമാണ് ഈ സഭ 35000 സന്യാസ സഹോദരിമാരും 6836 സന്യാസ സഹോദരന്മാരും 2907 സെമിനാരിക്കാരും 9000 ലധികം വൈദികരും 56 ൽ കൂടുതൽ മെത്രാന്മാരും സീറോ മലബാർ സഭയിലുണ്ട്.

സീറോ മലബാർ സഭയുടെ വളർച്ചയിലെ വളരെ പ്രധാനപ്പെട്ട ഒരു ഘടകമാണ് മേജർ ആർച്ച് ബിഷപ്പിന്റെയും സിനഡിന്റെയും കീഴിലുള്ള ഭരണക്രമം. ഇപ്രകാരമുള്ള ഭരണക്രമം വന്നതിനുശേഷം സീറോ മലബാർ സഭ പരിപൂർണ്ണ സ്വതന്ത്ര ഭരണധികാരം ഉള്ള പൗരസ്ത്യ സഭയായി തീർന്നിരിക്കുന്നു.


മലബാർ സഭയ്ക്ക് ഇന്ത്യ മുഴുവനുമുള്ള ഭരണാധികാരത്തിന്റെ പ്രതീകമാണ് ഷംഷാബാദ് രൂപത. 23 സംസ്ഥാനങ്ങളിലായി വ്യാപിച്ചു കിടക്കുന്ന ഈ രൂപത വഴി ഇന്ത്യയിലെ എല്ലാ ഭൂപ്രദേശങ്ങളിലും അജപാലന - പ്രേഷിത ശുശ്രൂഷക്കുള്ള അധികാരം സഭയ്ക്ക് സംജാതമായിട്ടുണ്ട്.

സഭയുടെ വളർച്ചയിൽ ഏറ്റവും വലിയ ഒരു ഘട്ടം എന്നത് സീറോ മലബാർ സഭയ്ക്ക് ഇന്ത്യക്ക് അകത്തുള്ള വളർച്ച പോലെ ഇന്ത്യയ്ക്ക് പുറത്തും വളരാൻ കഴിഞ്ഞിട്ടുണ്ട്. സീറോ മലബാർ സഭയ്ക്ക് നാലു ഭൂഖണ്ഡങ്ങളിലെ പ്രവാസികൾക്കു വേണ്ടിയുള്ള രൂപതകൾ ഉണ്ട്. അമേരിക്ക, ഓസ്ട്രേലിയ, കാനഡ, ഗ്രേറ്റ് ബ്രിട്ടൻ എന്നിവിടങ്ങളിലെല്ലാം സീറോ മലബാർ സഭയ്ക്ക് രൂപതകൾ ഉണ്ട്. ഗൾഫിൽ സീറോ മലബാർ രൂപത സ്ഥാപനത്തിനുള്ള പ്രാരംഭ നടപടികൾ ചെയ്തുകൊണ്ടിരിക്കുന്നു.

സീറോ മലബാർ സഭ മേജർ ആർച്ച് ബിഷപ്പിന്റെ കീഴിൽ സിനഡായി പ്രവർത്തിക്കുന്നത് വളരെ ശക്തവും കാര്യക്ഷമവും ആയാണ്. കൊല്ലത്തിൽ രണ്ട് പ്രാവശ്യം ജനുവരി, 4 ഓഗസ്റ്റ് - സിനഡ് സമ്മേളിക്കുന്നു. സിനഡിലൂടെ ആണ് എല്ലാ ഭരണ പ്രക്രിയകളും നിർവഹിക്കപ്പെടുന്നത്. മേജർ ആർച്ച് ബിഷപ്പ് സഭയുടെ തലവനും പിതാവുമായി വർത്തിക്കുന്നു. സീറോ മലബാർ സഭയ്ക്ക് ഇനിയുണ്ടാകേണ്ട വളർച്ച - ഇന്ത്യക്ക് പുറത്തു കിടക്കുന്ന സീറോ മലബാർ സഭയുടെ മക്കളെ ഇന്ത്യ ആസ്ഥാനമാക്കിയുള്ള സിനഡിന്റെ ഭരണക്രമത്തിന് കീഴിൽ ഒരുമിപ്പിക്കുക എന്നതാണ്. അതുപോലെ ഷംഷാബാദ് രൂപത വഴി ഇന്ത്യയിൽ എമ്പാടും അജപാലന ശുശ്രൂഷകൾ നിർവഹിക്കുവാൻ ലഭിച്ചിരിക്കുന്ന അവസരം എല്ലാ രൂപതകളും കൂടി ഒരുമിച്ച് ആളും അർത്ഥവും ഉപയോഗിച്ച് കാര്യക്ഷമമായി വളർത്തിയെടുക്കുവാൻ സീറോ മലബാർ സഭ



SD Fr George Vakayil
Varappuzha (Latin)
(1931)



SD Fr Kanicuis
Irinjalakuda (1998)



SD Mother Celine
Ernakulam (1993)



Dolours Basilica, Thrissur

പ്രവർത്തിക്കേണ്ടതുണ്ട്.. സീറോ മലബാർ സഭയ്ക്ക് ഭാരതം മുഴുവൻ അധികാരം കിട്ടുന്നതിനു മുൻപ് മിഷനറി പ്രവർത്തനങ്ങൾക്ക് ലാറ്റിൻ രൂപതയോട് ചേർന്ന് സഹകരിച്ച് പ്രവർത്തിക്കാൻ നമ്മൾ നിർബന്ധിതരായിരുന്നു. എന്നാൽ ഇന്ന് ഷംഷാബാദ് രൂപതയുടെ സ്ഥാപനത്താൽ ഇന്ത്യ ഒട്ടാകെ പ്രവർത്തനം നടത്താൻ നമുക്ക് സാധിക്കുന്നത് കൊണ്ട് സീറോ മലബാർ റീത്തിൽ തന്നെ കൂടുതൽ കാര്യക്ഷമമായി പ്രവർത്തിക്കുവാനുള്ള കർമപദ്ധതികളും ആലോചനകളും ആവിഷ്കരിക്കേണ്ടതുണ്ട്. ലാറ്റിൻ സഭയെ സാധിക്കുന്നിടത്തോളം സഹായിക്കുകയും ഇന്ത്യ ഒട്ടാകെയുള്ള അജപാലന പ്രേക്ഷിത സാധ്യതകളെ നമ്മുടെ റീത്തിൽ തന്നെ നിർവഹിക്കുവാൻ പരിശ്രമിക്കുകയും വേണം


സീറോ മലബാർ സഭയുടെ മുൻപിൽ വലിയ ഒരു വെല്ലുവിളിയുണ്ട്. പ്രവാസികൾക്ക് മുന്നിലുള്ള ഭാഷാ പ്രശ്നമാണ്, മലയാളം ഒരു വിദേശ ഭാഷ പോലെ ചിന്തിക്കുന്ന തലമുറയാണ് പ്രവാസികൾക്ക് ഇന്നുള്ളത്. അവർ മലയാളത്തിൽ ചിന്തിക്കുകയോ സംസാരിക്കുകയോ ചെയ്യുന്നില്ല. കൃത്യമായി പറഞ്ഞാൽ മലയാളം സ്വന്തമായി മനസ്സിലാക്കാനോ മലയാളഭാഷയിലെ ആരാധനാക്രമങ്ങൾ അനുഭവിക്കുവാനോ അവർക്ക് സാധിക്കുന്നില്ല. അതുകൊണ്ടുതന്നെ മലയാളത്തിൽ മാത്രം അനുഷ്ഠിക്കുന്ന ആരാധനാക്രമ സംവിധാനങ്ങൾ പുതിയ തലമുറയെയും പ്രേഷിത പ്രവർത്തനത്തിലൂടെ സീറോ മലബാർ സഭയിലേക്ക് ചേർക്കപ്പെടുന്ന ദൈവജനത്തിന്റെ ആവശ്യത്തെയും പരിഗണിച്ച് നമ്മുടെ ആരാധനാക്രമം മറ്റു ഭാഷകളിലേക്ക് കൂടി തർജ്ജമ ചെയ്യപ്പെടേണ്ടതുണ്ട്. എങ്കിൽ മാത്രമേ നമ്മുടെ ആരാധനാക്രമം കാര്യക്ഷമതയോട് കൂടി പാലിക്കപ്പെടുകയുള്ളൂ. മലയാളം സീറോ മലബാർ സഭ എന്നുള്ളത് ഭാരതത്തിലെ പ്രധാന ഭാഷകളിലേക്കും അന്തർദേശീയ തലത്തിലെ പ്രധാനപ്പെട്ട ഭാഷകളിലേക്കും തർജ്ജമ ചെയ്യുവാൻ സഭ വളരെ വിവേകത്തോടും കാര്യക്ഷമതയോടും കൂടി പ്രവർത്തിക്കണം.

അല്ലെങ്കിൽ പ്രവാസികളുടെ പുത്തൻ തലമുറയ്ക്ക് സീറോ മലബാർ സഭ അന്യവൽക്കരിക്കപ്പെടും


സീറോ മലബാർ സഭയ്ക്ക് അജപാലന പ്രവർത്തനങ്ങളിലുള്ള താൽപര്യം പരിഗണിച്ച് റോമിലെ കൊളോസിയത്തിന് അടുത്തുള്ള അനാസ്താദിയൂസ് ബസിലിക്ക മാർപാപ്പ വിട്ടുതന്നത് നമ്മുടെ പ്രവർത്തനങ്ങളെ കൂടുതൽ ശാക്തീകരിക്കുകയുണ്ടായി, മലബാർ സഭയ്ക്ക് റോമിൽ ഒരു കാര്യാലയം പ്രവർത്തിക്കുന്നുണ്ട്. പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുവാൻ ഒരു മെത്രാനെയും നിയോഗിച്ചത് സീറോ മലബാർ സഭയുടെ പ്രവർത്തനങ്ങൾക്കുള്ള ഒരു അംഗീകാരമാണ്.

ഈ വളർച്ചക്കൊത്ത് സീറോ മലബാർ സഭയുടെ ആരാധനാക്രമം ഭാഷയിലും ഭരണക്രമങ്ങളിലും എല്ലാവരെയും ഉൾക്കൊള്ളാൻ തക്ക നടപടിക്രമങ്ങൾ ഇനിയും ഉണ്ടാകേണ്ടിയിരിക്കുന്നു.


**Major Archbishops of Syro Malabar Church**



Cardinal Antony Padiyara
(1985-1996)



Cardinal Varkey Vithayathil
(1997-2011)



Cardinal George Alencherry
(2011-2023)

# മാർത്തോമാ കലാരൂപങ്ങൾ

ഒരു വ്യക്തിയോ സമൂഹമോ ഇവിടെ ജീവിച്ചിരുന്നു എന്നതിന്റെ ശേഷിപ്പുകളാണ്, നാടിന്റെ സംസ്കാരത്തിന്റെ ഭാഗമായി കാലദേശാതീതമായി നിലനിൽക്കുന്ന കലാരൂപങ്ങൾ. അപ്പസ്തോലനായ വിശുദ്ധ തോമസ് ഭാരതത്തിൽ വന്ന് സത്യസുവിശേഷം പ്രഘോഷിച്ചതിന്റെ അനുരണനങ്ങളായ ചില കലാരൂപങ്ങളെ പരിചയപ്പെടുത്തുകയാണിവിടെ.





ഒ.ഡി വർക്കി

## മാർഗ്ഗംകളി

കേരളത്തിലെ മാർതോമാ ക്രിസ്ത്യാനികളുടെ പ്രാചീന കലാരൂപമാണ് മാർഗ്ഗംകളി. ക്രിസ്ത്യാനികൾ മാത്രം പങ്കെടുക്കുന്നതും കേരളത്തിലെ ക്രിസ്ത്യാനികളുടെ പാരമ്പര്യവും മാർത്തോമാശ്ലീഹായുടെ ചരിത്രവുമാണ് ഇതിലെ ഇതിവൃത്തം. തലയിൽ മയിൽപ്പീലി ചൂടി 12 പുരുഷന്മാർ നിലവിളക്കിനു ചുറ്റും കളിച്ചിരുന്ന ഒരു സമൂഹ നൃത്തമാണിത്. പാരമ്പര്യരീതിയിൽ മാർഗ്ഗംകളി കളിച്ചിരുന്ന നാട്ടാശാന്മാർ നോമ്പെടുത്ത് വ്രതശുദ്ധിയോടെ മാത്രമേ മാർഗ്ഗംകളി അവതരിപ്പിച്ചിരുന്നുള്ളൂ. ക്രിസ്തുവിനെ പ്രതിനിധാനം ചെയ്യുന്ന നിലവിളക്കിനെ വന്ദിച്ച് ആദരവോടെ കളം വണങ്ങിയും ഗുരുവിനെ വന്ദിച്ചും ഒരു ആത്മീയ അന്തരീക്ഷത്തിലാണ് മാർഗ്ഗംകളി അവതരിപ്പിച്ചിരുന്നത്. പകൽ സമയത്തെ കാർഷികവൃത്തികൾക്ക് ശേഷം ഏതെങ്കിലും വീടുകളിൽ ഒത്തുചേർന്നാണ് മാർഗംകളി പരിശീലിച്ചിരുന്നത്. സമുദായാംഗങ്ങളുടെ ആദരവിനും അംഗീകാരത്തിനുമപ്പുറം കളിയാശാൻമ്മാർക്ക് കാര്യമായ പ്രതിഫലം ലഭിച്ചിരുന്നില്ല. സ്വന്തം പാര

മ്പര്യ സംസ്കൃതികളോടുള്ള ആത്മബന്ധം മാത്രമായിരുന്നു അവരുടെ പ്രചോദനം. ആസ്വാദനത്തിനും ആനന്ദത്തിനുമപ്പുറം ക്രൈസ്തവർക്കിടയിൽ ആത്മീയ ഐക്യം വളർത്തുകയും അക്രൈസ്തവർക്കിടയിൽ സുവിശേഷം പ്രചരിപ്പിക്കുകയെന്ന പരോക്ഷമായ ധർമ്മവും മാർഗ്ഗംകളിക്കുണ്ടായിരുന്നു.

ഹൈന്ദവ കുടുംബങ്ങളിലുണ്ടായിരുന്ന തുളസിത്തറയ്ക്ക് പകരം ക്രൈസ്തവ കുടുംബങ്ങളിൽ ഉണ്ടായിരുന്ന കുരിശു തറയ്ക്ക് ചുറ്റും കുരിശു കുടുമയും ധരിച്ചായിരുന്നു മാർഗ്ഗംകളിയുടെ പ്രാചീന രീതിയിലുള്ള അവതരണം എന്നായിരുന്നുവെന്ന് ഡോ. ജേക്കബ് വെള്ളിയാൻ തൃശൂരിൽ നടന്ന മാർഗംകളി റിസേർച്ച് കോഴ്സിൽ പ്രസ്താവിക്കുകയുണ്ടായി. സുറിയാനി ക്രിസ്ത്യാനികളുടെ തിരുനാളുകൾക്കും വിവാഹാവസരങ്ങളിലും ഒഴിച്ചുകൂടാനാവാത്ത ഒരു അനുഷ്ഠാന കലാരൂപമായി മാറി മാർഗ്ഗംകളി.

## മാർഗ്ഗ ശബ്ദത്തിന്റെ പൊരുൾ

ക്രിസ്തുമതത്തിലോ മുഹമ്മദീയ മതത്തിലോ ചേരുന്നതിനെ കേരളത്തിൽ മാർക്കം കൂടുക എന്നാണ് പറഞ്ഞിരുന്നത്. പുതിയ വിശ്വാസം അഥവാ മാർഗ്ഗം സ്വീകരിക്കുന്നവരെയാണ് മാർഗ്ഗക്കാർ (മാർക്കക്കാരൻ) എന്നു വിളിച്ചിരുന്നത്. ക്രൈസ്തവർക്കിടയിൽ താഴ്ന്ന ജാതിയിൽ നിന്നും ക്രിസ്തുമതം സ്വീകരിക്കുന്നവരെയാണ് പൊതുവേ മാർക്കക്കാരെന്ന് വിളിച്ചിരിക്കുന്നത്. സുറിയാനി ക്രിസ്ത്യാനികളെ പുരാതന രേഖകളിൽ മാർക്കക്കാരെന്നാണ് ജാതി തിരിച്ചറിയാൻ എഴുതിയിരുന്നത്. കേരളത്തിലെ ക്രിസ്ത്യാനികൾക്കിടയിൽ മതവിശ്വാസവുമായി ഈ ശബ്ദത്തിനു രക്തബന്ധം ഉണ്ട്. അന്വേഷണം, വഴി, മതം എന്ന അർത്ഥത്തിൽ ബുദ്ധമതത്തിൽ മാർഗ്ഗ ശബ്ദം പ്രചുരപ്രചാരം നേടിയിട്ടുണ്ട്. ഇവിടെ മാർഗ്ഗം എന്ന പദം ക്രിസ്തു മാർഗ്ഗത്തെയാണ് സൂചിപ്പിക്കുന്നത്. ക്രൈസ്തവ ദർശനത്തിന്റേയും ഹീബ്രു- ഗ്രീക്ക് സാംസ്കാരിക പാരമ്പര്യങ്ങളുടെ തീക്ഷ്ണമായ സംവേദനം മാർഗ്ഗ ശബ്ദം ഉൾക്കൊള്ളുന്നതുകൊണ്ട് ഈ ക്രൈസ്തവ കലാരൂപത്തിന് മാർഗ്ഗംകളി എന്ന് സംബോധന തികച്ചും അന്വർത്ഥമാണ്.

## മാർഗ്ഗംകളിയുടെ ചരിത്രം

തോമാശ്ലീഹയെക്കുറിച്ച് പ്രസിദ്ധമായ ഒരു ആട്ടക്കഥ മൂന്നാം നൂറ്റാണ്ടുമുതൽ ഉംഹ (എഡേസ്സാ) യിൽ നിലനിന്നിരുന്നുവെന്നും ''തോമായുടെ നടപടികൾ'' എന്ന കൃതി പരക്കെ അഭിനയിക്കാറുണ്ടെന്നും അതിനാൽ അവിടെ നിന്നും വന്ന വിദേശികൾ കൊണ്ടുവന്നതാകാം മാർഗ്ഗംകളിയുടെ മാതൃകയെന്നും ചരിത്രപണ്ഡിതനായ ഡോ. പി.ജെ തോമസ് അഭിപ്രായപ്പെടുന്നുണ്ട്. ക്നാനായക്കാരുടെ ഇടയിൽ പ്രത്യേകമായ ആചാര രീതികളും പാട്ടും കളിയും പുരാതന കാലം മുതൽ ഉണ്ടായിരുന്നുവെന്ന് ഡോ. ജേക്കബ് വെള്ളിയാൻ പ്രസ്താവിക്കുന്നത്കൊണ്ട് മാർഗ്ഗംകളി യഹൂദരുടെ പ്രാചീന കലാരൂപങ്ങളുടെ മാതൃകയിൽ ക്നാനായ സമുദായത്തിന്റെ തനതായ കലാരൂപമാണെന്ന് പറയുന്നതിൽ ചരിത്രപരമായ യുക്തിയില്ല. മാർഗ്ഗംകളി ക്നാനായ സമുദായത്തിന്റെ മാത്രം കലാരൂപമാണെന്ന് സ്ഥാപിക്കാൻ പല ചരിത്ര ഗവേഷകരും അത്യധ്വാനം ചെയ്തു കാണുന്നുണ്ട്. ഡോ.ചുമ്മാർ ചൂണ്ടലും ഡോ.വെള്ളിയാനുമാണ് മാർഗ്ഗംകളിയുടെ ഇന്നത്തെ പുന:രുദ്ധാരണത്തിന് നേതൃത്വം നൽകിയവർ. ഡോ. ചുമ്മാർ ചൂണ്ടലിന്റെ മാർഗ്ഗംകളി എന്ന പുസ്തകത്തിൽ അദ്ദേഹം ഇത് ഇപ്രകാരം വിവരിക്കുന്നുണ്ട്. ''ക്നാനായ ക്രിസ്ത്യാനികളാണ് വൈവിധ്യമാർന്നതും പഴക്കമേറിയതുമായ കലാപൈതൃകം സംരക്ഷിക്കുന്നവരെന്നും അവരുടെ പാരമ്പര്യ കലാരൂപങ്ങളുടെ പരിപോഷണത്തിൽ മാർഗ്ഗംകളിക്ക് വലിയ പ്രാധാന്യം നൽകിയിരുന്നു. എന്നാൽ ചരിത്രം പരിശോധിക്കുമ്പോൾ 75% ക്നാനായ സമുദായാംഗങ്ങളും തിരുവിതാംകൂറിലെ പ്രബല ക്രൈസ്തവ വിഭാഗങ്ങളായ ഓർത്തഡോക്സ്, യാക്കോബായ സമുദായങ്ങൾക്കിടയിൽ മാർഗ്ഗംകളി സജീവമായി ആഘോഷിച്ചു വന്നിരുന്നതായി ചരിത്രത്തിൽ നിന്നും നമുക്ക് മനസ്സിലാക്കാം.''

മാർഗ്ഗകളി, പരിചമുട്ടുകളി, ചവിട്ടു നാടകം തുടങ്ങിയ കലാരൂപങ്ങളും ഗാന പാരമ്പര്യങ്ങളും ക്രൈസ്തവ കൂട്ടായ്മയുടെ പൊതു പാരമ്പര്യത്തിന്റെ ഭാഗമാണെന്ന് ഡോ.പി ജെ തോമസ്, ഉള്ളൂർ എസ്. പരമേശ്വരൻ തുടങ്ങിയ ചരിത്രകാരന്മാർ അഭിപ്രായപ്പെട്ടിട്ടുള്ളത്.

## മാർതോമാ പാരമ്പര്യം മാർഗംകളി പാട്ടിൽ

മാർത്തോമായെ വാഴ്ത്തുന്ന വന്ദന ഗാനവും ഒന്നു മുതൽ പതിനാല് പാദങ്ങളിലായി നാനൂറ്റിമുപ്പത് വരികളുള്ള ദീർഘമായ ഒരു കഥാകാവ്യമാണിത്. ക്രിസ്തുമാർഗ്ഗം പ്രചരിപ്പിക്കുകയും ക്രിസ്തുമതം ഭാരതത്തിൽ പ്രചരിപ്പിക്കുകയും ചെയ്ത തോമാസ് ശ്ലീഹായുടെ പ്രേഷിതദൗത്യവും രക്തസാക്ഷിത്വവും ആണ് മാർഗ്ഗംകളിപ്പാട്ടിന്റെ ഇതിവൃത്തം. മാർത്തോമാ ശ്ലീഹാ ചോള കേരള രാജ്യങ്ങളിൽ



Margam kali - Girls

ചെയ്ത പ്രവർത്തനങ്ങളാണ് മാർഗ്ഗംകളിയിലെ വർണ്യ വിഷയം. മാർത്തോമാ ചരിത്രത്തെ ആധാരമാക്കിയുള്ള സംഭവബഹുലമായ പാട്ടാണിത്. ചരിത്ര യാഥാർത്ഥ്യങ്ങളെ കണ്ണി വിടാതെ വിളക്കി കോർത്തിണക്കിയ ഒരു ചരിത്രമാണിതെന്ന് പറഞ്ഞുകൂടാ. ക്രിസ്ത്യാനികളുടെ ചരിത്ര വസ്തുതകളെ ചിത്രീകരിച്ചുള്ള ഒരു ഗാനമായി മാർഗ്ഗംകളിയെ കണക്കാക്കാം. എന്നാൽ മാർത്തോമാശ്ലീഹായുടെ മതപ്രവർത്തനങ്ങളെ സൂക്ഷ്മവും സ്ഥൂലവുമായ ചരിത്രകഥാംശങ്ങൾ മാർഗ്ഗംകളി പാട്ടിൽ പ്രതിപാദിക്കുന്നുണ്ട്. തോമാസ് ശ്ലീഹായുടെ ചരിത്രത്തിലെ തിരുശേഷിപ്പുകളാണ് ''മാർഗ്ഗംകളിപ്പാട്ട്''.

തോമാശ്ലീഹാ കൊടുങ്ങല്ലൂരിൽ വന്നിറങ്ങിയതും കൊല്ലം, നിരണം, കൊക്കമംഗലം, കോട്ടക്കായൽ, പാലയൂർ, കൊടുങ്ങല്ലൂർ എന്നിവിടങ്ങളിൽ പള്ളികൾ സ്ഥാപിച്ചതും ചിന്നമലയിൽ പോയി രക്തസാക്ഷിത്വം വരിച്ചതും മാർഗ്ഗംകളി പാട്ടിൽ വിവരിക്കുന്നുണ്ട്.

മാർത്തോമാ ക്രിസ്ത്യാനികളുടെ പാരമ്പര്യ വിശ്വാസത്തെയാണ് മാർഗ്ഗംകളി പാട്ടിൽ ഉറപ്പിച്ചു പറയുന്നതെങ്കിലും ഇന്ത്യയുടെ ഉത്തര പാശ്ചാത്യ ദേശത്തെ ഗൊണ്ടഫോറസ്സ് രാജാവിന്റെയും കച്ചവടക്കാരനായ ഹബ്ബാന്റെയും ചരിത്രം മാർഗ്ഗംകളി പാട്ടിൽ സവിസ്തരം പ്രതിപാദിക്കുന്നുണ്ട്. ഗൊണ്ടാഫോറസ്സ് രാജാവിന്റെ കഥ പല ഉപകഥകളായി വിവിധ വ്യാഖ്യാനങ്ങളോടെ ക്രിസ്ത്യാനികൾക്കിടയിൽ പ്രചരിച്ചിട്ടുണ്ട്. തോമായുടെ നടപടി പുസ്തകത്തിൽ നിന്നാണ് മാർഗ്ഗംകളിയിലെ പ്രതിപാദ്യം എടുത്തിട്ടുള്ളതെന്ന് വ്യക്തമാണ്. ഗൊണ്ടാഫോറസ്സ് എ.ഡി 21 നും 46 നും ഇടയ്ക്ക് രാജ്യഭരണം നടത്തിയിരുന്ന ഒരു പാർത്ഥിയൻ രാജാവായിരുന്നുവെന്ന് ചരിത്രരേഖകളും ടാക്സിലയിൽ നിന്നും കണ്ടുകിട്ടിയ നാണയങ്ങളും തെളിയിക്കുന്നുണ്ട്. ഗോണ്ടഫോറസ് രാജാവിനെ ചോഴ രാജാവാക്കി കൊട്ടാരം ചോഴ നാട്ടിൽ നിർമ്മിക്കുന്നതായും മാർഗ്ഗംകളി പാട്ടിൽ വർണിച്ചിട്ടുണ്ട്.

മാർഗ്ഗംകളിപ്പാട്ടിലെ ഏഴാം പാദത്തിൽ ഇന്ത്യയിലേക്ക് പ്രേഷിത വേലയ്ക്ക് നിയോഗിതനായ തോമ തന്നെ അങ്ങോട്ട് അയക്കരുതെന്ന് ക്രിസ്തുവിനോട് അപേക്ഷിക്കുകയും അവിടേക്ക് പോകുന്നതിനുള്ള ബുദ്ധിമുട്ടുകളും തടസ്സവാദങ്ങളും വിവരിക്കുന്നുണ്ട്. ഗോണ്ടഫോറസിന്റെ കല്പനപ്രകാരം ആബാനെന്ന (ഹബ്ബാൻ) മന്ത്രി ജെറുസലേമിൽ ചെന്ന് തോമ എന്ന വിദഗ്ധനായ ശില്പിയെ കൊട്ടാരം പണിക്ക് കൊണ്ടുവരുന്നതും പണിക്കു വേണ്ടി ഏൽപ്പിച്ച പണം തോമ സാധുക്കളായവർക്ക് വിതരണം ചെയ്തു സുവിശേഷമറിയിക്കുന്നതും ഇതറിഞ്ഞ രാജാവ് തോമായെ ബന്ധനത്തിലാക്കുന്നതുമായ കഥയാണ് ഒന്നു മുതൽ ഒമ്പത് വരെയുള്ള പാദങ്ങളിൽ വിവരിക്കുന്നത്.

തുടർന്ന് നിരാശനായ രാജാവ് സ്ഥാനത്യാഗത്തിന് തയ്യാറാവുകയും രാജ്യഭരണം ഏറ്റെടുക്കാൻ സഹോദരനെ ക്ഷണിക്കുകയും ചെയ്യുന്നു. എന്നാൽ സഹോദരൻ ഹൃദയവ്യഥയാൽ മരിക്കുന്നു. സഹോദരന്റെ ആത്മാവിനെ മാലാഖമാർ സ്വർഗ്ഗരാജ്യത്തിൽ ചോഴ രാജാവിന്റെ പേരിലുള്ള മനോഹരമായ മന്ദിരം കാണിച്ചു കൊടുക്കുന്നു. മരണമടഞ്ഞ രാജസഹോദരൻ ചിതയിൽ വയ്ക്കുന്നതിനുമുമ്പ് ഉണർന്നെഴുന്നേറ്റു വന്ന് രാജാവിനെ ആലിംഗനം ചെയ്യുകയും സ്വർഗ്ഗത്തിലെ ദൃശ്യങ്ങൾ വിവരിച്ചപ്പോൾ രാജാവ് പശ്ചാത്തപിച്ച് തോമായുടെ മുൻപിൽ സാഷ്ടാംഗം പ്രണാമം ചെയ്തു ക്ഷമ ചോദിക്കുന്നു. സംഭവിച്ചതറിഞ്ഞ ജനങ്ങൾ രാജാവിനെ വഞ്ചിച്ച തച്ചനെ ശിക്ഷിക്കാനൊരുങ്ങി. ഈ സമയം തോമ രാജകുടുംബാംഗങ്ങളോട് ദൈവവചനം പ്രസംഗിക്കുകയും രാജാവും സഹോദരനും ആവാനും മറ്റ് നിരവധി പേരും മാമോദിസ സ്വീകരിക്കുന്നതുമാണ് 10 മുതൽ 12 വരെയുള്ള പാദങ്ങളിൽ വിവരിക്കുന്നത്. മൈലാപൂരിലെ രക്തസാക്ഷിത്വവും മാർതോമാ വഴി ഒട്ടനവധിപേർ മാനസാന്തരപ്പെടുന്ന വർണ്ണനകളാണ് അവസാന രണ്ടു പാദങ്ങളിലുമുള്ളത്.

ക്രൈസ്തവരുടെ അനുഷ്ഠാന കലാരൂപമായ മാർഗ്ഗംകളി സ്കൂൾ കലോത്സവങ്ങളിലും സർവ്വകലാശാല കലോത്സവങ്ങളിലും പെൺകുട്ടികൾക്കും അവതരിപ്പിക്കാൻ അനുമതി നൽകിയപ്പോൾ ഈ രംഗം പെൺകുട്ടികൾ കീഴടക്കിയത് പോലെയായി. ഭക്തി ഭാവത്തിനു പ്രാധാന്യം കൊടുത്തുകൊണ്ടുള്ള അവതരണ ശൈലിയിൽ നിന്ന് വിട്ടു ആശാന്മാരുടെ കിടമത്സരം ചടുതലായാർന്ന ചുവടുവെപ്പുകൾക്ക് പ്രാധാന്യം നൽകി. വസ്ത്രധാരണത്തിൽ പോലും വ്യതിയാനം സംഭവിച്ചു കഴിഞ്ഞു.

## വീരടിയാൻ പാട്ട്

ഹിന്ദുക്കളായ പാണന്മാർ, രാജസ്ഥാനി നർത്തകരെപ്പോലെ ചെമന്ന വലിയ തലക്കെട്ടുകളും, കിന്നരി കുപ്പായവും, നീളൻ വടിയും, നരച്ചു നീണ്ട താടി മീശയും, മുഖം നിറയെ പാൽ പുഞ്ചിരിയുമായി, അമ്മോ....... വീരടിയൻ...... വന്നേ എന്ന് നീട്ടിപ്പാടി, നസ്രാണി വീടുകളിൽ കയറിയിറങ്ങി ആലപിച്ചിരുന്ന ഈ പാട്ട് കേരളത്തിലെ നസ്രാണി ക്രിസ്ത്യാനികളുടെ ചരിത്രമായിരുന്നു. മാർത്തോമാ ശ്ലീഹാ ഭാരതത്തിൽ വന്നതും, സത്യവേദം പ്രചരിപ്പിച്ചതും, ക്നാനായിത്തോമയുടെ ആഗമനം, ചേരമാൻ പെരുമാളിൽ നിന്ന് സ്ഥാനമാനങ്ങൾ ലഭിച്ചത് തുടങ്ങിയവയാണ് ഈ പാട്ടിലെ പ്രതിപാദ്യം. ഈ പാട്ടിന് 15 നൂറ്റാണ്ടിലധികം പഴക്കമുണ്ടെന്നാണ് കരുതപ്പെടുന്നത്.



Margamkali - Boys

### വീരടിയാൻ പാട്ട്

മാറനീശോ മിശിഹാ പിറന്നമ്പത്തിരണ്ടാം കാലം
മാർത്തോമ്മാ ശ്ലീഹാ മലയാളത്തുവന്നു
മാർഗ്ഗമറിയിച്ചവിടെ;
മുന്നൂറ്റി നാൽപ്പത്തിരണ്ടാം കാലം കാനായി തൊമ്മൻ
പരദേശത്തുനിന്നും മലയാളത്തുവന്ന്
സൂര്യകുലമണിമകുടമാകും ചേരമാൻ തമ്പുരാന്റെ
ചേറേപ്പാട്ടിൽ ചെന്ന് നവരത്നങ്ങളൊൻപതും
തിരുമുൽ കാഴ്ചവച്ചു തിരുമനസ്സറിയിച്ചാറെ,
കൊല്ലവും, പാലൂർ, കൊടുങ്ങല്ലൂർ, കൊട്ടക്കാവ്,
നിരണം, ചായേൽ, കോക്കമംഗലം
എന്നീ മലങ്കര ഇവകകളും ഏഴരപ്പള്ളിയും
വെച്ചു കൊണ്ടേവേണ്ടൂ എന്ന സ്ഥാനവും പദവിയും
വൻ പോരടയാളവും, കൊല്ല വർഷം ഒന്നാമതു
ചിങ്ങമാസം ഇരുപത്തിയൊൻപതാം തീയതി
ആയില്യം നാളും ചിങ്ങം രാശിയും കർക്കിടക
ക്കൂറിൽ തൃക്കോവിലും പള്ളിയും സൃഷ്ടിച്ചേൻ.
തണ്ടേറും തണ്ടും പല്ലക്കും, പരവതാനി,
ഉച്ചിപ്പൂവ്, നെറ്റിക്കെട്ട്, തണ്ടുവിളക്ക്, കോലുവിളക്ക്,
അരിമക്കൊടി, ഇടിക്കൊടി,
നവരത്നങ്ങളാകും അഞ്ചു ചില്ലി മുല്ലയും,
ചെങ്കൊപ്പും,
ആറ്റിവെയ്പ്പും, പാച്ചിൻ മരവും,
പഞ്ചവാദ്യം അഞ്ചും,
പച്ചക്കുട, പവിഴക്കുട, ചന്ദ്രക്കുട, ചന്ദ്രവട്ടക്കുട,
ചിങ്ങച്ചീനി, ചീനക്കുഴൽ, ആലവട്ടം,
വെൺതാമരതൊപ്പിയും,
തങ്കലും, ചിങ്ങും, തള്ളിമുൻകൈയ്യിൽ പതക്കവും,
കൈയ്യിൽ തൈക്കാർതോൾ വള, വീര
പഞ്ചാരമാലയും,
പാവാടനാലും, മേൽത്താളികപ്പുറവും,
അഞ്ചു പഞ്ച രത്നങ്ങളും, പൊന്നിട്ടു കുത്തിയ
മാരമാം വെള്ളിക്കോലും, വീരമുണ്ടാം
കൈച്ചിലമ്പും,
മക്കത്തു കപ്പലു മാമാങ്ക വേലയും,
ഉണ്ടെന്നും ഇല്ലെന്നും ചൊല്ലിനിന്നീടുന്ന
സംഗീത പൂവാലനൊരു പെണ്ണിനെയും കൊടുത്തു
കല്ല്യാണം കഴിപ്പിച്ചു,
അതിൽ നിന്നൊള്ള ഒരു സന്താനവും,
തെക്കും വടക്കും ഭാഗത്തെ നടയിരിക്കെ
അഞ്ചു കച്ചവടക്കാരെയും വരുത്തി,
മാർത്തോമ്മാ ശ്ലീഹാ മലയാളത്തിനനുഗ്രഹമായി
ചൊല്ലിച്ച പദവിയും
പരീക്ഷക്കായ് അടുപ്പുകല്ലുമൂന്നുകൂട്ടി
കൊച്ചൂരുളി പിടിച്ചു വെച്ച്
ഇരുനാഴിയൂരി നെയ്യും അളന്നൊഴിച്ച്
കടപ്പൂർ, കാളിയാവ്, പകലോ മിറ്റം നാലു പട്ടന്മാരും
അന്നന്നു നാടുവാണിടുന്ന കാലം,
സൂര്യനും ചന്ദ്രനും ഉള്ളോരുകാലം
സാക്ഷ്യപ്പെടുത്തിക്കൊണ്ട്,
ഏഴരപ്പള്ളിയും, എഴുപത്തിരണ്ടു പദവിയും
കർത്താവേ.

## പരിചമുട്ടുകളി

കേരളത്തിലെ നസ്രാണികൾക്കിടയിൽ പതിനാറാം നൂറ്റാണ്ടിൽ ഉടലെടുത്ത കലാരൂപമാണിത്. വാളും പരിചയും കയ്യിലേന്തി ആശാൻ ചൊല്ലുന്ന പാട്ടിന്റെ ഈണത്തിൽ പത്തോ പന്ത്രണ്ടോ പുരുഷന്മാർ കളരി ചുവടുകൾ വച്ച് നൃത്തം ചെയ്താണ് ഈ കളി അവതരിപ്പിക്കുന്നത്.

മാർഗ്ഗം കളിയോട് പരിചമുട്ടുകളിക്ക് സാദൃശ്യം ഉണ്ട്. മാർഗ്ഗം കളി മന്ദതാളത്തിലാണെങ്കിൽ പരിചമുട്ടുകളി ദ്രുത താളത്തിലാണ്. ക്നാനായക്കാരാണ് പരിചമുട്ടുകളി ചിട്ടപ്പെടുത്തിയത് എന്ന് വിശ്വസിക്കുന്ന ആളുകൾ ഈ കലാരൂപം പിന്നീട് യാക്കോബായ, ലത്തീൻ, മാർത്തോമാ സമുദായക്കാരും പഠിച്ചെടുക്കുകയായിരുന്നു. പുലയ സമുദായക്കാർ വ്യാപകമായി ക്രിസ്തുമതം സ്വീകരിച്ചപ്പോൾ അവരും ഈ കലാരൂപത്തെ സ്വീകരിച്ചു. പുലയർക്കിടയിൽ പ്രചാരത്തിലിരുന്ന കോൽക്കളി, വട്ടക്കളി, പരിചകളി എന്നിവയുടെ സ്വാധീനം പരിചമുട്ടുകളിയിൽ വന്നുചേർന്ന തങ്ങനെയാണ്.



Parichamuttu kali

കേരളത്തിലെ സുറിയാനി ക്രൈസ്തവർ തങ്ങളുടെ പരിചമുട്ടുകളിപ്പാട്ടുകൾക്ക് തോമാശ്ലീഹായുടെ ഭാരതത്തിലെ പ്രേഷിത പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട സംഭവങ്ങളും അദ്ദേഹം സ്ഥാപിച്ച പള്ളികളെക്കുറിച്ചുമുള്ള വിവരണങ്ങളും അവലംബമാക്കുമ്പോൾ ലത്തീൻ ക്രൈസ്തവർ ബൈബിൾ പ്രമേയങ്ങളും, സെബസ്ത്യാനോസ്, അന്തോണീസ് തുടങ്ങിയ പുണ്യവാന്മാരുടെ ചരിത്രങ്ങളും ആധാരമാക്കി വരുന്നു. സുറിയാനി സമുദായത്തിൽ തന്നെ ഉൾപ്പെടുന്ന ക്നാനായ വിഭാഗക്കാർ ക്നാനായിത്തൊമ്മന്റെ കേരളത്തിലേക്കുള്ള വരവും ചേരമാൻ പെരുമാളുമായുള്ള കൂടിക്കാഴ്ചയുമെല്ലാം അവരുടെ പരിചയമുട്ടുകളി പാട്ടുകളിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

## റമ്പാൻ പാട്ട്

തോമാസ് ശ്ലീഹായുടെ പ്രഥമ ശിഷ്യന്മാരിലൊരുവനായ മാളിയേക്കൽ തോമ റമ്പാൻ ഒന്നാമനാണ് റമ്പാൻ പാട്ടിന്റെ സൃഷ്ടാവ്. തോമാ റമ്പാൻ ഒന്നാമനിൽ നിന്ന് വാമൊഴിയായി കൈമാറ്റിയ ഈ കൃതി, തോമാ റമ്പാന്റെ 48-ാം തലമുറക്കാരനായ മറ്റൊരു തോമാ റമ്പാനാണ് പ്രസ്തുത പാട്ടുകൾ പകർത്തിയെഴുതി 1601 ൽ

പ്രസിദ്ധപ്പെടുത്തിയത്.

മാർത്തോമാ ശ്ലീഹായുടെ ഭാരതത്തിലേക്കുള്ള വരവും, കേരളത്തിലെ സുവിശേഷ പ്രചരണം, അദ്ദേഹം പ്രവർത്തിച്ച അത്ഭുതങ്ങൾ, ദേവാലയ സ്ഥാപനം, രക്തസാക്ഷിത്വം, എന്നിവയെല്ലാം ഈ പാട്ടിൽ വിശദമായി രേഖപ്പെടുത്തിയിരിക്കുന്നു.

റമ്പാൻ പാട്ടിലെ പല ചരിത്രങ്ങളും രണ്ടാം നൂറ്റാണ്ടിലെ തോമായുടെ നടപടികളിലും കാണാവുന്നതാണ്. തോമാശ്ലീഹയുടെ ചൈനയിലെ പ്രവർത്തനങ്ങളും391 വരികളിൽ രചിക്കപ്പെട്ട റമ്പാൻ പാട്ടിൽ രേഖപ്പെടുത്തിയിട്ടുണ്ട്.



## BIBLIOGRAPHY


1. തനിമയുടെ മധുര ഗീതി. മാർഗ്ഗംകളി പാട്ട്: ഡോ. ജേക്കബ് വെള്ളിയാൻ & എസ്. കുര്യൻ വെമ്പേനി.
2. മാർഗംകളി : ഡോ. ചുമ്മാർ ചൂണ്ടൽ
3. ക്രിസ്തീയ വാമൊഴി ഗാനങ്ങൾ : ഡോ. എ. ഐ . പുന്നൂസ്
4. മാർഗ്ഗംകളി ആട്ടപ്രകാരം : ഡോ. ജേക്കബ് വെള്ളിയാൻ & ഡോ. ചുമ്മാർ ചൂണ്ടൽ
5. ക്രിസ്ത്യൻ ഫോക്‌ലോർ : വാല്യം ഒന്ന്. എഡിറ്റർ ഡോ. എം. വി വിഷ്ണുനമ്പൂതിരി & ഡോ. ജെ.ജെ പള്ളത്ത്
6. മലയാള സാഹിത്യവും ക്രിസ്ത്യാനികളും : ഡോ.തോമസ് പി. ജെ
7. മലയാള സാഹിത്യ ചരിത്രം വാല്യം 3 : ഉള്ളൂർ എസ്. പരമേശ്വരയ്യർ
8. ക്രിസ്ത്യൻ ഫോക്‌ലോർ: ഡോ. ചുമ്മാർ ചൂണ്ടൽ
9. ഫോക്‌ലോറിന്റെ കൈവഴികൾ വാല്യം ഒന്ന് : എഡിറ്റർ ഡോ. എം. വി വിഷ്ണുനമ്പൂതിരി.
10. വേരുകൾ തേടി : ഡോ. ചുമ്മാർ ചൂണ്ടൽ.




Christian Chapel in Alappuzha - Kerala India 1928,
*Photographer: Martin Hürlimann*



Syrian Christian family - Kerala -1912

# ഐതിഹ്യകഥകളിലെ അത്ഭുതങ്ങൾ

സമാഹരണം
**സി. അനുപമ CSC**
**വിൻസെന്റ് ചിത്രം**
**ബാബു ചിറ്റിലപ്പിള്ളി**



**അത്ഭുതങ്ങളിലൂടെയും അടയാളങ്ങളിലൂടെയും തോമാശ്ലീഹയുടെ സുവിശേഷപ്രഘോഷണം ദൈവം ഫലപ്രദമാക്കി. തോമാശ്ലീഹാ സ്ഥാപിച്ച ഏഴര പള്ളികളോടും മൈലാപ്പൂരിനോടും ബന്ധപ്പെട്ട നിരവധി ഐതിഹ്യങ്ങളും പാരമ്പര്യങ്ങളും നിലവിലുണ്ട്.**

വി. തോമാശ്ലീഹാ സത്യവും ജീവനും മാർഗ്ഗവുമായ യേശുവിനോടൊത്ത് നീങ്ങിയ ഉത്തമ ശിഷ്യനാണ്. ആത്മാവിന്റെ ആവാസത്തിൽ ഭയമേതുമില്ലാതെ സുവിശേഷപ്രഘോഷണത്തിനിറങ്ങിയ അപ്പസ്തോലന്മാർ വിവിധ ദിക്കുകളിലേക്ക് യാത്രയായപ്പോൾ തോമാശ്ലീഹ ഭാരത പ്രേഷിതനായി മാറി. തോമയുടെ സുവിശേഷപ്രഘോഷണത്തെക്കുറിച്ചും, യാത്രകളെക്കുറിച്ചും, ഇന്നുള്ള രേഖകളെക്കുറിച്ചും, അത്ഭുതങ്ങളെക്കുറിച്ചും, ചരിത്രകാരന്മാർക്കിടയിൽ ഭിന്നതയുണ്ടെങ്കിലും അദ്ദേഹം ഭാരതത്തിൽ വന്നു എന്നതിനെക്കുറിച്ച് ഏവർക്കും ഏകാഭിപ്രായമാണ്. തോമാശ്ലീഹായുടെ സുവിശേഷപ്രഘോഷണത്തെ ദൈവം അത്ഭുതങ്ങളിലൂടെയും അടയാളങ്ങളിലൂടെയും ഫലപ്രദമാക്കി.

തോമാശ്ലീഹാ സ്ഥാപിച്ച കേരളത്തിലെ പള്ളികളോടും രക്തസാക്ഷിത്വം വരിച്ച മൈലാപ്പൂരിനോടും ബന്ധപ്പെട്ട് പല ഐതിഹ്യങ്ങളും പാരമ്പര്യങ്ങളും നിലവിലുണ്ട്. പരമ്പരാഗതമായി കൈമാറിവന്ന സംഭവവികാസങ്ങളുടെ വിശദീകരണങ്ങൾ ചിലപ്പോൾ വ്യത്യാസപ്പെട്ടേക്കാം. ചില കഥകൾ തോമായുടെ നടപടികളിൽ പരാമർശിക്കുന്ന സംഭവങ്ങളുടെ നേർഭേദങ്ങളാണ്. എന്നാൽ ഇവയിലൂടെയെല്ലാം വെളിപ്പെട്ടത് ഏകദൈവത്തിന്റെ മഹത്വവും തോമാശ്ലീഹായുടെ വിശ്വാസ സാക്ഷ്യവുമാണ്. അങ്ങനെയുള്ള ഐതിഹ്യ കഥകളിലെ അത്ഭുതങ്ങൾ താഴെ വിവരിക്കുന്നു.

## 1. സ്വർഗ്ഗത്തിൽ പണിയപ്പെട്ട കൊട്ടാരം

കാബൂളിലെ ഗുണ്ടഫർ രാജാവിന് മനോഹരമായ ഒരു കൊട്ടാരം പണിചെയ്യുന്നതിനായി വിദഗ്ധ ശില്പികളെ അന്വേഷിക്കുന്ന കാലം. രാജാവ് തന്റെ ശ്രേഷ്ഠ ദൂതനായ ഹബാനെയാണ് ഈ ദൗത്യം ഏൽപ്പിച്ചത്. അദ്ദേഹം ശില്പികളുടെ നാടായ പാലസ്തീനയിൽ എത്തുകയും ഈശോയുടെ പ്രിയ ശിഷ്യനായ തോമസിനെ പരിചയപ്പെടുകയും ചെയ്തു. സമർത്ഥനായ ശില്പകലാ വിദഗ്ധനെന്ന നിലയിൽ തോമാശ്ലീഹയെ ഭാരതത്തിലെത്തിച്ചത് ഹബാൻ ആണെന്നാണ് ഐതിഹ്യം.

കൊട്ടാരത്തിലെത്തിയ തോമാശ്ലീഹയ്ക്ക് വൻ സ്വീകരണമാണ് ലഭിച്ചത്. കൊട്ടാരം പണിയുവാനുള്ള രൂപരേഖയും ആവശ്യമായ പണവും രാജാവ് തോമസിനെ ഏൽപ്പിച്ചു. രാജാവിനുള്ള കൊട്ടാരം സ്വർഗ്ഗത്തിൽ പണിയപ്പെടുമെന്ന് പറഞ്ഞ് പണം മുഴുവൻ ദരിദ്രർക്ക് ദാനം ചെയ്തു. ഇക്കാര്യമറിഞ്ഞ് കോപിഷ്ഠനായ രാജാവ് തോമസിനെ കാരാഗൃഹത്തിലടച്ചു. ആ ദിവസം തന്നെ രാജസഹോദരൻ ഗാഡിന് സ്വപ്ന ദർശനമുണ്ടാവുകയും സ്വർഗ്ഗത്തിൽ മനോഹരമായ കൊട്ടാരം പണിതിരിക്കുന്നത് മാലാഖ കാണിച്ചുകൊടുക്കുകയും ചെയ്തു. സ്വപ്ന ദർശനത്തിലൂടെ കാര്യങ്ങളുടെ നിജസ്ഥിതി മനസ്സിലാക്കിയ ഗാഡിന്റെ വാക്കുകൾ രാജാവിൽ മാനസാന്തരം സൃഷ്ടിക്കുകയും അപ്പസ്തോലനെ സ്വതന്ത്രനാക്കുകയും ചെയ്തു. ശ്ലീഹയുടെ വിശ്വാസസ്ഥിരതയും തീക്ഷ്ണതയും ഇതിലൂടെ വ്യക്തമാകുന്നു.

## 2. മരിച്ചവൻ സംസാരിക്കുന്നു

സുവിശേഷ പ്രചരണാർത്ഥം തോമാശ്ലീഹാ തൃക്കൺപാലേശ്വരം എന്ന സ്ഥലത്തെത്തി കുരിശ് സ്ഥാപിച്ചു. മതവിപ്ലവകാരികൾ കുരിശിന്റെ പാവനത നശിപ്പിക്കുന്ന പ്രവർത്തനങ്ങൾ ആരംഭിച്ചു. ഇതറിഞ്ഞ ശ്ലീഹ മതവിരോധികൾ എറിഞ്ഞുകളഞ്ഞ കുരിശ് ദിവ്യദൃഷ്ടിയാൽ കണ്ടെടുത്ത് നിരണം എന്ന സ്ഥലത്ത് ദേവാലയ പ്രതിഷ്ഠ നടത്തുകയുണ്ടായി. യേശുവിൽ അചഞ്ചലമായി വിശ്വസിക്കുകയും സുവിശേഷപ്രഘോഷണം നടത്തുകയും ചെയ്ത ശ്ലീഹയ്ക്ക് വളരെയധികം എതിർപ്പുകൾ നേരിടേണ്ടി വന്നു. അദ്ദേഹത്തെ അപകീർത്തിപ്പെടുത്താൻ ആഗ്രഹിച്ച ബ്രാഹ്മണന്മാരിൽ ഒരുവൻ സ്വന്തം കുഞ്ഞിനെ കുത്തിക്കൊല പ്പെടുത്തി. ആ കുറ്റം ശ്ലീഹായിൽ ആരോപിക്കുകയും ചക്രവർത്തി മുമ്പാകെ ഹാജരാക്കുകയും ചെയ്തു. തങ്ങളുടെ ഗുരു ഒരിക്കലും ഇത്തരത്തിലൊരു ഹീനകൃത്യം ചെയ്യുകയില്ല എന്ന് ശിഷ്യന്മാർ വാദിച്ചെങ്കിലും സത്യം തെളിയിക്കാൻ ചക്രവർത്തി തോമായോട് കൽപ്പിച്ചു. മരിച്ചുപോയ കുഞ്ഞ് തന്നെ കൊന്നതാരാണ് എന്നതിനുള്ള ഉത്തരം പറയട്ടെ എന്ന് തോമ പ്രത്യുത്തരിച്ചു. മരിച്ചവൻ സംസാരിക്കുകയില്ല എന്ന് ഉറപ്പുണ്ടായിരുന്ന പ്രതിയോഗികൾ തോമയെ പരിഹസിക്കുകയും മരിച്ച കുഞ്ഞിന്റെ മൃതദേഹം ചക്രവർത്തി മുമ്പാകെ കൊണ്ടുവരുകയും ചെയ്തു. മനുഷ്യന് അസാധ്യമായത് ദൈവത്തിനു സാധ്യമാണ് എന്ന് ജീവിതത്തിൽ അനുഭവിച്ചറിഞ്ഞ തോമ ധൈര്യസമേതം നിലകൊണ്ടു. മിശിഹായുടെ നാമത്തിൽ ശ്ലീഹ കുഞ്ഞിനോട് ചോദിച്ചു, നിന്നെ കൊന്നതാരാണ്? മിശിഹായുടെ നാമം ഉച്ചരിച്ച നിമിഷം തന്നെ കുഞ്ഞിന് ജീവനുണ്ടാവുകയും ജീവശ്വാസം എടുത്ത് കണ്ണുകൾ തുറന്ന് ഉച്ചസ്വരത്തിൽ വിളിച്ചുപറഞ്ഞു, തോമാശ്ലീഹ സത്യദൈവത്തിന്റെ പ്രതിനിധിയാണ്. ഇദ്ദേഹത്തിന്റെ നേരെയുള്ള വിദ്വേഷം കൊണ്ട് അദ്ദേഹത്തെ ചതിയിൽ അകപ്പെടുത്തുന്നതിന് വേണ്ടി എന്റെ അച്ഛൻ എന്നെ



Palace of King Gundefer

കൊന്നതാണ്! ഒരക്ഷരം പോലും മറുപടി പറയാ നാകാതെ കൊലപാതകകുറ്റം കുഞ്ഞിന്റെ അച്ഛൻ അംഗീകരിച്ചു.

ഈയൊരു സംഭവത്തെ തുടർന്ന് സഗാമോസ് ചക്രവർത്തിയും രാജസദ സ്സിലുള്ളവരും ക്രിസ്തുമതം സ്വീകരിച്ചു.

മറ്റൊരു സംഭവത്തിൽ ഇപ്രകാരം പറയുന്നുണ്ട്. അപ്പസ്തോലനെ അപ മാനിച്ച് നാടുകടത്താൻ കുബുദ്ധികളായ ഹൈന്ദവർ തീരുമാനിക്കുകയും ദുർവൃത്തയായ ഒരു വിധവ സ്ത്രീയെ ശ്ലീഹ ഗർഭിണിയാക്കിയെന്ന പ്രചാരണം നടത്തി. ഈ സ്ത്രീ ഇതിന് കൂട്ടു നിൽക്കുകയും പ്രസവശേഷം കുഞ്ഞിനെ കൊന്നത് ആരോപ ണത്തിന്റെ ശക്തി വർദ്ധിപ്പിച്ചു. ക്രൈസ്തവരുടെ ആഗ്രഹപ്രകാരം മരിച്ച ആ ശിശുവിന് ശ്ലീഹാ ജീവൻ നൽകി. കുഞ്ഞു തന്നെ പൊതുജന സമക്ഷം തന്റെ പിതാവ് ആരാണെന്നും അപ്പസ്തോലൻ അതീവ പരിശുദ്ധ നാണ് എന്നും പറയുകയും ചെയ്തു.

### 3. വായുവിൽ തടഞ്ഞ ജലം

പാലയൂരിലെ തളി ക്ഷേത്രം ഏറെ പ്രസിദ്ധമാണ്. ബ്രാഹ്മണർ തളിക്കുള ത്തിലെ കുളി കഴിഞ്ഞ് വെള്ളം കൈ ക്കുമ്പിളിൽ കോരി ഈശ്വരാർച്ചനക്കായി മേലോട്ടെറിയുന്ന സന്ദർഭത്തിലാണ് വിദേശീയനായ തോമ ആ വഴി പോ കാനിടയായത്. ഇവരുടെ ഈ നിരർ ത്ഥക പ്രവർത്തിയിൽ കൗതുകം തോന്നിയ തോമ പറഞ്ഞു. നിങ്ങൾ ചെയ്യുന്നത് വെറും മൗഢ്യമാണ്. നിങ്ങളുടെ ഈശ്വരൻ സത്യദൈ വമാണെങ്കിൽ ഈ ജലം സ്വീകരിക്കു മായിരുന്നു. എന്റെ ദൈവം സത്യമാണ്, ആ ദൈവത്തിന്റെ ദാസനായ എന്റെ അർച്ചനകൾ സ്വീകരിക്കുമെന്ന് കൂടി ശ്ലീഹ കൂട്ടിച്ചേർത്തു. തങ്ങൾക്ക് അത് ബോധ്യപ്പെട്ടാൽ തങ്ങൾ ആ ദൈവ ത്തിൽ വിശ്വസിക്കാമെന്ന് ബ്രാഹ്മണർ ശ്ലീഹയ്ക്ക് വാക്ക് കൊടുത്തു. ശ്ലീഹാ കണ്ണുകൾ അടച്ച് പ്രാർത്ഥനാപൂർവ്വം വെള്ളം കോരി മേലോട്ടെറിയവെ ജലകണങ്ങൾ വെള്ളി പോലെ പ്രഭാ പൂരം പരത്തിനിന്നു. വെള്ളം കോരി യെടുത്ത ഭാഗം കുഴിഞ്ഞും കാണപ്പെട്ടു.

ഈ മഹാത്ഭുതം കണ്ട ബ്രാഹ്മണർ



Thaliyakulam, Palayur

അപ്പസ്തോലന്റെ അനുയായികളായി. ജ്ഞാനസ്നാനം സ്വീകരിച്ച അവരുടെ സഹകരണത്തോടെ ബഹുവി സ്തൃതമായ പാലയൂർ നാട്ടിൽ സുവിശേഷം പ്രഘോഷിക്കപ്പെട്ടു. ചരിത്രപ്രസിദ്ധമായ പാലയൂർ ദേവാലയത്തിൽ തോമാശ്ലീഹയുടെ കരങ്ങളാൽ നിർമ്മിക്കപ്പെട്ട കുരിശ് സ്ഥാപിക്കുകയും ചെയ്തു.

### 4. നഷ്ടപ്പെട്ട കൈ

നിരണം സ്വദേശിയും മാളിയേക്കൽ കുടുംബക്കാരനുമായ ബ്രാഹ്മണൻ കുടുംബസമേതം കൊടുങ്ങല്ലൂ രിലായിരുന്നു താമസം. തെരു വീഥികളിലൂടെ സുവിശേഷസന്ദേശം പ്രചരിപ്പിച്ച തോമാശ്ലീഹാ ഒരു ബ്രാ ഹ്മണബാലനെ പരിചയപ്പെട്ടു. ഈ ബാലൻ വിഗ്രഹങ്ങളെ ആരാധിക്കുകയും പൂജിക്കുകയും ചെയ്തുപോന്നു. അ നുദിനം അമ്പലത്തിൽ പോയില്ലെങ്കിലും ദേവന്മാരെ ആരാധിച്ചില്ലെങ്കിലും അമ്മ ആഹാരം തരില്ലെന്നും, പഞ്ഞവും വസന്തവും തങ്ങളെ ദ്രോഹിക്കുമെന്നും അവൻ പറഞ്ഞു. ഇത് കേട്ട് തോമശ്ലീഹ സത്യ ദൈവത്തെക്കുറിച്ചും സുവിശേ ഷത്തെക്കുറിച്ചും പഠിപ്പിച്ചു. പിറ്റേ ദിവസം തന്നെ ബ്രാഹ്മണ ബാലൻ തോമ എന്ന നാമധേയം സ്വീകരിച്ച് ജ്ഞാനസ്നാനപ്പെട്ടു. പൗരോഹിത്യ ശുശ്രൂഷയിലൂടെ മാളിയേക്കൽ തോമ റമ്പാൻ ആയി ഉയർത്തപ്പെട്ടു. ഇതറിഞ്ഞ ബ്രാഹ്മണർ കുപിതനായി തോമാ ശ്ലീഹയെ ഉപദ്രവിച്ചു. മനുഷ്യാ നീ എന്താണ് ചെയ്തത്? എന്നെ അടിച്ച കൈ നിനക്ക് നഷ്ടപ്പെടും എന്ന് തോമ പ്രവചിച്ചു. കുറച്ചു ദിവസങ്ങൾക്കുശേഷം ഒരു പട്ടി അയാളുടെ കൈ കടിച്ചു മുറിച്ചു. ഈശോയുടെ നാമം വിളിച്ച പേക്ഷിച്ചാൽ, സത്യദൈവത്തെ മഹത്വ പ്പെടുത്തിയാൽ നഷ്ടപ്പെട്ട കൈ തിരിച്ചു കിട്ടുമെന്ന് തോമാശ്ലീഹാ അവരോട് നിർദ്ദേശിച്ചു. ബ്രാഹ്മണൻ മുറിവിൽ കുരിശടയാളം വരച്ച് പ്രാർത്ഥിച്ചപ്പോൾ കൈ പൂർണ്ണമായും സുഖപ്പെട്ടു. ഇതറിഞ്ഞ രാജാവും 32 ബ്രാഹ്മണ ഇല്ലങ്ങളും ജ്ഞാനസ്നാനം സ്വീകരിച്ചു. രാജാവ് അന്ത്രോസെന്നും മരുമകൻ പത്രോസ് എന്ന നാമവുമാണ് സ്വീകരി ച്ചത്.

### 5. വിഷപ്പാമ്പ്

കോട്ടക്കാവ് ക്ഷേത്രമുറ്റത്തുള്ള സർപ്പക്കാവിലെ വലിയ ആൽമരം കൊടുങ്കാറ്റിൽ നിലംപൊത്തി. വൃക്ഷപ്പൊത്തുകളിൽ ഒളിഞ്ഞു കഴിഞ്ഞിരുന്ന വിഷപ്പാമ്പുകൾ ചുറ്റു പാടിലും വ്യാപിച്ചു. പാമ്പുകടിയേറ്റ് പലരും മരിച്ചു. ഈ നാളുകളിൽ അവിടങ്ങളിൽ സുവിശേഷം പ്രഘോ ഷിച്ചിരുന്ന തോമാ ഈ അവസരം പ്രയോജനപ്പെടുത്തി. പാമ്പുകടിയേറ്റു മരണമടഞ്ഞവരെ ക്രിസ്തുനാമത്തിൽ ശ്ലീഹാ ഉയർപ്പിച്ചു. ഈ സമയം മന്ത്രവാദത്തിലും ആഭിചാരവൃത്തി യിലും വിദഗ്ധരായ തന്ത്രിമാർ സർപ്പ ങ്ങളെ ക്ഷേത്രത്തിലെ കരിങ്കല്ലിലേക്ക്



ആവാഹിക്കാൻ തുടങ്ങിയപ്പോൾ ശ്ലീഹാ തന്റെ യോഗദണ്ഡു കൊണ്ട് പാമ്പുകളെ അഗ്നിജ്വാലയാക്കി മാറ്റി. ഈ സംഭവങ്ങൾ കണ്ടവരും കേട്ടവരുമായ എല്ലാവരും ക്രിസ്തുവിനെ ദൈവമായി അംഗീകരിച്ച് ജ്ഞാനസ്നാനം സ്വീകരിച്ചു...

## 6.അഗ്നിബാധ

മൈലാപ്പൂരിൽ സുവിശേഷപ്രഘോഷണം നടത്തിയിരുന്ന നാളുകളിൽ ശ്ലീഹ ശത്രുക്കളുടെ സങ്കേതത്തിൽ അകപ്പെടുവാൻ ഇടയായി. കിട്ടിയ അവസരം മുതലെടുക്കാൻ ക്രിസ്തുമത വിരോധികളായ അവർ തീരുമാനിച്ചു. ക്രിസ്തുമതത്തിന് നിരക്കാത്ത പ്രവർത്തികൾ ചെയ്യാൻ അവർ തോമയെ നിർബന്ധിച്ചു. യേശുവിനെ തള്ളിപ്പറഞ്ഞ് അവരുടെ ദൈവത്തെ ആരാധിക്കാതെ ഒരടി മുന്നോട്ടുപോകാൻ സാധ്യമല്ല എന്ന് അവർ ഭീഷണിപ്പെടുത്തി. അസഭ്യവാക്കുകളാൽ വേദനിപ്പിച്ചു. സഹികെട്ട ശ്ലീഹ കുരിശടയാളം വരച്ച് തീക്ഷണമായി പ്രാർത്ഥിച്ചു. തൽക്ഷണം ഭയങ്കരമായ അഗ്നിബാധയുണ്ടാകുകയും മതവിരോധികളുടെ പ്രാർത്ഥനാലയം അഗ്നിക്കിരയാവുകയും ചെയ്തു.

## 7. രാജ്യസദസ്സിലെ മഹാത്ഭുതം

തോമാശ്ലീഹാ കൊടുങ്ങല്ലൂരിൽ കപ്പലിറങ്ങിയ ദിവസം രാജകൊട്ടാരത്തിൽ ഒരു വിവാഹാഘോഷം നടക്കുകയായിരുന്നു. വിവാഹവേളയിൽ പങ്കെടുത്ത ശ്ലീഹായ്ക്ക് അന്നാട്ടിലെ സാമൂഹ്യമര്യാദകൾ പരിചിതമല്ലായിരുന്നു. ചില ആചാരങ്ങൾ അനുഷ്ഠിക്കാത്തതിന്റെ പേരിൽ രാജ്യസേവകൻ ശ്ലീഹയുടെ കാരണത്തടിച്ചു. തന്നെ അടിച്ച സേവകനോട് നിർവ്യാജം നമ്മുടെ പിതാവ് ക്ഷമിച്ചു. എന്നാൽ ശ്ലീഹായെ അടിച്ച ഭൃത്യന്റെ കൈ ഒരു പട്ടി കടിച്ചെടുത്ത് രാജസദസ്സിൽ കൊണ്ടുവന്നു വച്ചു. പാനപാത്രവാഹകനായിരുന്ന ആ ഭൃത്യൻ വെള്ളം കോരാൻ ചെന്നപ്പോൾ ഒരു സിംഹം ചാടി വീണ് ആ ഭൃത്യനെ കടിച്ചു കീറി. ഭയവിഹ്വലരായ ജനമധ്യേ ശ്ലീഹാ സത്യദൈവത്തെക്കുറിച്ചും സുവിശേഷത്തെക്കുറിച്ചും അവരെ പഠിപ്പിച്ചു. രാജസദസ്സിലുണ്ടായിരുന്നവരെല്ലാവരും ക്രിസ്തുമതം സ്വീകരിച്ചു.

## 8. പ്രാർത്ഥനയുടെ പ്രേഷിതൻ

തൊട്ടറിഞ്ഞ വിശ്വാസത്തിന്റെ പ്രതിപുരുഷനായ തോമാശ്ലീഹാ പലപ്പോഴും ഏകാന്തതയിൽ പ്രാർത്ഥനയിലൂടെ ശക്തി നേടിയിരുന്നു. മലയാറ്റൂർ മലമുകളിലെ പ്രാർത്ഥനയുടെ ദിനരാത്രങ്ങളിൽ ഏറെ അത്ഭുതങ്ങൾ നടത്തിയിട്ടുണ്ട്. ഒരിക്കൽ മുട്ടുകുത്തി പാറയിൽ കുരിശടയാളം വരച്ചപ്പോൾ അവിടെ നിന്നും രക്തം ഒഴുകി. തുടർന്ന് പരിശുദ്ധ അമ്മ ശ്ലീഹായ്ക്ക് പ്രത്യക്ഷപ്പെട്ട് സുവിശേഷപ്രഘോഷത്തിനും സഹനത്തിനുമുള്ള ശക്തി യേശുവിൽ നിന്നും നേടിക്കൊടുത്തു. മറ്റൊരവസരത്തിൽ പ്രാർത്ഥിച്ചുകൊണ്ടിരിക്കെ പാറയിൽ നിന്നും സ്വർണക്കുരിശ് ഉയർന്നുവന്നു. അതിനാൽ മലയാറ്റൂർ മല പൊൻമലയാവുകയും ഇന്നും മലകയറുന്നവർ *പൊന്നും കുരിശുമുത്തപ്പോ പൊന്മലകയറ്റം* എന്ന് ഉച്ചൈസ്തരം പ്രഘോഷിച്ച് വിശ്വാസം ഏറ്റുപറയുന്നു.

## 9. കല്ലറയിലെ പ്രത്യക്ഷം

കൊടുങ്ങല്ലൂർ രാജാവായ അന്ദ്രയോസിന്റെ സഹോദരൻ പത്രോസ് മെത്രാൻ വി.കുർബാന സമർപ്പിച്ചുകൊണ്ടിരുന്നപ്പോൾ ഒരു മാലാഖ പ്രത്യക്ഷപ്പെട്ട് അദ്ദേഹത്തോട് പറഞ്ഞു ഈശോയുടെ അപ്പോസ്തലനായ തോമ സ്വർഗത്തിൽ ഇതാ കിരീടം പ്രാപിച്ചിരിക്കുന്നു. കുർബാന കഴിഞ്ഞ് തോമ റമ്പാനെയും, കടപ്പൂര് റമ്പാനെയും കൂട്ടി അദ്ദേഹം മൈലാപൂരിലേക്ക് പുറപ്പെട്ടു. മറ്റു ക്രിസ്ത്യാനികളും അവരുടെ കൂടെ പോയി. പത്ത് ദിവസം അവരെല്ലാവരും കല്ലറയിങ്കൽ പ്രാർത്ഥിച്ചുകൊണ്ടിരുന്നു. പത്താം ദിവസം അപ്പസ്തോലൻ പ്രഭയോടെ പ്രത്യക്ഷപ്പെട്ട് അവരോട് പറഞ്ഞു, എന്റെ മരണത്തെ ഓർത്ത് എന്റെ കുഴിമാടം സന്ദർശിക്കുന്നവർക്ക് കർത്താവിന്റെ കൃപാവരം ലഭിക്കും അനന്തരം അപ്പസ്തോലൻ അവരെ ആശിർവദിച്ചു. അവർ കൂടുതൽ വിശ്വാസ ദാർഢ്യത്തോടെ കേരളത്തിലേക്ക് മടങ്ങുകയും ചെയ്തു...

## 10. കല്ലറയിലെ രോഗശാന്തി

തോമാശ്ലീഹായുടെ ഘാതകരിൽ ഒരാളുടെ മകൻ ആ ദിവസങ്ങളിൽ തന്നെ അതിഭയങ്കരമായ രോഗത്താൽ മരണാസന്നനായി തീർന്നു. മകന്റെ ദീനം തന്റെ കഠോര പ്രവർത്തികളുടെ ഫലമാണെന്ന് മനസ്സിലാക്കിയ പിതാവ് തന്റെ മകനെ ശ്ലീഹായുടെ കല്ലറയിങ്കലേക്ക് കൊണ്ടുവന്നു. കല്ലറയിൽ തൊട്ടു പ്രാർത്ഥിച്ച് ക്ഷമ യാചിക്കുകയും ചെയ്തു. കൂടാതെ കബറിടത്തിലെ മണ്ണ് വാരി മകന്റെ ദേഹത്ത് പുരട്ടി തീക്ഷണയോടെ പ്രാർത്ഥിച്ചു. ആ സമയം തന്നെ രോഗി സമ്പൂർണ്ണസൗഖ്യം പ്രാപിക്കുകയും കൃതജ്ഞത അർപ്പിച്ച് സത്യദൈവത്തെ മഹത്വപ്പെടുത്തുകയും ചെയ്തു.

## 11. സിലോണിലെ തടി

അപ്പസ്തോലൻ സിലോണിലായിരിക്കുമ്പോൾ ആഡംസ് പീക്ക്| എന്നൊരു മലമുകളിൽ കയറി. അവിടെ നിൽക്കുന്ന വലിയൊരു മരം പള്ളി പണിയാൻ ഉതകുന്നതാണെന്ന് തിരിച്ചറിഞ്ഞ അപ്പസ്തോലൻ തന്റെ ശിഷ്യന്മാർക്കൊപ്പം അത് വെട്ടി വീഴ്ത്തിയശേഷം പറഞ്ഞു. മൈലാപൂർ കടപ്പുറത്തു പോയി കാത്തിരിക്കുക. തടി മൈലാപൂർ തുറമുഖത്ത് ചെന്നടിഞ്ഞു.

തുറമുഖത്ത് കപ്പലുകൾ അടുപ്പിക്കാൻ സാധിക്കാതെ വന്നതിനാൽ കപ്പിത്താൻമാർ രാജാവിനോട് തടി മാറ്റിത്തരാൻ അപേക്ഷിച്ചു. രാജകല്പന പ്രകാരം ബ്രാഹ്മണ മന്ത്രവാദികളും കൂടോത്രക്കാരും സകല മന്ത്രങ്ങളും തന്ത്രങ്ങളും പ്രയോഗിച്ച് തടി മാറ്റാൻ ശ്രമിച്ചെങ്കിലും എല്ലാം വിഫലമായി. അപ്പോഴാണ് അപ്പസ്തോലൻ ആ വഴി

വന്നത്.

ചരടുകൊണ്ടുള്ള അരപ്പട്ടയും വെള്ള വസ്ത്രവും സ്വർണ്ണ നിറമുള്ള മാലയും മയിൽപീലിയാൽ അലംകൃതമായ മേലങ്കിയും ധരിച്ചുവന്ന ശ്ലീഹ ആ തടികൊണ്ട് മനോഹരമായ ദേവാലയം പണിയാൻ അനുവാദം ചോദിച്ചു. എന്നാൽ താങ്കളുടെ മുതുകിൽ ഈ തടി എടുക്കുകയാണെങ്കിൽ ആന കളെയും പട്ടാളക്കാരെയും അടിമകളായി തരാം എന്ന് പറഞ്ഞ് അവർ പരിഹ സിച്ചു. ഈ തടി താങ്കൾ വലിച്ചു കയ റ്റിയാൽ ഒരു ദിവസം ചുറ്റിനടക്കുന്ന സ്ഥലവും ദാനമായി നൽകാമെന്ന് രാജാവ് വീണ്ടും കളിയാക്കി.

പിറ്റേദിവസം ശ്ലീഹ തടിയുടെ കമ്പിൽ അരപ്പട്ട കെട്ടി കുരിശു വരച്ച് ചരടിന്റെ അറ്റം പിടിച്ച് തടി കരയ്ക്ക് വലിച്ചു കയറ്റി. ആ നിമിഷം അവിടെ നിലയുറപ്പിച്ചിരുന്ന കഴുത സംസാരിച്ചു എന്നും പറയപ്പെടുന്നു. ഇതുകണ്ട പലരും യേശുവിൽ വിശ്വസിച്ചു. മൈലാപ്പൂർ പള്ളി പണി പൂർത്തി യാക്കവെ കോൺട്രാക്ടർക്ക് പണം നൽ കാൻ തികയാതെ വന്നു. 'ഭയപ്പെടേണ്ട, ദൈവത്തിൽ ശരണം വയ്ക്കുക, തടി തന്ന ദൈവം നമുക്ക് പണവും തരു മെന്ന്' ശ്ലീഹായുടെ വിശ്വാസ സാക്ഷ്യത്തിനു മുമ്പിൽ ജനം ശക്തിയോടെ പ്രാർത്ഥിച്ചു. അവിടെ വച്ചിരുന്ന അറക്കപ്പൊടി പറമ്പിൽ വിതറാൻ ശ്ലീഹാ പറഞ്ഞതനുസരിച്ച് അവർ ചെയ്യുകയും പറമ്പ് നിറയെ വൻമരങ്ങൾ പ്രത്യക്ഷപ്പെടു കയും അത് വിറ്റ് കോൺട്രാക്ടറുടെ കുടിശ്ശിക വീട്ടുകയും ചെയ്തു.

## 12. വിശുദ്ധ തോമാശ്ലീഹായും സുനോറോയും

സുനോറോ എന്ന വാക്കിന്റെ അർത്ഥം ഇടക്കെട്ട് എന്നാണ്. ദൈവ മാതാവായ പരിശുദ്ധ കന്യകാമറിയം ഈ ലോക ജീവിതാന്ത്യത്തിൽ ഗാഢ നിദ്രയിലമർന്നു. പുത്രന്റെ ബഹുമാന ത്തിനും അവിടുത്തെ അമ്മയുടെ മഹത്വത്തിനും വേണ്ടി ദൈവ മാതാ വിന്റെ ഭൗതീക ശരീരത്തേയും ആത്മാവിനെയും മഹത്വത്തിലേക്ക് എടുക്കപ്പെട്ടുവെന്ന് സഭ നമ്മെ പഠിപ്പി ക്കുന്നു. വിയോഗസമയത്ത് ഭാരതത്തി ലായിരുന്ന തോമാശ്ലീഹാ, പരിശുദ്ധാത്മാവി

**ഒരിക്കൽ മുട്ടുകുത്തി പാറയിൽ കുരിശടയാളം വരച്ചപ്പോൾ അവിടെ നിന്നും രക്തം ഒഴുകി. തുടർന്ന് പരിശുദ്ധ അമ്മ ശ്ലീഹായ്ക്ക് പ്രത്യക്ഷപ്പെട്ട് സുവിശേഷ പ്രഘോഷണത്തിനും സഹനത്തിനുമുള്ള ശക്തി യേശുവിൽ നിന്നും നേടിക്കൊടുത്തു.**

നാൽ ഇക്കാര്യമറിയുകയും ജറുസലേ മിലേക്ക്, പരിശുദ്ധ മാതാവിന്റെ അടു ക്കലേക്ക് എടുക്കപ്പെടുകയും ചെയ്തു. അമ്മയുടെ സ്വർഗ്ഗാരോഹണദർശനം തനിക്കും തരണമെന്ന ശ്ലീഹായുടെ അപേക്ഷപ്രകാരം മാതാവിന്റെ പ്ര ത്യേക ദർശനം തോമാശ്ലീഹാക്ക് അനു വദിക്കുകയും അമ്മയുടെ കൈലേസും ഇടക്കെട്ടും ശ്ലീഹാക്ക് നൽകപ്പെടുകയും ചെയ്തു.

തോമാശ്ലീഹ ഇന്ത്യയിലേക്ക് തിരികെ പോന്നപ്പോൾ സുനോറോ അമൂല്യമായി കൂടെ കൊണ്ട് പോന്നു. ശ്ലീഹായുടെ മരണശേഷം, 394-ൽ മാതാവിന്റെ ഈ അരക്കെട്ട് ഉറഹയി ലേക്കും അവിടെനിന്നും 705, ആഗസ്റ്റ് 22 ന് ഹോംസിലെ വിശുദ്ധ മാതാവിന്റെ നാമധേയത്തിലുള്ള പള്ളിയിലേക്കും മാറ്റപ്പെട്ടു.

ഹോംസിലെ ആർച്ച് ബിഷപ്പ് ഈ ദേവാലയം 1953, ജൂലൈ 20 ന് പുതു ക്കിപണിത ബലിപീഠത്തിന്റെ ഉള്ളിൽ പൂജ്യമായി സൂക്ഷിച്ചിരുന്ന ഈ മാതാ വിന്റെ അരക്കെട്ട് വിശ്വാസികൾക്ക് വണങ്ങുന്നതിനായി പ്രതിഷ്ഠിച്ചു. ഈ അരക്കെട്ട് പുരാവസ്തു ഗവേഷകരുടെ റേഡിയോ കാർബൺ കാല നിർണ്ണയ തീർപ്പിന് വിധേയമാക്കുകയും വിശ്വാ സികളുടെ വിശ്വാസം ശരിയാണെന്ന് സ്ഥിരീകരിക്കുകയും ചെയ്തു. ഈ തിരുശേഷിപ്പ് വർഷത്തിൽ അഞ്ച് തവണ, ക്രിസ്തുമസ്, ഈസ്റ്റർ, മെയ് 1, ആഗസ്റ്റ് 15, സെപ്തംബർ 8 എന്നീ ദിവസങ്ങളിൽ വിശ്വാസികൾക്ക് പൊതുവണക്കത്തിനായി തുറന്ന് കൊടുക്കുന്നു.

## 13. പാനപാത്ര വാഹകന്റെ കൈ

തോമാശ്ലീഹായും അനുയായികളും പട്ടണത്തിൽ എത്തിയപ്പോൾ, രാജാ വിന്റെ ഏകപുത്രിയുടെ വിവാഹം നടക്കുകയായിരുന്നു. രാജ്യമൊട്ടാകെ ക്ഷണം ഉണ്ടായിരുന്നതിനാൽ അവർ പന്തലിൽ പ്രവേശിച്ചു ഭക്ഷണത്തിനി രുന്നു. വിദേശിയായ തോമാ എല്ലാവരു ടെയും ശ്രദ്ധയിൽപ്പെട്ടു. ഈ സമയം ഹെബ്രയക്കാരിയായ ഒരു യുവതി പുല്ലാങ്കുഴൽ ഊതിക്കൊണ്ട് വിരുന്നു കാരുടെ ഇടയിലേക്ക് വന്നു. അപ്പസ്തോ ലന്റെ അടുത്ത് ചെന്ന് കുറെനേരം കുഴ ലൂതി. എന്നാൽ തന്റെ യാത്രയെക്കുറിച്ച് ചിന്താമഗ്നനായിരുന്ന ശ്ലീഹാ ഇത് ശ്രദ്ധിച്ചില്ല. അപ്പോൾ പാനപാത്രവാഹ കനായിരുന്ന യുവാവിന് ശുണ്ഠി പിടിക്കുകയും അവൻ ശ്ലീഹായെ അടി ക്കുകയും ചെയ്തു. അദ്ദേഹം കണ്ണുകൾ ഉയർത്തി സൂക്ഷിച്ച് നോക്കിയിട്ട് ഇപ്രകാരം പറഞ്ഞു: |എന്റെ ദൈവം നിത്യമായ ശിക്ഷയിൽനിന്നും നിന്നെ മോചിപ്പിക്കട്ടെ, ഇത് സാധ്യമാക്കാൻ അവിടുന്ന് ലോകത്തിൽ അത്ഭുതങ്ങൾ കാണിക്കട്ടെ.|

അപ്പസ്തോലനെ അടിച്ച പാന പാത്രവാഹകൻ വെള്ളം എടുക്കുന്ന തിനായി സമീപത്തുള്ള അരുവിക്കടു ത്തേക്ക് പോയി. അപ്പോൾ സമീപ ത്തുള്ള കുറ്റിക്കാട്ടിൽ നിന്ന് ഒരു സിംഹം ചാടിവീണ് അയാളെ ആക്രമിച്ചു. അപ്പസ്തോലനെ അടിച്ച വലതുകൈ കടിച്ചുപറിച്ച് എറിഞ്ഞിട്ട്

അപ്രത്യക്ഷനായി. കൈ നഷ്ടപ്പെട്ട അവസ്ഥയിൽ അവൻ വിരുന്നുശാലയിലെത്തി. പുറകെ ഒരു കറുത്ത പട്ടി അയാളുടെ വലതുകൈ കടിച്ച് വലിച്ചിഴച്ചുകൊണ്ട് കല്യാണപന്തലിൽ എത്തി. എല്ലാവരും നടന്ന സംഭവങ്ങളെല്ലാം ഗ്രഹിച്ചു. അലിവു തോന്നിയ തോമാ പട്ടിയിൽനിന്നും കൈപ്പത്തി വാങ്ങി അദ്ദേഹത്തെ സൗഖ്യപ്പെടുത്തി. വിവരമറിഞ്ഞ രാജാവ് പന്തലിലെത്തി തന്റെ ഏക പുത്രിക്ക് വേണ്ടി പ്രാർത്ഥിക്കുവാനായി അപ്പസ്തോലനെ രാജകൊട്ടാരത്തിലേക്ക് കൂട്ടിക്കൊണ്ടുപോയി. അന്നു രാത്രിയിൽ നവദമ്പതികൾക്ക് കർത്താവുതന്നെ പ്രത്യക്ഷപ്പെട്ട് അനുഗ്രഹം നൽകുകയും അവർ കർത്താവിൽ വിശ്വസിക്കുകയും ചെയ്തു.

## 14. യുവാവിന്റെ തളർച്ചാ സൗഖ്യവും സ്ത്രീയുടെ പുനർജീവിതവും

ഒരു യുവാവ് തന്റെ കാമുകിയെ വധിച്ചതിനുശേഷം തോമാശ്ലീഹായുടെ അടുത്തുവന്ന് വിശുദ്ധ കുർബ്ബാന സ്വീകരിച്ചു. വിശുദ്ധ അപ്പം സ്വീകരിച്ച ഉടനെ അയാളുടെ രണ്ട് കൈകളും തളർന്നു പോയി. കൈ ഉയർത്തുന്നതിനായുള്ള എല്ലാ പരിശ്രമങ്ങളും പരാജയപ്പെട്ടപ്പോൾ കണ്ടുനിന്നവർ ശ്ലീഹായെ വിവരം അറിയിച്ചു. യുവാവിനോട് പാപങ്ങൾ ഏറ്റുപറഞ്ഞു പശ്ചാത്തപിക്കുവാൻ ശ്ലീഹ ആവശ്യപ്പെട്ടു. യുവാവ് ശ്ലീഹായുടെ കാൽപാദത്തിൽ വീണ് പ്രാർത്ഥിച്ചുകൊണ്ട് തന്റെ തെറ്റ് ഏറ്റുപറഞ്ഞു. പട്ടണത്തിന് പുറത്ത് ഒരു സ്ത്രീയുമായി അയാൾക്ക് സ്നേഹബന്ധമുണ്ടായിരുന്നു. ഭാര്യ-ഭർതൃബന്ധത്തിന് പുറത്തുള്ള ബന്ധം പാപമാണെന്ന് ശ്ലീഹാ പഠിപ്പിച്ചതനുസരിച്ച് അവളെ വിവാഹം കഴിക്കാൻ യുവാവ് ആഗ്രഹിച്ചു. ആ സ്ത്രീ അതിന് സമ്മതിച്ചെങ്കിലും അവൾ തുടർന്നിരുന്ന വേശ്യാവൃത്തിയിൽ നിന്ന് പിന്മാറുവാൻ അവൾ തയ്യാറായില്ല. കുപിതനായ യുവാവ് ആ സ്ത്രീയെ വെട്ടിക്കൊലപ്പെടുത്തുകയായിരുന്നു. പശ്ചാത്തപിച്ച യുവാവിനോടൊപ്പം സ്ത്രീ മരിച്ചു കിടക്കുന്ന സ്ഥലത്തെത്തിയ ശ്ലീഹാ യുവാവിനെകൊണ്ടുതന്നെ അവളെ പിടിച്ച് എഴുന്നേൽപ്പിച്ചു. അവൾ മാനസാന്തരപ്പെടുകയും ഈ അത്ഭുതപ്രവർത്തനം കണ്ട് വളരെ അധികം ആളുകൾ സത്യമാർഗ്ഗത്തിൽ ചേരുകയും ചെയ്തു.

## 15. ബ്രാഹ്മണനെ ഉയിർപ്പിക്കുന്നു

തോമാശ്ലീഹായെ അപകീർത്തിപ്പെടുത്തുന്നതിനും നാട്ടിൽനിന്നു തന്നെ തുരത്തുന്നതിനുമായിട്ട് ഒരു ബ്രാഹ്മണ പുരോഹിതൻ തന്റെ മകനെ വധിച്ചു. കൊലപാതക കുറ്റം തോമാശ്ലീഹായിൽ ആരോപിച്ചു. തോമാശ്ലീഹായ്ക്കെതിരെ അനേകം ശത്രുക്കൾ അണിനിരന്നു. അവരുടെ മധ്യേ മരണമടഞ്ഞവനെ തോമാശ്ലീഹാ പുനർജീവിപ്പിച്ചു. തന്നെ വധിച്ചത് തോമാശ്ലീഹയല്ല, തന്റെ പിതാവ് തന്നെയാണെന്ന് ഉയിർത്തെഴുന്നേറ്റ പുത്രൻ വെളിപ്പെടുത്തി. ഭൂമിയിൽ ജീവിക്കാനാണോ, മരിച്ച് നേരത്തെ എത്തിയിടത്ത് എത്താനാണോ താല്പര്യമെന്ന് ശ്ലീഹാ അവനോട് ആരാഞ്ഞു. നേരത്തെ എത്തിയിടത്ത് എന്നവൻ മറുപടി പറഞ്ഞു. തോമാശ്ലീഹാ ബാലന് മാമ്മോദീസാ നൽകുകയും ഉടൻതന്നെ അവൻ മരിക്കുകയും ചെയ്തു.

## 16. ശ്ലീഹായെ വിളംബരം ചെയ്ത കഴുത

ഒരു ദിവസം തോമാശ്ലീഹാ ജനക്കൂട്ടത്തോട് സുവിശേഷം പ്രസംഗിക്കുവാൻ പരിശ്രമിച്ചു. അവർ അത് ശ്രദ്ധിക്കുവാനോ, ഗ്രഹിക്കുവാനോ കൂട്ടാക്കിയില്ല. അപ്പോൾ, ഒരു കഴുതക്കുട്ടി അവിടേക്ക് കടന്നുവരികയും, ശ്ലീഹാ ആരാണെന്നും എന്തിനാണ് വന്നിരിക്കുന്നതെന്നും അത് വിശദീകരിച്ചു. ജനം അത്ഭുതത്തോടെ ശ്രവിച്ചു എന്ന് മാത്രമല്ല അതിൽ വിശ്വസിക്കുകയും, മാർഗ്ഗം സ്വീകരിക്കുകയും ചെയ്തു. ഇന്ത്യയെ രക്ഷിക്കുവാനായി വന്നിരിക്കുന്ന അങ്ങ് പട്ടണത്തിൽ പ്രവേശിക്കുന്നതുവരെ എന്റെ പുറത്തുതന്നെ സവാരി ചെയ്യണമെന്ന് കഴുത ശ്ലീഹായോട് അപേക്ഷിച്ചു. ശ്ലിഹാ കഴുതക്കുട്ടിയുടെ പുറത്തു കയറി പട്ടണകവാടത്തിലെത്തി. കഴുതയുടെ പുറത്ത് നിന്ന് ശ്ലീഹാ താഴെ ഇറങ്ങിയ ക്ഷണത്തിൽ

ഒരു ബ്രാഹ്മണ പുരോഹിതൻ തന്റെ മകനെ വധിച്ചു. കൊലപാതക കുറ്റം തോമാശ്ലീഹായിൽ ആരോപിച്ചു. തോമാശ്ലീഹായ്ക്കെതിരെ അനേകം ശത്രുക്കൾ അണിനിരന്നു. അവരുടെ മധ്യേ മരണമടഞ്ഞവനെ തോമാശ്ലീഹാ പുനർജീവിപ്പിച്ചു. തന്നെ വധിച്ചത് തോമാശ്ലീഹായല്ല, തന്റെ പിതാവ് തന്നെയാണെന്ന് ഉയിർത്തെഴുന്നേറ്റ പുത്രൻ വെളിപ്പെടുത്തി.

തന്നെ കഴുത ചത്തുവീണു.

## 17. യുവാവിനെ പുനർജീവിപ്പിക്കുന്നു

ഒരു നാൾ രാത്രി അപ്പസ്തോലൻ ഉറങ്ങുമ്പോൾ കർത്താവു തലയ്ക്കൽ വന്നുനിന്നു കൊണ്ടു പറഞ്ഞു. രാവിലെ എഴുന്നേറ്റ് പ്രാർത്ഥനയും മറ്റ് കർമ്മങ്ങൾക്കുശേഷം കിഴക്കോട്ടുള്ള വഴിയേ രണ്ടു നാഴിക പോകണം. അപ്പോൾ ഞാൻ ദിവ്യമഹത്വത്തോടുകൂടി നിനക്ക് പ്രത്യക്ഷപ്പെടും. തന്റെ തമ്പുരാൻ ആവശ്യപ്പെട്ടതുപോലെതന്നെ രാവിലെ എല്ലാവരെയും അനുഗ്രഹിച്ച് ആശീർവദിച്ചശേഷം തോമാശ്ലീഹാ കിഴക്കോട്ട് നടന്നു. അവിടെ തമ്പുരാന്റെ ദിവ്യമഹത്വം ദർശിച്ചു. തിരിച്ച് പോരുംവഴി സർപ്പദംശനമേറ്റ് മൃതനായി കിടക്കുന്ന ഒരു യുവാവിനെ കണ്ടു. തൊട്ടടുത്തു തന്നെയുള്ള ഒരു പൊത്തിൽ കറുത്ത സർപ്പത്തേയും അദ്ദേഹം കണ്ടു. സർപ്പത്തിനോട് വിഷം തിരികെ വലിച്ചെടുക്കാൻ വിശുദ്ധൻ ആവശ്യപ്പെട്ടു. വിസമ്മതിച്ച സർപ്പവുമായി തോമാശ്ലീഹാ അല്പനേരം സംവദിച്ചു. സർപ്പം വിഷം തിരിച്ചെടുത്തതിനെ തുടർന്ന് അപ്പസ്തോലൻ യുവാവിനെ പുനർജീവിപ്പിച്ചു.

## 18. പിശാചുബാധയിൽ നിന്നും സ്ത്രീയെ മോചിപ്പിക്കുന്നു

അപ്പസ്തോലൻ വലിയൊരു ജനക്കൂട്ടത്തെ സുവിശേഷം അറിയിച്ചുകൊണ്ടിരിക്കെ, സർപ്പദംശനമരണത്തിൽനിന്നും അപ്പസ്തോലൻ പുനർജീവിപ്പിച്ച യുവാവിന്റെ മാതാപിതാക്കൾ എത്തി നന്ദി പറയുകയും തങ്ങളുടെ ഭവനത്തിലേക്ക് ശ്ലിഹായെ ക്ഷണിക്കുകയും ചെയ്തു. അവരുടെ ആതിഥ്യം സ്വീകരിച്ച് മുന്നോട്ട് പോകുമ്പോൾ സുന്ദരിയായ ഒരു സ്ത്രീ അദ്ദേഹത്തിന്റെ മുമ്പിൽ അലമുറയിട്ട് ബഹളം വച്ചു. ഒരു ദുർഭൂതം അതികഠിനമായി അവളെ ദ്രോഹിക്കുന്നുണ്ടെന്ന് മനസ്സിലാക്കിയ ശ്ലീഹാ ഭൂതത്തിനോട് അവളിൽനിന്ന് പുറത്തുപോകാൻ കൽപ്പിച്ചു. ശ്ലീഹായുടെ ശക്തമായ കല്പന കേട്ട ഭൂതം അവളിൽനിന്ന് പുറത്തു പോയി. അവൾ ശാന്തമായും സൗമ്യമായും സംസാരിക്കുവാൻ ആരംഭിച്ചു. ഇതു കണ്ടവരും അറിഞ്ഞവരുമായ അനേകം പേർ അദ്ദേഹത്തിന്റെ പ്രസംഗം കേൾക്കുകയും പ്രവർത്തികൾ കാണുകയും ചെയ്ത് വിശ്വാസം സ്വീകരിച്ചു.

## 19. സേനാനായകന്റെ കുടുംബം

തോമാശ്ലീഹാ ഈശോമിശിഹായെ പ്രസംഗിക്കുന്നതിനിടയിൽ ഒരു രാജാവിന്റെ സേനാനായകൻ അപ്പസ്തോലന്റെ കാൽക്കൽ വീണ് തന്റെ കുടുംബത്തെ രക്ഷിക്കണമെന്ന് ആവശ്യപ്പെട്ടു. ഒരിക്കൽ ഒരു സ്നേഹിതന്റെ ഭവനത്തിൽ വിരുന്ന് പോയി തിരിച്ചു വരുന്ന വഴി തന്റെ ഭാര്യയേയും മകളേയും ആരോ ക്രൂരമായി ആക്രമിച്ചു. ബോധരഹിതരായ അവർ മൂന്നു വർഷമായി തളർന്ന് കിടക്കുകയാണെന്ന് അറിയിച്ചു. ഞാൻ മിശിഹായല്ല എന്ന് പറഞ്ഞ ശ്ലീഹാ, തന്റെ ഗുരുവായ ഈശോയിൽ വിശ്വസിക്കുകയും ആശ്രയിക്കുകയും ചെയ്താൽ സൗഖ്യം പ്രാപിക്കും എന്ന് അറിയിച്ചു. അവർ കർത്താവിൽ ശരണപ്പെടുകയും വിശ്വസിക്കുകയും ചെയ്യുന്നുവെന്ന് സാക്ഷ്യപ്പെടുത്തി തൽക്ഷണം അദ്ദേഹത്തിന്റെ കുടുംബത്തിൽ രോഗസൗഖ്യം ഉണ്ടാകുകയും അവർ സത്യമാർഗ്ഗത്തിൽ ചേരുകയും ചെയ്തു.

## 20. കഴുതയുടെ സുവിശേഷം (പ്രസംഗം)

നിരണത്ത് കുരിശ് സ്ഥാപിച്ചതിനെ തുടർന്ന് തോമാശ്ലീഹാ ചായലിലേക്കുപോയി. ആ സമയത്ത് ശത്രുക്കൾ കുരിശ് അപഹരിച്ചു. തങ്ങൾ വണങ്ങിയിരുന്ന കുരിശ് എവിടെപ്പോയി എന്നറിയാതെ അവിടുത്തെ വിശ്വാസികളെല്ലാവരും വിഷമിച്ചിരിക്കുമ്പോൾ ഒരു കഴുത അവരുടെ മധ്യത്തിലേയ്ക്കു വന്നു. അത് അവിടെ പൂഴിമണ്ണിൽ കുരിശടയാളം വരച്ച് വണങ്ങി. അതിനുശേഷം ആ കഴുത സംസാരിക്കുവാൻ തുടങ്ങി. അതു കേൾക്കാൻ ജനങ്ങളും. കഴുത സംസാരിച്ചത് കുരിശിന്റെ മഹത്വത്തെ കുറിച്ചാണ്. കുരിശിന് വിനാശമില്ല; മനുഷ്യർക്ക് അത് രക്ഷയുടെ അടയാളമാണ്. മുതലപുഴയാറ്റിൽ തപ്പിനോക്കിയാൽ കുരിശ് കണ്ട് കിട്ടും എന്നും അത് പറഞ്ഞു. വിശ്വാസികൾ മുതലപുഴയാറ്റിൽ കുരിശ് തപ്പുവാനാരംഭിച്ചു. എന്നാൽ അവർ ഒരു മുതലയെ കണ്ട് പേടിച്ചു. മുതല കുരിശ് തപ്പുന്നവരെ കണ്ട് ഒരുപദ്രവവും ചെയ്യാതെ അപ്രത്യക്ഷനായി. അത് നിന്നിരുന്നിടത്തായിരുന്നു കുരിശ്. മുതല കുരിശിന് കാവൽ നിൽക്കുകയായിരുന്നു എന്നും ദൂതുമായി കടന്നു വന്ന കഴുതയെ പിന്നീടൊരിക്കലും കണ്ടിട്ടില്ലെന്നും ഐതീഹ്യം പറയുന്നു.

## 21. കുറ്റാരോപിതനായ ശ്ലീഹാ

പാരമ്പര്യമനുസരിച്ച് യഹൂദവ്യാപാരിയായ ജൈറസിന്റെ ഭവനത്തിൽ തോമാശ്ലീഹാ തന്റെ ഉറ്റ സ്നേഹിതനായ കേപ്പായോടൊപ്പം ഒരു വർഷത്തോളം താമസിച്ച് കൊല്ലത്ത് സുവിശേഷപ്രഘോഷണം നടത്തി. എന്നാൽ അവിവാഹിതയും പാവപ്പെട്ടവളുമായ നീലി എന്ന പെൺകുട്ടിയുടെ ശിശു തോമാശ്ലീഹായുടേതാണെന്ന ദുരാരോപണം ശത്രുക്കൾ അദ്ദേഹത്തിനെതിരെ കെട്ടിച്ചമച്ചുണ്ടാക്കി. ഇതിൽ വിഷമിച്ച് ജൈറസ് തോമാശ്ലീഹായോട് നാടുവിട്ട് പോകണമെന്ന് ആവശ്യപ്പെടുകയും പേര് കളങ്കപ്പെട്ടതിനാൽ ഇവിടെ നിൽക്കുന്നത് ആപത്താകുമെന്ന് കരുതി തിരികെ പോകുവാൻ കപ്പൽ ഒരുക്കുകയും ചെയ്തു. എന്നാൽ, തന്റെ വിശുദ്ധിയിൽ തോമാശ്ലീഹാ ഉറച്ചുനിൽക്കുകയും ഭയരഹിതനായി കുറ്റാരോപണത്തെ നേരിടാൻ തയ്യാറെടുക്കുകയും ചെയ്തു. ശ്ലീഹായെ കോടതിയിൽ ഹാജരാക്കി വിസ്തരിച്ചു. നീലിയും, അവളുടെ അച്ചൻ ചാത്തനും, ആഴ്ചയൊന്നു തികയാത്ത അവളുടെ നവജാതശിശുവുമായി കോടതിയിലെത്തി. ന്യായാധിപന്റെ മുമ്പാകെ കൈകുഞ്ഞിനോട് അച്ചൻ ആരാണെന്ന് ശ്ലീഹാ ചോദിച്ചു. എല്ലാവരും കേൾക്കെ കൈകുഞ്ഞ് തന്റെ അച്ചന്റെ പേര് അഴകനാണെന്ന് വ്യക്തമായി പറഞ്ഞു. കേട്ടവരെല്ലാം അത്ഭുതപ്പെടുകയും ന്യായപീഠത്തിൽ നിന്ന് ന്യായാധിപൻ ഇറങ്ങി വന്ന് തോമാശ്ലീഹായെ വണങ്ങുകയും എല്ലാവരും വിശുദ്ധനോട് ക്ഷമ ചോദിക്കുകയും ചെയ്തു. അവരെയെല്ലാം ശ്ലീഹാ സുവിശേഷം അറിയിക്കുകയും അവരിൽ വളരെപേർ ക്രൈസ്തവരാകുകയും ചെയ്തു. അങ്ങനെ കൊല്ലം ക്രൈസ്തവദേശമാവുകയും മാർ തോമാ എല്ലാവരുടെയും മുത്തപ്പനായി മാറുകയും ചെയ്തു.

## 22. അത്ഭുതരൂപം

കോക്കമംഗലം പള്ളിയുടെ മദ്ബഹായിൽ പൂജ്യമായി പ്രതിഷ്ഠിച്ചിരിക്കുന്ന വി. തോമാശ്ലീഹായുടെ അത്ഭുതരൂപം വളരെ പ്രസിദ്ധമാണ്. കുടവെച്ചൂർ പള്ളിയുടെ വികാരിയായിരുന്ന ചാക്കോ കട്ടക്കയം അച്ചന്റെ വിശ്വസ്ത സഹായിയായിരുന്നു മത്തായി. ഒരിക്കൽ വി. തോമാശ്ലീഹായുടെ ഒരു രൂപം കോക്കമംഗലം പള്ളിയിൽ സ്ഥാപിക്കാൻ നിർദ്ദേശിച്ചുകൊണ്ടുള്ള ഒരു സ്വപ്നം അദ്ദേഹത്തിനുണ്ടായി. കോട്ടയത്തിന് അടുത്തുള്ള മാന്നാനം കർമ്മലീത്താ ആശ്രമത്തിൽ ആ വിശിഷ്ഠ രൂപം ഉണ്ട് എന്നും



St Thomas statue at Kokkamangalam

വെളിപ്പെടുത്തുകയുണ്ടായി. രൂപം അന്വേഷിച്ച് കർമ്മലീത്താ ആശ്രമത്തിൽ എത്തിയ മത്തായിക്ക് രൂപം കിട്ടിയില്ല. മത്തായി വിശേഷിപ്പിച്ച രീതിയിലുള്ള ഒരു രൂപത്തെകുറിച്ച് ആശ്രമവാസികൾക്ക് ആർക്കും അറിയില്ലാതിരുന്നതിനാൽ ഏതാനും ദിവസങ്ങൾക്കകം ആശ്രമ ദേവാലയത്തിലിരിക്കുന്ന കാനോന നമസ്ക്കാര പുസ്തകത്തിനടുത്തുണ്ട് എന്ന് മറ്റൊരു ദർശനം കൂടി മത്തായിക്ക് ലഭിച്ചു. മത്തായി തിരക്കിട്ട് മാന്നാനം ആശ്രമത്തിലെത്തി കാര്യം അവതരിപ്പിച്ചു. വെളിപാടനുസരിച്ച് തന്നെ കാര്യങ്ങൾ നടന്നു. ഇന്നത്തെ കോക്കമംഗലം പള്ളി പരിസരത്ത് എത്തിയപ്പോൾ മത്തായി ബോധരഹിതനായി, രൂപവുമായി നിലംപതിച്ചു. വിവരങ്ങൾ ഗ്രഹിച്ച നാട്ടുകാർ പ്രസ്തുതരൂപം അവിടെതന്നെ ആശീർവദിച്ച് പ്രതിഷ്ഠിച്ചു.

## 23. കോട്ടയ്ക്കാവിലെ അത്ഭുതം

കോട്ടയ്ക്ക് അകത്തുള്ള കാവ് എന്നു അർത്ഥമുള്ള കോട്ടയ്ക്കാവിൽ ഒരു ക്ഷേത്രവും അതിനോടനുബന്ധിച്ച് ഒരു ബ്രാഹ്മണ കോളനിയുമുണ്ടായിരുന്നു. ഐതിഹ്യമനുസരിച്ച് ക്ഷേത്രത്തിലെ ഉത്സവം നടക്കുന്ന സമയത്താണ് തോമാശ്ലീഹാ അവിടെയെത്തിയത്. അവസരം



'Pushpakoodu'-St Antony's Church, Ollur



St. Thomas Statue and Boat jetty, Palayur

മുതലാക്കി തോമാശ്ലീഹാ വചനം പ്രഘോഷിക്കുവാൻ ആരംഭിച്ചു. അപരിചിതൻ, പരിചയമില്ലാത്ത ഭാഷ, വസ്ത്രധാരണം, രൂപം ഇതെല്ലാം തദ്ദേശവാസികളെ പ്രകോപിതരാക്കി. അവർ മാർ തോമാശ്ലീഹായെ കളിയാക്കി ഉപദ്രവിച്ചു. പെട്ടെന്ന് അകാരണമായി ഒരു കൊടുങ്കാറ്റ് രൂപപ്പെടുകയും അത് ആഞ്ഞടിക്കുകയും ചെയ്തു. വളരെ പേർ ബോധരഹിതരായി; അവർ തോമാശ്ലീഹായോട് മാപ്പിരക്കുകയും രക്ഷിക്കണമെന്ന് അപേക്ഷിക്കുകയും ചെയ്തു. തോമാശ്ലീഹാ വെള്ളമെടുത്ത് വെഞ്ചിരിച്ച് അവരുടെമേൽ തളിച്ചപ്പോൾ അവർക്ക് ബോധം തിരികെ ലഭിച്ചു. വെഞ്ചിരിച്ചു കൊണ്ടിരിക്കുമ്പോൾ കുറച്ച് ജലം ഭൂമിയിൽ പതിക്കാതെ ആകാശത്ത് തങ്ങി നിൽക്കുന്നത് കണ്ട തദ്ദേശവാസികൾ തോമാശ്ലീഹായുടെ ദിവ്യത്വം തിരിച്ചറിഞ്ഞ് അദ്ദേഹത്തെ സ്വീകരിച്ചു.

നമ്മുടെ ഭാരതമണ്ണിൽ വിശ്വാസത്തിന്റെ വിത്തുപാകിയ വിശുദ്ധ തോമാശ്ലീഹയോട് നാം കടപ്പെട്ടിരിക്കുന്നു. ഭാരതസഭയ്ക്കുവേണ്ടി തോമാശ്ലീഹയെ തിരഞ്ഞെടുത്ത ദൈവത്തെ നമുക്ക് സ്തുതിക്കാം. ഭാരതത്തിനു വേണ്ടി അതിന്റെ സമാധാനത്തിനും ഐക്യത്തിനും വേണ്ടി അപ്പസ്തോലന്റെ മാധ്യസ്ഥം തേടാം.

അവലംബം:
**'വിശുദ്ധ തോമാശ്ലീഹാ പ്രേഷിതവേലയും രക്തസാക്ഷിത്വവും'**
**ഫാ. ബിജു തേക്കാനത്ത്**

**അടയാളങ്ങളിലൂടെയും അത്ഭുതങ്ങളിലൂടെയും ഇന്നും ജീവിക്കുന്നവനായ ദൈവത്തെ ലോകത്തിന് വെളിപ്പെടുത്താൻ മാർതോമായുടെ പൈതൃകാവകാശികളായ നമുക്കും സുവിശേഷവഴിയേ നീങ്ങാം.**



St. Thomas Shrine, Palyur



റവ. ഡോ. ഫ്രാൻസിസ് ആളൂർ

# പാലയൂർ മെത്രാസനം

**ആമുഖം:**

സീറോ മലബാർ സഭക്ക് സ്വന്തമായി ഒരു ഹയരാർക്കി സ്ഥാപിച്ചു കിട്ടിയതിന്റെ 100-ാം വാർഷികം ആചരിക്കുന്ന വർഷമാണ് 2023. എന്നാൽ അതിനും 450 വർഷങ്ങൾക്കുമുമ്പ് മാർത്തോമാ ക്രിസ്ത്യാനികൾക്ക് ഒരു ഹയരാർക്കി സ്ഥാപിതമായിരുന്നു എന്നതും അതിൽ ഒരു തദ്ദേശീയൻ മെത്രാനായി നിയമിക്കപ്പെട്ടിരുന്നു എന്നതും



ഇത്തരുണത്തിൽ സവിശേഷമായി സ്മരിക്കപ്പെടേണ്ട വസ്തുതയാണ്. 1567-ൽ അങ്കമാലി ആസ്ഥാനമായി മാർ അബ്രഹാമിനെ മെത്രാപ്പോലീത്താ യായും അദ്ദേഹത്തിന് കീഴിൽ മാർ ജോസഫും തദ്ദേശീയനായ ഗീവർഗ്ഗീസ് അർക്കദിയാക്കോനും മെത്രാന്മാരായി രണ്ടു രൂപതകളും സ്ഥാപിച്ചുകൊണ്ടാണ് അബ്ദിശോ പാത്രിയർക്കീസ് ഭാരത മാർത്തോമാ സഭയിൽ ഹയരാർക്കി രൂപീകരിച്ചത്. മാർത്തോമാ ക്രിസ്ത്യാനി കൾക്കായി നടപ്പിലാക്കിയ ഈ പുതിയ ഭരണ സംവിധാനത്തിന്റെ ഭാഗമായാണ് പാലയൂർ രൂപത സ്ഥാപിതമായത്. 1567 പാത്രിയാർക്കീസിനാൽ സ്ഥാപനവും നിയമനവും നടന്നതും 1580 ൽ റോമാ മാർപ്പാപ്പയാൽ (ആവശ്യമെങ്കിൽ മുൻ കാലപ്രാബല്യത്തോടെ) സ്ഥിരീകരി ക്കപ്പെട്ടതും ആണ് ഈ പാലയൂർ രൂപ തയും തദ്ദേശീയ മെത്രാന്റെ നിയമന വും.

**പാലയൂർ മെത്രാസനം;** ചരിത്ര പശ്ചാത്തലം പാലയൂരിന് പുരാതന ഭാരത സഭയിൽ ഉണ്ടായിരുന്ന സ്ഥാനം എന്തെന്ന് പഠിക്കുന്നത് പാലയൂരിന്റെ മെത്രാസന സ്ഥാനലബ്ധിയുടെ പശ്ചാത്തലം മനസിലാക്കാൻ ആവ ശ്യമാണ്. തെക്കും വടക്കും അധിവസിക്കുന്ന മാർത്തോമാ ക്രിസ് ത്യാനികളുടെ പാരമ്പര്യങ്ങൾ പഠി ക്കുമ്പോൾ തെളിഞ്ഞുവരുന്ന ഒരു വസ്തുത പാലയൂരിലെ സഭക്ക് പൗരാണിക മാർത്തോമാ സഭയിൽ ഒരു സമുന്നതസ്ഥാനം ഉണ്ടായിരുന്നു എന്നാണ്. മാർത്തോമാ ക്രിസ്ത്യാ നികൾക്കിടയിൽ ഏറ്റവും അധികം കുടുംബങ്ങൾ അതിൽത്തന്നെ സമുന്നതസ്ഥാനം അലങ്കരിച്ചിരുന്ന കുടുംബങ്ങൾ തങ്ങളുടെ ഉത്ഭവസ്ഥാന മായി അവകാശപ്പെടുന്ന സ്ഥലം പാലയൂരാണ്.

## പാലയൂരും അർക്കദിയാക്കോന്മാരും

ചരിത്രരേഖകൾ ലഭ്യമായ കാലത്തെല്ലാം മാർ തോമ ക്രിസ്ത്യാ നികളുടെ ഭരണം നടന്നിരുന്നത് പള്ളിയോഗം, സഭായോഗം, അർക്കദി യാക്കോൻ എന്നിവരിലൂടെ ആയിരുന്നു. സന്ദർശനാർത്ഥമോ ക്ഷണപ്രകാരമോ വിദേശത്തുനിന്നും വന്നിരുന്ന മെത്രാന്മാർ അർക്കദിയാക്കോന്റെ കീഴിലുള്ള സഭായോഗം. ദേശത്തു പട്ടക്കാരുടെ കീഴിലുള്ള പള്ളിയോഗം, എന്നിവയുടെ ആവശ്യപ്രകാരം ആത്മീയ ആവശ്യങ്ങൾ മാത്രം നി ർവഹിച്ചു ഇവിടെ കഴിയുകയോ തിരിച്ചു പോകുകയോ ചെയ്തിരുന്നു. സഭാ ഭരണം കാലാകാലത്തെ അർക്കദിയാ ക്കോൻമാരുടെ കീഴിലായിരുന്നു നടന്നി രുന്നത്. ഈ സഭാഭരണസംവിധാനം എന്ന് തുടങ്ങി എന്ന് പറയാൻ നമുക്ക് രേഖകൾ ലഭ്യമല്ല. എങ്കിലും പഠനങ്ങൾ പലതും അഭിപ്രായപെടുന്നത് ഈ സംവിധനം എ. ഡി. എട്ടാം നൂറ്റാണ്ടിനു മുമ്പ് തന്നെ നിലനിന്നിരുന്നു എന്നാണ്. പാരമ്പര്യമനുസരിച്ചു എ. ഡി. 345-ൽ ക്നായി തൊമ്മനോടൊപ്പം വന്ന ബിഷപ്പ് ഊഹാ മാർ യൗസേപ്പാണ് ഈ സംവിധാനം ഭാരത സഭയിൽ ആരംഭിച്ചത് എന്ന് പറയപ്പെടുന്നു. ഭാരതസഭക്കുള്ള മെത്രാന്മാരെ സെലൂഷ്യ-സ്റ്റെസിഫോൺന്റെ കാതോലിക്കോസ് അയക്കുമെന്നും ഭാരതസഭയിലെ പകലോമറ്റം കുടുംബത്തിലെ (പാലയൂരിൽവെച്ച് മാർതോമയിൽനിന്നും മാമോദീസയും വിശ്വാസവും സ്വീകരിച്ച കുടുംബം) വൈദീകരിൽനിന്നും ഒരാളെ കാലാകാലങ്ങളിൽ ആർച്ച്ഡീക്കൻ ആയി തെരഞ്ഞെടുക്കണം എന്നും ആയിരുന്നു ഈ പാരമ്പര്യം എന്ന് പറയപ്പെടുന്നു)Ref: J,kollaparabil, Archdeacon of All India, 80-81, P. Podipara, The Hierarchy of the Syro-Malabar Church, 103-111, M. Mundadan, Hisotary of Christianity in India, Vol. I, 180-185).

ഇന്ത്യയിലെ ആർച്ച്ഡീക്കനെ കുറിച്ച് പരാമർശമുള്ള ലഭ്യമായ പുരാതന രേഖ പാട്രിയാർക്ക് തിമോത്തി (780-823) ഇന്ത്യയിലെ സഭയുടെ തലവന് അയച്ച കത്താണ്. ഇന്ത്യയിലെ മെത്രാപ്പോലീത്തയുടെ തെരെഞ്ഞെടുപ്പ് സംബന്ധിച്ചു അദ്ദേഹം അയച്ച കത്ത് അഭിസംബോധന ചെയ്തിട്ടുള്ളത് "Archdeacon (ARKN), the Head of the faithful. in India"F¶mWv (Ilonat-Taiyib, Fighan Nasaraniya (0300 168), p. 121. As referred in J Kollaparambil, Archdeaoon of All India, p. 80-81). ഈ ചരിത്രസാക്ഷ്യം പറയുന്നത് 9-ാം നൂറ്റാണ്ടിനു മുമ്പേ അർക്കദിയാക്കോൻ പദവി ഭാരത സഭയിൽ നിലനിന്നിരുന്നു എന്നാണ്. ഈ പദവിയാകട്ടെ പകലോമറ്റം കുടുംബത്തിന്റെ പാരമ്പര്യാവകാശം ആയിരുന്നു. അതവരുടെ പരമ്പര്യാ വകാശമാകാൻ കാരണം ആ കുടുംബം മാർത്തോമാ ശ്ലീഹായിൽ നിന്നും നേ രിട്ട് മാമ്മോദീസ സ്വീകരിച്ചതായിരുന്നു എന്നതാണ്. പാലയൂരിൽ വച്ച് മാർത്തോമാ ശ്ലീഹായിൽ നിന്നും മാമോദീസ സ്വീകരിച്ച കുടുംബങ്ങളിൽ ഒന്നാണ് പകലോമറ്റം എന്നാണ് പാ ലയൂരിലെയും പകലോമറ്റം കുടുംബത്തിന്റെയും മുഴുവൻ മാർത്തോമാ ക്രിസ്ത്യാനികളുടെയും പാരമ്പര്യം.



Stone Cross : Inside Palayur Church

പകലോമറ്റം കുടുംബ ശാഖകൾ പാലയൂർ വിട്ടു മറ്റു ഭാഗങ്ങളിലേക്ക് കുടിയേറിയ കാലഘട്ടം നമുക്ക് കൃത്യമായി പറയാനാവില്ല. തൃശൂർ മുതൽ തെക്കോട്ടു പലഭാഗങ്ങളിൽ ഈ കുടുംബത്തിന്റെ ശാഖകൾ കണ്ടു വരുന്നുണ്ട്. 16–ാം നൂറ്റാണ്ടിൽ പോർച്ചുഗീസുകാരുടെ വരവിനു മുമ്പ് എന്തായാലും ഈ കുടുംബ ശാഖകൾ പാലയൂർ വിട്ടു പോയിട്ടുണ്ട് എന്ന് കരുതാം. അതേ സമയം 20–ാം നൂറ്റാണ്ടിന്റെ ആദ്യ പകുതിയിൽ പാലയൂരിൽ പഠനം നടത്തിയ പ്ലാസിഡ് പൊടിപാറ പറയുന്നത് ഈ പുരാതന തറവാട് വീടുകളുടെ തറകൾ, പറമ്പുകൾ എന്നിവ അവിടെ കണ്ടു എന്നാണ്. കള്ളിയം വീട്, പാലമറ്റം എന്നി പറമ്പുകൾ പാലയൂർ പള്ളിക്കടുത്തു അന്നും കാണപ്പെടുന്നു എന്നത് ഈ കുടുംബങ്ങൾ ഇവിടെ ജീവിച്ചിരുന്നു എന്നതിന്റെ തെളിവാണെന്ന് പലരും സാക്ഷ്യപെടുത്തുന്നു. (Manjali Varghese, A brief history of Palayur Church, 1926, pp. ix-x). ഈ കുടുംബങ്ങൾ പാലയൂരിൽ ജീവിച്ചതിന്റെ അവശിഷ്ടങ്ങൾ 20–ാം നൂറ്റാണ്ടിലും ബാക്കി നിൽക്കണമെങ്കിൽ ഇവരുടെ തെക്കോട്ടുള്ള കുടിയേറ്റ കാലഘട്ടം ഏറെ വിദൂരമായ ഒരു സമയത്തായിരിക്കാൻ വകയില്ല.

രണ്ടാം ചേരന്മാരുടെ കാലഘട്ടത്തിന്റെ തുടക്കം മുതൽ രാഷ്ട്രീയ - വ്യാപാര പ്രാധാന്യം കേരളത്തിന്റെ തെക്കോട്ടു മാറുന്നത് കാണാം. കൊല്ലം നഗരത്തിന്റെ വികസനം, അതിൽ ക്രിസ്ത്യാനികൾക്കുള്ള പങ്ക്, അവിടത്തെ വ്യാപാര കുത്തക ക്രിസ്ത്യാനികൾക്കാണെന്നത് (തരിസാപ്പള്ളി ചെപ്പേട് ഡോ. പുതുശേരി രാമചന്ദ്രൻ, കേരളം ചരിത്രത്തിന്റെ അടിസ്ഥാന ശിലകൾ, 2007, 6-9 12 -19) എല്ലാം ഇത് സാക്ഷ്യപ്പെടുത്തുന്നു. പാലയൂരും സമീപ പ്രദേശങ്ങളും ഈ കാലഘട്ടത്തിൽ സാവധാനം ആര്യബ്രഹ്മണ്യത്തിന്റെ ശക്തി കേന്ദ്രങ്ങൾ ആയി കൊണ്ടിരുന്നതും ശ്രദ്ധേയമാണ്. ക്രമേണ 12–ാം നൂറ്റാണ്ടുമുതൽ പാലയൂർ പ്രദേശം കോഴിക്കോടും കൊച്ചിയും തമ്മിലുള്ള നിരന്തര യുദ്ധത്തിന്റെ കേന്ദ്രമായി മാറി. അതോടൊപ്പം മുസ്ലിം കുടിയേറ്റങ്ങൾ വർധിച്ചു. പാലയൂരിന്റെ സമീപപ്രദേശങ്ങളിലുണ്ടായ ഈ രാഷ്ട്രീയ സാമൂഹിക സാംസ്കാരിക പരിവർത്തനങ്ങളുടെ ഫലമായി ക്രൈസ്തവരുടെ നിരന്തരമായ കുടിയേറ്റം കൊടുങ്ങല്ലൂരിനു വടക്കുനിന്നും കൊടുങ്ങല്ലൂരിന് തെക്കോട്ടും നടന്നു. വടക്കുനിന്ന് തെക്കോട്ടുള്ള ക്രൈസ്തവ കുടിയേറ്റങ്ങളും കൊടുങ്ങലൂരിന് തെക്കു ഭാഗത്തു ക്രിസ്ത്യാനികളുടെ കേന്ദ്രീകരണവും നടന്ന 12 ഉം 16 ഉം നൂറ്റാണ്ടുകൾക്കു ഇടയിലാവണം ഈ കുടുംബം പാലയൂർ വിട്ട് പോയത് എന്ന് ന്യായമായും കരുതാം.

### പുരാതനസഭയുടെ തലസ്ഥാനം

ആദ്യ കാലം മുതൽ ഒരു സഹസ്രാബ്ദത്തോളം ഭാരത സഭയുടെ ഭരണസിരാകേന്ദ്രവും അർക്കദിയാക്കോന്റെ ആസ്ഥാനവും പാലയൂർ ആയിരുന്നു എന്ന് മേൽപറഞ്ഞതിൽ നിന്ന് നമുക്ക് അനുമാനിക്കാം. 8–ാം നൂറ്റാണ്ടിന്റെ അന്ത്യത്തിൽ പാട്രിയാർക്ക് തിമോത്തിയുടെ കത്ത് സ്വീകരിച്ചത് പാലയൂരിലെ അർക്കദിയാക്കോനായിരുന്നിരിക്കണം. 16 –ാം നൂറ്റാണ്ടിനു ശേഷവും ഈ കുടുംബങ്ങൾ അർക്കദിയാക്കോൻ പദവിക്കുള്ള അവരുടെ പാരമ്പര്യഅവകാശത്തിനു അടിസ്ഥാനമായി പാലയൂർ ഉത്ഭവം പരാമർശിച്ചിരുന്നു എന്നതും അക്കാരണത്താൽ അവരുടെ അവകാശം ഭാരതസഭ മുഴുവൻ അംഗീകരിച്ചിരുന്നു എന്നതും പാലയൂരിന് പുരാതന സഭാചരിത്രത്തിൽ ഉണ്ടായിരുന്ന പ്രമുഖ സ്ഥാനത്തിന് തെളിവാണ്. പാലയൂർ അർക്കദിയാക്കോന്മാരുടെ തറവാട് നിന്ന സ്ഥലം മാത്രം ആയിരുന്നില്ല നീണ്ടകാലം അർക്കദിയാക്കോൻമാർ സഭയെ നയിച്ച ആസ്ഥാന സ്ഥലവും ആയിരുന്നു എന്ന് കരുതണം. ഭാരതസഭയിൽ ആദ്യമായി പകലോമറ്റത്തെ ഗീവർഗ്ഗീസ് അർക്കദിയാക്കോനെ മെത്രാനായി, അങ്കമാലിക്ക് ഒരു സാമന്ത രൂപത ഉണ്ടാക്കിയപ്പോൾ, അതിന്റെ ആസ്ഥാനമായി പാലയൂർ തന്നെ തെരഞ്ഞെടുക്കാനുള്ള കാരണം ഈ പശ്ചാത്തലത്തിൽവേണം മനസിലാക്കാൻ

മധ്യകാല പാലയൂർ നഗരം പാലയൂരിൽ മെത്രാന്മാരുടെ സാന്നിധ്യം ആദ്യമായാണെന്നു കരുതാനാകില്ല. പതിനാറാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ കേരളത്തിൽ നാലോ അഞ്ചോ കൽദായ മെത്രാന്മാർ ഉണ്ടായിരുന്നതായി നാം മനസിലാക്കുന്നു. അവർ പാത്രിയർക്കീസിനയച്ച കത്തിൽ കേരളത്തിൽ ക്രിസ്ത്യാനികളുടേതായി മൂന്നു വൻ നഗരങ്ങളും ഇരുപതോളം ചെറു നഗരങ്ങളും ഉണ്ടെന്നു സാക്ഷ്യപ്പെടുത്തുന്നു. പേരെടുത്തു പറയപ്പെട്ടിട്ടുള്ള ഈ മൂന്ന് വലിയ ക്രൈസ്തവ കേന്ദ്രങ്ങൾ കൊടുങ്ങല്ലൂരും പാലയൂരും കൊല്ലവും ആയിരുന്നു. (Jacob

Kollaparambil, Canonical Sources of St. Thomas Chrisitns, Part II, Sources of the Portughese Period, Ed. Sunny Kokkaravayalil SJ, Rome 2002, Ad usum privatum, pages 18), ഒന്നിലധികം മെത്രാന്മാർ കേരളത്തിൽ ഉണ്ടായിരുന്നപ്പോൾ പ്രസ്തുത മെത്രന്മാർ ഈ മൂന്നു നഗരങ്ങളെ കേന്ദ്രീകരിച്ചു പ്രവർത്തിച്ചിരുന്നിരിക്കണം. അതായിരിക്കാം അങ്കമാലിയെ മൂന്നായി വിഭജിച്ചപ്പോൾ സ്വാഭാവികമായി പാലയൂരിനെ ഒരു മെത്രാസനമായി തെരഞ്ഞെടുക്കാൻ കാരണം. ഒരു രാഷ്ട്രീയ കാരണവും ഇതിനു പിന്നിൽ കണ്ടെത്താനാകും. ആ കാലമാകുമ്പോഴേക്കും പാലയൂർ ഉൾപ്പെടുന്ന ഈ പുരാതനവും സുപ്രധാനവും ആയ ക്രൈസ്തവകേന്ദ്രം ഉൾപ്പെടുന്ന ഭൂപ്രദേശം കോഴിക്കോട് സാമൂതിരിയുടെ ഭരണത്തിന് കീഴിലായിരുന്നു. ശത്രുരാജ്യങ്ങളായിരുന്ന കൊച്ചിയും കോഴിക്കോടും തമ്മിൽ നിലനിന്നിരുന്ന രാഷ്ട്രീയ കിടമത്സരത്തിൽ അങ്കമാലിയിൽനിന്നും കൊച്ചിയിൽനിന്നും ഈ പ്രദേശത്തെ വിശ്വാസികളെ ഭരിക്കുക പ്രയാസമായിരുന്നിരിക്കണം. അതും ഈ തീരുമാനത്തിന് കാരണമായിരിക്കാം.


16-ാം നൂറ്റാണ്ടിലെ സംഭവവികാസങ്ങൾ പതിനാറാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ കേരളത്തിലെ മാർ ത്തോമാ ക്രിസ്ത്യാനികളും അവരുടെ മെത്രാന്മാരും പുതിയതായി എത്തിയ പാശ്ചാത്യ ക്രിസ്ത്യാനികളായ പോർച്ചുഗീസുകാരും തമ്മിൽ നല്ല ബന്ധം നിലനിന്നിരുന്നു. സാവധാനം പോർച്ചുഗീസുകാർ മാർത്തോമ ക്രിസ്ത്യാനികളുടെ വിശ്വാസകാര്യങ്ങളിൽ ഇടപെടാനും ഭരണനിർവ്വഹണത്തിൽ കൈകടത്താനും തുടങ്ങി. സുറിയാനി മെത്രാന്മാരുടെ വരവും പ്രവർത്തനവും പോർച്ചുഗീസുകാർ നിരന്തരമായി തടസ്സപ്പെടുത്തുകയും ഇവിടെ ഉണ്ടായിരുന്ന കൽദായമെത്രാൻമാരെ പലപ്പോഴായി നാടുകടത്തുകയും ചെയ്തുകൊണ്ടിരുന്നു. 1550-കൾ കഴിഞ്ഞപ്പോൾ പോർച്ചുഗീസുകാരുടെ ഇടപെടലുകളും നാടുകടത്തലുകളും തുടങ്ങി. മാർ എബ്രഹാം വരുന്നതിനു മുമ്പ് കേരളത്തിൽ ഉണ്ടായിരുന്ന കത്തോലിക്കാ വിഭാഗക്കാരനായിരുന്ന മാർ ജോസഫിനു 1560-കളിൽ പാഷാണ്ഡത ആരോപിക്കപ്പെട്ടു പ്രവർത്തന സ്വാതന്ത്ര്യം നഷ്ടപ്പെടുകയും തുടർന്ന് നാടുകടത്തപെടുകയും ചെയ്തു. ഇതേ കാലഘട്ടത്തിലാണ് അകത്തോലിക വിഭാഗത്തുനിന്നും മാർ എബ്രഹാം കേരളത്തിലെത്തുന്നത്. ഇദ്ദേഹത്തെയും പോർച്ചുഗീസുകാർ പിടികൂടി നാടുകടത്തി. ഈ സാഹചര്യത്തിലാണ് അദ്ദേഹം കൽദായ കാതോലിക്കാ പാത്രിയർക്കീസിന്റെ അടുത്തെത്തുന്നതും കത്തോലിക്കാ വിശ്വാസം സ്വീകരിക്കുന്നതും റോമിൽ പോകുന്നതും തിരിച്ചുവരും വഴി ഈ പുതിയ നിയമനങ്ങളും ഹയരാർക്കി സ്ഥാപനവും മറ്റും പാത്രിയാർക്കീസിൽനിന്നും നേടുന്നതും. പോർച്ചുഗീസുകാർ ഉണ്ടാക്കികൊണ്ടിരിക്കുന്ന പ്രതിസന്ധികൾ കാരണം ഇനിയും കൽദായ മെത്രാന്മാരുടെ വരവ് സാധ്യമല്ലാതായാൽ പകരം സാധ്യത എന്ന നിലയിൽ കുടിയാകണം തദ്ദേശീയ മെത്രാനെ നിയമിച്ചത്. അതിനു പുറമെ അങ്കമാലിയെ ഗോവയുടെ സാമന്തരൂപതയാക്കാനും ഗോവ പ്രൊവിൻഷ്യൽ സിനഡിൽ പങ്കെടുക്കാനും ഒക്കെയുള്ള നിർബന്ധങ്ങളും ഉണ്ടായിക്കൊണ്ടിരുന്നതിനാൽ അങ്കമാലി കേന്ദ്രമാക്കി സ്വന്തം ഹയരാർക്കിയും സ്ഥാപിച്ചു പ്രസ്തുത പ്രശ്നത്തെയും മറികടക്കുക എന്നതും ഈ പുതിയ തീരുമാനങ്ങൾ ലക്ഷ്യം വെച്ചിട്ടുണ്ടാകാം.


Boat Pond: Palayur

## പാലയൂർ രൂപത സ്ഥാപനം

### പാത്രിയാർക്കീസിന്റെ നടപടികൾ

പോർച്ചുഗീസുകാർ മാർ അബ്രാഹത്തെ ആദ്യം ഗോവയിലേക്കു കടത്തുകയും പിന്നീട് സ്വന്തം നാട്ടിലേക്കു തിരിച്ചു പോകാനും അനുവദിച്ചു. മാർ എബ്രഹാം തിരിച്ചുപോയ കാലത്തു മാർ ജോസഫിനെയും പോർച്ചുഗീസുകാർ പോർച്ചുഗലിലേക്കു കൊണ്ടുപോയി. ഈ സാഹചര്യത്തിൽ മാർതോമ ക്രിസ്ത്യാനികൾ ബാബിലോൺ പാത്രിയർക്കീസിനോട് ഒരു മെത്രാനുവേണ്ടി അപേക്ഷിച്ചു. റോമാ മാർപ്പാപ്പയിൽനിന്നും കൂടി ആവശ്യമായ രേഖകളോടുകൂടെ മെത്രാനെ മലബാറിലേക്ക് അയക്കുന്നതാണ് പോർച്ചുഗീസുകാരുടെ പ്രശ്നങ്ങൾക്ക് പ്രധിവിധി എന്ന് കരുതി പാത്രിയാർക്കീസ് മാർ അബ്രഹാമിനെ റോമിലേക്കയച്ചു.



Patriarcha 'Abd Ishu christianis S. Thomae, a. Graecorum 1878.
(ARSI *Gall. 95*, f. 197 ; ~~cf. DI VII 703-05~~).
(incorrect)

= DI Vol ~~XI~~ VII, p. 705 fn. 6 =

# LETTERS OF THE PATRIARCH MAR ABDISO

## Letter to the St Thomas Christians (25-8-1567)

+ Jesus

1. We make it known to our beloved sons, chiets and nobles, priest and levites, treasurers soldiers. workers, merchants, and officers, savants, physicians, and the whole community of the faithful, whom Our Lord may Keep in health and may not remove his blessings from them, through the prayers of those who keep his commandments and fulfill his holy will. Amen
2. After requesting your spiritual peace, I ask about your gooxi works in the Lord. We understand your love and charity. We have already heard that Fr George, the junior professor, nephew of Fr George, the senior professor who was a good msn and perfect professor, is virtuous and prompt in good works, as I have heard from many: also Mar Abrahain, your pastor, gave information about him. We, therefore, assembled in Patriarchal synod, by the will of the Paraclete, elected him bishop of the diocese of the Palur church, and suffragan to him (Mar Abraham). And if it pleases to Mar Abraham and Mar Joseph to add (to Palur) some other place or places of the other dioceses, they may do so. As for consecrating him, Mar Abraham and Mar Joseph together with the priests and levites, in the presence of the holy Cross and the holy Gospel, (shall do it). and we shall be present in spirit, and shall have him for a consecrated and ordained bishop. And this is from good will and pure heart.
3. And nobody shall presume to go against this our order, because this is ordered by the will of God, by whom the heaven and earth are sustained. And if anyone presuines to go against this, we shall have him for excommunicated and thrown out of the Church and communion of the faithful, until he will come with humility to ask pardon and do penance. You may also know, as many are the disasters of time and obstacles, il Mar Joseph is taken away from this life (may God save him), or if he is away, or in any way would have some delay, Mar Abraham joined with the priests and levites in the presence of the holy Cross and holy Gospel, and we also with him in spirit, shall perfect and accomplish this consecration, but all that you shall do must be according to the will and permission of Mar Abraham. And he can ordain priests and levites, consecrate chapels, excommunicate and absolve (from them), and minister all of the episcopal ministry in the diocese.
4. And you may know that all times when the necessity of the Church requires that it is necessary to elect and consecrate bishops and do all that may be necessary, assembling bishops and archbishops with Mar Abraham, priests, levites, the holy cross, the holy Gospel, and we in spirit, may put everything in order that may be profitable and helpful to the Church. This is enough for the wise people like you; what remains is that we pray that he [God] may through the abyss of his mercy, fill you with his graces and gifts, and that he may remove from you every trouble and punishment; this through the prayers of the apostles and holy Fathers. Amen.
5. Strive yourself to fulfill the fasts, the canonical hours, and sung masses in the monasteries, churches and schools, the students and the assemblies of many; hear all the commandments of the Lord God and traditions of the apostles and canons of the synods of the holy Fathers; guard yourselves from unlawful foods on Fridays and Wednesdays; guard yourselves from marriages in which the wife may be a day older than the hushand rather the husband must be one year older than the wife.
6. The holy bishops and pure brothers, priests, and levites, and the noble and chief men, request peace of V. R. in Christ, and the grace of Our Lord Jesus Christ be with all for infinite centuries of centuries. Amen

Written on the 25th of the August of the year 1878 of the era of Alexander, i.e., AD 1567. To him who runs the time, the hours, days, years, to him be honour, glory, praise and adoration for all centuries of centuries.

# XXVI The Brief of Pope Gregory XIII confirming the Archdeacon as the Bishop of Palur (4March1580)

Arch. Brev.Apost, vol.47. fol.203. ed. Beltrami, pp. 196-197.

Secundum breve directum R.P.Georgio de Christo, episcopo seu electo Palurensi.

Venerabili fratri seu dilecto filio Georgio de Christo, episco-po seu electo Palurensi.

Venerabilis frater seu dilecte fili, salutem etc.- Accepimus quod iam dudum olim archidiaconus Angamalensis ecclesiae, tuis exigentibus meritis, ab Abdissu patriarcha de Muzal in Assyria orientali, in concilio patriarchico cum praelatis suae nationis, inepiscopum catholicis ecclesiae Paluri, in eadem provincia Angamalensi apud Indian orientalem, et sub ipsius Abraham archiepiscopi iurisdictione subiectum seu uti eius suffraganeum, electus et ordinatus fueris, et per aliquod tempus idem onus rationabilibus ex causis suscipere nequiveris, sed potius humiliter subire recusaveris; nunc autem eiusdem Abraham archiepiscopi et aliorum doctorum et religiosorum virorum adhortatione ac maturo adhibito consilio, acceptaveris et iam forsan etiam consecrationis murnus susceperis, ac pro tua in Sedem Apostolicam devotione et maiori animi tui tranquillitate ac rei gestae munimine. transmissa etiam fidei orthodoxae professione quam sponte iuxta formulam ab eadem Sancta Sede praescriptam emisisti, nobis humiliter supplicari curaveris ut huiusmodi electionem seu ordinationem de tua persona factam in episcopum Palurensem, ut praefertur, ac inde secuta auctoritate apostolica confirmare, aliasque in praemissis opportune providere de benignitate apostolica dignaremus. Quare nos fidedignorum relatione, intelligentes tuam probitatem doctrinam prudentiam et in rebus gerendis experientiam ac catholicae religionis zelum, praedictam fol.203./ tuam electionem seu institutionem et ordinationem etiam forsan consecratione subsecuta, auctoritate apostolica tenore praesentium approbamus et confirmamus, supplentes omnes et singulos juris et facti defectus, si qui forsan intervenerint in eisdem:et quatenus consecrationis munus huiusmodi nondum susceperis, nos ut illud ab eodem Abra-ham archiepiscopo metropolitano tuo vel alio catholico antistite, gratiam et communionem Apostolicae Sedis habente, accitis et in hos sibi assistentibus duobus vel tribus catholicis episcopis, similes gratiam et communionem habentibus, suscipere ac eidem antistiti ut munus praedictum, recepto prius abs te nostro et Romanae Ecclesiae nomine solito iuramento, dicta auctoritate apostolica tibi impendere libere et licite possit, dummodo propter hoceidem patriarchae et archiepiscopo, cui dicta ecclesia patriarchali et metropolitico iure respectiva subiecta esse dignoscitur, nullum imposterum praeiudicium generetur, plenam et liberam auctoritate et tenore / praesentium/ concedimus facultatem. Praeterea te plurimum hortamur in Deo Domino ut, pro tuo munere, zelum habeas salutis animarum et Sanctorum virtutes imitatus, gregi tibi credito sedulo ac solerter invigiles, illumque catholica et salutari doctrina pascas et imbuas, et ut cujusdam Simeonis schismatici, qui se episcopum facit ac christianorum illarum partium ad sanctae Romanae Ecclesiae fidem et unitatem reductionem impedire seu illos ab ea avertere satagit, impios conatus fortiter et animose reprimas atque compescas, et illum aliosqre haereticos schismaticos et a fide catholica aberrantes ad viam veritatis reducere, aut in suis crroribus pertinaces et resipiscere nolentes, a caula Dominici gregis procul arcere et persequi pro viribus studeas. Quod et si tuo of-ficio conveniens ac.

debitum, erit tamen omnipotenti Deo, cuius causa agitur, et nobis vehementer gratum.

Datum Romae apud Sanctum. Petrum etc..

die IIII Martii 1580, anno 8°.

Cae (sar) Glorierius

വത്സല മകനായ പാലയൂർ നിയുക്ത മെത്രാൻ മോൺസിഞ്ഞോർ ഗീവർഗീസ് അവർകൾക്ക്,

അഭിവന്ദ്യ സഹോദരാ, വത്സല മകനെ,

മുമ്പ് ദീർഘകാലം അങ്കമാലി അതിരൂപതയുടെ അർക്കദിയാക്കോനായിരുന്ന താങ്കളുടെ സവിശേഷ ഗുണഗണങ്ങളെ പരിഗണിച്ച് കിഴക്കൻ അസീറിയായിലുള്ള മോസുളിലെ (MUZAL) അബീശോ പാത്രിയാർക്കീസ്, അദ്ദേഹത്തിന്റെ ദേശത്തിലുള്ള മെത്രാന്മാർ ഉൾപ്പെടുന്ന പാത്രിയാർക്ക് ആലോചനാ സംഘത്തിൽ വെച്ച്, കിഴക്കിലെ ഇന്ത്യയിലുള്ള അങ്കമാലി പ്രൊവിൻസിൽപ്പെട്ട പാലയൂർ കത്തോലിക്കാ ഗണവിഭാഗത്തിന്റെ മെത്രാനായി, താങ്കളെ തെരഞ്ഞെടുത്ത് നിയമിച്ചിട്ടുള്ള വിവരം നമ്മുടെ അറിവിൽപ്പെട്ടിരിക്കുന്നു. ഇപ്രകാരം, അങ്കമാലിയുടെ അതെ അബ്രാഹം മെത്രാപ്പോലീത്തായുടെ അധികാരത്തിൻകീഴ് തന്നെ വർത്തിക്കുവാനോ അദ്ദേഹത്തിന്റെ ഒരു സാമന്ത മെത്രാനായി ഭരിക്കുവാനോ താങ്കൾക്ക് സാധിച്ചിരിക്കുന്നു. ഇതെ സ്ഥാനഭാരം, മുമ്പൊരിക്കൽ ഏതോ ചില ന്യായമായ കാരണങ്ങളാൽ താങ്കൾക്ക് കയ്യേൽക്കാൻ സംഗതി വന്നില്ല. ഏറിയ പങ്കും വിനയം മൂലം അത് സ്വീകരിക്കാൻ താങ്കൾ തയ്യാറായില്ല എന്നതാണ് ശരി. എന്നാലിപ്പോൾ അതേ മെത്രാപ്പോലീത്തായുടെ ഉപദേശവും ഇതര വൈദികമല്പാന്മാരുടേയും ഭക്തജനങ്ങളുടേയും അഭ്യർത്ഥനയും കാരണത്താലും, താങ്കളുടെ തന്നെ പക്വാലോചനയുടെ ഫലമായും പ്രസ്തുത സ്ഥാനം താങ്കൾ സ്വീകരിച്ചിട്ടുള്ളതായും നാമറിയുന്നു. മാത്രമല്ല ഒരുപക്ഷേ സ്ഥാനാഭിഷേകം കൂടി ഇതിനിടെ നടന്നിരിക്കാം. എന്നിരുന്നാലും വിശുദ്ധ ശ്ലൈഹിക സിംഹാസനത്തോടുള്ള ഭക്ത്യാദരവുകളുടെ ഭദ്രതക്കുവേണ്ടിയും, സ്വന്തം മനശ്ശാന്തിയെ കരുതിയും, കൈവന്ന സ്ഥാനത്തിന്റെ പരിരക്ഷയെ പ്രതിയും നമ്മുടെ പേർക്ക് ഒരു വിശ്വാസ പ്രഖ്യാപനപത്രം അയച്ചുതരികയുണ്ടായല്ലൊ. അപ്പസ്തോലിക സിംഹാസനത്തിൽനിന്ന് നിർദ്ദേശിച്ചിട്ടുള്ള രൂപത്തിൽ തന്നെ, സ്വമേധയാ നടത്തിയ വിശ്വാസപ്രഖ്യാപനം വഴി താങ്കളുടെ വിശ്വാസ പരിശുദ്ധി പ്രത്യക്ഷപ്പെട്ടിരിക്കുന്നു. കൂടാതെ താങ്കളെ സംബന്ധിച്ച് നടന്ന പാലയൂർ മെത്രാൻ സ്ഥാനത്തേയ്ക്കുക്കുള്ള തെരഞ്ഞെടുപ്പും നിയമനവും സ്ഥിരീകരിച്ചു കിട്ടുന്നതിനുവേണ്ടി നമ്മോട് വിനയപുരസ്സരം അഭ്യർത്ഥിക്കുവാൻ താങ്കൾ പ്രത്യേകം ശ്രദ്ധിച്ചിരിക്കുന്നതായും കാണുന്നു. (ഇത് കണക്കിലെടുത്ത്) നമ്മുടെ ശ്ലീഹാക്കടുത്ത ദയയാൽ പ്രസ്തുത സ്ഥാനം നമ്മുടെ അപ്പസ്തോലിക നീട്ടുവഴി (Brief) സ്ഥിരീകരിച്ചുറപ്പിക്കാനും തൽസംബന്ധമായ ചില പുരക നിർദ്ദേശങ്ങൾ നൽകാനും നാം മനസ്സായിരിക്കുന്നു. ആകയാൽ വിശ്വാസയോഗ്യങ്ങളായ അന്വേഷണ റിപ്പോർട്ടുകളിൽ നിന്ന് നമുക്കറിയാൻ സാധിച്ചിരിക്കുന്ന, താങ്കളുടെ ഉൽകൃഷ്ടജീവിതം, പാണ്ഡിത്യം, വിവേകം, കാര്യനടത്തിപ്പിലുള്ള പരിചയസമ്പത്ത്, കത്തോലിക്കാ വിശ്വാസാചാര തീഷ്ണത എന്നിവ പരിഗണിച്ച് പ്രസ്താവിത തെരഞ്ഞെടുപ്പും (election) (പുതിയ മെത്രാൻ) സ്ഥാപനവും നിയമനവും (institution and appointment) ഒരുപക്ഷേ ഇപ്പോൾതന്നെ അഭിഷേകം നടന്നുകഴിഞ്ഞിരുന്നാൽപോലും നമ്മുടെ അപ്പസ്തോലികാധികാരമുപയോഗിച്ച്, ഇന്ന് മുതൽക്കുള്ള പ്രാബല്യത്തോടെ, നാം അംഗീകരിക്കുകയും സ്ഥിരീകരിച്ചുറപ്പിക്കുകയും ചെയ്യുന്നു. (Approbamus et confirmimus). ഇതോടൊപ്പം ഇക്കാര്യത്തിൽ നിയമപരമായും കർമ്മസംബന്ധിയായും ന്യൂനതകൾ (defetes

juris et facti) എന്തെങ്കിലും സംഭവിച്ചിട്ടുണ്ടെങ്കിൽ അവയെല്ലാം മുഴുവനായും ഓരോന്നായും ഇല്ലാതാക്കി മാറ്റി നിർദ്ദോഷങ്ങളാക്കിയിരിക്കുന്നു. എന്നാൽ ഇനിയും അഭിഷേകം നടന്നിട്ടില്ലെങ്കിൽ അതെ അബ്രാഹം മെത്രാപ്പോലിത്തായിൽ നിന്നോ, പരിശുദ്ധ സിംഹാസനത്തോട് കൂറും ഐക്യവും പുലർത്തുന്ന കത്തോലിക്കാ അധി മേലദ്ധ്യക്ഷനിൽ നിന്നോ, തഥൈവ, റോമാസിംഹാസനത്തോട് കൂറും ഐക്യവും പുലർത്തുന്ന രണ്ടാ മൂന്നോ കത്തോലിക്കാ മെത്രാന്മാരുടെ സഹകാർമ്മികത്വത്തിൽ അഭിഷേകം സ്വീകരിക്കാനുള്ള പൂർണ്ണ അധികാരാവകാശവും (faculty) നാം താങ്കൾക്ക് നൽകുന്നു. പക്ഷെ താങ്കളുടെ (സിംഹാസനാ പള്ളി) പാത്രിയാക്കീസിനും മെത്രാപ്പോലീത്താക്കും ചേർന്ന പരിമിതി നിർണ്ണയനിയമത്താൽ അവരിരുവർക്കും അധീനമാണെന്ന് അംഗീകരിക്കപ്പെട്ടിട്ടുള്ളതിനാൽ പാത്രിയാർക്കീസിനോ മെത്രാപ്പോലീത്താക്കോ തൻമൂലം അതായത് മെത്രാൻ സ്ഥാപനം മൂലം ഭാവിയിൽ ഏതെങ്കിലും ദോഷകരമോ ഉപദ്രവകരമോ ആകാതിരിക്കാൻവേണ്ടി ആവശ്യമെങ്കിൽ മെത്രാഭിഷേകം സ്വതന്ത്രമായും ന്യായമായും താങ്കൾക്ക് നിഷേധിക്കാൻ വേണ്ടി അധികാരവും കർമ്മാദ്ധ്യക്ഷന് നാം നൽകിയിരിക്കുന്നു. ഈ അധികാരം നമ്മുടെ അപ്പസ്തോലികാധികാരത്തോടെതന്നെ നമ്മുടേയും റോമാസഭയുടേയും നാമത്തിൽ താങ്കൾ പതിവുള്ള സത്യപ്രതിജ്ഞ ചെയ്ത് സ്ഥാനം സ്വീകരിച്ച് കഴിഞ്ഞിരുന്നാലും അധിമേലദ്ധ്യക്ഷന് ഉണ്ടായിരിക്കുന്നതാണ്. എന്നാൽ ഇവക്കും പുറമെ നമ്മുടെ കർത്താവായ ദൈവത്തിന്റെ നാമത്തിൽ ആത്മരക്ഷയെന്ന കൃത്യനിർവ്വഹണത്തിൽ ശുഷ്ക്കാന്തിയുള്ളവനാകണമെന്നും താങ്കൾക്ക് ഏൽപ്പിക്കപ്പെട്ടിരിക്കുന്ന അജഗണത്തെ, വിശുദ്ധന്മാരുടെ കാല്പ്പാടിൽ, ശ്രദ്ധയോടും ജാഗ്രതയോടും കൂടെ ഉണർന്നിരുന്ന് കാത്തു പാലിക്കണമെന്നും അവരെ ആരോഗ്യപ്രദമായ കത്തോലിക്കാസിദ്ധാന്തങ്ങളെക്കൊണ്ട് തീറ്റിപ്പോറ്റി നിറക്കണമെന്നും, നാം താങ്കളെ ഉപദേശിക്കയും ചെയ്യുന്നു. കൂടാതെ സ്വയം മെത്രാൻ പദം ചമഞ്ഞ് അന്നാട്ടിലെ ക്രിസ്ത്യൻ കാരണവന്മാരെ പരി. റോമാസഭയുടെ വിശ്വാസത്തിലേക്കും ഐക്യത്തിലേക്കും മടങ്ങുന്നതിൽ നിന്ന് തടയുന്നതിനും മറ്റു ചിലരെ റോമാസഭയിൽ നിന്നകറ്റുന്നതിനും ബദ്ധശ്രദ്ധനായി ഉത്സാഹിച്ചുകൊണ്ടിരിക്കുന്ന ഒരു ശെമയോൻ എന്ന ശീശ്മക്കാരന്റെ വികൃതങ്ങളായ പരിശ്രമങ്ങളെ സർവ്വശക്തിയോടും ഊർജ്ജസ്വലതയോടും കൂടിതന്നെ എതിരിട്ട് അമർച്ച ചെയ്യുന്നതിൽ ഉൽസുകനാകയും വേണ്ടിയിരിക്കുന്നു. കത്തോലിക്കാ വിശ്വാസത്തിൽ നിന്ന് തെറ്റിനിൽക്കുന്ന ഇയാളേയും ഇതര ശീശ്മക്കാരേയും വിശ്വാസവിരുദ്ധരേയും (hereties) സത്യത്തിന്റെ മാർഗ്ഗത്തിലേക്ക് പ്രത്യാനയിക്കുന്നതിന് സർവ്വാത്മനാ ഉദ്യമിക്കേണ്ടതും എന്നാൽ അബദ്ധങ്ങളിൽ മൂർഖതയോടെ പിടിച്ചുനിൽക്കുകയും സ്വയാത്മപരിശോധനക്ക് തയ്യാറില്ലാത്തവരേയും അവർ മേഷാലയിൽ പ്രവേശിച്ച് കുഴപ്പം സൃഷ്ടിക്കാതിരിക്കാനായി അകലെവച്ചുതന്നെ സർവ്വശക്തിയുമുപയോഗിച്ച് തടയുകയും ആട്ടിപ്പായിക്കയും ചെയ്യണം. ഇപ്രകാരം താങ്കളുടെ സ്ഥാനത്തിനനുയോജ്യവും കടപ്പെട്ടതുമായ കാര്യം ആർക്കുവേണ്ടി നടത്തുന്നുവോ ആ സർവ്വശക്തനായ ദൈവത്തിനും നമുക്കും ഏറ്റവും പ്രസാദജനകം തന്നെ. എന്ന്, നമ്മുടെ ഭരണത്തിന്റെ 8ാം വർഷമായ 1580 മാർച്ച് 4ാനു വി. പത്രോസിന്റെ കുടീരത്തിൽ നിന്ന് ദാസന്മാരുടെ ദാസൻ ഗ്രിഗോറിയോസ്.

**XXV The Brief of Pope Greogry XIII to the people of Angamali (12 February 1580)**

Arch.Brev.Apost.vol.47.fol.204. ed. Beltrami.p.198.

Tertium Breve hortatorium ad clerum et populum Christianorum Sancti Thomae Apostoli, in Provincia Angamalensi et regno Cochini apud Indiam Orientalem.

Ut omne eumdem Abraham, archiepiscopum Angamalensem, in his praesertim quae ad christianam fidem, vitam et bonos mores ac ad illius pastoralem curam attinet, audiant, recipiant et amplectantur illique, uti eorum archiepiscopo, necnon Georgio, episcopo Palurensi, prompte pareant et obediant, cuidem vero Symeoni qui, ut asseritur, se episcopum facit ac schismaticus et a Sanctae Romanae et Apostolicae Ecclesiae communione alienus esse perhibetur, ac Christifideles ab ejusdem unitate sejungere et separare atque orthodoxum et sinceram Christi fidem corrumpere et falsa contra eam dogmata disseminare molitur, aures nullatenus praebeant aut auscultent; sed ab ejus perniciosis vocibus et pravis consiliis declinantes, ilium ut catholicae fidei hostem et perversorem, et alios quoscumque schismaticos et haereticos fugiant et evitent atque a se ejiciant et expellant, ne eorum pestilentis doctrinae contagione inficiantur et pereant, sed in simplicitate et sinceritate verae fidei permanentes et in unitate Sanctae Matris Ecclesiae viventes, ab Omnipotenti Deo immarcescribilem coronam gloriae, quam omnes justi et recti fide ex-pectant, feliciter consequantur seu percipere mereantur in coelis.

Die XII Februarii, feria VI, 1580, in aula consistorii facta est privatim relatio S.mo D.N., praesentibus III.mis ac R.mis dominis meis capitis Ordinum, qui viderant processum, et Sanctitas Sua fuit contenta ut ita fiat expeditio.

Jul.Ant.Card.lis Sanctae Severinae.

**XXVII The Brief of Pope Gregory XIII to the people of Angamall (5 March1580).**

Arch.Vat.Secret. Brev.ad Princip. XLIV, 24. Gregorii XIII,a.VII ep.126.fol.272. ed. Theiner.ad an. 1580. t.3.p.231.

Gregorius PP.XIII dilectis filiis clero et populo Christianorum Sancti Thomae in Provincia Angamalensis.

Dilecti filii, salutem et apostolicam benedictionem.

Quaecumque facultas datur declarandae atque exercendae pietatis Deoque inserviendi, debent catholici omnes eam cupidissime amplecti, imprimis vero eam, quae pertinet ad fidel orthodoxae stabilitatem, et incorruptam ecclesiasticae disciplinae sinceritatem: neque enim possunt homines a catholica fide alieni, et criminibus involuti ad sempiternam illam felicitatem et gloriam pervenire, ad quam facti sunt, et sanguine ac morte acerbissima Domini nostri Jesu Christi vocati. Utrumque hoc salutis fundamentum, fidei nimirum sinceritatem, et vitae ac morum sanctitatem conantur haeretici ac schismatici evertere, hominesque a Deo abducere, secumque in sempiternum interitum trahere; ministri scilicet et filii diaboli, perpetui capitalisque hostis Dei gloriae atque animarum salutis. Ex hoc numero accepimus esse istic Simeonem quedam, qui dum se episcopum facit, quid aliud nisi fur est et latro? his enim nominibus hujusmodi monstra appellat Dominus noster. Omnes, inquit quotquot venerunt, fures fuerunt et latrones. Veniunt autem, qui non vocati nec missi, tamen audent pastorem nomen ac munus occupare. Neque tantum dicitur Si-meon hoc contentus esse, sed ilia etiam facere, quae sunt insaniae suae consentanes, conari scilicet catholicos ab Ecclesiae unitate sejungere, orthodoxam fidem corrumpere, falsa dogmata disseminare. Nos igitur vestrae salutis vestraeque Ecclesiae tranquillitatis cupidissimi hortamur, monemus, proque potestate, nobis a Christo tradita, mandamus, ne ab ista peste vos corripi sinatis, sed earn omni studio vitetis, ab ejus sermone et vocibus refugiatis, illum ut Catholicae fidei, vestrae salutis, Chri-sti gloriae hostem a quo eversorem horreatis, unque vestro numero et conventu ejiciatis, neque inter vos versari, aut vestris in locis consistere permittatis, idque etiam in caeteris haereticis et schismaticis faciatis, ne scilicet pestifera eorum doctrina et contagione correpti pereatis. Obedite vero in domino Abrahamo, archiepiscopo vestro, Georgio, item episcopo Palurensi, inque fidei sinceritate, morum simplicitate, Sanctae Matris Ecclesiae unitate permanete et vivite: sic enim ad sempi-ternam illam felicitatem et gloriam, quam repositam et paratam habet Deus iis, cui pie sancteque vixerunt, pervenietis. Quod ut vobis omnibus ejus largiatur, toto pectore oramus.

Datum Romae apud Sanctum Petrum, sub annulo piscatori, die quinta martii 1580, pontificatus nostri anno octavo.



Old Palayur Church, 1913

മാർപ്പാപ്പയിൽനിന്നും കിട്ടിയ രേഖകളുമായി അദ്ദേഹം വീണ്ടും ബാബിലോണിലേക്കു തിരിച്ചുപോയി പാത്രിയാർക്കീസിനെ കാണുകയും അവിടെ കുറച്ചുകാലം താമസിക്കുകയും ചെയ്തു. അവിടെനിന്നു തിരികെ പാത്രിയാർക്കീസിന്റെ കല്പനകളുമായി വരും വഴിക്കു ഗോവയിൽ വച്ച് പിടി കൂടപ്പെടുകയും ജയിലിൽ ആവുകയും ചെയ്തു. 1568 ൽ അവിടെനിന്നും രക്ഷപെട്ട മാർ എബ്രഹാം മലബാറിൽ എത്തി. മാർ അബ്രഹാമിന്റെ കയ്യിൽ പയസ് നാലാമൻ പാപ്പാ പാട്രിയാർക് അബ്ദിശോക്കും ഗോവ, കൊച്ചി മെത്രാന്മാർക്കും നൽകിയ കത്തുകളും പാട്രിയാർക് അബ്ദ്ദിശോയുടെ ഗോവ മെത്രാനും മാർത്തോമാ ക്രിസ്ത്യാനികൾക്കും ഉള്ള കത്തുകളും ഉണ്ടായിരുന്നു. പാത്രിയാർകിസ് അബ്ദിശോക്കുള്ള മാർപ്പാപ്പയുടെ കത്തിൽ മലബാറിനെ രണ്ടായി വിഭജിക്കാനും അങ്കമാലി മാർ അബ്രഹാമിനും മറുഭാഗം മാർ ജോസഫിനും നൽകാനും ശുപാർശ ചെയ്യുന്നുണ്ട്. പാത്രിയാർകീസ് പുറപ്പെടുവിച്ച രേഖകളിൽ ഒന്ന് ഗോവ മെത്രാപ്പോലിത്താക്കുള്ളതും അതിൽ മലബാറിനെ മാർ അബ്രഹാമിനും മാർ ജോസഫിനും ആയി വിഭജിക്കുന്നതും രേഖപ്പെടുത്തിയിരിക്കുന്നു. മാർത്തോമാ ക്രിസ്ത്യാനികൾക്കായി എഴുതപ്പെട്ടിരിക്കുന്ന രണ്ടാമത്തെ രേഖയിലാണ് മാർ അബ്രഹാമിന്റെ നിർദ്ദേശപ്രകാരം പാത്രിയാർക്കൽ കൗൺസിൽ ഗീവർഗ്ഗീസ് അർക്കദിയാക്കോനെ പാലയൂരിന്റെ മെത്രാനും മാർ അബ്രഹാമിന്റെ സാമന്തനുമായി തെരെഞ്ഞെടുത്ത വിവരവും അദ്ദേഹത്തിന്റെ മെത്രാഭിഷേകം നടത്താനുള്ള നിർദ്ദേശങ്ങളും നൽകിയിരിക്കുന്നത്. ഈ രേഖയുടെ കോപ്പി Documenta Indica. Vol. VII, P 705, ARSI Gall.95f.197, ARSI. Goa Mal. 10-11. fol. 463 ff. എന്നിവയിൽ കാണാം. മാർ അബ്രാഹവും മാർ ജോസഫും കൂടി വൈദീകർ, അല്മായർ എന്നിവരുടെ സാന്നിധ്യത്തിൽ വിശുദ്ധ കുരിശും വിശുദ്ധ സുവിശേഷവും സാക്ഷിയാക്കി പാത്രിയാർക്കീസിനോടുള്ള ആത്മീയ കൂട്ടായ്മയിൽ ഗീവർഗ്ഗീസ് അർക്കദിയാക്കോനെ പാലയൂരിന്റെ മെത്രാനായി അഭിഷേകം ചെയ്യാൻ കല്പനയിൽ പറയുന്നു. ഏതെങ്കിലും കാരണവശാൽ മാർ ജോസഫ് ഇല്ലാതെവന്നാൽ അർക്കദിയാക്കോന്റെ മെത്രാഭിഷേകം മാർ അബ്രഹാമിന് ഒറ്റയ്ക്ക് നടത്താനുള്ള അധികരം നൽകുന്നതായും കല്പനയിൽ വ്യക്തമാക്കുന്നുണ്ട്.

## തുടർനടപടികൾ

1566-67 കാലഘട്ടത്തിലാണ് ഈ നടപടികൾ ഉണ്ടാകുന്നതും രേഖ ഇറങ്ങുന്നതും. മാർ എബ്രഹാം ഗോവയിലെ തടവിൽനിന്നും രക്ഷപെട്ടു കേരളത്തിൽ എത്തുമ്പോഴേക്കും 1568 ആയി. ഏതോ കാരണത്താൽ മെത്രാഭിഷേകം നടന്നില്ല. എളിമകൊണ്ടു പ്രസ്തുത പദവി സ്വീകരിക്കാൻ അർക്കദിയാക്കോൻ സമ്മതിക്കാത്തതിനാലാണെന്നു പലരും അഭിപ്രായപ്പെടുന്നുണ്ട്. ഗോവയിൽ പോർച്ചുഗീസുകാർ രേഖകൾ പരിശോധിച്ചപ്പോൾ അതിൽ അപാകതകൾ കണ്ടു എന്നും മാർപ്പാപ്പയെ കബളിപ്പിച്ചു തെറ്റിധരിപ്പിച്ചാണ് പല രേഖകളും നേടിയിരിക്കുന്നതെന്നും പറഞ്ഞാണ് അവർ മാർ അബ്രാഹത്തെ തടവിൽ വെച്ചത്. കുറച്ചുവർഷങ്ങൾക്ക് ശേഷം മാർ എബ്രഹാം മാർപ്പാപ്പയോടു അർക്കദിയാക്കോന്റെ നിയമനത്തിന് അംഗീകാരം ചോദിക്കുന്നുണ്ട് എന്നതും അർക്കദിയാക്കോൻ പിന്നീട് അത് സ്വീകരിക്കാൻ തയ്യാറായെന്നും കാണുന്നതിൽനിന്നും ഈ കാരണത്താലുമാകാം മെത്രാഭിഷേകവും പാലയൂരിന്റെ രൂപത സ്ഥാപനവും മുന്നോട്ടു പോകാതിരുന്നത് എന്ന് ഊഹിക്കാം.

## റോമിന്റെ നടപടികളും മാർപ്പാപ്പയുടെ കല്പനയും:

1577 വരെ ഈ കാര്യത്തിൽ മേൽ നടപടികൾ ഒന്നും ഉണ്ടായില്ല. 1577 ൽ മാർ എബ്രഹാം ജെസ്യൂട്ടു വിസിറ്റേറ്റർ ആയിരുന്ന വലിഞ്ഞാനോ വഴി മാർപ്പാപ്പയോടു പാലയൂർ രൂപത സ്ഥാപനവും ഗീവർഗ്ഗീസ് അർക്കദിയാക്കോന്റെ നിയമനവും അംഗീകരിക്കാൻ

അപേക്ഷിച്ചു. (ARSI.GOA MAL. 12. FOL. 357- 358. 1 ഇക്കാര്യം റോമാ കുരിയാ 1580-ൽ പഠനവിധേയമാക്കിയതായി കാണുന്നു. 1580 ഫെബ്രുവരി 4 ന് ഇതേ സംബന്ധിച്ച നടപടികൾ റോമാ കുരിയാ ചെയ്തതിന്റെ വിവരം കാണുന്നു. (Arch. Vat. Secret.

Armed. III. Ed. Beltrami Vol. 18, Fol. 3, 3v dated 1580 February 4,). 1580 മാർച്ച് 4 ന് പോപ്പ് ഗ്രിഗറി XXVI ആർച്ച് ഡീക്കൻ ജോർജ്ജിനെ പാലയൂരിന്റെ മെത്രാനായിഉള്ള നിയമനത്തിന് അംഗീകാരം നൽകികൊണ്ടുള്ള കല്പന പുറപ്പെടുവിച്ചു. (ഈ രേഖ Arch. Brev.Apost. vol.47.fol.203.ed. Beltrami, pp.196-197)കാണുന്നു. മാർപ്പാപ്പയുടെ പ്രസ്തുത കൽപനയിൽ ആർച്ച്ഡീക്കൻ ജോർജ് പാത്രിയാർക്കൽ സിനഡിൽ പാലയൂരിന്റെ മെത്രാനായി തെരെഞ്ഞെടുക്കപ്പെട്ട വിവരവും മാർ അബ്ദിശോ പാത്രിയാർക്കീസ് പ്രസ്തുത നിയമനം നടത്തിയ വിവരവും പ്രസ്താവിക്കുന്നു. ഏതോകാരണത്താലും ആർച്ച് ഡീക്കന്റെ വിനയം മൂലവും അഭിഷേകം നടന്നില്ലെന്നും എന്നാൽ ഇപ്പോൾ താങ്കൾ അത് സ്വീകരിച്ചിരിക്കുന്നു എന്നും രേഖ പറയുന്നു. ആർച്ച് ഡീക്കൺ മാർപാപ്പയോടു നിയമനത്തിന് അംഗീകാരം ആവശ്യപ്പെടുകയും വിശ്വാസപ്രഖ്യാപനം നടത്തുകയും ചെയ്തതായി പറയുന്നു. പാപ്പാ പ്രസ്തുത രേഖകൾ സ്വീകരിച്ചു നിയമനത്തിനും മെത്രാഭിഷേകം ഇതിനോടകം നടന്നിട്ടുണ്ടെങ്കിൽ അതിനും അംഗീകാരം നൽകുന്നതായി പറയുന്നു. 1580 ഫെബ്രുവരി 12 നും മാർച്ച് 5 നും അങ്കമാലിയിലെ വിശ്വാസികൾക്കയച്ച കത്തുകളിൽ പാലയൂർ മെത്രാന്റെ കാര്യവും പരാമർശിക്കപ്പെടുന്നു.

മാർപ്പാപ്പയുടെ പ്രസ്തുത തീരുമാനങ്ങൾ അടങ്ങിയ രേഖകൾ ഏതോ കാരണത്താൽ 1584 ലും മാർ അബ്രഹാമിന് കിട്ടിയിരുന്നില്ല എന്ന് വേണം മനസിലാക്കാൻ. അതിനാൽ അദ്ദേഹം ഇക്കാര്യം 1584 ജനുവരി 23 വീണ്ടും മാർപ്പാപ്പയോടു അപേക്ഷിക്കുന്നത് കാണുന്നു.



Palayur Church Alter

## സമാപനം

മാർ ജോസഫ് ഇതിനോടകം തിരികെ പോയിക്കഴിഞ്ഞിരുന്നതിനാലും അർക്കദിയാക്കോന്റെ മെത്രാഭിഷേകം നടക്കാതെ പോയതിനാലും പ്രസ്തുത ഹയരാർക്കിയും പാലയൂർ രൂപതയും നിലവിൽ വന്നില്ല എങ്കിലും പാലയൂർ ഒരു മെത്രാസനമായി ഉയർത്തപ്പെട്ടതു ഇന്നും നിലനിൽക്കുന്ന ഒരു ചരിത്രവസ്തുതയാണ്. സീറോ മലബാർ സഭയിലെ ഇത്തരത്തിലുള്ള ഏക മെത്രാസന സിംഹാസനം ആണ് പാലയൂർ.

# മാർത്തോമാ കുരിശ് (സ്ലീവാ)




ജോർജ്ജ് ചിറമ്മൽ



ക്രൈസ്തവരുടെ പൊതു ചിഹ്നമാണ് വിശുദ്ധ സ്ലീവാ അഥവാ വിശുദ്ധ കുരിശ്. കുരിശിനെ കേവലം ക്രിസ്തുവിനെ വധിക്കാനുള്ള ഉപകരണമായി കണക്കാക്കിയിരുന്നു എങ്കിൽ സഭയിലോ, ദൈവശാസ്ത്രത്തിലോ, ആരാധന ക്രമത്തിലോ അതിന് സ്ഥാനം ലഭിക്കുമായിരുന്നില്ല.

ക്രിസ്തുവിന്റെ തിരുമാറിൽ നിന്ന് തൊട്ടറിഞ്ഞ വിശ്വാസവുമായി ഭാരത മണ്ണിലെത്തിയ തോമശ്ലീഹായുടെ ക്രിസ്ത്വാനുഭവത്തിൽ നിന്ന് രൂപപ്പെട്ട സമൂഹമാണ് സീറോ മലബാർ സഭ. അപ്പസ്തേലനായ തോമാശ്ലീഹായാൽ സ്ഥാപിക്കപ്പെട്ട് ഇന്ന് ഇത് ഒരാഗോള സഭയായി മാറിയിരിക്കുകയാണ്. തമ്പുരാന്റെ മാറിലെ ചോരയുടെ ചൂടറിഞ്ഞ തോമാശ്ലീഹാ ദൈവം വളർത്തിയ, താൻ നട്ടുവളർത്തിയ വിശ്വാസ സമൂഹത്തിന് ജീവജലത്തിന്റെ അരുവിയായി തീർന്നു.

മാർതോമാ നസ്രാണികളുടെ തനത് ദൈവശാസ്ത്രം വിളംബരം ചെയ്യുന്ന രീതിയിലാണ് മാർത്തോമാ കുരിശിന്റെ




Pope John Paul II visited at St Thomas Cross, Mylapore 1986

രൂപകൽപ്പന.

ശൂന്യമായ കുരിശ് ഈശോയുടെ ഉത്ഥാനത്തിന്റെ പ്രതീകമായി സഭ സ്വീകരിച്ചതോടെയാണ് ഈശോയുടെ രക്ഷാകരപദ്ധതിയുടെ പ്രധാന അടയാളമായി കുരിശു മാറിയത്. ഈ പ്രഘോഷണമാണ് ക്രൈസ്തവ ദേവാലയങ്ങളുടെ മുകളിൽ കാണുന്ന ശൂന്യമായ കുരിശ്.

മാർതോമാ നസ്രാണി സഭയുടെ ദൈവിക വെളിപാടിൽ നിന്ന് രൂപമെടുത്ത കുരിശു രൂപമാണ് മാർതോമാ സ്ലീവ. അതിൽ പിതാവും പുത്രനും പരിശുദ്ധാത്മാവുമായ ത്രിത്വത്തെയും പിതാവിന്റെ സൃഷ്ടികർമ്മത്തേയും പരിശുദ്ധാത്മാവിന്റെ പവിത്രീകരണത്തേയും പുത്രന്റെ തുടർച്ചയായ സഭയേയും സഭയെ കെട്ടിപ്പടുക്കുന്ന വചനത്തേയും സഭയുടെ പ്രവർത്തികളായ കൂദാശകളെയും സഭയുടെ മഹത്വീകരണത്തേയും വളരെ മനോഹരമായി വെളിപ്പെടുത്തുന്നു

* **ശൂന്യമായ കുരിശ്** – അതായത് കുരിശിൽ ക്രൂശിതന്റെ രൂപമില്ല – ഇത് ഉത്ഥിതനായ മിശിഹായെ സൂചിപ്പിക്കുന്നു.

* **സ്ലീവായുടെ മേൽ പറന്നിറങ്ങുന്ന പ്രാവ്** – മിശിഹായെ ഉയിർപ്പിച്ച റൂഹാദ് കൂദാശയുടെ (പരിശുദ്ധാത്മാവ്) പ്രതീകം.

* **വിരിയുന്ന മുകുളം പോലുള്ള സ്ലീവായുടെ അഗ്രങ്ങൾ**– കർത്താവിന്റെ ഉയിർപ്പിന്റെ ഫലമായ പുതുജീവനും പ്രത്യാശയും സൂചിപ്പിക്കുന്നു.

* **കുരിശിലെ മൂന്നു പടികൾ**– മിശിഹായുടെ പീഡാനുഭവത്തെയും മരണത്തെയും ഉയിർപ്പിനേയും അനുസ്മരിപ്പിക്കുന്ന ഗാഗുൽത്തായുടെ പ്രതീകമാണ്.

* **സ്ലീവാ സ്ഥിതി ചെയ്യുന്ന താമരപ്പൂവിന്റെ പശ്ചാത്തലം**– പറുദീസായിലെ ജീവന്റെ വൃക്ഷത്തിന്റെ അടയാളം, ഭാരതത്തിന്റെ സാംസ്കാരിക മണ്ഡലത്തിൽ വളർന്നുവന്ന ക്രൈസ്തവ വിശ്വാസത്തിന്റെ സൂചന നൽകുന്നു.

* **മുകുളം**– നാലു ദിശകളിലേക്കും പ്രതീക്ഷകൾ വളരുന്നതിന്റെ അടയാളം.

മൈലാപ്പൂരിൽ നിന്നും പോർച്ചുഗീസ് മിഷണറിമാരാണ് ഈ കുരിശു കണ്ടെടുത്തത്. ഭാരതസർക്കാർ മാർതോമാ കുരിശിന്റെ ചിത്രം ആലേഖനം ചെയ്ത സ്റ്റാമ്പ് പുറത്തിറക്കിയിട്ടുണ്ട്.



Stone Cross at St. Antony's Forane Chucrh, Ollur

# തൃശ്ശൂർ അതിരൂപതയുടെ അപ്പസ്തോലിക പാരമ്പര്യം



റവ. ഡോ. ഡെമിൻ തറയിൽ




Trichur and its environs as seen in a map prepared by John Gould in 1816

മാർത്തോമ ക്രിസ്ത്യാനികളുടെ വിശ്വാസത്തിന്റെ ഈറ്റില്ലമായ പാലയൂർ. **എ.ഡി. 52 ൽ കൊടുങ്ങല്ലൂരിൽ (മുസീരിസിൽ) കപ്പലിറങ്ങിയ തോമാശ്ലീഹ തന്റെ പ്രേഷിത ദൗത്യം ആരംഭിക്കുന്നത് പാലയൂരിൽ നിന്നാണ്.** മാർത്തോമ ക്രിസ്ത്യാനികളുടെ പഴയ പാരമ്പര്യങ്ങളിൽ എല്ലാം പറയുന്ന വെള്ളം മുകളിലേക്ക് എറിഞ്ഞ അത്ഭുതവും തുടർന്നുനടന്ന ജ്ഞാനസ്നാനവും. പാലയൂരിൽ തെളിയിച്ച ഈ വിശ്വാസദീപമാണ് ഏഴര പള്ളികളിലൂടെ പടർന്ന് പന്തലിച്ച് കേരളത്തിലെങ്ങും വ്യാപിച്ചത്.

ക്രിസ്തുമത ചരിത്രത്തിലെ ഏറ്റവും പൗരാണികമായ അപ്പസ്തോലിക സമൂഹങ്ങളിൽ ഒന്നായ മാർത്തോമാ ക്രിസ്ത്യാനികൾക്ക് ആഗോള സഭയിൽ സ്വയം ഭരണാധികാരമുള്ള ഒരു സഭ എന്ന സ്ഥാനം അംഗീകരിച്ചു കിട്ടാൻ വേണ്ടി വളരെയധികം പ്രയത്നിക്കേണ്ടി വന്നിട്ടുണ്ട്. ഈ പരിശ്രമങ്ങളുടെ ചരിത്രത്തിലെ ഒരു നാഴികക്കല്ലായിരുന്നു മലബാറിലെ സുറിയാനി കത്തോലിക്കർക്ക് വേണ്ടി ലത്തീൻ മേലദ്ധ്യക്ഷന്മാരുടെ കീഴിൽ 1887 ൽ നടന്ന തൃശൂർ, കോട്ടയം എന്നീ രണ്ട് വികാരിയാത്തുകളുടെ സ്ഥാപനം.



Koonankurisu Sathyam

**മുൻകാല ചരിത്ര പശ്ചാത്തലം**

മലബാർ തീരത്തെ ക്രിസ്ത്യാനികളുടെ അടിയുറച്ച പരമ്പരാഗത വിശ്വാസം അനുസരിച്ച് അപ്പസ്തോലനായ സെന്റ് തോമസ് ക്രിസ്തുവർഷം 52ൽ ചേര രാജ്യത്തിന്റെ തലസ്ഥാനമായ കൊടുങ്ങല്ലൂരിൽ കപ്പലിറങ്ങി. അദ്ദേഹം അനേകരെ ക്രൈസ്തവ വിശ്വാസത്തിലേക്ക് മാനസാന്തരപ്പെടുത്തുകയും കൊടുങ്ങല്ലൂർ, പാലയൂർ, പറവൂർ, കൊക്കമംഗലം, നിരണം, കൊല്ലം, ചായൽ(നിലയ്ക്കൽ) എന്നിവിടങ്ങളിൽ ചെറിയ ക്രൈസ്തവ സമൂഹങ്ങൾക്ക് രൂപം കൊടുക്കുകയും ചെയ്തു. ചിന്നമലയിൽ വെച്ച് രക്തസാക്ഷിത്വം വരിച്ച അദ്ദേഹം മദ്രാസിനടുത്ത് മൈലാപ്പൂരിൽ അടക്കം ചെയ്യപ്പെട്ടു. നൂറ്റാണ്ടുകളായി ഈ സഭാസമൂഹം 'മാർത്തോമാ സഭ' അല്ലെങ്കിൽ 'മാർത്തോമാ ക്രിസ്ത്യാനികൾ' എന്ന് അഭിസംബോധന ചെയ്യപ്പെടുന്നു. ക്രിസ്തുവർഷം നാലാം നൂറ്റാണ്ടുവരെ ഈ സഭയുടെ മേലദ്ധ്യക്ഷന്മാരെപ്പറ്റിയോ ഭരണാധികാരത്തെപ്പറ്റിയോ നമുക്ക് കാര്യമായി ഒന്നും തന്നെ അറിയില്ല. നാലാം നൂറ്റാണ്ടിൽ പേർഷ്യൻ സഭയുമായി ഉണ്ടായ ബന്ധം മാർത്തോമാ സഭയുടെ ചരിത്രത്തിലെ ഒരു വഴിത്തിരിവായിരുന്നു. പൗരസ്ത്യ സുറിയാനി സഭയുമായി ആരാധനാക്രമവും ആദ്ധ്യാത്മിക, സഭാ സംബന്ധമായ പാരമ്പര്യങ്ങളും പങ്കുവെക്കാൻ ഈ ബന്ധം വഴി വച്ചു. എങ്ങനെ, എന്നു മുതൽ ഇതൊക്കെ സംഭവിച്ചു എന്ന് കൃത്യമായി പറയാൻ നമുക്ക് രേഖകൾ ഒന്നുമില്ല. മലബാറും പശ്ചിമേഷ്യയും തമ്മിൽ, ക്രിസ്തുവർഷാരംഭത്തിനു മുമ്പ് തന്നെ നൂറ്റാണ്ടുകളായി വാണിജ്യ, സംസ്കാരിക ബന്ധങ്ങൾ നിലനിന്നിരുന്നു എന്നാണ് വിശ്വസിക്കപ്പെടുന്നത്. എന്തായാലും ക്രിസ്തുവർഷം നാലാം നൂറ്റാണ്ട് മുതൽ 1599 ലെ ഉദയംപേരൂർ സൂനഹദോസ് വരെ മലബാറിലെ സഭയ്ക്ക് പൗരസ്ത്യ സുറിയാനി സഭയിൽ നിന്നാണ് മേലദ്ധ്യക്ഷന്മാർ വന്നുകൊണ്ടിരുന്നത് എന്ന് ലഭ്യമായ രേഖകളിൽ നിന്ന് അനുമാനിക്കാൻ കഴിയും.

പൗരസ്ത്യസുറിയാനി സഭയിൽ നിന്ന് ഏഴാം നൂറ്റാണ്ടു മുതലെങ്കിലും ഭാരതത്തിലേക്ക് വന്നുകൊണ്ടിരുന്ന മെത്രാന്മാരുടെ ഔദ്യോഗിക സ്ഥാനപ്പേര് '*മെത്രാപ്പോലീത്തയും ഇന്ത്യയിലേക്കുള്ള കവാടവും*' (Metropolitan and Gate of all India) എന്നായിരുന്നു. മെത്രാപ്പോലീത്ത എന്ന നിലയ്ക്ക് അവരുടെ അധികാരം ഏതെങ്കിലും ഒരു പ്രത്യേക സ്ഥലത്തോട് ബന്ധിതമായിരുന്നില്ല. അങ്കമാലി, കൊല്ലം, കൊടുങ്ങല്ലൂർ എന്നിങ്ങനെ ഏത് പ്രാചീന ക്രൈസ്തവ കേന്ദ്രങ്ങളിലും അവർക്ക് താമസിക്കാമായിരുന്നു. ഈ പാരമ്പര്യം അനുസരിച്ച് ഭാരത സഭയുടെ മെത്രാപ്പോലീത്തക്ക് ഭാരതം മുഴുവന്റെ മേലും അധികാരം ഉണ്ടായിരുന്നു. ഈ മെത്രാന്മാർ വിശ്വാസികളുടെ ആദ്ധ്യാത്മിക കാര്യങ്ങളിൽ ബദ്ധശ്രദ്ധരായിരുന്നെങ്കിലും ഭരണപരമായ കാര്യങ്ങളിൽ ഇടപെട്ടിരുന്നില്ല. സഭാ ഭരണം പൂർണ്ണമായും അർക്കദിയാക്കോന്റെ (Archdeacon) കൈകളിലായിരുന്നു.

'അധികാര ശ്രേണിയിൽ അഗ്രസ്ഥാനം അലങ്കരിച്ചിരുന്ന പൗരസ്ത്യ സുറിയാനി മെത്രാപ്പോലീത്തമാർ ഇവിടെ പ്രവാസികളും പ്രാദേശിക ഭാഷ, ആചാരങ്ങൾ, വിശ്വാസങ്ങൾ, രാഷ്ട്രീയ സാമൂഹിക സംവിധാനങ്ങൾ എന്നിവക്ക് പ്രായേണ അപരിചിതരും ആയിരുന്നു. സഭാ ഭരണത്തിന് അവരുടെ സഹായികളായിരുന്ന തദ്ദേശീയരായ അർക്കദിയാക്കോൻമാരെ പൂർണ്ണമായി അവർക്ക് ആശ്രയിക്കേണ്ടി വന്നിരുന്നു. ഈ സാഹചര്യത്തിൽ സഭാഭരണത്തിൽ അർക്കദിയാക്കോന് പൂർണ്ണ സ്വാതന്ത്ര്യവും അധികാരവും ഉണ്ടായിരുന്നു. മാർത്തോമാ ക്രിസ്ത്യാനികളുടെ സഭാ സംവിധാനത്തിൽ അർക്കദിയാക്കോന് വളരെ ഉയർന്ന സ്ഥാനമാണ് ഉണ്ടായിരുന്നത്'.

ഈ രണ്ടു സഭകളും തമ്മിൽ ഉണ്ടായിരുന്ന ബന്ധം വിലയിരുത്തുമ്പോഴും വ്യാഖ്യാനിക്കുമ്പോഴും ഭാരത സഭയുടെ ആവിർഭാവത്തിനും ആദ്യകാല വളർച്ചയ്ക്കും പേർഷ്യൻ സഭയുടെ സംഭാവന ഒന്നും തന്നെ ഉണ്ടായിരുന്നില്ല എന്നത് നാം പ്രത്യേകം ഓർക്കേണ്ടതുണ്ട്. തങ്ങളോടൊപ്പം ഉള്ള '*തോമസിന്റെ സിംഹാസന*' (See of Thomas) ത്തെപ്പറ്റിയും ഈ സഭയെ നിയന്ത്രിച്ചിരുന്ന '*തോമസിന്റെ നിയമങ്ങളെ*' (Law of Thomas) പ്പറ്റിയും മാർത്തോമ ക്രിസ്ത്യാനികൾ എപ്പോഴും അഭിമാനം കൊണ്ടിരുന്നു. '*സെല്യൂക്ക്യൻ സഭയിൽ* നിന്ന് ജന്മം കൊണ്ടതോ, ഒരുകാലത്തും അതിന്റെ ഒരു ഭാഗമോ ആയിരുന്നില്ല മാർത്തോമാ ക്രിസ്ത്യാനികൾ എന്നാണ് ഫാദർ പ്ളാസിഡ് പൊടിപ്പാറ എഴുതുന്നത്. പേർഷ്യൻ സഭയുമായി നൈയാമിക ബന്ധം നിലനിന്നിരുന്നെങ്കിലും മാർത്തോമ ക്രിസ്ത്യാനികൾ അവരുടെ വ്യതിരിക്തത എന്നും നിലനിർത്തിയിരുന്നു.

1498 മെയ് 28ന് വാസ്കോ ഡി ഗാമ എന്ന പോർച്ചുഗീസ് നാവിക മേധാവി കോഴിക്കോട് കപ്പലിറങ്ങി. മാർത്തോമ ക്രിസ്ത്യാനികളുടെ ചരിത്രത്തിൽ ഒരു പുതിയ കാലഘട്ടം അവിടെ ആരംഭിക്കുകയായിരുന്നു. രാഷ്ട്രീയവും ഭൂമിശാസ്ത്രപരവുമായ കാരണങ്ങൾ കൊണ്ട് അക്കാലത്ത് ഭാരത സഭയ്ക്ക് റോമിലെ സഭയുമായി നേരിട്ട് ബന്ധമില്ലായിരുന്നു. തുടർന്നുള്ള


വർഷങ്ങളിൽ ഉണ്ടായ പോർച്ചുഗീസ് മിഷണറിമാരുടെ വരവോടെ മലബാറിൽ പാശ്ചാത്യ ക്രൈസ്തവ സംസ്കാരവും ലത്തീൻ ക്രൈസ്തവ ആചാരങ്ങളും അവതരിപ്പിക്കപ്പെട്ടു. 12 നൂറ്റാണ്ടോളം സിറിയൻ അധീനതയിൽ കഴിഞ്ഞ മാർത്തോമാ ക്രിസ്ത്യാനികൾക്ക് പുതിയൊരു വിദേശ സംസ്കാരവുമായി വീണ്ടും ഇടപഴകേണ്ടി വന്നു. മാർത്തോമാ ക്രിസ്ത്യാനികൾ പോർച്ചുഗീസ് മിഷണറിമാരെ സുഹൃത്തുക്കളും ക്രിസ്തുവിൽ സഹോദരങ്ങളുമായി കാണുകയും അവരുമായി കൂദാശകളിൽ പങ്കെടുക്കുകയും (not withholding Communicatio in Sacris) ചെയ്തു കൊണ്ടിരുന്നു. കാലക്രമേണ ഭാരതീയ ക്രിസ്ത്യാനികളുടെ മേലുള്ള രക്ഷാധികാരമായി ഇത് പരിണമിച്ചു. 1500 മാർച്ച് 26 ന് *കും സിക്കൂത് മജെസ്താസ്* (Cum Sicut Majestas) എന്ന് ഉത്തരവ് വഴി അലക്സാണ്ടർ ആറാമൻ മാർപാപ്പ പോർച്ചുഗീസ് രാജാവിന് ഭാരതത്തിന്റെ മേലുള്ള രക്ഷാധികാര അവകാശം (right of padroado) കൊടുത്തു.

പോർച്ചുഗീസ് മിഷണറിമാർ ധാരാളം ക്രൈസ്തവരെ മാനസാന്തരപ്പെടുത്തി ലത്തീൻ സഭയിൽ ചേർക്കുകയുണ്ടായി. ഈ മിഷണറിമാരും മാർത്തോമ ക്രിസ്ത്യാനികളും തമ്മിലുള്ള ബന്ധം ആദ്യമൊക്കെ ഊഷ്മളമായിരുന്നു. പേർഷ്യയിൽ നിന്നുള്ള മെത്രാന്മാർ അവർക്ക് വേണ്ട ഒത്താശകൾ ചെയ്യുകയും തിരിച്ച് പോർച്ചുഗീസ് രാജാവ് അവർക്ക് സാമ്പത്തിക സഹായം നൽകുകയും ചെയ്തു കൊണ്ടിരുന്നു. കൊടുങ്ങല്ലൂരിൽ പോർച്ചുഗീസുകാർക്ക് വേണ്ടിയുള്ള കപ്ളോനായി മാർ യാക്കോബ് നിയമിക്കപ്പെടുകയുണ്ടായി. കൊച്ചിയിലും ഗോവയിലും മാനസാന്തരപ്പെട്ട ക്രൈസ്തവരുടെ എണ്ണം വളരെയധികം വർദ്ധിച്ചപ്പോൾ പോർച്ചുഗീസ് രാജാവിന്റെ അപേക്ഷ അനുസരിച്ച് 1533 ൽ പോൾ മൂന്നാമൻ മാർപാപ്പ ഭാരതത്തിലെ ആദ്യത്തെ ലത്തീൻ രൂപത ഗോവയിൽ സ്ഥാപിച്ചു.

പോർച്ചുഗീസ് മിഷണറിമാർക്ക് കത്തോലിക്ക വിശ്വാസം എന്നാൽ ലത്തീൻ റീത്ത് ആയിരുന്നു. അതിനു പുറത്തുള്ള എന്തിനെയും അവർ സംശയത്തോടെയാണ് കണ്ടത്. ആ കാലഘട്ടത്തിൽ പാശ്ചാത്യ ക്രൈസ്തവരുടെ വിശ്വാസ സങ്കല്പം അങ്ങനെയായിരുന്നു എന്നത് മനസ്സിലാക്കാവുന്നതേയുള്ളൂ. മിഷണറിമാർ, പ്രത്യേകിച്ച് ഈശോ സഭക്കാർ മാർത്തോമാ ക്രിസ്ത്യാനികളെ റോമൻ ആചാര അനുഷ്ഠാനങ്ങളുടെ വരുതി



Gurukulam - Old Kerala Catechism Class



Teachings- St. Chavara

യിൽ കൊണ്ടുവരാൻ വേണ്ടി ഒരു ലത്തീൻ വൽക്കരണ നയം നടപ്പിലാക്കാൻ ശ്രമം തുടങ്ങി. ഇതിനെപ്പറ്റി അങ്കമാലി മെത്രാപ്പോലീത്തയായിരുന്ന മാർ അബ്രാഹവും ഗോവയിലെ പോർച്ചുഗീസ് മതമേലദ്ധ്യക്ഷന്മാരും തമ്മിൽ നിരന്തരം തർക്കമുണ്ടായി. മാർ അബ്രാഹമിന്റെ മരണശേഷം ഗോവയിലെ മെത്രാപ്പോലീത്തയായിരുന്ന ഡോം അലക്സിയൊ ഡി മെനേസസിന്റെ (Dom Alexio De Menezes) നേതൃത്വത്തിൽ 1599 ൽ പ്രസിദ്ധമായ ഉദയംപേരൂർ സൂനഹദോസ് നടത്തപ്പെട്ടു. അതേ വർഷം തന്നെ ക്ലെമെന്റ് എട്ടാമൻ മാർപാപ്പ മാർത്തോമാ ക്രിസ്ത്യാനികളുടെ അങ്കമാലി അതിരൂപതയെ ഗോവ അതിരൂപതയ്ക്ക് കീഴിലാക്കുകയും ഫ്രാൻസിസ് റോസ് (Francis Ros SJ) എന്ന ഈശോ സഭാ വൈദികനെ അങ്കമാലി മെത്രാനായി നിയമിക്കുകയും ചെയ്തു. 'അങ്ങിനെ ഉദയംപേരൂർ സൂനഹദോസ് മുതൽ മാർത്തോമാ ക്രിസ്ത്യാനികളെ കൽദായ കത്തോലിക്ക പാത്രിയാർക്കീസിന്റെ കീഴിൽ നിന്ന് വേർപെടുത്തി ലത്തീൻ മതാധികാരികളുടെ അധികാരപരിധിയിൽ കൊണ്ടുവരാനുള്ള പോർച്ചുഗീസുകാരുടെ ശ്രമം യാഥാർത്ഥ്യമായി.

## അശാന്തി വിതച്ച ശീശ്മകൾ

പത്തൊമ്പതാം നൂറ്റാണ്ടിൽ മാർത്തോമാ ക്രിസ്ത്യാനികൾക്ക് ഒന്നിലേറെ ശീശ്മകളെ അഭിമുഖീകരിക്കേണ്ടി വന്നു. നൂറ്റാണ്ടിന്റെ ആരംഭത്തിൽ തന്നെ പണ്ടാരി ശീശ്മ ഉടലെടുത്തെങ്കിലും അത് അധിക കാലം നീണ്ടുനിന്നില്ല. '*മുൾത്ത പ്രെക്ളാരെ*' (Multa Praeclare) എന്ന മാർപാപ്പയുടെ ഉത്തരവിൽ നിന്ന് ഉടലെടുത്ത ഗോവൻ ശീശ്മയായിരുന്നു അടുത്തത്. മാർത്തോമാ ക്രിസ്ത്യാനികളെ ഇത് നേരിട്ട് ബാധിച്ചില്ലെങ്കിലും അവർക്കിടയിൽ ഉണ്ടായിരുന്ന ആശയക്കുഴപ്പം വർദ്ധിക്കാൻ അത് കാരണമായി. നൂറ്റാണ്ടിന്റെ ഉത്തരാർധത്തിൽ റോക്കോസ്, മെലൂസ് എന്ന ശീശ്മകൾ ശക്തി പ്രാപിക്കുകയുണ്ടായി. വിശ്വാസികളുടെ ധിക്കാരമായിട്ടാണ് മിഷണറിമാർ ഈ ശീശ്മകളെ കണ്ടത്. യഥാർത്ഥത്തിൽ അവർക്ക് നൽകപ്പെട്ട അധികാരങ്ങളുടെ ദുർവിനിയോഗത്തിന്റെയും ലത്തീൻകരണ നയത്തിന്റെയും പരിണിതഫലമായിരുന്നു അത്. ഒരു വശത്ത് മിഷനറിമാരുടെ സഭാഭരണത്തിൽ, അത് പാദ്രൊവാദൊ ആയാലും പ്രൊപ്പഗാന്ത ആയാലും, ഒരുപോലെ അവർ അതൃപ്തരായിരുന്നു. മറുവശത്ത് കൽദായ മെത്രാന്മാരുടെ കീഴിൽ അവർ അനുഭവിച്ചിരുന്ന പരിമിത സ്വയംഭരണാവകാശം അവർ വളരെ ഇഷ്ടപ്പെടുകയും അത് തിരിച്ചു ലഭിക്കാൻ ആഗ്രഹിക്കുകയും ചെയ്തിരുന്നു. തങ്ങളുടെ സ്വന്തം റീത്തിൽ നിന്നും പാരമ്പര്യങ്ങളിൽ നിന്നും വരുന്ന ഒരു മെത്രാന് മാത്രമേ അവരുടെ അഭിലാഷങ്ങൾ പൂർത്തീകരിക്കാൻ കഴിയൂ എന്ന് അവർ ചിന്തിച്ചിരുന്നു. ലത്തീൻ റീത്തും ആചാരങ്ങളും വൈദേശികമായിട്ടാണ് അവർക്ക് അനുഭവപ്പെട്ടത്. കത്തോലിക്കാ സഭയിൽ നിന്ന് ഇതിനകം ഭിന്നിച്ചു മാറിയിരുന്ന സുറിയാനി ക്രൈസ്തവർക്ക് അത്തരം മെത്രാന്മാർ ഉണ്ടായിരുന്നപ്പോൾ കത്തോലിക്ക സഭയിൽ ഉറച്ചു നിന്ന തങ്ങൾക്ക് മാത്രം തദ്ദേശീയനും തങ്ങളുടെ റീത്ത് പിന്തുടരുന്നവനുമായ ഒരു മെത്രാൻ ഇല്ല എന്ന സത്യം അവരെ വേദനിപ്പിച്ചു. അവരുടെ വിശ്വസ്തതയ്ക്ക് പരിശുദ്ധ സിംഹാസനം നൽകിയ ഒരു ശിക്ഷയായിട്ടാണ് ഇതിനെ അവർ കണ്ടത്. സുറിയാനി മെത്രാന് വേണ്ടി അവർ കൽദായ സഭയിലേക്ക് നിരവധി കത്തുകൾ എഴുതുകയും പ്രതിനിധി സംഘങ്ങളെ അയക്കുകയും ചെയ്തു. കൽദായ സഭ ആകട്ടെ, മാർത്തോമ്മാ ക്രിസ്ത്യാനികളുടെ മേൽ തങ്ങൾക്ക് നഷ്ടപ്പെട്ട നിയന്ത്രണാധികാരം തിരിച്ചു പിടിക്കാനുള്ള അവസരങ്ങൾ നോക്കിക്കൊണ്ടിരുന്ന സമയമായിരുന്നു അത്. ഈ അന്തരീക്ഷത്തിലാണ് ശീശ്മകൾ മുളയെടുക്കുന്നത്.

പത്തൊമ്പതാം നൂറ്റാണ്ടിന്റെ ഉത്തരാർധത്തിൽ ഉയർന്നു വന്ന റോക്കോസ്, മേലൂസ് ശീശ്മകളും മാർത്തോമാ ക്രിസ്ത്യാനികളുടെ ഇടയിൽ കുറെയേറെ ആശയക്കുഴപ്പങ്ങൾക്കും ചേരിതിരിവുകൾക്കും വഴിതെളിച്ചു. അതേസമയം യാഥാർത്ഥ്യങ്ങളിലേക്ക് റോമിന്റെ കണ്ണുതുറപ്പിക്കാനും അവ സഹായിച്ചു. ശീശ്മകൾക്ക് വഴിതെളിച്ച മാർത്തോമാ ക്രിസ്ത്യാനികളുടെ സുറിയാനി മെത്രാന്മാർ വേണമെന്ന ശക്തമായ ആഗ്രഹം ന്യായമാണെന്ന് റോം അംഗീകരിക്കാൻ അത് ഇടയാക്കി. 1865-ൽ ചാവറ ഏലിയാസച്ചനെ സുറിയാനി ക്രൈസ്തവർക്ക് വേണ്ടിയുള്ള വികാരി ജനറലായി നിയമിച്ചു.



Old Lourdes Cathedral Church, Thrissur

റോക്കോസ്, മെലൂസ് ശീശ്മകളുടെ ആവിർഭാവത്തെ തുടർന്ന് അപ്പസ്തോലിക വികാരിക്കെതിരെയും കർമ്മലീത്ത മിഷണറിമാർക്കെതിരെയും നിരവധി നിവേദനങ്ങൾ റോമിലേക്ക് അയക്കപ്പെട്ടു. അവരുടെ സഭാ ഭരണവും വിവേക ശൂന്യമായ നടപടികളും ജനങ്ങളെ സഭയിൽ നിന്ന് അകറ്റിയിരുന്നു. യഥാർത്ഥത്തിൽ മലബാറിലെ സുറിയാനി ക്രിസ്ത്യാനികളുടെ ഈ അസംതൃപ്തി ചൂഷണം ചെയ്യുകയായിരുന്നു റോക്കോസും മേലൂസും. സുറിയാനി കത്തോലിക്കരെ ലത്തീൻകാരിൽ നിന്നും വേർതിരിക്കണമെന്ന് ആവശ്യപ്പെട്ടിരുന്ന ഫാദർ ലിയോപോൾഡ് ഓഫ് സെൻറ് ജോസഫ് OCD യെപ്പോലെയുള്ള കർമ്മലീത്ത മിഷനറിമാരും ഉണ്ടായിരുന്നു. 1873 വർഷാവസാനത്തോടെ സുറിയാനിക്കാർക്ക് ആരാധനാക്രമത്തിൽ സ്വാതന്ത്ര്യം അനുവദിക്കണമെന്നാവശ്യപ്പെട്ടുള്ള കത്തുകൾ പ്രൊപ്പഗാന്തയ്ക്കെഴുതുവാൻ അദ്ദേഹം നേതൃത്വം നൽകി. നിലവിലുള്ള വികാരിയാത്ത് വിഭജിക്കുവാനും സുറിയാനിക്കാർക്ക് വേണ്ടി മാത്രമായി ഒരു സുറിയാനി മെത്രാനെ ലഭിക്കുവാനും വേണ്ടിയുള്ള നിവേദന പരിശ്രമങ്ങളിൽ സുറിയാനി കർമ്മലീത്തക്കാരും (TOCD) ഭാഗഭാക്കാവുകയുണ്ടായി. റോമിലേക്ക് നിവേദനം അയച്ചു എന്ന സംശയത്തിൽ മാന്നാനത്തെയും പുളിങ്കുന്നിലെയും തദ്ദേശീയ കർമ്മലീത്ത കൊവേന്തകളിലെ 7 സന്യാസിമാരെ മെല്ലാനോ പുറത്താക്കുകയുണ്ടായി. ഈ ശിക്ഷയെ ന്യായീകരിക്കാൻ വേണ്ടി അവർക്കെതിരെ നിരവധി തെറ്റായ കുറ്റാരോപണങ്ങളും ഉന്നയിക്കപ്പെട്ടു.

## വികാരിയാത്തുകൾ സ്ഥാപിക്കുന്നതിന്റെ മുന്നൊരുക്കങ്ങൾ

പിയൂസ് ഒമ്പതാമൻ മാർപാപ്പ, മലബാറിൽ വന്ന് സാഹചര്യ പഠനം നടത്തി പ്രശ്നപരിഹാരത്തിന് വഴി തെളിക്കാൻ അപ്പസ്തോലിക സന്ദർശകരായി ആദ്യം ബോംബെയിൽ അപ്പസ്തോലിക വികാരിയായിരുന്ന മോൺ. ലിയോ മെവ്രിനെയും പിന്നീട് മോൺ. ഇഗ്നേഷ്യസ് പെഴ്സിക്കൊയെയും മലബാറിലേക്ക് അപ്പസ്തോലിക സന്ദർശകരായി നിയമിച്ചു.

പ്രൊപ്പഗാന്ത ഫീദെയുടെ പൊതുസഭ 1877 ജൂലൈ 9 ന് ചേർന്ന് മോൺ. പെഴ്സിക്കോയുടെ നിർദ്ദേശങ്ങളുടെ വെളിച്ചത്തിൽ മലബാറിലെ സ്ഥിതിഗതികൾ ചർച്ച ചെയ്തു. യോഗത്തിൽ മോൺ മെവ്രിന്റെ അപ്പസ്തോലിക സന്ദർശനം അവസാനിപ്പിക്കാനും മാർസെലീൻ ഓഫ് സെൻറ് തെരേസിനെ സുറിയാനി കത്തോലിക്കർക്കു വേണ്ടി മാത്രമുള്ള സഹായമെത്രാനായി പിന്തുടർച്ച അവകാശത്തോട് കൂടി ലയണാർദൊ മെല്ലാനോയുടെ കീഴിൽ നിയമിക്കുവാനും തീരുമാനിക്കുകയും ചെയ്തു. സുറിയാനി കത്തോലിക്കർക്ക് വേണ്ടിയുള്ള പ്രത്യേക സഹായമെത്രാനായുള്ള മാർസെലിന്റെ നിയമനത്തിന് പ്രതീക്ഷിച്ച തരത്തിലുള്ള പ്രതികരണം അല്ല വിശ്വാസികളിൽ നിന്നും ഉണ്ടായത്. മാർസെലീൻ അപ്പസ്തോലിക വികാരിയുടെ നേരിട്ടുള്ള നിയന്ത്രണത്തിൽ ആയിരുന്നതിനാൽ അദ്ദേഹത്തെ അവർ അവരുടെ സ്വന്തം മെത്രാനായി അംഗീകരിച്ചില്ല. തദ്ദേശീയനായ ഒരു മെത്രാനുവേണ്ടി റോമിലേക്ക് എഴുതി കൊണ്ടിരുന്നത് അവർ തുടർന്നു.

സുറിയാനി കത്തോലിക്കർക്ക് വേണ്ടി പ്രത്യേകമായി ഒരു സഹായമെത്രാൻ നിയമിതനായെങ്കിലും മലബാറിലെ സ്ഥിതിഗതികളിൽ മാറ്റമൊന്നും ഉണ്ടായില്ല. നിരവധി നിവേദനങ്ങൾ റോമിലേക്ക് പിന്നെയും ഒഴുകി. മിഷണറിമാർ അയച്ച വിവിധ റിപ്പോർട്ടുകളും രണ്ട് അപ്പസ്തോലിക സന്ദർശകർ സമർപ്പിച്ച കടകവിരുദ്ധമായ നിരവധി വിവരങ്ങളും മലബാറിലെ സഭയെക്കുറിച്ച് റോമിൽ നിലവിലിരുന്ന ധാരണ പിശകുകൾ വർദ്ധിപ്പിക്കുകയാണ് ചെയ്തത്. പാദ്രൊവാദൊയും പ്രോപ്പഗാന്തയും തമ്മിലുള്ള പ്രശ്നങ്ങളും കൂടുതൽ വഷളായി. ഭാരതത്തിലെ സഭ ശരിയായ വഴിക്കല്ല പോകുന്നത് എന്ന് പരിശുദ്ധ സിംഹാസനത്തിനും ബോധ്യപ്പെട്ടു. അവസാനം ലിയോ പതിമൂന്നാമൻ മാർപാപ്പ 1884 സെപ്റ്റംബർ 23 ന് മോൺ. ആന്റണി അഗ്ലിയാർഡിയെ പൗരസ്ത്യ ദേശത്തേക്കുള്ള ആദ്യത്തെ അപ്പസ്തോലിക പ്രതിനിധിയായി നിയമിച്ചു. സ്ഥിരമായുള്ള ഒരു കാര്യാലയത്തിൽ നിന്ന് കുറെക്കൂടി വിശ്വാസയോഗ്യമായ വിവരങ്ങൾ ലഭിക്കുമെന്ന് പ്രതീക്ഷയിൽ ആയിരുന്നു ഈ നിയമനം. അപ്പസ്തോലിക പ്രതിനിധിയായിരുന്ന ആൻറണി അഗ്ലിയാർഡി 1885 നവംബറിൽ മലബാറിൽ എത്തി. മലബാറിലെ യഥാർത്ഥ സ്ഥിതിഗതികൾ വിവരിച്ചുകൊണ്ട് 1885 ഡിസംബർ 18 ന് അഗ്ലിയാർഡി പ്രൊപ്പഗാന്ത ഫീദെയ്ക്ക് റിപ്പോർട്ട് സമർപ്പിച്ചു. അദ്ദേഹം ഇങ്ങനെ എഴുതി:

'വരാപ്പുഴ വികാരിയാത്തിലെ ബഹുഭൂരിപക്ഷം വരുന്ന വൈദികരും



Vasco-da-gama

വിശ്വാസികളും വികാരാവേശത്തിലും പ്രക്ഷുബ്ധമായ മാനസിക അവസ്ഥയിലും ആണെന്ന് അങ്ങയെ അറിയിക്കുന്നതിൽ തീർച്ചയായും എനിക്ക് വിഷമമുണ്ട്. റോമിലുള്ള ഗ്രീക്കുകാർക്കും അർമേനിയക്കാർക്കും ഉള്ളതുപോലെ മറ്റ് അധികാരങ്ങൾ ഒന്നുമില്ലെങ്കിലും മാർ പാപ്പയുടെ അംഗീകാരവും തിരുപ്പട്ടാധികാരവും ഉള്ള സുറിയാനി റീത്തിലുള്ള ഒരു മെത്രാനു വേണ്ടിയുള്ള ആഗ്രഹമാണെന്ന് തോന്നുന്നു ഈ പ്രശ്നങ്ങളുടെ പ്രധാന കാരണം. 'തന്റെ സന്ദേശത്തിൽ വരാപ്പുഴയിലുള്ള സുറിയാനി കത്തോലിക്കരെ രണ്ട് വികാരിയാത്തുകൾ ആക്കി വിഭജിക്കാനാണ് അല്ലിയാർഡി ശക്തമായി നിർദ്ദേശിച്ചത്. അത്തരമൊരു വിഭജനത്തിന്റെ നേട്ടങ്ങൾ അദ്ദേഹം എടുത്ത് പറഞ്ഞു. സുറിയാനി കത്തോലിക്കരെ രണ്ട് വികാരിയാത്തുകളാക്കി വിഭജിക്കാനുള്ള നിർദ്ദേശത്തിനുള്ള അല്ലിയാർഡിയുടെ കാരണങ്ങൾ കൗതുകകരമായിരുന്നു. തദ്ദേശീയനായ ഒരു മെത്രാന് വേണ്ടിയുള്ള പ്രതീക്ഷയ്ക്ക് മങ്ങലേല്പിക്കാതെ തന്നെ അത് പരിശുദ്ധ സിംഹാസനത്തിന് സുറിയാനി കത്തോലിക്കരോടുള്ള കരുതൽ എടുത്തു കാട്ടുമെന്ന് അദ്ദേഹം പറഞ്ഞു. സുറിയാനിക്കാരുടെ ശക്തി അത് രണ്ട് കേന്ദ്രങ്ങളിലേക്ക് വിഭജിതമാക്കുകയും ചെയ്യും. അവരുടെ അവകാശങ്ങളുടെ അംഗീകാരവും കർമ്മലീത്തക്കാരുടെ മേലുള്ള ഒരു വിജയവുമായി വ്യാഖ്യാനിക്കപ്പെടാൻ ഇടയുള്ളതുകൊണ്ട് തദ്ദേശീയനായ ഒരു മെത്രാനെ നിയമിക്കുന്നത് ബുദ്ധിയല്ലെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

ആലുവാപ്പുഴ അതിർത്തിയാക്കി തൃശ്ശൂർ കേന്ദ്രമായി വടക്കും ആലപ്പുഴ കേന്ദ്രമായി തെക്കും രണ്ട് സുറിയാനി വികാരിയാത്തുകൾ സ്ഥാപിക്കാനാണ് അദ്ദേഹം നിർദ്ദേശിച്ചത്. ലത്തീൻ റീത്തിൽ നിന്നുള്ള രണ്ട് യൂറോപ്പ്യൻ മെത്രാന്മാരെ നിയമിക്കണമെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടെങ്കിലും തദ്ദേശീയരായ മെത്രാന്മാർക്ക് അദ്ദേഹം തീർത്തും എതിരായിരുന്നില്ലെന്ന് പിന്നീടുള്ള വിശദീകരണങ്ങൾ പലതും വായിച്ചാൽ അനുമാനിക്കാവുന്നതാണ്.

സങ്കീർണവും കുഴപ്പം പിടിച്ചതുമായ പാദ്രൊവാദൊ അധികാര തർക്കം കൊൺകൊർഡാറ്റ് വഴി ഒത്തുതീർപ്പാക്കിയതിനു ശേഷം ലിയോ പതിമൂന്നാമൻ മാർപാപ്പ അന്ന് ബ്രിട്ടീഷ് ഭരണത്തിൻ കീഴിലായിരുന്ന വിസ്തൃതമായ ഭാരതീയ പ്രവിശ്യകളിൽ ലത്തീൻ ഹയരാർക്കി സ്ഥാപനവുമായി മുന്നോട്ടുപോയി. 1886 സെപ്റ്റംബർ 1 ന് ലിയോ പതിമൂന്നാമൻ മാർപാപ്പ ഹ്യുമാണെ സലൂത്തിസ് അവുക്തോർ (Humanae salutis auctor) എന്ന അപ്പസ്തോലിക ലേഖനം വഴി പ്രൊപ്പഗാന്ത ഫീദെയുടെ കീഴിൽ ഭാരതത്തിൽ പുതിയ ലത്തീൻ ഹയരാർക്കി സ്ഥാപിച്ചു. ഗോവയിലെ മെത്രാപ്പോലീത്തയുടെ പദവി പൗരസ്ത്യ ദേശത്തിനുവേണ്ടിയുള്ള അഭിവന്ദ്യനായ പാത്രിയർക്കീസ് എന്നായി ഉയർത്തപ്പെട്ടു. മാർത്തോമാ ക്രിസ്ത്യാനികളുടെ കൊടുങ്ങല്ലൂർ അതിരൂപത ഇല്ലാതാവുകയും അതിൻറെ സ്ഥാനം പുതിയ ദാമെൻ രൂപതയ്ക്ക് നൽകുകയും ചെയ്തു. കൊച്ചി, മൈലാപ്പൂർ, ദാമെൻ എന്ന രൂപതകൾ ഉൾപ്പെട്ട ഗോവ സഭാ പ്രവിശ്യയോടൊപ്പം അന്ന് ഭാരതത്തിലും ശ്രീലങ്കയിലും നിലവിലുണ്ടായിരുന്ന എല്ലാ വികാരിയാത്തുകളും രൂപതകളും അതിരൂപതകളുമായി ഉയർത്തപ്പെട്ടു. കൊടുങ്ങല്ലൂർ അതിരൂപത ഇല്ലാതെയാക്കി ലത്തീൻ ഹയരാർക്കി സ്ഥാപിതമായപ്പോൾ എല്ലാ സുറിയാനി കത്തോലിക്കരും വരാപ്പുഴ ലത്തീൻ

അതിരൂപതയ്ക്ക് കീഴിലായി. കൊടുങ്ങല്ലൂരിന്റെ തിരോധാനത്തോടുകൂടി മാർത്തോമ ക്രിസ്ത്യാനികളുടെ മേൽ പാദ്രൊവാദൊ ഭരണം അവസാനിച്ചെങ്കിലും വിദേശ ആധിപത്യം കൊണ്ടുണ്ടായ പ്രശ്നങ്ങൾക്ക് പരിഹാരം ഉണ്ടായില്ല.

1886 ഡിസംബർ 20 ന് ചേർന്ന പ്രൊപ്പഗാന്ത ഫീദെയുടെ പൊതു സമ്മേളനം മോൺ. അഗ്ളിയാർഡിയുടെ റിപ്പോർട്ടുകളുടെ വെളിച്ചത്തിൽ സുറിയാനി കത്തോലിക്കരുടെ പ്രശ്നങ്ങൾ വളരെ ഗൗരവമായി ചർച്ച ചെയ്യുകയുണ്ടായി. നീണ്ട ചർച്ചകൾക്കൊടുവിൽ സുറിയാനിക്കാരെ ലത്തീൻകാരിൽ നിന്നും വേർതിരിക്കാൻ സമ്മേളനത്തിൽ അവസാനം തീരുമാനമായി. ലത്തീൻ മേലധ്യക്ഷന്മാരുടെ കീഴിൽ ഒന്നോ രണ്ടോ വികാരിയാത്തുകൾ സ്ഥാപിക്കാനും അവയുടെ മേലധ്യക്ഷന്മാരായി സുറിയാനി കത്തോലിക്കരായ വികാരി ജനറൽമാരെ നിയമിക്കാനും സഭാ കാര്യങ്ങളിൽ ഉപദേശകരായി നാല് സുറിയാനി വൈദികരെ തെരഞ്ഞെടുക്കാനും തീരുമാനമായി. പ്രൊപ്പഗാന്തയുടെ ഈ തീരുമാനം മോൺ. അഗ്ലിയാർഡിയെ അറിയിക്കാനും താഴെപ്പറയുന്ന വിഷയങ്ങൾ ദക്ഷിണ ഭാരത മെത്രാൻമാരുടെ യോഗത്തിൽ ചർച്ച ചെയ്യാനും അവിടെ തീരുമാനം ഉണ്ടായി. 1. വികാരിയാത്തുകൾ ഒന്നോ രണ്ടോ ഏതായിരിക്കും ഉചിതം 2. അങ്ങനെ നിയമിക്കപ്പെടുന്ന വികാരിക്കോ, വികാരി ജനറലിനോ വിശുദ്ധ തൈലം ആശീർവദിക്കാനുള്ള അധികാരം കൊടുക്കുന്നത് ശരിയായിരിക്കുമോ ?

1887 ജനുവരി 22 നാണ് ദക്ഷിണ ഭാരതമെത്രാന്മാരുടെ സിനഡ് ബാംഗ്ലൂരിൽ നടന്നത്. ഈ സമ്മേളനത്തിൽ അപ്പസ്തോലിക പ്രതിനിധി സുറിയാനി കത്തോലിക്കർക്ക് വേണ്ടി സ്ഥാപിക്കേണ്ട വികാരിയാത്തുകളുടെ എണ്ണത്തെയും ആസ്ഥാനങ്ങളെപ്പറ്റിയും സുറിയാനി വികാരി ജനറലിന് പൊന്തിഫിക്കൽ അവകാശങ്ങളും സ്ഥൈര്യ ലേപനം നൽകാനുള്ള അനുവാദവും കൊടുക്കുന്നതിനെപ്പറ്റിയും അവിടെ സന്നിഹിതരായിരുന്നു മെത്രാന്മാരുടെ അഭിപ്രായം ആരാഞ്ഞു.


Church Bells - kerala

ആലുവാപ്പുഴ അതിർത്തിയായി നിശ്ചയിച്ചുകൊണ്ട് വടക്ക് തൃശൂരും തെക്ക് കോട്ടയത്തും മെത്രാന്മാരുടെ ആസ്ഥാനം സ്ഥാപിക്കാമെന്ന് അവർ അഭിപ്രായപ്പെട്ടു. ഇതിൽ ഒരു വികാരിയാത്തിൽ അപ്പോൾ സഹായ മെത്രാനായിരുന്ന മോൺ. മാർസെലീനെയും രണ്ടാമത്തേതിൽ വേറെ ഒരു കർമ്മലീത്തക്കാരനെയും നിയമിക്കണമെന്നും അവർ നിർദ്ദേശിച്ചു.

മെലൂസ് മലബാറിലേക്ക് തിരിച്ചു പോകാനോ, അല്ലെങ്കിൽ അവിടേക്ക് വേറൊരു മെത്രാനെ അയക്കാനോ ആലോചിക്കുന്നുണ്ട് എന്ന് 1887 ജനുവരി 7 ന് മോൺ. മെവ്രിൻ പ്രൊപ്പഗാന്തയ്ക്ക് അയച്ച ഒരു കത്തിൽ പറഞ്ഞിരുന്നു. ശീശ്മ മലബാറിൽ ശക്തി പ്രാപിക്കാൻ സാധ്യതയുണ്ടെന്ന് കണ്ട് ഇതിനെപ്പറ്റി വിവരം ശേഖരിക്കുവാനും വേണ്ട മുൻകരുതൽ എടുക്കുവാനും പ്രൊപ്പഗാന്ത അഗ്ലിയാർഡിക്ക് കമ്പിയടിച്ചു. ഈ വാർത്തയും വികാരിയത്ത് സ്ഥാപിക്കുന്നതിന് ആക്കംകൂട്ടി.

സുറിയാനി കത്തോലിക്കരെ ലത്തീൻകാരിൽ നിന്ന് വേർതിരിച്ച് അവർക്ക് വേണ്ടി യൂറോപ്യൻ ലത്തീൻ മേലദ്ധ്യക്ഷന്മാരുടെ കീഴിൽ രണ്ടു വികാരിയാത്തുകൾ സ്ഥാപിക്കാനുള്ള പ്രൊപ്പഗാന്ത ഫീദെയുടെ 1886 ഡിസംബർ 20 ന് നടന്ന പൊതു സമ്മേളനത്തിലെ നിർദ്ദേശവും ബാംഗ്ലൂർ സമ്മേളനത്തിലെ തീരുമാനങ്ങളും പരിശുദ്ധ പിതാവിന് സമർപ്പിക്കപ്പെട്ടു. **1887 മെയ് 20 ന് ലിയോ പതിമൂന്നാമൻ മാർപാപ്പ തന്റെ കോദ് ജാംപ്രിദെം (Quod Jampridem) എന്ന അപ്പസ്തോലിക ലേഖനം വഴി സുറിയാനി കത്തോലിക്കരെ വരാപ്പുഴ ലത്തീൻ അതിരൂപതയിൽ നിന്ന് വേർപ്പെടുത്തുകയും തൃശ്ശൂർ, കോട്ടയം എന്ന രണ്ട് സീറോ മലബാർ അപ്പസ്തോലിക വികാരിയാത്തുകൾ സ്ഥാപിക്കുകയും ചെയ്തു.**

അപ്പസ്തോലിക ലേഖനത്തിൽ സുറിയാനി കത്തോലിക്കരെ സംബന്ധിച്ച് പരിശുദ്ധ സിംഹാസനം കൈക്കൊണ്ട തീരുമാനങ്ങളെ താഴെ പ്പറയുന്ന അഞ്ചു കാര്യങ്ങളായി

സംഗ്രഹിക്കാം

1. സുറിയാനി കത്തോലിക്കരെ ലത്തീൻകാരിൽ നിന്നും റീത്ത നുസരിച്ചുള്ള വിഭജനം

2. സുറിയാനി കത്തോലിക്കർക്കുവേണ്ടി ലത്തീൻ മേലദ്ധ്യന്മാരുടെ കീഴിൽ തൃശ്ശൂർ കോട്ടയം എന്നീ രണ്ട് വികാരിയാത്തുകളുടെ സ്ഥാപനം

3. സുറിയാനി വൈദിക സമൂഹത്തിൽ നിന്നും പ്രത്യേക അധികാരങ്ങളോടെ അപ്പസ്തോലിക വികാരി തിരഞ്ഞെടുക്കുന്ന വികാരി ജനറൽ.

4. സഭാ കാര്യങ്ങളിൽ കൂടിയാലോചനകൾക്കായി സുറിയാനി കത്തോലിക്കരിൽ നിന്ന് അപ്പസ്തോലിക വികാരി തെരഞ്ഞെടുക്കുന്ന 4 ഉപദേഷ്ടാക്കൾ

5. ആലുവാ പുഴയെ അടിസ്ഥാനപ്പെടുത്തിക്കൊണ്ടുള്ള പ്രകൃതിനിർമ്മിത അതിർത്തി വിഭജനം

കോദ് ജാം പ്രിദെം എന്ന അപ്പസ്തോലിക ലേഖനം വഴി സുറിയാനി കത്തോലിക്കർക്ക് വേണ്ടി രണ്ട് പ്രത്യേക അപ്പസ്തോലിക വികാരിയാത്തുകൾ 1887 മെയ് 20 ന് നിലവിൽ വന്നു. ഈ അപ്പസ്തോലിക ലേഖനമായിരുന്നു മാർത്തോമ ക്രിസ്ത്യാനികളുടെ കത്തോലിക്ക സഭയെ ഉദ്ദേശിച്ച് സീറോ മലബാർ എന്ന വാക്ക് ആദ്യം ഉപയോഗിച്ച പേപ്പൽ രേഖ. മാർത്തോമാ ക്രിസ്ത്യാനികളുടെ സഭ അല്ലെങ്കിൽ മലബാറിലെ സുറിയാനി കത്തോലിക്കരുടെ സഭ പിന്നീട് ഔദ്യോഗികമായി അറിയപ്പെടുന്നത് തന്നെ സീറോ മലബാർ സഭ എന്നാണ്.

വികാരിയാത്തുകൾ സ്ഥാപിക്കപ്പെട്ടെങ്കിലും അപ്പസ്തോലിക വികാരിമാരെപ്പറ്റി അപ്പോഴും തീരുമാനമൊന്നുമായിരുന്നില്ല. പരിശുദ്ധ സിംഹാസനത്തിനോട് വിധേയരായിരിക്കാനും ലത്തീൻ അപ്പസ്തോലിക വികാരിമാർ താൽക്കാലികമായിരിക്കുമെന്നും അറിയിച്ചുകൊണ്ട് അയൂത്തി ഒരു ഇടയലേഖനം സുറിയാനി കത്തോലിക്കർക്ക് അയച്ചിരുന്നു.

1887 സെപ്റ്റംബർ 13 ന് ലിയോ പതിമൂന്നാമൻ മാർപാപ്പ ഫാദർ ചാൾസ് ലവീഞ്ഞ് S.J. യെ കോട്ടയത്തെ അപ്പസ്തോലിക വികാരിയായും പ്രോപ്പഗാന്ത കോളേജിലെ മുൻ വിദ്യാർത്ഥിയായിരുന്ന അഡോൾഫ് മെഡ്ലിക്കോട്ടിനെ തൃശൂരിലെ അപ്പസ്തോലിക വികാരിയായും നിയമിച്ചു.



St. Chavara Kuriakose Elias established a CMI Catholic Monastery on a sub-island surrounded by paddy fields in 1858

## മോൺ. അഡോൾഫ് മെഡ്ലിക്കോട്ട്

### തൃശ്ശൂർ വികാരിയാത്തിന്റെ ശില്പി




അഡോൾഫ് മെഡ്ലിക്കോട്ട്, 1836 ൽ ബ്രിട്ടീഷ് ഇന്ത്യയിലെ ചിറ്റഗോങ്ങിൽ ഇംഗ്ലീഷ് മാതാപിതാക്കൾക്ക് ജനിച്ചു. ചിറ്റഗോങ്ങ് ഇന്ന് ബംഗ്ലാദേശിന്റെ ഭാഗമാണ്. ആ കാലഘട്ടത്തിൽ അത് ഈസ്റ്റ് ബംഗാളിന്റെ ഭാഗമായിരുന്നു. റോമിലെ ഉപരിപഠനം കഴിഞ്ഞ് കൽക്കട്ടയിൽ തിരിച്ചെത്തി പഞ്ചാബിൽ ഒരു മിലിറ്ററി ചാപ്ലിൻ ആയി സേവനമനുഷ്ഠിച്ചു കൊണ്ടിരിക്കുമ്പോഴാണ് തൃശ്ശൂർ വികാരി അപ്പസ്തോലിക്കയായി അദ്ദേഹം തിരഞ്ഞെടുക്കപ്പെടുന്നത്.

1887 ഡിസംബർ 11ന് ഊട്ടിയിൽ വെച്ച് അന്നത്തെ അപ്പസ്തോലിക് ഡെലിഗേറ്റ് ആയിരുന്ന മോൺ. അയൂത്തിയിൽ നിന്ന് മെത്രാൻ പട്ടം സ്വീകരിച്ചു. ഡിസംബർ 18ന് ഞായറാഴ്ച മെഡലിക്കോട്ട് തൃശ്ശൂരിലേക്ക് എത്തിച്ചേർന്നു. ഷൊർണൂരിൽ നിന്ന് തൃശൂരിലേക്കുള്ള യാത്രാമധ്യേ അദ്ദേഹം വടക്കാഞ്ചേരി ഇടവക സന്ദർശിച്ചു. ശീശ്മയിൽ ആയിരുന്ന വടക്കാഞ്ചേരി ഇടവക ജനങ്ങൾ ശീശ്മ ഉപേക്ഷിച്ച് അദ്ദേഹത്തെ ആദരവോടെ സ്വീകരിച്ചു. അവിടെ അദ്ദേഹം വിശുദ്ധ കുർബാന ചൊല്ലുകയും ഇംഗ്ലീഷിൽ പ്രസംഗം നടത്തുകയും ചെയ്തു. നിധീരിക്കൽ മാണി കത്തനാർ ആ പ്രസംഗം മലയാളത്തിലേക്ക് തർജ്ജമ ചെയ്തു. തുടർന്ന് അവർ തൃശ്ശൂരിലേക്ക് യാത്ര തുടർന്നു. തൃശ്ശൂരിൽ ലൂർദ്ദ് മാതാവിന്റെ പള്ളിയിൽ വർണ്ണാഭമായ സ്വീകരണം ഒരുക്കിയിരുന്നു,



Pope Leo XIII

**1886 സെപ്റ്റംബർ 1 ന് ലിയോ പതിമൂന്നാമൻ മാർപ്പാപ്പ ഹ്യൂമാണെ സലൂത്തിസ് അവുക്തോർ (Humanae salutis auctor) എന്ന അപ്പസ്തോലിക ലേഖനം വഴി പ്രൊപ്പ ഗാന്ത ഫീദെയുടെ കീഴിൽ ഭാരതത്തിൽ പുതിയ ലത്തീൻ ഹയരാർക്കി സ്ഥാപിച്ചു.**


LEO PP XIII

Page of Humanae salutis auctor Decree - Pope Leo

അവിടെവെച്ച് അദ്ദേഹം തൃശൂർ വികാരിയാത്തിന്റെ സാരഥ്യം ഏറ്റെടുത്തു. 123 വൈദികരും 83 പള്ളികളും 22 കപ്പേളകളും ഏകദേശം ഒരു ലക്ഷത്തോളം വിശ്വാസികളുമാണ് അന്ന് തൃശ്ശൂർ വികാരിയത്തിലുണ്ടായിരുന്നത്. ഏകദേശം 5000 ത്തോളം വരുന്ന മേലൂസ് ശീശ്മക്കാരും തൃശ്ശൂരിൽ ഉണ്ടായിരുന്നു.

മെഡലിക്കോട്ട് റോമിലേക്ക് എഴുതിയ കത്തിൽ വികാരിയത്തിന്റെ അടിയന്തര ആവശ്യങ്ങളെകുറിച്ച് പറയുന്നുണ്ട്. 1) പ്രാഥമിക വിദ്യാഭ്യാസം- പല ഇടവകകളിലും ഇതിനോടകം പ്രാഥമിക വിദ്യാലയങ്ങൾ ഉണ്ട്. എന്നാൽ പലരും അവയോട് നിസംഗത പുലർത്തുന്നു, അതിനാൽ പ്രാഥമിക വിദ്യാലയങ്ങൾ ശക്തിപ്പെടുത്തേണ്ടതുണ്ട്. 2) മിഡിൽ സ്കൂൾ- ഒന്നും തന്നെയില്ല ഉടനെ തുടങ്ങേണ്ടതുണ്ട്. 3) ഒരു മൈനർ സെമിനാരി അത്യാവശ്യം ആയി തുടങ്ങണം. 4) യൂറോപ്പ്യൻ കന്യാസ്ത്രീകളുടെ നേതൃത്വത്തിൽ തദ്ദേശീയരായ കന്യാസ്ത്രീകളുടെ സഹായത്തോടുകൂടിയും പെൺകുട്ടികൾക്കായി ഒരു സ്കൂൾ തുടങ്ങണം. 5) ഒരു കാറ്റക്യുമനേറ്റ് പ്രവർത്തിക്കുന്നുണ്ട്. അതുവഴി 70 ഓളം പേർ ഇതുവരെ ജ്ഞാനസ്നാനപ്പെട്ടിട്ടുണ്ട്. അതിന്റെ പ്രവർത്തനങ്ങളെ വിപുലീകരിക്കാൻ ഒരു യൂറോപ്യൻ മിഷനറിയുടെ നേതൃത്വം ആവശ്യമുണ്ട്. 6) ബിഷപ്പിനും വികാരി ജനറൽമാർക്കും മിഷനറിമാർക്കും കൂരിയായുടെ പ്രവർത്തനത്തിനും ഒരു വസതി ആവശ്യമാണ്. 7) മതപരമായ ജീവിതത്തിന് ദിശാബോധം നൽകാനും വിദ്യാഭ്യാസത്തിന് മേൽനോട്ടം

## തൃശ്ശൂർ വികാരിയാത്ത് 1887

**പള്ളികൾ**

1. അകപ്പറമ്പ്
2. അങ്കമാലി
3. അമ്പഴക്കാട്
4. അരണാട്ടുകര (കി, പള്ളി)
5. അരണാട്ടുകര (പടി. പള്ളി)
6. അരിമ്പൂര് (തെ, പള്ളി)
6. അരിമ്പൂര് (വട. പള്ളി)
8. ആർത്താറ്റ്
9. ആമ്പക്കാട്
10. ആലങ്ങാട്
11. ആളൂർ
12. ഇരിഞ്ഞാലക്കുട (പഴ. പ.)
13. ഇരിഞ്ഞാലക്കുട (പുതി. പ.)
14. ഇടത്തുരുത്തി
15. എരനെല്ലൂർ
16. ഏങ്ങണ്ടിയൂർ
17. ഏനമ്മാവ്
18. ഒല്ലൂർ
19. കടമാതടി
20. കണ്ടശ്ശാംകടവ്
21. അമ്മാടം
22. കൽപറമ്പ്
23. കല്ലൂർ
24. കല്ലേറ്റുംക്കര
25. കറുകുറ്റി
26. കാഞ്ഞാണി
27. കാഞ്ഞൂർ
28. കാട്ടൂർ
29. കുത്തിയതോട് പഴയ പള്ളി)
30. കുണ്ടന്നൂർ
31. കുത്തിയതോട് (പുതി. പ.)
32. കുഴുപ്പള്ളി
33. കോട്ടപ്പടി
34. കൊട്ടേക്കാട് (തെക്ക് പ.)
35. കൊട്ടേക്കാട് (വടക്ക് പ)
36. കൊരട്ടി
37. കൊറ്റമത്തി
38.ചക്കരക്കടവ്
39. ചാലക്കുടി
40. ചിറക്കൽ
41. ചിറ്റാട്ടുകര
42. ചേന്ദമംഗലം
43. ചേർപ്പ്
44. ചെവ്വൂര്
45. ചൊവ്വര
46. ഞാറയ്ക്കൽ
47. തൃശ്ശൂർ (കോട്ടവാതിൽ)
48. പട്ട്യേക്കാട്
49. പതിയാരം
50. പറപ്പൂക്കര
51. പറപ്പൂര്
52. പറവൂർ
53. പഴയൂർ
54. പാലയൂർ
55. പാവറട്ടി
56. പുതുശ്ശേരി
57. പുതുക്കാട്
58. പുത്തൻച്ചിറ
59. പുത്തൻപള്ളി
60. പുത്തൻപീടിക
61. പുത്തൻവേലിക്കര
62. പൂവ്വത്തുശ്ശേരി
63. പേരാമ്പ്ര
64. പൊറത്തൂർ
65. മഞ്ഞപ്ര
66. മണലൂർ
67. മതിലകം
68. മലയാറ്റൂർ
69. മറ്റം
70. മാപ്രാണം
71. മാള
72. മുക്കാട്ടുകര
73. മുണ്ടൂർ
74. മുല്ലശ്ശേരി
75. മൂർക്കനാട്
76. മൂഴിക്കുളം
77. മേലാർക്കോട്
78.വടക്കാഞ്ചേരി
79. വരന്തരപ്പിള്ളി
80. വലപ്പാട്
81. മേലൂര്
82. വെളിയനാട്
83. വൈലത്തൂര്

**കുരിശുപള്ളികൾ**

1. കരാഞ്ചിറ
2. കൈപ്പട്ടൂര്
3. ചേലൂര്
4. തൊറൂർ
5. മൂക്കന്നൂർ
6. മേലൂർ
7. അയ്യന്തോൾ (അരണാട്ടുകര)
8. അരിപ്പാലം (കല്പറമ്പിൽ)
9. അവിട്ടത്തൂർ (ചാലക്കുടി)
10. ഇടക്കുളം (കല്പറമ്പിൽ)
11. കാടുകുറ്റി
12. കുന്നുമ്മേൽ (ആലങ്ങാട്ടിൽ)
13. കൈപ്പമംഗലം (എടത്തിരുത്തിയിൽ)
14. ചിറക്കൽ (പഴയൂരിൽ)
15. ചെങ്ങാലൂർ
16. ചെറളയം
17. താഴെക്കാട് (വെളയനാട്)
18. നടവരമ്പ് (കല്പറമ്പിൽ)
19. നെടുങ്ങയ
20 പൊയ്യ

വഹിക്കാനും പഠിപ്പിക്കുവാനും പ്രോജക്ടുകൾ നടപ്പിലാക്കുവാൻ വികാരി അപ്പസ്തോലിക്കയെ സഹായിക്കാൻ യൂറോപ്യൻ മിഷനറിമാരുടെ സഹായം അത്യാവശ്യമാണ്. തന്റെ ദൗത്യം ആരംഭിച്ചപ്പോൾ തന്നെ കണ്ടെത്തിയ വികാരിയത്തിന്റെ അടിയന്തര ആവശ്യങ്ങൾ തുടർന്നുള്ള ഒമ്പത് വർഷക്കാലത്തിനുള്ളിൽ തൃശ്ശൂരിൽ പൂർണമായും പൂർത്തിയാക്കാൻ അദ്ദേഹത്തിന് സാധിച്ചു.

തൃശ്ശൂരിൽ ആദ്യ ദിവസങ്ങളിൽ അദ്ദേഹം എൽത്തുരുത്ത് കൊവേന്തയിലാണ് താമസിച്ചിട്ടുണ്ടാവുക. പിന്നീട് ഇപ്പോഴത്തെ ലത്തീൻ പള്ളിക്ക് പുറകിലുള്ള ഒളരി കുഞ്ഞുവറീതിന്റെ വീട് വാടകയ്ക്ക് എടുത്ത് അവിടെ താമസിക്കാൻ തുടങ്ങി. അവിടെ താമസിച്ചുകൊണ്ട് ഇപ്പോഴത്തെ ബിഷപ്പ്സ്ഹൗസുള്ള സ്ഥലം വാങ്ങി അവിടെ കെട്ടിടം പണിയാൻ ആരംഭിച്ചത്.

### മാർ ജോൺ മേനാച്ചേരി : (1896–1919)

തൃശ്ശൂർ വികാരിയാത്തിന്റെ ആദ്യത്തെ തദ്ദേശീയ മെത്രാൻ.

ജോൺ മേനാച്ചേരി 1857 ഓഗസ്റ്റ് 1 തീയതി ഞാറക്കലിൽ ഒരു സാധാരണ കുടുംബത്തിൽ ജനിച്ചു. പുത്തൻപള്ളി സെമിനാരിയിൽ വൈദിക പരിശീലനം പൂർത്തിയാക്കി, 1883 ൽ വൈദികപട്ടം



Mar John Menachery

സ്വീകരിച്ചു. 1887 മെയ് 20ാം തീയതി തൃശ്ശൂർ വികാരിയാത്ത് രൂപം കൊള്ളുന്നതിന് മുൻപ് നാലോ അഞ്ചോ ഇടവകകളിൽ അദ്ദേഹം സേവനം ചെയ്തിട്ടുണ്ട്. അഡോൾഫ് മെഡ്ലിക്കോട്ട് പിതാവ്, 1887 ഡിസംബർ 18 ന് തൃശ്ശൂർ വികാരി അപ്പസ്തോലിക്ക ആയി ചാർജെടുത്ത ഉടനെ തന്നെ ഫാ. ജോൺ മേനാച്ചേരിയെ തന്റെ സെക്രട്ടറിയും കത്തീഡ്രൽ പള്ളി പ്രൊ-വികാരിയും ആയി നിയമിച്ചു. ഒമ്പതു വർഷം മെഡ്ലിക്കോട്ട് പിതാവിന്റെ സെക്രട്ടറിയായി ജോലി ചെയ്ത അനുഭവസമ്പത്ത് തന്നെയാണ് 39ാമത്തെ വയസ്സിൽ തൃശ്ശൂരിന്റെ ആദ്യത്തെ തദ്ദേശിയ മെത്രാൻ ആയി തിരഞ്ഞെടുക്കപ്പെടാൻ പ്രധാനകാരണം.

1895 ൽ തന്നെ മെഡ്ലിക്കോട്ട് പിതാവിനോടും ലവീഞ്ഞ് പിതാവിനോടും മെത്രാൻ പദവിയിലേക്ക് ഉയർത്തപ്പെടാൻ യോഗ്യതയുള്ള മൂന്നുപേരുടെ വീതം പേരുകൾ നൽകാൻ റോമിൽ നിന്ന് ആവശ്യപ്പെട്ടിരുന്നു. ലിസ്റ്റിൽ മൂന്നാമൻ ആയിരുന്നുവെങ്കിലും മെഡ്ലിക്കോട്ട് പിതാവ് ഏറ്റവും നന്നായി എഴുതിയിരിക്കുന്നത് മേനാച്ചേരിയെകുറിച്ചാണ്, തന്റെ സഹായമെത്രാനായി അദ്ദേഹം ആഗ്രഹിച്ചിരുന്നത് മേനാച്ചേരിയെയാണ് എന്ന് ഈ റിപ്പോർട്ടിൽ നിന്ന് വ്യക്തമാണ്.

1896 ജൂലൈ 28 ആം തീയതി Quae rei sacrae എന്ന തിരുവെഴുത്തു വഴി ലിയോ പതിമൂന്നാമൻ മാർപാപ്പ ഫാ. ജോൺ മേനാച്ചേരിയെ തൃശ്ശൂർ വികാരി അപ്പസ്തോലിക്കയായും, ഫാ. ലൂയീസ് പഴേപറമ്പിലിനെ എറണാകുളം വികാരി അപ്പസ്തോലിക്കയായും, ഫാ. മാത്യു മാക്കീലിനെ ചങ്ങനാശ്ശേരി വികാരി അപ്പസ്തോലിക്കയായും നിയമിച്ചു. അന്നത്തെ അപ്പസ്തോലിക് ഡെലഗേറ്റ് ആയിരുന്ന മോൺ. സലെസ്ക്കി ഇവരെ മൂന്നുപേരെയും കാൻഡിയിലേക്ക് (സിലോൺ) വിളിപ്പിക്കുകയും കാൻഡി കത്തീഡ്രലിൽവെച്ച് 1896 ഒക്ടോബർ 25 ആം തീയതി ഇവർക്ക് മെത്രാൻ പട്ടം കൊടുക്കുകയും ചെയ്തു. നവംബർ നാലിന് തൃശ്ശൂർ ലൂർദ്ദ് കത്തീഡ്രലിൽ വച്ച് തൃശ്ശൂർ വികാരിയാത്തിന്റെ മെത്രാനായി ചാർജെടുത്തു. മാർത്തോമാ ക്രിസ്ത്യാനികളുടെ വലിയ സ്വപ്ന സാക്ഷാത്കാരത്തിന്റെ നിമിഷങ്ങളായിരുന്നു അത്. സ്വന്തം റീത്തിൽപ്പെട്ട തദ്ദേശീയ മെത്രാൻമാരെ ലഭിക്കുവാൻ അവർ നടത്തിയ പോരാട്ടത്തിന്റെ അനന്തരം ഫലം. തൃശ്ശൂരിൽ മേലൂസ് ശീശ്മക്കാരായ ധാരാളം പേർ ഈ ദിവസം തന്നെ ശീശ്മ ഉപേക്ഷിച്ച് തങ്ങളുടെ മെത്രാനെ സ്വീകരിച്ചു. സ്വന്തം റീത്തിൽപ്പെട്ട ഒരു മെത്രാനെ ആഗ്രഹിച്ചാണ് അവർ ശീശ്മകാരായി മാറിയത്, ആ കാരണം തന്നെ അപ്രസക്തമായി.

മെത്രാൻ പട്ടം കഴിഞ്ഞ് അടുത്ത ദിവസം തന്നെ മൂന്ന് വികാരി അപ്പസ്തോലിക മാരും അപ്പസ്തോലിക് ഡെലിഗേറ്റും ചേർന്ന് മാരത്തൺ ചർച്ചകൾ നടന്നു. അതിൽ ഉയർന്നുവന്ന ഏറ്റവും പ്രധാനപ്പെട്ട കാര്യം എങ്ങനെ വൈദികപട്ടം കൊടുക്കും എന്നതായിരുന്നു. 1887 ൽ സുറിയാനി കത്തോലിക്കരെ ലത്തീൻ റീത്തിൽ നിന്നും വേർപെടുത്തി രണ്ട് വികാരിയാത്തുകൾ സ്ഥാപിക്കുകയും അതിന് രണ്ട് ലത്തീൻ മെത്രാന്മാരെ നിയമിക്കുകയും ചെയ്തപ്പോൾ ഈ പ്രശ്നം കാര്യമായി ചർച്ച ചെയ്യപ്പെട്ടില്ല. മെഡ്ലിക്കോട്ട് പിതാവും ലവീഞ്ഞ് പിതാവും ലത്തീൻ റീത്തിലെ മെത്രാന്മാർ ആയിരുന്നതിനാൽ ലത്തീൻ ഭാഷയിൽ ലത്തീൻ റീത്തിൽ തന്നെ വൈദികപട്ടം കൊടുത്തു. ഇപ്പോൾ സുറിയാനി റീത്തിൽപ്പെട്ട മെത്രാന്മാർക്ക് എങ്ങനെ ലത്തീൻ റീത്തിൽ വൈദിക പട്ടം കൊടുക്കാൻ പറ്റും എന്ന പ്രശ്നം ഉയർന്നുവന്നു. പ്രശ്നപരിഹാരത്തിനായി മോൺ. സലെസ്ക്കി ഇങ്ങനെ അഭിപ്രായപ്പെട്ടു 'സുറിയാനി ഭാഷയിലുള്ള ഉള്ള കാൽഡിയൻ കത്തോലിക്കാസഭയുടെ പൊന്തിഫിക്കൽ നിങ്ങൾക്ക് ഉപയോഗിക്കാൻ തരാൻ നമ്മുക്ക് മാർപാപ്പയോട് അപേക്ഷിക്കാം.' മൂന്ന് പേരും ഏകകണ്ഠമായി അത് വേണ്ട എന്ന് തീരുമാനിച്ചു. പകരമായി ലത്തീൻ പൊന്തിഫിക്കലിന്റെ സുറിയാനി തർജ്ജമ ഉപയോഗിക്കാൻ ആണ് അവർ താൽപര്യപ്പെട്ടത്. രണ്ടു നൂറ്റാണ്ടുകൾക്ക് മുൻപ് മാർത്തോമാ ക്രിസ്ത്യാനികളുടെ ചരിത്രത്തിലെ ആദ്യത്തെ തദ്ദേശിയ മെത്രാൻ ആയ പറമ്പിൽ ചാണ്ടി മെത്രാന് ഉപയോഗിക്കാൻ വേണ്ടി തയ്യാറാക്കിയ ലത്തീൻ പൊന്തിഫിക്കലിന്റെ സുറിയാനി തർജ്ജമ, പിന്നീട് ജോസഫ് കരിയാറ്റിൽ മെത്രാന് ഉപയോഗിക്കാൻ കാത്തു വെച്ചിരുന്ന കയ്യെഴുത്തുപ്രതി ഒരു നിധിപോലെ കുറവിലങ്ങാട് പള്ളിയിൽ സൂക്ഷിച്ചിട്ടുണ്ടായിരുന്നു. അതിന്റെ കുറെ ഭാഗങ്ങൾ കേടുവന്നു പോവുകയും കയ്യെഴുത്തുപ്രതി വ്യക്തമല്ലാത്തതു കൊണ്ടും അത് ഉപയോഗിച്ച് പുതിയ സുറിയാനി തർജ്ജമ ഉണ്ടാക്കാൻ തീരുമാനിച്ചു. ലത്തീൻ പൊന്തിഫിക്കലിന്റെ ഈ സുറിയാനി തർജ്ജമ തയ്യാറാക്കുന്ന ജോലി മേനാച്ചേരി പിതാവ് ഏറ്റെടുത്തു. തർജ്ജമ പൂർത്തിയാകുന്നതുവരെ ലത്തീൻ പൊന്തിഫിക്കൽ ലത്തീൻ ഭാഷയിൽ ഉപയോഗിക്കുവാൻ മാർപാപ്പയിൽ നിന്നും dispensation (ഒഴിവ്) ലഭിക്കുവാൻ റോമിലേക്ക് എഴുതി, അത് അനുവദിക്കുകയും ചെയ്തു. സുറിയാനി ഭാഷ അറിയാവുന്ന ഏതാനും വൈദികരെയും ചേർത്ത് ഈ തർജ്ജമ ആരംഭിച്ചു. പഴയ തർജ്ജമ ഉപയോഗിക്കാതെ തന്നെ പുതിയതായി ആദ്യം മുതൽ തർജ്ജമ ചെയ്യുക എന്ന വലിയ ദൗത്യം അവർ ഏറ്റെടുത്തു. പിന്നീട് പൂർത്തിയായ ഓരോ ഭാഗങ്ങളും റോമിലേക്ക് അംഗീകാരത്തിനായി അയച്ചുകൊടുത്തുവെങ്കിലും പൂർണ്ണമായും പൂർത്തിയാകാതെ അംഗീകരിക്കില്ല എന്ന് റോം പറഞ്ഞതോടുകൂടി തർജ്ജമ മുക്കാൽ ഭാഗത്തോടെ അവസാനിച്ചു. മേനാച്ചേരി പിതാവ് അയച്ചുകൊടുത്ത മാമോദീസയുടെയും സ്ഥൈര്യലേപനത്തിന്റയും



St. Thomas College, Thrissur

സുറിയാനി തർജ്ജമ ഓറിയൻറൽ കോൺഗ്രിഗേഷന്റെ ആർക്കീവ്സിൽ ഭദ്രമായി ഇപ്പോഴും ഇരിപ്പുണ്ട്.

മെഡ്ലിക്കോട്ട് പിതാവ് സ്ഥാപിച്ച ബലവത്തായ അടിസ്ഥാനത്തിൽ തൃശ്ശൂർ വികാരിയാത്തിനെ പണിതുയർത്തുക എന്നതായിരുന്നു മേനാച്ചേരി പിതാവിന്റെ ദൗത്യം. മെഡ്ലിക്കോട്ട് പിതാവ് പോകുമ്പോൾ തൃശൂർ ബിഷപ്പ് ഹൗസിന്റെ പണി ഏതാണ്ട് പൂർത്തിയായിരുന്നു. മേൽക്കൂര പണിയാൻ പണമില്ലാത്തതിനാൽ ഓലമേഞ്ഞതായിരുന്നു. സെന്റ് തോമസ് കോളേജ് പണിയാനുള്ള സ്ഥലം വാങ്ങിച്ചിരുന്നു, അതിന്റെ പ്ലാൻ വരച്ചിരുന്നു, പണിയാൻ പണം ഉണ്ടായിരുന്നില്ല. ഈ രണ്ടു കാര്യങ്ങൾക്കും പണം കണ്ടെത്താൻ വേണ്ടിയാണ് മെഡ്ലിക്കോട്ട് പിതാവ്, തന്റെ കൂടെ റോമിൽ പഠിച്ച അമേരിക്കയിലെ മെത്രാന്മാരെയും മറ്റുള്ളവരെയും സന്ദർശിക്കാൻ പോയത് തന്നെ. ചിക്കാഗോയിൽ വെച്ചാണ് അദ്ദേഹം അറിയുന്നത് തന്നെ തന്റെ സെക്രട്ടറി തൃശ്ശൂരിന്റെ മെത്രാനായി എന്ന്.

മേനാച്ചേരി പിതാവ് ചാർജ് എടുത്ത ഉടനെ അദ്ദേഹത്തിന്റെ മുൻപിൽ ഉണ്ടായിരുന്ന രണ്ടു വെല്ലുവിളികൾ ബിഷപ്പ്സ് ഹൗസിന്റെ പണി പൂർത്തിയാക്കുകയും സെന്റ് തോമസ് കോളേജ് പണിയുകയും ആയിരുന്നു. ഇതിനായി റോമിലേക്ക് സഹായം അപേക്ഷിച്ചുവെങ്കിലും കാര്യമായ സഹായങ്ങൾ ലഭിച്ചില്ല. 1897 ൽ തന്നെ ബിഷപ്പ്ഹൗസിന്റെ പണി പൂർത്തിയായി. അദ്ദേഹം ചാർജെടുത്ത ഉടനെതന്നെ റോമിലേക്ക് അയച്ച റിപ്പോർട്ട് പ്രകാരം അന്നത്തെ തൃശ്ശൂർ വികാരിയാത്തിൽ 62 പള്ളികളും 13 ചാപ്പലുകളും 64157 കത്തോലിക്കരും 79 വൈദികരും ഉണ്ടായിരുന്നു.

മെഡ്ലിക്കോട്ട് പിതാവിന്റെ ഏറ്റവും ശ്രദ്ധ പതിഞ്ഞ മേഖലയായിരുന്നു വൈദിക പരിശീലനവും വൈദികരുടെ തുടർ പരിശീലനവും. അതിനായി 1888ൽ തന്നെ എൽത്തുരുത്ത് കൊവേന്തയിൽ ഒരു റസിഡൻഷ്യൽ സ്കൂൾ സ്ഥാപിക്കുകയും 1889 ൽ സെന്റ് തോമസ് കോളേജ് സ്ഥാപിക്കുകയും ഈ വൈദിക വിദ്യാർത്ഥികളെ തൃശ്ശൂരിൽ നിന്നും താൻ താമസിക്കുന്നതിനടുത്തേക്ക് കൊണ്ടുവരികയും ചെയ്തു. സെന്റ് തോമസ് കോളേജ് വൈദിക വിദ്യാർത്ഥികൾക്ക് വേണ്ടിയുള്ള ഒരു ബോർഡിങ് സ്കൂൾ മാത്രമായിരുന്നു ആരംഭത്തിൽ. അതിനോട് ചേർന്ന് വൈദിക വിദ്യാർഥികൾക്കും മറ്റു വിദ്യാർഥികൾക്കും പഠിക്കാൻ വേണ്ടി ഒരു സെന്റ് തോമസ് ഡേ സ്കൂൾ ആരംഭിച്ചു. വൈദികരുടെ തുടർ പരിശീലനത്തിനായി ഒരു ബോർഡ് എക്സാമിനേഷനെ നിയമിച്ചു. വൈദികരുടെ വാർഷികധ്യാനതോടനുബന്ധിച്ച് മുൻപേ അറിയിച്ച വിഷയങ്ങളിൽ വൈദികർക്ക് പരീക്ഷകൾ നടത്തി. മേനാച്ചേരി പിതാവ് ഈ പതിവ് തുടർന്നു. മോറൽ തിയോളജിയും ഡോക്മാറ്റിക്ക് തിയോളജിക്കും പുറമേ സുറിയാനി ഭാഷ പരീക്ഷ കൂടി ഉൾപ്പെടുത്തി. വിശുദ്ധ കുർബാനയും മറ്റു തിരുകർമ്മങ്ങളും കൂടുതൽ ഭംഗിയായി അർപ്പിക്കുന്നതിനു സുറിയാനി ഭാഷ വൈദികർ നന്നായി പഠിക്കണം എന്ന് നിർബന്ധം പിടിച്ചു.

1904 ജൂൺ 4 ന് മേനാച്ചേരി പിതാവ് എല്ലാ പള്ളികളിലേക്കും ഒരു സർക്കുലർ അയച്ചു. 'എൽത്തുരുത്തിലെ കർമലീത്ത സന്യാസിമാരെ കുറച്ചുപേരെ തൃശ്ശൂരിൽ കൊണ്ടുവന്ന് വികാരിയാത്തിന്റെ പ്രവർത്തനത്തിൽ കൂടുതൽ സഹകരിക്കുവാനും അവരുടെ പ്രവർത്തനങ്ങൾ ജനങ്ങൾക്ക് ഉപകാരപ്പെടുന്ന രീതിയിൽ ക്രമീകരിക്കുവാനും ആഗ്രഹിക്കുന്നു. അതിനായി തൃശ്ശൂർ വികാരിയാത്തിന്റെ


**തൃശ്ശൂരിൽ ലൂർദ്ദ് മാതാവിന്റെ പള്ളിയിൽ വെച്ച് അദ്ദേഹം തൃശൂർ വികാരിയാത്തിന്റെ സാരഥ്യം ഏറ്റെടുത്തു. 123 വൈദികരും 83 പള്ളികളും 22 കപ്പേളകളും ഏകദേശം ഒരു ലക്ഷത്തോളം വിശ്വാസികളുമാണ് അന്ന് തൃശ്ശൂർ വികാരിയത്തിലുണ്ടായിരുന്നത്. ഏകദേശം 5000 ത്തോളം വരുന്ന മേലൂസ് ശീശ്മക്കാരും തൃശ്ശൂരിൽ ഉണ്ടായിരുന്നു.**

ഉടമസ്ഥതയിലുള്ള തോപ്പ് എസ്റ്റേറ്റിൽ ഒരു കെട്ടിടം പണിയാൻ തീരുമാനിച്ചു. അതിലേക്ക് എല്ലാവരും ഉദാരമായി സംഭാവന നൽകണം.' ഈ സർക്കുലർ പ്രകാരം ശേഖരിച്ച 4000 രൂപ കൊണ്ട് കൊണ്ട് തോപ്പ് എസ്റ്റേറ്റിൽ ഡിസംബർ മാസമാകുമ്പോഴേക്കും ഒരു കെട്ടിടം പണി കഴിപ്പിച്ചു. കർമ്മലീത്താ സന്യാസിമാരുടെ പ്രിയോർ ജനറലിനോട് ഏതാനും സന്യാസികളെ അയച്ച് തൃശൂരിൽ കെവേന്ത തുടങ്ങാൻ നിർദേശിച്ചു. ഒന്നോ രണ്ടോ പ്രാവശ്യം ആവശ്യപ്പെട്ടിട്ടും അവർ തയ്യാറാകാതിരുന്ന സാഹചര്യത്തിൽ മേനാച്ചേരി പിതാവ് അപ്പസ്തോലിക് ഡെലിഗേറ്റിന് എഴുതി. അദ്ദേഹം ചോദിച്ചപ്പോൾ തൃശ്ശൂരിൽ പുതിയ കെവേന്ത ഉടനെ തുടങ്ങാൻ അവർക്ക് സാധിക്കില്ല എന്ന് മറുപടി ലഭിച്ചു. ഡെലഗേറ്റ് അത് മേനാച്ചേരി പിതാവിനെ അറിയിച്ചു. 1906 വരെയുള്ള തൃശ്ശൂർ വികാരിയാത്തിന്റെ ഡയറക്ടറിയിൽ പണിതുകൊണ്ടിരിക്കുന്ന കെവേന്ത എന്നാണ് ഇതിനെക്കുറിച്ച് എഴുതിയിരിക്കുന്നത്. 1907 സെപ്റ്റംബറിൽ, ഇത് സെന്റ് മേരീസ് പെറ്റിറ്റ് സെമിനാരി എന്ന പേരിൽ മാതാവിന്റെ ജനനത്തിരുനാളിന്റെ എട്ടാമിടത്തിന് വെഞ്ചിരിച്ചു. ഫാ. പീറ്റർ വടക്കൂട്ടിനെ സെമിനാരിയുടെ ആദ്യത്തെ റെക്ടറായി നിയമിച്ചു. പിന്നീട് ഒരു നൂറ്റാണ്ടോളം വൈദിക പരിശീലനത്തിന്റെ ഈറ്റില്ലമായി മാറി ഈ തോപ്പ് സെമിനാരി.

മെഡ്ലിക്കോട്ട് പിതാവിന്റെ സ്വപ്ന പദ്ധതി ആയിരുന്ന സെന്റ് തോമസ് കോളേജിന്റെ (സ്കൂളിന്റെ) പണി പൂർത്തീകരണത്തിനായി റോമിൽ നിന്ന് സഹായം അഭ്യർത്ഥിച്ചുവെങ്കിലും ലഭിക്കാതെ വന്നപ്പോൾ കൊച്ചി സർക്കാരിൽ നിന്നും 10000 രൂപ പലിശ രഹിത വായ്പക്കായി അപേക്ഷിച്ചു. അത് ലഭിച്ചോ എന്ന് വ്യക്തമല്ല. 30000 രൂപ ചിലവ് വരുന്ന വലിയ പദ്ധതിക്കായി ഉദാരമായി സംഭാവന ചെയ്യാൻ പറഞ്ഞുകൊണ്ട് കൊണ്ട് ഇടവകകളിലേക്ക് സർക്കുലർ അയച്ചു. സമ്പന്നരായ വ്യക്തികളിൽ നിന്നും സംഭാവനകൾ സ്വീകരിച്ച് അവരെ കോളേജിന്റെ ഉപകാരികൾ ആക്കികൊണ്ട് പണം ശേഖരിക്കാനും ശ്രമിച്ചു. 1901 അവസാനത്തോടെ തന്നെ സ്കൂളിന്റെ പണി പൂർത്തിയാക്കാൻ സാധിച്ചു. ഇതോടെ പൂർണ സജ്ജമായ ഒരു സെക്കൻഡറി സ്കൂൾ ആയി സെന്റ് തോമസ് സ്കൂൾ വളർന്നു. പിന്നീട് 1904 ൽ ഹൈസ്കൂളായും 1919 ൽ മേനാച്ചേരി പിതാവിന്റെ മരണത്തിന് ഏതാനും മാസങ്ങൾക്ക് മുൻപ് 1919 ഏപ്രിൽ മദ്രാസ് യൂണിവേഴ്സിറ്റി അഫിലിയേറ്റഡ് കോളേജ് ആയി സെന്റ് തോമസ് ഉയർന്നു.

തൃശ്ശൂർ വികാരിയാത്തിൽ മൂന്നു സന്യാസിനി സമൂഹങ്ങൾ ആരംഭിക്കുന്നത് മേനാച്ചേരി പിതാവിന്റെ കാലത്താണ്. സിഎംസി കോൺഗ്രിഗേഷനും എഫ്സിസി കോൺഗ്രിഗേഷനും ഹോളി ഫാമിലി കോൺഗ്രിഗേഷനും.

മേലൂസ് ശീശ്മയിൽപ്പെട്ട് വിഘടിച്ചു നിന്നിരുന്നവരെ കത്തോലിക്കാ സഭയിലേക്ക് സ്വീകരിക്കാൻ കർശനമായ നിയമങ്ങൾ മെഡ്ലിക്കോട്ട് പിതാവ് നിശ്ചയിച്ചിരുന്നു. അതിൽ അയവുവരുത്തി വലിയ കാരുണ്യത്തോടെ അവരെ സ്വീകരിക്കാൻ മേനാച്ചേരി പിതാവ് വൈദികരെ ഉപദേശിച്ചു. ഇത് കുറേ പേരുടെ കത്തോലിക്കാസഭയിലേക്കുള്ള തിരിച്ചുവരവിന് കാരണമായി. കൊട്ടേക്കാട്, അരണാട്ടുകര, പാലയൂർ എന്ന ഇടവകകളിൽ ശീശ്മക്കാരായി വിഘടിച്ചു നിന്നിരുന്ന ധാരാളം പേർ മാതൃ സഭയിലേക്ക് തിരിച്ചുവന്ന ഒരു ഇടവകയായി മാറി.



Visit of Gandhiji at St. Thomas College, Thrissur

1897 ഫെബ്രുവരിയിൽ മേനാച്ചേരി പിതാവിന് ബാഗ്ദാദിൽ നിന്നും ഫാ. ജോസഫ് സ്റ്റൈഫോയുടെ ഒരു എഴുത്ത് ലഭിച്ചു. എഴുത്തിൽ തൃശ്ശൂർ വികാരിയാത്തിന്റെ ആദ്യത്തെ തദ്ദേശിയ മെത്രാൻ ആയതിൽ അദ്ദേഹത്തെ അഭിനന്ദിക്കുകയും മേനാച്ചേരി പിതാവിന് സമ്മതമാണെങ്കിൽ കാൽഡിയൻ കത്തോലിക്കാ പാത്രിയർക്കീസിന് നേരിട്ട് അഭിനന്ദിക്കാൻ താല്പര്യമുണ്ട് എന്നും തുടർന്നും താങ്കളുമായി ബന്ധം തുടരാൻ ആഗ്രഹമുണ്ട് എന്നും എഴുതിയിരുന്നു. തീക്ഷ്ണ മതിയായ ഏതോ കാൽഡിയൻ വൈദികന്റെ എഴുത്തായി മേനാച്ചേരി പിതാവ് അതിനെ അവഗണിച്ചു. ജൂലൈയിൽ വീണ്ടും സ്റ്റൈഫോയുടെ എഴുത്തു ലഭിച്ചു. നീണ്ട ആ എഴുത്തിൽ കാൽഡിയൻ ലിറ്റർജി പുനരുദ്ധരിക്കേണ്ടതിന്റെ ആവശ്യകതയും സീറോ മലബാർ സഭയുടെ കാര്യത്തിൽ റോം എടുത്ത തീരുമാനത്തെ കടുത്ത ഭാഷയിൽ വിമർശിക്കുന്നതും ആയിരുന്നു. ഈ എഴുത്തുകൾ മേനാച്ചേരി പിതാവ് അപ്പസ്തോലിക് ഡെലഗേറ്റ് വഴി റോമിലേക്ക് അയച്ചു. തുടർന്ന് മേനാച്ചേരി പിതാവ് ഫാ.സ്റ്റൈഫോയ്ക്ക് കൃത്യമായ മറുപടി അയച്ചു, 'മാർത്തോമ ക്രിസ്ത്യാനികൾ കൽദായ സുറിയാനി സഭയുടെ പ്രേക്ഷിത പ്രവർത്തനത്തിന്റെ ഫലങ്ങൾ അല്ല മറിച്ച് ക്രിസ്തുവിന്റെ അപ്പസ്തോലനായ തോമാശ്ലീഹായുടെ പ്രേഷിത പ്രവർത്തനത്തിന്റെ ഫലമാണ്. ചരിത്രത്തിൽ കൽദായ ലിറ്റർജി ഉപയോഗിച്ചു എന്നുള്ളത് സത്യമാണ്. എന്നാൽ കൽദായ സഭയിൽ നിന്നും വ്യത്യസ്തമായ ഒരുപാട് പാരമ്പര്യങ്ങളും ചരിത്രവും ഞങ്ങൾക്കുണ്ട്. അതുകൊണ്ട് താങ്കൾ ഞങ്ങളുടെ കാര്യത്തിൽ ഇടപ്പെട്ടു വിലപ്പെട്ട സമയം കളയാതെ താങ്കൾക്ക് ഭരമേൽപ്പിക്കപ്പെട്ടിക്കുന്ന വിശ്വാസി സമൂഹത്തിനു വേണ്ടി സേവനം ചെയ്യുക.' മേനാച്ചേരി പിതാവിന്റെ സുറിയാനി ഭാഷയിലുള്ള പ്രാവീണ്യവും താൽപര്യവും



Lourdes Cathedral, Thrissur

അറിഞ്ഞായിരിക്കണം അദ്ദേഹം ഇങ്ങനെ ഒരു എഴുത്ത് എഴുതിയത്.

1887 ൽ തൃശ്ശൂർ, കോട്ടയം വികാരിയാത്തുകൾ സ്ഥാപിച്ചപ്പോൾ അതിന്റെ അതിർത്തി ആലുവ പുഴയുടെ അപ്പുറത്തും ഇപ്പുറത്തും എന്നുമാത്രമേ നിശ്ചയിച്ചിരുന്നുള്ളൂ. പക്ഷേ 1896 ൽ സീറോ മലബാർ വികാരിയത്തുകളുടെ അതിർത്തി കൃത്യമായി നിശ്ചയിക്കണമെന്ന് അപ്പസ്തോലിക് ഡെലഗേറ്റ് സലെസ്ക്കി നിർദേശിച്ചു. അതിൻ പ്രകാരം തൃശൂർ വികാരിയത്തിന്റെ അതിർത്തി വടക്ക് മംഗലാപുരം രൂപതയും കിഴക്ക് കോയമ്പത്തൂർ രൂപതയും തെക്ക് ചാലക്കുടി പുഴയും പടിഞ്ഞാറ് അറബിക്കടലും ആയി നിശ്ചയിക്കപ്പെട്ടു. ഇങ്ങനെ മറ്റു രണ്ടു വികാരിയാത്തുകൾക്കും അതിർത്തികൾ നിശ്ചയിക്കപ്പെട്ടു. ഈ അതിർത്തികൾക്ക് പുറത്ത് താമസിക്കുന്ന സീറോമലബാർ വിശ്വാസികൾ ആ സ്ഥലത്തുള്ള ലത്തീൻ മെത്രാന്മാരുടെ കീഴിലായിരിക്കും എന്നും നിർദേശിക്കപ്പെട്ടു. ഈ അധികാരപരിധിയുമായി ബന്ധപ്പെട്ട പ്രശ്നം ആദ്യമുണ്ടായത് തൃശ്ശൂർ വികാരിയാത്തിൽ മേലാർകോട് പള്ളിയുടെ കാര്യത്തിലാണ്. മെഡ്‌ലിക്കോട് പിതാവിന്റെ കാലത്തു തന്നെ കോയമ്പത്തൂർ രൂപതയുടെ അതിർത്തിക്കുള്ളിൽ മേലാർകോട് പ്രദേശത്ത് 4 ഗ്രാമങ്ങളിലായി 330 സുറിയാനി കത്തോലിക്കാ കുടുംബങ്ങൾ പാർത്തിരുന്നു. അവർ മേലാർകോട് ഒരു ചെറിയ പള്ളിയും പണിതിരുന്നു, സുറിയാനി കത്തോലിക്കാ വൈദികൻ ആയിരുന്നു അവിടുത്തെ വികാരി. 1897 ൽ കോയമ്പത്തൂർ മെത്രാൻ ഇതേപറ്റി അപ്പസ്തോലിക ഡെലഗേറ്റിനെ അറിയിച്ചു. അദ്ദേഹം മേലാർകോട് പള്ളിയുടെമേൽ താങ്കൾക്ക് യാതൊരു അധികാരവുമില്ല എന്ന് മേനാച്ചേരി പിതാവിനെ അറിയിച്ചു. ഇതിന്റെ പേരിൽ ധാരാളം എഴുത്തുകൾ അങ്ങോട്ടുമിങ്ങോട്ടും അയക്കുകയുണ്ടായി റോമിലേക്കും പരാതിപ്പെടുകയുണ്ടായി. അവസാനം 1897 ജൂൺ 15ന് മേലാർകോട് പള്ളി കോയമ്പത്തൂർ രൂപത മെത്രാന്റെ അധികാര സീമയിലേക്ക് കൈമാറാൻ തീരുമാനമായി. മേനാച്ചേരി പിതാവ് നേരിട്ട് റോമിലേക്ക് പരാതിയുമായി ഒരു നീണ്ട കത്തെഴുതി. റോമിൽ നിന്നും അദ്ദേഹത്തെ ആശ്വസിപ്പിച്ചു കൊണ്ട് ഒരു മറുപടി വരികയും നേരത്തെ എടുത്ത തീരുമാനം പാലിക്കുവാൻ അദ്ദേഹത്തെ ഉപദേശിക്കുകയും ചെയ്തു. സീറോ മലബാർ സഭ ചരിത്രത്തിൽ 1896 ൽ നിലവിൽ വന്ന ഈ അതിർത്തി നിർണയം പലപ്പോഴായി

വികസിപ്പിച്ചുവെങ്കിലും, ഇന്ത്യ മുഴുവൻ സുവിശേഷവേല ചെയ്യുവാൻ നമുക്ക് അനുവാദം ലഭിച്ചത് 121 വർഷങ്ങൾക്കുശേഷം 2017 ലാണ്.

1890 ൽ തൃശ്ശൂർ ലൂർദ്ദ് പള്ളി മെഡ്ലിക്കോട് പിതാവിന് കൈമാറാൻ വരാപ്പുഴ മെത്രാനോട് റോമിൽ നിന്ന് കൽപ്പിച്ചപ്പോൾ ഒരു നിബന്ധന പറഞ്ഞിരുന്നു. ഏതെങ്കിലും കാലത്ത് കേസ് ജയിച്ച് തൃശ്ശൂരിലെ വലിയപള്ളി സുറിയാനി കത്തോലിക്ക തിരികെ കിട്ടുകയാണെങ്കിൽ ലൂർദ്പള്ളി ലത്തീൻകാർക്ക് കൊടുക്കണമെന്ന്. കേസും 1894 ൽ അതിന്റെ അപ്പീലും തോറ്റു. പിന്നീട് 1897 ൽ അധികാരം ഏറ്റെടുത്തതിനു ശേഷം മേനാച്ചേരി പിതാവ് അന്നത്തെ സുപ്രീംകോടതി ആയിരുന്ന റോയൽ കോർട്ടിൽ അപ്പീൽ നൽകിയിരുന്നു. 1903 ൽ അതും സൂറായികാർക്ക് അനുകൂലമായി വിധി വന്നു. ഈ സമയം പഴയ വരാപ്പുഴ മെത്രാൻ മാറി പുതിയ മെത്രാൻ നിയമിതനായിരുന്നു. 1904 ൽ അദ്ദേഹത്തെ നേരിൽ കണ്ടപ്പോൾ 1000 രൂപ നഷ്ടപരിഹാരം സ്വീകരിച്ച് ലൂർദ് പള്ളിയുടെ പൂർണ്ണ അവകാശം തനിക്ക് നൽകണമെന്ന് മേനാച്ചേരി പിതാവ് അഭ്യർത്ഥിച്ചു. അദ്ദേഹം സമ്മതിച്ചതിൻ പ്രകാരം രണ്ടുപേരും ഒന്നിച്ച് റോമിലേക്ക് കത്തയച്ചു. 1905 ജനുവരി 10ന് പത്താം പീയൂസ് മാർപാപ്പ ഈ തീരുമാനം അംഗീകരിച്ചു. അങ്ങനെ ലൂർദ്ദ് പള്ളി പൂർണമായും തൃശ്ശൂർ വികാരിയാത്തിന് സ്വന്തമായി.


പാവപ്പെട്ട അനാഥരായ കുഞ്ഞുങ്ങളെ സംരക്ഷിക്കുന്നതിനായി മേനാച്ചേരി പിതാവ്, ബ്രദർ പീറ്ററിന്റെ സഹായത്തോടെ തോപ്പ് എസ്റ്റേറ്റിന്റെ ഒരുവശത്ത് 1911 മാർച്ച് 19 തീയതി സെന്റ് മേരീസ് ഓർഫനേജ് സ്ഥാപിച്ചു. ഒരു നൂറ്റാണ്ടുകാലം നൂറുകണക്കിന് പാവപ്പെട്ടവരായ അനാഥ കുട്ടികൾക്ക് ഈ സ്ഥാപനം അഭയം നൽകി. 1911 മേനാച്ചേരി പിതാവും മാക്കീൽ പിതാവ് ഒന്നിച്ച് റോമിലേക്ക് ആദ് ലിമിന സന്ദർശനം നടത്തി. ഈ അവസരത്തിലാണ് ചങ്ങനാശ്ശേരി വികാരിയാത്തിലെ ക്നാനായകാരുമായുള്ള പ്രശ്നങ്ങൾ ചർച്ച ചെയ്യപ്പെട്ടതും, അവർക്കായി ഒരു പുതിയ വികാരി സ്ഥാപിക്കപ്പെടുന്നതും. റോമിൽവെച്ച് മാക്കീൽ പിതാവുമായും



Nakaram: Old Christian Church Drum

മേനാച്ചേരി പിതാവുമായും ഒരുമിച്ചും തനിച്ചും പ്രൊപ്പഗാന്ത ഫീദെ ചർച്ച നടത്തി. ഇതിന്റെ അടിസ്ഥാനത്തിലാണ് 1911 ൽ ക്നാനായക്കാർക്കായി ഒരു പുതിയ വികാരിയാത്തിന് രൂപം നൽകിയത്.

1919 ഡിസംബർ 19ന് മേനാച്ചേരി പിതാവ് തന്റെ 62 വയസ്സിൽ കർത്താവിന്റെ സന്നിധിയിലേക്ക് അന്ത്യസമ്മാനത്തിനായി യാത്രയായി. തന്റെ സമകാലീനനായിരുന്ന ലൂയിസ് പഴേപറമ്പിൽ പിതാവിന്റെ മരണത്തിന് പത്ത് ദിവസങ്ങൾക്ക് ശേഷം. മരിക്കുന്ന ദിവസം രാവിലെ സീറോ മലബാർ സഭയിലെ മറ്റു മൂന്ന് മെത്രാൻമാർ ചേർന്ന് അദ്ദേഹത്തിന് രോഗിലേപനം നൽകി. തന്റെ പ്രയത്നനങ്ങളിൽ മിക്കതും ജീവിതകാലത്തുതന്നെ ഫലം അണിയുന്നത് കാണാൻ അദ്ദേഹത്തിന് സാധിച്ചു. അദ്ദേഹം സ്വർഗ്ഗത്തിലെ മനോഹരമായ ഒരു പൂവായി വിരിഞ്ഞിട്ട് 2019 ഡിസംബർ 19ാം തീയതി നൂറു വർഷം പൂർത്തിയായി.



Sakthan Thamburan


Digital Creation-Smritidesign





Thrissur Bishops House in 1970



റവ. ഡോ. പോൾ
പുളിക്കൻ

# തൃശ്ശൂർ രൂപത ഇരുപതാം നൂറ്റാണ്ടിലെ ചരിത്രമുഹൂർത്തങ്ങൾ

തൃശ്ശൂർ വികാരിയത്തിനെയും രൂപതയേയും നയിച്ച മാർ ഫ്രാൻസീസ് വാഴപ്പിള്ളി (1921–42), മാർ ജോർജ്ജ് ആലപ്പാട്ട് (1944–70), മാർ ജോസഫ് കുണ്ടുകുളം (1970–96) എന്നീ പിതാക്കന്മാരുടെ കാലത്തെ പ്രധാന ചരിത്ര വസ്തുതകൾ സംക്ഷിപ്തമായി അവതരിപ്പിക്കുകയാണ് ഈ ലേഖനത്തിൽ. ഇതിനായി അതിരൂപത ആർക്കെവ്സിലെ രേഖകളും രൂപതയുടെ ഔദ്യോഗിക ജിഹ്വയായിരുന്ന 'നവജീവിക'യും. തൃശൂർ രൂപത ബുള്ളറ്റിനു

മാണ് ആശ്രയിച്ചിരിക്കുന്നത്. വ്യക്തമായ ദിശാബോധത്തോടെ രൂപതയെ നയിച്ച ഈ മഹാരഥന്മാരുടെ കാലത്ത് രൂപത നേടിയത് അത്ഭുതാവഹമായ പുരോഗതിയാണ്.

## മാർ ഫ്രാൻസീസ് വാഴപ്പിള്ളി (1921–42)

ജോൺ മേനാച്ചേരി പിതാവിന്റെ കാലശേഷം പിതാവിന്റെ മരണപത്രത്തിൽ നിർദ്ദേശിച്ചതനുസരിച്ച് 33 വയസ്സ് മാത്രം പ്രായമുള്ള ഫാ. ആന്റണി പുതുശ്ശേരി 1919 ഡിസംബർ 19ന് തൃശൂർ വികാരിയാത്തിന്റെ ഭരണം ഏറ്റെടുത്തു.

1921 ൽ മെയ് 21ന് ഫ്രാൻസീസ് വാഴപ്പിള്ളി പിതാവ് വികാരിയാത്തിന്റെ നേതൃത്വം ഏറ്റെടുത്തതോടുകൂടി ഫാ. ആന്റണി പുതുശ്ശേരി അഡ്മിനിസ്ട്രേറ്റർ സ്ഥാനത്തു നിന്ന് വിരമിച്ചു. (പിന്നീട് 1944 മുതൽ 1957 വരെ വികാരി ജനറലായും അദ്ദേഹം സേവനമനുഷ്ഠിച്ചിട്ടുണ്ട്).

പുത്തൻവേലിക്കര ഇടവകക്കാരനായ ഫ്രാൻസിസ് വാഴപ്പിള്ളി പിതാവ്, കാണ്ടി സെമിനാരിയിലെ പഠനത്തിനു ശേഷം 1921 ഏപ്രിൽ 5- ന് തൃശൂർ വികാരിയാത്തിന്റെ വികാരി അപ്പോസ്തോലിക്കായി സ്ഥാനമേറ്റെടുത്തു. താമസിയാതെത്തന്നെ 1921 ഒക്ടോബർ 21ന് വികാരിയാത്തിന്റെ ഒരു ''സാമാന്യയോഗം'' വാഴപ്പിള്ളി പിതാവ് വിളിച്ചുകൂട്ടി. അതിരൂപതാ അസംബ്ലിക്ക് സമാനമായ ഈ ''പഠനശാല'' യിൽ വികാരിയച്ചനും രണ്ടു പ്രതിനിധികളും ഓരോ ഇടവകയിൽ നിന്നും സംബന്ധിക്കണമെന്ന് പിതാവ് നിഷ്ക്കർഷിച്ചിരുന്നു. നാട്ടുമെത്രാന്മാരെ ലഭിച്ചതിന്റെ സിൽവർ ജൂബിലി ആഘോഷം 1921 ജൂലൈ 28ന് വികാരിയാത്തിൽ നടന്നു.

1923 ഡിസംബർ 21ന് ''*റൊമാനി പൊന്തിഫീച്ചെസ്*'' എന്ന തിരുവെഴുത്ത് വഴി കേരളത്തിൽ സുറിയാനി ഹയരാർക്കി സ്ഥാപിതമായി. എങ്കിലും 1924 നവംബർ 16 നാണ് ഇത് സംബന്ധിച്ച ഔദ്യോഗിക പ്രഖ്യാപനമുണ്ടായത്. നവംബർ 23ന് രൂപത മുഴുവനും ഇത് സാഘോഷം അനുസ്മരിക്കപ്പെട്ടു വാഴപ്പിള്ളി പിതാവിന്റെ ശുശ്രൂഷയുടെ ആദ്യകാലങ്ങളിൽത്തന്നെ വേദോപദേശത്തിന് വലിയ പ്രാധാന്യം കൊടുക്കുകയും, ഓരോ ഇടവകയിൽ നിന്നും വിശദമായി റിപ്പോർട്ട് ആവശ്യപ്പെടുകയും ചെയ്തിരുന്നു. വേദോപദേശ പരീക്ഷയിൽ ഒന്നാമതെത്തുന്നവർക്ക് ''രണ്ട് സ്വർണ മുദ്രയും'', രണ്ടാമതെത്തിയവർക്ക് ''രണ്ടു വെള്ളിമുദ്രയും'' അരമനയിൽ വച്ച് അദ്ദേഹം സമ്മാനമായി നൽകിയിരുന്നു. പിതാവിന്റെ ആപ്ത വാക്യം തന്റെ മധ്യസ്ഥനായ വി. ഫ്രാൻസിസ് സേവ്യറിന്റെ മുദ്രാവാക്യമായ ''Da Mihi Animas, Caetera tolle'' (''*എനിക്ക് ആത്മാക്കളെ തരിക, ബാക്കിയെല്ലാം എടുത്തു കൊള്ളുക*'') എന്നതായിരുന്നു. വിശുദ്ധരോടുള്ള ഭക്തി പ്രചരിപ്പിക്കുന്നതിൽ അദ്ദേഹം ദത്ത ശ്രദ്ധനായിരുന്നു.



Mar Francis Vazhappilly

ഇക്കാലഘട്ടത്തിൽ തന്നെ വികാരിയാത്തിന് പൊതുവായ ഫണ്ട് രൂപീകരിക്കാനും (14/10/1921), സെന്റ് തോമസ് കോളേജിൽ സയൻസ് വിഭാഗം കൂട്ടിച്ചേർത്ത് പണിപൂർത്തിയാക്കുന്നതിനായി പൊതുജനങ്ങളിൽ നിന്ന് മറ്റൊരു ഫണ്ട് സ്വരൂപിക്കുന്നതിനും പിതാവ് ആഹ്വാനം ചെയ്യുന്നുണ്ട്. (14.10.1921) ആദ്യകാല സർക്കുലറുകളിൽ ജപമാല ഭക്തി (1/10/1923), ദിവ്യകാരുണ്യ ആരാധന (20/2/1923), തിരുഹൃദയ പ്രതിഷ്ഠ (23/6/1923), പരിശുദ്ധ മറിയം (24/5/1928) എന്നിവ മുഖ്യവിഷയമായി കാണാം.

നാട്ടിൽ ഏറെ ദുരിതം വിതച്ച 99ലെ (മലയാളവർഷം 1999) വെള്ളപ്പൊക്കം (1924) പിതാവിന്റെ അടിയന്തര ശ്രദ്ധ പതിച്ച വിഷയമായിരുന്നു. വെള്ളപ്പൊക്കം മൂലം ബുദ്ധിമുട്ടുന്നവർക്ക് പള്ളികളും ജനങ്ങളും അടിയന്തര സഹായം ചെയ്തു കൊടുക്കേണ്ടതാണെന്ന് പിതാവ് നിർദ്ദേശിക്കുന്നു (8/8/1924).

അപ്പസ്തോലിക് വിസിറ്റർ ആർച്ച് ബിഷപ്പ് അലക്സിസ് മരിയ ലെപ്പീസി 1924 ഡിസംബർ ഒന്നിന് തൃശൂർ സന്ദർശിച്ചു. ''എറണാകുളത്ത് നിന്ന് തീവണ്ടി മാർഗ്ഗം വരുന്ന അഭിവന്ദ്യ പിതാവിനെ ചാലക്കുടി, ആളൂർ, കല്ലേറ്റുംകര, പുതുക്കാട്, ഒല്ലൂർ ഇടവകക്കാർ റെയിൽവേ സ്റ്റേഷനിൽ സ്വീകരണം നൽകേണ്ടതാണ്'' എന്ന് പിതാവ് സർക്കുലറിലൂടെ ഓർമിപ്പിക്കുന്നു.

വസ്ത്രവും പുസ്തകങ്ങളും സമയത്ത് ഭക്ഷണവുമില്ലാത്തതിനാൽ സ്കൂളിൽ പോകാൻ കഴിയാത്ത കുട്ടികളെ സഹായിക്കാൻ വികാരിയച്ചനും ഇടവകക്കാരും പരിശ്രമിക്കണമെന്നും കുട്ടികളുടെ പഠനത്തിൽ മാതാപിതാക്കൾക്ക് വലിയ ഉത്തരവാദിത്വമുണ്ട് എന്നും പിതാവ് സർക്കുലറിലൂടെ വ്യക്തമാക്കുന്നു. (6/8/1925).

വി. മറിയം ത്രേസ്യായുടെ മരണം 1926 ലായിരുന്നു.1925 ജൂബിലി വർഷം (21/1/1925), നിഖ്യാ സൂനഹദോസിന്റെ അനുസ്മരണം (26/10/1925), ക്രിസ്തുവിന്റെ രാജത്വതിരുനാൾ ആഘോഷം (20/10/1926), തിരുപ്പിറവി (14/12/1927) തുടങ്ങിയ വിഷയങ്ങളിലുള്ള വിജ്ഞാപനങ്ങൾ എടുത്തു പറയേണ്ടതാണ്.

നോമ്പുകാലത്തിനായി ഒരുങ്ങുവാൻ ആഹ്വാനം ചെയ്യുന്ന സർക്കുലറിൽ ധനവാന്മാർ തങ്ങളുടെ ധനസമൃദ്ധി കൊണ്ട് സാധുസംരക്ഷണത്തിന് കടപ്പെട്ടവരാണെന്നും, ''കള്ളാധാര നിർമ്മാണം, വസ്തു കയ്യേറ്റം, കള്ളസ്സാക്ഷി, അധികപ്പലിശ, കച്ചവടത്തിൽ ശരിയല്ലാത്ത അളവും തൂക്കവും വ്യാജചരക്കും'' ഇവയെല്ലാം ക്രൈസ്തവർ വർജിക്കേണ്ടതാണെന്നും വ്യക്തമാക്കുന്നു. രൂപതയെ നാല് ഡിവിഷനുകളായി തിരിച്ച് ''*ഫൊറോനകൾ*'' സ്ഥാപിക്കുന്നത് 19/3/1927 ലാണ്. ഒല്ലൂർ, ചാലക്കുടി, പഴുവിൽ (പഴയൂർ), പാലയൂർ എന്നിവയാണ് രൂപതയിലെ ആദ്യ നാലു

ഫൊറോനകൾ. 1927ൽ മഹാത്മാ ഗാന്ധി സെന്റ് തോമസ് കോളേജ് സന്ദർശിച്ചു പ്രഭാഷണം നടത്തി.

കേരള കത്തോലിക്കർക്ക് ഭാഷാഭിരുചി വർദ്ധിപ്പിക്കുവാൻ വാഴപ്പിള്ളി പിതാവ് ''കേരളം'' എന്ന സാഹിത്യ മാസിക 1930-ൽ ആരംഭിച്ചു. കുറച്ചു നാളുകൾ അത് പ്രസിദ്ധീകരിച്ച ശേഷം മുടങ്ങി. 1934ൽ മാസാന്തപത്രിക ''നവജീവിക'' ആരംഭിച്ചു. ആദ്യ ''നവജീവിക'' പ്രകാരം തൃശൂർ രൂപതയിൽ മൂന്ന് സന്യാസാശ്രമങ്ങളുണ്ട്, (അമ്പഴക്കാട്, എൽത്തുരുത്ത്, പാവർട്ടി). ആദ്യത്തേത് രണ്ടും 1858 വി. ചാവറയച്ചൻ ആരംഭിച്ചു. 25 കന്യ കാമഠങ്ങളും, 5 അനാഥാശാലകളും. 1,51,182 കത്തോലിക്കരും അന്ന് രൂപതയിലുണ്ടായിരുന്നു. 3824 - പേർ മറ്റു സഭകളിൽ നിന്നും കത്തോലിക്ക സഭയിൽ ചേർന്നു.

## സെന്റ് മേരീസ് മേജർ സെമിനാരി (1927-37)

വാഴപ്പിള്ളി പിതാവിന്റെ പ്രേഷ്ഠ പുത്രിയായിരുന്നു അദ്ദേഹം തോപ്പിൽ 1927ൽ ആരംഭിച്ച സെന്റ് മേരീസ് മേജർ സെമിനാരി. പറവൂർ പുത്തൻപള്ളി സെമിനാരിയിലേക്കാണ് പ്രധാനമായും നമ്മുടെ വൈദീക വിദ്യാർത്ഥികളെ ആ കാലങ്ങളിൽ നാം അയച്ചിരുന്നത്. എന്നാൽ മൈനർ സെമിനാരി പൂർത്തിയാക്കിയവർക്കെല്ലാം ഫിലോസഫി പഠനത്തിന് സ്ഥലപരിമിതി മൂലം പുത്തൻപള്ളി സെമിനാരിയിൽ സാധ്യമല്ലാതെ വന്നു. 25 സീറ്റ് മാത്രമാണ് അവിടെ തൃശൂർ രൂപതയ്ക്ക് ലഭിച്ചിരുന്നത്. ഈ കാരണത്താൽ 1927 ൽ തന്നെ ചങ്ങനാശ്ശേരി, എറണാകുളം രൂപതകൾ ഫിലോസഫി പഠന വിഭാഗം തുടങ്ങിയിരുന്നു. 1925ൽ തൃശ്ശൂർ രൂപതയിൽ 1,09,275 വിശ്വാസികളും അവർക്കായി 150 ഇടവകകളും 98 വൈദികരുമാണ് ഉണ്ടായിരുന്നത്. ഈ പശ്ചാത്തലത്തിലാണ് സെന്റ് മേരീസ് മേജർ സെമിനാരി തൃശൂരിൽ ആരംഭിച്ചത് (ആദ്യവർഷം പ്രഭാഷണ പരിശീലനം, രണ്ടുവർഷം ഫിലോസഫി, മൂന്നുവർഷം തിയോളജി) എന്നിങ്ങനെയായിരുന്നു പഠനക്രമം.

60 മേജർ സെമിനാരിക്കാർക്കുള്ള കെട്ടിടമാണ് ഇവിടെ സജ്ജീകരിച്ചിരുന്നത്. ഫാ. ജോസ് ചിറയത്ത് സെമിനാരിയുടെ റെക്ടറും, ഫാ. ആന്റണി തച്ചുപറമ്പിൽ (ദൈവദാസൻ) വൈസ് റെക്ടറുമായിരുന്നു. മോൺ ആന്റണി പുതുശ്ശേരി, ഫാ. ജോർജ് അക്കര, ഫാ ജോൺ പാലോക്കാരൻ, ഫാ. ജോർജ് ആലപ്പാട്ട് (പിന്നീട് ബിഷപ്പ്) ഫാ. ജോർജ് ചൂണ്ടൽ, ഫാ. ആന്റണി തെക്കിനിയത്ത് തുടങ്ങിയവർ സ്റ്റാഫിലുണ്ടായിരുന്നു. ചിറയത്തച്ചന് ശേഷം ഫാ. ജോർജ് ആലപ്പാട്ട് റെക്ടറായി.

1932 ലെ ഡയറക്ടറിയിൽ, 1927 ൽ ആരംഭിച്ച തൃശൂർ അമലോത്ഭവമാതാവിന്റെ സെമിനാരിയെ പറ്റി കൂടുതൽ വിവരങ്ങൾ നൽകുന്നുണ്ട്. 56 വൈദിക വിദ്യാർത്ഥികളും ഒരു സഹോദരനും അന്ന് ഇവിടെ പഠിക്കുന്നുണ്ട്.

ആദ്യ ബാച്ചിലെ 12 പേർ 1932-ൽ അഭിഷിക്തരായി. 1937 ൽ സെമിനാരി നിറുത്തിയപ്പോൾ അവസാനമായി ആസ്തപ്പാട് പട്ടം സ്വീകരിച്ചത് ബ്രദർ ജോസഫ് കുണ്ടുകുളമായിരുന്നു. തൃശൂർ മേരിമാതാ സെമിനാരിയുടെ തറക്കല്ലിട്ടത് 1998-ൽ കുണ്ടുകുളം പിതാവാണ്. രണ്ട് സെമിനാരികളും കുണ്ടുകുളം പിതാവിന്റെ സ്നേഹ സാന്നിധ്യത്തിൽ ധന്യമാണ്.


പുത്തൻപള്ളി സെമിനാരി റെക്ടറായിരുന്ന ഫാ. ജോൺ ജോസഫ് OCD, തൃശ്ശൂരിൽ മേജർ സെമിനാരി ആരംഭിച്ചതിനെ അനുകൂലിച്ചില്ല. ഓറിയന്റൽ കോൺഗ്രിഗേഷന്റെ നിർദ്ദേശപ്രകാരം 1929- ൽ തന്റെ ആദ്ലിമിന സന്ദർശന വേളയിൽ സെന്റ് മേരീസ് മേജർ സെമിനാരിയെപ്പറ്റിയുള്ള വിശദമായ റിപ്പോർട്ട് വാഴപ്പള്ളി പിതാവ് റോമിൽ സമർപ്പിച്ചു. സന്ദർശന വേളയിൽ അദ്ദേഹം മേജർ സെമിനാരിയുടെ ചിത്രം പരി. പിതാവിന് സമർപ്പിച്ചു. പരി. പിതാവ് ഈ പുതിയ പദ്ധതിയിൽ സന്തുഷ്ടനായെന്ന് വാഴപ്പിള്ളി പിതാവ് നവജീവികയിൽ എഴുതുന്നുണ്ട്.

സെമിനാരിയുടെ സൗകര്യം, അധ്യാപകരുടെ യോഗ്യത, വരുമാനം എന്നിവയെപ്പറ്റിയുള്ള പരാതികൾ ചില കോണുകളിൽ നിന്ന് ഉയർന്നിരുന്നു. 1930 ൽ അപ്പസ്തോലിക് ഡലഗേറ്റ്, മോൺ എഡ്വേർഡ് മൂണി സെമിനാരി സന്ദർശിച്ചു. വിശദമായ പഠനത്തിനുശേഷം പരാതികൾ അടിസ്ഥാന രഹിതമാണെന്ന് അദ്ദേഹം വിലയിരുത്തി.

ഈ കാലഘട്ടത്തിൽ മൈനർ സെമിനാരി തോപ്പിന്റെ തെക്കേ



First Batch St Mary's Major Seminary



St Mary's Petit Seminary Thope, Thrissur

ഭാഗത്തുള്ള കെട്ടിടത്തിലായിരുന്നു. സെന്റ് തോമസ് കോളേജ് ഹോസ്റ്റൽ ഇന്നത്തെ മിഷൻ ആശുപത്രിയുടെ ആദ്യ കെട്ടിടത്തിന്റെ സ്ഥാനത്താണ് അക്കാലത്ത് പ്രവർത്തിച്ചിരുന്നത്.

വാഴപ്പിള്ളിപിതാവ് വ്യക്തമായ ദർശനത്തോടെയായിരുന്നു സെമിനാരിയെ മുന്നോട്ടു നയിച്ചത്. 1938-ൽ 160 ആയിരുന്നു രൂപതയിലെ വൈദികരുടെ എണ്ണം. 1932- ജൂൺ 1ന് മംഗലപ്പുഴ സെമിനാരിയിൽ ദൈവശാസ്ത്രപഠനം ആരംഭിച്ചപ്പോൾ പുത്തൻപള്ളി സെമിനാരി പ്രവർത്തനം അവസാനിപ്പിച്ചു. മംഗലപ്പുഴ സെമിനാരിയിൽ ആവശ്യത്തിന് സീറ്റുകൾ തൃശ്ശൂർ രൂപതക്ക് കിട്ടുകയും രൂപതയിൽ ആവശ്യത്തിന് വൈദികർ ഉണ്ടാകുകയും ചെയ്തതുകൊണ്ടാകാം 1937- ൽ സെന്റ് മേരിസ് മേജർ സെമിനാരി പ്രവർത്തനം അവസാനിപ്പിച്ചത്. സാമ്പത്തികഭാരവും ഒരു പക്ഷേ ഈ തീരുമാനത്തിന് അധികാരികളെ പ്രേരിപ്പിച്ചിരിക്കാം.

## മറ്റു ചരിത്ര സംഭവങ്ങൾ

1934 മുതലുള്ള രൂപതാചരിത്രം ഇതേവർഷം ആരംഭിച്ച രൂപതയുടെ ഔദ്യോഗിക മുഖപത്രമായ 'നവജീവിക' എന്ന മാസികയെ അധികരിച്ചുള്ളതാണ്: രൂപതാ വാർത്തകളോടൊപ്പം വിശ്വാസത്തെയും ധാർമികതയേയും വിശദീകരിക്കുന്ന ഭാഗങ്ങളും, കഥ, കവിത തുടങ്ങിയ സാഹിത്യ വിഭവങ്ങളും ഉൾക്കൊള്ളുന്ന ഒരു കത്തോലിക്കാ മാസികയായിട്ടായിരുന്നു ഇത് പ്രവർത്തനമാരംഭിച്ചത്. ഫാ. പോൾ കാക്കശ്ശേരിയായിരുന്നു ആദ്യ പത്രാധിപൻ. ആദ്യ ലക്കത്തിൽ തന്നെ പ്ലാസിഡച്ചന്റെ 'വേദപുസ്തകവും ദൈവപ്രേരണയും' എന്ന ലേഖനം കാണാം. വരിസംഖ്യ പ്രതിവർഷം 1 രൂപയായിരുന്നു.

1928ൽ തന്നെ രൂപതയിൽ വൈദിക സഹായ സംഘം ആരംഭിച്ചിട്ടുണ്ട്. 1929-ൽ ഉത്തര ഭാരത പര്യടനം കഴിഞ്ഞ് തിരിച്ചെത്തുന്ന കൊച്ചി രാജാവിനെ സ്വീകരിക്കാൻ 'പള്ളികളിൽ നിന്ന് കുട മുതലായ സാമഗ്രികളോടെ അടുത്തുള്ള സ്റ്റേഷനിൽ എത്തണമെന്ന്' പിതാവിന്റെ കല്പനയുണ്ട്. പിതാവ് തന്നെ തൃശ്ശൂർ റെയിൽവേസ്റ്റേഷനിലെത്തി രാജാവിന് മംഗളം ആശംസിച്ചു, പൂമാല ചാർത്തി. രാജാവുമായി ഊഷ്മളമായ ബന്ധം കാത്തുസൂക്ഷിക്കാൻ അഭിവന്ദ്യ വാഴപ്പിള്ളി പിതാവ് പ്രത്യേകം ശ്രദ്ധിച്ചിരുന്നു. റോം, വിശുദ്ധനാട് സന്ദർശനത്തിന് കപ്പൽ മാർഗ്ഗം പോകാനുള്ള അറിയിപ്പും വിശദാംശങ്ങളും ഈ കാലഘട്ടങ്ങളിലെ നവജീവികയിൽ കൊടുത്തിട്ടുണ്ട്.

ബഹു. ജോൺ കിഴക്കുടനച്ചന്റെ നേതൃത്വത്തിൽ 1927ൽ പടിഞ്ഞാറെ കോട്ടയിൽ ആരംഭിച്ച വൃദ്ധാതുരശാല ഉദാരമനസ്കരുടെ സഹായം കൊണ്ടും അന്തേവാസികളുടെ കൈത്തൊഴിൽ ആദായം കൊണ്ടും മുന്നോട്ടു പോകുന്നതായുള്ള റിപ്പോർട്ട് 1934 ഏപ്രിൽ നവജീവികയിലുണ്ട്. ബ്രിട്ടീഷ് മലബാർ സിറിയൻ കത്തോലിക്ക സ്കൂൾ മാനേജർമാരുടെ അസോസിയേഷൻ ശക്തമായി പ്രവർത്തിച്ചിരുന്നു. തൃശൂർ രൂപതയിലെ പടിഞ്ഞാറുഭാഗത്തെ പല ഇടവകകളും ബ്രിട്ടീഷ് മലബാറിലായിരുന്നല്ലോ. പാവർട്ടി സംസ്കൃത കോളേജിൽ ആരംഭദിന യോഗത്തിൽ സംസ്കൃത പഠനത്തിന്റെ പ്രാധാന്യത്തെ വാഴപ്പിള്ളി പിതാവ് ഊന്നിപ്പറയുന്നുണ്ട് (1934 ആഗസ്റ്റ്). 1935 സെപ്തംബർ നവജീവിക കൊച്ചി മഹാരാജാവിനെ തൃശ്ശൂരിലേക്ക് സ്വാഗതം ചെയ്തുകൊണ്ടുള്ള പതിപ്പായിരുന്നു

വൈദികർ പൊതുരംഗത്ത് സ്ഥാനമാനങ്ങളെറ്റെടുക്കുന്നത് അന്ന് അത്ര അസാധാരണമായിരുന്നില്ല. എറവ് വില്ലേജ് പഞ്ചായത്തിന്റെ പ്രസിഡന്റായി അരിമ്പൂർ പള്ളി വികാരി ഫാ. പീറ്റർ കുണ്ടുകുളം തിരഞ്ഞെടുക്കപ്പെട്ടിരുന്നു (1935 ഡിസംബർ). ഈ കാലഘട്ടത്തിൽ തന്നെ ധന്യൻ ഫാ. അഗസ്റ്റിൻ ജോൺ ഊക്കൻ ചെവ്വന്നൂർ പഞ്ചായത്തിന്റെ പ്രസിഡണ്ടായിരുന്നതും നാം ഓർക്കണം.

1935 ഓഗസ്റ്റ് 15ന് കത്തോലിക്കാ സ്ത്രീ സമാജം ആരംഭിക്കുന്നതിന് വേണ്ടി തൃശ്ശൂരിൽ ഒരു ആലോചന യോഗം നടന്നിരുന്നെങ്കിലും പിന്നീട് ഇതിനെപ്പറ്റി ഒന്നും കേൾക്കുന്നില്ല. കൊച്ചി മഹാരാജാവായ ശ്രീ രാമവർമ്മയ്ക്ക് 1935 ൽ സമർപ്പിക്കപ്പെട്ട മംഗളപത്രത്തിൽ പുത്തൻപള്ളിയുടെ നിർമ്മാണത്തിന് അദ്ദേഹം നൽകിയ സഹായങ്ങൾ നന്ദിയോടെ ഓർക്കുന്നുണ്ട്.

പാലയൂരിൽ ഈശോസഭ വൈദികനായ ഫാ. ഫെനിച്ചിയോ 1605– ൽ അന്നത്തെ ദേവാലയം പുതുക്കിപ്പണിതു. കോഴിക്കോടായിരുന്നു സാമൂതിരിയുടെ ആസ്ഥാനമെങ്കിലും ശത്രുക്കളുടെ ആക്രമണങ്ങളെ തുടർന്ന് അദ്ദേഹം ആസ്ഥാനം കൂടെകൂടെ മാറ്റിയിരുന്നു. പാലയൂരിലാണ് അന്ന് സാമൂതിരി താമസിച്ചിരുന്നതെന്നും, പാലയൂർ പള്ളി പുതുക്കി പണിയുവാൻ അദ്ദേഹം അനുവാദം നൽകിയെന്നുമുള്ള ഫെനിച്ചിയോയുടെ സാക്ഷ്യം ഉദ്ധരിക്കുന്ന ഒരു ഈശോസഭ രേഖ 1935 ഫെബ്രുവരി നവജീവികയിലുണ്ട്. ഈ രേഖ പ്രകാരം പാലയൂർ പള്ളി വി.കുര്യാക്കോസിന്റെ പേരിലായിരുന്നു അറിയപ്പെട്ടിരുന്നത്. സാമൂതിരിയുടെ രാജ്യത്ത് സമുദ്രതീരത്ത് മറ്റു മൂന്നുപള്ളികൾ കൂടെ പണിയാൻ ഫെനിച്ചിയോക്ക് അനുവാദം കിട്ടി. ഉത്തര കേരളത്തിൽ പതിനേഴാം നൂറ്റാണ്ടിനു മുമ്പേ ക്രൈസ്തവ സാന്നിധ്യമുണ്ടായിരുന്നു എന്ന് ഇത് കാണിക്കുന്നു.

മേജർ സെമിനാരിയുടെയും മൈനർ സെമിനാരിയുടെയും സെന്റ് തോമസ് ബോർഡിങ് ഹൗസിന്റെയും റെക്ടറായിരുന്ന ഫാ. ജോസഫ് ചിറയത്തിന്റെ അകാല നിര്യാണത്തെ തുടർന്ന് 1934 ൽ ഫാ. ജോർജ് ആലപ്പാട്ട് (പിന്നീട് ബിഷപ്പ്) ഈ ഉത്തരവാദിത്വങ്ങൾ ഏറ്റെടുത്തു. വിശ്വാസ സത്യങ്ങൾ ചർച്ച ചെയ്യുവാനും ലഘുലേഖകളായി പ്രസിദ്ധീകരിക്കാനും തൃശൂർ കാത്തലിക് അക്കാഡമിക് സൊസൈറ്റി ഇക്കാലത്ത് നിലനിന്നിരുന്നു. 1937 ഡിസംബർ 27 – 29 തീയതികളിൽ 5–ാം അഖിലേന്ത്യ കത്തോലിക്ക കോൺഗ്രസ് തൃശ്ശൂരിൽ നടന്നു. തൃശൂരിൽ സ്ഥാപിതമായ വിൻസെൻഷ്യൻ സംഘത്തിന്റെ ഉദ്ഘാടനം 1937 ജനുവരി 31ന് സെന്റ് തോമസ് കോളേജിൽ വെച്ച് നടന്നു. പിന്നീടാണ് ഇന്നത്തെ രീതിയിൽ വിൻസെന്റ് ഡി പോൾ സംഘടന രൂപം കൊള്ളുന്നത്.

1937 മെയ് 20ന് രൂപതയുടെ സുവർണ്ണ ജൂബിലി ആഘോഷിച്ചു. ജൂബിലിയോടനുബന്ധിച്ച് സെന്റ് തോമസ് കോളേജ് ഹാളിനെ 'മെഡ്‌ലികോട്ട് ഹാൾ' എന്ന നാമകരണം ചെയ്തു. ജൂബിലിയോടനുബന്ധിച്ചുള്ള ഇടയ ലേഖനത്തിൽ നമ്മുടെ വിശ്വാസം, പാരമ്പര്യത്തെയോ സാധാരണ ജ്ഞാനത്തെയോ മാത്രം ആശ്രയിച്ചുള്ളതായാൽ പോരെന്നും, ലോകം പരിഷ്കൃതി പ്രാപിക്കുംതോറും നമ്മുടെ വിശ്വാസത്തിനും സംസ്കാരത്തിനും ദാർഢ്യവും വളർന്നു കൊണ്ടിരിക്കണം' എന്ന് വാഴപ്പിള്ളി പിതാവ് ആഹ്വാനം ചെയ്തു (1934 മെയ്). ജൂബിലി സമ്മേളനത്തിൽ ധന്യൻ മാർ ഇവാനിയോസ് (തിരുവനന്തപുരം) മാർ അലക്സാണ്ടർ ചൂളപ്പറമ്പിൽ (കോട്ടയം) മാർ അഗസ്റ്റിൻ കണ്ടത്തിൽ (എറണാകുളം) എന്നിവർ സന്ദേശങ്ങൾ നൽകി.

**രൂപതയുടെ സുവർണ്ണ ജൂബിലി വേളയിൽ 1,63,752 കത്തോലിക്കരും 119 ദേവാലയങ്ങളും 160 വൈദികരും 78 സന്യാസവൈദികരും 678 സിസ്റ്റേഴ്സും 7 ഹൈസ്കൂളുകളും 2 കോളേജുകളും തൃശൂർ രൂപതയിലുണ്ട്.**

ജൂബിലി വേളയിൽ വികാരി ജനറൽ മോൺ മാത്യു എടക്കളത്തൂർ, സെന്റ് തോമസ് കോളേജ് പ്രിൻസിപ്പൽ മോൺ. ജോൺ പാലോക്കാരൻ എന്നിവർക്ക് ഡൊമസ്റ്റിക് പ്രിംലെറ്റ് പദവിയും, സി. വി. ആന്റണി, പോൾ കല്ലൂക്കാരൻ എന്നിവർക്ക് ഷെവലിയാർ സ്ഥാനവും ലഭിച്ചു. മദ്രാസ് മന്ത്രി സഭയിൽ വിദ്യാഭ്യാസ വകുപ്പിന്റെ സെക്രട്ടറിയായി നിയമിതനായ രൂപതാംഗമായ ഷെവലിയാർ സി. ജെ. വർക്കിയുടെ പേരും ഇവിടെ പരാമർശിക്കേണ്ടതാണ്. ജോർജ് ആറാമൻ രാജാവിന്റെ കിരീടധാരണം 1937 മെയ് 12ന് നടക്കുമ്പോൾ തലേദിവസവും അന്നേദിവസവും കൂട്ടമണി അടിക്കാനും പള്ളിയിൽ അത് സമുചിതമായി ആചരിക്കുവാനുമുള്ള പിതാവിന്റെ വിജ്ഞാപനം അന്നത്തെ രാഷ്ട്രീയ സാമൂഹ്യ വ്യവസ്ഥിതികളിലേക്ക് വെളിച്ചം വീശുന്നുണ്ട്

'കത്തോലിക്കാ പ്രവർത്തനം' (Catholic Action) നമ്മുടെ രൂപതയിൽ 1937ൽ ആരംഭിച്ചു. കത്തോലിക്ക യൂണിയൻ/ KCYM എന്ന സംഘടനകളുടെ മുന്നോടിയായിരുന്നു ഈ സംഘടന. സഭാപരമായ പ്രവർത്തനങ്ങൾക്ക് പുറമേ സാമൂഹിക സാമ്പത്തിക സാംസ്കാരിക മേഖലകളിലും 'കത്തോലിക്ക പ്രവർത്തനം' ശക്തമായ സാന്നിധ്യമായിരുന്നു. രൂപതയുടെ ഗോൾഡൻ ജൂബിലി വേളയിൽ 1,63,752 കത്തോലിക്കരും 119 ദേവാലയങ്ങളും 160 വൈദികരും 78 സന്യാസവൈദികരും 678 സിസ്റ്റേഴ്സും 7 ഹൈസ്കൂളുകളും രണ്ട് കോളേജുകളും തൃശൂർ രൂപതയിലുണ്ട്. ശനിയാഴ്ച തോറും ഒ. ജോസ് തോട്ടാന്റെ നേതൃത്വത്തിൽ ഇറങ്ങിയിരുന്ന 'ഭാരതമിത്രം' ' എന്ന വാരികയെപറ്റി 1938 ലെ നവജീവികയിൽ കാണുന്നു. 1916 ൽ റോമിൽ സ്ഥാപിതമായ മിഷനറി യൂണിയൻ ഓഫ് ദ ക്ലർജിയുടെ തൃശൂർ ശാഖ 1934ൽ വാഴപ്പിള്ളി പിതാവ് ആരംഭിച്ചു.

**1937 ൽ മേജർ സെമിനാരി നിറുത്തിയപ്പോൾ അവസാനമായി ആസ്തപ്പാട് പട്ടം സ്വീകരിച്ചത് ബ്രദർ ജോസഫ് കുണ്ടുകുള മായിരുന്നു.**

**പിന്നീട് 1998-ൽ തൃശൂർ മേരിമാതാ സെമിനാരിയുടെ തറക്കല്ലിട്ടത് കുണ്ടുകുളം പിതാവാണ്.**

മോൺ മാത്യു എടക്കളത്തൂരിനെ ഡയറക്ടറായി നിയമിച്ചു.

1938 ഫെബ്രുവരി 28ന് തിരുവല്ലയിലെ കത്തോലിക്കാ മഹായോഗത്തിൽ 'പുനരൈക്യത്തിന്റെ ആവശ്യകതയെപറ്റി' വാഴപ്പിള്ളി പിതാവ് പ്രഭാഷണം നടത്തി. വിശദമായ ഈ പ്രഭാഷണം മൂന്ന് ലക്കങ്ങളിലായി നവജീവികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. 1939-ലെ ലോകമഹായുദ്ധത്തിന്റെ ഭീകരമായ അവസ്ഥയെക്കുറിച്ച് നവജീവികയുടെ താളുകൾ പ്രതിപാദിക്കുന്നുണ്ട്. ഹിറ്റ്ലറുടെയും മുസോളിനിയുടെയും ക്രൂരതകളെക്കുറിച്ചും 1939 ലെ ലോക മഹായുദ്ധത്തിന്റെ ഭീകരമായ അവസ്ഥകളെകുറിച്ചും നവജീവികയുടെ താളുകളിൽ പ്രതിപാദിക്കുന്നുണ്ട്.

### ഇക്കാലത്തെ ചില ചരിത്ര സംഭവങ്ങൾ


ലോകവ്യാപക സംഘടനയായ കത്തോലിക്കാ മാതൃസംഘം 1940-ജൂൺ 20ന് എറണാകുളത്ത് ആരംഭിച്ചു. പ്രൊഫ. ജോസഫ് മുണ്ടശ്ശേരിക്ക് കൊച്ചി രാജാവ് 'സാഹിത്യനിപുണൻ' സ്ഥാനമുദ്ര നൽകിയതിൽ നവജീവിക ഹാർദ്ദമായി അനുമോദിച്ചു. തോപ്പിൽ 1916-ൽ ആരംഭിച്ച സെന്റ് മേരിസ് അനാഥശാലയുടെ രജത ജൂബിലി 1941 നടന്നു. 'റേരും നൊവാരും' ചാക്രിക ലേഖനത്തിന്റെ സുവർണ്ണ ജൂബിലി പ്രമാണിച്ചുള്ള ആചരണങ്ങൾ 1941ൽ തൃശ്ശൂർ രൂപതയിൽ നടന്നു. ചേലക്കരയിലെ ആന്റണി തച്ചുപറമ്പിലച്ചനെ പോലെ ആന്റണി തേലപ്പിള്ളിയച്ചൻ മായന്നൂർ മിഷന് ഇക്കാലത്ത് നേതൃത്വം കൊടുത്തു.

1942 മെയ് 9 അന്തിക്കാട് വച്ച് നടന്ന പന്ത്രണ്ടാം പിയൂസ് പാപ്പയുടെ ജൂബലിയുടെ രൂപത ആഘോഷങ്ങളിൽ പങ്കെടുക്കുന്നതിന് പുറപ്പെട്ട വാഴപ്പള്ളി പിതാവിന്റെ കാർ അരിമ്പൂരിൽ വെച്ച് അപകടത്തിൽപ്പെട്ടു. പിതാവിന് പുറമേയ്ക്ക് കാര്യമായ പരിക്കില്ലായിരുന്നു. തിരിച്ച് അരമനയിലെത്തി ഗോവണി കയറി മുറിയിൽ വന്നു, താമസിയാതെ അദ്ദേഹം ബോധരഹിതനായി. ഡോക്ടർമാർ തീവ്രപരിശ്രമം നടത്തിയെങ്കിലും ജീവൻ രക്ഷിക്കാനായില്ല. മെയ് 12ന് പിതാവ് ഇഹലോകവാസം വെടിഞ്ഞു. കൂടെയുണ്ടായിരുന്ന ഫാ. ജെയ്ക്കബ് അടമ്പുകുളം പരിക്കോടെ രക്ഷപ്പെട്ടു. പിന്നീട് പാലക്കാട് രൂപതയുടെ വികാരി ജനറാളായ അടമ്പുകുളമച്ചൻ 1994 ലാണ് മരണമടഞ്ഞത്.

'The Gentleman Bishop', The Liberal Prelate' എന്നിങ്ങനെ വിളിക്കപ്പെട്ടിരുന്ന വാഴപ്പിള്ളി പിതാവ് വലിയൊരു ചരിത്രാന്വേഷിയും, സാഹിത്യ തൽപരനും, കലാസ്നേഹിയുമായിരുന്നു എന്ന് ജോസഫ് മുണ്ടശ്ശേരി തന്റെ അനുസ്മരണക്കുറുപ്പിൽ എഴുതി. മഹാകവി വള്ളത്തോൾ ഇങ്ങനെയാണ് പിതാവിനെ വിശേഷിപ്പിച്ചത്, ''സാരഗ്രാഹിയും സമചിത്തനും ബുദ്ധിമാനുമായ ഒരധിനാഥനാണ് കത്തോലിക്കാ സഭയ്ക്ക് നഷ്ടീഭവിച്ചത്!. തിരുമനസ്സിലെ മനുഷ്യസ്നേഹവും ദീനാനുകമ്പയും നമുക്ക് പലവുരു അനുഭവപ്പെട്ടിട്ടുള്ളതാണല്ലോ.''

## മാർ ജോർജ്ജ് ആലപ്പാട്ട് (1944-1970)

1942 മുതൽ 1944 വരെ രൂപതയെ നയിച്ചത് അപ്പ. അഡ്മിനിസ്ട്രേറ്റർ മോൺ മാത്യു എടക്കളത്തൂർ ആയിരുന്നു.



Mar George Alappat

മംഗലപ്പുഴ സെമിനാരിയിൽ വച്ച് 1942 ഡിസംബർ 30ന് ഫാ. ജോസഫ് കുണ്ടുകുളം, മാർ അഗസ്റ്റിൻ കണ്ടത്തിൽ പിതാവിൽ നിന്ന് പട്ടം സ്വീകരിച്ചത് 1943 ഫെബ്രുവരി നവജീവികയിൽ കൊടുത്തിട്ടുണ്ട്. തൃശൂരിൽ അന്ന് മെത്രാൻ ഉണ്ടായിരുന്നില്ലല്ലോ. 1943ൽ 'വിദ്യാഭ്യാസം നേരിടുന്ന വെല്ലുവിളികൾ' എന്ന വിഷയത്തിൽ തിരുവിതാംകൂറിലെയും കൊച്ചിയിലേയും മെത്രാന്മാർ ആദ്യമായി ഒരു സംയുക്ത ഇടയലേഖനം 1938 ൽ പ്രസിദ്ധീകരിച്ചു.

മറ്റം പള്ളി വികാരിയായിരുന്ന റവ. ഡോ. ജോർജ് ആലപ്പാട്ട്, 1944 മെയ് ഒന്നിന് തൃശൂർ രൂപത മെത്രാനായി അധികാരമേറ്റു. അഭിവന്ദ്യ മെഡ്ലിക്കോട്ട് പിതാവിന്റെ ഭൗതികാവശിഷ്ടം ബാംഗ്ലൂരിൽ നിന്ന് കൊണ്ടുവന്ന് 1945 മെയ് നാലിന് പരിശുദ്ധ വ്യാകുല മാതാവിന്റെ പള്ളിയിൽ ആലപ്പാട്ട് പിതാവ് പുനർസംസ്കരിച്ചു. രൂപതാംഗങ്ങളായ ചാക്കോള സി.പി. ലോനപ്പന് ഷെവലിയാർ പദവിയും പറമ്പിലോനപ്പന് കൊച്ചി സംസ്ഥാനത്തെ മന്ത്രി സ്ഥാനവും ലഭിച്ചതിൽ രൂപത അനുമോദിച്ചു. ഈ വർഷങ്ങളിലെല്ലാം, 'കത്തോലിക്കപ്രവർത്തനം' എന്ന സംഘടന രൂപത/ ഫൊറോന/ ഇടവക തലങ്ങളിൽ ശക്തമായ പ്രവർത്തനം കാഴ്ചവയ്ക്കുന്നുണ്ട്.

'നമ്മുടെ ഇടവകയിലെ വരുമാനങ്ങൾ ബാഹ്യസംരംഭങ്ങൾക്കും, പ്രകടനങ്ങൾക്കും എന്നതിനേക്കാൾ ആധ്യാത്മിക സംരംഭങ്ങൾക്കും ആതുര സമുദ്ധാരണത്തിനുമായി ഉപയോഗിക്കുന്നതാണ് ദൈവമഹത്വത്തിനും, ആത്മാക്കളുടെ രക്ഷക്കും കൂടുതൽ ഉപകരിക്കുന്നതെന്ന്'' അഭിവന്ദ്യ പിതാവ് ആഹ്വാനം ചെയ്യുന്നു (1945 നവംബർ). 'ബിഷപ്പ് വാഴപ്പള്ളി മെമ്മോറിയൽ സമ്മർ സ്കൂൾ' യുവജനങ്ങൾക്കായി മതപരവും പൊതുവായതുമായ വിഷയങ്ങൾ ചർച്ച ചെയ്യുകയും നേതൃത്വപരിശീലനം നൽകുകയും ചെയ്തിരുന്നു.

1944- ൽ CBCI ആരംഭിച്ചു. 56 രൂപതകളുടെ അധ്യക്ഷന്മാർ സംയുക്തമായി നൽകിയ സമ്മേളന പ്രഖ്യാപനത്തിൽ കത്തോലിക്കരുടെ കർത്തവ്യങ്ങൾ, രാഷ്ട്രത്തിന്റെ ചുമതലകൾ, വിദ്യാഭ്യാസരംഗം എന്നിവ ചർച്ച ചെയ്തു. ഇതേവർഷം തന്നെയാണ് ഉപവി സന്ന്യാസിനി സഭ രൂപതയിൽ ആരംഭിച്ചത്.

സർ. സി.പി.രാമസ്വാമി അയ്യർ തിരുവിതാംകൂറിൽ സഭയുടെ വിദ്യാഭ്യാസ അവകാശങ്ങളെ പിടിച്ചടക്കുന്നതിനുള്ള ശ്രമങ്ങൾ ചെറുക്കുന്നതിന് 1945 നവംബർ-ഡിസംബർ നവജീവിക ആഹ്വാനം ചെയ്യുന്നു.

1946 ജൂലൈ 28ന് മരിച്ച അൽഫോൻസാമ്മയെപ്പറ്റിയുള്ള ലേഖനങ്ങൾ 1947 ഏപ്രിൽ- മെയ് മാസത്തെ നവജീവികയിലുണ്ട്. ഈ പുണ്യാത്മാവിന്റെ കബറിടം ഒരു 'തീർത്ഥസ്ഥലവും, അത്ഭുതങ്ങളുടെ വിളനിലവും' എന്ന് ലേഖനം സാക്ഷ്യപ്പെടുത്തുന്നു. മരണശേഷം ചുരുങ്ങിയ നാളുകൾ കൊണ്ട് അൽഫോൻസാമ്മ കേരളക്കരയാകെ അറിയപ്പെട്ടവളായി എന്ന് ഇതിൽ നിന്ന് മനസ്സിലാക്കാം. ഇക്കാലത്ത് ജീവിച്ചിരുന്ന നമ്മുടെ അതിരൂപതയിലെ പുണ്യശ്ലോകരായ വൈദീകരാണ് ധന്യൻ ഫാ. ജോസഫ് വിതയത്തിൽ (1864-1964), ദൈവദാസൻ ധന്യൻ അഗസ്റ്റിൻ ജോൺ ഊക്കൻ (1980-1956)ദൈവദാസൻ ആന്റണി തച്ചുപറമ്പിൽ (1897-1963). രൂപതാംഗമായിരുന്ന ധന്യ സെലിൻ കണ്ണനായ്ക്കൽ ദൈവദാസൻ ഫാ. കനീസിയൂസ് എന്നവരുടേയും നാമകരണനടപടികൾ ഇപ്പോൾ നടന്നു വരുന്നു.

അഖില കേരള മിഷൻ പ്രദർശനം സെന്റ് മേരീസ് കോളേജിൽ 1947 ഏപ്രിൽ 29,30, മെയ് 1 തീയതികളിൽ നടന്നു. കൊച്ചി വിദ്യാഭ്യാസ ആരോഗ്യ മന്ത്രിയായി ശ്രീ.സി.എ. ഔസേപ്പ് നിയമിതനായി. 1947 ഓഗസ്റ്റ് / സെപ്റ്റംബറിൽ ഭാരത സ്വാതന്ത്രലബ്ധിയെപ്പറ്റി നവജീവികയിൽ കാര്യമായ പരാമർശം കാണുന്നില്ല. എന്നാൽ 1948 ജനുവരി 30 ഗാന്ധിജിയുടെ രക്തസാക്ഷിത്വം നവജീവിക പ്രധാന്യത്തോടെ ചർച്ച ചെയ്യുന്നുണ്ട്. 1948 ഏപ്രിൽ 20ന് മർത്താഭവനം (ഇന്നത്തെ മർത്താ സന്യാസിനി സഭ) ആരംഭിച്ചു.



First Vestition of Malabar MIssionary Brothers

1/9/49 ൽ മലബാർ മിഷനറി യൂണിയന്റെ ഒരു വിഭാഗമായ മലബാർ മിഷനറി സഹോദര സംഘം (*MMB*) രൂപീകരിക്കപ്പെട്ടു.

1949 ഡിസംബർ 21ന് ഫാത്തിമ മാതാവിന്റെ തിരുസ്വരൂപം രൂപതയിൽ എത്തിച്ചേർന്നു. നിരവധി ദേവാലയങ്ങളിൽ തിരുസ്വരൂപത്തെ വണങ്ങുന്നതിനും ആരാധിക്കുന്നതിനും വിശ്വാസികൾക്ക് സാധിച്ചു.

1950 ജനുവരി 26 പ്രഥമ റിപ്പബ്ലിക് ദിനത്തിൽ തൃശ്ശൂർ നഗരത്തിന്റെ ആഭിമുഖ്യത്തിൽ നടന്ന ആഘോഷ പരിപാടികളിൽ വിദ്യാർത്ഥി കോർണറിൽ വച്ച് അഭിവന്ദ്യ ആലപ്പാട്ട് പിതാവ് ദേശീയ പതാക ഉയർത്തി.

1940 മുതൽ നമ്മുടെ പള്ളികളിൽ വൈദ്യുതി സജ്ജീകരണമുണ്ട്. 12/3/1950 ൽ ഒല്ലൂർ പള്ളിയിൽ ആദ്യമായി ഉച്ചഭാഷിണി യന്ത്രത്തിന്റെ (മൈക്ക്) ഉദ്ഘാടനം അഭിവന്ദ്യ ആലപ്പാട്ട് പിതാവ് നിർവഹിച്ചു.

1952-ൽ ഇഞ്ചോടി ഈയ്യപ്പന് ഷെവലിയർ സ്ഥാനം ലഭിച്ചു. തോമാശ്ലീഹായുടെ കേരള പ്രവേശനത്തിന്റെ 19-ാo ശതാബ്ദിയും വി. ഫ്രാൻസിസ് സേവിയറിന്റെ മരണത്തിന്റെ 4-ാo ശതാബ്ദിയും പ്രമാണിച്ചുള്ള ആഘോഷങ്ങൾ 1952 ൽ കേരളസഭ സംയുക്തമായി ഡിസംബർ 28- 29 തീയതികളിൽ എറണാകുളത്ത് വച്ച് നടത്തി. പേപ്പൽ ഡലഗേറ്റ് കാർഡിനൽ ഗിൽറോയ്, നിയുക്ത കർദിനാൾ വലേറിയൻ ഗ്രേഷ്യസ് എന്നിവർ ശതാബ്ദി ആഘോങ്ങൾക്ക് ശേഷം ഡിസംബർ 30ന് തൃശൂർ സന്ദർശിച്ചു. പേപ്പൽ ഡെലഗേറ്റ് ജൂബിലി മിഷൻ ഹോസ്പിറ്റലിൻെയും ഡാമിയൻ ഇൻസ്റ്റിറ്റ്യൂട്ടിന്റെയും ശിലാസ്ഥാപനം നിർവഹിച്ചു. 1952 ആഗസ്റ്റ് 29 ന് വി. എവുപ്രാസ്യാമ്മ ഈ ലോകവാസം വെടിഞ്ഞു.

1953 ഡിസംബർ 4-6 തീയതികളിൽ കാർഡിനൽ എവുജിൻ ടിസ്സറാങ്



Trichur Archbishops House - 2018

തൃശ്ശൂർ സന്ദർശിച്ചു. മാർത്തോമാശ്ലീഹായുടെ വലത് കരത്തിന്റെ അസ്ഥി അഴീക്കോട് തീർത്ഥകേന്ദ്രത്തിൽ അദ്ദേഹം പ്രതിഷ്ഠിച്ചു. 1954-ൽ ആഗസ്റ്റി അക്കരയ്ക്ക് ഷെവലിയർ സ്ഥാനം ലഭിച്ചു. 1955 ൽ വളരെ കാലമായി ഉണ്ടായിരുന്ന തന്റെ ആഗ്രഹം പൂർത്തീകരിച്ച് അഭിവന്ദ്യ ആലപ്പാട്ട് പിതാവ് കപ്പൂച്ചിൻ സന്യാസ സഭയിൽ അംഗമായി ചേർന്നു.

1955ൽ ഏപ്രിൽ 28-ന് തൃശൂർ രൂപതയുടെ അതിർത്തി കോയമ്പത്തൂർ വരെ റോം വ്യാപിപ്പിച്ചു. ഇതോടെ 1897ൽ തൃശ്ശൂർ വികാരിയത്തിൽ നിന്ന് മാറ്റപ്പെട്ടിരുന്ന മേലാർക്കോട് ഇടവക വീണ്ടും തൃശ്ശൂർ രൂപതയിലേക്ക് ചേർക്കപ്പെട്ടു. മേലാർക്കോട് ഇടവകാംഗമായ ഫാ. ലൂയിസ് ചിറ്റിലപ്പള്ളിയായിരുന്നു ഇതിനായി റോമിലേക്ക് തുടർച്ചയായി അപേക്ഷകൾ അയച്ചിരുന്നത്. ഈ സ്ഥലങ്ങളുടെ പൊതുവായ ഭരണം ഫാ. സക്കറിയാസ് വാഴപ്പിള്ളിയായിരുന്നു നിർവഹിച്ചിരുന്നത്.

1956-നവംബർ നവജീവിക കേരളപ്പിറവി വിശേഷാൽ പതിപ്പായിരുന്നു. തിരുവനന്തപുരത്ത് വച്ച് നടന്ന സംസ്ഥാനതല ഉദ്ഘാടന പരിപാടിയിൽ ആലപ്പാട്ട് പിതാവ് പങ്കെടുത്തു. 1956 ഒക്ടോബർ 13ന് അന്തരിച്ച അഗസ്റ്റിൻ ജോൺ ഊക്കനച്ചനെകുറിച്ച് നവജീവിക ഇപ്രകാരം പറയുന്നു. ഏതാണ്ട് അര ശതാബ്ദത്തോളം നീണ്ടുനിന്ന പൗരോഹിത്യ ജീവിതത്തിന്റെ അവസാനംവരേയും ജോലി ചെയ്ത് കേവലം ഒരാഴ്ച്ച മാത്രം രോഗശയ്യാലംബനായി തന്റെ വേലകളുടെ നിത്യ സമ്മാനത്തിനായി (അച്ചൻ) പുറപ്പെടുകയാണ് ചെയ്തത്.

1957-ൽ അവതരിപ്പിക്കപ്പെട്ട വിദ്യാഭ്യാസ ബില്ലിനെ ക്രൈസ്തവ സഭാ മേലധ്യക്ഷന്മാരെല്ലാവരും ഒന്നിച്ചെതിർത്തു. 1957-ജൂലായിൽ ആരംഭിച്ച വിമോചന സമരത്തിൽ രൂപത സജീവമായി പങ്കുചേർന്നു. വിമോചന സമരരക്തസാക്ഷികളുടെ ലിസ്റ്റ് 1959 ജൂലൈ നവജീവികയിൽ കാണാം. 1967 ൽ സമരിറ്റൻ സഭ ആരംഭിച്ചു. 1960 ജൂലൈയിൽ തൃശൂരിൽ നിന്നുള്ള ക്ലാരിസ്റ്റ് സിസ്റ്റേഴ്സ് ആഗ്രയിൽ മിഷൻ തുടങ്ങി. രൂപതയിൽ നിന്നുള്ള പ്രഥമ മിഷൻ സംരഭമായിരുന്നു അത്.

സെന്റ് മേരീസ് ഓർഫനേജിന്റെ അമ്പതാം വാർഷികം 1961ൽ ആഘോഷിച്ചു. കാർഡിനൽ ഗ്രേഷ്യസ്, ഇന്ദിരാ ഗാന്ധി, എൻ.കെ. കൃഷ്ണമേനോൻ, തമിഴ്നാട് മുഖ്യമന്ത്രി കെ.കാമരാജ് തിരുകൊച്ചി മുഖ്യമന്ത്രി എ.ജെ.ജോൺ എന്നിവർ ഓർഫനേജിൽ മുഖ്യാതിഥികളായി എത്തിയിരുന്നു.

## രണ്ടാം വത്തിക്കാൻ കൗൺസിലും തൃശൂർ രൂപതയും

1959 ജനുവരി 25ന് രണ്ടാം വത്തിക്കാൻ കൗൺസിൽ വിളിച്ചു കൂട്ടുവാനുള്ള പ്രഖ്യാപനം റോമിൽ നടന്നു. 1960 ജൂലൈ ലക്കം നവജീവികയിൽ സൂനഹദോസിനെ പറ്റിയും ആഗതമാകുന്ന രണ്ടാം വത്തിക്കാൻ കൗൺസിലിനെപ്പറ്റിയും വിശദമായ പഠനങ്ങളുണ്ട്. കൗൺസിലിലേക്ക് മെത്രാന്മാരും കത്തോലിക്കാ യൂണിവേഴ്സിറ്റികളും റോമൻ കൂരിയയും തങ്ങളുടെ അഭിപ്രായങ്ങളും ആഗ്രഹങ്ങളും നിർദ്ദേശങ്ങളും നൽകണമായിരുന്നു. 'Vota' എന്നാണ് ഇത് അറിയപ്പെട്ടിരുന്നത്.കൗൺസിലിന്റെ ചൈതന്യം ഉൾക്കൊണ്ടവയായിരുന്നു ആലപ്പാട്ട് പിതാവ് അയച്ച 'വോട്ട'. ഇതിൽ സുപ്രധാനമായവ താഴെ ചേർക്കുന്നു.

'ഡീക്കൻ പദവി' പുനരുദ്ധരിക്കുക. ആവശ്യമെങ്കിൽ അത് വിവാഹിതർക്ക് കൂടി നൽകുക എന്ന നിർദ്ദേശം ഇന്ത്യയിൽ നിന്നുള്ള നാലു പിതാക്കന്മാർക്കൊപ്പം പിതാവ് പങ്കുവെച്ചു. വിവാഹിതരായ ഡീക്കന്മാർ സഭയിലെ ഭൗതികവസ്തുക്കളുടെ ഭരണനിർവഹണം നടത്തിയാൽ ഇടവക വികാരിമാർക്ക് ജനങ്ങളുമായി കൂടുതൽ സമയം ചിലവഴിക്കാനാകുമെന്ന് ആലപ്പാട്ട് പിതാവ് വിലയിരുത്തി.

**12/3/1950-ൽ ആദ്യത്തെ ഉച്ചഭാഷിണി യന്ത്രത്തിന്റെ (മൈക്ക്) ഉദ്ഘാടനം ഒല്ലൂർ പള്ളിയിൽ അഭിവന്ദ്യ ആലപ്പാട്ട് പിതാവ് നിർവഹിച്ചു.**

ഇവരുടെ നേതൃത്വത്തിൽ വിവിധ ഇടവക സംഘടനകളിൽ നിന്നുള്ള സ്ത്രീ പുരുഷന്മാരുടെ ഒരു ടീം രൂപീകരിച്ച് വികാരിയച്ചനോടൊപ്പം പ്രവർത്തിക്കണം. പൗരസ്ത്യ സഭകളിൽ നിന്ന് സന്യാസാർഥികളെ സ്വീകരിക്കുന്നുവെങ്കിൽ പൗരസ്ത്യ രീതിയിൽ ഭവനങ്ങൾ ആരംഭിക്കുവാൻ ലത്തീൻ സഭകൾ പരിശ്രമിക്കണം.

പാശ്ചാത്യ സഭയുടെ അധീശത്വവും പൗരസ്ത്യ അകത്തോലിക്ക സഹോദരങ്ങളോടുള്ള അവജ്ഞയും പ്രകടിപ്പിക്കുന്ന രീതിയിലുള്ള സമീപനങ്ങൾ ഒഴിവാക്കണം. 'രണ്ടാം ക്ലാസ് കത്തോലിക്കർ', ഓർത്തഡോക്സുകാരെ ചിലർ വിശേഷിപ്പിക്കുന്ന 'വിമതർ' (dissidents) എന്നീ പദപ്രയോഗങ്ങൾ ഒഴിവാക്കണം. സഭാ ഭരണ സംവിധാനത്തിലുള്ള ലത്തീനീകരണം ഒഴിവാക്കണം. ഏതെങ്കിലും സഭ സത്യസഭയിലേക്ക് തിരിച്ചു വന്നാൽ ഇന്നുള്ള എല്ലാ നിയമങ്ങളും അവരുടെ മേൽ അടിച്ചേൽപ്പിക്കരുത്. പരിശുദ്ധ പിതാവിനെ സമീപിക്കാൻ അവർക്ക് എളുപ്പം സാധിക്കണം.


അബദ്ധ സിദ്ധാന്തങ്ങൾക്കെതിരായ പോരാട്ടത്തിൽ മതബോധനം കാര്യക്ഷമമാക്കണം. ഭൗതികവാദം, അജ്ഞേയവാദം, നിരീശ്വര കമ്മ്യൂണിസം എന്നിവ വളരുന്നതിന് കാരണമായി ആലപ്പാട്ട് പിതാവ് പറയുന്നത് നിരക്ഷരകക്ഷികളുടെ ഇടയിലും അഭ്യസ്തവിദ്യരുടെ ഇടയിലും ക്രൈസ്തവ മതത്തെ പറ്റിയുള്ള അജ്ഞതയാണ്. ഒപ്പം തൊഴിലാളികളുടെയും മുതലാളിമാരുടെയും ഇടയിലുള്ള അസമത്വം നീക്കുവാൻ ചാക്രിക ലേഖനങ്ങൾ നൽകുന്ന തത്വങ്ങൾ പ്രാവർത്തികമാക്കുന്നതിലുള്ള അവഗണനയും ഇതിന് കാരണമാണ്.

സാമൂഹ്യ വിഷയങ്ങളിൽ വൈദികർ കൂടുതലായി ഇടപെടണമെന്നും അതിനുള്ള പഠനങ്ങളുണ്ടാകണമെന്നും ആലപ്പാട്ട് പിതാവ് അഭിപ്രായപ്പെട്ടു. പാവങ്ങളെ സംരക്ഷിക്കുന്നതിലും, രോഗീ പരിചരണത്തിലും അജപാലന ശ്രദ്ധ ഉണ്ടാകണം. വർഷത്തിൽ ഒരു പ്രാവശ്യമെങ്കിലും ഇടവകാംഗങ്ങളെ വികാരിയച്ചൻ സന്ദർശിച്ചിരിക്കണം. പാവങ്ങൾക്ക് വേണ്ടി ഒരു പുവർ ഫണ്ട് രൂപീകരിക്കണം. ഇടയനും ഇടവകജനവും തമ്മിൽ ഊഷ്മളമായ ബന്ധമുണ്ടാകണം.

1962 ഒക്ടോബർ 11ന് രണ്ടാം വത്തിക്കാൻ കൗൺസിൽ ആരംഭിച്ചു. നവംബർ നവജീവികയിൽ കൗൺസിലിനെ പറ്റി നിരവധി ലേഖനങ്ങളുണ്ട്. ഇതേ സമയത്ത് തന്നെ ആരംഭിച്ച ചൈനയുടെ ആക്രമണത്തെപ്പറ്റി ഭാരതമെത്രാന്മാർ റോമിൽ നിന്നെഴുതിയ ഇടയലേഖനവും ഈ ലക്കത്തിലുണ്ട്. കൗൺസിൽ വർഷങ്ങളിലൊക്കെയും ആലപ്പാട്ട് പിതാവ് വിജ്ഞാപനങ്ങളും അറിയിപ്പുകളും വഴി കൗൺസിൽ അനുഭവങ്ങൾ വിശ്വാസികളുമായി പങ്കുവെക്കുന്നുണ്ട്.

1962 ഡിസംബർ മൂന്നിനാണ് കൗൺസിലിൽ ആദ്യമായി സീറോ മലബാർ റീത്തിൽ കുർബാന അർപ്പിക്കപ്പെട്ടത്. തുടർന്ന് വിശുദ്ധ ഗ്രന്ഥം അൾത്താരയിൽ പ്രതിഷ്ഠിക്കുന്ന കർമ്മം നിർവഹിച്ചത് ആലപ്പാട്ട് പിതാവായിരുന്നു. ലോകത്തിന്റെ നാനാഭാഗത്തുനിന്നുള്ള വിവിധ രാജ്യക്കാരും ഭാഷക്കാരും സംസ്കാര പൈതൃകം പുലർത്തുന്നവരുമായ മൂവായിരത്തോളം സഭാ പിതാക്കന്മാരുടെ വ്യത്യസ്ത മനോഭാവങ്ങൾ അന്യോന്യം മനസ്സിലാക്കുന്നതിനും അവയുമായി പൊരുത്തപ്പെടുന്നതിനും കൗൺസിൽ സമ്മേളനങ്ങൾ സഹായിച്ചു എന്ന് ആലപ്പാട്ട് പിതാവ് 1963 നവംബർ 23ന് വത്തിക്കാൻ റേഡിയോയിൽ നടത്തിയ പ്രഭാഷണത്തിൽ വ്യക്തമാക്കി.

1962 ജൂലൈ 22 ന് അപ്പസ്തോലിക് ഇന്റർ നൂൺഷിയോ ജെയിംസ് റോബർട്ട് നോക്സ് തൃശൂർ സന്ദർശിച്ചു. 1963 ജൂൺ മൂന്നിന് കാലം ചെയ്ത ജോൺ 23 ാം പാപ്പയെയും ജൂൺ 9 ന് മൺമറഞ്ഞ ആന്റണി തച്ചുപറമ്പിൽ അച്ചനെയും പറ്റിയുള്ള ഓർമ്മക്കുറിപ്പുകൾ നവജീവികയിൽ കാണാം. രൂപ



II Vatican Council, St. Peters Basilica, Rome


Second Vatican Council

തയിലും രൂപതയ്ക്ക് പുറത്തും ഏറെ അറിയപ്പെട്ടിരുന്ന അന്തോണി അച്ചൻ ധ്യാന പ്രസംഗത്തെക്കാൾ ജീവിത മാതൃക കൊണ്ട് മറ്റുള്ളവരെ ദൈവത്തിലേക്ക് അടുപ്പിക്കുന്നതും ആകർഷിക്കുന്നതും ശ്രേഷ്ഠകരമെന്നു ദൈവതോന്നിപ്പിനെ അനുസരിച്ച് ചേലക്കരയിലേക്ക് യാത്രയായി എന്ന് നവജീവിക കുറിക്കുന്നു. തുടരെ ഉണ്ടായിക്കൊണ്ടിരുന്ന ദേവാലയ ആക്രമണങ്ങളെപ്പറ്റി ജൂൺ മാസത്തിലെ നവജീവികയിൽ പ്രതിപാദിക്കുന്നു

1964 ൽ ബോംബെയിൽ നടന്ന 38ാം ദിവ്യകാരുണ്യ കോൺഗ്രസിനെ പറ്റിയുള്ള വിശദമായ റിപ്പോർട്ടുകൾ നവജീവികയിലുണ്ട്. ദിവ്യകാരുണ്യ കോൺഗ്രസിൽ പങ്കെടുക്കാൻ നവംബർ 22ന്, തൃശ്ശൂർ രൂപതയിൽ നിന്നുള്ള 261 തീർത്ഥാടകർ കൊച്ചിയിൽ നിന്ന് 'സബർമതി' എന്ന കപ്പലിൽ ബോംബെയിലേക്ക് പോയി'. 1965ലെ വത്തിക്കാൻ റേഡിയോ പ്രഭാഷണത്തിൽ ആലപ്പാട്ട് പിതാവിന്റെ വാക്കുകൾ ഇപ്രകാരമായിരുന്നു : ''ക്രിസ്തുവിന്റെ മൗതിക ശരീരത്തിൽ ഭാഗഭാഗിത്വം നേടുകയും. സ്ഥൈര്യലേപനം വഴി പരിശുദ്ധാത്മാവിനാൽ ശക്തിപ്പെടുകയും ചെയ്തതോടെ ഓരോ ക്രൈസ്തവനും പ്രേഷിതവൃത്തിക്കായി നിയോഗിക്കപ്പെടുന്നു. ക്രൈസ്തവനാകാനുള്ള ദൈവവിളി പ്രേഷിതത്വത്തിലേക്കും കൂടിയുള്ളതാണ്.


രണ്ടാം വത്തിക്കാൻ കൗൺസിൽ ഡിക്രികളുടെ സംക്ഷിപ്ത രൂപം നവജീവികയിൽ നൽകിയിട്ടുണ്ട്. ആരാധനക്രമം (1966 മാർച്ച്, 1967 ഓഗസ്റ്റ്) സന്യസ്ത ജീവിതം (1966 ആഗസ്റ്റ്) അല്മായ പ്രേഷിതത്വം (1966 ഡിസംബർ) പൗരോഹിത്യ ജീവിതം (സെപ്റ്റംബർ 1967) സഭ ആധുനിക ലോകത്തിൽ (ഡിസംബർ 1968) എന്നിവ ഉദാഹരണങ്ങളാണ്. കൗൺസിലിനോടനുബന്ധിച്ച് പരി. പിതാവ് ആഹ്വാനം ചെയ്ത പ്രാർത്ഥനാ ജൂബിലി വർഷം കൗൺസിൽ സമാപന ദിനമായ 1965 ഡിസംബർ 8 മുതൽ 1968 ഡിസംബർ 8 വരെ രൂപതയിൽ ആചരിച്ചു.

കൗൺസിൽ രേഖകളെ വിശദീകരിച്ചുകൊണ്ടുള്ള ക്ലാസുകൾ ഇടവകയിൽ നടത്താൻ അഭിവന്ദ്യ പിതാവ് ആഹ്വാനം ചെയ്യുന്നുണ്ട്. കൗൺസിൽ അരൂപിയിൽ 13/3/67 ൽ രൂപതയിൽ നടന്ന എക്യുമെനിക്കൽ കൺവെൻഷന് പിതാവ് അധ്യക്ഷത വഹിച്ചു. അൽമായ പരിശീലന കേന്ദ്രം (നവംബർ 1967) വൈദിക സെനറ്റ് (1/1/1968), പാസ്റ്ററൽ കൗൺസിൽ (16/4/1968) ഇങ്ങനെ കൗൺസിലിന്റെ ചൈതന്യമനുസരിച്ചുള്ള സംവിധാനങ്ങൾ ആദ്യകാലങ്ങളിൽ തന്നെ രൂപീകരിച്ചപ്പോൾ നമ്മുടെ രൂപത ഭാരത സഭയ്ക്ക് തന്നെ മാതൃകയായി. കത്തോലിക്കാ പ്രവർത്തനം, മതബോധനം, ദൈവവിളി പ്രോത്സാഹനം, വിൻസെൻഷ്യൻ പ്രവർത്തനങ്ങൾ, CLA, കാനൻ നിയമങ്ങളുമായി ബന്ധപ്പെട്ട ചോദ്യങ്ങളും ഉത്തരങ്ങളും തുടങ്ങിയവയെല്ലാം ഇക്കാലത്തെ നവജീവികയിലുണ്ട്.

1968 ഓഗസ്റ്റ് 18–25 തിയ്യതികളിൽ ആലപ്പാട്ട് പിതാവ് കൊളംബോയിലെ ബോഗോട്ടയിൽ 39–ാം ദിവ്യകാരുണ്യ കോൺഗ്രസിൽ പങ്കെടുത്തു. ഇതേ വർഷം അമേരിക്കയിലെ ഡെട്രോയിറ്റ് യൂണിവേഴ്സിറ്റി ആലപ്പാട്ട് പിതാവിന് ഓണററി ഡോക്ടറേറ്റ് നൽകി ആദരിച്ചു.

തന്റെ നീണ്ട 26 വർഷത്തെ മെത്രാൻ ശുശ്രൂഷയിൽ നിന്ന് ആരോഗ്യപരമായ കാരണങ്ങളാൽ തന്നെ ഒഴിവാക്കണമെന്ന് ആലപ്പാട്ട് പിതാവ് 1970 ജനുവരിയിൽ റോമിനോട് അപേക്ഷിച്ചിരുന്നു. കുറെ വർഷങ്ങൾക്കു മുമ്പ് ഇതേ ആവശ്യം താൻ ഉന്നയിച്ചിരുന്നതായി പിതാവ് എടുത്തു പറയുന്നുണ്ട്. മാർ ആലപ്പാട്ട് പിതാവിന്റെ അഭ്യർത്ഥന മാനിച്ച് 3/6/1974ന് ആലപ്പാട്ട് പിതാവിനെ മെത്രാന്റെ ഉത്തരവാദിത്വത്തിൽ നിന്ന് റോം ഒഴിവാക്കുകയും പിൻഗാമി വരുന്നതുവരെ അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്ററായി നിയമിക്കുകയും ചെയ്തു. പിന്നീട് 'പാവങ്ങളുടെ പാതിരി' മാർ ജോസഫ് കുണ്ടുകുളം രൂപതയുടെ ഭരണസാരഥ്യം ഏറ്റെടുത്തു.

## മാർ ജോസഫ് കുണ്ടുകുളം (1970–1996)


Mar Joseph Kundukulam



Church Protest Against Goverment 1959




Church Protest Against Aramthirumurivu Drama 1986

പാവങ്ങളോടും പാർശ്വവത്ക്കരിക്കപ്പെട്ടവരോടും എന്നും പക്ഷം ചേർന്ന, 'പാവങ്ങളുടെ പിതാവ്' എന്നറിയപ്പെട്ട മാർ ജോസഫ് കുണ്ടുകുളം മെത്രാനാകുന്നതിന് മുമ്പേ സെന്റ് ആൻസ് ഇടവക വികാരിയായും അവിടെയുള്ള ഉപവിസ്ഥാപനങ്ങളുടെ ഡയറക്ടറായും പ്രവർത്തിച്ചിരുന്നു. അഗതികളുടെയും അശരണരുടെയും വേദനകൾ പിതാവ് ഹൃദയത്തിൽ ഏറ്റുവാങ്ങി. 1965-ൽ സമാപിച്ച രണ്ടാം വത്തിക്കാൻ കൗൺസിൽ, പ്രത്യേകമായി അതിന്റെ സാമൂഹ്യപ്രബോധനങ്ങൾ പിതാവിന് വ്യക്തമായ ദിശാബോധം നൽകി. തന്റെ മെത്രാഭിഷേക പരിപാടിയിൽ പങ്കെടുത്തവർക്ക് നന്ദി പ്രകാശിപ്പിച്ച് സംസാരിച്ച പിതാവ് ഇപ്രകാരം പറഞ്ഞു: ''രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ പഠനങ്ങൾ നടപ്പിൽ വരുത്താൻ ശക്തമായ പരിശ്രമങ്ങൾ വേണം. ഈയിടെ നടന്ന ചർച്ച് ഇൻ ഇന്ത്യ സെമിനാറിന്റെ നിർദ്ദേശങ്ങൾ നടപ്പിൽ വരുത്താൻ ഞാൻ കഴിവിന്റെ പരമാവധി പരിശ്രമിക്കും, കൗൺസിലിന്റെ അരൂപിയിൽ ഇടവകയിലും രൂപതയിലും കേരളത്തിലും ഇന്ത്യയിലും ചെയ്യാൻ പറ്റുന്നവയെപ്പറ്റി ചിന്തിക്കും.''

തന്റെ അപ്പസ്തോലിക ദൗത്യത്തിൽ രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ അജപാലക സാമൂഹ്യ ഊന്നലുകൾക്ക് പിതാവ് ഊന്നൽ നൽകിയത് അദ്ദേഹത്തിന്റെ പ്രഥമ ഇടയലേഖനത്തിൽ വ്യക്തമായി കാണാം.

''എന്റെ മുദ്രാവാക്യം രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ വെളിച്ചത്തിൽ ''**എല്ലാവർക്കും എല്ലാമാകുക**'' എന്നതാണ്. എല്ലാവരിലും ദൈവത്തെ കാണുകയും ജാതി, മത, രാഷ്ട്രീയ പരിഗണനകൾക്കും ധനിക ദരിദ്ര വ്യത്യാസങ്ങൾക്കുമപ്പുറത്ത് എല്ലാവരെയും ഒന്നിപ്പിക്കുകയും സ്വർഗ്ഗപിതാവിന്റെ മക്കളാണ് നാമെന്ന സത്യം ഉറക്കെ പ്രഖ്യാപിക്കുകയുമാണ്'' തന്റെ ലക്ഷ്യമെന്ന് പിതാവ് ഈ ഇടയലേഖനത്തിൽ വ്യക്തമാക്കി. ''ധനം ദൈവത്തിന്റേതാണ്. അത് പൊതുനന്മയ്ക്കായി ഉപയോഗിക്കണമെന്ന് ധനവാന്മാർ മനസ്സിലാക്കണം''

1970 ലെ ഒരു ഇടയലേഖനത്തിൽ പള്ളിപ്പെരുന്നാളുകളിലും വിവാഹ ആഘോഷങ്ങളിലുമുള്ള ആഡംബരം ഒഴിവാക്കാൻ പിതാവ് ആഹ്വാനം ചെയ്യുന്നുണ്ട്. 'സ്വർണ്ണക്കുരിശും വെള്ളിക്കുരിശുമുള്ള' പള്ളികൾ അവ വിറ്റ് പാവപ്പെട്ടവർക്കു നൽകണം. ദരിദ്രരാകട്ടെ സ്വയംപര്യാപ്തതക്ക് ശ്രമിക്കണം. തങ്ങൾക്കു കിട്ടുന്ന വരുമാനം ദുർവ്യയം ചെയ്യരുത്'. 1971-ലെ വർഷാരംഭസന്ദേശത്തിൽ സാമൂഹ്യപരിവർത്തനത്തിനും വിധേയമാകാൻ പിതാവ് വിശ്വാസികളെ ആഹ്വാനം ചെയ്യുന്നു. കത്തോലിക്കാ സാമൂഹ്യപഠനങ്ങൾ പ്രാവർത്തികമാക്കാനുള്ളതാണ്. സാമൂഹ്യനീതിക്കുവേണ്ടിയുള്ള ഉദ്ബോധനങ്ങൾ പിതാവ് നിരന്തരം നൽകിയിരുന്നു. ദശാംശം നൽകാനും ഭൂദാനയജ്ഞം വഴി 5 സെന്റ് ഭൂരഹിതർക്ക് നൽകാനുമുള്ള പദ്ധതികൾ ഇക്കാലത്ത് പിതാവ് ആവിഷ്കരിച്ചിരുന്നു.

ഉപവിപ്രവർത്തനങ്ങൾ നീതിക്ക് പകരം നിൽക്കില്ലെന്നും അവ അനീതിയ്ക്ക് മറയാകരുത് എന്നും പിതാവ് വ്യക്തമാക്കി. സഭയുടെ സാമൂഹ്യ



Faith Proclamation Rally 1978



St Mother Theresa with Mar Joseph Kundukulam during the visit at Trichur, 1992

ദർശനങ്ങൾ ഉയർത്തിപ്പിടിക്കാൻ അത്മായരുടെ, പ്രത്യേകിച്ച് യുവജനങ്ങളുടെ ഒരു പ്രസ്ഥാനം വേണമെന്ന് പിതാവ് ആഗ്രഹിച്ചു. സ്വകാര്യസംരംഭങ്ങൾ തുടങ്ങി തൊഴിൽസംരംഭങ്ങൾ ജോലി സാദ്ധ്യതകൾ എന്നിവ വർദ്ധിപ്പിക്കണം. തൊഴിലാളികൾ അനാവശ്യസമരങ്ങളിൽനിന്നു പിന്മാറണം. 1970കൾ ഭക്ഷ്യക്ഷാമം രൂക്ഷമായിരുന്ന കാലമായിരുന്നു. ഭക്ഷ്യവസ്തുക്കൾ പൂഴ്ത്തിവക്കരുതെന്നും അവ പാവങ്ങളുമായി പങ്കുവെക്കണമെന്നും പിതാവ് ആഹ്വാനം ചെയ്യുന്നത് 1972ലെ ഒരിടയലേഖനത്തിൽ കാണാം.

തൊഴിലാളിമധ്യസ്ഥനായ വി. യൗസേപ്പിന്റെ തിരുനാൾ ദിനത്തിലെ -മെയ്ദിനം- വി.ബലി എന്നും ഒരു ഫാക്ടറിയിലോ വർക്കുഷോപ്പിലോ ആയിരുന്നു പിതാവ് അർപ്പിച്ചിരുന്നത്. തൊഴിലാളിയുടെ മഹത്വം, അവന്റെ ജോലിയുടെ മാഹാത്മ്യം അർഹമായ കൂലി തുടങ്ങി തന്റെ സാമൂഹ്യ-തൊഴിൽ രംഗത്തെ ദർശനങ്ങൾ പ്രാവർത്തികമാക്കാൻ പിതാവ് കാത്തലിക് ലേബർ അസ്സോസിയേഷൻ (CLA) ആരംഭിച്ചു.

കൗൺസിൽ പ്രബോധനമായ 'സഭ ആധുനികയുഗത്തിൽ' പിതാവ് കൂടെക്കൂടെ തന്റെ പ്രബോധനങ്ങളിൽ ഉദ്ധരിക്കുന്നുണ്ട്. ധനികർ തങ്ങൾക്കുള്ളത് പങ്കു വെക്കുന്നതുപോലെ സാമ്പത്തികമായി ധനികരല്ലാത്തവർ തങ്ങളുടെ സമയവും താലന്തുകളും അറിവും ആരോഗ്യവും പങ്കുവെക്കണം. സാമൂഹ്യപ്രവർത്തനങ്ങൾ ഏകോപിപ്പിക്കാൻ 1976-ൽ പിതാവ് സോഷ്യൽ വെൽഫയർ സെന്റർ സ്ഥാപിച്ചു. ഇതിന്റെ ഭാഗമായാണ് പോപ്പ് പോൾ മേഴ്സിഹോം, എയ്ഡ്സ് രോഗികൾക്കുള്ള പുനരധിവാസകേന്ദ്രം, ജോൺപോൾ പീസ് ഹോം തുടങ്ങിയവ ആരംഭിച്ചത്. രൂപതയുടെ സാമൂഹ്യവികസന വിഭാഗത്തിന്റെ നേതൃത്വത്തിൽ തൊഴിൽ അന്വേഷണവിഭാഗവും കരിയർ ഗൈഡൻസും ഇക്കാലത്തുതന്നെ പിതാവ് ആരംഭിച്ചു.

## നവീകരണവർഷം 1978


''വിശുദ്ധീകരണത്തിനും നവീകരണത്തിനുമായി'' രണ്ടാം വത്തിക്കാൻ കൗൺസിൽ നൽകിയ ആഹ്വാനം ഏറ്റെടുത്ത് (GS 43, LG 15) ക്രിസ്തുവിന്റെ അടയാളം സഭയുടെ മുഖത്ത് കൂടുതൽ വ്യക്തമായി പ്രതിബിംബിപ്പിക്കാൻ നവീകരണവർഷം 1978-ൽ കുണ്ടുകുളം പിതാവ് ആഹ്വാനം ചെയ്തു. ഈ വർഷത്തെ പ്രത്യേക ഊന്നൽ സാമൂഹ്യനീതിയായിരുന്നു. തൊഴിലാളികൾക്ക് അർഹമായ വേതനം, സഭാസ്ഥാപനങ്ങളിൽ പാവപ്പെട്ടവർക്ക് പ്രത്യേക പരിഗണന, പാവങ്ങൾക്കുള്ള പ്രത്യേക ഫണ്ട് ശേഖരണം, 1000 ഭവനങ്ങൾ നിർമ്മിക്കാനുള്ള പദ്ധതി തുടങ്ങിയവ നവീകരണവർഷത്തിലെ പ്രധാന കർമ്മപരിപാടികളായിരുന്നു. വി. കുർബ്ബാനയിലെ സജീവ പങ്കാളിത്തംവഴി ഒരു ആദ്ധ്യാത്മികനവീകരണം സാക്ഷാത്ക്കരിക്കാൻ ഈ പ്രവർത്തനങ്ങൾ സഹായിച്ചു. കുണ്ടുകുളം പിതാവും ഫാ. ജോസഫ് വിളങ്ങാടനും ചേർന്ന് ''നിർമ്മലദാസികളുടെ സമൂഹം'' 1971-ൽ ആരംഭിച്ചു. അമലോത്ഭവമാതാവിൻ സഹോദരിമാരുടെ സമൂഹവും (SLMI) ഈ വർഷമാണ് ആരംഭിച്ചത്. സെന്റ് ജോസഫ് ഹോം, ഹോം ഓഫ് ലൗ, സ്നേഹാശ്രമം, കരുണ ട്രസ്റ്റ്, സ്ലം സർവീസ് സൊസൈറ്റി എന്നിവ പാവപ്പെട്ടവർക്കുവേണ്ടിയുള്ള പിതാവിന്റെ കരുതലിന്റെ നിദർശനങ്ങളാണ്.

1986-ലെ ജോൺ പോൾ പാപ്പയുടെ സന്ദർശനം തൃശൂരിന്റെ ആനുകാലിക ചരിത്രത്തിലെ നാഴികക്കല്ലാണ്.



St. Pope John Paul II Visit at Trichur


1986, St. Pope John Paul II Visit at Trichur



വെറുമൊരു മഹാസമ്മേളനം എന്നതിനേക്കാൾ സാമൂഹ്യപ്രതിബദ്ധത ഊട്ടിയുറപ്പിക്കുന്ന ചരിത്രമുഹൂർത്തമായി അത് മാറി. 300 പേർക്ക് വീടുപണിതു കൊടുക്കാനും സ്ത്രീധനമില്ലാതെ 152 ദമ്പതിമാരുടെ വിവാഹം നടത്താനും പേപ്പൽ സന്ദർശനം അവസരമൊരുക്കി. കേരളം കണ്ട ഏറ്റവും വലിയ ജനസഞ്ചയമായിരുന്നു അന്ന് തൃശൂരിൽ മാർപ്പാപ്പയെ സ്വീകരിക്കാൻ ഒത്തുചേർന്നത്. സംഗമഭൂമിയായി തെരഞ്ഞെടുത്ത ചതുപ്പായി കിടന്നിരുന്ന തൃശൂർ ശക്തൻനഗർ മാർപ്പാപ്പയുടെ സന്ദർശനത്തോടെ നഗരത്തിന്റെ സിരാകേന്ദ്രമായി മാറിയത് ചരിത്രമാണ്. 1980, 1984, 1992 വർഷങ്ങളിലെ മദർ തെരേസയുടെ സന്ദർശനവും പാവങ്ങളോടുള്ള രൂപതയുടെയും പിതാവിന്റെയും ഇഴയടുപ്പം വ്യക്തമാക്കി. 1987 ലെ തൃശൂർ രൂപത ശതാബ്ദി ആഘോഷങ്ങളും പ്രത്യേകം അനുസ്മരിക്കേണ്ടതാണ്.

### അത്മായ മുന്നേറ്റങ്ങളുടെ മുൻനിരയിൽ

സഭയുടെ പൊതുരംഗത്ത് അത്മായർ കൂടുതലായി കടന്നുവരണമെന്നും പങ്കുവെക്കുന്ന സംസ്കാരം സഭയിലുണ്ടാകണമെന്നും ആഗ്രഹിച്ച പിതാവ് പാസ്റ്ററൽ കൗൺസിൽ അത്മായരുടെ അഭിപ്രായങ്ങൾ തുറന്നു പങ്കുവെക്കാനുള്ള ഒരു ഉത്തമവേദിയാക്കി. സഭയുമായി ബന്ധപ്പെട്ട വിവിധ സ്ഥാപനങ്ങളുടെ കമ്മിറ്റികളിൽ അത്മായരുടെ സാന്നിദ്ധ്യം ഉറപ്പാക്കി. 1968-ൽ ആരംഭിച്ച അത്മായ പരിശീലനകേന്ദ്രം കൂടുതൽ ശക്തിയാർജ്ജിച്ചത് കുണ്ടുകുളം പിതാവിന്റെ കാലത്താണ്. ന്യൂനപക്ഷാവകാശം കേരളത്തിലെ ഗവൺമെന്റുകൾ അവഗണിച്ചപ്പോൾ 1972-ൽ കോളേജ് സമരവുമായി അത്മായരുടെ നേതൃത്വത്തിൽ കേരളസഭയെ നയിച്ചത് കുണ്ടുകുളം പിതാവാണ്. 1978-ൽ മതസ്വാതന്ത്ര്യത്തിന് കൂച്ചുവിലങ്ങേർപ്പെടുത്തിയ ത്യാഗി ബില്ലിനെതിരായും ക്രിസ്തുവിന്റെ ആറാം തിരുമുറിവ് നാടകത്തിനെതിരായും (1986) ശക്തമായ നിലപാട് കേരളസഭ എടുത്തത് കുണ്ടുകുളം പിതാവിന്റെ നേതൃത്വം വഴിയാണ്. ഈ കാലഘട്ടത്തിൽ പിതാവിന്റെ വാക്കുകളെയും ചലനങ്ങളെയും പൊതുസമൂഹം ആദരപൂർവ്വം വീക്ഷിക്കാൻ തുടങ്ങി.



Naveekarana Varsham, 1978

അത്മായ നേതൃത്വത്തിന് വ്യക്തമായ ദിശാബോധം നൽകാൻ 1973-ൽ കാത്തലിക് യൂണിയൻ ഓഫ് ട്രിച്ചൂർ പിതാവ് സ്ഥാപിച്ചു. സാമൂഹ്യനീതിക്കു വേണ്ടിയുള്ള സാമ്പത്തിക പ്രവർത്തനങ്ങളും ക്രിസ്തീയമൂല്യങ്ങളിലടിയുറച്ച രാഷ്ട്രീയ പ്രവർത്തനവുമാണ് കാത്തലിക് യൂണിയന്റെ അടിത്തറയായി നിൽക്കേണ്ടത് എന്ന് പിതാവ് വ്യക്തമാക്കി. സമൂഹത്തിൽ മാറ്റത്തിനായി പരിശ്രമിക്കുകയും ക്രിസ്തീയ വിശ്വാസത്തിൽ അടിയുറച്ച രാഷ്ട്രീയനിലപാടുകൾ ഉള്ളവരെ അധികാരസ്ഥാനത്തേക്ക് കൊണ്ടുവരികയും വേണം. ഈ ലക്ഷ്യത്തോടുകൂടിയാണ് 1975-ൽ കെ.സി.വൈ.എം.തൃശൂരിൽ സ്ഥാപിക്കപ്പെട്ടത്. ''അനീതിക്കും അഴിമതിക്കും, സാമൂഹ്യതിന്മകൾക്കും എതിരെ പോരാടുക, സഭയുടെ പാവനമായ താൽപര്യങ്ങൾ സംരക്ഷിക്കുക, ക്രിസ്തീയ നേതൃത്വത്തിന് പരിശീലനം നൽകുക, പൊതുനന്മയെ അടിസ്ഥാനമാക്കിയുള്ള നിസ്വാർത്ഥസേവനത്തിന് കർമ്മപരിപാടികൾ ആവിഷ്കരിക്കുക''- ഇവ കെ.സി.വൈ.എം. ന്റെ പ്രഖ്യാപിത ലക്ഷ്യങ്ങളായിരുന്നു. മത്സ്യത്തൊഴിലാളികൾക്കും ദലിത് ക്രൈസ്തവർക്കും കുടിയൊഴിപ്പിക്കപ്പെട്ട ഭൂരഹിതർക്കും നീതി കൈവരുത്തുക, മതങ്ങൾ തമ്മിൽ ഊഷ്മളമായ ബന്ധം സ്ഥാപിക്കുക ഇവയെല്ലാം തന്നെ CU-KCYM അഭിവന്ദ്യ പിതാവിന്റെ നേതൃത്വത്തിൽ ഏറ്റെടുത്ത കർമ്മപരിപാടികളായിരുന്നു. വനിതകളുടെ സമുദ്ധാരണത്തിനും അവരെ നേതൃത്വത്തിലേക്ക് കൊണ്ടുവരുന്നതിനും പിതാവ് ഏറെ പരിശ്രമിച്ചു.

ലോകവുമായി, സമൂഹവുമായി, മറ്റു മതങ്ങളുമായി തുറന്ന ഒരു സമീപനം സഭയ്ക്ക് ഉണ്ടാകണമെന്ന് പിതാവ് തീക്ഷ്ണമായി ആഗ്രഹിച്ചു. പാവങ്ങളെ സഹായിക്കാൻ ജാതിയോ മതമോ തടസമാകരുതെന്നും പിതാവ് ഊന്നിപ്പറഞ്ഞു. ഹൈന്ദവ, മുസ്ലിം മത നേതാക്കളുമായി ഊഷ്മളമായ ബന്ധം അദ്ദേഹം പുലർത്തിയിരുന്നു. ജനസേവനത്തിന് ലക്ഷ്യം വെക്കുന്ന രാഷ്ട്രീയ കർമ്മപരിപാടികൾക്ക് നേതൃത്വം കൊടുത്ത കേരളത്തിലെ രാഷ്ട്രീയ നേതാക്കൾക്ക് കുണ്ടുകുളം പിതാവ് എന്നും ശക്തമായ പിന്തുണ നൽകിയിരുന്നു. പിതാവിന്റെ കാലത്താണ് 1974 ൽ പാലക്കാട് രൂപതയും 1978ൽ ഇരിങ്ങാലക്കുട രൂപതയും നിലവിൽ വരുന്നത്. 1988 ൽ കല്യാൺ രൂപത സ്ഥാപനത്തിന് നേതൃത്വം നൽകിത് തൃശൂർ രൂപതയാണ്.

1995 മെയ് 18 ന് തൃശൂർ അതിരൂപതയുടെ പ്രഥമ ആർച്ച്ബിഷപ്പായി കുണ്ടുകുളം പിതാവ് നിയമിതനായി. മിഷൻ സന്ദർശനത്തിനിടെ 1998 ൽ ഏപ്രിൽ 26ന് കെനിയയിലെ വാംമ്പയിൽ വെച്ച് (Wamba) അഭിവന്ദ്യ കുണ്ടുകുളം പിതാവ് ഇഹലോകവാസം വെടിഞ്ഞു.


Alter, Lourdes metropolitan Cathedral, Thrissur

Main Alter - Lourdes Metropolital Cathedral, Thrissur



# തൃശ്ശൂർ അതിരൂപത ഇരുപത്തിയൊന്നാം നൂറ്റാണ്ടിൽ




ജോയ് എം. മണ്ണൂർ

ഭാരതസഭയുടെ ആദ്യ വിത്ത് വീഴാൻ ഭാഗ്യം ലഭിച്ച മണ്ണാണ് തൃശൂർ അതിരൂപതയുടേത്. അപ്പസ്തോലനായ തോമശ്ലീഹായുടെ പാദമുദ്ര പതിഞ്ഞ പാലയൂരും അഴിക്കോടും അതിരിടുന്ന തൃശ്ശൂർ അതിരൂപതയെ ഇരുപത്തിയൊന്നാം നൂറ്റാണ്ടിലേക്ക് നയിക്കാൻ നിയോഗം ലഭിച്ച ഇടയശ്രേഷ്ഠരാണ് മാർ ജേക്കബ് തൂങ്കുഴിയും മാർ ആൻഡ്രൂസ് താഴത്തും. ആധുനിക കാലഘട്ടത്തിൽ സഭ നേരിടുന്ന വെല്ലുവിളികളെ സഭാത്മകമായി നേരിടുവാൻ ആത്മീയ നേതൃത്വം നൽകുന്ന ഇടയശ്രേഷ്ഠരുടെ വഴിത്താരയിലൂടെ

**മാർ ജെയ്ക്കബ് തൂങ്കുഴി (1996-2007)**

ഭാരത കത്തോലിക്കാസഭയുടെ കൂട്ടായ്മയിൽ സാമൂഹ്യപ്രതിബദ്ധതയുടെ പേരിൽ ഒന്നാം സ്ഥാനത്തേക്ക് തൃശൂർ അതിരൂപതയെ തേർ തെളിച്ചത് ദിവംഗതനായ മാർ ജോസഫ് കുണ്ടുകുളം പിതാവായിരുന്നു. അഗതികളുടെ പിതാവെന്ന് ഖ്യാതി നേടിയ കുണ്ടുകുളം പിതാവിന്റെ പരിചിതമായ സാന്ത്വനസ്വരം സഭയെ വെല്ലുവിളിക്കുന്ന



Mar Jacob Thoomkuzhy




CBCI General Assebly, Thrissur 20004

വർക്കു മുന്നിൽ സിംഹഗർജ്ജനമായി മാറുന്നതും കേരളം കണ്ടു. പെട്ടെന്ന് ആ സൂര്യപ്രഭ മറഞ്ഞപ്പോൾ ഏവരും സ്തബ്ധരായി. നേതൃശേഷിയും അശരണരോടുള്ള അലിവുംകൊണ്ട് കുണ്ടുകുളം പിതാവ് മുദ്രചാർത്തിയ കസേരയിലേക്ക് പിൻഗാമി ആരെന്ന് ചിന്തയിലായ വിശ്വാസികളെ ഉണർത്തി അപ്രതീക്ഷിതമായി മാർ ജേക്കബ്ബ് തൂങ്കുഴി പിതാവ് കടന്നുവന്നു. സൗമ്യനും എപ്പോഴും പുഞ്ചിരി സമ്മാനിക്കുന്നവനും വ്യക്തിപരമായ ബന്ധം പുലർത്തി കുശലം പറയുന്നവനുമായ തൂങ്കുഴി പിതാവിൽ പിന്നീട് കാലം കാത്തിരുന്ന തേരാളിയെ കണ്ടെത്തുകയായിരുന്നു തൃശൂർ അതിരൂപത.

ജന്മംകൊണ്ട് പാലാക്കാരനെങ്കിലും കർമ്മംകൊണ്ട് തൃശൂരിന്റെ ഹൃദയഭൂമികയിൽ ഇടംപിടിച്ച വ്യക്തിപ്രാഭവം. തമസ് മാറ്റി പ്രകാശം പരത്തുന്ന 'വിളക്കുമാടം' പിതാവിന്റെ ജന്മസ്ഥലമായത് യാദൃശ്ചികതയായി ഞാൻ കാണുന്നില്ല. അതീവ ധന്യമായ തന്റെ ജീവിതകർമ്മം കൊണ്ട് ഒരുപാട് പേരെ പ്രോജ്ജ്വലമാക്കാനുള്ള നിയോഗമാണത്. പാലായിലെ വിളക്കുമാടം എന്ന ഗ്രാമത്തിൽ 1930 ഡിസംബർ 13 നാണ് ജനനം. അവിടെനിന്ന് മലബാറിലെ തിരുവമ്പാടിയിലേക്ക് മാറി. ആലുവ സെന്റ് ജോസഫ്സ്, റോമിലെ മർബാനിയാത്ര എന്നീ സെമിനാരികളിൽ വൈദീക പഠനം പൂർത്തിയാക്കി. 1956 ഡിസംബർ 22 ന് തിരുപ്പട്ടം സ്വീകരിച്ചു. വൈദീകനായതിനുശേഷം ലാറ്ററൽ യൂണിവേഴ്സിറ്റിയിൽനിന്ന് കാനൻ നിയമത്തിലും സിവിൽ നിയമത്തിലും ഡോക്ടറേറ്റ് നേടി. തലശ്ശേരി രൂപതയിൽ മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി പിതാവിന്റെ സെക്രട്ടറിയായും രൂപതയുടെ ചാൻസലറായും മൈനർ സെമിനാരിയിൽ റെക്ടറായും സേവനമനുഷ്ഠിച്ചു. പിന്നീട് ന്യൂയോർക്കിൽ പഠനം തുടർന്ന് ആംഗലേയ സാഹിത്യത്തിൽ ഫോർദാം യൂണിവേഴ്സിറ്റിയിൽനിന്ന് ബിരുദാനന്തരബിരുദം കരസ്ഥമാക്കി.

1973-ൽ മാനന്തവാടി രൂപത രൂപീകരിച്ചപ്പോൾ അവിടത്തെ പ്രഥമ ബിഷപ്പായി 22 വർഷക്കാലം മാനന്തവാടിയുടെ ഇടയനായി. 1995-ൽ താമരശ്ശേരിയിലെ ബിഷപ്പ്. 1996 ഡിസംബർ 18 ന് തൃശൂർ അതിരൂപതയുടെ ആർച്ച്ബിഷപ്പായി നിയമനം. 1997 ഫെബ്രുവരി 15 നാണ് തൂങ്കുഴി പിതാവ് തൃശൂർ അതിരൂപതയുടെ ശ്രേഷ്ഠ മെത്രാപ്പോലീത്തയായി സ്ഥാനാരോഹണം ചെയ്തത്. അതിരൂപതയുടെ ചരിത്രനിർമ്മിതിയിൽ തിളങ്ങി നിൽക്കുന്ന ഒട്ടേറെ സ്ഥാപനങ്ങൾക്കും പ്രസ്ഥാനങ്ങൾക്കും തുടക്കം കുറിച്ചത് പിതാവായിരുന്നു. ജൂബിലി ആശുപത്രിയിൽ നിന്ന് മെഡിക്കൽ കോളേജ് ആയുള്ള വളർച്ച, ജൂബിലി നേഴ്സിംഗ് കോളേജ്, ജ്യോതി എഞ്ചിനീയറിംഗ് കോളേജ്, മഹാജൂബിലി



Marymatha Major Seminary, Thrissur

ബി.എഡ്. കോളേജ്, സെന്റ് ജോസഫ് ടി.ടി.എ. തുടങ്ങി നിരവധി സ്ഥാപനങ്ങൾക്ക് തുടക്കമിട്ടത് അദ്ദേഹത്തിന്റെ കർമ്മപാടവവും ദീർഘവീക്ഷണവുമായിരുന്നു.

ആഗോള കത്തോലിക്ക സഭയ്ക്ക് തന്നെ മുതൽക്കൂട്ടായി ഒട്ടേറെ വൈദീകരെ വാർത്തെടുക്കുന്ന മേരിമാത മേജർ സെമിനാരി തൂങ്കുഴി പിതാവിന്റെ പൗരോഹിത്യശുശ്രൂഷയുടെ സുവർണ കിരീടമാണ്. '*ഞാൻ നിങ്ങൾക്ക് എന്റെ ഹൃദയമുള്ള ഇടയന്മാരെ നല്കും*' എന്ന സെമിനാരിയുടെ മുദ്രാവാക്യം പൗരോഹിത്യജീവിതത്തെ സംബന്ധിച്ച് പിതാവിനുള്ള ദർശനങ്ങളുടെ മുദ്രാമോതിരമാണ്. പിതാവ് തുടക്കമിട്ട പാലയൂർ മഹാതീർത്ഥാടനവും സോളമന്റെ ജ്ഞാനവും ദാവീദിന്റെ അനുഭവസമ്പത്തും നിഴലിച്ച പിതാവിന്റെ ഇടയലേഖനങ്ങളും വിശ്വാസസമൂഹത്തിന്റെ വിശുദ്ധിയുടെ വിളക്കുമാടങ്ങളായി. പണ്ഡിതനായ പിതാവിന്റെ ബുദ്ധിയും പ്രാർത്ഥിക്കുന്ന പിതാവിന്റെ മുട്ടുംകൂട്ടി മുട്ടി. ബുദ്ധിയും മുട്ടും കൂട്ടിമുട്ടുന്നിടത്ത് ബുദ്ധിമുട്ടുകൾ ഒഴിവാകും. ബുദ്ധിയിൽ മതിമറക്കുന്നവർ മുട്ടു കുത്തുകയില്ല. മുട്ടുകുത്തുന്ന പലരും ബുദ്ധിയുടെ വഴി ഉപേക്ഷിക്കുകയാണ് പതിവ്. പിതാവിന്റെ പതിവാകട്ടെ ബുദ്ധിയും മുട്ടും കൂട്ടിമുട്ടിക്കുകയായിരുന്നു. അവരുടെയിടയിൽ മുട്ടുപാടുള്ളവർ ആരുമുണ്ടായിരുന്നില്ലെന്ന് ആദിമസഭയെക്കുറിച്ച് രേഖപ്പെടുത്താൻ ഒരു കാരണം അവർക്കെല്ലാം മുട്ടിൽപാടുകളുണ്ടായിരുന്നതാകാം. ഈ ബോദ്ധ്യമാണ് പിതാവ് വിശ്വാസമുഹത്തിന് പകർന്നത്.

സാമൂഹ്യ പ്രശ്നങ്ങളിൽ സജീവമായി ഇടപെടാനും അനാചാരങ്ങൾക്കും അനാചാരങ്ങൾക്കും അനീതികൾക്കുമെതിരെ പ്രതികരിക്കുവാനും പിതാവ് മുൻ നിരയിലുണ്ടായിരുന്നു. നാടിന്റെ പുരോഗതിയും ഉന്നമനങ്ങളും ലക്ഷ്യമാക്കി ആരംഭിച്ച സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങൾ സംബന്ധിച്ചുള്ള നീതിനിഷേധം-വിദ്യാഭ്യാസ കച്ചവടമാക്കി അവതരിപ്പിച്ച് ജനങ്ങളെ തെറ്റിദ്ധരിപ്പിക്കാനും സഭാപ്രവർത്തനങ്ങളെയും ക്രൈസ്തവ സമൂഹത്തെയും വിഘടിക്കാനുള്ള രാഷ്ട്രീയ പാർട്ടികളുടേയും ബന്ധപ്പെട്ടവരുടേയും ശ്രമങ്ങൾക്കെതിരെ പിതാവ്

**കത്തോലിക്കാ സഭയിൽ നിലനിന്നിരുന്ന അനാചാരങ്ങളായ തുലാഭാരം, തിരുസ്വരൂപങ്ങളിൽ നോട്ടുമാല ചാർത്തൽ, പ്രദർശനങ്ങളായിട്ടുള്ള തുള്ളൽ, അമിതമായ വെടിക്കെട്ട്, തിരുന്നാളുകളിലെ ആർഭാടം നിറഞ്ഞ ദീപാലങ്കാരം, എന്നിവയ്ക്കെതിരെ പിതാവ് പതിവായി ആഹ്വാനം ചെയ്തിരുന്നു.**

ശക്തമായി പ്രതികരിക്കുകയും ഇടയലേഖനങ്ങളിലൂടെ വിശ്വാസികളെ പ്രബുദ്ധരാക്കുകയും ചെയ്തു. ഗുജറാത്തിലെ ഭൂകമ്പം, സുനാമി തുടങ്ങിയ പ്രകൃതിദുരന്തങ്ങൾ ഉണ്ടായപ്പോൾ സഹായവും സാന്ത്വനവുമായി ഓടിയെത്താൻ പിതാവ് ആഹ്വാനം നൽകുകയും രൂപതയും വിശ്വാസികളും അതിനേറെ പരിശ്രമിക്കുകയും ചെയ്തു. മദ്യാസക്തിയെ മാറാരോഗമായി കണ്ട പിതാവ് അത് സമൂഹത്തിൽ വരുത്തി വയ്ക്കുന്ന വൻ നാശത്തെക്കുറിച്ച് ഏറെ ഉത്കണ്ഠപ്പെട്ടു. ചാരായം നിരോധനം അട്ടിമറിക്കപ്പെടാതിരിക്കാനും മദ്യ സംസ്കാരത്തിനെതിരെ ആഞ്ഞടിക്കാനും കത്തോലിക്കാ സഭയിൽ തന്നെയുള്ള അനാചാരങ്ങളായ തുലാഭാരം, തിരുസ്വരൂപങ്ങളിൽ നോട്ടുമാല ചാർത്തൽ, പ്രദർശനങ്ങളായിട്ടുള്ള തുള്ളൽ, അമിതമായ വെടിക്കെട്ട്, തിരുന്നാളുകളിലെ ആർഭാടം നിറഞ്ഞ ദീപാലങ്കാരം, എന്നിവയ്ക്കെതിരെ പിതാവ് പതിവായി ആഹ്വാനം ചെയ്തിരുന്നു. ദേവാലയ സംഗീതത്തിലെ 'സോളോ സിംഗിങ്ങ്' പ്രോത്സാഹിപ്പിക്കരുതെന്നും കോറസ് സംഗീതമാണ് ദേവാലയത്തിൽ തുടരേണ്ടതെന്നും ഉച്ചഭാഷിണിയുടെ ഉപയോഗത്തിൽ മിതത്വം പാലിക്കണമെന്നും പിതാവ് ഓർമിപ്പിച്ചു

വിനയത്തിന്റെ വിശുദ്ധിയും ചിരിയുടെ വരപ്രസാദവുമായി തൂങ്കുഴി പിതാവ് വിശ്രമജീവിതത്തിലും വിശ്രമമില്ലാത്ത സേവനങ്ങൾ വിശ്വാസസമൂഹത്തിനും പൊതുസമൂഹത്തിനുമായി തുടരുകയാണ്. സ്വാത്വികസിദ്ധിയുടെ പ്രകാശഗോപുരമായി സൗമ്യവും മധുരവുമായ ആ പാൽപുഞ്ചിരി ആത്മീയതയുടെയും ക്രിസ്തുവിന്റെ സ്നേഹവാത്സല്യത്തിന്റെയും നിറനിലാവായി നമ്മുടെ ഉള്ളറകളെ ദീപ്തമാക്കുന്നു.

### മാർ ആൻഡ്രൂസ് താഴത്ത് (2007-)

ഭാരതസഭയുടെ പ്രതിസന്ധിഘട്ടങ്ങളിൽ ആഗോള കത്തോലിക്കാസഭ പ്രതീക്ഷയോടെ നോക്കിക്കാണുന്ന ഒരു പേരുണ്ട്. മാർ ആൻഡ്രൂസ് താഴത്ത് പിതാവാണ് ആ പ്രതീക്ഷാഗോപുരം. തൃശൂർ അതിരൂപതയുടെ മെത്രാപ്പോലീത്ത. സഭാഗാത്രത്തിൽ ചിലർ സൃഷ്ടിച്ച ആന്തരികമുറിവുകൾ



Mar Andrews Thazhath



Episcopal Ordination of Mar Andrews Thazhath


വിഘടനവാദമായി വളരുന്നതു കണ്ടിട്ട് കണ്ണടച്ച് ഇരുട്ടാക്കുന്നവനല്ല താഴത്ത് പിതാവ്. പലതും നഷ്ടപ്പെടുമെന്നും ചിലരൊക്കെ ആജന്മശത്രുക്കളായി മാറുമെന്നറിഞ്ഞിട്ടും സഭയേൽപ്പിച്ച ദൗത്യങ്ങൾ തന്റേടത്തോടെ ഏറ്റെടുത്ത പോരാളി.

ഭാരതകത്തോലിക്കാസഭയുടെ ചരിത്രനിയോഗവുമായി സി.ബി.സി.ഐ.യുടെ പ്രസിഡണ്ടായി രണ്ടാമൂഴവും അദ്ദേഹം തിരഞ്ഞെടുക്കപ്പെട്ടത്, മാർപാപ്പയും സഭാനേതൃത്വവും ഏൽപ്പിക്കുന്ന ദൗത്യം സഭയുടെ പ്രബോധനങ്ങളിൽ നിന്നും അനുശാസനങ്ങളിൽനിന്നും അണുവിട വ്യതിചലിക്കാതെ നിർവ്വഹിക്കുന്ന അദ്ദേഹത്തിന്റെ ആത്മസമർപ്പണത്തിനുള്ള അംഗീകാരം കൂടിയാണ്. 2004ന്റെ തുടക്കത്തിൽ ഭാരതത്തിലെ കത്തോലിക്കാമെത്രാന്മാരുടെ സമിതിയായ കാത്തലിക് ബിഷപ്പ്സ് കോൺഫ്രൻസ് ഓഫ് ഇന്ത്യ (സി.ബി.സി.ഐ.)യുടെ സമ്മേളനത്തിന് തൃശൂർ ആതിഥേയത്വം വഹിച്ചപ്പോൾ മുഖ്യസംഘാടകനായിരുന്നു ആൻഡ്രൂസ് താഴത്ത്. അന്നു മെത്രാൻ പദവി ലഭിച്ചിട്ടില്ല. ഇന്ത്യയിലെ മൂന്ന് റീത്തുകളിലുംപെട്ട മുഴുവൻ മെത്രാന്മാരും തൃശൂരിൽ എത്തിച്ചേർന്ന മഹാചടങ്ങിന് സംഘാടകനാകാൻ ഏറ്റവും ഊർജ്ജസ്വലനായ വ്യക്തിയെന്ന നിലയിൽ സംഘാടകസമിതി ചെയർമാന്റെ ഉത്തരവാദിത്വം. ഇന്ത്യയുടെ പല ഭാഗങ്ങളിൽ നിന്നെത്തിയ മെത്രാന്മാരുടെ സംഘത്തിന് ആസ്വദിക്കാനായി ദേവസ്വങ്ങളുടെ സഹായത്തോടെ 'മിനി പൂരം' വരെ ക്രമീകരിക്കാൻ അദ്ദേഹത്തിന് കഴിഞ്ഞു. ആ സമ്മേളനം വൻവിജയമായി. 18 വർഷങ്ങൾക്കിപ്പുറം അതേ സി.ബി.സി.ഐ.യുടെ തലപ്പത്ത് എത്തിയ നിയോഗമാണ് അദ്ദേഹത്തിന്റേത്. സി.ബി.സി.ഐ. സമ്മേളനം തൃശൂരിൽ നടന്നതിന്റെ ആഴ്ചകൾക്കു ശേഷമാണ് അദ്ദേഹം സഹായമെത്രാനായി അഭിഷിക്തനായത്. മാർ ജേക്കബ്ബ് തൂങ്കുഴി പിതാവ് വിരമിച്ചപ്പോൾ മെത്രാപ്പോലീത്തയായി അവരോധിതനായി. ഭാരതസഭയ്ക്ക് അഭിമാനമായി അദ്ദേഹം സി.ബി.സി.ഐ.യുടെ പ്രസിഡണ്ട്



Boun Natale: Guness Record 2014


## BISHOPS FROM TRICHUR ARCHDIOCESE




**Mar John Menachery**
First Bishop of Trichur
(1896-1919)



**Mar Francis Vazhapilly**
First Bishop of Trichur
(1922-1944)




**Mar George Alapatt**
Bishop of Trichur
(1944-1970



**Mar Joseph Kundukulam**
First Archbishop of Trichur
(1970-1997)



**Mar Joseph Irimpen**
Bishop of Palakkad
(1974-1994)



**Mar Clemens Thotungal CMI**
Bishop of Sagar
(1977-1986)




**Mar Paul Chittilapilly**
First Bishop of Kalyan
(1888-1996)



**Archbishop Raphael Cheenath SVD**
Bishop of Sambalpur
(1974-1985)



**Mar Pastor Neelankavil CMI**
Bishop of Sagar
(1986-2006)



**Mar James Pazhayattil**
Bishop of Irinjalakuda
(1998-2010)



**Mar Antony Chirayth**
Bishop of Sagar
(2006-2018)



**Mar Andrews Thazhath**
Archbishop of Trichur
(2007-)




**Mar Raphy Manjaly**
Bishop of Varanasi
(2007-2013)



**Mar Bosco Puthur**
Bishop of Melboune
(2010-2021)




**Mar Paul Alapatt**
Bishop of Ramanathapuram
(2010-)




**Mar Franco Mulakkal**
Bishop of jalandhar
(2013-2021)



**Mar Prince Panengaden**
Bishop of Adilabad
(2015-)



**Mar Raphael Thattil**
Bishop of Shamshabad
(2017-2024)



**Mar Joseph Thykkattil**
Bishop of Gwalior
(2019-)



**Mar Tony Neelamkavil**
Auxilliary Bishop of Trichur
(2017-)

പദവിയിലേക്ക് രണ്ടാം വട്ടവും തിരഞ്ഞെടുക്കപ്പെട്ടിരിക്കുന്നു.

1951 ഡിസംബർ 13 ന് പുതുക്കാടായിരുന്നു ജനനം. പുതുക്കാട് സ്കൂളിലെ പ്രാഥമിക വിദ്യാഭ്യാസത്തിനു ശേഷം തൃശൂരിലെ സെന്റ് മേരീസ് മൈനർ സെമിനാരിയിലും ആയിരുന്നു വൈദീകപഠനം. 1977 മാർച്ച് 14 ന് പൗരോഹിത്യ ശുശ്രൂഷ സ്വീകരിച്ച അദ്ദേഹം റോമിലെ പൊന്തിഫിക്കൽ ഓറിയന്റൽ ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്ന് പൗരസ്ത്യ കാനൻ നിയമത്തിൽ ഡോക്ടറേറ്റ് കരസ്ഥമാക്കി. തൃശൂർ മൈനർ സെമിനാരി പ്രിഫെക്ട്, രൂപതാ കൂരിയ സെക്രട്ടറി, വൈസ് ചാൻസലർ, ചാൻസലർ എന്നീ പദവികൾ വഹിച്ച അദ്ദേഹം ഡോളേഴ്സ് ബസലിക്കയിലെ റെക്ടറായും അതിരൂപത ട്രിബ്യൂണലിന്റെ ജുഡീഷ്യൽ വികാറായും ജഡ്ജായും സേവനമനുഷ്ഠിച്ചിട്ടുണ്ട്. സീറോ മലബാർ മേജർ ആർക്കി എപ്പിസ്കോപ്പൽസഭ ഓർഡിനറി ട്രിബ്യൂണലിന്റെ പ്രസിഡണ്ടായും തൃശൂർ അതിരൂപതയുടെ സെഞ്ചുലൂസായും ഇന്ത്യൻ ഓറിയന്റൽ കാനൻ ലോ സൊസൈറ്റിയുടെ പ്രസിഡണ്ടായും സേവനമനുഷ്ഠിച്ചുവരവെ 2004 മെയ് 1 ന് ആൻഡ്രൂസ് താഴത്ത് പിതാവ് സഹായമെത്രാനായി മേൽപ്പട്ടം സ്വീകരിച്ചു. 2007 മാർച്ച് 17 ന് തൃശൂർ അതിരൂപതാ മെത്രാപ്പോലീത്തയായി അദ്ദേഹം അവരോധിതനായി.

സഭ നേരിടുന്ന വെല്ലുവിളികൾക്കുനേരെ മുഖം തിരിഞ്ഞുനടക്കുന്നവനല്ല പിതാവ്. സഭാ ശത്രുക്കൾക്ക് മുമ്പിൽ എന്നും യുദ്ധമുഖം തുറക്കാൻ



Mar Andrews Thazhath with Pope Francis

ആത്മധൈര്യം കാട്ടിയ പിതാവാണ് അതിരൂപതയിൽ കത്തോലിക്കാ കോൺഗ്രസ്സ് പ്രസ്ഥാനം ആരംഭിച്ചത്. സഭയെ അവഹേളിക്കാനുള്ള കുത്സിത നീക്കങ്ങളുമായി സഭാശത്രുക്കൾ അരങ്ങിലും അണിയറയിലുമായി നിലയുറപ്പിച്ച നാളുകളിൽ കേരളസഭക്ക് അഭിമാനമായി വിശ്വാസസമൂഹത്തെ തെരുവിലിറക്കിയ മഹാസമ്മേളനങ്ങളും പ്രതിഷേധറാലികളും സംഘടിപ്പിക്കുവാൻ നേതൃത്വപാടവം കാട്ടിയത് പിതാവായിരുന്നു. സഭയെ താറടിക്കാൻ തക്കം പാർത്തിരുന്ന കുബുദ്ധികൾ ചാനൽ ചർച്ചകളിലും മറ്റുമായി വിശ്വാസികളെ വേദനിപ്പിച്ച നാളുകളിൽ ആഞ്ഞടിക്കാൻ ആത്മധൈര്യം കാട്ടി. രാഷ്ട്രീയ നേതൃത്വങ്ങളും ചാനൽ ഉടമകളും സഭയുടെ ബഹിഷ്കരണ തീരുമാനങ്ങളിൽ ഭയചകിതരായി അരമനയിൽ ഓടിയെത്തിയത് താഴത്ത് പിതാവിന്റെ നിശ്ചയദാർഢ്യവും പിതാവിന്റെ പിന്നിൽ അണിനിരന്നിട്ടുള്ള വിശ്വാസികളുടെ കരുത്തുമാണ്. കത്തോലിക്കാസഭ മാസികയെ കത്തോലിക്കാപത്രമായി രൂപകൽപ്പന ചെയ്തതിനു പിന്നിലും ഈ നിശ്ചയദാർഢ്യത്തിന്റെ പ്രതിഫലനം കാണാം. ക്രിസ്തുമസ്-പുതുവത്സര ആഘോഷങ്ങളുടെ ഭാഗമായി തൃശൂർ പൗരാവലി എല്ലാ വർഷവും സംഘടിപ്പിക്കുന്ന **ബോൺനതാലെ** എന്ന ലോകറെക്കോഡിൽ ഇടം പിടിച്ച പരിപാടി ആസൂത്രണം ചെയ്തതും അദ്ദേഹത്തിന്റെ കർമകുശലതയാണ്. അശരണർക്ക് താങ്ങായി കാരുണ്യനിധി, ഭവനരഹിതർക്ക് വീടുകൾ നിർമ്മിച്ചു നൽകൽ

എന്നീ പദ്ധതികൾ ആരംഭിച്ചതും ബോൺനതാലെയിൽ നിന്ന് ലഭിച്ച ഫണ്ട് ഉപയോഗിച്ചാണ്.

2019 ഏപ്രിൽ 10ന് മാർ റാഫേൽ തട്ടിൽ പിതാവിനെ തൃശൂർ അതിരൂപതയുടെ പ്രഥമ സഹായമെത്രാനായി നിയമിച്ചു. തട്ടിൽ പിതാവ് 2017-ൽ ഷംഷാബാദ് രൂപതയുടെ പ്രഥമ മെത്രാനായി. തുടർന്ന് 2017 നവംബർ 17ന് മാർ ടോണി നീലങ്കാവിൽ പിതാവ് തൃശൂർ അതിരൂപതയുടെ രണ്ടാമത്തെ സഹായമെത്രാനായി അഭിഷിക്തനായി. ജനുവരി 2024 ന് മാർ റാഫേൽ തട്ടിൽ പിതാവ് സീറോ മലബാർ സഭയുടെ പരമാധ്യക്ഷനായി തെരഞ്ഞെടുക്കപ്പെട്ടു

കേരള കാത്തലിക് ബിഷപ്പ്സ് കൗൺസിൽ (കെ.സി.ബി.സി.) വിദ്യാഭ്യാസ കമ്മീഷൻ ചെയർമാനും സെക്രട്ടറി ജനറലും പ്രസിഡണ്ടുമായി സേവനമനുഷ്ഠിച്ചിട്ടുണ്ട്. സി.ബി.സി.ഐ.യുടെ ആദ്യവൈസ് പ്രസിഡണ്ടായിരുന്നു. 2021-ൽ ഫ്രാൻസിസ് മാർപാപ്പ അദ്ദേഹത്തെ പൊന്തിഫിക്കൽ അംഗങ്ങളിൽ ഒരാളായി നിയമിച്ചു. കാനൻ നിയമത്തിന്റെ ഓറിയന്റൽ കോഡിൽ അവഗാഹമുള്ള ചുരുക്കം വ്യക്തികളിൽ ഒരാളായി ആഗോള സഭാനേതൃത്വവും താഴത്ത് പിതാവിനെ പരിഗണിക്കുന്നു. എറണാകുളം-അങ്കമാലി അതിരൂപതയുടെ അഡ്മിനിസ്ട്രേറ്റർ പദവിയും അദ്ദേഹം വഹിച്ചിട്ടുണ്ട്. 2024 ഒക്ടോബറിൽ നടക്കുന്ന സിനഡിൽ സിനഡാത്മക സഭയായി കത്തോലിക്കാസഭ വളരുന്നതിനുള്ള ചർച്ചകൾക്ക് സി.ബി.സി.ഐ. പ്രസിഡണ്ടായുള്ള താഴത്ത് പിതാവിന്റെ തുടർനിയമനം കരുത്ത് പകരും.

### സഹായ മെത്രാന്മാർ (Auxiliory Bishops)

ആർച്ച് ബിഷപ്പിനെ അജപാലന ദൗത്യങ്ങളിൽ സഹായിക്കുക എന്നതാണ് സഹായ മെത്രാന്റെ മുഖ്യ ചുമതല. തൃശ്ശൂർ അതിരൂപതയുടെ സഹായ മെത്രാന്മാരായി അഭിഷിക്തരായ കൊച്ചു പിതാക്കന്മാരെല്ലാം അജപാലനത്തിന്റെ ഔന്നത്യമുള്ള പദവികളിലേക്ക് ആനയിക്കപ്പെട്ടവരാണ്. 2004 തൃശ്ശൂരിന്റെ പ്രഥമ സഹായ മെത്രാനായ മാർ ആൻഡ്രൂസ് താഴത്ത് 2007-ൽ തൃശ്ശൂർ ആർച്ച്ബിഷപ്പായി എന്നു മാത്രമല്ല പിന്നീട് സി.ബി.സി.ഐ. യുടെ അധ്യക്ഷനാവുകയും ചെയ്തു. 2010 ൽ സഹായമെത്രാനായ മാർ റാഫേൽ തട്ടിൽ, 2017ൽ ഷംഷാബാദ് രൂപതയുടെ മെത്രാനാവുകയും ഈ വർഷം (2024) ജനുവരിയിൽ സീറോ മലബാർ സഭയുടെ മേജർ ആർച്ച് ബിഷപ്പായി തിരഞ്ഞെടുക്കപ്പെടുകയും ചെയ്തു. 2017 തൃശ്ശൂരിന്റെ കൊച്ചു പിതാവായി ചുമതലയേറ്റ മാർ ടോണി നീലങ്കാവിൽ സഭയുടെ തിളക്കവും ചുറുചുറുക്കുമുള്ള അജപാലന നേതൃത്വ പ്രതിഭയാണ്. തൃശ്ശൂർ മേജർ സെമിനാരി റെക്ടറായിരിക്കവെ കുടുംബങ്ങളെ ആധാരമാക്കി അജപാലന ശുശ്രൂഷ ശൈലി ഒരുക്കാൻ അദ്ദേഹം നേതൃത്വം നൽകി. 2015 മുതൽ അതിരൂപതയിൽ നടപ്പാക്കിവരുന്ന പാസ്റ്ററൽ ആനിമേഷൻ റിസെർച്ച് ഔട്ട് റീച്ച് സെൻറർ (പറോക്ക്) പദ്ധതിയുടെ അമരക്കാരനും കൂടിയാണ് ടോണി പിതാവ്. നല്ല സമൂഹമുണ്ടാകണമെങ്കിൽ നല്ല കുടുംബങ്ങൾ ഉണ്ടാകണമെന്ന ചിന്തയിൽ കുടുംബങ്ങളുടെ കുറവുകളും ആവശ്യങ്ങളും കണ്ടറിഞ്ഞ് പ്രശ്നങ്ങൾക്ക് പങ്കാളിത്തത്തോടെ പരിഹാരമാർഗ്ഗങ്ങൾ കണ്ടെത്തി നടപ്പാക്കുക എന്ന പറോക്ക് ശൈലി മറ്റു രൂപതകളും മാതൃകയാക്കിയിരിക്കുകയാണിന്ന്.



Bible Tower: Our Lady of Dolours Basilica, Thrissur



Incredulity of Saint Thomas - Paolo Moranda Cavazzola, 1520

തോമസ് കിഴൂർ

# സുവിശേഷങ്ങളിലെ സെന്റ് തോമസ്

നമ്മുടെ പിതാവായ മാർ തോമാശ്ലീഹായെപ്പറ്റി പ്രതിപാദിക്കുമ്പോൾ ചിലരൊക്കെ പറയാറുള്ള ഇരട്ടപ്പേരാണ് സംശയാലുവായ തോമസ് (Doubting Thomas). യേശുനാഥൻ ഉയിർത്തശേഷം തന്റെ ശ്ലീഹന്മാർക്ക് ആദ്യമായി പ്രത്യക്ഷനായത് തോമാശ്ലീഹാ അവരുടെ കൂട്ടത്തിലില്ലാതിരുന്ന അവസരത്തിലായിരുന്നു (യോഹ: 20: 24–29). പിന്നീട് ശ്ലീഹന്മാർ തങ്ങൾക്കു കിട്ടിയ ദിവ്യദർശനത്തെപ്പറ്റി തോമാശ്ലീഹായോടു

പറഞ്ഞപ്പോൾ ശ്ലീഹായ്ക്കതു വിശ്വസിക്കാൻ സാധിച്ചില്ല. ഈ സംഭവമാണ് തോമാശ്ലീഹായെ 'സംശയാലുവാക്കുന്നത്. എന്നാൽ, ബൈബിളിൽത്തന്നെ വ്യക്തമാവുന്ന തോമാശ്ലീഹായുടെ വ്യക്തിത്വം സംശയാലുവിന്റേതല്ല; മറിച്ച് ഒരു സ്നേഹധീരന്റേതാണ്; തന്റെ ഗുരുവിനെ ധീരമായി സ്നേഹിച്ച, അടിയുറച്ച് വിശ്വസിച്ച, ജീവൻ തന്നെ ദക്ഷിണയായി കൊടുക്കാൻ തയ്യാറായ ഒരരുമ ശിഷ്യന്റെ.

ബൈബിളിൽ ആകെ മൂന്നിടത്തേ തോമാശ്ലീഹാ എന്തെങ്കിലും സംസാരിക്കുന്നതായി രേഖപ്പെടുത്തിയിട്ടുള്ളൂ. ആദ്യസംഭവം (യോഹ 11:1-16) തോമസിന് തന്റെ ഗുരുവും നേതാവുമായ യേശുവിലുള്ള വിശ്വാസത്തെ വ്യക്തമാക്കുന്നു. യേശുവിന് ഏതു പ്രതിബന്ധങ്ങളേയും തരണം ചെയ്യാനുള്ള ശക്തിയുണ്ടെന്നുള്ള ഉറപ്പിനെ പ്രതിഫലിപ്പിക്കുന്നു. നേതാവിനു വേണ്ടി പടപൊരുതാനും ഈ പൊരുതലിൽ ജീവൻ ത്യജിക്കേണ്ടി വന്നാൽ അതൊരു ഭാഗ്യമായി കരുതാനുമുള്ള സന്നദ്ധത വെളിവാക്കുന്നു. തന്റെ സ്നേഹിതനായ ലാസർ മരിച്ചു എന്ന വാർത്തയറിഞ്ഞ് ബഥനിയിലേക്ക് പോകാൻ താല്പര്യപ്പെട്ട യേശുവിനെ ശ്ലീഹന്മാരെല്ലാം നിരുത്സാഹപ്പെടുത്തി. കാരണം, യേശുവിനു നേരിട്ടേക്കാവുന്ന അപകടം, അതോടൊപ്പം തങ്ങൾക്കും സംഭവിക്കാവുന്ന മരണം. ഈ അവസരത്തിൽ സെന്റ് തോമസ് മുന്നോട്ടുവന്ന് പറയുകയാണ്, 'നമുക്കും അവനോടൊപ്പം പോകാം, അവന്റെ അംഗരക്ഷകരായി ആ ദൗത്യത്തിൽ മരിക്കേണ്ടി വന്നാൽ പ്പോലും'.

തോമാശ്ലീഹായുടെ വിശിഷ്ട വ്യക്തിത്വത്തിലേക്ക് വെളിച്ചം വീശുന്ന രണ്ടാമത്തെ സംഭവവും യോഹന്നാന്റെ സുവിശേഷത്തിൽത്തന്നെ (യോഹ: 14:4). ഒരു നല്ല ശിഷ്യനാകുന്നത് തനിക്കു പലതും അറിയില്ല, വളരെയേറെ പഠിക്കാനുണ്ട്' എന്നതംഗീകരിക്കുമ്പോഴാണ്. യേശു തന്റെ തിരഞ്ഞെടുക്കപ്പെട്ട ശിഷ്യരോട്, തന്റെ കാലശേഷം തന്റെ ആശയങ്ങളും വിശ്വാസസത്യങ്ങളും സകല മനുഷ്യരോടും അറിയിക്കാൻ 'സ്വർഗ്ഗത്തിലേയ്ക്കുള്ള വഴി' വെളിപ്പെടുത്തിക്കൊടുക്കുന്ന അവസരം: 'ഞാൻ പോകുന്നിടത്തേക്കുള്ള വഴി നിങ്ങൾക്കറിയാം' എന്നു യേശു പറഞ്ഞപ്പോൾ സെന്റ് തോമസ് പറഞ്ഞു: ''കർത്താവേ, നീ എവിടേക്ക് പോകുന്നു എന്ന് ഞങ്ങൾക്കറിഞ്ഞുകൂടാ, പിന്നെ വഴി ഞങ്ങൾക്കെങ്ങനെ അറിയാം?' അതിനുള്ള ഉത്തരമായി നമുക്കൊക്കെ കിട്ടി, ക്രിസ്തുവേദത്തിന്റെ അടിസ്ഥാന തത്വം: 'ക്രിസ്തുവാണ് സാക്ഷാൽ ജീവൻ; ക്രിസ്തുവാണ് സനാതന സത്യം; ക്രിസ്തുവാണ് നിത്യജീവനിലേയ്ക്കുള്ള സത്യമായ മാർഗ്ഗം. സത്യം ഉൾക്കൊള്ളാനുള്ള ശിഷ്യന്റെ ആത്മാർത്ഥമായ ദാഹം തോമാ ശ്ലീഹാ പ്രകടിപ്പിച്ചപ്പോൾ വരുംതലമുറകൾക്കെല്ലാം വഴി കാട്ടിയാകാനുള്ള വിജ്ഞാനദീപം അവിടെ കൊളുത്തപ്പെട്ടു.

ഈ രണ്ടു സംഭവങ്ങളിലൂടെ വ്യക്തമാവുന്ന സെന്റ് തോമസിന്റെ വ്യക്തിത്വം കണക്കിലെടുത്ത് മൂന്നാമത്തെ സംഭവത്തെ (യോഹ 20:19-29) വിലയിരുത്തുമ്പോൾ അതു തോമാശ്ലീഹായുടെ വ്യക്തിപ്രാഭവം വർദ്ധിപ്പിക്കുന്ന ഒന്നായിത്തന്നെ കാണാൻ കഴിയും. സുവിശേഷത്തിൽ വ്യക്തമായി പറയുന്നു: യേശു വന്നത് 'ശിഷ്യന്മാർ യഹൂദരെ ഭയന്ന് കതകടച്ചിരിക്കെ' യാണെന്ന്. യേശുവിനെ യഹൂദർ ബന്ദിയാക്കിയ വ്യാഴാഴ്ച മുതൽ ശിഷ്യരെല്ലാവരും പേടിച്ച് പുറത്തിറങ്ങാതെ വാതിലടച്ച് ഒളിവിൽ കഴിയുകയായിരുന്നു. യേശു പ്രത്യക്ഷനായപ്പോൾ തോമസ് മാത്രം ഒളിത്താവളത്തിനു പുറത്ത്. തോമാശ്ലീഹാ പണ്ട് ലാസറിനെ കാണാൻ പോകുന്ന അവസരത്തിൽ കാട്ടിയ 'ചങ്കൂറ്റം' മനസ്സിലാക്കിയാൽ വ്യക്തമാവുക, മൂന്നുദിവസമായി ഒളിവിൽ കഴിയുന്ന സഹോദരങ്ങൾക്ക് ഭക്ഷണം തേടി പോയതാണെന്നാണ്. യഹൂദരുടെ ഭീഷണി വകവക്കാതെ അതിനു തയ്യാറായത് തോമാശ്ലീഹാ മാത്രം.

താനില്ലാത്ത സമയത്ത് യേശു പ്രത്യക്ഷനായി എന്നു വിശ്വസിക്കാനുള്ള വിഷമം ക്രിസ്തുവിന്റെ ഉത്ഥാനത്തിലുള്ള അവിശ്വാസത്തേക്കാൾ താനിത്രയും സ്നേഹിച്ച തന്റെ ഗുരു തന്നോടിതു കാണിച്ചല്ലോ എന്ന സ്നേഹപ്രചോദിതമായ പിണക്കപ്രകടനമായല്ലേ കരുതേണ്ടത്? അതെന്തുതന്നെയുമാകട്ടെ, സെന്റ് തോമസിന്റെ ഈ 'സംശയം' വഴി ക്രിസ്തുവിന്റെ ഉത്ഥാന സത്യത്തിനുള്ള ഏറ്റവും വലിയ തെളിവ് നമുക്കു ലഭിച്ചു. എട്ടു ദിവസങ്ങൾക്കുശേഷം വീണ്ടും അവന്റെ ശിഷ്യന്മാർ വീട്ടിലായിരുന്നപ്പോൾ തോമസ് അവരാടുകൂടെയുണ്ടായിരുന്നു. വാതിലുകൾ അടച്ചിരുന്നു. യേശു വന്ന് അവരുടെ മദ്ധ്യത്തിൽ നിന്നുകൊണ്ട് പറഞ്ഞു 'നിങ്ങൾക്കു സമാധാനം', അവൻ തോമസിനോടു പറഞ്ഞു: 'നിന്റെ വിരൽ ഇവിടെ കൊണ്ടുവരിക, എന്റെ കൈകൾ കാണുക. നിന്റെ കൈ നീട്ടി എന്റെ പാർശ്വത്തിൽ വയ്ക്കുക. അവിശ്വാസിയാകാതെ വിശ്വാസിയായിരിക്കുക.'

തോമാശ്ലീഹായുടെ പ്രതികരണം ശ്രദ്ധിക്കൂ: അന്നു മുതൽ ഇന്നുവരെ, ഇനിയുള്ള കാലം മുഴുവനും ക്രിസ്തുവിൽ വിശ്വസിക്കുന്ന എല്ലാവർക്കും എപ്പോഴും ഉരുവിടാനുള്ള സുകൃത മന്ത്രം ''**എന്റെ കർത്താവേ, എന്റെ ദൈവമേ**''. ആ വാക്കുകളിൽ തോമാ ശ്ലീഹായുടെ ക്രിസ്തുവിലുള്ള വിശ്വാസം നിറഞ്ഞുതുളുമ്പുന്നുണ്ട്. ക്രിസ്തു ദൈവമാണെന്ന വിശാസം. ക്രിസ്തുവിനോടുള്ള സ്നേഹം പ്രകടമാകുന്നുണ്ട്, ഗുരുവിനുവേണ്ടി ജീവൻ പോലും സമർപ്പിക്കാനുള്ള സന്നദ്ധതയുള്ള ധീരസ്നേഹം. ക്രിസ്തുവാണ് തനിക്ക് എല്ലാമെല്ലാം എന്ന അംഗീകാരവും ആ വാക്കുകളിൽ തെളിഞ്ഞു നില്ക്കുന്നുണ്ട്.

ഈ വിശ്വാസവും ഈ സ്നേഹവും ഈ അംഗീകാരവുമാണ് സെന്റ് തോമസിനെ യഥാർത്ഥ ക്രിസ്തു അനുയായിയാക്കിയത്; ക്രിസ്ത്യൻ മിഷണറിയായി രൂപപ്പെടുത്തിയത്. വീടും നാടും വിട്ട് അറിയപ്പെട്ട ലോകത്തിന്റെ അതിർത്തിയിലേക്ക് (ഒരുപക്ഷേ മറ്റു ശിഷ്യന്മാർക്ക് പോകാൻ മടിയും പേടിയും തോന്നിയിരുന്ന സ്ഥലങ്ങളിലേക്ക് ക്രിസ്തു സന്ദേശവുമായി, ക്രിസ്തു വാഹകനായി പോകാൻ, ധൈര്യവും മനസ്സും ഏകിയത്; നമുക്ക് നമ്മുടെ വിശ്വാസപൈതൃകം ലഭിക്കാൻ ഭാഗ്യം കിട്ടിയതും..




# മലയാളഭാഷയും മിഷണറിമാരും



ഡോ. വള്ളിക്കാവ് മോഹൻദാസ്

മലയാളം കേരളീയരുടെ മാതൃഭാഷയാണ്. വടക്ക് ഗോകർണം മുതൽ തെക്ക് കന്യാകുമാരിവരെയും കിഴക്ക് സഹ്യപർവ്വതത്തിനും പടിഞ്ഞാറ് അറബികടലിനും ഇടയ്ക്ക് സ്ഥിതിചെയ്യുന്ന പ്രദേശത്തിനു മുഴുവൻ കേരളം എന്നു പേരുണ്ടെങ്കിലും അവിടങ്ങളിലെല്ലാം **മലയാളം** ഉണ്ടായിരുന്നില്ല. തിരുവിതാംകൂർ, കൊച്ചി എന്നീ നാട്ടുരാജ്യങ്ങളിലും മലബാറിലും ദക്ഷിണ കർണാടകത്തിലെ ചന്ദ്രഗിരിപ്പുഴയ്ക്കു തെക്കുള്ള ഭാഗങ്ങളിലും മാത്രമാണ് മലയാളത്തിന് മാതൃഭാഷയെന്ന സ്ഥാനം ഉണ്ടായിരുന്നത്. കാസർകോഡ് താലൂക്കിലും നാഞ്ചനാട്, ചെങ്കോട്ട, ദേവികുളം എന്നീ പ്രദേശങ്ങളിലും യഥാക്രമം തുളുവും തമിഴുമായിരുന്നു മാതൃഭാഷാസ്ഥാനം അലങ്കരിച്ചിരുന്നത്.

ഭാവനാമങ്ങളെ നിഷ്പാദിപ്പിക്കുന്നതിനുള്ള ഒരു പ്രത്യയമായ 'മ'യിൽ ആരംഭിക്കുന്ന മലയാണ്മ എങ്ങനെ രൂപം കൊണ്ടുവെന്നന്വേഷിച്ചു കൊണ്ടാണ് കേരള സാഹിത്യ ചരിത്രത്തിൽ



Arnose Pathiri

**ബെഞ്ചമിൻ ബെയ്‌ലിയും ഹെർമ്മൻ ഗുണ്ടർട്ടും തങ്ങളുടെ നിഘണ്ടുക്കൾക്ക് മലയാളം-ഇംഗ്ലീഷ് നിഘണ്ടുവെന്നും മലയാള നിഘണ്ടുവെന്നും പേര് നല്കിയെങ്കിലും പദങ്ങളുടെ കൂട്ടത്തിൽ ഭാഷയെ കുറിക്കുന്നതിന് മലയാണ്മ എന്ന പദമാണ് ഉപയോഗിച്ചിട്ടുള്ളത്.**

ഉള്ളൂർ മലയാളത്തെപ്പറ്റി പരിചിന്തിക്കുന്നത്. തമിഴെന്ന പേരിൽ മലയാളത്തെ വ്യാപദേശിക്കുന്നത് അയുക്തമാണെന്നു ജനങ്ങൾ മനസ്സിലാക്കിയപ്പോൾ മലയാണ്മ അല്ലെങ്കിൽ മലയായ്മ എന്ന പേർ അതിനു നല്കി. മലയാണ്മ എന്നാൽ മലയാളികളുടെ- മലനാട്ടിലെ ജനങ്ങളുടെ രീതി എന്നർഥം. ആ സംജ്ഞകൊണ്ടു ഭാഷയെയും വട്ടെഴുത്തിൽ നിന്നു വികസിച്ച കേരളത്തിലെ ഒരു തരം ലിപിയേയും വിദ്വാന്മാരായ കേരളീയർ വ്യവഹരിച്ചു തുടങ്ങി.. പോർച്ചുഗീസുകാർ മലബാർ എന്ന പേരിൽത്തന്നെ നാടിനെയും ഭാഷയെയും വ്യവഹരിച്ചു. മലയാളം എന്ന പദം ആദ്യം ദേശവാചിയായിരുന്നു.

ഇംഗ്ലീഷ് വിദ്യാഭ്യാസത്തിന്റെ പ്രചാരണത്തോടു കൂടിയാണ് മലയാളം എന്ന പദം ഭാഷാവാചിയായി പരിണമിക്കുന്നത്. ബെഞ്ചമിൻ ബെയ്‌ലിയും ഹെർമ്മൻ ഗുണ്ടർട്ടും തങ്ങളുടെ നിഘണ്ടുക്കൾക്ക് മലയാളം- ഇംഗ്ലീഷ് നിഘണ്ടുവെന്നും മലയാള നിഘണ്ടുവെന്നും പേര് നല്കിയെങ്കിലും പദങ്ങളുടെ കൂട്ടത്തിൽ ഭാഷയെ കുറിക്കുന്നതിന് മലയാണ്മ എന്ന പദമാണ് ഉപയോഗിച്ചിട്ടുള്ളത്. രേഖകളിലൊക്കെ മലയാണ്മ എന്ന പദമാണ് പ്രയോഗിച്ചിരിക്കുന്നതെന്നും മനസ്സിലാക്കാം. തിരുവിതാംകൂറിലെ റാണി ഗൗരി പാർവതിഭായ് മലയാളം പഠിപ്പിക്കുന്നതിനായി സർക്കാർ സ്കൂളുകൾ ആരംഭിക്കുവാൻ കൊല്ലവർഷം 990 ഇടവം 19-ന് ഒപ്പുവച്ച ഉത്തരവിൽ മലയാണ്മയക്ഷരവും കണക്കും ജ്യോതിഷവും എന്നു പ്രയോഗിച്ചു കാണുന്നു. ബഞ്ചമിൻ ബെയ്‌ലിയുടെ നിഘണ്ടുവിനെപ്പറ്റി 1027 തുലാം 13-ാം തീയതിയിലെ ഒരു തിരുവിതാംകൂർ രേഖയിൽ കോട്ടയത്തു പാർക്കുന്ന വേൽ സായ്പിന്റെ മുഖാന്തിരത്തിൽ പണ്ടാരവകയ്ക്കു അച്ചടിപ്പിച്ചു വരുത്തിയിരിക്കുന്ന ഇംഗ്ലീഷും മലയായും കഴിവുള്ള ഡിക്ഷണറിയിൽ എന്നൊരു കുറിപ്പുണ്ട്.

കഴിഞ്ഞ നൂറ്റാണ്ടിൽ കേരളത്തിലെ കുട്ടികളെ അക്ഷരമാല പഠിപ്പിക്കുമ്പോൾ മലയാളം മാത്രമല്ല പഠിപ്പിച്ചിരുന്നത്; തമിഴും വട്ടെഴുത്തും കൂടെ പഠിപ്പിച്ചിരുന്നു. കേരളത്തിൽ 18-ാം നൂറ്റാണ്ടു വരെ വട്ടെഴുത്ത് എന്ന ലിപി വ്യവസ്ഥയുടെ ആധിപത്യം തന്നെയായിരുന്നുവെന്നു പറയാം. തമിഴ്നാട്ടിലും പഴയകാലത്ത് വട്ടെഴുത്തു ലിപിയാണ് ഉപയോഗിച്ചിരുന്നത്. മൂർച്ചയുള്ള ഉളിയും ചുറ്റികയും ഉപയോഗിച്ചു കൊണ്ടുണ്ടാക്കുന്നതായിരുന്നു, ദക്ഷിണ ഭാരതത്തിൽ സർവസാധാരണമായിരുന്ന ലേഖന സമ്പ്രദായം. ഉളികൊണ്ടു വരയ്ക്കുന്ന രീതി പാറകളിന്മേലും നല്ല കനമുള്ള ചെമ്പു തകിടിലും ആയിരുന്നു പ്രയോഗിച്ചിരുന്നത്. ക്രമേണ ഈ രീതിക്ക് വെട്ടെഴുത്ത് എന്ന് അതിന്റെ ജന്മരൂപത്തിൽ നിന്നും പേരും സിദ്ധിച്ചു. വട്ടെഴുത്ത് ആയി പിന്നീടത് പരിവർത്തിച്ചു. വട്ടെഴുത്തിൽ നിന്നാണ് കോലെഴുത്ത് രൂപം കൊണ്ടത്. കോലുകൊണ്ട് വരച്ചുണ്ടാക്കുന്ന എഴുത്തായതിനാൽ ഇത് കോലെഴുത്തുമായി വട്ടെഴുത്തിൽ നിന്നാണ് ഇന്നത്തെ മലയാളം ലിപികൾ രൂപപ്പെട്ടത് എന്ന് വിചാരിക്കാൻ നിരവധി ന്യായങ്ങളുണ്ട് വട്ടെഴുത്ത് അക്ഷരങ്ങൾ ഇന്ത്യയിൽ എത്തിയത് ഫിനീഷ്യരിലൂടെയാണെന്നും ക്രിസ്തുവിന്റെ ജനനത്തിന് 250 വർഷം മുമ്പ് ഉണ്ടായ പ്രസ്തുത ലിപി സംവിധാനം കൊടുങ്ങല്ലൂർ, കടലുണ്ടി, കല്ലട എന്നീ തുറമുഖങ്ങൾ വഴിയാണിവിടെ എത്തിച്ചേർന്നതെന്നും ഡോക്ടർ ബർണൽ രേഖപ്പെടുത്തിയിട്ടുണ്ട്. അതല്ല, ബ്രാഹ്മിയിൽ നിന്നും പരിണതി പ്രാപിച്ചതാണ് വട്ടെഴുത്ത് ലിപിസമ്പ്രദായമെന്ന അഭിപ്രായവും നിലവിലുണ്ട്. ഏതായാലും മലയാളഭാഷയെ സജീവമാക്കുന്നതിൽ ആദ്യകാലത്ത് നിർണായകമായ പങ്ക് വഹിച്ചത് ഈ ലിപി വ്യവസ്ഥകളായിരുന്നുവെന്നത് നിസ്തർക്കമായ വസ്തുതയാണ്.

മലയാളവ്യാകരണത്തിന്റെ ചരിത്രം ആരംഭിക്കുന്നത് **ലീലാതിലകം** എന്ന ഗ്രന്ഥത്തെ മാറ്റിനിർത്തിയാൽ, 1800-നു ശേഷമാണെന്നുകാണാം. ഇതിന്റെ പ്രയോക്താക്കളായിത്തീർന്നത് ആദ്യം ക്രൈസ്തവ മിഷണറിമാരായിരുന്നു. അവിടെ ഭാഷാസാഹിത്യ സംരംഭങ്ങളുടെയൊക്കെ മൗലികപ്രേരണ മതപ്രചാരണമായിരുന്നു. ഇതിന് ഏറെ പ്രയോജനപ്പെടുന്നത് മനുഷ്യരുടെ സംഭാഷണ ഭാഷയാണെന്ന തിരിച്ചറിവിൽ ആ ഭാഷ അഭ്യസിക്കുവാനും അതിന്റെ വ്യാകരണം ചമയ്ക്കുവാനും മിഷണറിമാർ തയാറായി. വാരാപ്പുഴയിൽ 1700 മുതൽ 1712 വരെ കേരള കത്തോലിക്ക മെത്രാൻ ആയി പ്രവർത്തിച്ചിരുന്ന ഇറ്റലിക്കാരനായ മിഷണറി ഫാദർ ആഞ്ചലൂസ് ഫ്രാൻസിസ് (1650-1712) **ഗ്രാമത്തിക്കലിംഗ്വ ഉൾഗാരിസ് മലബാറിക്ക** എന്ന തലക്കെട്ടിൽ ആദ്യത്തെ മലയാളം വ്യാകരണഗ്രന്ഥം പുറത്തിറക്കി. വിദേശികളെ ഉദ്ദേശിച്ചു തയാറാക്കിയ ഈ വ്യാകരണഗ്രന്ഥം വാമൊഴിക്കുമാത്രം ഉപയുക്തമാകും വിധമാകയാൽ അർണോസ് പാതിരി പില്ക്കാലത്തു



Herman Gundert

**ഹെർമ്മൻ ഗുണ്ടർട്ടിന്റെ മാതൃഭാഷ ജർമൻ ആണെങ്കിലും നിഘണ്ടുനിർമ്മാണ വേളയിൽ മലയാള പദങ്ങൾക്കു ജർമൻ ഭാഷയിലുള്ള അർഥം നല്കുവാൻ അദ്ദേഹം ശ്രമിച്ചിട്ടില്ലെന്നു കാണാം.**

രചിച്ച മലയാള വ്യാകരണത്തോളം മികച്ചതല്ലെന്ന് ഫാദർ പൗലിനോസ് രേഖപ്പെടുത്തിയിട്ടുണ്ട്.

അർണോസ് പാതിരി (1681–1732) യുടെ **ഗ്രന്ഥഭാഷയുടെ വ്യാകരണം** എന്ന കൃതിയാണ് ശ്രദ്ധേയമായ രണ്ടാമത്തെ വ്യാകരണഗ്രന്ഥം. സംസ്കൃത പണ്ഡിതനായിരുന്ന അദ്ദേഹം സംസ്കൃതവും മലയാളവും ഏക ഗോത്രത്തിൽപ്പെടുന്നുവെന്നു വിശ്വസിച്ച് സിദ്ധരൂപത്തെ അടിസ്ഥാനമാക്കി മലയാള വ്യാകരണം തയാറാക്കി സംസ്കൃതവ്യാകരണ പാരമ്പര്യത്തിൽ രചിച്ചതിനാൽ ഏറെയൊന്നും പ്രചാരം ലഭിക്കാതെ പോയ ഈ കൃതിയുടെ പകർപ്പുകൾ ഇന്ന് ലഭ്യവുമല്ല. പിന്നീട് ഫാദർ ഫാറെസ് (1715–1789) എന്ന പാതിരി അമ്പഴക്കാട്ട് സന്യാസി മന്ദിരത്തിൽ റെക്ടറായിരിക്കവേ ഒരു ലഘുവ്യാകരണഗ്രന്ഥം രചിച്ചു. മലയാളത്തിലെ പ്രഥമ ഗ്രന്ഥമെന്ന വിശേഷണമുള്ള സംക്ഷേപവേദാർഥത്തിന്റെ കർത്താവ് ക്ലമന്റ് പിയാനിയൂസ് (1714–1782) രചിച്ച വ്യാകരണഗ്രന്ഥത്തിന് **ആൽഫബെത്തും ഗ്രാണിക്കോ മലബാറിക്കും** (മലയാള അക്ഷരമാല) എന്നാണ് പേര്. 1772-ൽ റോമിൽ അച്ചടിച്ച ഗ്രന്ഥത്തിലെ ഭാഷ ലത്തീൻ ആയിരുന്നു. സംസ്കൃതം, മലയാളം, ലത്തീൻ എന്നീ ഭാഷകളുടെ വ്യാകരണം സംബന്ധിച്ച ലഘുഗ്രന്ഥങ്ങൾ തയാറാക്കിയിട്ടുള്ള ഫാദർ പൗലിനോസിന്റെ സേവനങ്ങൾ (1748–1806) ഇവിടെ സ്മരിക്കാം. അദ്ദേഹം 1758-ൽ തിരുവിതാംകൂർ മഹാരാജാവിന്റെ ആഗ്രഹപ്രകാരം ഒരു മലയാളം ഇംഗ്ലീഷ് പോർച്ചുഗീസ് വ്യാകരണം നിർമിച്ച് 1784-ൽ രാജപ്രമുഖനു സമർപ്പിച്ചു. 51 പുറങ്ങളുള്ള ഈ ഗ്രന്ഥത്തിൽ വ്യാകരണ നിയമങ്ങൾ മലയാളത്തിലും പോർച്ചുഗീസിലും വിവരിച്ചിട്ടുള്ളതായി കാണാം. പാഠങ്ങളും ഉദാഹരണങ്ങളും ഇംഗ്ലീഷിലാണ് കൊടുത്തിട്ടുള്ളത്. മലയാള പരിഭാഷയും ഒപ്പമുണ്ട് ഒരു മലയാളം-ഇംഗ്ലീഷ്-പോർച്ചുഗീസ് അകാരാദിയും അനുബന്ധമായി ചേർത്തിട്ടുള്ളത് ഈ മൂന്നുഭാഷകൾ പഠിച്ചിട്ടുള്ളവർക്കു പ്രയോജനപ്രദമാവുകയും ചെയ്യും.

ഒരു ഇംഗ്ലീഷുകാരൻ രചിച്ച പ്രഥമ മലയാള വ്യാകരണഗ്രന്ഥം ബോംബെ കുറിയർ പ്രസ്സിൽ നിന്നും 1799-ൽ അച്ചടിച്ചിറക്കിയ ആംഗ്ലിക്കൻ മിഷണറി റോബർട്ട് ഡ്രമ്മണ്ടിന്റെ ഇംഗ്ലീഷിൽ രചിച്ച **മലയാളഭാഷയുടെ വ്യാകരണം** എന്ന പുസ്തകമാണ്. ഇംഗ്ലീഷ് ഈസ്റ്റ് ഇന്ത്യാ കമ്പനി ഉദ്യോഗസ്ഥർക്കുവേണ്ടി തയാറാക്കിയ ഗ്രന്ഥം കത്തോലിക്കാ മിഷണറിമാർ മുമ്പ് തയാറാക്കിയിരുന്ന വ്യാകരണ കൃതികളുടെ ചുവടുപിടിച്ച് രചിച്ചതുമാണ്. ഇതിലെ പ്രതിപാദ്യ വിഷയങ്ങൾ അക്ഷരമാല – ലിംഗം, വചനം, സർവനാമം, ക്രിയ, ലിപിവിന്യാസം തുടങ്ങിയവയാണ്. സംക്ഷേപവേദാർഥത്തിലെ വാക്യങ്ങൾ ഉദ്ധരിച്ചിട്ടുള്ള ഈ വ്യാകരണ ഗ്രന്ഥത്തിൽ ഉദാഹരണങ്ങൾ മലയാളലിപിയിൽ തന്നെയാണ് കൊടുത്തിരിക്കുന്നത്. ഈ കൃതിയുടെ മറ്റൊരു പതിപ്പ് എന്നു വിശേഷിപ്പിക്കാവുന്ന വ്യാകരണ ഗ്രന്ഥമാണ് 1889-ൽ എഫ് സ്പ്രിംഗ് രചിച്ച **മലയാളവ്യാകരണം** ഈ രണ്ടു കൃതികളെക്കാളും മികച്ചത് എന്നു കരുതുന്ന വ്യാകരണഗ്രന്ഥമാണ് 1841-ൽ റവ. ജോസഫ് പീറ്റ് തയാറാക്കിയത്. 1883-ൽ കേരളത്തിലെത്തിയ റവറന്റ് ജോസഫ് പീറ്റ് കോട്ടയം കോളെജിന്റെ പ്രിൻസിപ്പലായി. 1838 മുതൽ അദ്ദേഹത്തിന്റെ മരണം സംഭവിക്കുന്ന 1865 വരെ മാവേലിക്കരയിൽ മിഷൻ പ്രവർത്തനം നടത്തിവന്ന അദ്ദേഹം മലയാളഭാഷയുടെ വികാസത്തിൽ വളരെയേറെ തത്പരനായിരുന്നു. പല പോരായ്മകളും അദ്ദേഹത്തിന്റെ വ്യാകരണ ഗ്രന്ഥത്തിൽ പില്ക്കാലപണ്ഡിതന്മാർ കണ്ടെത്തിയിട്ടുണ്ടെങ്കിലും സംവൃതോകാരത്തെക്കുറിച്ച് ആദ്യമായി ചിന്തിച്ച മലയാളഭാഷാ വ്യാകരണകാരൻ ഫാദർ പീറ്റ് തന്നെയാണെന്ന നിരീക്ഷണവും നിലനിൽക്കുന്നു എന്നാൽ അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ സംവൃതോകാരം 'അ' കാരത്തിന്റെ വകഭേദവും ഐ, ഔ അം, അഃ എന്നിവ ഹ്രസ്വാക്ഷരങ്ങളുമാണ്. പക്ഷേ വളരെ പ്രചാരം നേടിയ പ്രസ്തുത കൃതിക്ക് 1946-ൽ മറ്റൊരു പതിപ്പുമുണ്ടായി എന്നാൽ **മലയാള വ്യാകരണഘടകങ്ങൾ** എന്ന ഫാദർ പീറ്റിന്റെ രണ്ടാമത്തെ കൃതി പഠിതാക്കൾക്ക് ഏറെ പ്രയോജനപ്പെട്ടിരുന്നതായും രേഖപ്പെടുത്തിയിരിക്കുന്നു. ഈ കൃതി 1883-ലാണ് പ്രസിദ്ധീകൃതമായത് ബഞ്ചമിൻ ബെയ്‌ലിയുടെയും റിച്ചാർഡ് കോളിൻസിന്റെയും എം.ജെ ആൽ ബിനാട്ടിന്റെയും വ്യാകരണഗ്രന്ഥങ്ങളും മലയാളഭാഷാ സേവനത്തിന് സന്നദ്ധമായിട്ടുള്ളതായാണ് ചരിത്രം.

ഡോക്ടർ ഹെർമ്മൻ ഗുണ്ടർട്ട് (1814–1898) രചിച്ച് 1851-ൽ പുറത്തിറങ്ങിയ മലയാളവ്യാകരണം എന്ന ഗ്രന്ഥം വ്യാകരണമണ്ഡലത്തിൽ മലയാളഭാഷ

ഇതു വരെ കണ്ടിട്ടുള്ളതിൽ വച്ച് ഏറ്റവും മികച്ച ഗ്രന്ഥമെന്ന വിശേഷണത്തോടെയാണ് എൻ.ഇ. വിശ്വനാഥയ്യരും, സി.എൽ. ആന്റണിയും മറ്റും പണ്ഡിത സദസുകളിൽ അവതരിപ്പിച്ചുവന്നത്. വിദേശികളെ ഉദ്ദേശിച്ച് രചിച്ച വ്യാകരണ ഗ്രന്ഥങ്ങളെക്കുറിച്ചാണ് നാം ഇതുവരെ ചർച്ച ചെയ്തിരുന്നതെങ്കിൽ ഗുണ്ടർട്ടിന്റെ സമീപനം വ്യത്യസ്തമായിരുന്നു. സംഭാഷണഭാഷ, സാഹിത്യഭാഷ എന്നിവയെ അടിസ്ഥാനമാക്കി രണ്ടു പതിറ്റാണ്ടുകാലത്തെ കഠിനാധ്വാനത്തിലൂടെ മലയാളഭാഷയുടെ സവിശേഷതകൾ അറിഞ്ഞും പഠിച്ചും ശാസ്ത്രീയമായി തയാറാക്കിയ ഗ്രന്ഥത്തിന്റെ ഒന്നാം പതിപ്പ് പൂർണമായിരുന്നില്ല. കൃതിയെ മൂന്നു ഭാഗങ്ങളായി അക്ഷരകാണ്ഡം, പദകാണ്ഡം, വാചകകാണ്ഡം എന്നിങ്ങനെ വിഭജിച്ചിരിക്കുന്നു. എന്നാൽ വാചകമണ്ഡലത്തിലെ നാമാധികാരത്തിൽ അവസാനിക്കുന്ന 645 വകുപ്പുകൾ മാത്രമേ ഈ ഒന്നാംപതിപ്പിൽ ഉൾപ്പെടുത്തിയിട്ടുള്ളൂ. പിന്നീട് 1860-ൽ മലബാർ സ്കൂൾ ഇൻസ്പെക്ടർ ആയി പ്രവർത്തിക്കുമ്പോൾ ഗുണ്ടർട്ട് **മലയാളവ്യാകരണം-ചോദ്യോത്തരം|** എന്ന ഗ്രന്ഥം കുട്ടികൾക്കു വേണ്ടി എഴുതി പ്രസിദ്ധീകരിച്ചു. മലയാള വ്യാകരണ രചന പൂർണമാക്കാനാകാതെ 1859-ൽ സ്വദേശത്തേക്കു മടങ്ങിയ ഹെർമൻ ഗുണ്ടർട്ട് വ്യാകരണത്തിന്റെയും നിഘണ്ടുവിന്റെയും എഴുതിത്തീർത്ത ഭാഗങ്ങളും തയാറാക്കിയ കുറിപ്പുകളും കൂടെ കൊണ്ടുപോയി. ജർമനിയിലെ തിരക്കിട്ട ഔദ്യോഗിക ജീവിതത്തിനിടെ നിഘണ്ടുവിന്റെ ജോലി പൂർത്തിയാക്കിയെങ്കിലും വ്യാകരണരചന അപൂർണമായിത്തന്നെ നിന്നു. എന്നാൽ അതെല്ലാം കൂടി കേരളത്തിലെ തന്റെ കൃതികളുടെ പ്രസിദ്ധീകരണ ചുമതല വഹിച്ചിരുന്ന റവ. ഇ. ഡിസ്സിന് 1866-ൽ ഗുണ്ടർട്ട് സായ്പ് അയച്ചുകൊടുത്തു. ആ കുറിപ്പുകളുടെ വെളിച്ചത്തിൽ മറ്റൊരു വിദ്യാഭ്യാസവിചക്ഷണനായിരുന്ന എൽ. ഗാൽത്തവൈറ്റിന്റെ സഹായത്തോടെ പൂർണമാക്കിയ വ്യാകരണഗ്രന്ഥത്തിന്റെ പരിഷ്കരിച്ച പതിപ്പ് ഡിസ്സ് 1868-ൽ പ്രസിദ്ധം ചെയ്തു. ഇതിൽ നാമാധികാരത്തിലെ 878 വകുപ്പുകളും ഉൾപ്പെടുത്തിയിരുന്നു.


Christian Missionaries

മലയാളം വ്യാകരണഗ്രന്ഥത്തിന്റെ പ്രാരംഭത്തിൽ മലയാളഭാഷ ദ്രാവിഡ ഗോത്രഭാഷയാണെന്നു സ്ഥിരീകരിച്ചുകൊണ്ട് ഡോക്ടർ ഗുണ്ടർട്ട് എഴുതിയിരിക്കുന്നതു ശ്രദ്ധേയമാണ്. മലയാളഭാഷ ദ്രമിളം എന്നുള്ള തമിഴിന്റെ ഒരു ശാഖ ആകുന്നു. അത് തെലുങ്ക്, കർണാടകം, തുളു, കുടക് മുതലായ ശാഖകളേക്കാൾ അധികം തമിഴരുടെ സൂത്രത്തോട് ഒത്തുവരികയാൽ, ഉപഭാഷയത്രേ; എങ്കിലും ബ്രാഹ്മണർ ഈ കേരളത്തെ അടക്കിവാണു, അനാചാരങ്ങളെ നടപ്പാക്കി, നാട്ടിലെ ശൂദ്രരുമായി ചേർന്നുപോയതിനാൽ സംസ്കൃത ശബ്ദങ്ങളും വാചകങ്ങളും, വളരെ നുഴഞ്ഞുവന്നു. ഭാഷയുടെ മൂലരൂപത്തെ പലവിധത്തിലും മാറ്റിയിരിക്കുന്നു... ഇങ്ങനെ കാലക്രമത്തിൽ ഉണ്ടായ കേരളഭാഷയുടെ വ്യാകരണം ചമെപ്പാൻ സംസ്കൃത വ്യാകരണവും തമിഴു നന്നൂൽ മുതലായതും നോക്കിയിട്ടു വേണം; എങ്കിലും ഭാഷയിൽ ആക്കിയ മഹാഭാരതം, രാമായണം, പഞ്ചതന്ത്രം, വേതാളചരിത്രം, ചാണക്യസൂത്രം, രാമചരിതം മുതലായതിന്റെ പദ്യവും കേരളോൽപ്പത്തി, കണക്കുസാരം, വൈദ്യശാസ്ത്രം തുടങ്ങിയുള്ളതിന്റെ ഗദ്യവും അനുഭവത്തിനും ഉദാഹരണത്തിനും പ്രമാണം എന്നു തോന്നിയിരിക്കുന്നു.

അക്ഷരങ്ങൾ, സ്വരവിശേഷങ്ങൾ, വ്യഞ്ജന വിശേഷങ്ങൾ, പദാംഗങ്ങൾ, സ്വരസന്ധി, വ്യഞ്ജനസന്ധി എന്നിങ്ങനെ വർണവിഷയകങ്ങളായ 89 വകുപ്പുകൾ ഉൾക്കൊള്ളുന്ന അക്ഷരകാണ്ഡമാണ് ഗുണ്ടർട്ട് വ്യാകരണത്തിലെ ആദ്യഭാഗം. നാമരൂപം, ക്രിയാരൂപം, അവ്യയരൂപം എന്നീ മൂന്നു ഉപവിഭാഗങ്ങളുള്ള പദകാണ്ഡമാണ് ഗ്രന്ഥത്തിലെ രണ്ടാമത്തെഭാഗം വിവിധ പ്രത്യയങ്ങൾ ചേർന്നുണ്ടാകുന്ന രൂപങ്ങൾക്ക് മലയാളത്തിൽ സിദ്ധിക്കുന്ന അർഥഭേദമാണ് വാചകകാണ്ഡമെന്ന മൂന്നാം വിഭാഗം എല്ലാറ്റിനും സംഭാഷണ


BENJAMIN BAILEY.

സാഹിത്യഭാഷകളിൽ നിന്ന് ഉദാഹരണങ്ങളും കൊടുത്തിട്ടുണ്ട്.

ഭാരതീയമായ വ്യാകരണ സംജ്ഞകൾ പരമാവധി ഉപയോഗിച്ചുകൊണ്ടാണ് ഡോ. ഗുണ്ടർട്ട്, ഭാഷയിലെ സവിശേഷതകൾ സ്പഷ്ടമാക്കുന്നത്. വിഭക്തിരൂപങ്ങൾക്കു സംസ്കൃതത്തിലെ പ്രഥമ ദ്വിതീയ തുടങ്ങിയ സംജ്ഞകൾ ഉപയോഗിച്ചു. അദ്ദേഹം നിർദേശിക, പ്രതിഗ്രാഹിക തുടങ്ങിയവയുമായുള്ള ബന്ധം വ്യക്തമാക്കുന്നതിന് അവ പ്രത്യേകം ഒരിടത്ത് ചേർത്തിട്ടുമുണ്ട് സമാസങ്ങളുടെ കാര്യത്തിൽ തമിഴ് നന്നൂലിനെ ആശ്രയിച്ചുകൊണ്ട് ആറുതരം സമാസങ്ങളും കടമെടുത്തപ്പോൾ തമിഴിൽ നിന്നു തന്നെ പേരെച്ചം, വിനയെച്ചം, മുൻവിനയെച്ചം, പിൻവിനയെച്ചം, നടുവിനയെച്ചം, മറവിനയെച്ചം, ചുട്ടെഴുത്ത് തുടങ്ങിയവയും സ്വീകരിച്ചിരിക്കുന്നതുകാണാം. 'അ' കാരത്തിന്റെയല്ല, 'ഉ' കാരത്തിന്റെ വികാരമാണ് സംവൃതോകാരമെന്ന് ആദ്യം ചൂണ്ടിക്കാട്ടിയതും അരയുകാരം എന്ന് അതിന് നാമകരണം ചെയ്തതും ഡോക്ടർ ഗുണ്ടർട്ടാണ്. ചിഹ്ന സമ്പ്രദായത്തിലും മുൻഗാമികളെ അതിശയിപ്പിക്കുംവിധം വളരെയേറെ മുന്നോട്ടു പോകുവാൻ കഴിഞ്ഞ ഗുണ്ടർട്ട് സായ്പ് മലയാളഭാഷയ്ക്ക് വളരെ വിലപ്പെട്ട ഒരു വ്യാകരണഗ്രന്ഥമാണ് സംഭാവന ചെയ്തത്. കുറ്റമറ്റതാണെന്ന് അത് അവകാശപ്പെടുന്നില്ലെങ്കിലും തുടർന്നുണ്ടായ വ്യാകരണ ഗ്രന്ഥങ്ങൾക്കും പഠിതാക്കൾക്കും ശക്തമായ ഒരു മാർഗരേഖയോ ശരിയായ അടിത്തറയോ ആയി ആ കൃതി നിലകൊണ്ടു. എന്നാൽ ഈ ദൃശ്യവിഷയങ്ങളിലേതിലെങ്കിലും പില്ക്കാല പണ്ഡിതന്മാർക്ക് ഗുണ്ടർട്ടിനെ അതിശയിപ്പിക്കാനോ അദ്ദേഹത്തിന്റെ സംഭാവനകൾക്കൊപ്പമെത്തുവാൻ പോലുമോ കഴിഞ്ഞിട്ടില്ല.

ഒരു മലയാളിയായ വ്യാകരണ രചയിതാവ് മലയാളത്തിൽ തയാറാക്കിയ ഭാഷാവ്യാകരണഗ്രന്ഥമെന്ന നിലയിൽ ഏറെ ശ്രദ്ധേയമായ കൃതിയാണ് 1863-ൽ പ്രസിദ്ധംചെയ്ത റവ. ജോർജ് മാത്തന്റെ (1819-1870) **മലയാണ്മയുടെ വ്യാകരണം**. അക്ഷരലക്ഷണം, പദലക്ഷണം, വാചകലക്ഷണം, കാവ്യലക്ഷണം എന്നിങ്ങനെ നാലുകാണ്ഡങ്ങളായി തിരിച്ച് ഗ്രന്ഥരചന നടത്തുവാൻ നിശ്ചയിച്ചുവെങ്കിലും ആദ്യത്തെ രണ്ടു വിഭാഗങ്ങളിലുള്ള ചർച്ചകളേ ഗ്രന്ഥത്തിൽ ചേർക്കുവാനായുള്ളു ചെറിയ ടൈപ്പിൽ അച്ചടിച്ച 217 പുറങ്ങളുള്ള ഗ്രന്ഥം ഒരു മലയാളിയുടെ വിരൽത്തുമ്പിലൂടെ പിറന്നുവീണ ഭാഷയിലെ പ്രഥമ വ്യാകരണഗ്രന്ഥം എന്ന നിലയിൽ ഏറെ വിലപ്പെട്ടതാണ്. ബാസൽ മിഷൻ പ്രസിദ്ധീകരിച്ച 'മലയാള വ്യാകരണ സംഗ്രഹം (ഗാർത്തവെറ്റ്) പ്രോഗ്രസ്സീവ് ഗ്രാമർ ഓഫ് ദി മലയാളം ലാംഗ്വേജ് ഫോർ യൂറോപ്യൻസ്' (ഫ്രോൺ മേയർ) എന്നിവയാണ് വിദേശികൾ തയാറാക്കിയ മറ്റു രണ്ടു വ്യാകരണഗ്രന്ഥങ്ങൾ. ദ്രാവിഡഭാഷകളുടെ വ്യാകരണപരമായ കാര്യങ്ങൾ ചർച്ച ചെയ്യുന്ന റവ. ഡോ. റോബർട്ട് കാൾഡ്വില്ലിന്റെ (1815-1892) ദ്രാവിഡഭാഷകളുടെ 'തുലനാത്മക വ്യാകരണം' എന്ന ഗ്രന്ഥം ഈ രംഗത്തെ ഈടുറ്റ ഒരു സംഭാവനയാണ്.

വാരാപ്പുഴ കത്തോലിക്കാ മിഷണറിമാർ ആരംഭിച്ച മലയാള വ്യാകരണ നിർമിതി കാലാനുസൃതമായി നവീന പാഠങ്ങളായി ഡോക്ടർ ഗുണ്ടർട്ട് പരിഷ്കരിച്ച് അവതരിപ്പിച്ചപ്പോൾ ആ വ്യാകരണഗ്രന്ഥം ആധുനിക ഭാഷാ വ്യാകരണചിന്തയ്ക്കു മാതൃകയായി ത്തീരുകയായിരുന്നു. ന്യൂനതകൾ കണ്ടെത്താനാകുമെങ്കിലും മിഷണറിമാരുടെ വ്യാകരണ പഠന രംഗത്തെ പ്രവർത്തനങ്ങൾ ഭാഷാ പഠനത്തിന് ശക്തമായ ഒരടിത്തറ പാകുവാൻ വഴിയൊരുക്കി. അതിൽ ഗുണ്ടർട്ടിന്റെ സംഭാവന നിസ്തുലമാണ്. ഒപ്പം ഗുണ്ടർട്ട് ആരംഭിച്ച ഭാഷയിലെ രണ്ടാമത്തെപത്രമായ **പശ്ചിമോദയത്തിന്റെ** താളുകൾ ഈ ദൃശ്യപ്രവർത്തനങ്ങൾക്ക് ഊർജം പകരുംവിധം ഭാഷാ പോഷണത്തിൽ ശ്രദ്ധയൂന്നുന്നതായും കാണാം.

ഇങ്ങനെ മലയാളവ്യാകരണത്തിൽ ഗണ്യമായ ഇടപെടൽ നടത്തി സമ്പുഷ്ടമാക്കാൻ ശ്രമിച്ച 'പശ്ചിമോദയ'ത്തിന്റെ ശില്പിയായ ഡോക്ടർ ഹെർമൻ ഗുണ്ടർട്ട് ഭാഷാനിഘണ്ടു നിർമാണത്തിലും വിലപ്പെട്ട സംഭാവന നൽകി. പതിനെട്ടോളം ഭാഷകളിൽ പ്രാവീണ്യമുണ്ടായിരുന്ന ജർമൻകാരന്റെ നാമം അനശ്വരമാക്കിയ കൃതി അദ്ദേഹത്തിന്റെ മലയാളം- ഇംഗ്ലീഷ് നിഘണ്ടുവാണ്. 1872-ൽ മംഗലാപുരത്തെ ബാസൽമിഷൻ പ്രസ്സിൽ നിന്നും പുറത്തുവന്ന നിഘണ്ടു, മുൻഗ്രന്ഥങ്ങളിൽ നിന്നു വ്യത്യസ്തമായി സ്വദേശികൾക്കും വിദേശികൾക്കും ഒരുപോലെ ഉപകരിക്കുംവിധം തയാറാക്കിയതായിരുന്നു. മലയാളം, സംസ്കൃതത്തിന്റെ വകഭേദമല്ലെന്നും ദ്രാവിഡ ഗോത്രത്തിൽപ്പെട്ട ഭാഷയാണെന്നുമുള്ള കാഴ്ചപ്പാടിൽ നിന്നുകൊണ്ട് രൂപപ്പെടുത്തിയ ആദ്യ നിഘണ്ടുവും ഇതുതന്നെ. മുൻ നിഘണ്ടുക്കളെയപേക്ഷിച്ച് സംസ്കൃത പദങ്ങൾ കുറച്ചുമാത്രമേ ഈ നിഘണ്ടുവിൽ ഉൾപ്പെടുത്തിയിട്ടുള്ളൂ എന്ന് ഒരു വിമർശനം ഉയർന്നുവരുമെന്നറിഞ്ഞ് അതിനുള്ള ന്യായീകരണം ഡോ. ഗുണ്ടർട്ട് നിഘണ്ടുവിന്റെ ആമുഖത്തിൽ ഇങ്ങനെ നല്കിയിരിക്കുന്നു- |ഈ നിഘണ്ടു സംസ്കൃത വിദ്യാർഥികളെ ഉദ്ദേശിച്ചുള്ളതല്ല. അതുകൊണ്ട് മലയാളകൃതികളെന്ന് ഉത്തമബോധ്യമുള്ളവയിൽ പ്രയോഗിച്ചിട്ടുള്ള പദങ്ങളും അർഥങ്ങളും മാത്രം ഉൾച്ചേർക്കുക എന്ന നിയമമാണു സ്വീകരിച്ചിട്ടുള്ളത്.

മലയാളക്കരയിൽ പ്രചാരത്തിലുണ്ടായിരുന്ന മലയാള പദങ്ങളെല്ലാം ശ്ലീലം-അശ്ലീലം, ഗ്രാമ്യം-ദേശ്യം എന്ന ഭേദബുദ്ധികൂടാതെ ഗുണ്ടർട്ട് നിഘണ്ടുവിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ഇന്ന് പ്രചാരത്തിലില്ലാത്ത ഒട്ടധികം തമിഴ് പദങ്ങളും ഇതിൽ ഉണ്ട്. രാമചരിതം തുടങ്ങിയ മിശ്രകൃതികളിലെ പദങ്ങളെല്ലാം തന്നെ മലയാളമാണെന്ന മട്ടിൽ ചേർത്തിരിക്കുന്നു. പക്ഷേ, അവ പ്രാചീന മലയാള പദങ്ങളാണെന്നു ചൂണ്ടിക്കാട്ടുവാൻ അദ്ദേഹം വിട്ടുപോയി. എന്നാൽ ഭാഷാഗമചിന്തയ്ക്ക് എത്ര വിലപ്പെട്ട സംഭാവനയാണതു വഴി നല്കാനായതെന്നും രേഖപ്പെടുത്തുക തന്നെ വേണം. മറ്റൊരു പ്രത്യേകത അന്ന് കേരളത്തിൽ പ്രചാരത്തിലുണ്ടായിരുന്ന അറബി, പേർഷ്യൻ, സിറിയക്ക് ലത്തീൻ, പോർച്ചുഗീസ്, ഇംഗ്ലീഷ്, ഹിന്ദുസ്ഥാനി തുടങ്ങിയ വിദേശഭാഷാ പദങ്ങളും ശ്രദ്ധാപൂർവം ഈ നിഘണ്ടുവിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്നതാണ്.


Statue of St Francis Xavior

ബെഞ്ചമിൻ ബെയ്‌ലിയുടെ നിഘണ്ടുവിൽ മലയാള ത്തിലെ 'ക്ഷ' എന്ന അക്ഷരം ഏകാക്ഷരമായാണു പരിഗണിച്ചിരുന്നത്. മാത്രവുമല്ല 'ള' ശേഷം ചേർക്കുകയും ചെയ്തിരുന്നു. എന്നാൽ ഗുണ്ടർട്ടാകട്ടെ 'ക്ഷ' യെ അക്ഷരമാലയിൽ നിന്നു വിടർത്തി, ഒരു കൂട്ടക്ഷരമാക്കി ഉൾപ്പെടുത്തിയിരിക്കുന്നു. പില്ക്കാലത്ത് മലയാളം ലെക്സിക്കൺ തയാറാക്കിയപ്പോൾ ഗുണ്ടർട്ടിന്റെ രീതിയാണവലംബിച്ചിട്ടുള്ളത് എന്നും കാണാം. മറ്റുള്ളവരിൽ നിന്നു വ്യത്യസ്തമായി ഗുണ്ടർട്ട് തന്റെ നിഘണ്ടുവിൽ 'റ', 'ക്ക്', 'ര' കാരത്തിനു തൊട്ടടുത്ത് സ്ഥാനം നല്കി. പിന്നീട് സർവവിജ്ഞാനകോശത്തിൽ ഈ രീതി സൗകര്യപ്രദമാണെന്നു മനസ്സിലാക്കി ഉപയോഗിച്ചിരിക്കുന്നു.

ഹെർമ്മൻ ഗുണ്ടർട്ടിന്റെ മാതൃഭാഷ ജർമൻ ആണെങ്കിലും നിഘണ്ടു നിർമ്മാണ വേളയിൽ മലയാള പദങ്ങൾക്കു ജർമൻ ഭാഷയിലുള്ള അർഥം നല്കുവാൻ അദ്ദേഹം ശ്രമിച്ചിട്ടില്ലെന്നു കാണാം. കൂടാതെ അക്കാലത്ത് ഇവിടെ ഉണ്ടായിരുന്ന പോർച്ചുഗീസുകാർ ഉൾപ്പെടെയുള്ള വിവിധ യൂറോപ്യൻമാർക്കുവേണ്ടി അവരുടെ ഭാഷകളിൽ മലയാളപദങ്ങൾക്ക് അർഥം നല്ലവാനും ഗുണ്ടർട്ട് വിമുഖത കാട്ടി. ദീർഘവീക്ഷണത്തോടെ തന്റെ നിഘണ്ടുവിൽ മലയാള പദങ്ങൾക്ക് ഇംഗ്ലീഷ് ഭാഷയിൽത്തന്നെ അർഥമെഴുതിച്ചേർത്ത ഗുണ്ടർട്ട് പില്ക്കാലത്ത് ഇംഗ്ലീഷ് മാത്രമേ ഇവിടെ നിലനില്ക്കാൻ പോകുന്നുള്ളുവെന്ന് തിരിച്ചറിഞ്ഞിരുന്നു.

പശ്ചിമോദയം ഉൾപ്പെടെയുള്ള രണ്ട് പത്രങ്ങളുടെ നിർമിതിക്കായി മലയാള ഭാഷയിലും പദസമ്പത്തിലും ഊന്നൽ നല്കിയിരുന്ന ഡോക്ടർ ഗുണ്ടർട്ട് നിഘണ്ടുവിന് ആവശ്യമുള്ള പദങ്ങൾ ശേഖരിക്കുവാൻ രണ്ട് മാർഗങ്ങളാണ് സ്വീകരിച്ചിരുന്നത്. അതിൽ ഒന്നാമത്തേത് താളിയോലകൾ, ചെപ്പേടുകൾ, ശിലാശാസനങ്ങൾ, സർക്കാർ രേഖകൾ എന്നിങ്ങനെ രേഖപ്പെടുത്തപ്പെട്ട വയെല്ലാം ഗ്രന്ഥങ്ങളുൾപ്പെടെ പരിശോധിക്കുക എന്നത് ആയിരുന്നു. അവയിൽ നിന്നു വിപുലമായ ഒരു പദ സഞ്ചയം തന്നെ ഗുണ്ടർട്ടിന് ലഭിച്ചു. നിഘണ്ടു നിർമാണത്തിനായി ഈ വിധം ഗുണ്ടർട്ട് പരിശോധിച്ച ഗ്രന്ഥങ്ങളുടെ പട്ടിക നോക്കുമ്പോൾ അവയിലുൾപ്പെടുത്തപ്പെട്ട ഗ്രന്ഥങ്ങളിൽ പലതിന്റെയും പകർപ്പുകൾ പൊതുസമൂഹം കാണുന്നത് വളരെ വർഷങ്ങൾക്കു ശേഷമാണെന്നു മനസ്സിലാക്കാം. ഏറ്റവും നല്ല ഉദാഹരണം കണക്കുസാരം പശ്ചിമോദയം, രാജ്യസമാചാരം എന്നീ പ്രസിദ്ധീകരണങ്ങളിൽ മലയാള ഭാഷയിൽ പില്ക്കാലത്ത് തലങ്ങും വിലങ്ങും പ്രയോഗിച്ചിട്ടുള്ള നിരവധി പദങ്ങൾ ഉപയോഗിച്ചിരിക്കുന്നതും കാണാം. പദസംഭരണത്തിന് ഗുണ്ടർട്ട് അവലംബിച്ച അടുത്ത മാർഗം ബഹുജനസമ്പർക്കത്തിലൂടെയുള്ള പദശേഖരണമാണ്. വിവിധ മതവിഭാഗങ്ങൾ, ജാതി വിഭാഗങ്ങൾ, തൊഴിൽ വിഭാഗങ്ങൾ എന്നിവർക്കൊപ്പം നിരന്തരം ഇടപഴകി അവർ മതപരമായും ജാതീയപരമായും തൊഴിൽപരമായും ഉപയോഗിക്കുന്ന പദങ്ങൾ ഉൾപ്പെടെയുള്ളവ ശേഖരിച്ച് തന്റെ പദസമ്പത്ത് വർധിപ്പിക്കുകയും അവ നിഘണ്ടുവിൽ ഉപയോഗിക്കുകയും ചെയ്തു. കൂടാതെ മലയാളഭാഷയിൽത്തന്നെ തിരുവിതാംകൂർ, കൊച്ചി, മലബാർ, പാലക്കാട്, മലപ്പുറം, ഏറനാട്, ഉത്തരമലബാർ എന്നിങ്ങനെയുള്ള പ്രദേശങ്ങളിൽ പ്രത്യേകമായി ഉപയോഗിക്കാറുള്ള പദങ്ങളും പ്രയോഗങ്ങളും നിഘണ്ടുവിൽ രേഖപ്പെടുത്തിയിരിക്കുന്നു. ഇങ്ങനെ ആർക്കും ആദരവു തോന്നും വിധമുള്ള കഠിനയത്നമാണ് നിഘണ്ടു നിർമാണത്തിനായി ഡോക്ടർ ഗുണ്ടർട്ട് നടത്തിയിട്ടുള്ളത്.

പദങ്ങൾക്ക് നിഘണ്ടുവിൽ അർഥം നല്കുമ്പോൾ ഗുണ്ടർട്ട് കാട്ടിയിരിക്കുന്ന ഔചിത്യവും ശാസ്ത്രീയതയും ശ്രദ്ധേയമാണ്. ആദ്യം മലയാളലിപിയിൽ പദം നല്കിയിട്ട് സാങ്കേതികരീതിയിൽ റോമൻ ലിപിയിൽ അതിന്റെ ഉച്ചാരണം കൊടുത്തിരിക്കുന്നു. തുടർന്ന് ഇംഗ്ലീഷിൽ അർഥവും ഓരോ പദത്തിന്റെയും മൂലധാതുവും ആഗമവും രേഖപ്പെടുത്തുന്നു. അതിനുശേഷം ഇതരഭാഷകളിലുള്ള സമാനപദസൂചന, പ്രാചീനാർഥം, അനന്തരപരിണാമങ്ങൾ, ആലങ്കാരികവും സ്വതന്ത്ര്യവുമായ അർഥഭേദങ്ങൾ, എന്നിവ സയുക്തികമായ ക്രമത്തിൽ നല്കിയിട്ട് അർത്ഥസ്പുടീകരണത്തിലേക്കു പോകുന്നു. അതിനായി വിശ്വാസ്യമായ കൃതികളിൽ നിന്ന് അതാത് അർഥത്തിലുള്ള ഉദ്ധരണികൾ, പാരമ്പര്യ സൂചനകൾ, പ്രയോഗങ്ങൾ, ശൈലികൾ, പഴഞ്ചൊല്ലുകൾ, ഓരോ പദത്തിൽനിന്നും രൂപപ്പെട്ടുവന്നിട്ടുള്ള പദങ്ങളും നിർദ്ദിഷ്ടപദം പൂർവമായി വരുന്ന സമസ്തപദങ്ങളും അക്ഷരമാലാക്രമത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു.ഇങ്ങനെ എല്ലാതരത്തിലും വിപുലവും സൂക്ഷ്മവും ശാസ്ത്രീയവുമായ ഒരു മലയാളം ഇംഗ്ലീഷ് നിഘണ്ടു, മലയാളഭാഷാ സാഹിത്യത്തിനുള്ള ഏറ്റവും മികച്ച സംഭാവനയായി ഗുണ്ടർട്ടിൽനിന്നു ലഭിച്ചു എന്നു തീർച്ചപ്പെടുത്താം.

ഡോക്ടർ ഹെർമ്മൻ ഗുണ്ടർട്ട് 1873–ൽ നിഘണ്ടു നിർമാണവുമായി ബന്ധപ്പെട്ട് ഒരു സ്നേഹിതന് അയച്ച കത്തിലെ വാചകങ്ങൾ ത്യാഗപൂർണമായ ആ പ്രവർത്തനത്തെ വെളിപ്പെടുത്തുന്നുണ്ട്. നിഘണ്ടു പൂർത്തിയാക്കിയതിൽ നിങ്ങൾ എന്നെ അഭിനന്ദിച്ചിരിക്കുന്നു വല്ലോ. ആ നിഘണ്ടുവിനെപ്പറ്റി ഏറ്റവും



Early Kerala Christian baptism By Missionaruies

സന്തോഷകരമായ കാര്യം അതിന്റെ പ്രധാനപ്പെട്ട ഭാഗങ്ങളൊന്നും നഷ്ടപ്പെട്ടു പോയില്ല എന്നതാണ്. ഒരു കാലത്ത് എവിടെ നോക്കിയാലും ബുദ്ധിമുട്ടേ ഉണ്ടായിരുന്നുള്ളൂ. ഒരിക്കൽ പുസ്തകത്തിന്റെ പത്തിൽ ഒരംശം നഷ്ടപ്പെട്ടു. വേറൊരിക്കൽ ചില ഭാഗം ചിതൽ തിന്നു. മറ്റൊരിക്കൽ കുറെ ഭാഗം എലികൾ നശിപ്പിച്ചു. പക്ഷേ അവയിൽ ചില കടലാസ്സുകളെല്ലാം ഒട്ടിച്ചെടുത്തു. വേറൊരിക്കൽ നിഘണ്ടുവിന്റെ ചില ഭാഗങ്ങൾ അടുക്കിയ ഒരു പെട്ടി പല ആഴ്ചകളോളം ഇറ്റലിയിലെ ഒരു റെയിൽവേ സ്റ്റേഷനിൽ കുടുങ്ങിപ്പോയി. കോഴിക്കോട്ടെ ഫ്രിറ്റ്സ്, നിഘണ്ടുവിന്റെ ഭാഗങ്ങൾ അടങ്ങിയ ഒരു പെട്ടി തീവണ്ടി ആപ്പീസിലേക്ക് ഒരാൾവശം അയച്ചു. അയാളെപ്പറ്റിയോ പെട്ടിയെപ്പറ്റിയോ യാതൊരു വിവരവും പിന്നീട് ഉണ്ടായിട്ടില്ല. പൊയ്പ്പോയ ആ ഭാഗങ്ങൾ വീണ്ടും എഴുതുവാൻ ഞാൻ വളരെ വിഷമിച്ചു. ദൈവം എന്നെ സഹായിച്ചിരുന്നില്ലെങ്കിൽ നിഘണ്ടുവിന്റെ പ്രവൃത്തി തന്നെ നിഷ്ഫലമായിപ്പോയേനെ. ഓരോ പെട്ടി അയക്കുമ്പോഴും ഞാൻ ദൈവത്തോടു പ്രാർഥിച്ചിട്ടാണ് അയച്ചത്. അനേകം പ്രയാസങ്ങൾ ഉണ്ടായിരുന്നു. മംഗലാപുരത്തെ എന്റെ സുഹൃത്ത് സ്റ്റോൾസിന്റെ കഠിനാധ്വാനത്തിന്റെ ഫലമായി മിക്ക പ്രയാസങ്ങളും തരണം ചെയ്യാൻ കഴിഞ്ഞു. അയാളോട് എനിക്ക് അതിരറ്റ ബഹുമാനമുണ്ട്. അച്ചടി സമയത്ത് പ്രൂഫുകളെല്ലാം ശരിയായി ത്തന്നെ കിട്ടിവന്നു. മുപ്പതുകൊല്ലം പിന്നോട്ടു തിരിഞ്ഞുനോക്കുമ്പോൾ ഞാൻ പുസ്തകം തുടങ്ങുന്ന കാലത്ത് ഊഹിക്കപോലും ചെയ്യാത്ത പല പ്രയാസങ്ങളും ഉണ്ടായി. ഞാൻ 1859-ൽ ഇന്ത്യ വിടുമ്പോൾ ബോംബെയിൽ വച്ച് 50 കൊല്ലം മുമ്പു ശേഖരിച്ച പല പുസ്തകങ്ങളും കടലാസുകളും അടങ്ങിയ ഒരു പെട്ടി ഒരു മിഷണറി എനിക്കു സമ്മാനിച്ചു. നിഘണ്ടു നിർമാണത്തിൽ ആ പുസ്തകങ്ങളും കടലാസുകളും അൽപ്പമൊന്നുമല്ല എന്നെ സഹായിച്ചത് (From a paper sent by Dr. Valentina Stache, Bangalore)

കേരളത്തിലേക്കെത്തിയ വിദേശ മിഷണറിമാർ മതപ്രചരണങ്ങൾക്കും ആശയ വിനിമയത്തിനുമായി ഉപയോഗിച്ച മലയാള ഗദ്യഭാഷയെ മാത്രമല്ല, മിഷണറി ഗദ്യം എന്നതുകൊണ്ടു ഇവിടെ വിവക്ഷിക്കുന്നത്. വിദേശമിഷണറിമാരുടെ മലയാള ഗദ്യ ഭാഷാപ്രയോഗത്തിന്റെ ചുവടുപിടിച്ചുകൊണ്ട് മലയാളികളായ ക്രൈസ്തവ പുരോഗിതന്മാരും മറ്റുള്ള തദ്ദേശീയരായ നാട്ടുകാരും പ്രയോഗത്തിൽ വരുത്തിയ മലയാള ഗദ്യവും കൂടി ഉൾപ്പെടുന്നതാണ് അത്. എ.ഡി 17, 18 നൂറ്റാണ്ടുകളിൽ ഇങ്ങനെ രൂപപ്പെട്ട മിഷണറി ഗദ്യത്തെ ഒന്നാം ഘട്ടമെന്നും 19-ാം നൂറ്റാണ്ടിലെ ഗദ്യ സംഭാവനകളെ രണ്ടാംഘട്ടമെന്നും തിരിച്ചാണ് ഈ രംഗത്തെ ഗവേഷകർ പഠനം നടത്തിയിട്ടുള്ളത്. ഒന്നാം ഘട്ടത്തിൽ കത്തോലിക്കാമിഷണറിമാരും രണ്ടം ഘട്ടത്തിൽ ഏറക്കുറെ പ്രൊട്ടസ്റ്റന്റ് വിഭാഗക്കാരുമാണ് ഈ മേഖലയിൽ കാര്യമായി സംഭാവന നൽകിയിട്ടുള്ളത്

പാശ്ചാത്യഭാഷാസമ്പർക്കത്തിനുശേഷം മലയാളത്തിൽ രൂപം കൊണ്ട് നവീന ഗദ്യ ലിഖിത ഭാഷയുടെ ആദ്യ മാതൃകകളാണ് ഉദയംപേരൂർ സുന്നഹദോസിന്റെ കാനോനകൾ എന്നു കാണാം, വിദേശ ഭാഷാ സ്വാധീനം പ്രകടമാകുന്ന ശൈലിയും വാക്യഘടനയുമുണ്ടെങ്കിലും പരിമിതികളെല്ലാം ഒഴിവാക്കിയെടുത്താൽ ഈ ഗദ്യ മാതൃക ആധുനികമലയാളത്തിനൊടടുത്തു നില്ക്കുന്നുണ്ടെന്ന് മനസ്സിലാക്കാം. ഒരു ഭാഗം ശ്രദ്ധിക്കാം. *''കാവ്യരുടെ ഇടയിൽ മാർതൊമ്മാനസ്രാണികൾ ഇരിക്കുന്നതിനെക്കൊണ്ടു കാവ്യരു വിശ്വസിക്കുന്നതിൽ ചിലതു നസ്രാണികളിലും ചിലരു വിശ്വസിക്കുന്നു എന്നു ശുദ്ധമാന സുനാദൊസ് അറിഞ്ഞതിനെക്കൊണ്ട ഇതറിയിക്കുന്നു. മറുപിറവിയുണ്ടെന്നു വിശ്വസിക്കുന്നതു പട്ടാങ്ങയുടെ വിശ്വാസത്തിനു എടത്തുടാകുന്നത്. അതെന്ത്വെ മെലെഴുത്തുപെട്ടപൊലെ ഒടലീന്നു ആത്മാവ് പുറപ്പെടുമ്പൊഴെ ആകാശമൊക്ഷത്തിൽ താൻ പാതാളങ്ങളിൽ താൻ ഇറങ്ങി വിധിയുടെ ദിവസത്തിലെ ഓരൊരൊ ആത്മാവുകൾ തന്റെ ഉടലിനു ചെരും എന്നത്രെ തമ്പുരാന്റെ അരുളുപ്പാടും വിശെഷിച്ചു ഈ ലൊകത്തിൽ മാനുഷര ചെയ്യുന്ന ഗുണവും ദൊഷവും ശെഷം എല്ലാം തങ്ങളുടെ മനസ്സാൽ അല്ലാ ചെയ്യുന്നതു. പിന്നെ തലയൊട്ടിലെ എഴുത്തും വിധിയും അത്രെ എന്നു ചൊല്ലുന്നതും ഒൺമയാകുന്ന വിശ്വാസത്തിനുമറുത്ത അത്രയാകുന്നു.''*

ഇതു രചിക്കുന്ന കാലത്ത് മലയാളത്തിൽ മാത്രമല്ല ഭാരതത്തിലെ മറ്റൊരു ഭാഷയിലും ശരിയായ ഗദ്യകൃതികൾ ഉണ്ടായിരുന്നില്ലെന്നതും ചരിത്രം. ബംഗാളിഭാഷയിൽതന്നെ 1820-ൽ മാത്രമാണ് ഡെയൻ പാതിരിമാർ രചിച്ച ആദ്യ ഭാഷാഗദ്യം രൂപപ്പെടുന്നത്. അപ്പോൾ ബംഗാളിഭാഷയേക്കാൾ വളരെക്കാലം മുമ്പുതന്നെ ഗദ്യ മാതൃകകൾ മലയാളം നേടിയെടുത്തുവെന്നു വേണം കരുതാൻ. ഇതൊരു ശ്രദ്ധേയമായ തിരിച്ചറിയലുമാണ്. തുടർന്ന് മറ്റു ചില ഗദ്യമാതൃകകളും മലയാളത്തിലുണ്ടായി. എ.ഡി. 1606-ൽ

ബിഷപ്പ് റവറന്റ് റോസ്, എസ്.ജെ. രചിച്ച **'റോസിന്റെ നിയമാവലി'** എന്ന കൃതിയാണത്. ഇതിന്റെ കൈയെഴുത്തുപ്രതി ഇന്നും വത്തിക്കാൻ ലൈബ്രറിയിൽ സൂക്ഷിച്ചിട്ടുണ്ട്. അങ്കമാലിയിൽ 1603 ഡിസംബറിൽ ബിഷപ്പ് റോസ് ഒരു രൂപതാ സുന്നഹദോസ് വിളിച്ചു ചേർത്തു, അതിന്റെ തീരുമാനങ്ങൾ അംഗീകാരത്തിനായി റോമിലേ ക്കയച്ചു. എന്നാൽ കപ്പലിൽ വച്ച് അത് നഷ്ടമായി. അതിനാൽ അദ്ദേഹം മറ്റൊന്ന് എഴുതിയുണ്ടാക്കി. 1606-ൽ എഴുതിയ ഈ പകർപ്പാണ് ഇന്നു നമുക്ക് ലഭ്യമായിട്ടുള്ളതും റോമിൽ സൂക്ഷിച്ചിട്ടുള്ളതുമായ രണ്ടാം മലയാളം ഗദ്യമാതൃകയായ 'ബിഷപ്പ് റോസിന്റെ നിയമാവലി.' ''എന്നാൽ കുഞ്ഞിന്ന സംകുടം പാരം എംകിൽ വീട്ടിൽത്തന്നെ കാതൽ ആകുന്ന വചനങ്ങൾ ചൊല്ലി അതിന്റെ തലമെൽ വെള്ളം വീത്തി ക്കൊണ്ട പട്ടക്കാരൻ മുക്കിയെടുക്കണം.'' എന്നിങ്ങനെ പോകുന്ന നിയമാവലി മലയാള ഗദ്യത്തിന്റെ ആദ്യകാല സ്വഭാവം വ്യക്തമാക്കുന്നു.

ആലങ്ങാട്ടു വച്ച് രചിക്കപ്പെട്ട 1768-ലെ **'വേദതർക്കം'** എന്ന കൃതിയുടെ ഗ്രന്ഥകാരൻ കരിയാറ്റിൽ യൗസേപ്പു കത്തനാർ (1742-1786) ആണെന്നു കരുതുന്നു. ലഭ്യമായിട്ടുള്ള മൂന്നാമത്തെ മലയാളഗദ്യമാതൃക പാശ്ചാത്യ ഗദ്യരചനാ രീതിയാണ് അവലബിച്ചിട്ടുള്ളത്. സുറിയാനി പദങ്ങളും പാശ്ചാത്യഘടനയും പ്രയോഗത്തിലെ ക്ലിഷ്ടതയും മറ്റും ഒഴിച്ചാൽ ഇതും മികച്ച ഗദ്യമെന്നു മനസ്സിലാകും. ''*സത്യവും അസത്യവും പട്ടാങ്ങയും വെളുമ്പവും രണ്ടും ഒന്നായാൻന്റ് നിങ്ങടെ വെദവും ഞങ്ങടെ വെദവും ഒരു വെദമെന്റ് വരൂ. നിങ്ങടെ വെദം നന്നു എന്റെ വരുത്തുവാൻ ഞങ്ങടെ വെദം നല്ലത് എന്റ് നിങ്ങൾ പറയുന്നു. എങ്കിൽ അതു പട്ടാങ്ങ ആകുന്നു. എന്റാലും നിങ്ങൾ പുത്തൻ കുറ്റുകാരുടെ വെദം സത്യവേദവും നല്ലതും അല്ലാ പിന്നെയൊ എടത്തൂറ റെ ആകുന്നു എന്റ് ഞങ്ങൾ പഴകുറ്റക്കാർ നിറച്ചു പറകെയും ചെയ്യും.*'' എന്നു തുടങ്ങുന്ന കൃതി വേദതർക്കത്തിലേക്കു തന്നെയാണു പ്രവേശിക്കുന്നത്. ഇതര വിശ്വാസങ്ങളിൽ നിന്നു ക്രൈസ്തവ വിശ്വാസം എങ്ങനെ വേറിട്ടു നില്ക്കുന്നുവെന്നും മികച്ചു നില്ക്കുന്നുവെന്നും സ്ഥാപിക്കുകയാണ് ഗ്രന്ഥകാരന്റെ ലക്ഷ്യം.

''വളരെ പ്രശസ്തമായ 1772-ലെ **'സംക്ഷപവേദാർഥമാണ്'** അടുത്ത ആദ്യകാല ഗദ്യമാതൃക ക്ലമന്റ് പിയാനിയുസ് എന്ന പീദ്മോണ്ട് സ്വദേശിയായ വിദേശമിഷണറി രചിച്ച ഈ ഗ്രന്ഥമാണ് മലയാളത്തിൽ അച്ചടിക്കപ്പെട്ട ആദ്യകൃതി. വ്യവഹാര ഭാഷയുടെ സാഹിത്യരൂപമാണ് മലയാള ഗദ്യത്തിൽ ഈ കൃതിയിലുടനീളം കണ്ടെത്താനാവുന്നത്. സംഭാഷണ ശൈലിക്കു പ്രാധാന്യം കൊടുത്തിട്ടുള്ള സംക്ഷേപവേദാർഥത്തിലെ ഗദ്യമാതൃകയിലേക്ക്-

*ഗുരു : നിന്നെ സൃഷ്ടിച്ചതാര്*

*ശിഷ്യൻ : ഉടയ തംപുരാൻ എന്നെ സൃഷ്ടിച്ചു.*

*ഗുരു: തംപുരാൻ എന്തിന്ന നിന്നെ സൃഷ്ടിച്ചു.*

*ശിഷ്യൻ : തന്നെ അറിഞ്ഞ സ്നേഹിച്ച തന്റെ ശുദ്ധമാനമാർഗം കൊണ്ടു തന്റെ ചിറ്റാഴ്മക്കിരിപ്പാൻ യെന്നതിന്ന തംപുരാൻ എന്നെ സൃഷ്ടിച്ചു*

*ഗുരു: തന്നെ സ്നേഹിച്ച സെവിക്കുന്നവർക്കു എന്തു സമ്മാനം തംപുരാൻ കല്പിച്ചു*

*ശിഷ്യൻ: എന്നെന്നെക്കമുള്ള ആകാശത്തിലെ മൊക്ഷം*

*ഗുരു: ആകാശമൊക്ഷത്തിൽ എന്തെല്ലാം സ്വൈര്യമുള്ള*


*ശിഷ്യൻ: മൊക്ഷവാസികൾ ഉടയതംപുരാനെ കണ്ട തിരത്തു ഒന്നും കൂടാതെ ഗുണങ്ങൾ ഒക്കെയും രസിച്ച എന്നെന്നെക്കുമായി സൈര്യപ്പെടും*

*ഗുരു: ഇഹലൊകത്തിംഗൽ ഇരിക്കുന്നെരത്തെ തംപുരാനെ സ്നേഹിക്കാത്തവർക്കും തന്റെ ചിറ്റാക്കിരിക്കത്തവർക്കും എന്തൊരു ശിക്ഷ തംപുരാൻ കല്പിച്ചു.*

*ശിഷ്യൻ : എന്നന്നേക്കുമുള്ള നരകം*

മലയാള ഭാഷാഗദ്യം അന്തസ്സുറ്റതും സാഹിത്യ സംബന്ധിയുമായി വളരുന്നത് സംക്ഷേപവേദാർഥത്തിലൂടെ നമുക്കു മനസ്സിലാക്കാൻ കഴിയുമ്പോൾ ഈ കൃതി ചരിത്രത്തിലെ നാഴികക്കല്ലായി മാറുന്നു.

ഗ്രന്ഥകാരൻ ആരെന്നു നിശ്ചയമില്ലാത്ത **''ജ്ഞാനമുത്തുമാല''** യാണ് അടുത്ത കൃതി. സുറിയാനിക്കത്തനാർമാർ ആരോ ആണ് ഈ കൃതിയുടെ രചയിതാവെന്ന് കരുതുന്നു. ഗ്രന്ഥത്തിന്റെ ഉള്ളടക്കം, ശൈലി, ഭാഷാപ്രയോഗം പദങ്ങൾ എന്നിങ്ങനെ വിശദമായ വിലയിരുത്തൽ നടത്തി നിഗമനത്തിലെത്തുമ്പോൾ ജ്ഞാനമുത്തുമാലയിലെ സാഹിത്യഭാഷ പതിനെട്ടാം നൂറ്റാണ്ടിലെ വ്യവഹാര ഭാഷയാണെന്നു വരുന്നു. ഇന്നുപയോഗിക്കുന്ന നാമ ക്രിയാരൂപങ്ങളുടെ പ്രകൃതി കാണുന്ന ഈ ഗ്രന്ഥത്തിൽ ആധുനികഗദ്യത്തിലെ സംസ്കൃതതത്ത്വങ്ങളും ഉണ്ട്. ആധുനിക ഗദ്യവാക്യക്രമം ദീക്ഷിച്ചുകൊണ്ട് സർവനാമങ്ങൾക്കും സംഖ്യാനാമങ്ങൾക്കും കാലപ്രത്യയങ്ങൾക്കും മാറ്റമില്ലാതെ



Traditional Kerala Christian Family



Old Thomas Christian bridegroom & bride

മികച്ച ഗദ്യമാതൃകയായി മലയാള ഭാഷയെ സമ്പന്നമാക്കുവാൻ ഈ കൃതിയിലൂടെ കഴിഞ്ഞിട്ടുണ്ട് സുറിയാനി ക്രൈസ്തവർ മതഗ്രന്ഥങ്ങളിൽ ഉപയോഗിച്ചു വരുന്ന പദങ്ങൾ സമൃദ്ധമായി കാണുന്ന കൃതി ശ്രദ്ധിക്കാം- മരണസമയത്തിൽ അതിന്നടുത്ത ആസ്തപ്പാടു കൂട്ടേണ്ടുന്ന കാലമല്ല ചില വിശ്വാസക്കാരൻ ദോഷമെന്ന ഉറക്കത്തിൽ അകപ്പെട്ടു വലിയ മോശമായി പോകുന്നു. അതെന്തെന്നാൽ ഇപ്പോൾ തപസ്സും പുണ്യങ്ങളും ചെയ്ത ധർമവഴി നടക്കാതെയും നല്ല മരണത്തിനു ആനപ്പാടു കൂട്ടി തുനിഞ്ഞു പുറപ്പെടാതെയും ഇനിമേൽ മരണസമയത്തിൽ വേണ്ടുന്ന ആസ്തപ്പാടു കൂട്ടിക്കൊള്ളാമെന്നു വിചാരിച്ചു.

കാലനിർണയത്തിന്റെ കാര്യത്തിൽ നിരൂപകർക്കിടയിൽ അഭിപ്രായ വ്യത്യാസം നിലനില്ക്കുമ്പോൾ 1785–ൽ എഴുതപ്പെട്ടുവെന്നു കരുതുന്ന **വർത്തമാന പുസ്തകം** മലയാള ഗദ്യത്തിന്റെ വളർച്ചയിൽ എടുത്തു പറയാവുന്ന ഒരു കൃതിയാണ്. കരിയാറ്റിൻ യൗസേഫ് കത്തനാരുടെ സമകാലികനായിരുന്ന പാറേമ്മാക്കൽ തോമാക്കത്തനാരാണ് (1936–1799) വർത്തമാനപുസ്തകത്തിന്റെ രചയിതാവ്, തദ്ദേശീയരായ ക്രൈസ്തവരുടെ സങ്കടങ്ങൾ പരിഹരിക്കുന്നതിന് റോമിൽ പോയി മാർപ്പാപ്പയെ കാണാൻ ഇവരിരുവരും നടത്തിയ യാത്രയുടെ വിവരണമാണ് വർത്തമാന പുസ്തകം. ഈ നിലയിൽ ഇത് ഭാഷയിലെ പ്രഥമ യാത്രാവിവരണ ഗ്രന്ഥവുമാണ്. വഴിയിൽവച്ചു നേരിട്ട ദുരന്തങ്ങൾ, ആഫ്രിക്ക, അമേരിക്ക, യൂറോപ്പ് എന്നീ ഭൂഖണ്ഡങ്ങളിലെ കാഴ്ചകൾ എന്നിവയൊക്കെ വർണിച്ചിരിക്കുന്ന കൃതി ഗ്രന്ഥകാരന്റെ ചൈതന്യം പ്രതിഫലിപ്പിക്കുന്ന ശൈലി പ്രകടിപ്പിച്ച മലയാളത്തിലെ പ്രഥമ കൃതിമാണ്. പതിനെട്ടാം നൂറ്റാണ്ടിന്റെ അന്ത്യപാദങ്ങളിലെ മലയാള ഗദ്യത്തിന്റെ നേർ ചിത്രമാണ് വർത്തമാന പുസ്തകം നല്കുന്നത്. ഇനി ഗ്രന്ഥത്തിലെ ഒരു ഭാഗത്തേക്ക് ''ജാതിക്കു തലവൻ ആ ജാതിയിൽ ത്തന്നെ ഉണ്ടായിരിക്കുന്നതിനാൽ ആ ജാതിക്കു ബലവും കരുത്തും ഏറ്റം ഉണ്ടാകുമത്രെ എന്നുള്ള പട്ടാങ്ങം നമുക്കു തന്നെയില്ല. പിന്നെയോ എല്ലാ ജാതിക്കും പ്രസിദ്ധമായിരിക്കുന്ന കാര്യവും വർഗന്യായത്താൽ തന്നെ കല്പിക്കപ്പെട്ടിരിക്കുന്ന വസ്തുതയുമാത്രയാകുന്നു എന്നതുകൊണ്ട് എറോപ്പായിലുള്ള ജാതികൾ അതായതു ഇത്താലിയാക്കാരും ഇൻഗ്ലേശന്മാരും പറങ്കികളും മറ്റുശേഷമുള്ള ജാതിക്കാരും തങ്ങൾ തങ്ങൾക്കു നാടുവാഴികളെയും വേദവഴികളെയും തങ്ങളുടെ ജാതിയിൽ ത്തന്നെ തിരഞ്ഞെടുക്കുമാറാകുന്നു. എന്നു തന്നെയല്ല പിന്നെയോ തുർക്കിന്റെ അടിമയിൽ പാടുപെട്ടു കിടക്കുന്ന നസ്രാണികൾ പലപല ജാതികൾ അതായതു യൗനായാക്കാരും അർമ്മാന്യക്കാരും സുറിയാനിക്കാരും ശേഷമുള്ളവരും തങ്ങൾ തങ്ങളുടെ ജാതിയജമാനന്മാരെയും വേദവാഴികളെയും തങ്ങളുടെ ജാതിയിൽ നിന്നു തന്നെ കല്പിക്കയും ചെയ്യുന്നു. ഇതൊക്കെയും തങ്ങളുടെ ഈ നാട്ടിൽ സൂക്ഷിച്ചു കണ്ടാൽ പഴയകൂറ്റുകാരരു ഒഴികെ ശേഷ ജാതികളൊക്കെയും ബ്രാഹ്മണജാതിതൊട്ടുപുലയജാതിയോളം ഓരോരോ ജാതിക്കുള്ള തലവരും വേദവാഴികളും തങ്ങൾക്കു തങ്ങളുടെ ജാതിയിൽ നിന്നായിരിക്കയും ആയതുകൊണ്ട് തങ്ങളുടെ ജാതി ഒക്കെയും ബന്ധിക്കുന്ന വാശ്ശക്കാര്യം ഉണ്ടാകുവാൻ ജാതിതലവരും സഹായിക്കുന്നവരും എന്നപോലെ എല്ലാവരേക്കാലിലും മുമ്പിൽ തങ്ങൾ പുറപ്പെടുമാറായിരിക്കയും ചെയ്യുന്നു...

ഒന്നാംഘട്ടത്തിലെ ഗദ്യമാതൃകകളാണ് മുകളിൽ പരാമർശിച്ചത്. ഇവയിൽ രണ്ടെണ്ണം മാത്രമാണ് വിദേശമിഷണറിമാരുടേതായിട്ടുള്ളത്. മറ്റ് നാലെണ്ണവും തന്നാട്ടുകാരായ ക്രൈസ്തവമിഷണറിമാരുടെ തനതു സംഭാവനകളായ കൃതികളാണെന്നു കാണാം. ഇനി രണ്ടാംഘട്ടത്തിലേക്കു കടക്കുമ്പോൾ ലഭ്യമാകുന്ന ഗദ്യകൃതികൾ മലയാളത്തിലെ ആധുനിക ഗദ്യകൃതികൾ എന്ന വിശേഷണത്തിന് സർവധാ യോഗ്യമാകുന്നവയാണെന്നു കാണാം. അവയിൽ ഏറ്റവും പ്രധാന പരിഗണന നല്കേണ്ടത് ഹെർമ്മൻ ഗുണ്ടർട്ടിന്റെ (1814–1893) കൃതികൾക്കു തന്നെയാണ്. 1846–ൽ മംഗലാപുരത്തു കല്ലച്ചിൽ അച്ചടിച്ചിറക്കിയ ഗുണ്ടർട്ടിന്റെ **പഴഞ്ചൊൽ മാല**യാണ് ആദ്യത്തേത്.

രാജ്യസമാചാരം, പശ്ചിമോദയം എന്നീ ആദ്യ മലയാള പ്രസിദ്ധീകരണങ്ങളുടെ ചാലകശക്തിയായിരുന്ന ഗുണ്ടർട്ട് പണ്ഡിതൻ 1839 മുതൽ 1859 വരെ കേരളത്തിൽ വസിച്ചിരുന്ന കാലത്ത് തയാറാക്കിയ മലയാള ഗ്രന്ഥങ്ങളിൽ ഏറെ ശ്രദ്ധേയമാണ് പഴഞ്ചൊൽമാല. മലയാളവായനക്കാർക്ക് യാതൊരു ആമുഖവുമില്ലാതെ പ്രവേശിക്കാനാകുന്ന പഴഞ്ചൊൽ മാലയിലെ ഒരു ഭാഗം ഇവിടെ ഉദ്ധരിക്കുന്നു ''*ഭയം അറിയാത്ത പാപി ഇല്ല. തികഞ്ഞ സ്നേഹത്തിലത്രേ ഭയത്തിനിടമില്ല. ഒരുവൻ ദോഷം ചെയ്യാൻ പോകുമ്പോൾ പിശാച് അതേ അതേ എന്നു പറഞ്ഞു മോഹിപ്പിക്കും. ഗുണം ചെയ്യുവാൻ നോക്കും തോറും അത് അരുതേ നീ ദുഃഖിതനായിപ്പോകും എന്നു മന്ത്രിച്ചു പേടിപ്പിക്കും. ഇങ്ങനെ മനുഷ്യൻ എല്ലാവരും യേശു എന്ന രക്ഷിതാവും അവരെ കെട്ടഴിച്ചുദ്ധരിക്കുമ്പോൾ വരെയും മോഹത്തിനും ഭയത്തിനും ദാസരായി വലഞ്ഞു കിടക്കുന്നു. യേശുവിന്റെ സ്നേഹവും ശുദ്ധിയും അറിഞ്ഞാലോ ഇവനത്രേ എന്റെ രക്ഷയ്ക്കു യോഗ്യൻ എന്നും ഇവനെ*

*യല്ലാതെ ആരെയും ഭയപ്പെടുക യില്ലായെന്നും നിർണയിച്ചു തുടങ്ങും ദ്രോഹികളാകുന്ന എല്ലാ മനുഷ്യ ർക്കും വേണ്ടി പ്രാണങ്ങളെ ഉപേക്ഷിച്ച സ്നേഹിതൻ അവനത്രേ. അതിനാൽ മനുഷ്യമോചനത്തിനു പാത്രം പാപ വ്യാഘ്രം. കൊല്ലാക്കൊല ചെയ്തു വിടുന്നവരെ ജീവിപ്പാനും ശത്രുക്കളിൽ നിത്യമരണം വിധിച്ചു നടത്തുവാനും അവനു മാത്രം അധികാരമുണ്ടാക കൊണ്ട് അവനല്ലാതെ ഭയങ്കരൻ ആരുമില്ല.''*

ഇന്ത്യാചരിത്രം എന്ന ശീർഷകത്തിൽ 1860-ൽ പ്രസിദ്ധീകൃതമായ അയ്മനം ജോൺ രചിച്ച കൃതിയും 1861-ൽ പുറത്തുവന്ന ജോർജ് മാത്തന്റെ ''സത്യവാദഖേട''വും ആധുനിക മലയാള ഗദ്യമാതൃകകളായി പഠിക്കു കതന്നെ വേണം. ഇവയെ തുടർന്ന് 17 മുതൽ 19 വരെയുള്ള നൂറ്റാണ്ടു കളിലെ സമകാലിക ഗദ്യത്തിലേക്കു പ്രവേശി ക്കുന്നതിന് ഉത്തമമാതൃകയായി ഡോക്ടർ ഹെർമ്മൻ ഗുണ്ടർട്ടിൽ നിന്നു വീണ്ടും മറ്റൊരു കൃതി നമുക്കു ലഭിക്കുകയുണ്ടായി. കഥ പറയുന്ന രീതിയിൽ ശുദ്ധമായ മലയാള ഗദ്യത്തിൽ കേരളത്തിന്റെ ചരിത്രം രേഖപ്പെടുത്തിയ **''കേരളപ്പഴമ''** ഭാഷാ പോഷണത്തിൽ നിർണായക പങ്കു വഹിച്ചു. കേരളത്തിൽ പോർച്ചുഗീസു കാരുടെ വരവു മുതൽ ആരംഭിക്കുന്ന കേരളചരിത്രം പില്ക്കാല ചരിത്രനിർമിതികൾക്കെല്ലാം വളരെയേറെ സഹായകമാകുകയും ചെയ്തു.


പശ്ചിമോദയത്തിന്റെ 1847 ഒക്ടോബർ മാസത്തിൽ പുറത്തുവന്ന ആദ്യ ലക്കത്തിൽ ആരംഭിക്കും വിധം ഖണ്ഡ ശ്ശയായാണ് 'കേരളപ്പഴമ' മലയാളികൾ വായിച്ചെടുത്തത്. ഗദ്യരീതി മന സ്സിലാക്കുന്നതിനായി ഒരു ഭാഗം പരി ചയപ്പെടാം- ''അനന്തരം പെരിമ്പടപ്പു തങ്ങൾ എന്നെ രക്ഷിച്ചു പ്രതിക്രിയ ചെയ്തും ഇരിക്കുന്നു. ഞാൻ പ്രത്യുപ്ര കാരം എന്തു ചെയ്യേണ്ടു എന്നു ചൊദിച്ചാറെ പാണ്ടിശാലയുടെ രക്ഷയ്ക്കായി ഒരു കൊട്ട എടുപ്പിപ്പാൻ സ്ഥലം തരണം എന്നുണർത്തിച്ചാറെ രാജാവ് പുഴവായിൽതന്നെ ഒരു കുന്നും പണിക്കു വെണ്ടുന്ന മരങ്ങളും കൊടുത്തു-അൾബുകെർക്ക ഉടനെ സകല പൊർത്തുഗീസരെ കൊണ്ടു പണി എടുപ്പിച്ചു തെങ്ങ് മുതലായ മരങ്ങളെ ഇരുമ്പുപട്ടകൾ കൊണ്ടു ചെർത്തു ചുവരാക്കി നടുവിൽ കല്ലും മണ്ണും ഇട്ടുനികത്തി കൊട്ടയാക്കി ക്ഷണത്തിൽ തീർക്കയും ചെയ്തു.-ആ വെല കാണ്മാൻ രാജാവ് താൻ ചിലപ്പൊൾ വന്നു ഇവർ അന്യന്മാർ എങ്കിലും മഴയും വെയിലും സഹിച്ചു. അദ്ധ്വാനിക്കുന്നു കഷ്ടം-എന്തു കൂലിക്കാരെക്കൊണ്ടു ചെയ്യിക്കാതു എന്നു ചൊല്ലി അതിശയിച്ചു നൊക്കി നിന്നു-പറങ്കികൾ കൊട്ടയെ തീർത്ത പ്പോൾ മാനുവൽ കൊട്ട എന്നു പേരിട്ട വലിയ ക്രൂശെ പെരിങ്കുടക്കീഴിൽ എഴുന്നെള്ളിച്ചു പ്രദക്ഷിണം കഴിച്ചു കൊട്ടയുടെ നടുവിൽ ഉള്ള ബർ ത്തൊല്മ എന്ന മരപ്പള്ളിയിൽ പ്രവെശിച്ചപ്പോൾ സ്തൊൻ എന്ന ഫ്രഞ്ചിസ് കാനപാതിരി ഇന്നല്ലൊ നമ്മുടെ ദൈവത്തിനു ഹിന്ദു രാജ്യത്തിൽ വരുവാൻ ഒരു വാതിൽ തുറന്നു അതിനു നിത്യം സ്തുതിച്ചു അറിവില്ലാത്ത ജന്മികളൊടു യെശുവെ അറിയിക്കണം ഇത്രൊ ഓതുന്നതിന്ന പെരിമ്പടപ്പിന്റെ ഗുണവൃദ്ധിക്കായിട്ടും ഇവിടെ വെച്ചു നിത്യം പ്രാർഥിക്കെണം എന്നു പ്രസംഗിച്ചു - ആയത് എല്ലാം പെരിമ്പടപ്പു കണ്ടും കെട്ടും അർഥം ചൊദിച്ചറിഞ്ഞും സന്തൊഷിച്ചു ഇവ ഓരൊന്നും നല്ലതുതന്നെ എന്നു കല്പിക്കയും ചെയ്തു.''

അതിന്റെ ശേഷം മത്സരിച്ച നായന്മാരുമായി ഓരോ ചെറുയുദ്ധങ്ങൾ ഉണ്ടായപ്പാൾ സാമൂതിരി ആ പറങ്കി കൾക്ക് ഒരുവട്ടം മാത്രം മുളകു ചരക്കു കൊടുക്കാതെ വിട്ടയച്ചാൽ പിന്നെ ഇങ്ങോട്ടു വരികയില്ല എന്നു വെച്ചു കൊച്ചിക്കു ചുറ്റുമുള്ള എല്ലാ ദെശങ്ങളിൽ നിന്നും മുളകു താൻ വാങ്ങിയും മറ്റവർക്കു വില്ക്കാതെ ആക്കിയും പൊന്നതും അല്ലാതെ കൊച്ചി കച്ചവടക്കാരെയും വശത്താക്കി അവരും പറങ്കികളൊട് അയ്യൊ നിങ്ങളുടെ കിരാതയുദ്ധം നിമിത്തം മുളകു ഒട്ടും തരുന്നില്ല. ഞങ്ങൾ എന്ത് ചെയ്യണ്ടു എന്നു വ്യാജമായി ദുഃഖിച്ച് പറഞ്ഞാറെ സെനാപതിവരെക്ക് എന്ന വീരനെ തൊണികളോടു കൂട പുഴവഴിയായി അയച്ചു. ആയവൻ പല ദിക്കിലും കാട്ടി കമ്പളം എന്ന ദെശത്തിൽ ഇറങ്ങിയാറെ നായന്മാർ കൂവിട്ടുകൊണ്ടു എതിരു നിന്നും

മലയാളത്തിലെ പ്രഥമ ഗ്രന്ഥമെന്ന വിശേഷണമുള്ള സംക്ഷേപവേദാർഥ ത്തിന്റെ കർത്താവ് ക്ലമന്റ് പിയാനിയൂസ് (1714-1782) രചിച്ച വ്യാകരണ ഗ്രന്ഥത്തിന് **ആൽഫബെത്തും ഗ്രാണിക്കോ മലബാറിക്കും** (മലയാള അക്ഷരമാല) എന്നാണ് പേര്.

വന്നുകൂടി ചെറുത്തുനിന്നീട്ടും ശത്രുമധ്യത്തുടെ കടന്നു നാടുപാഴാക്കി ഒരോരോ ചരക്കുകളെ കൈക്കൽ ആക്കി എങ്കിലും ഒരു കപ്പൽ നിറപ്പാൻ മാത്രം ഉണ്ടായി വന്നില്ല. അതുകൊണ്ടു ആൽബുർക്കെർ കൊല്ലം നഗരത്തി ലെക്ക് ഓടി ഇറങ്ങി-ചരക്ക് അന്വേ ഷിക്കാൻ സംഗതി വന്നു- കണ്ണന്നൂർ കൊച്ചി ഈ രണ്ടു സ്ഥലങ്ങളെക്കാളും കൊല്ലത്തു കച്ചവടം അന്നു അധികം ശുഭമായി നടന്നു. ചൊഴമണ്ഡലം, സിംഹളം, വങ്കളം, മലാക്ക മുതലായ തിരങ്ങളിൽ നിന്നു കപ്പലും പടകം നിത്യം വരുവാറുണ്ട് അന്നു ഗൊവർധന രാജാവ് വെണാടു വാണുകൊണ്ടിരുന്നു- പാണ്ടി വരുവാറുണ്ടു - പാണ്ടി രാജ്യത്തിന്റെ തെക്കെ അംശം അവന്റെ സ്വാധീനത്തിൽ ആയി. അവിടെ കായൽ എന്ന പട്ടണത്തിൽ തമ്പുരാന്റെ വാസം ഉണ്ടു-രാജാവിന്റെ കീഴിൽ വില്ലുപ്രയൊ ഗിക്കുന്ന 300 സ്ത്രീകളുമടക്കം ചെയ്തി രിക്കുന്നുവെന്നും കേൾക്കുന്നു-''

തുടർച്ചയായി പ്രസിദ്ധീകരിച്ചു കൊണ്ടിരുന്ന '**കേരളപ്പഴമ**' ഭാഷാപ രമായ ഔന്നത്യം മാത്രമല്ല ചരിത്രപ




Van Rheede's Hortus Malabaricus, English Edition

രമായ പ്രാധാന്യവും വഹിച്ചിരുന്നു. അന്ന് നാട്ടിൽ പ്രചാരത്തിലുണ്ടായിരുന്ന വ്യവഹാരഭാഷ, സംശുദ്ധമാക്കി ഉപയോഗിച്ചുകൊണ്ടാണ് ഡോക്ടർ ഗുണ്ടർട്ട് കേരളപ്പഴമ രചിച്ച് വന്നത്. പില്ക്കാലത്ത് ഗ്രന്ഥരൂപത്തിൽ പ്രസിദ്ധീകരിക്കുമ്പോൾ കേരളത്തെ സംബന്ധിച്ച ഈടുറ്റ ഒരു ചരിത്രരേഖയായി ആ കൃതി പരിഗണിക്കപ്പെട്ടു. ചില പോരായ്മകൾ നിലനിന്നിരുന്നുവെങ്കിലും പശ്ചിമോദയം അവസാനലക്കമായ 1851 ആഗസ്റ്റിലെ ലക്കം വരെ എല്ലാമാസവും 'കേരളപ്പഴമ' തടസ്സം കൂടാതെ പ്രസിദ്ധീകരിച്ചുവന്നു. ഓരോ ലക്കം പരിശോധിക്കുമ്പോഴും ഭാഷാപരമായ പൂർണതയിലേക്കു വളരാനുള്ള ശ്രമം പ്രകടമാകുമ്പോൾ ഡോക്ടർ ഗുണ്ടർട്ട് എന്നും ഭാഷാപഠനത്തിൽ ശ്രദ്ധയൂന്നിയിരുന്നുവെന്ന് മനസ്സിലാകും. മാത്രവുമല്ല അദ്ദേഹത്തിന്റെ കൈവശം എത്തിച്ചേരുന്ന പുതിയ പദങ്ങൾ അതാതിടങ്ങളിൽ പ്രയോഗിക്കുവാനുള്ള ഔചിത്യവും ഓരോ ലക്കങ്ങളിലും കാട്ടിക്കൊണ്ടിരുന്നു. നിഘണ്ടു നിർമാണത്തിനായി അദ്ദേഹം നടത്തിയ നിരന്തര അന്വേഷണങ്ങൾ ഗുണ്ടർട്ടിന്റെ രചനകളിലുടനീളം സമൃദ്ധിയേകിക്കൊണ്ട് ജ്ഞാനസമ്പത്തായി എന്നും നിലകൊണ്ടു. ഇവിടെ |കേരളപ്പഴമ| എന്ന കൃതിയുടെ ഭാഷാപരമായ മികവിനെപ്പറ്റി മാത്രമേ ചർച്ച ചെയ്യാനാവസരം ഉള്ളു എന്നതിനാൽ പ്രസ്തുത കൃതിയുടെ ചരിത്രപരമായ പ്രത്യേകതകൾ തനതായി പഠനവിധേയമാക്കേണ്ടതുണ്ട്. മലയാളഭാഷയുടെ ഗദ്യസമ്പത്തു വർധിപ്പിച്ച ഒരു പിടി ഈടുറ്റ കൃതികളിൽ മുമ്പേ നടന്ന പ്രമുഖ കൃതിയായി ഡോക്ടർ ഹെർമൻ ഗുണ്ടർട്ട് രചിച്ച 'കേരളപ്പഴ'മയും നിലകൊള്ളുന്നുണ്ടെന്ന് നിസ്സംശയം രേഖപ്പെടുത്താം.

വ്യത്യസ്തമായ ഒരു മലയാള ഗദ്യമാതൃക അന്വേഷിക്കുമ്പോൾ കേരളോല്പത്തിയെന്ന ഗ്രന്ഥത്തെകൂടി കാണണം. സാഹിത്യചരിത്രം പ്രസ്ഥാനങ്ങളിലൂടെ| എന്ന ഗ്രന്ഥത്തിൽ ഭാഷാഗദ്യത്തെക്കുറിച്ച് രേഖപ്പെടുത്തുന്നിടത്ത് **'കേരളോല്പത്തി'**യെയും മിഷണറിഗദ്യത്തെയും താരതമ്യപ്പെടുത്തിക്കൊണ്ടുള്ള നിരീക്ഷണം ഇവിടെ പ്രസക്തമാകുന്നു. കേരളോല്പത്തിയിലെ ഗദ്യശൈലിയും പാതിരി മലയാളത്തിലെ രീതിയും തമ്മിൽ പദപ്രയോഗത്തിലും വാക്യഘടനയിലും വ്യാകരണ കാര്യങ്ങളിലും മറ്റും വ്യത്യാസം കാണുന്നില്ല. ഇനി നമുക്ക് പരാമർശിക്കപ്പെട്ട കൃതിയായ **'കേരളോൽപത്തി'**യുടെ ഗദ്യരീതികൂടി മനസ്സിലാക്കാം.

''64 ഗ്രാമക്കാരോടും പറഞ്ഞുകൊണ്ട് ദേവലോകത്തു ദേവേന്ദ്രന്റെ അടുക്കൽ ചെന്നാറെ പരശുരാമനെ ദേവേന്ദ്രൻ നമസ്കരിച്ചു ചോദിച്ച് ഇവിടെ എന്തൊരു കാര്യമായിട്ടു വന്നുവെന്നും ചോദിച്ചാറെ കേരളത്തിലുള്ള ബ്രാഹ്മണർക്ക് അംഗീകരിപ്പാൻ ദേവസ്ത്രീകളെ തരണമെന്നും ചോദിച്ചാറെ വാദ്യവും കൊട്ടുവാൻ ഒള്ള ആളുകളെയും കൊടുത്തു അതിന്റെ ശേഷം ഇന്ദ്രാണി നേന്ദ്ര വാഴവിത്തും നല്ല മുളകുവിത്തും വെള്ളരിവിത്തും കൊടുത്തു സ്ത്രീകളെയും വിത്തുകളെയും തൃശ്ശിവപേരൂർ കൊണ്ടുവന്നു ഭഗവാന്റെ സന്നിധിയിങ്കലാക്കി.''


ആദ്യകാലത്ത് മലയാളഭാഷ ആശ്രയിച്ചുകൊണ്ടിരുന്നത് സംസ്കൃതത്തെ ആയിരുന്നു. എന്നാൽ സംസ്കൃത ഭാഷയ്ക്ക് വ്യവസ്ഥിതമായ ഒരു ഗദ്യരീതി ഉണ്ടായിരുന്നില്ല. അതുകൊണ്ടു തന്നെ മലയാളഭാഷയും അക്കാര്യത്തിൽ പിന്നാക്കം പോകുകയുണ്ടായി. കേരളത്തിൽ പാശ്ചാത്യഭാഷകൾ പ്രത്യേകിച്ച് ഇംഗ്ലീഷ്ഭാഷ വശമാക്കിയവരാണ് -വിദേശികളോ തദ്ദേശീയരോ ആകട്ടെ ഒരു ഗദ്യശാഖ മലയാളത്തിൽ വികസിപ്പിച്ചെടുത്തത്. പാശ്ചാത്യഭാഷകൾക്കു വശഗമായിരുന്ന ഗദ്യരീതി അവലം ബിച്ച് അവർ ഇവിടെ തദ്ദേശീയമായ ഒരു ഗദ്യഭാഷ സൃഷ്ടിച്ചെടുക്കുകയായിരുന്നു. ഇങ്ങനെ രൂപപ്പെട്ട ഗദ്യശൈലിയിൽ പാശ്ചാത്യ ഗദ്യശൈലിയുടെ സ്വഭാവങ്ങൾ കലർന്നിരുന്നു. എങ്കിലും സാധാരണക്കാർക്കു മനസ്സിലാകുംവിധം രൂപപ്പെട്ട ആ ഗദ്യരീതിയിൽ അന്യഭാഷാപദങ്ങളും തെറ്റായ സംസ്കൃത പ്രയോഗങ്ങളും സുറിയാനി, ലത്തീൻ തുടങ്ങിയ ഭാഷകളുടെ സ്വാധീനവുമൊക്കെ കണ്ടെത്താം. ഇതുവഴി വ്യവഹാര ഭാഷയെ സാഹിത്യയോഗ്യമാക്കാൻ കഴിഞ്ഞില്ലെങ്കിലും അതിനെ ലിഖിത രൂപത്തിലേക്ക് ഉയർത്തുവാൻ പര്യാപ്തമായിരുന്നു. മിഷണറി ഗദ്യമെന്ന കാര്യത്തിൽ സംശയ മില്ല. സംക്ഷേപവേദാർഥത്തിലെ ഭാഷ സംഭാഷണ ശൈലിക്കു പ്രാധാന്യം കൊടുത്തു കൊണ്ട് മലയാള ഗദ്യത്തെ സാഹിത്യപരവും അന്തസ്സുറ്റതുമാക്കാൻ ശ്രമിച്ചുവെന്ന് എൽ.വി. രാമസ്വാമി അയ്യർ, ന്യൂ ഇന്ത്യൻ ആന്റികറിയിൽ നിരീക്ഷിക്കുന്നത് മിഷണറി മലയാള ഗദ്യത്തിന്റെ വികാസത്തെക്കുറിച്ചുള്ള മികച്ച വിലയിരുത്തലാണ്.

# മാർതോമാശ്ലീഹായുടെ രക്തസാക്ഷിത്വവും തൃശ്ശൂർ അതിരൂപതയുടെ ആത്മബോധവും



**മാർ ടോണി നീലങ്കാവിൽ**

മാർതോമാശ്ലീഹായുടെ രക്തസാക്ഷിത്വത്തിന്റെ 1950-ാം വാർഷികം ഒരു ആഘോഷത്തിൽ ഒതുക്കി നിറുത്താതെ ഒരു പഠനക്കളരിയാക്കി മാറ്റിയതിന്റെ നേർസാക്ഷ്യമാണ് ഈ സ്മരണിക. മാർതോമാശ്ലീഹായുടെ വിശ്വാസാനുഭവത്തിൽ അടിത്തറയിട്ട് ചരിത്രത്തിന്റെ ഗതിവിഗതികളിലൂടെ കെട്ടിപ്പടുക്കപ്പെടുന്ന സമുദായമെന്ന നിലയിൽ തൃശ്ശൂർ അതിരൂപതയിലെ ക്രൈസ്തവസമൂഹം ജീവിക്കുന്ന കത്തോലിക്കാ വിശ്വാസത്തിന്റെ പ്രാദേശിക അപ്പസ്തോലിക ഭാഷ്യമാണ് ഈ ഗ്രന്ഥത്തിന്റെ ഉള്ളടക്കം. അത് ഒരേ സമയം സമുദായത്തിന്റെ ആത്മസത്തയുടെ ആവിഷ്കാരവും പൊതുസമൂഹത്തിലുള്ള തങ്ങളുടെ വ്യതിരിക്തതയുടെ ആധികാരികമായ അവതരണവുമാണ്.




St Thomas, The Patron saint of Architecture - *Stained Glass*

മാർതോമ്മാശ്ലീഹായുടെ ജീവചരിത്രത്തിലേക്കും രക്തസാക്ഷിത്വത്തിലേക്കുമുള്ള അന്വേഷണയാത്ര ഭാരതത്തിലെ ക്രൈസ്തവസമൂഹത്തിന്റെ ഉത്ഭവത്തെക്കുറിച്ചുള്ള ചർച്ചയായി മാറുന്നു. രണ്ടായിരം വർഷങ്ങളായി തലമുറകളിൽ നിന്ന് തലമുറകളിലേക്ക് കണ്ണിമുറിയാതെ കൈമാറ്റം ചെയ്യപ്പെട്ട വിശ്വാസജീവിതം തന്നെയാണ് തോമ്മാപൈതൃകത്തിന്റെ ജീവനുള്ള സാക്ഷ്യം. മാർത്തോമ്മാ ക്രിസ്ത്യാനികളുടെ സമുദായവബോധത്തിന്റെ ഉറവിടം തോമ്മാശ്ലീഹായിലൂടെ വളർച്ചപ്രാപിച്ചുവരുന്ന സഭയെക്കുറിച്ചുള്ള ചരിത്രാവബോധമാണ്. 50 ലക്ഷത്തോളം വരുന്ന മാർത്തോമ്മാ ക്രിസ്ത്യാനികൾ തങ്ങളുടെ വ്യതിരിക്തതയുടെ ആധാരമായി ഒരേ സ്വരത്തിൽ ഏറ്റുപറയുന്നത് മാർത്തോമ്മാശ്ലീഹായുടെ ഭാരതത്തിലെ പ്രേഷിതപ്രവർത്തനമാണ്. ഏതെങ്കിലും ഒരു സോഷ്യൽ എഞ്ചിനീയറിംഗിന്റെ ഫലമായിട്ടാണ് അവർ തോമ്മാശ്ലീഹായിൽ തങ്ങളുടെ ആരംഭം ആരോപിച്ചിരുന്നതെങ്കിൽ, ഈ വിശ്വാസസമൂഹത്തിന്റെ ഉറവിടവുമായി ആദ്യ നൂറ്റാണ്ടുകളിൽ എന്നെങ്കിലും മറ്റൊരു അപ്പസ്തോലനോ, വേറെ ഒരു പ്രേഷിതനോ, ബന്ധിപ്പിക്കപ്പെടുമായിരുന്നു.

തോമാശ്ലീഹായിൽ കേന്ദ്രീകരിച്ച പ്രാചീന പാരമ്പര്യങ്ങളുടെ തെക്കേ ഇന്ത്യയിലെ സമൃദ്ധിയാണ് ഇവിടെയുള്ള മാർത്തോമാ ക്രിസ്ത്യാനികളെ ഇന്നും ഊർജസ്വലതയോടെ നിലനിറുത്തുന്നത്. ഡി.ഡി. കൊസാംബി തന്റെ The Culture and Civilizations of India (D. D. Kosamby, The Culture and Civilizations of India in Historical Outline, Delhi: Vikas Publishing House, 1972) എന്ന ലേഖനത്തിൽ പ്രതിപാദിക്കുന്നതുപോലെ ഒരു പൗരാണിക സമൂഹത്തിന്റെ സഞ്ചിതബോധവും (collective consciousness) ചിരസ്ഥായിയായ ഓർമയും ആ സമൂഹത്തിന്റെ ചരിത്രത്തെ തേടിപ്പിടിക്കാനുള്ള ഒരു ഉറവിടമാണ്. കാരണം, വളരെ സാവകാശം മാത്രം മാറ്റങ്ങൾക്ക് വിധേയമായിട്ടുള്ള മാർത്തോമ്മാ ക്രിസ്ത്യാനികളെപ്പോലെയുള്ള സമൂഹങ്ങളുടെ പൗരാണിക കാലത്തെ സഞ്ചിതബോധം സംരക്ഷിക്കുന്ന ചരിത്രാവബോധത്തിന്റെ മർമ്മം മാറ്റങ്ങൾക്കതീതമായി കൈമാറ്റം ചെയ്യപ്പെട്ടിട്ടുണ്ട്. ഈ ചരിത്രരീതിശാസ്ത്രത്തിന്റെ ഭൂമികയിൽ നിന്ന് പരിശോധിക്കുമ്പോൾ മാർത്തോമ്മാ ക്രിസ്ത്യാനികളുടെ ചരിത്രത്തിന്റെ മർമ്മമായ ശ്ലീഹായുടെ രക്തസാക്ഷിത്വത്തിന്റെ ജീവനുള്ള ഓർമ്മ വാമൊഴിയായും ജീവിതമായും കൈമാറ്റം ചെയ്യപ്പെട്ട് ഇന്ന് സീറോ മലബാർ സഭയിൽ എത്തിച്ചേർന്നിരിക്കുന്നു എന്ന് മനസ്സിലാക്കാനാകും.

ശ്ലീഹായുടെ പ്രവർത്തനമേഖലയുടെ നിർണായകയിടമായ കൊടുങ്ങല്ലൂരിന്റെയും പാലയൂരിന്റെയും തുടർച്ചയാണ് അവിഭക്ത തൃശ്ശൂർ രൂപതയുടെ ആത്മബോധം. മാറിവന്ന കോളനിവത്കരണങ്ങളുടെ മാറ്റങ്ങളെ അതിലംഘിച്ചു നിലകൊള്ളുന്ന മാർത്തോമ്മാ പാരമ്പര്യം തൃശ്ശൂർ അതിരൂപതയുടെ വ്യതിരിക്തതയെ മാത്രമല്ല, സീറോ മലബാർ സഭയുടെ അതുല്യതയെ വരെ വിളിച്ചോതുന്നതാണ്. അതിനാൽ തൃശ്ശൂർ അതിരൂപതയുടെ വളർച്ചയുടെ പിറകിലുള്ള ചരിത്രപാഠങ്ങൾ അവഗണിച്ചുകൊണ്ട് സീറോ മലബാർ സഭയുടെ ചരിത്രപ്രയാണത്തിന്റെയും വളർച്ചവിളർച്ചകളുടെയും ഉയർച്ച താഴ്ച്ചകളുടെയും ഗതിവിഗതികളെയുംക്കുറിച്ച് ചരിത്രാഖ്യാനത്തിനോ വിശകലനത്തിനോ മുതിരാനാകില്ല.



ഗൊണ്ടഫോറസ് പുറത്തിറക്കിയ നാണയങ്ങൾ

പൈതൃകങ്ങളെ സാധൂകരിക്കുന്ന ചരിത്രപരമായ തെളിവുകളും സൂചനകളും നിരന്തരം അന്വേഷണവിധേയമായിക്കൊണ്ടിരിക്കുന്ന അക്കാദമിക ചരിത്രവിശകലനത്തിന്റെ കാലഘട്ടത്തിലാണ് നാം ഇന്ന് ജീവിക്കുന്നത്. പുരാവസ്തു ഗവേഷണങ്ങളുടെ നൂതനപാതകൾ അതത് കാലഘട്ടങ്ങളുടെ കൈയൊപ്പുള്ള ദൈനംദിന ജീവിതോപകരണങ്ങൾ, കരകൗശലവസ്തുക്കൾ, കലാശില്പങ്ങൾ, നാണയങ്ങൾ തുടങ്ങിയവയിലൂടെയാണ് ചരിത്രാഖ്യാനങ്ങൾ അവതരിപ്പിക്കുന്നത്. ചരിത്രയാഥാർത്ഥ്യങ്ങളുടെ പരിപ്രേക്ഷ്യം തന്നെ വികാസം പ്രാപിക്കുന്നതിന് ഈ പഠനങ്ങൾ ഇടവരുത്തിയിട്ടുണ്ട്. സീറോ മലബാർ സഭയുടെ ഗവേഷണകേന്ദ്രമായ LRC യുടെ നേതൃത്വത്തിൽ ബഹു. ഡോ പയസ് മലേക്കണ്ടത്തിലിന്റെ നേതൃത്വത്തിലുള്ള ചരിത്രഗേവഷകരുടെ ഒരു സംഘം സെക്യുറൽ ചിരിത്രാഖ്യാനത്തിന്റെ ഈ നൂതന രീതിശാസ്ത്രസങ്കേതങ്ങൾ ഉപയോഗിച്ച് ഭാരതത്തിലെ തോമാപൈതൃകത്തിന്റെ വഴികളിലൂടെ സഞ്ചരിച്ച് ഒരു ശാസ്ത്രീയവും ആധികാരികവുമായ ഗ്രന്ഥം ഡൽഹി പ്രീമൂസ് പബ്ലിക്കേഷനിൽ നിന്ന് 2024 ജൂലൈ 3ന് ഇറങ്ങാനിരിക്കുന്നു എന്നത് ഏറെ പ്രതീക്ഷ നൽകുന്നതാണ്.

തോമ്മാപൈതൃകത്തിന്റെ നൂതന ചരിത്രാന്വേഷണങ്ങൾ ഇന്ന് കൂടുതൽ കേന്ദ്രീകരിക്കുന്നത് ഏതാണ്ട് അന്യം നിന്നുപോയിരിക്കുന്ന ഇന്ത്യയുടെ വടക്കുപടിഞ്ഞാറൻ മേഖലകളിൽ തോമായുടെ പ്രേഷിത സമൂഹത്തിന്റെ ഉറവിടങ്ങളിലേക്കാണ്. തോമ്മായുടെ നടപടികളിൽ പരാമർശിക്കപ്പെടുന്ന പല സന്ദർഭങ്ങൾക്കും ആധികാരികമായിത്തീരാവുന്ന ചരിത്രശകലങ്ങൾ ഈ മേഖലയിൽ നിന്ന് ലഭ്യമായിക്കൊണ്ടിരിക്കുന്നുണ്ട് എന്നതാണ് വസ്തുത. ഈ മേഖലയിലെ ആധികാരികമായ ആദ്യത്തെ ചരിത്രഗവേഷണ ഗ്രന്ഥം രചിച്ചിരിക്കുന്നത് തൃശ്ശൂർ വികാരിയത്തിന്റെ ആദ്യമെത്രാൻ മാർ അഡോൾഫ് എഡ്വിൻ മെഡ്‌ലിക്കോട്ട് ആണ് എന്നത് തൃശ്ശൂർ അതിരൂപതാംഗങ്ങൾക്ക് ഏറെ

അഭിമാനം നൽകുന്ന വസ്തുതയാണ്. 1834ൽ അഫ്ഗാനിസ്ഥാനിൽ കണ്ടെത്തിയ ഗോണ്ടഫോറസിന്റെ ഗ്രീക്ക് ഭാഷയിലുള്ള ലിഖിതങ്ങൾ ഒരു വശത്തും ഗോണ്ടഫോറയുടെ കോരസ്ഥി ലിഖിതങ്ങൾ മറുവശത്തു മുള്ള മുപ്പത് നാണയങ്ങൾ, കാബൂൾ, കാണ്ടഹാർ, കിഴക്കൻ ഇറാനിലെ സെയ്സ്ഥാൻ എന്നിവിടങ്ങളിൽ നിന്ന്കണ്ടെത്തിയിട്ടുള്ള സമാന നാണയങ്ങളും നിർണായകമായ തെളിവുകളായി പല പുരാവസ്തുഗവേഷകരും, പ്രത്യേകിച്ച് മാർ മെഡ്‌ലിക്കോട്ടും വിശദീകരിക്കുന്നുണ്ട്. പാക്കിസ്ഥാനിലെ പെഷവാറിലുള്ള തഖ്ത് ഇ ബാഹിയിലുള്ള UNESCO പൈതൃകമായി പ്രഖ്യാപിച്ചിട്ടുള്ള ബുദ്ധമതവിഹാരത്തിൽ 1872ൽ കണ്ടെത്തിയിരിക്കുന്ന തഖ്ത് ഇ ബാഹി ശിലാലിഖിതത്തിൽ സൂചിപ്പിച്ചിട്ടുള്ള ഗോണ്ടഫോറസിന്റെ ഭരണത്തിന്റെ ഇരുപത്തിയാറാം വർഷവും വിക്രം സാമവത് കലണ്ടറിന്റെ നൂറ്റിമൂന്നാം വർഷവും വിശകലനം ചെയ്ത് കാലഗണന നടത്തി തോമ്മാശ്ലീഹായുടെ വടക്കേ ഇന്ത്യയിലെ പ്രേഷിതപ്രവർത്തനത്തിന്റെ കാലം എ.ഡി. 46 ആണെന്ന മെഡലിക്കോട്ടിന്റെ നിഗമനം തോമായുടെ നടപടികളിലെ വിവരണങ്ങളോട് ചേർന്നുപോകുന്നതാണ് എന്ന് ചരിത്രകാരന്മാർ പരക്കെ അംഗീകരിക്കുന്നുണ്ട്. ഈ സ്മരണികയിലെ ചില ലേഖനങ്ങളിൽ മാത്രം ഈ ചരിത്രപ്രമേയങ്ങൾ പഠനവിധേയമാകുന്നുള്ളൂ എന്നത് ഒരു ന്യൂനതയായി കാണേണ്ടതില്ല. ഈ സ്മരണിക തൃശ്ശൂർ അതിരൂപതയുടെ മടിത്തട്ടിലിരുന്നുള്ള ചരിത്രാഖ്യാനമായതുകൊണ്ടും ഇതിലെ മുഖ്യപ്രമേയമായ മാർത്തോമ്മാശ്ലീഹായുടെ രക്തസാക്ഷിത്വം തെക്കെ ഇന്ത്യയിൽ സംഭവിച്ചതുകൊണ്ടും ശ്ലീഹായുടെ രണ്ടാമത്തെ പ്രേഷിത യാത്രയിലെ ചരിത്ര ഉറവിടങ്ങളാണ് പ്രധാനമായും ഈ ഗ്രന്ഥത്തിൽ പ്രതിപാദിക്കുന്നത്.

മാർത്തോമ്മാശ്ലീഹായുടെ രക്തസാക്ഷിത്വവുമായി ഏറ്റവും അടുത്ത് ബന്ധപ്പെട്ടിരിക്കുന്നതാണല്ലോ ചെന്നൈയിലെ മൈലാപ്പൂരിലെ മാർ തോമ്മാശ്ലീഹായുടെ കബറിടം. 1523ലും 1547ലും മൈലാപ്പൂരിലെ രണ്ടിടങ്ങളിലായി പോർച്ചുഗീസ് പുരാവസ്തുശാസ്ത്രജ്ഞന്മാർ നടത്തിയ ഉദ്ഖനനങ്ങളും 1923ൽ സാൻതോം ബീച്ചിനടുത്തുള്ള പഴയ കപലീശ്വരാർ അമ്പലത്തിന്റെ സ്ഥാനത്തു നടന്ന ഉദ്ഖനനവും കബറിടത്തിന്റെ പ്രാചീനത്വം വെളിപ്പെടുത്തുന്നു. അവിടങ്ങളിൽ നിന്ന് കണ്ടുകിട്ടിയിരിക്കുന്ന പ്രാചീന അവശിഷ്ടങ്ങൾ എ.ഡി ഒന്നാം നൂറ്റാണ്ടിലെ മറ്റ് റോമൻ കച്ചവടസ്ഥലങ്ങളിൽ നിന്ന്കണ്ടു കിട്ടിയിട്ടുള്ളവയുമായി സാമ്യമുള്ളവയാണെന്ന് തെളിയിക്കപ്പെട്ടിട്ടുണ്ട്. വളരെ വ്യത്യസ്തമായ കാലങ്ങളിലും സ്ഥലങ്ങളിലും കാര്യമായ ബന്ധമില്ലാതിരുന്ന വ്യത്യസ്ത സാംസ്കാരിക, രാഷ്ട്രീയ പശ്ചാത്തലത്തിലുള്ള ചരിത്രകാരന്മാരും എഴുത്തുകാരും തോമ്മാശ്ലീഹായുടെ കബറിടത്തെക്കുറിച്ച് എഴുതിയിരിക്കുന്നത് ഒരേ ദിശയിൽ തന്നെയാണ് എന്നത് അദ്ദേഹത്തിന്റെ മൈലാപ്പൂരിലെ രക്തസാക്ഷിത്വം ചരിത്രയാഥാർത്ഥ്യമാണെന്നതിന് നിദർശനമാണ്. വ്യത്യസ്തമായ വിവരണങ്ങളിലെ അടിസ്ഥാന ഘടങ്ങളെല്ലാംതന്നെ തോമ്മാശ്ലീഹായുടെ പൊതുപൈതൃകത്തിലേക്കും മൈലാപ്പൂരിലുള്ള രക്തസാക്ഷിത്വത്തിലേക്കും വിരൽ ചൂണ്ടുന്നവയും നിർണയിക്കപ്പെടുന്നവയുമാണ്.


### ഉപസംഹാരം

ആധുനിക യു.എ.ഇ.യുടെ സ്ഥാപക പിതാവായ ഷെയ്ക്ക് സയ്യിദ് അൽ നഹിയാൻ ഇങ്ങനെ പറഞ്ഞിട്ടുണ്ട്: ''ഭൂതകാലത്തെക്കുറിച്ച് അറിയാത്തവർക്ക് തങ്ങളുടെ വർത്തമാന കാലത്തിൽ നിന്നും ഭാവിയിൽ നിന്നും ഏറ്റവും മികച്ച ഫലങ്ങൾ പുറപ്പെടുവിക്കാനാവില്ല; കാരണം, ഭൂതകാലത്തിൽ നിന്നാണ് നാം പഠിച്ചെടുക്കുന്നത്.'' **സാന്തോം സമൃതി** തോമ്മാശ്ലീഹായുടെ രക്തസാക്ഷിത്വത്തിൽ കുതിർന്ന മണ്ണിൽ ബീജാങ്കുരം ചെയ്ത സഭാ തരുവിന്റെ വ്യതിരിക്തതയുടെ ചരിത്രമാണ്. ഒരു സഭാസമൂഹത്തിന്റെ ആത്മബോധത്തിന്റെ അഭിമാനകരമായ അവതരണമാണ്. തൃശ്ശൂർ അതിരൂപതയാകുന്ന അമ്മയ്ക്ക് പൂർവികരിൽ നിന്ന് കൈമാറ്റം ചെയ്തുകിട്ടിയ അവളുടെ കുടുംബ ചരിത്രം വിവരിക്കുകയാണ്. അഭിമാനത്തോടെ ശ്ലീഹായുടെ, പുണ്യപാദങ്ങളിൽ നമുക്ക് നമ്മുടെ ക്രൈസ്തവജീവിതത്തിന്റെ നങ്കൂരമുറപ്പിക്കാം.




Anciant Bharuch port - Gujarat

**തോമാശ്ലീഹായുടെ ആദ്യ ഭാരതസന്ദർശനം AD 46-ൽ ഗുജറാത്തിലെ ബെറൂച്ചിലായിരുന്നു. AD 52 ൽ രണ്ടാമത് സന്ദർശനമാണ് മൂസിരിസിൽ (കൊടുങ്ങല്ലൂർ) കപ്പലിറങ്ങിയതും അത് സീറോ മലബാർ സഭയ്ക്ക് അടിത്തറ ഒരുക്കുകയും ചെയ്തത്.**


3. St Thomas
Syro Malabar Catholic Church
Palayoor, Thrissur
1. Mar Thomas
Pontifical Shrine
Kodungallur, Thrissur
2. St Thomas Church
Kottakavu
North Parvur, Ernakulam
4. St.Thomas Church
Kokkamangala
Alappuzha
5.St.Mary's
Orthodox Church
Niranam, Pathanamthitta
6. St.Thomas
Echumenical Church
Niackal, Pathanamthitta
7. Our Lady of
Purification Chucrh
Kollam
7 1/2 .St Mary's
Orthadox Church
Thiruvithamkode
Kannyakumary, TN

# പാലയൂർ മഹാതീർത്ഥാടനം രജത ജൂബിലിയിൽ



സി.കെ.ജോസ്

യേശുക്രിസ്തുവിന്റെ പന്ത്രണ്ടു ശിഷ്യരിലൊരാളായ മാർ തോമാശ്ലീഹ ധീരതയുടെ പര്യായമായിരുന്നു.'നമുക്കും അവനോടു കൂടെ പോയി മരിക്കാം' എന്നു പറഞ്ഞു കൊണ്ട് വിശ്വാസം, സ്നേഹം, ധൈര്യം എന്നിവ ഒത്തൊരുമിച്ചു പ്രകടമാക്കിയ ക്രിസ്തു ശിഷ്യനാണ് തോമാശ്ലീഹ.

'അവന്റെ ആണി പാടുള്ള കൈകളും, തിരുവിലാവും കാണാതെ ഞാൻ വിശ്വസിക്കുകയില്ല' എന്ന് പറയുകയും ഉത്ഥിതനായ യേശുവിന്റെ ദർശനമുണ്ടായപ്പോൾ 'എന്റെ കർത്താവെ, എന്റെ ദൈവമേ ' എന്ന് ഏറ്റുപറഞ്ഞു കൊണ്ട് ഉത്ഥിതനായ നാഥന്റെ മുമ്പിൽ ജീവനും, സ്വപ്നങ്ങളും, പ്രതീക്ഷകളും സമർപ്പിക്കുകയും ചെയ്ത നമ്മുടെ അപ്പസ്തോലനായ മാർ തോമാശ്ലീഹായുടെ ജീവിത മാതൃക നമുക്ക് എന്നും പ്രചോദനമാണ്.

ലോകത്തിലെ എല്ലാ സ്ഥലങ്ങളിലും ക്രിസ്തു ശിഷ്യമാരുടെ പാദസ്പർശനമേൽക്കുവാൻ ഭാഗ്യമുണ്ടായിട്ടില്ല. മാർ തോമാശ്ലീഹായുടെ നേരിട്ടുള്ള സാക്ഷ്യം സ്വീകരിക്കുവാനും, തോമാശ്ലീഹായിൽ നിന്ന് മാമോദീസ സ്വീകരിക്കുവാനും തൃശൂർ അതിരൂപതാമക്കളായിരുന്ന, നമ്മുടെ പൂർവ്വ പിതാക്കന്മാർക്കാണ് അനുഗ്രഹം ലഭിച്ചത്.



# പാലയൂർ തീർത്ഥാടനം വിജയകരമായി സമാപിച്ചു




പ്രഥമ പാലയൂർ മഹാതീർത്ഥാടനം മാർ ജെയ്ക്കബ് തൂങ്കുഴി മെത്രാപ്പോലീത്ത നയിക്കുന്നു

തൃശ്ശൂരിൽ അതിരൂപത തലത്തിൽ ആദ്യമായി നടത്തപ്പെട്ട 'പാലയൂർ തീർത്ഥാടനം' വിജയകരമായി സമാപിച്ചു. മാർ തോമാശ്ലീഹായുടെ പാദസ്പർശമേറ്റ പാലയൂർ പുണ്യഭൂമിയിൽ വിശുദ്ധൻ സ്ഥാപിച്ച പള്ളിയിലേക്ക് തീർത്ഥാടനം നടത്തി സായൂജ്യമടയാൻ അതിരൂപതയുടെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള വിശ്വാസികൾ പദയാത്രയിൽ അണിനിരന്നു. ഏപ്രിൽ 19 പുതുഞായർ നാളിൽ തൃശൂർ ലൂർദ് കത്തീഡ്രൽ ദേവാലയത്തിൽ നിന്നും രാവിലെ ഏഴുമണിക്ക് കാൽനടയായുള്ള തീർത്ഥാടനം ആരംഭിച്ചു. അതിനു മുൻപേ ദിവ്യബലിയും ഉണ്ടായിരുന്നു. വികാരി ജനറൽ മോൺ. ബോസ്ക്കോ പുത്തൂർ നയിച്ച തീർത്ഥാടനത്തിൽ അതിരൂപത ചാൻസലർ റവ. ഡോ. റാഫേൽ തട്ടിൽ ലൂർദ് കത്തീഡ്രൽ വികാരി ഫാ.ആന്റണി മേച്ചേരി, തൃശ്ശൂർ ബസിലിക്ക പള്ളി റകടർ റവ. ഡോ. ആൻഡ്രൂസ് താഴത്ത്, ഷെവ. എൻ. എ. ഔസേപ്പ്, സി എൽ സി അതിരൂപത ഡയറകടർ റവ. ഫാ. ജോസ് കോനിക്കര തുടങ്ങിയവർ പങ്കെടുത്തിരുന്നു. പടിഞ്ഞാറേക്കോട്ട, പൂങ്കുന്നം, പുഴക്ക,ൽ മുതുവറ, അമല, ചിറ്റിലപ്പിള്ളി, പറപ്പൂർ, പെരുവല്ലൂർ, പൂവത്തൂർ, പാവറട്ടി വഴി മൂന്നര മണിയോടുകൂടി പാലയൂർ ഇടവകാതിർത്തിയായ മാമാ ബസാറിൽ തീർത്ഥാടനം എത്തിച്ചേർന്നപ്പോൾ അവിടം ഒരു ജന സമുദ്രമായി മാറിക്കഴിഞ്ഞിരുന്നു. അതിരൂപതാധ്യക്ഷൻ മാർ ജെക്കബ് തൂങ്കുഴി മാമാ ബസാറിൽ എത്തിയപ്പോൾ ബാലികമാർ അദ്ദേഹത്തെ ആരതിയുഴിഞ്ഞ് സ്വീകരിച്ചു. അവിടെ നിന്ന് ആർച്ച്ബിഷപ്പിന്റെ നേതൃത്വത്തിലാണ് പാലയൂർ പള്ളിയിലേക്കുള്ള തീർത്ഥാടനം തുടർന്നത്. പള്ളി ഗേറ്റിൽ റവ.ഫാ. അഗസ്റ്റിൻ അക്കര ആർച്ച്ബിഷപ്പിന് പൂച്ചെണ്ടു നൽകി സ്വീകരിച്ചു. ആയിരക്കണക്കിന് ഉള്ള തീർത്ഥാടകരെല്ലാം പള്ളിയിൽ എത്തിച്ചേർന്നപ്പോൾ ആർച്ച്ബിഷപ്പിന്റെ മുഖ്യ കാർമ്മികത്വത്തിൽ ആഘോഷപൂർവ്വമായ സമൂഹ ബലി ആരംഭിച്ചു. അതിനുശേഷം നടത്തപ്പെട്ട സാംസ്കാരിക സമ്മേളനം ഫാ. വടക്കൻ ഉദ്ഘാടനം ചെയ്തു വികാരി ജനറൽ മേൺ. ബോസ്കോ പുത്തൂർ അധ്യക്ഷത വഹിച്ചു. ഫാദർ ബാബു പാണാട്ടുപറമ്പിൽ ആമുഖ പ്രസംഗം നടത്തി. ഡോ. വയലാ വാസുദേവൻ പിള്ള പ്രൊഫ. മാത്യു ഉലകംതറ, പ്രൊഫ. എം. അബ്ദുൽ റസാഖ് ശ്രീ പി. ഐ. ലാസർ, ശ്രീ ഡേവീസ് കണ്ണനായ്ക്കൽ എന്നിവർ പ്രസംഗിച്ചു. വികാരിയച്ചൻ സ്വാഗതവും ജനറൽ കൺവീനർ ശ്രീ ഇ. .എ ജോസ് നന്ദിയും പറഞ്ഞു.

ശ്രീ കെ വി ഡേവീസ് നിർമ്മിച്ച 'ഭാരതാപ്പസ്തോലൻ' എന്ന ഡോക്യുമെന്ററി ഫിലിം കാസറ്റ് ഫാദർ ജോയ് അടമ്പുകുളത്തിന് നൽകിയും ടെമ്പസ്റ്റ് പാലയൂർ പതിപ്പ് ഏഷ്യാനെറ്റ് പ്രതിനിധി ശ്രീ വേണു എടക്കഴിയൂരിന് നൽകിയും മോൺ. ബോസ്കോ പുത്തൂർ പ്രകാശനം ചെയ്തു. സമ്മേളനാനന്തരം മമ്മിയൂർ എൽ. എഫ്. വിദ്യാർത്ഥിനികളുടെ മാർഗ്ഗംകളിയും അന്നാ പയസ്സിന്റെ മോഹിനിയാട്ടവും മേരി ജോസഫിന്റെ കുച്ചുപ്പിടിയും പാലയൂർ യൂത്ത്സിന്റെ മാർ തോമാശ്ലീഹാ ലഘു നാടകവും ഉണ്ടായിരുന്നു.

*പാലയൂർ വാർത്തകൾ 1998, ഏപ്രിൽ 19*




പാലയൂരിന്റെ മണ്ണ് പവിത്രമായത്, ഈ മണൽത്തരികളിൽ യേശുവിന്റെ പ്രിയ ശിഷ്യനായ മാർ തോമാ ശ്ലീഹായുടെ പാദമുദ്രകൾ പതിഞ്ഞതിനാലാണ്. യേശുവിന്റെ പ്രിയ ശിഷ്യനായിരുന്ന മാർ തോമാ ശ്ലീഹ എ. ഡി. 52-ൽ പാലയൂരിന്റെ മണ്ണിൽ കാലുകുത്തി. തളിയകുളത്തിലെ ജലം മേലോട്ടെറിഞ്ഞ് യേശുവിന്റെ നാമത്തിൽ ജലകണങ്ങളെ ആകാശത്ത് നിറുത്തിയതും ഇത് കണ്ട നമ്മുടെ പൂർവ്വ പിതാക്കന്മാർ അത്ഭുതം പൂണ്ട് മാർ തോമാശ്ലീഹായിൽ നിന്ന് ഈശോയെ കുറിച്ച് മനസ്സിലാക്കിയതും, യേശുവിന്റെ ജനന, മരണ, ഉത്ഥാന സംഭവങ്ങളും, ജീവിക്കുന്ന ഈശോയുടെ അത്ഭുത പ്രവൃത്തികളും, കണ്ടും കേട്ടും അനുഭവിച്ചും ബോധ്യപ്പെട്ട നമ്മുടെ പൂർവ്വികർ മാർ തോമാ ശ്ലീഹായിൽ നിന്നും നേരിട്ട് മാമോദീസ മുങ്ങിയതുമായ പവിത്രമായ മണ്ണിലാണ് പ്രസിദ്ധമായ പാലയൂർ മഹാതീർത്ഥാടനം നടക്കുന്നത്.

1998 ൽ അന്നത്തെ തൃശൂർ അതിരൂപതാധ്യക്ഷൻ മാർ ജെയ്ക്കബ്ബ് തൂങ്കുഴി മെത്രാപ്പോലീത്തയാണ് ഒന്നാമത്തെ പാലയൂർ മഹാ തീർത്ഥാടനം പ്രഖ്യാപിച്ചത്. തുടർന്നുള്ള വർഷങ്ങളിൽ വലിയ നോമ്പിലെ ഓശാന ഞായറിനു മുമ്പുള്ള ഞായറാഴ്ച പാലയൂർ ഞായറായി പ്രഖ്യാപിച്ചു. എല്ലാ വർഷവും പാലയൂർ ഞായറിൽ തൃശൂർ അതിരൂപത ഒന്നടങ്കം പാലയൂരിലേക്ക് മഹാ തീർത്ഥാടകരായി ഒഴുകിയെത്തുന്നു. ക്രിസ്തു ശിഷ്യനായ മാർ തോമാശ്ലീഹ കേരളക്കരയിൽ സ്ഥാപിച്ച ക്രൈസ്തവ സമൂഹങ്ങളിൽ ഒന്നായിരുന്നു പാലയൂർ. ഇന്നും പഴമ നിലനിർത്തി കൊണ്ട് നിലകൊള്ളുന്ന സ്ഥലമായി പാലയൂർ മാറി. ഇന്നിപ്പോൾ സീറോ മലബാർ സഭയുടെ മേജർ ആർക്കി എപ്പിസ്കോപ്പൽ തീർത്ഥാടന കേന്ദ്രമാക്കി പാലയൂരിനെ ഉയർത്തിയിരിക്കുകയാണ്.

വലിയ നോമ്പ് തുടക്കത്തിൽ വ്രതാരംഭ കൂട്ടായ്മ, മാർ തോമശ്ലീഹ പ്രഥമാൽഭുതം സൃഷ്ടിച്ച തളിയക്കുളകപ്പേളയിൽ അതിരൂപതാധ്യക്ഷന്റെ മുഖ്യ കാർമ്മികത്വത്തിൽ നടക്കുന്ന വ്രതാരംഭ കൂട്ടായ്മ, പാലയൂർ മഹാ തീർത്ഥാടനത്തിന് തുടക്കമാവുക. തുടർന്നുള്ള ദിവസങ്ങളിൽ നടക്കുന്ന ഏകദിന പ്രാർത്ഥന കൂട്ടായ്മകൾ അനുദിന വചന വിചിന്തനത്തിനും ആരാധനയ്ക്കും വിശുദ്ധ കുർബാനയ്ക്കും കുരിശിന്റെ വഴിയുമായി നീങ്ങുന്നു. ജാഗരണ തീർത്ഥാനം വലിയ നോമ്പിലെ പാലയൂർ മഹാ തീർത്ഥാടനത്തിന് മുമ്പുള്ള വെള്ളിയാഴ്ചകളിൽ കുരിശിന്റെ വഴിയും ജപമാല പ്രാർഥനകളുമായി നിരവധി ഭക്തർ വിവിധ ഇടവകകളിൽ നിന്നും വൈകുന്നേരം 7 മണി മുതൽ പാലയൂരിൽ എത്തുന്നു. അതിരൂപതയുടെ മുഖ്യ ജാഗരണ തീർത്ഥാടനം രാത്രി 9 മണിക്ക് തൃശൂർ വ്യാകുല മാതാവിൻ ബസിലിക്കയിൽ നിന്നാരംഭിച്ച് പുലർച്ച 4 മണിക്ക് പാലയൂർ തീർത്ഥാട കേന്ദ്രത്തിലെത്തിച്ചേരുന്നു. പാലയൂർ മഹാതീർത്ഥാടനത്തിനു തൊട്ട് മുമ്പുള്ള ദിവസങ്ങളിൽ നടത്തപ്പെടുന്ന പാലയൂർ ബൈബിൾ കൺവെൻഷൻ ആത്മീയമായി തീർത്ഥാടനത്തിന് വിശ്വാസികളെ പ്രാപ്തരാക്കുന്നു.

ഈശോയുടെ പീഢാസഹന, മരണ, ഉത്ഥാനങ്ങളെ കുറിച്ച് പ്രത്യേകമായി ധ്യാനിക്കുന്ന നോമ്പുകാലത്തിലെ പാലയൂർ മഹാതീർത്ഥാടനം തീർച്ചയായും വളരെ അനുഗ്രഹപ്രദമാണ്. ജനസഹസ്രങ്ങൾ പങ്കെടുക്കുന്ന ഈ പാലയൂർ മഹാ തീർത്ഥാടന പദയാത്ര, തൃശൂർ അതിരൂപതാ സമൂഹത്തിന്റെ വിശ്വാസവും, കൂട്ടായ്മയും ത്യാഗ മനോഭാവവും പ്രകടമാക്കാനുള്ള വലിയ അവസരം കൂടിയാണ്. സിൽവർ ജൂബിലിയാഘോഷിച്ച പാലയൂർ മഹാ തീർത്ഥാടനത്തിന്റെ കാര്യങ്ങൾ ഭംഗിയാക്കുവാൻ കാലാകാലങ്ങളിൽ അതിരൂപതയെ നയിച്ച വന്ദ്യപിതാക്കന്മാരുടെ ദീർഘവീക്ഷണവും, കാര്യക്ഷമമായ നേതൃത്വവും എന്നുമുണ്ടായിരുന്നു. അതോടൊപ്പം തന്നെ പാലയൂർ മാർ തോമ മേജർ ആർക്കി എപ്പിസ്കോപ്പൽ തീർത്ഥാടന കേന്ദ്രത്തിന്റെ കാലാകാലങ്ങളിലുള്ള ആർച്ച് പ്രീസ്റ്റുമാരും പാലയൂർ ഇടവക സമൂഹവും എന്നും മുൻ നിരയിൽ തന്നെയുണ്ട്.. അഭിവന്ദ്യ മാർ ജെയ്ക്കബ്ബ് തൂങ്കുഴി മെത്രാപ്പോലീത്ത, അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് മെത്രാപ്പോലീത്ത, മാർ റാഫേൽ തട്ടിൽ, മാർ ടോണി നീലങ്കാവിൽ പിതാക്കന്മാരുടെ നേതൃത്വത്തിൽ ഇക്കാലയളവിൽ പാലയൂർ മഹാതീർത്ഥാടനം നയിക്കപ്പെടുകയുണ്ടായി. ഈ ഇരുപത്തിയഞ്ച് വർഷം തീർത്ഥാടനത്തെ നയിച്ച വർക്കിംഗ് ചെയർമാൻമാരാണ് റവ ഫാ. അഗസ്റ്റിൻ അക്കര(1998-2001), റവ ഫാ.ജോൺ കിടങ്ങൻ (2001-2004), റവ ഫാ.ജോർജ്ജ് ചിറമ്മൽ (2004-2007), റവ ഫാ. ലൂവീസ് എടക്കളത്തൂർ (2007 -2010), റവ ഫാ. ബർണാഡ് തട്ടിൽ (2010-2013), റവ ഫാ. ജോൺ അയ്യങ്കാനയിൽ (2013-2016), റവ ഫാ. ജോസ് പുന്നോലിപറമ്പിൽ (2016-2019), റവ ഫാ വർഗീസ് കരിപ്പേരി (2019-2022), റവ ഫാ ഡേവിസ് കണ്ണമ്പുഴ (2022) എന്നീ

# പാലയൂർ മഹാ തീർത്ഥാടനം ചരിത്രത്തിലൂടെ

















വൈദികർ. തീർത്ഥാടനത്തിന്റെ ജനറൽ കൺവീനർമാരായി ഇക്കാലയളവിൽ സ്തുത്യർഹ സേവന മനുഷ്ഠിച്ചവരാണ് ശ്രീ ഇ. ജെ. ജോസ് (1998), ഫാ. ബാബു പാണാട്ടുപറമ്പിൽ (1999), ഫാ. ജോസ് കോനിക്കര Jr (2000), ഫാ. ഫ്രാൻസിസ് മുട്ടത്ത് (2001, 2008), ഫാ.ജോൺ അയ്യങ്കാനയിൽ (2002,2003), ഫാ. ഡേവിസ് ചക്കാലയ്ക്കൽ (2004), ഫാ. ജേക്കബ്ബ് തച്ചറാട്ടിൽ (2005), ഫാ. ജോൺസൺ കുണ്ടുകുളം (2006), ഫാ. വർഗീസ് കരിപ്പേരി (2007), ഫാ. ജോയ് മൂക്കൻ (2009), ഫാ. ജോർജ്ജ് ചെറുവത്തൂർ (2010), ഫാ. ലിജോ ചിറ്റിലപ്പിള്ളി (2011), ഫാ. ജെയ്സൺ മാറോക്കി(2012), ഫാ. മാത്യു വെട്ടത്ത് (2013), ഫാ. ജോൺസൺ ഐനിക്കൽ (2014), ഫാ. ജോബ് പടയാട്ടിൽ (2015), ഫാ. ജോസഫ് വൈക്കാടൻ (2016), ഫാ. ജോയ്സൺ കോരേത്ത് (2017), ഫാ. ജോഷി ആളൂർ (2018), ഫാ. ജിയോ തെക്കിനിയത്ത്(2019), ഫാ. ജോൺ പാണേങ്ങാടൻ (2020,2021), ഫാ. അജിത്ത് തച്ചോത്ത് (2022) എന്നിവർ. പാലയൂർ മഹാതീർത്ഥാടനത്തിന്റെ ജനറൽ സെക്രട്ടറിമാരായി പ്രവർത്തിച്ചിരുന്നവരാണ് ശ്രീ ജോസ് ചിറ്റിലപ്പിള്ളി (1998–2010), ശ്രീ സി കെ ജോസ് (2011–2016, 2020–2022), ശ്രീ സി ജി ജെയ്സൺ (2017–2019) ഫാ. ജോസഫ് വൈക്കാടൻ (2023–2024) ഇവരുടെയെല്ലാം പ്രവർത്തനങ്ങൾ മഹാതീർത്ഥാടനത്തെ കാര്യക്ഷമമായി മുന്നോട്ടു നയിക്കുകയുണ്ടായി.

കഴിഞ്ഞ 25 വർഷങ്ങളിലും പാലയൂർ മഹതീർത്ഥാടനം ഭംഗിയാക്കുവാൻ അതിരൂപത തലത്തിലും പാലയൂർ ഫൊറോന തലത്തിലും വലിയ കമ്മിറ്റികൾ തന്നെ പ്രവർത്തിച്ചു വരുന്നുണ്ട്. ഒരോ വർഷത്തേയും കമ്മിറ്റിക്കാരുടെ നിർലോഭമായ സഹകരണവും ആത്മാർത്ഥമായ കഠിനാധ്വാനവുമാണ് ഇത്രയും ചിട്ടയോടും വളരെ ഭംഗിയായും നമുക്ക് പാലയൂർ മഹാതീർത്ഥാടനം ക്രമീകരിക്കാൻ സാധിക്കുന്നത്.

സിൽവർ ജൂബിലി പാലയൂർ മഹാതീർത്ഥാടനം 2023 ഏപ്രിൽ 3–ാം നടത്തപ്പെടുകയുണ്ടായി. പാലയൂർ മഹാതീർത്ഥാനം തുടങ്ങിവെച്ച മാർ ജെയ്ക്കബ് തൂങ്കുഴി മെത്രാപ്പോലീത്തയും പാലക്കാട് രൂപതാധ്യക്ഷൻ മാർ ജെയ്ക്കബ്ബ് മനത്തോടത്ത് മെത്രാനും തീർത്ഥാടന പൊതുസമ്മേളനത്തിൽ മുഖ്യാതിഥികളായിരിന്നു. അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് മെത്രാപ്പോലീത്ത അധ്യക്ഷത വഹിച്ച പൊതുയോഗത്തിൽ സഹായ മെത്രാൻ മാർ ടോണി നീലങ്കാവിൽ, വികാരി ജനറാളച്ചന്മാർ എന്നിവരും പങ്കെടുത്തു.

സിൽവർ ജൂബിലി പാലയൂർ മഹാതീർത്ഥാടനവും മനോഹരമാക്കാൻ വിപുലമായ കമ്മിറ്റികൾ പ്രവർത്തിച്ചു വരുന്നു. അരങ്ങിലും അണിയറയിലും നിന്ന് പ്രവർത്തിക്കുന്ന വിവിധ കമ്മിറ്റി അംഗങ്ങൾക്കും തീർത്ഥാടനത്തിൽ പങ്കെടുക്കുന്ന ജനസഹസ്രങ്ങൾക്കും ഭാരത അപ്പസ്തോലനായ മാർ തോമാ ശ്ലീഹായുടെ മാധ്യസ്ഥം സമൃദ്ധമായി ലഭിക്കട്ടെ എന്നാശംസിക്കുന്നു.














## പാലയൂർ മഹാ തീർത്ഥാടനം 2024

2024ലെ പാലയൂർ മഹാതീർത്ഥാടനത്തിൽ മദ്രാസ് മൈലാപ്പൂർ ആർച്ച് ബിഷപ്പ് ഡോക്ടർ ജോർജ് അന്തോണി സ്വാമി മുഖ്യാതിഥിയായിരുന്നു. പിതാക്കന്മാരായ മാർ ജേക്കബ് തൂങ്കുഴി, മാർ ആൻഡ്രൂസ് താഴത്ത്, മാർ ടോണി നീലങ്കാവിൽ, ജനറൽ കൺവീനർ ഫാ. ജോസഫ് വൈക്കാടൻ, കൺവീനർ ഫാ. ഷിജു പുളിക്കൻ, ആർച്ച് പ്രീസ്റ്റ് ഫാ. ഡേവിസ് കണ്ണമ്പുഴ, ജനറൽ കൺവീനർ പി. ഐ. ലാസർ മാസ്റ്റർ, മോൺ. ജോസ് കോനിക്കര, മോൺ. ജോസ് വല്ലൂരാൻ, പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി ഡോ. മേരി റെജീന എന്നിവർ നേതൃത്വം നൽകി.

# തൃശൂർ അതിരൂപത



## ഭാരതത്തിന്റെ അപ്പസ്തോലനായ
# മാർ തോമാശ്ലീഹായുടെ
## രക്തസാക്ഷിത്വത്തിന്റെ 1950-ാം വാർഷികം




ജൂബിലി ദീപം: മാർ തോമാശ്ലീഹായുടെ രക്തസാക്ഷിത്വത്തിന്റെ 1950-ാം വാർഷിക മഹാജൂബിലി ആഘോഷം പാലയൂർ തീർത്ഥകേന്ദ്രത്തിൽ മാർപാപ്പയുടെ ഇന്ത്യയിലെ പ്രതിനിധിയായ നുൺഷ്യോ ആർച്ച്ബിഷപ് ലെയോ പോൾ ദൊ ജിറെല്ലി ഉദ്ഘാടനം ചെയ്യുന്നു. ഇടത്തുനിന്ന് ഡോ. മേരി റെജീന, പി.ഐ.ലാസർ മാസ്റ്റർ, ബിഷപ് മാർ ടോണി നീലങ്കാവിൽ, ബിഷപ് സെബാസ്റ്റ്യൻ ഫ്രാൻസിസ് മേച്ചേരി, മന്ത്രി കെ.രാജൻ, ബിഷപ് ഡോ. വർഗീസ് ചക്കാലയ്ക്കൽ, തോമസ് കിടങ്ങൻ, ആർച്ച്ബിഷപ് മാർ ആൻഡ്രൂസ് താഴത്ത്, സിസ്റ്റർ ലെറ്റീഷ്യാ എസ്.എം.സി., മേജർ ആർച്ച് ബിഷപ് കർദിനാൾ മാർ ജോർജ് ആലഞ്ചേരി, സെക്രട്ടറി സി.കെ.ജോസ്, ആർച്ച് പ്രീസ്റ്റ് ഫാ. ഡേവിസ് കണ്ണമ്പുഴ, മാർ ജേക്കബ് തൂങ്കുഴി, മാർ അപ്രേം മെത്രാപ്പോലീത്ത, മാർ പോൾ ആലപ്പാട്ട്, മോൺ. ജോയ് പാലിയേക്കര എന്നിവർ സമീപം.



മാർ തോമാശ്ലീഹയുടെ രക്തസാക്ഷിത്വത്തിന്റെ 1950-ാം വാർഷികമഹാജൂബിലി ആഘോഷത്തിൽ പങ്കെടുക്കാനെത്തിയ സഭാ പിതാക്കന്മാരെ സ്വീകരിച്ചാനയിക്കുന്നു.



മൈലാപ്പൂരിലെ മാർ തോമാശ്ലീഹായുടെ കബറിടത്തിൽനിന്നു കൊണ്ടുവന്ന ദീപശിഖ പാലയൂർ തീർത്ഥകേന്ദ്രത്തിൽ വച്ച് ആർച്ച്ബിഷപ് മാർ ആൻഡ്രൂസ് താഴത്ത് സ്വീകരിക്കുന്നു.

തൃശൂർ: മാർ തോമാശ്ലീഹായുടെ രക്തസാക്ഷിത്വത്തിന്റെ 1950-ാം വാർഷികമായ മഹാജൂബിലിക്ക് ജൂലൈ 3 ദുക്റാനതിരുനാളിൽ പാലയൂരിലേക്ക് തീർത്ഥാടകപ്രവാഹം. ഉച്ചതിരിഞ്ഞ് നടന്ന സമൂഹബലിക്ക് ആർച്ച്ബിഷപ് മാർ ആൻഡ്രൂസ് താഴത്ത് മുഖ്യ കാർമികത്വം വഹിച്ചു. സി.ബി.സി.ഐ. വൈസ് പ്രസിഡന്റും കോഴിക്കോട് രൂപത മെത്രാനുമായ റവ.ഡോ. വർഗീസ് ചക്കാലയ്ക്കൽ വചന സന്ദേശം നൽകി. മാർപാപ്പയുടെ ഇന്ത്യയിലെ പ്രതിനിധിയായ നുൺഷ്യോ ആർച്ച്ബിഷപ് ലെയൊ പോൾ ദൊ ജിറെല്ലി സന്നിഹിതനായിരുന്നു. മാർപാപ്പയുടെ ആശീർവാദ കല്പന അതിരൂപത ചാൻസലർ ഫാ. ഡൊമിനിക്ക് തലക്കോടൻ വായിച്ചു.

മഹാജൂബിലിയോടനുബന്ധിച്ച് ഉച്ചതിരിഞ്ഞ് നടന്ന വിശ്വാസസംഗമത്തിൽ ആയിരങ്ങൾ പങ്കെടുത്ത് വിശ്വാസ പ്രതിജ്ഞ പുതുക്കി. മഹാസമ്മേളനം നുൺഷ്യോ ആർച്ച്ബിഷപ് ലെയൊ പോൾ ദൊ ജിറെല്ലി ഉദ്ഘാടനം ചെയ്തു. മാർ തോമാശ്ലീഹ നൽകിയ വിശ്വാസം കലർപ്പില്ലാതെ കൈമാറണമെന്ന് ആഹ്വാനം ചെയ്ത അദ്ദേഹം ആത്മീയ വിശ്വാസത്തിന്റെ വീരോചിത മാതൃകകൾ




Alencherry




മാർ തോമാശ്ലീഹായുടെ
രക്തസാക്ഷിത്വജൂബിലി
2022


മാർ തോമാശ്ലീഹായുടെ
രക്തസാക്ഷിത്വജൂബിലി
AD 72 2022




MY LORD


THE TOMB OF ST. THOMAS

കേരളത്തിനകത്തും പുറത്തും ധാരാളം ഉണ്ടാകട്ടെയെന്നും ആശംസിച്ചു.

സീറോമലബാർ സഭ മേജർ ആർച്ച് ബിഷപ്പ് കർദ്ദിനാൾ മാർ ജോർജ്ജ് ആലഞ്ചേരി അദ്ധ്യക്ഷത വഹിച്ചു. പാലയൂർ തീർത്ഥാടനകേന്ദ്രത്തിന്റെയും തൃശൂർ അതിരൂപയുടെയും പ്രാധാന്യം എടുത്തുപറഞ്ഞ കർദിനാൾ പാലയൂരിലേക്ക് തീർത്ഥാടകരായി എത്തിയവരുടെ വിശ്വാസസാക്ഷ്യത്തെ പ്രകീർത്തിച്ചു. ഭാരതത്തിലെ സഭയ്ക്ക് തൃശൂർ അതിരൂപത നൽകിയ സംഭാവനകളെ അധ്യക്ഷപ്രസംഗത്തിൽ പിതാവ് അനുസ്മരിച്ചു.

നിർധന കുടുംബങ്ങൾക്ക് വീട് നിർമിച്ചുനൽകുന്നതിന്റെ ഉദ്ഘാടനം റവന്യൂമന്ത്രി കെ. രാജൻ നിർവഹിച്ചു. മഹനീയമായ ക്രിസ്തീയ സഭയുടെ ചരിത്രവും അതുയർത്തിപ്പിടിക്കുന്ന സംസ്കാരവും ജാതി, മത, രാഷ്ട്രീയ,വർഗ്ഗ, വർണ, ലിംഗ വ്യത്യാസമില്ലാതെ ലോകത്തിനുസമ്മാനിച്ച വിശിഷ്യങ്ങളായ അനുഭവങ്ങൾ എത്രയെറെ നേരം പറഞ്ഞാലും തീരില്ലെങ്കിലും, തോമാശ്ലീഹായുടെ രക്തസാക്ഷിത്വവാർഷികത്തോടനുബന്ധിച്ച് കേവലമായി ഏതെങ്കിലുമൊരു സ്മാരകം കെട്ടുക എന്നതിനുപകരം ഭവനങ്ങളില്ലാത്ത മനുഷ്യർക്ക് നിർമിക്കുന്ന ഭവനങ്ങളിലൂടെ തോമാശ്ലീഹയുടെ മഹത്തരമായ ചരിത്രവും സംസ്കാരവും ജനങ്ങളുടെ മുമ്പിൽ എക്കാലത്തും മറക്കാത്ത സ്മാരകങ്ങളായി അവതരിപ്പിക്കുന്നതിലെ വിശുദ്ധിയെ മന്ത്രി ശ്ലാഘിച്ചു.

ആർച്ച്ബിഷപ് മാർ ആൻഡ്രൂസ് താഴത്ത് എല്ലാവരേയും സ്വാഗതം ചെയ്തു. മാർ ജേക്കബ് തൂങ്കുഴി ജൂബിലി ഓർമ്മയ്ക്കായുള്ള ശിലാഫലകം അനാച്ഛാദനം ചെയ്തു.

ഒരു വർഷം നീണ്ടുനിൽക്കുന്ന ജീവകാരുണ്യപ്രവർത്തനങ്ങളുടെ ഉദ്ഘാടനം മാർ അപ്രേം മെത്രാപ്പോലീത്ത നിർവഹിച്ചു. മിഷൻ ഫണ്ടിന്റെ ഉദ്ഘാടനം ബിഷപ് സെബാസ്റ്റ്യൻ ഫ്രാൻസീസ് മേച്ചേരിയും ജൂബിലി വർഷം നടത്തുവാൻ ഉദ്ദേശിക്കുന്ന മറ്റു പ്രവർത്തനങ്ങളുടെ ഉദ്ഘാടനം ബിഷപ് മാർ പോൾ ആലപ്പാട്ടും നിർവ്വഹിച്ചു. ബിഷപ് മാർ ടോണി നീലങ്കാവിൽ നന്ദി പറഞ്ഞു. വികാരി ജനറാൾമാരായ മോൺ. ജോസ് വല്ലൂരാൻ, മോൺ. ജോസ് കോനിക്കര, ആർച്ച് പ്രീസ്റ്റ് ഫാ. ഡേവിസ് കണ്ണമ്പുഴ, കൺവീനർ പി.ഐ. ലാസർ മാസ്റ്റർ എന്നിവർ പ്രസംഗിച്ചു. പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി ഡോ. മേരി റെജീന വിശ്വാസ പ്രതിജ്ഞ ചൊല്ലി കൊടുത്തു.

ജൂബിലി സമ്മേളനത്തിന് മുന്നോടിയായി, കത്തോലിക്കാകോൺഗ്രസ്, സി.എൽ.സി, ജീസസ് യൂത്ത്, കെ.സി.വൈ.എം. എന്നീ സംഘടനകളുടെ നേതൃത്വത്തിൽ നടത്തിയ വിശ്വാസ സംരക്ഷണ യാത്രകൾ ചാവക്കാട് സംഗമിച്ചു.

സംഗമസമ്മേളനം ബിഷപ് മാർ ടോണി നീലങ്കാവിൽ ഉദ്ഘാടനം ചെയ്തു. വികാരി ജനറാൾ മോൺ. ജോസ് വല്ലൂരാൻ, ആർച്ച്പ്രീസ്റ്റ് ഫാ. ഡേവീസ് കണ്ണമ്പുഴ, അതിരൂപത ചാൻസലർ ഫാ. ഡോമനിക്ക് തലക്കോടൻ, ഫാ. വർഗ്ഗീസ് കൂത്തുർ, പി.ഐ. ലാസർ മാസ്റ്റർ, അഡ്വ. ബിജു കുണ്ടുകുളം, ഫാ. മിഥുൻ വടക്കേത്തല, ജോഷി വടക്കൻ, ഡോംസൺ സൈമൺ, സാജൻ മുണ്ടൂർ, ബ്രിട്ടൊ മൈക്കിൾ തുടങ്ങിയവർ പ്രസംഗിച്ചു.



Painting at St.Thomas mount, Chennai

## 1950th Jubilee Martyrdom of St Thomas the Apostle
Archdiocese of Trichur

### Organizing Committee


Mar Andrews Thazhath


Mar Jacob Thoomkuzhy


Mar Tony Neelamkavil


Msgr. Jose Vallooran


Msgr. Jose Konikkara


Fr. Dominic Thalakoden


Fr. Varghese Kuthur


Sr. Sofy Perepadan SABS


Dr. Mary Regina


Fr. Davis Kannampuzha


P.I.Lazar Master


C.K. Jose

### Souvenir Excecutive Committee


Bro. Jose Chungath MMB


Fr. Devassy Panthallukaran


Sr. Venma CSC


Joy Mannoor


Franco Louis


George Chiramel


Joju Manjila


Babu Chittilappilly

# 1950 th Jubilee Martyrdom of St Thomas the Apostle
Archdiocese of Trichur

## Organizing Committee
Chief Patron
Mar Andrews Thazhath
Vice Patron
Mar Jacob Thoomkuzhy
Mar Tony Neelmkavil
Chairman
Msgr. Jose Vallooran
Vice Chairman
Msgr. Jose Konikkara
Sr. Sophy Perepaden SABS
Dr Mary Regina
Working Chairman
Rev Fr. Davis Kannampuzha
General Convenor
Rev Fr. Dominic Thalakoden
Convenor
P.I. Lazer Master
Secretary
C.K. Jose

## Reception Committee
Chairman
Fr. Johnson Challissery
Vice Chairman
Fr. Sinto Ponthekan
Fr Francis Pallikunnath
Sr. Geo Maria CSM
Convenor
Joicy Antony
Jt. Convenor
Thomas Jose
Robin Raphael
Vinesh Kolengaden
Karoline Joshwa

## Finance Committee
Chairman
Fr. Varghese Kuthur
Vice Chairman
Fr. Davis Panackal CMI
Sr. Chrisline CMC
Convenor
Joju Manjila
Jt. Convenor
Vinu Kuttichakku

## Liturgy Committee
Chairman
Fr. Denny Thanikkal
Vice Chairman
Fr. Biju Vazhappilly
Sr. Sophia CSS
Convenor
Beena Joshy
Jt. Convenor
Jose Peter
Sobha Johnson

## Mobilization Committee
Chairman
Fr. Geo Thekkiniyath
Vice Chairman
Fr. Simson Chiramel
Sr. Reena OSF
Convenor
Shinto Mathew
Jt. Convenor
Jeena Joseph
Mary Regina
Shiny Jacob

## Programme Committee
Chairman
Fr. Francis Aloor
Vice Chairman
Fr. Alan SDV
Sr. Sherin CHF
Sr Jessin Therese CHF
Convenor
Jackson N P.
Jt. Convenor
Joy Chiramel
Maphy Delson
Clara C V
Rinoy Joby
Leela Varghese
Nimmy Rappai
Ignatius C L
Shiny Teacher

## Media & Publicity Committee
Chairman
Fr. Raphael Akkamattathil
Vice Chairman
Fr. Biju Alappat
Fr. Daijo Poruthur
Convenor
George Chiramel
Jt. Convenor
Tojo Mathew

## Valunteer Committee
Chairman
Fr. Geo Cheradai
Vice Chairman
Fr. Frajo Vazhappilly
Sr. Mercy SLMI
Convenor
Antony A A
Jt. Convenor
Sajan Joy

## DecorationCommittee
Chairman
Fr. Little Mary FCC
Vice Chairman
Sr. Sophy Pereppadan SABS
Sr. Jomary Thermadom
Convenor
Justin Babu C M
Jt. Convenor
Sr Ushus CSM
Francis Muttath

## Light, Sound, Panthal & Stage Committee
Chairman
Fr. James Inchodikkaran
Vice Chairman
Fr. Printo Kulangara
Fr Jomon Thanikkal
Convenor
Bob Eluvathingal
Jt. Convenor
Kuriakose A L
Shaju Anto

## Cultural Programme Committee
Chairman
Fr. Fijo Alappaden
Vice Chairman
Fr. Antony Thekkinieth OFM Cap
Sr. Elizebath LSMS
Convenor
Joshy Vadakkan
Jt. Convenor
Jomy Johnson

## Charity Committee
Chairman
Fr. Joy Mookken
Vice Chairman
Fr. Shiju Pulikkan
Sr. Little Mary FCC
Convenor
James Azhchangadan
Jt. Convenor
Paul Parakkal

## Choir Committee
Chairman
Fr. Biju Panengadan
Vice Chairman
Fr. Wilson Pidiyath
Fr Jiphy Mekkattukulam
Sr. Sobha SKD
Convenor
Tomy Panthrandel
Jt. Convenor
Varghese Antony
Sheela Johnson
Roja Justin
Sijo
Baiju
Limson
Binoj
Jestin
Joy Ainikkal

## Ecumenism Committee

Chairman
Fr. Paul Pulikkan
Vice Chairman
Fr.Lijo Chalissery
Sr. Susamma FSSE
Convenor
Kuriappan

## Souvenir Committee

Chairman
Bro. Jose Chungath MMB
Vice Chairman
Fr. Devassy Panthallukkaran
Sr. Venma CSC
Convenor
Babu Chittilappilly
Jt. Convenor
Franco Louis
Joy Mannoor
Joju Manjila
George Chiramel
Domson Simon
Sr. Anupama CSC

## Symposium Committee

Chairman
Fr. Jaison Koonamplackal
Vice Chairman
Fr. Paul Pulikkan
Sr. Ancy Mary SSJW
Convenor
Dr. K.M. Francis
Jt. Convenor
Jancy

## Quiz Programme Committee

Chairman
Fr. Sijo Muringathery
Vice Chairman
Sr. Ann Caroline CHF
Sr.Seena SMC
Convenor
Britto Michael
Jt. Convenor
Fezin Mathew
Jerin Joy

## Monument Committee

Chairman
Fr. Louis Edakalathur
Vice Chairman
Fr. Joju Aloor
Convenor
Adv. Biju Kundukulam
Jt. Convenor
Elsy Vincent

## Refreshment Committee

Chairman
Fr. Limson Thattil
Vice Chairman
Fr. Shinto Maroky
Sr. Guistina SDV
Convenor
Rony Augustin
Jt. Convenor
Pius Chittilappilly
Jisha Johnson
Ronald
Anoop Punnapuzha
Thomas Chiramel

## Medical Aid Committee

Chairman
Fr. Renny Mundankurian
Vice Chairman
Sr. Cherupushpam CMC
Sr. Chinnamma SNDS
Convenor
Dr. Tony Joseph
Jt. Convenor
Dr. Betsy



A statue of St. Thomas the apostle, the Patron saint of Architects, holding a square



Doubting Saint Thomas by Caravaggio





# Mr. E.L. Ittoop & Mrs. Mariyama

**Edakalathoor House,**

Peringottukara

ഞങ്ങളുടെ ഭവനത്തിലെ ആ ദീപങ്ങൾ അണഞ്ഞുപോയി
ഞങ്ങൾ അത്യധികം സ്നേഹിച്ചിരുന്ന ആ ശബ്ദം നിലച്ചുപോയി